# വിശ്വനായകൻ

അല്ലാമാ സയ്യിദ് മുഹമ്മദ് റാബിഅ് ഹസനി നദ്‌വി

വിവർത്തനം

അബ്ദുശ്ശുക്കൂർ അൽഖാസിമി

പ്രസിദ്ധീകരണം:

*സയ്യിദ് ഹസനി അക്കാദമി,*

ദാറുൽഉലൂം ഇസ്‌ലാമിയ്യ, ഓച്ചിറ, കൊല്ലം, കേരള

www.thauba.com email: sayyidhasanioachira@gmail.com

| | |
|---|---|
| Title | : Vishwanayakan |
| Original | : Rahbare Insaniyath (Urdu) |
| Author | : Allama Sayyid Muhammed Rabey Hasani Nadvi |
| Translator | : Abdu Shakkoor Qasimi |
| Publisher | : Sayyid Hasani Academy Darul Uloom Islamiyya Oachira, Kollam, Kerala. |
| Book No. | : |
| Price | : 130 |
| Website | : www.hasaniacademy.com |
| email | : sayyidhasanioachira@gmail.com |

## ഉള്ളടക്കം


ബിസ്മില്ലാഹ് ..... 5

അവതാരിക ..... 10

ആമുഖം ..... 20

1. പ്രവാചകവര്യൻമാർ മാനവരാശിയുടെ
മാർഗ്ഗദർശകർ ..... 31
2. ലോകം ആറാം നൂറ്റാണ്ടിൽ ..... 38
3. കുടുംബം, ജനത, ബാല്യം, വളർച്ച ..... 53
4. വഹ്യ്, നിയോഗം, പ്രബോധനം ..... 66
5. മിഅ്റാജ്, അഖബ ഉടമ്പടി, മദീനാ പാലായനം ..... 96
6. മദീനാ ജീവിതം ..... 108
7. ഹജ്ജത്തുൽ വിദാഅ് ..... 167
8. രോഗം, വിയോഗം, തിരുകുടുംബം ..... 183
9. തിരുസ്വഭാവങ്ങൾ, മഹൽഗുണങ്ങൾ ..... 196
10. അസ്ഹാബു റസൂലില്ലാഹ് ..... 222

# ബിസ്മില്ലാഹ്...

എല്ലാവരോടും കരുണയുള്ളവനും ഏറ്റവും വലിയ കാരുണ്യവാനുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ ആരംഭിക്കുന്നു. സർവ്വസ്തുതിയും സർവ്വലോക പരിപാലകനുതന്നെ. കാരുണ്യവാനും നീതിമാനുമായ പടച്ചവന്റെ വിശിഷ്ഠ്യ അനുഗ്രഹ സമാധാനങ്ങൾ അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെമേൽ വർഷിക്കട്ടെ! എല്ലാ പ്രവാചകവര്യരിലും ഉണ്ടാകട്ടെ! അവരെ പിൻപറ്റിയ സുമനസ്സുകളേയും അനുഗ്രഹിക്കട്ടെ! ഇവരെ നല്ലനിലയിൽ പിൻപറ്റാൻ നാം എല്ലാവർക്കും ഉതവി നൽകട്ടെ!

സർവലോക പരിപാലകനായ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണമറ്റതാണ്. അതിൽ ഏറ്റവും പ്രധാനമായതാണ് പ്രവാചകൻമാരുടെ നിയോഗം. ഇവരിലൂടെ പടച്ചവന്റെ സന്ദേശങ്ങൾ നമുക്ക് ലഭിച്ചു. അവർ അത് പഠിപ്പിക്കുക മാത്രമല്ല, സ്നേഹത്തോടെ അതിലേക്ക് ക്ഷണിക്കുകയും കാർമികമായി കാണിച്ച് തരികയും ചെയ്തു. ഈ കാരുണ്യത്തിൽ അന്തിമവും സർവ്വസമ്പൂർണവുമായ വ്യക്തിത്വമാണ് കാരുണ്യത്തിന്റെ തിരുദൂതരായ മുഹമ്മദുർറസൂലുല്ലാഹി ﷺ.

മക്കയിലെ ഫാറാൻ മലനിരകൾക്കിടയിൽ നിന്ന് ഉദയം ചെയ്ത അന്ത്യപ്രവാചകൻ മദീനയിൽ നിന്നും ലോകംമുഴുവൻ പ്രകാശിച്ചു. മുഴുവൻ മാനവികതയ്ക്കും ഇരുലോക വിജയത്തിന്റെ രാജപാത കാട്ടിത്തന്നു. അന്നും ഇന്നും എന്നും പ്രകാശം പൊഴിക്കുന്ന വിളക്കായ മുഹമ്മുർറസൂലുല്ലാഹി ﷺയുടെ സമ്പൂർണവും കാലികപ്രസക്തവുമായ ജീവചരിത്രമാണ് അല്ലാ

മാ സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വിയുടെ 'റഹ്ബറേ ഇൻസാനിയ്യത്ത്' (സിറാജൻ മുനീറൻ) എന്ന ഈ മഹൽഗ്രന്ഥം.

പ്രവാചക മഹദ് ച്ചരിതങ്ങൾ ധാരാളം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇനിയും പ്രസിദ്ധീകരിക്കപ്പെടും. എത്രപറഞ്ഞാലും എത്ര എഴുതിയാലും തീരാത്ത ഒരു വിഷയമാണത്. അതെ, അല്ലാഹുവിന്റെ അന്തിമഗ്രന്ഥമായ പരിശുദ്ധ ഖുർആനിന്റെ സമ്പൂർണമായ കാർമ്മിക വിവരണമാണ് പ്രവാചക ചരിതം. എന്നാൽ ഈ മഹൽഗ്രന്ഥത്തിന് ചില പ്രത്യേകതകളുണ്ട്. ഒന്ന് ഇതിന്റെ ലളിതമായ വിവരണ ശൈലിയാണ്. പൊടിപ്പും തൊങ്ങലുമില്ലാതെ ഗൗരവമായ വിഷയങ്ങൾ പോലും ലളിതമായ ശൈലിയിൽ ഇതിൽ വിവരിച്ചിരിക്കുന്നു. അതെ, ഗ്രന്ഥകർത്താവിന്റെ ജീവിതവുമായി ഈ ശൈലിക്ക് വലിയ ബന്ധമുള്ളതിനോടൊപ്പം സഹാബത്തിന്റെ ഗുണമായ പ്രകടനരാഹിത്യം ഇതിൽ നിഴലിച്ച് നിൽക്കുന്നു.

റസൂലുല്ലാഹി ﷺയുടെ ജീവിത യാത്രയിൽ അനിവാര്യമായി വന്ന പോരാട്ടങ്ങളെക്കുറിച്ചുള്ള അവതരണ രീതിയാണ് മറ്റൊരു പ്രത്യേകത. ബദർ യുദ്ധം, ഉഹ്ദ് യുദ്ധം, ഖന്ദഖ് യുദ്ധം.... എന്നിങ്ങനെ വിവിധ യുദ്ധങ്ങളുടെ പേരുകൾ കൊടുത്തുകൊണ്ടുള്ള അധ്യായങ്ങളാണ് മിക്ക പ്രവാചക ചരിത്ര ഗ്രന്ഥങ്ങളിലും കാണപ്പെടുക. യുദ്ധം എന്നത് വലിയൊരു സംഭവമായി കാണപ്പെടുകയും അതിനുള്ളിൽ നിരവധി നന്മകൾ നിറഞ്ഞ പാഠങ്ങൾ ഉണ്ടായിരിക്കുകയും ചെയ്ത പഴയകാലത്ത് ഇത് തീർത്തും ന്യായമായിരുന്നു. എന്നാൽ ഇന്ന് റസൂലുല്ലാഹി ﷺയുടെ തന്നെ പ്രവചനങ്ങൾ അനുസരിച്ച് 'ഫിതൻ' (പ്രശ്നങ്ങൾ) നിറഞ്ഞ ഒരു കാലഘട്ടം ആരംഭിച്ചിരിക്കുന്നു. ഇന്ന് യുദ്ധങ്ങൾ അറിയപ്പെടുന്നത് അന്ധമായ കൊലവിളികൾക്കും കൂട്ടക്കൊലകൾക്കുമാണ്. യൂറോപ്പ് വിശിഷ്യ അമേരിക്ക ലോകത്തെ ഒരു വൻശക്തിയായ ശേഷം യുദ്ധത്തിന്റെ പേരുകളിൽ നടത്തിയ മൃഗീയവും പൈശാചികവുമായ കൂട്ടക്കൊലയ്ക്ക് അവർ ഇട്ടിരിക്കുന്ന ഓമനപ്പേരാണ് യുദ്ധം. റസൂലല്ലാഹി ﷺയുടെ തന്നെ വചനങ്ങളിൽ പറഞ്ഞാൽ എന്തിനാണ് കൊന്നതെന്ന് കൊന്നവർക്കും എന്തിനാണ് കൊല്ലപ്പെട്ടതെന്ന് കൊല്ലപ്പെട്ടവർക്കും അറിയാത്ത ആധുനിക വർഗീതയതകളുടെയും തീവ്രവാദങ്ങളുടെയും പേക്കൂത്തുകൾക്ക് യുദ്ധമെന്ന് പേരിടുന്ന

ത് മുൻഗാമികളുടെ യുദ്ധങ്ങൾക്ക് അപമാനമാണ്.

ആധുനിക യുഗത്തിലെ സംശയദുരൂഹതകൾ നിറഞ്ഞ കുട്ടത്തല്ലുകൾക്ക് പ്രവാചകന്മാരുടെയോ ഉത്തമ പിൻഗാമികളുടെയോ വ്യക്തമായ ലക്ഷ്യത്തിലും സൂക്ഷ്മമായ മാർഗത്തിലും അധിഷ്ഠിതവും നിരവധി ഗുണപാഠങ്ങൾ നിറഞ്ഞതുമായ ത്യാഗ-പരിശ്രമ-പോരാട്ടങ്ങളുമായി ഒരു ബന്ധവുമില്ല. ആകയാൽ റസൂലുല്ലാഹി ﷺ നാൽപതാം വയസ്സിൽ മക്കയിൽ പ്രബോധനം ആരംഭിച്ചു. ആദ്യം പ്രീണനങ്ങളിലൂടെ ഈ പ്രബോധനത്തിന് തടയിടാൻ എതിരാളികൾ ശ്രമിച്ചു. ശേഷം മർദ്ദന പീഡനങ്ങൾ ആരംഭിച്ചു. പീഡനം കടുപ്പമായപ്പോൾ ആത്മരക്ഷാർത്ഥം കുറേ സ്വഹാബികൾ എത്യോപ്യയിലേക്ക് പലായനം ചെയ്തു. എന്നിട്ടും പീഡനം തുടർന്നു. ഇടയ്ക്ക് സമ്മർദ്ദതന്ത്രമെന്ന നിലയിൽ അമുസ്ലിംകളായ പ്രവാചക കുടുംബക്കാരെയടക്കം മാസങ്ങളോളം ബഹിഷ്കരിച്ചു. ത്വാഇഫിൽ പോയി സഹായം ചോദിച്ചപ്പോൾ പരിഹാസവും കല്ലേറുംകൊണ്ട് അവർ നേരിട്ടു. അവസാനം ത്യാഗത്തിന്റെ പാരമ്യം എന്നോണം നാടു വീടും വിട്ട് മദീനയിലേക്ക് പലായനം ചെയ്തു. മദീനയിലും സമാധനത്തോടെ കഴിയാൻ അനുവദിച്ചില്ല. റസൂലുല്ലാഹി ﷺ വളരെ നല്ലനിലയിൽ കഴിയാൻ പരിശ്രമിച്ച മദീനയിലെ യഹൂദികളെ ഇളക്കിവിടലും പ്രശ്നങ്ങളുണ്ടാക്കലും തുടർന്നു. ഇവിടെ റസൂലുല്ലാഹി ﷺയ്ക്ക് യുദ്ധത്തിന് അനുമതി നൽകപ്പെടുന്നു. ബദ്റിൽ ഉജ്ജ്വല വിജയം ലഭിക്കുന്നു. പ്രതികാരദാഹത്തോടെ ഉഹ്ദിലും ഖന്ദക്കിലും ശത്രുക്കൾ വന്ന് പരാജയപ്പെട്ടു മടങ്ങി. അവസാനം ഹുദൈബിയയിൽ കടുത്ത സന്ധി നടക്കുന്നു. ഇതും ശത്രുക്കൾ പൊളിച്ചതോടെ റസൂലുല്ലാഹി ﷺ മക്കയിലേക്ക് മാർച്ച് ചെയ്ത് മക്ക കീഴടക്കുന്നു. ഇടയ്ക്ക് കടുത്ത കരാർ ലംഘനം നടത്തിയ യഹൂദികളെ ശിക്ഷിക്കുന്നു. മക്കയുടെ പരിസരത്ത് പ്രശ്നങ്ങളുണ്ടാക്കിയ ഹുനൈനും ത്വാഇഫും കീഴടക്കുന്നു. ഭീഷണിയുയർത്തിയ റോമക്കാരെ നേരിടാൻ തബൂക്കിലേക്ക് പോയി മടങ്ങുന്നു. ഇതാണ് പ്രവാചക യുദ്ധങ്ങളുടെ ചരിത്രം. ഇത് വെറും യുദ്ധമല്ല, നൂറായിരം ഗുണപാഠങ്ങൾ നിറഞ്ഞ പഠന-പരിശീലന യാത്രകൾ കൂടിയാണ്. ആൾനാശം വളരെ കുറവാണ്. സർവ്വോപരി യുദ്ധത്തിൽ പങ്കെടുക്കാത്ത അമുസ്ലിംകളുമായി വളരെ ഉന്നത ബന്ധം നിലനിർ

ത്തുകയും ചെയ്തു. എന്നാൽ സാംസ്കാരിക സമ്പന്നതകളു ടെ വീരവാദങ്ങൾ മുഴക്കുന്നവർ ഓരോ യുദ്ധങ്ങളുടെയും പേ രിൽ നടത്തിയ കൂട്ടക്കൊലകൾ ഞെട്ടിക്കുന്നതാണ്. ഇക്കാര്യ ങ്ങൾ ഈ ഗ്രന്ഥത്തിൽ വളരെ നല്ലനിലയിൽ വിവരിക്കുന്നു. കാര്യമായി പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ട വിഷയങ്ങളാണ്. അതെ! പ്രവാചക വചനങ്ങളും മാ തൃകകളും മുന്നിൽ വെച്ചുകൊണ്ടുള്ള ഒരു ജീവിതമാണ് പ്രശ് നകലുഷിതമായ ആധുനിക ലോകത്തിന് ആവശ്യമുള്ളത്. ഇ തിലൂടെ പരസ്പരം സ്നേഹസമാധാനങ്ങൾ നിറഞ്ഞ ഒരു അ വസ്ഥയിലേക്ക് ലോകം മാറുന്നതും പിന്നീട് പരലോകത്തിൽ ഉത്തമവിജയങ്ങൾ ലഭിക്കുന്നതുമാണെന്ന് വിശ്വനായകൻ മുഹ മ്മദുർറസൂലുല്ലാഹി ﷺ ഉണർത്തുന്നു.

ഓരോ സംഭവങ്ങളിൽ നിന്നും സന്ദേശങ്ങൾ പറഞ്ഞുതരു ന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ മറ്റൊരു പ്രത്യേകത. പ്രഥമ വഹ്‌യിന്റെ കാലികപ്രസക്തി തുടങ്ങിയ ഭാഗങ്ങളിൽ ഇത് മി ന്നിത്തിളങ്ങുന്നതാണ്. വഴികാട്ടുന്ന പ്രകാശം നിറഞ്ഞ വിളക്കാ യ മുഹമ്മദുർറസൂലുല്ലാഹിﷺയുടെ സുപ്രധാന സമ്പാദ്യമാണ് സ്വഹാബാകിറാം. ഇതര പ്രവാചകവര്യന്മാർ റസൂലുല്ലാഹി ﷺയു ടെ വേരാണെങ്കിൽ തിരുവൃക്ഷത്തിൽ നിന്നും മുളച്ച് പാകമായ പഴങ്ങളാണ് സ്വഹാബത്ത്. ഇവരെക്കുറിച്ചുള്ള പരാമർശത്തോ ടെ ഈ ഗ്രന്ഥം ഉപസംഹരിച്ചത് ഉജ്ജ്വലമായി. സ്വഹാബാ കി റാമിനെ അവഗണിക്കുന്ന പുത്തൻപ്രവണതയ്ക്കുള്ള നിശബ്ദ മായ മറുപടി കൂടിയാണിത്.

ചുരുക്കത്തിൽ മഹത്തായ ഈ രചനയിൽ നിന്നും ഞങ്ങൾ ക്ക് മനസ്സിലായ ചില കാര്യങ്ങൾ മാത്രമാണിത്. മാന്യഅനുവാ ചകർ ഗ്രന്ഥത്തിലേക്ക് കടക്കുക, റസൂലുല്ലാഹി ﷺയെ പഠിക്കു ക. തിരുജീവിതം പകർത്തുക. ഇത് അമുസ്‌ലിം സഹോദരന്മാ രടക്കം കഴിയുന്നവർക്കെല്ലാം എത്തിച്ചുകൊടുക്കുക.

അല്ലാഹുവിന്റെ ആയിരമായിരം സലാത്ത് സലാമുകൾ വി ശ്വനായകൻ മുഹമ്മദുറസൂലുല്ലാഹി ﷺ യുടെമേലും എല്ലാ ന ബിമാരുടെ മേലും വർഷിക്കട്ടെ. മുഴുവൻ സ്വഹാബത്ത് ഔലി യാക്കളുടെ മേലും പൊരുത്തവും സ്നേഹവും ഉണ്ടാകട്ടെ. വി ശിഷ്യ, ഈ അമൂല്യനിധികൾ നമുക്ക് എത്തിച്ചുതന്ന മഹത്തു ക്കളെ അനുഗ്രഹിക്കട്ടെ! പ്രത്യേകിച്ച് മഹാനായ ശൈഖുനാ

അല്ലാമാ സയ്യിദ് മുഹമ്മദ് റാബിഅ് ഹസനി നദ്‌വിക്ക് ഉന്നത പ്രതിഫലങ്ങൾ കനിഞ്ഞരുളട്ടെ! ഈ അനുഗ്രഹീത സരണിയിൽ സഹായിച്ച എല്ലാ സുമനസ്സുകൾക്കും എല്ലാ അനുവാചകർക്കും പടച്ചവന്റെ പ്രത്യേക അനുഗ്രഹമായ പ്രവാചക തിരുമേനി ﷺയുമായി ശരിയായ ബന്ധവും ഇരുലോക വിജയവും നൽകട്ടെ.

മദീനാത്വയ്യിബഃ
1-12-1436.(ഹി)

അബൂഉമാമ ഹസനി

# അവതാരിക

## ഡോ. സയ്യിദ് മുഹമ്മദ് വാദിഹ് റഷീദ് ഹസനി നദ്‌വി

അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ സൽസ്വഭാവ സത്ഗുണങ്ങളുടെ അദ്ധ്യാപകരും മാനവികതയുടെ മാർഗ്ഗദർശക നുമാണെന്ന് സാമുദായിക-മത-പക്ഷപാതിത്വങ്ങളിൽ നിന്ന് അകന്നുമാറി സ്വതന്ത്ര മനസ്സോടെ പ്രവാചക ചരിത്രം പാരായണം ചെയ്യുന്നവർക്കെല്ലാം സുതരാം വ്യക്തമാകുന്ന ഒരു യാഥാർത്ഥ്യമാണ്. അതെ, റസൂലുല്ലാഹി (സ) യുടെ ജീവിതം സഹനതയും മാപ്പും കാരുണ്യവും സ്നേഹവും അലിവും ഔദാര്യവും നിറഞ്ഞതായിരുന്നു. ആത്മ മിത്രങ്ങളായ സഹാബാക്കളോടും മുസ്‌ലിംകളോടും മാത്രമല്ല മുഴുവൻ മനുഷ്യരോടും സൃഷ്ടിജാലങ്ങളോടും കാരുണ്യമായിരുന്നു. അല്ലാഹു അറിയിച്ചത് സത്യം തന്നെ; പ്രവാചകരെ, സർവ്വലോകങ്ങൾക്കും കരുണയായി മാത്രമാണ് നാം താങ്കളെ അയച്ചിരിക്കുന്നത്. (അമ്പിയാഅ്)

റസൂലുല്ലാഹി ﷺ യുടെ ജീവിതത്തിൽ സങ്കീർണ്ണമായ ധാരാളം ഘട്ടങ്ങളുണ്ടായി. നിരവധി ദുരിതങ്ങളും പ്രയാസങ്ങളും പരീക്ഷണങ്ങളും ആവർത്തിച്ചു. പക്ഷേ, ഏതു സാഹചര്യത്തിലും കാരുണ്യവും കൃപയും മാനവ സ്നേഹവും ഗുണകാംക്ഷയും പുലർത്തുന്നതിൽ റസൂലുല്ലാഹി ﷺ ഒരു കുറവും വരുത്തിയില്ല. പ്രബോധനത്തിന്റെ പ്രാരംഭത്തിൽ സ്വന്തം കുടുംബാഗങ്ങൾ തന്നെ കടുത്ത ആക്ഷേപങ്ങളും അധിക്ഷേപങ്ങളും നടത്തി ബഹിഷ്കരിക്കുകയും സത്യസരണിയിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്തു. പക്ഷേ, ഈ അവസ്ഥകളിലെല്ലാം റസൂലുല്ലാഹി ﷺ യുടെ കാരുണ്യം കൂടുകയല്ലാതെ കുറയുകയുണ്ടായില്ല. കാരുണ്യത്തിന്റെ ഈ മഹൽഗുണം റസൂലുല്ലാഹി ﷺ യുടെ ശിക്ഷണ ശീലനങ്ങൾക്ക് സൗഭാഗ്യം സിദ്ധിച്ച സഹാബാ മഹത്തുക്കളിലേക്കും സന്നിവേശിച്ചു എന്നതാണ് ഈ മുഹമ്മദീ കാരുണ്യത്തിന്റെ ഒരു അനിവാര്യഫലം. പരിശുദ്ധഖുർആൻ സഹാബാകിറാമിനെക്കുറിച്ച് പ്രഥമ

മായി ഉൾക്കൊള്ളിച്ചുകൊണ്ട് വിവരിക്കുന്ന ചില സൂക്തങ്ങൾ ശ്രദ്ധിക്കുക;

കരുണാമയനായ അല്ലാഹുവിന്റെ ദാസന്മാർ വിനയാന്വിതരായി ഭൂമിയിൽ സഞ്ചരിക്കുന്നവരും അവിവേകികൾ തങ്ങളോട് അഭിമുഖ സംഭാഷണം നടത്തിയാൽ സമാധാനപൂർവ്വം പ്രതികരിക്കുന്നവരുമാകുന്നു. തങ്ങളുടെ നാഥന് സാഷ്ടാംഗം ചെയ്തും നമസ്കരിച്ചും കൊണ്ട് രാത്രി കഴിച്ച് കൂട്ടുകയും ചെയ്യും അവർ. നാഥാ, ഞങ്ങളിൽ നിന്ന് നരകശിക്ഷ തിരിച്ചുവിടണമേ, അതൊരു ഹീനമായ ആസ്ഥാനവും പാർപ്പിവും ശാശ്വതത്വമുള്ളതുമത്രേ, എന്ന് അവർ പ്രാർത്ഥിക്കുന്നതും ധനം ചിലവഴിക്കുമ്പോൾ അമിതവ്യയമോ ലുബ്ധോ കാണിക്കാതെ മിതത്വം പാലിക്കുന്നതുമാണ്. (അൽഫുർഖാൻ: 63-67)

തങ്ങളുടെ നമസ്കാരത്തിൽ ഭയപ്പാടുള്ളവരും പാഴ് കാര്യങ്ങളിൽ നിന്നു തിരിഞ്ഞു കളയുന്നവരും സകാത്ത് നിർവഹിക്കുന്നവരും ഭാര്യമാർ, സ്വന്തം അടിമസ്ത്രീകൾ എന്നിവരിൽ നിന്നൊഴികെ ജനനേന്ദ്രിയങ്ങൾ കാത്തുസൂക്ഷിക്കുക വഴി അനധിക്ഷേപാർഹരും -ഇതിനപ്പുറം ആരെങ്കിലും ആഗ്രഹിച്ചാൽ അവർ അതിക്രമകാരികൾ തന്നെ- തങ്ങളുടെ ഉത്തരവാദിത്വങ്ങളും കരാറുകളും പാലിക്കുന്നവരും നമസ്കാരത്തിൽ നിഷ്ഠ പുലർത്തിയവരുമായ സത്യവിശ്വാസികൾ വിജയം വരിക്കുക തന്നെ ചെയ്തിരിക്കുന്നു. ഇവർ തന്നെയാണ് സമുന്നത സ്വർഗമായ ഫിർദൗസ് അനന്തരവകാശമായി സ്വയത്തമാക്കുന്നവർ; അതിലവർ ശാശ്വത വാസികളായിരിക്കും. (അൽമുഅ്മിനൂൻ:1-11)

കാരുണ്യം, കൃപ, അലിവ്, ഔദാര്യം, ഗുണകാംക്ഷ, സഹാനുഭൂതി, മാപ്പ്, വിട്ടുവീഴ്ച ഇതെല്ലാം ഇസ്‌ലാമിന്റെ അടിസ്ഥാന ഗുണങ്ങളാണെന്ന് ഈ സൂക്തങ്ങൾ വിളിച്ചറിയിക്കുന്നു. സഹാബാമഹത്തുക്കളിൽ ഇവ നല്ലരീതിയിൽ കാണപ്പെട്ടിരുന്നു.

റസൂലുല്ലാഹി ﷺ മനുഷ്യരോട് കരുണ കാട്ടാൻ മാത്രമല്ല പഠിപ്പിച്ചത് മറിച്ച് ജന്തുക്കളോടും പ്രാണികളോടും കാരുണ്യം പുലർത്താൻ പ്രേരിപ്പിച്ചു. ഹദീസിന്റെയും പ്രവാചക ചരിത്രത്തിന്റെയും ഗ്രന്ഥങ്ങളിൽ ഇതിന്റെ നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും.

സ്വഭാവ സമുന്നതി, ഔദാര്യമനസ്ഥിതി, വിനയ സൽസ്വഭാവങ്ങൾ എന്നിവയിലും റസൂലുല്ലാഹി ﷺ വഴികാട്ടിയും നായകനുമാ

യിരുന്നു. റസൂലുല്ലാഹി ﷺ തന്നെ അരുളി: രക്ഷിതാവ് എനിക്ക് മര്യാദകൾ പഠിപ്പിച്ചു. വളരെ നല്ല നിലയിൽ അവ പകർന്നുതന്നു. ഒരിക്കൽ അരുളി: സൽസ്വഭാവത്തിന്റെയും സൽക്കർമ്മങ്ങളുടെയും സമുന്നത മേഖലയിലേക്ക് നയിക്കാനാണ് അല്ലാഹു എന്നെ നിയോഗിച്ചത്. റസൂലുല്ലാഹി ﷺ യുടെ സ്വഭാവം എന്തായിരുന്നു എന്ന് ചോദിക്കപ്പെട്ടപ്പോൾ ആഇശ ؓ പ്രസ്താവിച്ചു: "പരിശുദ്ധ ഖുർആൻ പഠിപ്പിച്ച സ്വഭാവങ്ങളെല്ലാം റസൂലുല്ലാഹി ﷺ യുടെ സ്വഭാവങ്ങളാണ്."

റസൂലുല്ലാഹി ﷺയുടെ സ്വഭാവമഹത്വങ്ങളുടെ ആഴവും പരപ്പവും വർണ്ണിക്കാൻ സമർത്ഥരായ കവികൾക്ക് പോലും സാധ്യമല്ല എന്നത് ഒരു വസ്തുതയാണ്. അതെ, മാനവരാശിയിലെ ഏറ്റവും ഉന്നത സ്വഭാവത്തിന്റെ ഉടമകളാണ് പ്രവാചക വര്യൻമാർ. മുഴുവൻ പ്രവാചകപുംഗവന്മാരുടെയും സമുന്നത നായകനായ മുഹമ്മദ് റസൂലുല്ലാഹി ﷺ യെ എങ്ങനെ പരിപൂർണ്ണമായി വർണ്ണിക്കാൻ കഴിയും. അല്ലാഹു അറിയിക്കുന്നു: "നിങ്ങളിലേക്ക് നിങ്ങളിൽ നിന്നുതന്നെ ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ പ്രയാസപ്പെടുന്നത് ദൂതന് ദുഃഖകരമാണ്. നിങ്ങളുടെ നന്മയിൽ വലിയ ആഗ്രഹം പുലർത്തുന്നവനും സത്യവിശ്വാസികളോട് കൃപയും കാരുണ്യവും കാട്ടുന്നവനുമാണ്." (തൗബ: 128)

റസൂലുല്ലാഹി ﷺ യുടെ സ്വഭാവ മഹിമയും സഹാബത്തിലും ഉമ്മത്തിലും അത് ചെലുത്തിയ സ്വാധീനവും നിഷ്പക്ഷരായ പല പാശ്ചാത്യ പണ്ഡിതരും തുറന്ന് സമ്മതിച്ചിട്ടുണ്ട്. ക്രൈസ്തവ ചരിത്രകാരൻ ഫിലിപ്പ് വാച്ച് കുറിക്കുന്നു: അമീർ മുആവിയുടെ കാലത്ത് ഈജിപ്തിൽ അരലക്ഷത്തോളം ക്രൈസ്തവർ ഉണ്ടായിരുന്നു. അരനൂറ്റാണ്ട് കഴിഞ്ഞ് അബ്ബാസി ഖലീഫ ഹാറൂൻ റഷീദിന്റെ കാലമായപ്പോൾ ഇതിൽ പകുതിയിലധികം ജനങ്ങൾ ഇസ്ലാം സ്വീകരിച്ചു. ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ വിശിഷ്യാ ഇസ്ലാമിക നീതി, സമത്വം, സ്നേഹം, കാരുണ്യം ഇവകളായിരുന്നു ഇവരുടെ ഇസ്ലാം സ്വീകരിക്കുന്നതിന്റെ പ്രേരകം. (അൽ മസീഹിയ്യുൻ ഫീതാരീഖിൽ ഇസ്ലാം)

സുപ്രസിദ്ധ ഓറന്റിയലിസ്റ്റ് സർ തോമസ് അർനോൾഡ് നിരവധി തെളിവുകൾ ഉദ്ധരിച്ചുകൊണ്ട് പ്രസ്താവിക്കുന്നു: മുസ്ലിം ഭരണഘടനകളിൽ അമുസ്ലിംകളോട് പുലർത്തപ്പെട്ട നീതിയും സമത്വവും മാപ്പും വിട്ടുവീഴ്ചയും ഹൃദയ വിശാലതയും ഉദാരമന

സ്തിതിയും യൂറോപ്യൻ ചരിത്രത്തിൽ ഒരിടത്തുപോലും കാണാൻ കഴിയില്ല. (വിവരണത്തിന് വായിക്കുക: 'ഇസ്‌ലാം പ്രബോധനവും പ്രചാരവും')

'പാശ്ചാത്യ ലോകത്ത് ഇസ്‌ലാമിന്റെ അരുണോദയം എന്ന ഗ്രന്ഥത്തിന്റെ കർത്താവായ പ്രസിദ്ധ ജർമൻ ഓറയന്റലിസ്റ്റ് മിസിസ് ഹോൻകെ കുറിക്കുന്നു: "മുസ്‌ലിം പോരാളികൾ ഇസ്‌ലാം സ്വീകരിക്കാൻ ആരെയും നിർബന്ധിച്ചിട്ടില്ല. എന്നാൽ ക്രൈസ്തവർ ക്രിസ്തുമതം സ്വീകരിക്കാത്തതിന്റെ പേരിൽ കൊള്ളയും കൊലയും വ്യാപകമാക്കിയിരുന്നു. വിശിഷ്യ സ്പെയിനിൽ മുസ്‌ലിംകളുടെ മേൽ അക്രമങ്ങളുടെ പാറക്കെട്ടുകളാണ് വർഷിച്ചത്." (അർഹമുൽ ഫാത്തിഹീൻ)

പോപ് യോഹന്നാൻ കുറിക്കുന്നു: "അംറുബ്നു ആസ് ﷺ ഈജിപ്തിൽ ഗവർണ്ണരായിരിക്കുന്ന ഘട്ടത്തിൽ ഒരിക്കൽ പോലും ചർച്ചുകളിൽ നിന്നും നികുതി വാങ്ങിയിട്ടില്ല. ക്രൈസ്തവരെ നിന്ദിക്കുന്ന ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. അദ്ദേഹം ചർച്ചുകൾക്ക് സംരക്ഷണമാണ് നൽകിയിട്ടുള്ളത്." (താരീഖ് മിസ്ർ ഫിൽ അസ്‌രിൽ ബീസൻതീനി)

മറ്റൊരു പോപ്പായ മിഖായേൽ സുറിയാനി പറയുന്നു: "ബൈസന്റീനിയൻ രാജാക്കന്മാർ നമ്മുടെ ആരാധനാലയങ്ങളെ നശിപ്പിക്കുകയും അക്രമിക്കുകയും ചെയ്തിരുന്നു. മുസ്‌ലിംകൾ ഞങ്ങൾക്ക് മോചനവും സ്വാതന്ത്ര്യവും നൽകി." (താരീഖ് മിസ്ർ).

എന്നാൽ ഈ വസ്തുതകളും സ്വന്തം ആളുകളുടെ സാക്ഷ്യങ്ങളും ഓറിയന്റലിസ്റ്റുകൾ പൊതുവിൽ അവഗണിച്ചു. റസൂലുല്ലാഹി ﷺ യുടെ സുദീർഘമായ ജീവിതത്തെ മുഴുവനും ഒഴിവാക്കി അവസാനത്തെ ഏതാനും വർഷങ്ങളിലെ യുദ്ധങ്ങളെയും സംഭവങ്ങളെയും ഉയർത്തിക്കാട്ടി. നീതിന്യായ നിർവ്വഹണം, ശിക്ഷണ മര്യാദകൾ, ഉപരോധപദ്ധതികൾ ഇവകളുടെ അടിസ്ഥാനത്തിലുള്ള ഈ സംഭവങ്ങളെ പർവ്വതീകരിച്ച് വിവരിക്കുകയും മുഹമ്മദ് ﷺ തീവ്രവാദിയായിരുന്നുവെന്നും ഇസ്‌ലാം ആയുധത്തിലൂടെയാണ് പ്രചരിച്ചതെന്നും ഇന്നും പ്രചണ്ഡ പ്രചാരണം നടത്തുകയും ചെയ്യുന്നു. കുരിശ് യുദ്ധത്തിന്റെ സന്ദർഭങ്ങളിൽ അവരിൽ ചില എഴുത്തുകാർ തിരഞ്ഞെടുത്ത, വിവരം കെട്ടതും അനീതി നിറഞ്ഞതുമായ ഈ സമീപനം ദൗർഭാഗ്യവശാൽ ഇന്നും തുടർന്ന് കൊണ്ടിരിക്കുന്നു. വളരെ പരിമിതമായ ഈ സംഭവങ്ങളെ പൊടി

പ്പും തൊങ്ങലും ചേർത്ത് പ്രചരിപ്പിക്കുന്ന ഇക്കൂട്ടർ അതിന് മുമ്പ് ആരംഭിക്കുകയും മക്കാവിജയം വരെ നിലനിൽക്കുകയും ചെയ്ത മുസ്ലിം ശത്രുക്കളുടെ മർദ്ധനപീഢനങ്ങളുടെയും ആക്ഷേപ-അധിക്ഷേപങ്ങളുടെയും കൊലകളുടെയും കൊള്ളയുടെയും പരമ്പരകളെ മൂടിവെക്കുകയോ വളരെ ചെറിയ നിലയിൽ മാത്രം പരാമർശിക്കുകയോ ചെയ്യുന്നു. അതെ, മാനവ ലോകത്തിന് എന്നും മഹത്തായ മാതൃകയായ സഹന ശൈലികളും മുന്നേറ്റ കാലത്തുള്ള ഉപകാര ഔദാര്യങ്ങളുടെ ഉദാത്ത രീതികളും പിൽക്കാലത്ത് ഇസ്ലാമിലൂടെ ലോകത്തിന് ലഭിച്ച മഹനീയ സന്ദേശങ്ങളും മറച്ചുവെച്ച് കൊണ്ട് അവർ മാനവരാശിയോട് തന്നെ വലിയ അനീതിയാണ് കാട്ടുന്നത്. ചുരുക്കത്തിൽ റസൂലുല്ലാഹി ﷺ യുടെ ജീവിതത്തിൽ ആദ്യന്തം നിഴലിച്ചുനിൽക്കുന്ന, 'മുഴുവൻ ലോകർക്കും കാരുണ്യമാണ്' എന്ന വിശുദ്ധവും വസ്തുതാപരവുമായ പ്രഖ്യാപനത്തെ ഓറിയന്റലിസ്റ്റുകൾ നാശനഷ്ടങ്ങളുടെ വക്താവ് എന്നാക്കി മാറ്റി. ഇന്നും ഈ പ്രചാരണം പാശ്ചാത്യ ലോകത്ത് കൊണ്ടുപിടിച്ച് നടക്കുകയാണ്. വിവരസാങ്കേതിക വിദ്യകളുടെയും വൈജ്ഞാനിക പഠനചർച്ചകളുടെയും നൂതനവും വിശാലവുമായ സൗകര്യങ്ങൾ ഉണ്ടാവുകയും അതിലൂടെ ധാരാളം പഴയ നിയമങ്ങൾ തെറ്റാണെന്ന് പാശ്ചാത്യ ലോകം തിരിച്ചറിയുകയും പ്രഖ്യാപിക്കുകയും ചെയ്തെങ്കിലും റസൂലുല്ലാഹി ﷺ യുടെ ജീവിതത്തെക്കുറിച്ചും സന്ദേശത്തെക്കുറിച്ചുമുള്ള മുൻവിധികളെ മാറ്റാൻ മാത്രം അവർ തയ്യാറായിട്ടില്ല. എന്നാൽ റസൂലുല്ലാഹി ﷺ യുടെ യഥാർത്ഥ ജീവിത ചിത്രം മനസ്സിലാക്കാൻ വലിയ പഠനങ്ങളും ഗവേഷണങ്ങളും ഒന്നും ആവശ്യമില്ലതാനും. നിഷ്പക്ഷമനസ്സോടെ പ്രവാചചരിത്രം ആദ്യന്തം പാരായണം ചെയ്യുന്നവർക്കെല്ലാം റസൂലുല്ലാഹി ﷺ കാരുണ്യ ദൂതനാണെന്ന കാര്യം വ്യക്തമാകുന്നതാണ്. ഇപ്രകാരം പാരായണം നടത്തിയ നിരവധി നിഷ്പക്ഷമതികൾ സത്യം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിട്ടുമുണ്ട്. അതിസമർത്ഥരായ പാശ്ചാത്യ ചരിത്രകാരന്മാരുടെ കാര്യം കഷ്ടം തന്നെ! അവരുടെ ഏക ലക്ഷ്യം റസൂലുല്ലാഹി ﷺ യെക്കുറിച്ച് സംശയ-തെറ്റിദ്ധാരണകൾ പറഞ്ഞ് പരത്തലും സ്നേഹാദരവുകളുടെ ബന്ധം മുറിച്ചുമാറ്റലുമാണ്. വില്യംമൂർ, വാഷിംഗ്ടൺ ആറൂഗ്, ആർബറി, എ.ഗ്യൂം, ബോൾഡ് സെഹീർ, സൊയ്മർ, ഗ്രൂട്ട്ഹാം, പി.എച്ച്. ഹിറ്റി, വെൻസിംഗ് മുതലായവർ ഇതിൽ വലിയ പങ്കുവ

ഹിച്ചവരാണ്.

മുസ്‌ലിം മുന്നേറ്റത്തിന്റെ ഘട്ടമായ മദ്ധ്യകാല നൂറ്റാണ്ടിലാണ് ഇവർ തൂലികാ യുദ്ധം ആരംഭിച്ചത്. അന്ന് അധഃപതനത്തിൽ ആണ്ടുകിടന്ന യൂറോപ്യരിൽ അപകർഷതാബോധവും ഇസ്‌ലാമിനോട് കടുത്തപകയും ഉണ്ടായിരുന്നു. ഇവ രണ്ടും ഈ രചനകളിലൂടെ വിഷം വമിപ്പിക്കുകയും തുടർന്ന് കുരിശ് യുദ്ധങ്ങൾ നടന്നപ്പോൾ ഇവകൾ കൂടുതൽ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. പക്ഷപാതിത്വവും പകയും നിറഞ്ഞ ഈ രചനകളെ ചരിത്രമായി കൊട്ടിഘോഷിക്കുകയും കഥ, നോവൽ, സിനിമ, പാഠപുസ്തകം ഇവകളിലൂടെ വ്യാപകമാക്കുകയും ചെയ്തു. അതെ, ഇസ്‌ലാമിക ഭരണമുന്നേറ്റങ്ങളും വിജ്ഞാനകേന്ദ്രങ്ങളും നിറഞ്ഞുനിന്ന ഒരു സന്ദർഭത്തിലാണ് ഓറിയന്റലിസ്റ്റുകൾ ഈ രചനാ യുദ്ധം ആരംഭിച്ചത്.

മറുഭാഗത്ത് യൂറോപ്പ് ഘനാന്ധകാരത്തിലും ആഭ്യന്തര സംഘർഷങ്ങളിലും മുങ്ങിക്കിടക്കുകയായിരുന്നു. നൂറോളം വർഷം നീണ്ടുനിന്ന അവരുടെ പരസ്പര പോരാട്ടങ്ങളിൽ ലക്ഷങ്ങളുടെ ചോര ഒഴുകുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്തു. അവരുടെ ജീവിതത്തിൽ നിരാശ വ്യാപകമായി. ഇത്തരുണത്തിൽ ഇസ്‌ലാമിൽ നിന്ന് ഉത്തമ പാഠങ്ങൾ പഠിക്കുന്നതിന് പകരം കടുത്ത ശത്രുതയുടെയും പകയുടെയും അസൂയയുടെയും പേരിൽ അപവാദ പ്രചരണങ്ങൾ അവർ ആരംഭിച്ചു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, മുസ്‌ലിം മുന്നേറ്റത്തെ തടയുന്നതിന് നേർക്കുനേരെ പോരാട്ടം നടത്തുന്നതിന് പകരം അസത്യം, അപരാധം, വഞ്ചന, ചതി എന്നിവയുടെ മാർഗ്ഗം അവർ സ്വീകരിച്ചു. അങ്ങനെ മുസ്‌ലിംകൾക്കെതിരിൽ ചിന്താ, സാംസ്കാരിക യുദ്ധം ആരംഭിച്ചു. തൽഫലമായി യൂറോപ്പിൽ ഇസ്‌ലാമിനെതിരായി വലിയൊരു ഗ്രന്ഥശാല തന്നെ ഉണ്ടായി. അതിൽ റസൂലുല്ലാഹി ﷺ യെക്കുറിച്ചുള്ള ആരോപണങ്ങൾ നിറഞ്ഞ് കവിഞ്ഞിരുന്നു. തുടർന്ന് യൂറോപ്പ് രണ്ടാമതും ശക്തരായി. മുസ്‌ലിം പ്രദേശങ്ങളെ കോളനികളാക്കി. ഇത്തരുണത്തിൽ ഇസ്‌ലാമിനെയും പ്രവാചകനെയും കുറിച്ചുള്ള അവരുടെ നിലപാടുകൾ പുനഃപരിശോധിക്കപ്പെടേണ്ടതായിരുന്നു. പക്ഷേ സാമ്രാജത്യ താൽപര്യങ്ങളുടെ പേരിൽ അതുണ്ടായില്ല. മാത്രമല്ല വിഷംനിറഞ്ഞ ഓറിയന്റ്ലിലിസ്റ്റ് സാഹിത്യങ്ങൾ അവർ മുസ്‌ലിംകൾക്കിടയിൽ പ്രചരിപ്പിക്കുകയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഓറിയന്റ്ലിലിസ്റ്റുകൾ മുഖംമൂടിയിൽ പഠന ഗവേഷ

കരുടെ മുഖം മൂടി അണിഞ്ഞതിനാൽ പൊതുവിൽ അവർ പറയുന്നതെല്ലാം യഥാർത്ഥ പഠനങ്ങളാണെന്ന ധാരണ പരന്നു. അങ്ങനെ യൂറോപ്പിനോടൊപ്പം മുസ്‌ലിം ജന സാമാന്യത്തിലും റസൂലുല്ലാഹി ﷺ യെക്കുറിച്ച് തെറ്റിദ്ധാരണ പരക്കാൻ തുടങ്ങി. ഇവിടെ വളരെ വേദനയോടെ ഗുണപാഠത്തിനുവേണ്ടി അനുസ്മരിക്കേണ്ട ഒരു യാഥാർത്ഥ്യം കൂടിയുണ്ട്. യൂറോപ്പിന്റെ ഈ വൈജ്ഞാനിക -ചിന്താപരമായ അക്രമങ്ങളെ തിരിച്ചറിയാൻ മുസ്‌ലിം ചിന്തകന്മാരും തൂലികാകാരന്മാരും അൽപം വൈകിപ്പോയി. സമുദായത്തിന്റെ സർവ്വവിധ ശ്രദ്ധയും യൂറോപ്പിന്റെ രാഷ്ട്രീയ അക്രമങ്ങളെ നേരിടുന്നതിലേക്ക് മാത്രം കേന്ദ്രീകരിച്ചിരുന്നു. തൽഫലമായി ഈ ഭയാനക ചിന്താ-വൈജ്ഞാനിക അക്രമത്തെ അവർ ശ്രദ്ധിച്ചില്ല. എന്നാൽ സാമ്രാജ്യത്വ മുന്നേറ്റങ്ങൾക്കു മുമ്പ് തന്നെ യൂറോപ്പ്, നിശബ്ദമായി ഈ പോരാട്ടത്തെ ആരംഭിച്ച് കഴിഞ്ഞിരുന്നു എന്നതാണ് വസ്തുത. മുസ്‌ലിംകൾ എല്ലാ കാലത്തും നബവീ മഹത്ചരിതവുമായി ബന്ധപ്പെട്ടിരുന്നു എന്നതിൽ ഒരു സംശയവുമില്ല. അതിന്റെ അമൂല്യമായ ഒരു ശേഖരം തന്നെ നിലവിൽ വന്നിരുന്നു. പ്രവാചക സ്നേഹാദരവുകൾ നിറഞ്ഞ നിരവധി മഹൽഗ്രന്ഥങ്ങൾ തയ്യാറാക്കപ്പെട്ടു. കൂടാതെ നബവീ സ്നേഹാദരവുകൾ നിറഞ്ഞ കാവ്യങ്ങൾ അന്നുമുതൽ ഇന്നുവരെ നിലനിൽക്കുന്നു. ഇവകളിലൂടെ പ്രവാചക സ്നേഹവും അനുസരണയും അനുകരണവും മുസ്‌ലിംകളിൽ നിലനിന്നു. പക്ഷേ ഇതിൽ പലതും അമുസ്‌ലിംകൾക്ക് മനസ്സിലാകുന്നതോ ശത്രുക്കളുടെ പ്രചണ്ഡപ്രചരണങ്ങൾക്ക് ശരിയാംവിധം മറുപടിയോ ആയിരുന്നില്ല. ജനങ്ങളോട് സംവദിക്കാനും തെറ്റിദ്ധാരണകൾ മാറ്റാനും അവരുടെ ശൈലിയും ഭാഷയും മന:ശാസ്ത്ര രീതികളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇന്ന് പാശ്ചാത്യ പ്രചാരണങ്ങൾ പൗരസ്ത്യ ലോകവും ഏറ്റെടുത്തിരിക്കുന്നു. ഇപ്പോൾ അവസ്ഥകൾ കൂടുതൽ കടുപ്പമായിരിക്കുകയാണ്. ഇത്തരുണത്തിൽ ഇസ്‌ലാമിനെയും പ്രവാചക ചരിത്രത്തെയും വൈജ്ഞാനിക ഗവേഷണാത്മക ശൈലിയിൽ അവതരിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ വലിയ ഒരു ആവശ്യമാണ്. ഇതര ഇസ്‌ലാമിക പ്രവർത്തനങ്ങളെപ്പോലെ മുസ്‌ലിംകൾ നല്ല നിലയിൽ നിർവ്വഹിക്കേണ്ട ഒരു ബാധ്യതയാണിത്. ഇസ്‌ലാമിക ചരിത്രത്തിലും മൊത്തത്തിലും പ്രവാചക ചരിത്രത്തിൽ പ്രത്യേകിച്ചും നിരവധി രചനകൾ നാം തയ്യാറാക്കേണ്ടതുണ്ട്. ഈ വിഷ

യത്തിലുള്ള സർവ്വ സംശയ തെറ്റിദ്ധാരണകൾക്ക് മനഃസമാധാനം നൽകുന്ന മറുപടി അതിൽ ഉണ്ടാകണം. അതോടൊപ്പം കാലത്തിന്റെയും ജനങ്ങളുടെയും അവസ്ഥകളും അഭിരുചികളും ശൈലീ-രീതികളും നന്നായി പരിഗണിക്കുകയും വേണം.

നമ്മുടെ ചുറ്റുവട്ടത്തുള്ള അമുസ്‌ലിംകളിൽ മാത്രമല്ല, വിദ്യാഭ്യാസമുള്ള മുസ്‌ലിം ജനസാമാന്യത്തിന്റെ മനസ്സുകളിലും ധാരാളം സംശയങ്ങളും തെറ്റിദ്ധാരണകളും ഉണ്ടായിരിക്കുന്നു. മാത്രമല്ല, പുതുപുത്തൻ സംശയങ്ങൾ ഉണ്ടാക്കപ്പെടുകയും ചെയ്യുന്നു. ഉദാഹരണത്തിന് വളരെച്ചുരുങ്ങിയ ഏതാനും സമയങ്ങളിൽ മാത്രം പരിമിതമായ റസൂലുല്ലാഹി ﷺയുടെ യുദ്ധയാത്രകളെ വളരെയധികം പർവതീകരിക്കപ്പെട്ടിരിക്കുന്നു.അസഹനീയമയതിനാലാണ് തങ്ങൾ ﷺക്കെതിരിൽ അക്രമങ്ങൾ പാരമ്യം പ്രാപിച്ച ആദ്യത്തെ സുദീർഘ ഘട്ടങ്ങളെ സൗകര്യപൂർവ്വം അവഗണിക്കുന്നു. അക്രമം വർദ്ധിച്ചതിനാലാണ് പോരാട്ടത്തിന് അനുമതി നൽകപ്പെട്ടതെന്ന് ഖുർആൻ തന്നെ പറയുന്നു: "അക്രമ വിധേയരായിരിക്കുന്നു എന്ന കാരണത്താൽ യുദ്ധം അടിച്ചേല്പിക്കപ്പെടുന്നവർക്ക് തിരിച്ചടിക്കാൻ ഇതാ അനുമതി നൽകുകയാണ്. അവരെ സഹായിക്കാൻ തീർച്ചയായും അല്ലാഹു കഴിവുള്ളവനാണ്." (ഹജ്ജ് 39). കൂടാതെ യുദ്ധത്തിന് അനുമതി നൽകപ്പെട്ട് കുറഞ്ഞകാലം കഴിഞ്ഞപ്പോൾ തന്നെ ഹുദൈബിയ സന്ധിക്ക് റസൂലുല്ലാഹി ﷺ സന്നദ്ധനായി. നിരവധി സ്വഹാബികൾ ഹുദൈബിയ സന്ധിയെ എതിർത്ത് പോരാട്ടമാണ് വേണ്ടതെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ റസൂലുല്ലാഹി ﷺ പ്രബോധനത്തിനും രഞ്ജിപ്പിനും മുൻഗണന കൊടുത്തുകൊണ്ട് സന്ധിക്ക് സന്നദ്ധനായി. തദവസരം അവിടെയെത്തിയ രണ്ട് പുതുമുസ്‌ലിം സ്വഹാബികൾ ഞങ്ങളെ സ്വീകരിക്കണമെന്ന് കരഞ്ഞ് അഭ്യർത്ഥിച്ചെങ്കിലും സന്ധിയുടെ വ്യവസ്ഥ പ്രകാരം റസൂലുല്ലാഹി ﷺ അവരെ മടക്കിയയച്ചു. എന്നാൽ ഈ സന്ധി ധാരാളം നന്മകൾക്ക് കാരണമായി. ഇതിന്റെ പരിണിതഫലം എന്നോളമാണ് മക്കാ വിജയം നടന്നത്. ഇപ്രകാരം ചരിത്രത്തിലെ അത്യപൂർവ്വ സംഭവമായ മക്കാവിജയവും റസൂലുല്ലാഹി ﷺയുടെ കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും സുവർണാധ്യായമാണ്. മക്കയിൽ അന്നുണ്ടായിരുന്നവരിൽ ബഹുഭൂരിഭാഗവും ശത്രുക്കളായിരുന്നു. എന്നാൽ റസൂലുല്ലാഹി ﷺ അവരെല്ലാവർക്കും മാപ്പ് കൊടുത്തു. ഇന്ന് പ്രതികാരത്തിന്റെ ദിവസമാണെ

ന്ന് വിളിച്ച് പറഞ്ഞ പ്രധാനസ്വഹാബിയിൽ നിന്ന് കൊടിവാങ്ങി മകന് കൊടുത്തുകൊണ്ട് റസൂലുല്ലാഹി ﷺ ഇപ്രകാരം അരുളി: "ഇന്ന് കാരുണ്യം കരകവിഞ്ഞൊഴുകുന്ന സുദിനമാണ്."

എങ്ങും എന്നും പ്രചരിപ്പിക്കുകയുംപ്രേരിപ്പിക്കുകയും ചെയ്യേണ്ട മാതൃകാപരമായ ഈ സംഭവങ്ങളെല്ലാം മറച്ചുവെച്ച് കൊണ്ടാണ് മുഹമ്മദ് നബി ﷺ ഒരു ഭീകരനും ഭീകര നേതാവുമായിരുന്നുവെന്ന് പ്രചണ്ഡ പ്രചാരണങ്ങൾ നടക്കുന്നത് ഇതിനുവേണ്ടി എല്ലാ മാധ്യമങ്ങളും ഉപയോഗിക്കപ്പെടുന്നു. കൂടാതെ ഖുർആനിനെ തീവ്രവാദത്തിന്റെ പുസ്തകവും കാരുണ്യവാനായ പടച്ചവനെ യുദ്ധത്തിന്റെ ദൈവവുമായി പേര് നൽകപ്പെടുന്നു. ഇത് മുസ്ലിംകൾക്ക് എതിരായ നീക്കം മാത്രമല്ല, മുഴുവൻ മാനവരാശിയിലും നഷ്ടങ്ങൾ മാത്രം പരത്തുന്ന അപകടകരമായ പ്രവണതയാണ്. ഇതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊടുക്കാൻ റസൂലുല്ലാഹി ﷺയുടെ സമ്പൂർണ ജീവചരിത്രം ലളിതഭാഷയിൽ രചിക്കപ്പെടലും മുസ്ലിംകൾക്കും അമുസ്ലിംകൾക്കും പ്രയോജനപ്പെടാൻ വിവിധ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെടലും കാലഘട്ടത്തിന്റെ വലിയ ഒരു ആവശ്യമാണ്.

പ്രവാചക ചരിത്രവുമായി ബന്ധപ്പെട്ട നിരവധി രചനകൾ എഴുതപ്പെട്ടിട്ടുണ്ട്. അതെല്ലാം വിലമതിക്കപ്പെടേണ്ടത് തന്നെയാണ്. എന്നാൽ ചിലതിൽ ഒരു നായകനും മറ്റ് ചിലതിൽ ഒരു അദ്ധ്യാപകനും വേറെ ചിലതിൽ രാഷ്ട്രീയനേതാവും വിമോചകനുമായിട്ടാണ് റസൂലുല്ലാഹി ﷺ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ റസൂലുല്ലാഹി ﷺയുടെ പ്രഥമവും പ്രധാനവുമായ സ്ഥാനം ഖുർആൻ ഹദീസുകളുടെയും വസ്തുതകളുടെയും വെളിച്ചത്തിൽ മാലോകർക്ക് കാരുണ്യമാണ് എന്നുള്ളതാണ്.

ആദരണീയ ജ്യേഷ്ഠസഹോദരൻ അല്ലാമാ സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വി ഇക്കാര്യങ്ങൾ മുന്നിൽവെച്ചുകൊണ്ട് തയ്യാറാക്കിയ ലളിതമായ ഭാഷയിലുള്ള ഒരു പ്രവാചക ചരിത്രമാണ് 'വിശ്വനായകൻ' എന്ന ഈ മഹൽഗ്രന്ഥം. മാനവികതയുടെ മാർഗദർശകനായ റസൂലുല്ലാഹി ﷺയുടെ യഥാർത്ഥ ചിത്രം എന്തായിരുന്നുവെന്നും അപരാധവും കളവുകളും പറയുന്നവർ ചെയ്യുന്നത് എത്ര വലിയ തെറ്റാണെന്നും ഈ രചനയിലൂടെ വ്യക്തമാകും. അന്താരാഷ്ട്ര ഇസ്ലാമിക വിജ്ഞാന കേന്ദ്രമായ ലക്നൗ ദാറുൽഉലൂം നദ്‌വത്തുൽ ഉലമായുടെ അമരക്കാരനായ അല്ലാമാ നദ്‌വിയു

ടെ പ്രധാന വിഷയം അറേബ്യൻ ചരിത്രം, ഭൂമിശാസ്ത്രം എന്നിവയാണ്. ഈ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ ഇതര രചനകൾ വൈജ്ഞാനിക മേഖലയിൽ സ്വീകാര്യത നേടുകയുണ്ടായി. അര നൂറ്റാണ്ടിലേറെ കാലമായി അദ്ദേഹം അധ്യാപനം നടത്തുന്ന മുഖ്യവിഷയം പ്രവാചക മഹത്ചരിതമാണ്. കൂടാതെ ഈ രചനയ്ക്ക് വേണ്ടി നബിചരിത്രത്തിന്റെ ശേഖരം ആഴത്തിൽപഠിക്കുകയും അതിന്റെ രത്നച്ചുരുക്കം ഇതിൽ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ രചനയുടെ വലിയൊരു പ്രത്യേകത ഭാഷയുടെ ലാളിത്യവും സുഗ്രാഹ്യവുമായ ശൈലിയുമാണ്. വൈജ്ഞാനിക-പഠന-സമർത്ഥനങ്ങൾ പോലും ലളിതശൈലിയിലാണ്. ദുർവാശിക്കാരായ എതിരാളികളെ തർക്കിച്ച് തോല്പിക്കുന്നതിന് പകരം തന്ത്രജ്ഞത മുറുകെ പിടിച്ചുകൊണ്ടുള്ള ഒരു നീക്കമൊണ് ഇതിൽ കാണാൻ കഴിയുക. പ്രവാചക മഹത്ചരിതത്തിന്റെ വിജ്ഞാനശാഖയ്ക്ക് ഒരു മുതൽകൂട്ടാണ് ഈ രചന എന്നതിൽ ഒരു സംശയവുമില്ല. ഇതര ഭാഷകളിൽ ഇത് വിവർത്തനം ചെയ്യപ്പെട്ട് മുസ്‌ലിം-അമുസ്‌ലിം വ്യത്യാസമില്ലാതെ ഇത് എല്ലാവിഭാഗങ്ങളുടെയും കൈകളിൽ എത്തിക്കേണ്ടത് കാലഘട്ടത്തിന്റെ വലിയൊരു ആവശ്യമാണ്. അല്ലാഹു ആദരണീയ ഗ്രന്ഥകർത്താവിന് സമുചിത പ്രതിഫലം നൽകട്ടെ! ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ച് കുറഞ്ഞ കാലയളവിനുള്ളിൽ ഇതിന്റെ പല പതിപ്പുകൾ ഇറങ്ങിയതും ഇംഗ്ലീഷ്, അറബിയടക്കം വിവിധ ഭാഷകളിൽ വിവർത്തിതമായതും ഈ ഗ്രന്ഥത്തിന്റെ സ്വീകാര്യതയുടെ അടയാളമാണ്. പ്രിയപ്പെട്ട സഹോദരൻ മൗലവി അബ്ദുശ്ശക്കൂർ ഖാസിമി ഇതിനെ ഇന്ത്യയിലെ പ്രധാന ഭാഷയായ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയതായി അറിഞ്ഞതിൽ വലിയ സന്തോഷമുണ്ട്. ഇത് പ്രസിദ്ധീകരിക്കുന്ന സയ്യിദ് ഹസനി അക്കാദമി പ്രയോജനപ്രദമായ രചനകൾ പ്രചരിപ്പിക്കുന്ന ഒരു മഹത് കേന്ദ്രമാണ്. അതിന്റെ വൈജ്ഞാനിക പ്രബോധന സംസ്കരണ മാർഗത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായി അല്ലാഹു ഇതിനെ സ്വീകരിക്കട്ടെ! ഗ്രന്ഥകർത്താവിനോടൊപ്പം വിവർത്തകനേയും പ്രചാരകരേയും മുഴുവൻ സേവകരേയും പടച്ചവൻ അനുഗ്രഹിക്കട്ടെ!

**മുഹമ്മദ് വാദിഹ് റഷീദ് നദ്‌വി**

21-10-1429/22-10-2010
നദ്‌വത്തുൽ ഉലമ, ലക്നൗ

# ആമുഖം

പ്രവിശാലമായ ഈ പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദു സർവ്വലോകങ്ങളുടെയും സ്രഷ്ടാവും പരിപാലക നുമായ അല്ലാഹുവാണ്. പടച്ചവൻ ഈ ആകാശഭൂമികളെയും സകല സൃഷ്ടികളെയും പടച്ചു. അതിൽ മനുഷ്യർക്ക് വലിയ പ്രത്യേകതകൾ നൽകി. അതിൽ ഏറ്റവും ഉയർന്ന പ്രത്യേകത വിജ്ഞാനത്തെ പ്രയോജനപ്പെടുത്താനുള്ള വിശിഷ്ട യോഗ്യതയാണ്. ഈ യോഗ്യതയോടൊപ്പം ഭൂമിലോകത്തെ നല്ല നിലയിൽ സജീവമാക്കാനുള്ള ഉത്തരവാദിത്തവും മനുഷ്യന് നൽകി. ഈ ഉത്തരവാദിത്തം ശരിയാം വിധം നിർവ്വഹിക്കാനുള്ള ശക്തമായ പ്രേരണയോടൊപ്പം അതിനുള്ള സൗകര്യങ്ങളെല്ലാം അല്ലാഹു ഒരുക്കിത്തന്നു.

ഈ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ മനുഷ്യൻ ചിന്തിക്കേണ്ട പ്രധാനപ്പെട്ട കാര്യം ഈ ലോകത്ത് അവന്റെ ബാധ്യതകളെന്തെല്ലാമാണ്? ഈ വിഷയത്തിൽ പടച്ചതമ്പുരാന്റെ വിധിവിലക്കുകൾ എന്തെല്ലാമാണ്? ഇക്കാര്യം വിശദമായി മനസ്സിലാക്കിത്തരുന്നതിനും ഇതിലേക്ക് ആത്മാർത്ഥമായി ക്ഷണിക്കുന്നതിനും ഓരോ കാലഘട്ടത്തിന്റെയും സ്ഥലത്തിന്റെയും ആവശ്യാനുസൃതം ഉടമസ്ഥനും സ്രഷ്ടാവുമായ അല്ലാഹു മനുഷ്യരിൽ നിന്നു തന്നെ വിശിഷ്ടരായ വ്യക്തിത്വങ്ങളെ പ്രവാചകൻമാരായി നിയോഗിച്ചു. അതിലൂടെ മനുഷ്യജീവിതം സുന്ദരമാക്കാനും ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനും പര്യാപ് തമായ സന്ദേശങ്ങൾ മനുഷ്യർക്ക് പകർന്നു നൽകി. പ്രവാചകൻമാർ വന്ന് സമൂഹത്തെ സസൂക്ഷ്മം നിരീക്ഷിക്കുമായിരുന്നു. മനുഷ്യന്റെ കുഴപ്പങ്ങൾ എന്തെല്ലാമാണ്? സുഖസൗകര്യങ്ങളിൽ മതിമറന്ന് പടച്ചവനെ ധിക്കരിക്കുന്നുണ്ടോ? എന്നീ കാര്യങ്ങൾ ശ്രദ്ധിക്കുകയും തിരുത്തുകയും ചെയ്തിരുന്നു. പടച്ചവന്റെ വിധിവിലക്കുകൾ പാലിച്ചാൽ ലഭിക്കുന്ന ഇരുലോക വിജയങ്ങളും അത് പാലിച്ചില്ലെങ്കിൽ ഉണ്ടാകാൻ സാധ്യതയുള്ള ഇരുലോക നാശങ്ങളും ശിക്ഷകളും ജനങ്ങളെ ഉണർത്തുമായിരുന്നു.

ചുരുക്കത്തിൽ പ്രവാചകൻമാർ സമൂഹത്തിന്റെ തിൻമകൾ തിരുത്തി സ്രഷ്ടാവിന്റെ വിധിവിലക്കുകൾ മാനിക്കാനും പാലിക്കാനും പ്രേരിപ്പിച്ചു. നൻമ തിൻമകളെ വിവേചിച്ച് കാണിച്ചു. അവർ ജനങ്ങളോട് പറഞ്ഞു; ഈ അനുഗ്രഹങ്ങൾ കനിഞ്ഞരുളിയ പടച്ച തമ്പുരാൻ അവനോട് നന്ദികേട് കാണിക്കുന്നത് ഒരിക്കലും ഇഷ്ടപ്പെടുകയില്ല. പടച്ചവനോടുള്ള നന്ദികേടുകളിൽ ഏറ്റവും ഗുരുതരമായത് സ്വന്തം തോന്നലുകളുടെ അടിസ്ഥാനത്തിൽ സൃഷ്ടികളിലാരെയെങ്കിലും സ്വന്തം ദൈവമായി ധരിക്കലാണ്. അതീവ ഗുരുതരമായ ഈ തെറ്റിന്റെ പേരിൽ പടച്ചവൻ ഉടനടി ശിക്ഷ നൽകുകയും അനുഗ്രഹങ്ങൾ പിൻവലിക്കുകയുമാണ് വേണ്ടിയിരുന്നതെങ്കിലും, കരുണയും ഔദാര്യവുമുള്ള അല്ലാഹു ആദ്യം പ്രവാചകനെ അയച്ച് ഉണർത്തുമായിരുന്നു. എന്നിട്ടും അവർ തെറ്റ് തിരുത്താൻ തയ്യാറാകാത്ത പക്ഷം പടച്ചവൻ ശിക്ഷ ഇറക്കുമായിരുന്നു. ഇപ്രകാരം വ്യത്യസ്ത കാലഘട്ടങ്ങളിൽ വിവിധ സമുദായങ്ങളിലായി ധാരാളം പ്രവാചകൻമാർ വരികയും ജനങ്ങൾക്ക് ഉത്ബോധനം നൽകുകയും ചെയ്തുകൊണ്ടിരുന്നു. പരിശുദ്ധ ഖുർആനിൽ ഇക്കാര്യത്തെ ഇപ്രകാരം വിവരിക്കുന്നു;

"ജനങ്ങൾ എല്ലാവരും ഒരൊറ്റ സമുദായമായിരുന്നു. എന്നാൽ ആവശ്യഘട്ടത്തിൽ മുന്നറിയിപ്പുകാരും സന്തോഷവാർത്ത നൽകുന്നവരുമായ പ്രവാചകന്മാരെ അല്ലാഹു അയച്ചു. ജനങ്ങൾ ഭിന്നിച്ച വിഷയത്തിൽ അവർക്കിടയിൽ വിധികൽപ്പിക്കുന്നതിന് സത്യസമേതം വിശുദ്ധ ഗ്രന്ഥവും പ്രവാചകൻമാരോടൊപ്പം ഇറക്കി. എന്നാൽ, വ്യക്തമായ രേഖകൾ വന്നതിനു ശേഷം പരസ്പരമുള്ള ശത്രുതയുടെ പേരിൽ മാത്രമാണ് ജനങ്ങൾ ഭിന്നിച്ചത്. ഇത്തരുണത്തിൽ സത്യത്തിന്റെ വിഷയത്തിൽ ജനങ്ങൾ ഭിന്നിച്ച കാര്യങ്ങളിൽ സത്യമായതിലേക്ക് വിശ്വാസികളായ ജനങ്ങളെ അല്ലാഹു നയിക്കുന്നതാണ്. അല്ലാഹു ഉദ്ദേശിക്കുന്നവരെ നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നു." (ബഖറ:213)

ഗതകാല സമുദായങ്ങളിൽ വഴികേടുകൾ വളരെയധികം വർദ്ധിച്ച സമയത്ത് അവരുടെ സൻമാർഗ്ഗത്തിന് വേണ്ടി വിവിധ പ്രവാചകൻമാർ നിയോഗിക്കപ്പെട്ടു. അവരെല്ലാവരും അല്ലാഹുവിന്റെ ബോധനത്തിന്റെ അടിസ്ഥാനത്തിൽ ഈ സൻമാർഗ്ഗത്തിന്റെ പ്രവർത്തനം നടത്തുകയുണ്ടായി. മാനുഷിക ശേഷികളിലും വിശിഷ്ട ഗുണങ്ങളിലും മറ്റ് ജനങ്ങളേക്കാളും വളരെ ഉത്തമനായ വ്യക്തിത്വത്തെ പ്രവാചകത്വപ്രവർത്തനത്തിന് അല്ലാഹു തെരഞ്ഞെടുക്കുകയായിരുന്നു. ഇതിൽ ക്രിസ്താബ്ദം ആറാം ശതകത്തിൽ ആരംഭിച്ച അവസാന കാലഘട്ടത്തിന് വേണ്ടി അല്ലാഹു മഹാനായ ഇബ്റാഹീം നബി ﷺ ന്റെ കുടുംബ പരമ്പര

യിൽപ്പെട്ട ഖുറൈഷിൽ നിന്നുള്ള മുഹമ്മദുർറസൂലുല്ലാഹി ﷺ യെ തെരഞ്ഞെടുത്തു. ഖുറൈഷികൾ ഉത്തമകുടുംബക്കാരായിരുന്നെങ്കിലും കാലഘട്ടത്തിന്റെ സമ്മർദ്ദങ്ങൾ കാരണം ധാരാളം തിൻമകളിൽ മുഴുകിക്കിടന്നിരുന്നു. ഇവർക്കിടയിൽ ജനിച്ച മുഹമ്മദുർറസൂലുല്ലാഹി ﷺ വളരെ സുരക്ഷിതമായ നിലയിൽ വളരുകയും അവസാനം നാൽപതാം വയസ്സിൽ പ്രവാചകത്വം നൽകപ്പെടുകയും ചെയ്തു. കറകളഞ്ഞ തൗഹീദ് (ഏകദൈവ വിശ്വാസം) മുറുകെപ്പിടിക്കാനും ഏകനായ പടച്ചവനെ ആരാധിക്കാനും അവന്റെ വിധിവിലക്കുകൾ പാലിക്കാനും വിജ്ഞാനത്തെ ശരിയാംവിധം പ്രയോജനപ്പെടുത്താനും സാമൂഹികമേഖലയെ നന്മകൾ കൊണ്ട് സമ്പന്നമാക്കാനും ഉത്ബോധിപ്പിച്ചു. വഹ്യ് (ബോധനത്തി) ലൂടെ അല്ലാഹു റസൂലുല്ലാഹി ﷺക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതിനോടൊപ്പം തങ്ങളുടെ ജീവിതവും സ്വഭാവവും ഉദാത്തമാക്കി. തങ്ങളുടെ ജീവിതത്തിൽ മാനവ ജീവിതത്തിലെ സമുന്നതമായ സർവ്വ ഗുണങ്ങളും സമഗ്രമായി സംഗമിച്ചിരുന്നു. റസൂലുല്ലാഹി ﷺ യുടെ ഉദാത്ത മാതൃക സ്വീകരിക്കുന്നതിലൂടെ ഒരു വ്യക്തി ഇരുലോകത്തും വിജയിക്കുന്നതും സുന്ദരജീവിതം കരസ്ഥമാക്കുന്നതുമാണ്. പരിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു; തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത്, അല്ലാഹുവിന്റെ പ്രതിഫലം പ്രതീക്ഷിക്കുകയും പരലോക വിജയം കൊതിക്കുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്..

ഇപ്രകാരം മഹാനായ മുഹമ്മദുർറസൂലുല്ലാഹി ﷺ ക്ക് മുഴുവൻ മാനവരാശിക്കും മാതൃകാപരമായ ജീവിതം നയിക്കാൻ അല്ലാഹു അവസരം നൽകി. തങ്ങളുടെ വാചകങ്ങളും പ്രവർത്തനങ്ങളും അല്ലാഹുവിന്റെ നിർദ്ദേശപ്രകാരവും ഇഷ്ടാനുസൃതവും ആയിരുന്നു. ലോകാവസാനം വരെ വരാനുള്ള മുഴുവൻ മനുഷ്യർക്കും റസൂലുല്ലാഹി ﷺ യുടെ ജീവിതം വലിയൊരു വഴിവിളക്കാണ്. അല്ലാഹുതന്നെ പറയുന്നു: "അല്ലാഹുവിന്റെ ദൂതനെ വഴിപ്പെടുന്നവർ അല്ലാഹുവിനെ വഴിപ്പെട്ടിരിക്കുന്നു." (നിസാഅ് :80) "പ്രവാചകൻ തന്നിഷ്ടപ്രകാരം ഒന്നും മൊഴിയുകയില്ല. പ്രവാചകൻ പറയുന്നതെല്ലാം ബോധനം നൽകപ്പെടുന്ന കാര്യങ്ങൾ മാത്രമാണ്." (നജ്മ് 3,4) ചുരുക്കത്തിൽ, റസൂലുല്ലാഹി ﷺ യുടെ ജീവിതവും കർമ്മവും ലോകാവസാനം വരെ നിരന്തര മാതൃകയും മഹത്വപൂർണ്ണവുമാണ്. ബുദ്ധിയും ബോധവുമുള്ളവർ അതിനെ ശരിയാംവിധം പ്രയോജനപ്പെടുത്തുന്നതാണ്.

റസൂലുല്ലാഹി ﷺ ക്ക് മുമ്പ് വിവിധ കാലങ്ങളിലും സ്ഥലങ്ങളിലും അവയുടെ ആവശ്യങ്ങളെ പരിഗണിച്ചുകൊണ്ട് അല്ലാഹു പ്രവാചകൻ

മാരെ അയക്കുകയും കാലഘട്ടത്തിന് ആവശ്യമായ സന്ദേശം നൽകുകയും ചെയ്തു. എന്നാൽ റസൂലുല്ലാഹി ﷺ അവസാന കാലത്തേക്ക് വന്ന അന്ത്യപ്രവാചകനാണ്. റസൂലുല്ലാഹി ﷺക്ക് അല്ലാഹു കനിഞ്ഞരുളിയ സന്ദേശങ്ങൾ ഏതെങ്കിലും പ്രത്യേക നാടിനോ സമയത്തിനോ മാത്രമുള്ളതല്ല. മുഴുവൻ മനുഷ്യർക്കും വരാനിരിക്കുന്ന എല്ലാ കാലഘട്ടത്തിലും ശരിയായ വിശ്വാസവും കർമ്മവും പകർന്നു നൽകുന്നതാണ്. അല്ലാഹു പ്രഖ്യാപിക്കുന്നു: "മുഴുവൻ മനുഷ്യർക്കും സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പ് നൽകുന്നവരുമായിട്ടാണ് നാം താങ്കളെ അയച്ചിട്ടുള്ളത്. പക്ഷെ, ജനങ്ങളിൽ അധികംപേരും കാര്യം മനസ്സിലാക്കുന്നില്ല." (സബഅ് ; 28)

അങ്ങനെ റസൂലുല്ലാഹി ﷺ ലോകത്തെ മുഴുവൻ മനുഷ്യരെയും സംബോധന ചെയ്തു. പഠിപ്പിക്കുന്ന കാര്യങ്ങൾ ഹൃദിസ്ഥമാക്കാനും സൂക്ഷിക്കാനും അടുത്ത തലമുറക്ക് എത്തിച്ച് കൊടുക്കാനും പ്രേരിപ്പിച്ചു. റസൂലുല്ലാഹി ﷺ യുടെ മടിത്തട്ടിൽ വളർന്ന മഹാൻമാരായ സഹാബികൾ ആദ്യം അവരുടെ മനസ്സുകളിൽ അത് സൂക്ഷിക്കുകയും പിന്നീട് വരമൊഴിയിലായി അതിനെ ശേഖരിക്കുകയും ചെയ്തു. തത്ഫലമായി റസൂലുല്ലാഹി ﷺ യുടെ എല്ലാ വാചകങ്ങളും പ്രവർത്തനങ്ങളും അവസ്ഥകളും ക്രോഡീകരിക്കപ്പെട്ടു.

ചാന്ദ്രികവർഷക്കണക്കനുസരിച്ച് 63 വർഷക്കാലമാണ് റസൂലുല്ലാഹി ﷺ ഈ ലോകത്ത് കഴിച്ചുകൂട്ടിയത്. ഈ 63 വർഷങ്ങളെ മൂന്ന് ഭാഗമായി തിരിക്കാം, ഒന്ന് ജനനം മുതൽ 40-ാമത്തെ വയസ്സിൽ പ്രവാചകത്വം കിട്ടുന്നതു വരെ. രണ്ട്, 41 മുതൽ 53 വയസ്സ് വരെയുള്ള മക്കാ ജീവിതം. മൂന്ന്, 54-ാം വയസ്സ് മുതൽ 63 വയസ്സു വരെയുള്ള മദീനാ ജീവിതം. ഇതിൽ ഒന്നാമത്തെ ഘട്ടം റസൂലുല്ലാഹി ﷺ ക്ക് പ്രവാചകത്വം കിട്ടുന്നതിന് മുമ്പുള്ള ഘട്ടമാണ്. എന്നാൽ, ഈ ഘട്ടത്തിൽ റസൂലുല്ലാഹി ﷺ കുടുംബത്തിലും ജനങ്ങൾക്കിടയിലും സമുന്നത സ്വഭാവഗുണങ്ങൾ നിലനിർത്തുകയും സംശുദ്ധ ജീവിതം നയിക്കുകയും ചെയ്തു. തത്ഫലമായി തങ്ങൾ ﷺ നാട്ടിലാകെ പ്രിയങ്കരനും സ്വീകാര്യനുമായി. 25-ാമത്തെ വയസ്സായപ്പോൾ വൈവാഹിക ജീവിതമാരംഭിച്ചു. തുടർന്ന് കുടുംബജീവിതത്തിന്റെ ഉത്തരവാദിത്തങ്ങളും ഭംഗിയായി നിർവ്വഹിച്ചുകൊണ്ടിരിന്നു. റസൂലുല്ലാഹി ﷺ ക്ക് വളരെ നല്ലൊരു ഇണയെയാണ് ലഭിച്ചത്. ഇരുവരുടെയും പ്രകൃതിയും സ്വഭാവരീതികളും ഒത്തിണങ്ങി. റസൂലുല്ലാഹി ﷺ അവരോട് വലിയ ബന്ധം പുലർത്തി. അവരിലൂടെ സന്താനങ്ങൾ ജനിക്കുകയും വളരെ നല്ല നിലയിൽ പരിലാളിച്ച് വളർത്തുകയും ചെയ്തു.

നാൽപതാമത്തെ വയസ്സിൽ റസൂലുല്ലാഹി ﷺ തങ്ങൾക്ക് അല്ലാഹുവിന്റെ ഭാഗത്തു നിന്നും പ്രഥമ വഹ്യ് (ബോധനം) വന്നണഞ്ഞു. തുടർന്ന് മനുഷ്യർക്ക് മാർഗ്ഗ ദർശനം നൽകുന്നതിന് ആവശ്യമായ കാര്യങ്ങൾ അല്ലാഹുവിന്റെ ഭാഗത്തു നിന്നും വഹ്യിലൂടെ റസൂലുല്ലാഹി ﷺ തങ്ങൾക്ക് നൽകപ്പെടാൻ ആരംഭിച്ചു. വിശ്വാസപരമായ വിഷയങ്ങളായിരുന്നു അതിൽ പ്രധാനമായും പരാമർശിച്ചിരുന്നത്. ഈ ഘട്ടം വലിയ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സഹനതയുടെയുമായിരുന്നു. 53-ാമത്തെ വയസ്സായപ്പോൾ റസൂലുല്ലാഹി ﷺ യുടെ ജീവിതത്തിന്റെ മൂന്നാമത്തെ ഘട്ടം ആരംഭിച്ചു.രണ്ടാം ഘട്ടത്തിലെ ത്യാഗപരിശ്രമങ്ങളിലൂടെ മക്കയിലും ഇതിനിടയിൽ മദീനയിലും റസൂലുല്ലാഹി ﷺ യെ പരിപൂർണ്ണമായി അംഗീകരി ക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു വിഭാഗം ഉണ്ടായിത്തീർന്നിരുന്നു. തുടർന്ന് റസൂലുല്ലാഹി ﷺ മദീനയിൽ ജീവിതമാരംഭിച്ചു. വിവിധ ഭാഗങ്ങളിൽ മർദ്ദനപീഢനങ്ങൾ സഹിച്ച് കഴിഞ്ഞിരുന്നവരെല്ലാം മദീനയിലേക്ക് പതുക്കെ വരാൻ ആരംഭിച്ചു. മദീനയിൽ റസുലുല്ലാഹി ﷺ യുടെ നേതൃത്വത്തിൽ മത-സാമൂഹിക മേഖലകളിൽ ഒരു മഹത്തായ ജീവിതം അവർ ആരംഭിക്കുകയുണ്ടായി. ഇവിടെ വെച്ച് പ്രധാനമായും ഇസ്ലാമിക നിയമങ്ങളും വിധിവിലക്കുകളുമാണ് അല്ലാഹുവിന്റെ ഭാഗത്തു നിന്നും നൽകപ്പെട്ടത്. റസൂലുല്ലാഹി ﷺ അവ സ്വയംപാലിക്കുകയും അനുയായികളെ പരിശീലിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. മുസ്ലിംകൾ മക്കയിൽ നിന്ന് വരുന്നതിന് മുമ്പ് മക്കയിലെയും മദീനയിലെയും ജനങ്ങൾ പരസ്പരം അകന്നവരായിരുന്നു. എന്നാൽ, റസൂലുല്ലാഹി ﷺ യുടെ നേതൃത്വത്തിൽ മദീനയിൽ വന്ന എല്ലാ ജനങ്ങളും ഒരൊറ്റ സമുദായമായി മാറി. മക്കയിൽ നിന്നും വന്നവർക്ക് മുഹാജിർ എന്നും മദീനയിൽ ഉണ്ടായിരുന്നവർക്ക് അൻസാറുകൾ എന്നും പേര് പറയപ്പെട്ടു. മക്കയിൽ നിന്നും മുഹാജിറുകൾ ത്യാഗത്തോടുകൂടി മദീനയിൽ എത്തിയെങ്കിൽ മദീനയിലെ അൻസാറുകൾ അവരെ നിഷ്കളങ്കമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്തു. കൂടാതെ മദീനയിൽ യഹൂദികളായ ഏതാനും ഗോത്രങ്ങൾ പണ്ടു മുതൽക്കേ താമസിച്ചിരുന്നു. അവർ മുസ്ലിംകളിൽ നിന്ന് അകന്നാണ് കഴിഞ്ഞിരുന്നതെങ്കിലും റസൂലുല്ലാഹി ﷺ അവരോട് സമാധാന കരാർ സ്ഥാപിക്കുകയും നല്ല നിലയിൽ വർത്തിക്കാൻ പരിശ്രമിക്കുകയും ചെയ്തു.

മദീനയിലെ ബഹുഭൂരിഭാഗം ജനങ്ങളും ഇസ്ലാം സ്വീകരിച്ചതിനാൽ അവിടെ സമ്പൂർണ്ണമായൊരു ഇസ്ലാമിക സമൂഹം നിലവിൽ വന്നു. ഇസ്ലാമിക സമൂഹത്തിന് ആവശ്യമായ സകല ഗുണങ്ങളും അവിടെ സ

മ്മേളിക്കുകയുണ്ടായി. ഓരോ വിഷയത്തിലും അവർ റസൂലുല്ലാഹി ﷺ യിലേക്ക് തിരിയുകയും റസൂലുല്ലാഹി ﷺ അവർക്ക് സമ്പൂർണ്ണമായ വിധിവിലക്കുകൾ പറഞ്ഞുകൊടുക്കുകയും അവരത് ആത്മാർത്ഥമായി ജീവിതത്തിൽ പാലിക്കുകയും ചെയ്തു. മറു ഭാഗത്ത് മക്കയിലെ മുശ്രിക്കുകൾ ഇത് കണ്ട് അസ്വസ്ഥരായി. മദീനയിൽ മുസ്ലിംകൾ സംഘടിത ശക്തിയാകുന്നത് കണ്ടപ്പോൾ അവരുടെ ശത്രുത വർദ്ധിക്കുകയും ബലപ്രയോഗത്തിലൂടെ ഇസ്ലാമിന്റെ ശക്തി തകർക്കാൻ തയ്യാറെടുക്കുകയും ചെയ്തു. ഈ അപകടത്തെക്കുറിച്ച് അറിഞ്ഞ റസൂലുല്ലാഹി ﷺ സ്വഹാബത്തിനോട് തയ്യാറെടുക്കാനും ജാഗ്രത പുലർത്താനും നിർദേശിച്ചു. മക്കക്കാരുടെ ഗൂഢാലോചനകളും പദ്ധതികളും മനസ്സിലാക്കുകയും പ്രതിരോധ മാർഗത്തെക്കുറിച്ച് ആലോചിക്കുകയും ചെയ്തു. ചുരുക്കത്തിൽ മദീനയിലെ പത്ത് വർഷത്തെ നബവീ ജീവിതം പലതരം കർത്തവ്യങ്ങൾ നിറഞ്ഞതായിരുന്നു. ഒന്ന്: ഇസ്ലാമിന്റെ അടിസ്ഥാന ദൗത്യമായ സത്യസന്ദേശവും പരിപൂർണ്ണ ഗുണകാംക്ഷയും തന്ത്രജ്ഞതയും മുറുകെപ്പിടിച്ച് എത്തിച്ച് കൊടുക്കുക. മദീനയിൽ മാത്രമല്ല പരിസരങ്ങളിലും ലോകം മുഴുവനും എത്തിക്കുക. രണ്ട്: സ്വഹാബികളെ വൈജ്ഞാനിക-കാർമിക-സ്വഭാവപരമായി സംസ്കരിക്കുക അഥവാ,സൽഗുണസമ്പന്നരായ ഒരു മാതൃകാ സമൂഹത്തിന്റെ നിർമാണം. മനുഷ്യൻ മനോഛയുടെ അടിമയല്ല, പടച്ചവന്റെ ദാസനും അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവനുമാണെന്ന് ജീവിതത്തിലൂടെ ആ സമൂഹം ലോകത്തിന് കാണിച്ച് കൊടുക്കണം. മൂന്ന്: മദീനയിലെ സഹാബാക്കൾക്കിടയിൽ സ്നേഹം, സൗഹൃദം, സാഹോദര്യം എന്നിവ ഉണ്ടാക്കിയെടുക്കുക. ഐക്യത്തോടെ നീങ്ങുകയും ശത്രുക്കളുടെ അപകടങ്ങളെ പ്രതിരോധിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാക്കുക. വിശിഷ്യാ മക്കക്കാരുടെ നിഗൂഢ നീക്കങ്ങളെ കരുതിയിരിക്കണം. നാല്: തദ്ദേശവാസികളായ സഹോദര സമുദായങ്ങളുമായി നല്ല നിലയിൽ വർത്തിക്കുകയും അവരുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കുകയും വേണം. കപടന്മാരുടേയും അക്രമികളുടേയും അക്രമങ്ങൾ നേരിടണം. ഈ മുഴുവൻ കർത്തവ്യങ്ങളെ കുറിച്ചും അല്ലാഹു പരിശുദ്ധ ഖുർആനിലൂടെ നിർദേശങ്ങൾ നൽകുകയും റസൂലുല്ലാഹി ﷺ അത് ശരിയാംവിധം പാലിക്കുകയും ചെയ്തു. കൂടാതെ അവ അനുയായികളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തു. റസൂലുല്ലാഹി ﷺ വാമൊഴിയായി മാത്രമല്ല അവരെ പഠിപ്പിച്ചത്. മുഴുവൻ മാനവരാശിയുടേയും നന്മയെ അതിയായി ആഗ്രഹിക്കുകയും എല്ലാവരും നന്നാകണമെന്ന് വളരെയധികം കൊതിക്കുകയും സ്വന്തം മാതൃക കാട്ടിക്കൊടുക്കുകയും അത്യധി

കം സ്നേഹ-കാരുണ്യങ്ങളോടെ അവരെ പഠിപ്പിക്കുകയും ചെയ്തിരുന്നു. ഇത് അവരിൽ വമ്പിച്ച പ്രതിഫലനം ഉണ്ടാക്കി. അവർ ഹൃദയംഗമായി റസൂലുല്ലഹി ﷺയെ സ്നേഹിക്കുകയും അനുഭവിക്കുകയും സൂചനകൾ പോലും ശ്രദ്ധിച്ച് ശ്രവിക്കുകയും മുഴുവൻ കാര്യങ്ങളും ഓർമയിൽ സൂക്ഷിക്കുകയും ചെയ്തു.തുടർന്ന് ഇതേ നിലയിൽ അടുത്ത തലമുറക്ക് കൈമാറി. ഇപ്രകാരം റസൂലുല്ലാഹി ﷺയുടെ സമ്പൂർണ ജീവിതവും സന്ദേശവും സുരക്ഷിതമായി. പിൽക്കാലത്ത് തൂലികകളിലൂടെ ഇത് ക്രോഡീകരിക്കപ്പെട്ടപ്പോൾ ലോകവസാനം വരെയുള്ള ജനങ്ങൾക്ക് അത് പകർത്തലും പ്രചരിപ്പിക്കലും കൂടുതൽ എളുപ്പമായി. "റസൂലുല്ലാഹി ﷺ ലോകവസാനം വരെയുള്ള സത്യവിശ്വാസികൾക്ക് മാതൃകയാണ്" (അസ്ഹാബ്:21). അതെ, റസൂലുല്ലാഹി ﷺയുടെ ജീവിതം സർവ്വകാലത്തും മുഴുവൻ വിഭാഗങ്ങൾക്കും അഖില വിഷയങ്ങൾക്കും സരളവും സുന്ദരവും സമ്പൂർണവുമായ മാതൃകയാണ്. പടച്ചവനിൽ വിശ്വാസവും പരലോക വിജയത്തിൽ ആഗ്രഹവും ഉണ്ടായിരിക്കണമെന്ന് മാത്രം.

ഇതുകൊണ്ട് തന്നെ മുസ്ലിം പണ്ഡിതരും രചയിതാക്കളും റസൂലുല്ലാഹി ﷺയുടെ ജീവിതവും സന്ദേശവും ധാരാളമായി ക്രോഡീകരിക്കാനും പ്രചരിപ്പിക്കാനും പരിശ്രമിക്കുകയുണ്ടായി. അങ്ങനെ ഈ വിഷയത്തിൽ വലിയ ഒരു ഗ്രന്ഥാലയം തന്നെ നിലവിൽ വന്നു. റസൂലുല്ലാഹി ﷺയുടെ ജീവിത സന്ദേശങ്ങൾക്ക് രണ്ട് ഭാഗങ്ങൾ ഉണ്ട് ഒന്ന്: റസൂലുല്ലാഹി ﷺവ്യത്യസ്ത സന്ദർഭങ്ങളിൽ സ്വഹാബത്തിന് നൽകിയ ഉപദേശങ്ങൾ ഇതിന് ഹദീസ് എന്ന് പറയപ്പെടുന്നു. രണ്ട്: റസൂലുല്ലാഹി ﷺയുടെ കർമ്മങ്ങളും അവസ്ഥകളും. ഇതിന് സീറത്ത് എന്ന് പറയപ്പെടുന്നു. ഈ രണ്ട് ഭാഗങ്ങളും സ്വഹാബത്ത് സൂക്ഷമമായി ശ്രവിക്കുകയും കൈമാറുകയും ചെയ്തു. ഒരു മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട സർവ്വകാര്യങ്ങളും ഇതിൽ കാണാൻ കഴിയുന്നതാണ്.

റസൂലുല്ലാഹി ﷺയുടെ മഹത് ചരിത്രത്തിലെ ഒരു ഭാഗമാണ് ശത്രുക്കളുമായുള്ള ബന്ധം. റസൂലുല്ലാഹി ﷺ പ്രബോധനം ആരംഭിച്ചപ്പോൾ ചെറിയ ഒരുവിഭാഗം അത് അംഗീകരിച്ചെങ്കിലും ബഹുഭൂരിഭാഗവും അത് നിഷേധിക്കുകയുണ്ടായി. നിഷേധികളുടെ ഈ ഭൂരിപക്ഷം തുടക്കം മുതൽ തന്നെ വിശ്വാസികളുടെ ന്യൂനപക്ഷത്തെ തകർക്കാൻ എല്ലാ നിലയിലും പരിശ്രമിച്ചുകൊണ്ടിരുന്നു. ഇതിനെ പ്രതിരോധിക്കാൻ മുസ്ലിംകൾക്ക് ആയുധങ്ങൾ അധികമായി കിട്ടിയതുമില്ല. ഉള്ളവ അവർ ഉപയോഗിച്ചതുമില്ല. അവസാനം അവസ്ഥ വളരെ സങ്കീർണമായപ്പോൾ വലിയ സൂക്ഷമതയോടെ ചില പോരാട്ടങ്ങൾ നടത്തി. പോരാട്ടങ്ങൾക്കി

ടയിലും ശേഷവും ശത്രുക്കളോട് വളരെയധികം കരുണ കാണിക്കുക യും ചെയ്തു. എന്നാൽ ഇസ്ലാമിനോട് ശത്രുത പുലർത്തിയ ചരിത്ര കാരൻമാർ ഇതിനെ തെറ്റായി അവതരിപ്പിക്കുകയും റസൂലുല്ലാഹിﷺയെ അക്രമിയും യുദ്ധക്കൊതിയനുമായി ചിത്രീകരിക്കുകയും ചെയ്തു. ഇസ്ലാം വളരെ നല്ല നിലയിൽ അവതരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുള്ള ജിഹാദിനെ അപരാധങ്ങൾ നിറച്ച് പ്രചരിപ്പിച്ചു. ജിഹാദിന്റെ നിയമ മര്യാദകളും തടവുകാരോടുള്ള ഉത്തമ പ്രവർത്തനങ്ങളും മറച്ച് വെച്ചു. സത്യത്തിന്റെ പ്രചരണത്തിനും സംരക്ഷണത്തിനും സമയവും സമ്പത്തും ശരീരവും ജീവനും അർപ്പണം ചെയ്തുകൊണ്ടുള്ള ത്യാഗപരിശ്രമങ്ങൾക്കാണ് ജിഹാദ് എന്ന് പറയപ്പെടുന്നത് കൂടാതെ സത്യത്തെ ഉയർത്താനുള്ള പരിശ്രമങ്ങൾക്ക് തടസം സൃഷ്ടിക്കുന്നവരെ നേരിടുന്നതിനും ജിഹാദ് എന്ന് വിളിക്കപ്പെടാറുണ്ട്. പക്ഷെ ഈ ത്യാഗ പരിശ്രമങ്ങളെല്ലാം പടച്ചവന്റെ പൊരുത്തത്തെ കരുതിയും നിയമ രീതികൾക്കനുസൃതവും ആയിരിക്കണമെന്ന് നിബന്ധനയുണ്ട്. വ്യക്തി താത്പര്യങ്ങളുടെ പേരിലോ നിയമ മര്യാദകൾ പാലിക്കാതെയോ ആയിരിക്കരുത്. ജിഹാദ് എന്നാൽ ഭൗതികലക്ഷ്യങ്ങൾക്കും രാജ്യം പിടിച്ചടക്കുന്നതിനുമുള്ള അന്ധമായ പോരാട്ടമാണെന്ന ആരോപണം ശുദ്ധനുണയാണ്. ജിഹാദിന്റെ നിയമ മര്യാദകൾ ഇസ്ലാമിക രചനകളിൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്. ഇസ്ലാം ഉണർത്തുന്നു: അല്ലാഹുവിന്റെ തൃപ്തി സർവ്വതാ ലക്ഷ്യമിടുക. നിരപരാധികളെ ഉപദ്രവിക്കരുത്. അധികാരത്തിന് വേണ്ടി യുദ്ധം ചെയ്യരുത്. സത്യത്തെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യത്തിന് മാത്രം യുദ്ധം ചെയ്യുക,. കഴിവതും സമാധാനവും രഞ്ജിപ്പും സ്വീകരിക്കുക.

ഇത് നിയമം മാത്രമല്ല റസൂലുല്ലാഹിﷺയും സഹാബത്തും പാലിച്ച് കാണിച്ചുതന്ന യാഥാർത്ഥ്യങ്ങളും കൂടിയാണ്. എന്നാൽ പിൽകാലത്തുള്ള ചില മുസ്ലിം ഭരണാധികാരികൾ അവരുടെ വ്യക്തിപരവും രാഷ്ട്രീയപരവുമായ നന്മകൾക്ക് വേണ്ടി ഇസ്ലാം കൽപ്പിച്ച നിയമങ്ങൾ പാലിക്കുന്നതിൽ വീഴ്ചകൾ വരുത്തി. ഇത്തരം വീഴ്ചകൾ വളരെ കുറവാണെങ്കിലും അത് അവരുടെ മാത്രം കുറ്റമാണ്. അതുമായി ഇസ്ലാമിനോ പ്രവാചകനോ ഒരു ബന്ധവുമില്ല. റസൂലുല്ലാഹിﷺ യും അനുചരൻമാരും ഉത്തമപിൻഗാമികളും ഈ വിഷയത്തിൽ വളരെ ഉന്നതചിത്രങ്ങളാണ് കാഴ്ചവെച്ചിട്ടുള്ളത്. ആധികാരിക ചരിത്ര രചനകൾ പാരായണം ചെയ്താൽ ഇത് സുതരാം വ്യക്തമാക്കുന്നതാണ്.

ചുരുക്കത്തിൽ ഇത്തരം തെറ്റിദ്ധാരണകൾ ദുരീകരിക്കുന്നതിന് റസൂലുല്ലാഹി ﷺയുടെ തിരുവചനങ്ങളും അവസ്ഥകളും ശരിയായ നില

യിൽ ശേഖരിച്ച് ജനസമക്ഷം സമർപ്പിക്കൽ മാനവരാശിയുടെ വലിയ ഒരു ആവശ്യമാണ്. ഇതിലൂടെ മാത്രമേ റസൂലുല്ലാഹി ﷺയുടെ ജീവിതവും സന്ദേശവും സത്യാന്വേഷികൾക്ക് ലഭിക്കുകയുള്ളൂ. ഈ ആവശ്യം മുന്നിൽവെച്ചുകൊണ്ട് പ്രഥമയുഗം മുതൽ ഇവ ശേഖരിക്കാനുള്ള ശ്രമം പണ്ഡിതലോകം ആരംഭിച്ചു.

റസൂലുല്ലാഹി ﷺ യുടെ കാലത്ത് പരിശുദ്ധ ഖുർആനും പുണ്യഹദീസുകളും സ്വഹാബികൾ പരിപൂർണ ശ്രദ്ധയോടെ മനനം ചെയ്തിരുന്നതിനാൽ ഇതിന്റെ ആവശ്യം വന്നിരുന്നില്ല. കൂടാതെ പരിശുദ്ധ ഖുർആനുമായി കൂടിക്കലരാതിരിക്കുന്നതിന് തുടക്കത്തിൽ ഖുർആൻ അല്ലാത്തതൊന്നും എഴുതാൻ പാടില്ലെന്ന് പൊതുവിൽ കല്പിക്കപ്പെട്ടിരുന്നു. എന്നാൽ ഉസ്മാൻ رضي الله عنه ന്റെ കാലത്ത് ഖുർആനിന്റെ നിരവധി പ്രതികൾ പൂർണശ്രദ്ധയോടെ പകർത്തി തയ്യാറാക്കപ്പെട്ടപ്പോൾ സ്വഹാബികൾ പ്രവാചക വചനങ്ങളും അവസ്ഥകളും രേഖപ്പെടുത്തുന്നതിലേക്ക് തിരിഞ്ഞു. ഇബ്നുഅബ്ബാസ് رضي الله عنه, ബറാഅ് رضي الله عنه, അബ്ദുല്ലാഹിബ്നു അംറ് رضي الله عنه, അനസ് رضي الله عنه, ജാബിർ رضي الله عنه എന്നീ സ്വഹാബികൾ ഇതിന് മുൻപന്തിയിൽ നിന്നവരാണ്. തുടർന്ന് സ്വഹാബാ ശിഷ്യരായ താബിഉകൾ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധചെലുത്തി. അവരിൽ പ്രമുഖർ ഇവരാണ്: ഉർവത്തുബ്നു സുബൈർ (ഹിജ്രി 94), അബാനുബ്നു ഉസ്മാൻ (ഹി.105), വഹബിബ്നു മുനബ്ബഹ് (ഹി.110), ആസ്വിഫ് (ഹി.119), ശറഹുബീൽ (ഹി.123), ഇബ്നു ശിഹാബ് സുഹ്രി (ഹി.124), അബ്ദുല്ലാ (ഹി.135).

പിൽക്കാലത്തുള്ളവരും ഇതേ മാർഗത്തിലൂടെ സഞ്ചരിച്ചു. അങ്ങനെ വിവിധ കാലങ്ങളിലായി ഈ വിഷയത്തിൽ ധാരാളം മഹത് ഗ്രന്ഥങ്ങൾ നിലവിൽ വന്നു. വിവിധ നൂറ്റാണ്ടുകളിൽ ഈ വിഷയത്തിൽ രചിക്കപ്പെട്ട പല രചനകളും ഇന്നും പ്രകാശംപൊഴിച്ച് നിലനിൽക്കുന്നുണ്ട്. സീറത്ത് (ഇബ്നു ഹിശാം), മഗാസി (ഇബ്നു ഇസ്ഹാഖ്), ജാമിഉസ്സീറ (ഇബ്നുഹസം ഉൻദുലുസി), അദ്ദുറർ (ഖുർത്തുബി), അർറൗദ് (സുഹൈലി), ഉയൂനുൽ അസർ (ഇബ്നു സയ്യിദുന്നാസ് ശാഫിഈ), സാദുൽമആദ് (ഇബ്നുൽഖയ്യിം), സീറ (ഇമാം ദഹബി), അൽഫുസൂൽ (ഹാഫിസ് ഇബ്നു കസീർ), സീറത്തുൽ ഹലബിയ്യഃ (അലി ഇബ്നു ബുർഹാൻ), മവാഹിബ് ലദുന്നിയ്യഃ (ഖസ്തല്ലാനി) എന്നീ ഗ്രന്ഥങ്ങൾ അതിൽപ്പെട്ടതാണ്. കൂടാതെ ഇമാം തബരിയെപ്പോലെ ലോകചരിത്രം രചിച്ച മഹാത്മാക്കളും പ്രവാചക ചരിത്രത്തിന് പ്രത്യേക സ്ഥാനം നൽകി.

അടുത്ത കാലഘട്ടത്തിലും ഈ വിഷയത്തിൽ മഹത്തായ സേവനങ്ങൾ നടന്നിട്ടുണ്ട്. മസ്ജിദുൽ ഹറാമിലെ ഖത്തീബായ ശൈഖ് സ്വാലി

ഹ് ഇബ്നു ഹുമൈദ് 31 ചരിത്രകാരന്മാരെ നയിച്ചുകൊണ്ട് രചിച്ച നിരവധി ഭാഗങ്ങളുള്ള പ്രവാചക ചരിത്രം 'നള്റത്തുന്നഈം' പ്രവാചക ചരിത്ര വിഷയത്തിൽ ഒരു വിജ്ഞാനകോശം തന്നെയാണ്.

ഉപഭൂഖണ്ഡത്തിലെ പ്രധാന ഭാഷയായ ഉർദുവിൽ ഈ വിഷയത്തിൽ ഇറങ്ങിയ രചനകൾ വളരെ കൂടുതലാണ്. അതിൽ വളരെ പ്രയോജനകരമായ ചില രചനകൾ ഇവയാണ്: നഷ്റുത്തീബ് (മൗലാനാ അശ്റഫലി ഥാനവി), റഹ്മത്തുല്ലിൽആലമീൻ (ഖാളി സുലൈമാൻ മൻസൂർപുരി), അസഹ്ഹുസിയർ (ഹകീം അബ്ദുൽറഊഫ്), സീറത്തുൽമുസ്ത്വഫ (മൗലാനാ ഇദ്രീസ് കാന്തലവി), അന്നബിയ്യുൽ ഖാതിം (മൗലാനാ മുനാളിർ അഹ്സൻ ഗീലാനി), പൈഗമ്പർ ആലം (മൗലാനാ അബ്ദുസ്സമദ് റഹ്മാനി), മുഹമ്മദുർറസൂലുല്ലാഹ് (മൗലാനാ മുഹമ്മദ് മിയാൻ), മുഹ്സിൻ ഇൻസാനിയ്യ (നഈം സിദ്ദീഖി), കാരുണ്യത്തിന്റെ തിരുദൂതർ (മൗലാനാ അബുൽഹസ്സൻ അലിനദ്‌വി), സീറത്ത് സർവറേ ആലം (മൗലാനാ അബുൽഅഅ്ലാ മൗദൂദി), ഹാദി ആലം (മൗലാനാ മുഹമ്മദ് വലിയ്യ് റാസി). അല്ലാമാ ശിബ്ലി നുഅ്മാനി തുടങ്ങുകയും അല്ലാമാ സയ്യിദ് സുലൈമാൻ നദ്‌വി പൂർത്തീകരക്കുകയും ചെയ്ത ഏഴ് ഭാഗങ്ങളുള്ള സീറത്തുന്നബി പ്രവാചക ചരിത്രത്തിലെ സമുന്നത രചനയാണ്.

പ്രചണ്ഡമായ പ്രചാരണ പ്രവർത്തനങ്ങളിലൂടെ അസത്യങ്ങളെ സത്യമായി പ്രചരിപ്പിക്കുകയും സ്വന്തം അക്രമങ്ങൾ മറച്ചുവെയ്ക്കുന്നതിന് നിരപരാധികളെ അക്രമികളായി ചിത്രീകരിക്കുകയും ചെയ്യുന്ന യൂറോപ്യൻ പ്രവണത വർദ്ധിച്ചുവരുന്ന കാലഘട്ടമാണിത്. ഈ വഴിയിൽ വിശുദ്ധ പ്രവാചകനെയും നിന്ദിക്കുകയും പരിഹസിക്കുകയും മാത്രമല്ല, വലിയ അക്രമിയും അക്രമങ്ങളുടെ നേതാവും യുദ്ധത്തിന്റെ ദൂതനുമായി ചിത്രീകരിക്കപ്പെടുന്നു. എന്നാൽ അപരാധപ്രചാരണങ്ങളുടെ അന്ധമായ ഈ അക്രമം പ്രധാനപ്പെട്ട ചില നന്മകൾക്ക് കാരണമായി. ഒരു ഭാഗത്ത് പ്രവാചക പ്രേമികളായ മുസ്‌ലിംകളുടെ പ്രവാചകസ്നേഹം വർദ്ധിക്കുകയും എന്ത് ത്യാഗം ചെയ്തും സത്യം പ്രചരിപ്പിക്കണമെന്ന ചിന്ത ശക്തമാകുകയും ചെയ്തു. ധാരാളം രചനകൾ തയ്യാറാക്കപ്പെടുകയും പ്രഭാഷണ സമ്മേളനങ്ങൾ നടത്തപ്പെടുകയും ചെയ്തു. മറുഭാഗത്ത് അമുസ്‌ലിംകളിൽ വലിയൊരു വിഭാഗത്തിന് സത്യവും യാഥാർത്ഥ്യവും അറിയാനുള്ള ആഗ്രഹം വർദ്ധിച്ചു. നിഷ്പക്ഷമതികൾ പ്രവാചകനെ കുറിച്ച് അന്വേഷിക്കാനും പഠിക്കാനും തുടങ്ങി. അന്നും ഇന്നും എന്നും ജീവിക്കാനും വിജയിക്കാനുമുള്ള ഉദാത്തമാതൃക പ്രവാചക ജീവിതത്തിലും സന്ദേശത്തിലും തന്നെയാണെന്ന് അവർ തിരിച്ചറി

ഞ്ഞു. കൂടുതൽ മനസ്സിലാക്കാനുള്ള ആഗ്രഹം പലരും പ്രകടിപ്പിക്കുകയും ചെയ്തു. ഇത്തരുണത്തിൽ ഈ കാര്യങ്ങൾ മുന്നിൽവെച്ചുകൊണ്ട് മധ്യമനിലയിലുള്ള ഒരു പ്രവാചക ചരിത്രം തയ്യാറാക്കണമെന്ന് എന്റെ ചില സഹോദരങ്ങൾ പ്രേരിപ്പിച്ചു. വിഷയത്തിന്റെ മഹത്വവും ഗൗരവവും ഓർത്തപ്പോൾ ഭയമുണ്ടായെങ്കിലും പരിശുദ്ധവും പ്രിയങ്കരവുമായ ഈ വിഷയത്തിൽ തൂലിക ചലിപ്പിക്കുന്നത് ഐശ്വര്യമാണെന്ന ചിന്തവന്നു. അങ്ങനെ അല്ലാഹുവിൽ പരമേല്പിച്ചുകൊണ്ട് ഈ കർമ്മം ആരംഭിച്ചു. ആത്മസുഹൃത്തുക്കളുടെ ധാരാളം സഹായസഹകരണങ്ങൾ കൂട്ടത്തിലുണ്ടായി. വിശിഷ്യാ പ്രിയ സഹോദരൻ സയ്യിദ് വാദിഹ് റഷീദ് ഹസനി നദ്‌വി (ദാറുൽഉലൂം നദ്‌വത്തുൽ ഉലമ വിദ്യാഭ്യാസവകുപ്പ് മേധാവി), സയ്യിദ് ബിലാൽ ഹസനി നദ്‌വി (ഡയറക്ടർ, മജ്മഉൽ ഇമാം അബുൽഹസൻ), സയ്യിദ് മഹ്മൂദ് ഹസനി നദ്‌വി (എഡിറ്റർ, തഅ്മീറേ ഹയാത്ത്), മുഹമ്മദ് വസീഖ് നദ്‌വി (ദാറെ അറഫാത്ത്) എന്നിവർ വലിയ സേവനങ്ങൾ ചെയ്തു. അല്ലാഹു ഇവർക്കെല്ലാം ഉന്നത പ്രതിഫലം നൽകട്ടെ! വിഷയത്തിന്റെ പ്രാധാന്യം കാരണമായിരിക്കാം, ഈ ഗ്രന്ഥം വിവിധ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു. മലയാളത്തിൽ ഇത് വിവർത്തനം ചെയ്ത പ്രിയപ്പെട്ട മൗലവി അബ്ദുശ്ശുക്കൂർ ഖാസിമിക്കും സഹപ്രവർത്തകർക്കും അല്ലാഹു വലിയ അനുഗ്രഹം ചൊരിയട്ടെ! അല്ലാഹു ഇതിനെ സ്വീകരിക്കുകയും എല്ലാവർക്കും പ്രയോജനകരമാക്കുകയും ചെയ്യട്ടെ!

18-04-1429/25-04-2008 **മുഹമ്മദ് റാബിഅ് ഹസനി നദ്‌വി**

നദ്‌വത്തുൽ -ഉലമാ, ലക്നൗ

# 1
# പ്രവാചകവര്യൻമാർ മാനവരാശിയുടെ മാർഗ്ഗദർശകർ

ആകാശഭൂമികളും സർവ്വ ചരാചരങ്ങളും പടയ്ക്കുകയും പരിപാലിക്കുകയും ചെയ്ത അല്ലാഹു വ്യത്യസ്ഥ ജീവജാലങ്ങളെയും സൃഷ്ടിച്ചു. അതിൽ ഏറ്റവും മഹത്തരമായ സൃഷ്ടി മനുഷ്യരാണ്. മനുഷ്യരിൽ ആദ്യത്തെ വ്യക്തിത്വമായ ആദം عليه السلام നെ കളിമണ്ണിൽ നിന്നും സൃഷ്ടിച്ചു. തുടർന്ന് കൂട്ടത്തിൽ താമസിക്കാനും കുടുംബജീവിതം നയിക്കാനും ഇണയേയും പടച്ചു. ഇവർ ഇരുവരിലൂടെ മാനവരാശി ലോകത്ത് പടർന്നു. മറുഭാഗത്ത് ഈ ലോകത്ത് മനുഷ്യന് ആവശ്യമായതും പ്രയോജനകരവുമായ ധാരാളം വസ്തുക്കളെ ഉണ്ടാക്കി. അവയുടെ നാമവിശേഷണങ്ങളും പ്രയോജനപ്പെടുത്തേണ്ട രീതികളും പഠിപ്പിക്കുകയും അമൂല്യമായ ബുദ്ധി കനിഞ്ഞരുളുകയും ചെയ്തു. ആദിപിതാവായ ആദം عليه السلام നെ ആദ്യം വിശ്രമ-സുഖ-സന്തോഷങ്ങളുടെ കേന്ദ്രമായ സ്വർഗ്ഗത്തിലാണ് താമസിപ്പിച്ചത്. ഇതിന് മുമ്പ് ജിന്നുകൾ എന്നു പേരുള്ള മറ്റൊരു വിഭാഗത്തെ അല്ലാഹു സൃഷ്ടിച്ചിരുന്നു. അവരിൽ ഒരാളായ ഇബ്ലീസിനെ നന്മകളുടെ ആധിക്യം കാരണം സ്വർഗ്ഗത്തിൽ താമസിപ്പിച്ചിരുന്നു. പക്ഷേ ആദം عليه السلامന് വലിയ ആദരവുകൾ നൽകപ്പെട്ടപ്പോൾ അവന് വലിയ അസൂയയായി. ഇതിനിടയിൽ "എല്ലാവരും ആദം عليه السلامനെ ആദരിക്കുക" എന്ന് അല്ലാഹു കൽപിച്ചപ്പോൾ എല്ലാവരും അത് ഉടനടി അനുസരിച്ചു. പക്ഷെ ഇബിലീസ് വിസമ്മതിക്കുകയും അഹങ്കരിക്കുകയും നിഷേധിയായിത്തീരുകയും ചെയ്തു. അവന്റെ അഹങ്കാരം കാരണം അവൻ ശപിക്കപ്പെടുകയും സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെടുകയുമുണ്ടായി. ഇബ്ലീസ് ഈ നിന്ദ്യതയ്ക്ക് പ്രതികാരം ചെയ്യുന്നതിന് ആദം عليه السلام നെയും ഇണയേയും തുടക്കത്തിൽ തന്നെ നിരോധിക്ക

പ്പെട്ട ഒരു വൃക്ഷത്തിൽ നിന്നും കായ് കനികൾ ഭക്ഷിക്കാൻ പ്രേരിപ്പിച്ചു. സ്നേഹം അഭിനയിച്ചും ആണയിട്ടും ഗുണഫലങ്ങൾ വിവരിച്ചും അവ അൽപമെങ്കിലും കഴിക്കാൻ ഉപദേശിച്ചു. അവർ ചെറുതായി രുചിച്ച് നോക്കിയപ്പോൾ തന്നെ നഗ്നത പ്രകടമാവുകയും അല്ലാഹു ശകാരിക്കുകയും ചെയ്തു. ഉടനടി അവർ താണുകേണ് പശ്ചാത്തപിച്ചു. അല്ലാഹു പശ്ചാത്താപം സ്വീകരിച്ചെങ്കിലും മുൻകൂട്ടി തയ്യാറാക്കപ്പെട്ട ഭൂമി ലോകത്തേക്ക് പോകാനുള്ള സമയമായതിനാൽ ഭൂമിയിലേക്ക് അവരെ അയച്ചു. ഇബ്ലീസ് നിഷേധത്തിൽ നിലയുറപ്പിച്ചതിനാൽ അവനും അവന്റെ സന്താനങ്ങളും ശപിക്കപ്പെട്ടു. എന്നാൽ ലോകാവസാനം വരെ തനിക്ക് ആയുസ്സ് നൽകണമെന്ന് അവൻ അല്ലാഹുവിനോട് അപേക്ഷിക്കുകയും എന്റെ വിശിഷ്ടദാസൻമാരെ വഴികെടുത്താൻ കഴിയില്ലെന്ന് പ്രഖ്യാപിച്ച് കൊണ്ട് അല്ലാഹു അവന് ദീർഘായുസ്സ് നൽകുകയും ചെയ്തു.

ആദം ﷺ ഭൂമിയിൽ എത്തി. വിനയാന്വിതനായി പടച്ചവന്റെ പൊരുത്തവും കാരുണ്യവും അപേക്ഷിച്ചു കൊണ്ടിരുന്നു. തദവസരം അല്ലാഹു ഉണർത്തി; മനുഷ്യരിലേക്ക് വരുന്ന എന്റെ മാർഗ്ഗദർശനം നിങ്ങൾ മാനിക്കുകയും പാലിക്കുകയും ചെയ്താൽ തിരികെ നിങ്ങൾ സ്വർഗ്ഗത്തിൽ എത്തുന്നതും കളവാക്കുകയും നിഷേധിക്കുകയും ചെയ്താൽ നരകത്തിൽ പോകേണ്ടി വരുന്നതുമാണ്. ഭൂമിലോകത്ത് മനുഷ്യർ പരക്കാൻ തുടങ്ങി. ആദ്യ വ്യക്തിത്വങ്ങൾ അല്ലാഹുവിനെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരായിരുന്നു. എന്നാൽ മനുഷ്യരുടെ വ്യാപനത്തിനനുസരിച്ച് മനോച്ഛകൾ വളരുകയും പിശാചിന്റെ പ്രേരണകൾ കൂടുകയും ചെയ്തു. അങ്ങനെ ചിലർ സ്രഷ്ടാവിനോടുള്ള നന്ദിയിലും ആരാധനയിലും അശ്രദ്ധ കാട്ടുകയും സുഖരസങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തു. ഇത്തരുണത്തിൽ സർവ്വലോക സ്രഷ്ടാവായ അല്ലാഹു അവരിൽ നിന്നു തന്നെയുള്ള നന്മയും ഗ്രാഹ്യവും നിറഞ്ഞ വ്യക്തികളെ തിരഞ്ഞെടുത്ത് അവരിലേക്ക് അയയ്ക്കുകയും അവരിലൂടെ അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിക്കുകയും ചെയ്തു. ഇവർക്ക് നബിമാർ (പ്രവാചകൻമാർ) എന്ന് പറയപ്പെടുന്നു. ഇപ്രകാരം ജനങ്ങളുടെ ആവശ്യമനുസരിച്ച് ധാരാളം നബിമാർ വന്നു. അല്ലാഹു അവർക്ക് സന്ദേശങ്ങൾ നൽകി. അവർ അതിസൂക്ഷ്മമായി ജനങ്ങൾക്ക് അത് എത്തിച്ച് കൊടുക്കുകയും വളരെയധികം ഗുണകാംക്ഷ പുലർത്തികൊണ്ട് നന്മകളിലേക്ക് ക്ഷണിക്കുകയും തിന്മകൾ തടുക്കുകയും ചെയ്തു.

മഹാൻമാരായ നബിമാരിലെ പ്രഥമവ്യക്തിത്വം ആദിപിതാവായ ആദം ﷺ തന്നെയായിരുന്നു. ആദം ﷺ സ്വയം നന്മകളിൽ നിലയുറപ്പിക്കുകയും സന്താനങ്ങളെ അതിലേക്ക് പ്രേരിപ്പിക്കുകയും ചെയ്തു. തു

ടർന്ന് ധാരാളം മനുഷ്യർ ലോകത്തിന്റെ വിവധ ഭാഗങ്ങളിൽ പരന്നു. അവരിലേക്കെല്ലാം ആവശ്യാനുസരണം പ്രവാചകൻമാരെ അല്ലാഹു അയച്ചുകൊണ്ടിരുന്നു. ഖുർആൻ പ്രസ്താവിക്കുന്നു. എല്ലാ സമുദായത്തിനും മുന്നറിയിപ്പുകാർ കടന്നുപോയിട്ടുണ്ട്. (ഫാത്വിർ 24).

മഹാൻമാരായ നബിമാരിൽ പ്രധാനപ്പെട്ട ചില നബിമാരുടെ സംഭവങ്ങളും സന്ദേശങ്ങളും അല്ലാഹു പരിശുദ്ധ ഖുർആനിൽ ഉദാഹരണമെന്നോണം അനുസ്മരിച്ചിട്ടുണ്ട്. എന്നാൽ ഇവരല്ലാത്ത ധാരാളം നബിമാർ ലോകത്ത് വന്നിട്ടുണ്ടെന്നും എല്ലാ സമുദായത്തിനും മാർഗ്ഗദർശകർ ഉണ്ടായിട്ടുണ്ടെന്നും ഇടയ്ക്കിടെ ഉണർത്തുകയും ചെയ്തിരിക്കുന്നു.

ഇതിൽ പ്രധാനപ്പെട്ട പ്രഥമ വ്യക്തിത്വം നൂഹ് ﷺ ആണ്. ആദം ﷺ ന് ശേഷം ജനങ്ങൾ പതുക്കെ നന്മകളിൽ നിന്നും അകന്നു. മറുഭാഗത്ത് പിശാച് അവരെ വഴികെടുത്താൻ ഒരു എളുപ്പവഴി സ്വീകരിച്ചു. അവരിൽ നിന്നും മരിച്ചുപോകുന്ന മഹാത്മാക്കളെ ആദ്യം ആദരിക്കാനും ശേഷം ആരാധിക്കാനും പ്രേരിപ്പിച്ചു. തുടർന്ന് ജനങ്ങൾ പരിധി ലംഘിക്കാനും ഏകനും ഉടമസ്ഥനും പരിപാലകനുമായ അല്ലാഹുവിനെ വിട്ട് അവരെ ആരാധിക്കാനും ആരംഭിച്ചു. കൂടാതെ മറ്റ് പല പാപങ്ങളും അക്രമങ്ങളും അവരിൽ വ്യാപകമായി (അൽബിദായ 1/101). ഇതിനിടയിൽ നൂഹ് ﷺ നെ അല്ലാഹു അവരിലേക്ക് പ്രവാചകനായി നിയോഗിച്ചു. നൂഹ് ﷺ 950 സംവൽസരങ്ങൾ ജനങ്ങൾക്കിടയിൽ താമസിച്ച് പ്രവാചകത്വത്തിന്റെ പ്രബോധന-സംസ്കരണ-അദ്ധ്യാപന പ്രവർത്തനങ്ങൾ നടത്തി. എന്നാൽ ചെറിയ ഒരു കൂട്ടമല്ലാതെ ഭൂരിഭാഗവും നിഷേധിക്കുകയും പാപങ്ങളിൽ മുഴുകുകയും ചെയ്തു. അവർ നന്നാകുമെന്ന് പ്രതീക്ഷ പരിപൂർണ്ണമായി ഇല്ലാതായപ്പോൾ നൂഹ് ﷺ അവരെ ശിക്ഷിക്കാൻ അപേക്ഷിച്ചു. തൽഫലമായി അല്ലാഹു ഒരു മഹാപ്രളയം ഉണ്ടാക്കി അവരെ നശിപ്പിക്കാൻ തീരുമാനിച്ചു. പ്രളയത്തിന് മുമ്പ് ഒരു കപ്പൽ നിർമ്മിക്കാൻ അല്ലാഹു കൽപിച്ചു. കൽപന പ്രകാരം നൂഹ് ﷺ കപ്പൽ നിർമ്മിച്ചു. നൂഹ് ﷺ സത്യവിശ്വാസികളായ സമുദായത്തോടൊപ്പം അതിൽ കയറി. നിഷേധികൾ പ്രളയത്തിൽ മുങ്ങിമരിച്ചു. നൂഹ് ﷺ സമുദായത്തോടൊപ്പം രക്ഷപ്രാപിച്ചു.

"സ്വന്തം ജനതയിലേക്ക് നൂഹ് നബിയെ നാം നിയോഗിക്കുകയുണ്ടായി. 950 വർഷം അവർക്കിടയിൽ അദ്ദേഹം കഴിച്ചുകൂട്ടി. അങ്ങനെ അതിക്രമകാരികളായിരിക്കെ മഹാപ്രളയം അവരെ പിടികൂടി. അപ്പോൾ അദ്ദേഹത്തെയും കപ്പലിലുണ്ടായിരുന്നവരെയും നാം രക്ഷപ്പെടുത്തുകയും ആ സംഭവം ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു." (അൻകബൂത്ത് 14-15).

രക്ഷപ്പെട്ടവരിലൂടെ ലോകത്ത് മാനവരാശി വീണ്ടും പരന്നു. (കാമിൽ 1/79) അവരും പതുക്കെ നന്മയിൽ നിന്നും അകന്ന് തിൻമയിലേക്ക് നീങ്ങി. ഇത്തരുണത്തിൽ അവരിലേക്ക് അല്ലാഹു പ്രവാചകൻമാരെ അയച്ചു. (കാമിൽ 1/104) ഇവരിൽ യമനിൽ ജീവിച്ചിരുന്ന ആദ് സമുദായത്തിന്റെ അവസ്ഥ ഖുർആൻ വിവരിച്ചിട്ടുണ്ട്. അവരുടെ യഥാർത്ഥ ഉടമസ്ഥനെ വിട്ട് വിഗ്രഹാരാധന നടത്തുകയും ബലഹീനരോട് അക്രമം കാട്ടുകയും അഹങ്കാരത്തിലും പൊങ്ങച്ചങ്ങളിലും കഴിയുകയും ചെയ്തു. ഇവരിലേക്ക് ഹൂദ് ﷺ നെ അല്ലാഹു അയച്ചു. ഹൂദ് ﷺ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും തിന്മകളെ തടുക്കുകയും ചെയ്തു. അവർ ഹൂദ് ﷺനെ പരിഹസിച്ചു. അവസാനം അല്ലാഹു അവരെ ശിക്ഷിച്ചു. (കാമിൽ 1/85) ശേഷം ഹിജാസിന്റെ മലമ്പ്രദേശത്ത് വസിച്ചിരുന്ന സമൂദ് സമുദായത്തെ അനുസ്മരിക്കുന്നു. ഇവരിലേക്ക് സ്വാലിഹ് ﷺ ആഗതരായി. ഇവരും ബഹുദൈവാരാധന നടത്തുകയും പലതരം പാപങ്ങൾ പ്രവർത്തിക്കുകയും ചെയ്തിരുന്നു. സ്വാലിഹ് ﷺ അവരിലേക്ക് വന്നു. സ്നേഹത്തോടെ ഉപദേശിച്ചു. അവർ പരിഹസിക്കുകയും ദൃഷ്ടാന്തം ആവശ്യപ്പെടുകയും ചെയ്തു. അല്ലാഹു ദൃഷ്ടാന്തമായി ഒരു അൽഭുത ഒട്ടകത്തെ അവർക്ക് കാണിച്ചുകൊടുത്തു. അതിനെ ഉപദ്രവിക്കരുതെന്ന് ഉണർത്തി. പക്ഷെ അവർ അതിനെ കൊന്ന് കളയുകയും ധിക്കാരത്തിൽ ഉറച്ച് നിൽക്കുകയും ചെയ്തു. മൂന്നാം ദിനം അവർ നശിപ്പിക്കപ്പെട്ടു. (കാമിൽ 1/89) ശേഷം വിവിധ സ്ഥലങ്ങളിൽ വേറെയും ധാരാളം സമുദായങ്ങളിൽ വിവിധ നബിമാർ വന്നു. അവരിൽ അല്ലാഹു പ്രത്യേകം പരാമർശിച്ച സമുദായമാണ് ലൂത്വ് ﷺ, ശുഐബ് ﷺ എന്നീ നബിമാരുടെ സമുദായങ്ങൾ. ലൂത്വ് ﷺന്റെ സമുദായം പലസ്തീന്റെ ഒരു ഭാഗത്താണ് താമസിച്ചിരുന്നത്. ബഹുദൈവാരാധനയോടൊപ്പം അവർ പ്രകൃതിവിരുദ്ധ ലൈംഗികതയിൽ ഏർപ്പെട്ടിരുന്നു. അവസാനം ഇത് പരസ്യമായും ബലം പ്രയോഗിച്ചും നടത്താൻ തുടങ്ങി. വേറെയും അക്രമങ്ങൾ അവർ പ്രവർത്തിച്ചിരുന്നു. ഇബ്രാഹിം നബി ﷺയുടെ സഹോദരി പുത്രനായ ലൂത്വ് ﷺ അവരെ ആത്മാർത്ഥമായി ഉപദേശിച്ചു. അവരെ നേർവഴിയിലേക്ക് നയിക്കാൻ വളരെയധികം പരിശ്രമിച്ചു. പക്ഷെ അവർ അംഗീകരിച്ചില്ല. അവസാനം കടുത്ത ശിക്ഷയിലൂടെ അവർ ശിക്ഷിക്കപ്പെട്ടു. (കാമിൽ 1/118). ശുഐബ് ﷺ ന്റെ സമുദായം ഹിജാസിലെ മദ്‌യനിൽ ആണ് താമസിച്ചിരുന്നത്. ബഹുദൈവാരാധനയോടൊപ്പം ക്രയവിക്രയങ്ങളിലെ വഞ്ചനയും ഇതര കുഴപ്പങ്ങളും അവർ നടത്തിയിരുന്നു. ശുഐബ് ﷺ അവർക്ക് വിശദമായി കാര്യങ്ങൾ മനസിലാക്കിക്കൊടുത്തു. പക്ഷെ അവർ അംഗീകരിച്ചില്ല. അവസാനം അ

വർ നശിപ്പിക്കപ്പെട്ടു. (കാമിൽ 1/157)

ഇതു കൂടാതെ പരിശുദ്ധ ഖുർആനിൽ പ്രധാനമായി വിവരിക്കപ്പെട്ടിരിക്കുന്ന ഒരു വിഭാഗമാണ് ഈജിപ്റ്റിലെ ജനത. അവിടുത്തെ രാജാവായ ഫിർഔനും കൂട്ടരും വലിയ അതിക്രമങ്ങൾ കാട്ടിക്കൂട്ടി. അവിടെ ബനുഇസ്റാഈൽ ന്യൂനപക്ഷമായിരുന്നു. ഫിർഔനും കൂട്ടരും ബനുഇസ്റാഈലിൽ ജനിക്കുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം വധിക്കുകയും പെൺകുട്ടികളെ നിന്ദിച്ച് വേലക്കാരാക്കാൻ വേണ്ടി വധിക്കാതിരിക്കുകയും ചെയ്തിരുന്നു. കൂടാതെ ഫിർഔൻ സ്വയം ദൈവമാണെന്ന് വാദിക്കുകയും ആരാധനകൾ നടത്തിക്കുകയും ചെയ്തിരുന്നു. മൂസ ﷺ അവരിലേക്ക് വന്നു. പലനിലയിൽ കാര്യംമനസ്സിലാക്കി കൊടുക്കാൻ പരിശ്രമിച്ചു. ഫിർഔനും കൂട്ടരും തിൻമകളിലും അക്രമങ്ങളിലും ഉറച്ച് നിന്നു. അവസാനം അല്ലാഹു കോപിച്ചു. ഫിർഔനേയും കൂട്ടരേയും കടലിൽ മുക്കികൊന്നു. ഇസ്റാഈലിനെ രക്ഷിച്ചു. (കാമിൽ 1/169) ശേഷം ഇതേ ബനൂഇസ്റാഈൽ പലവിധ തിൻമകളിലേക്ക് നീങ്ങി. വിവിധ ദുസ്വഭാവങ്ങൾ പുലർത്തുകയും അല്ലാഹുവിനോട് പങ്കുചേർക്കുന്ന മഹാപാപം പ്രവർത്തിക്കുകയും ചെയ്തു. മൂസാ നബി ﷺ യും അവരിലേക്ക് തുടരെത്തുടരെയായി വന്ന പ്രവാചകൻമാരും അവരെ തിൻമകളിൽ നിന്നും തടുക്കുകയും നന്മകളിലേക്ക് ക്ഷണിക്കുകയും ചെയ്തു. അല്ലാഹു അവരെ പല നിലയിലും പരീക്ഷിച്ചു. പക്ഷെ അവർ പലപ്പോഴും ഉണരാതെ അക്രമങ്ങളിൽ പരിധി ലംഘിച്ചു. നബിമാരെ ഉപദ്രവിച്ചു. ചിലരെ വധിച്ചു. അവസാനം അവരിൽ വന്ന ഈസ ﷺ നെ വധിക്കാൻ പരിപൂർണ്ണ പദ്ധതികൾ തയ്യാറാക്കി. പക്ഷെ അള്ളാഹു അവ പരിപൂർണ്ണമായി പരാജയപ്പെടുത്തി കളഞ്ഞു. (കാമിൽ 1/318).

ഇവിടെ സൂചിപ്പിച്ച സംഭവങ്ങൾ പരിശുദ്ധ ഖുർആർ മാതൃകയെന്നോണം വിവരിച്ച സമുദായങ്ങളുടെ അവസ്ഥകളും നബിമാരുടെ സംഭവ സന്ദേശങ്ങളുമാണ്. ഇതു കൂടാതെ ആയിരക്കണക്കിന് സമുദായങ്ങൾ ലോകത്തുണ്ടായി. ലക്ഷത്തിലേറെ പ്രവാചകൻമാരെ അല്ലാഹു അവരിലേക്ക് അയച്ചു. അവിശ്വാസികളെ ശിക്ഷിക്കുകയും വിശ്വാസികളെ രക്ഷിക്കുകയും ചെയ്തു.

ഇസ്റാഈൽ സന്തതികൾ ഈജിപ്റ്റിലും അന്നത്തെ സിറിയയിലുമാണ് താമസിച്ചിരുന്നത്. അവരുടെ അവസ്ഥയാണ് മേൽ വിവരിച്ചത്. ലോകത്തിന്റെ ഇതര ഭാഗത്തുള്ള ജനങ്ങളുടെ അവസ്ഥകളും ഏതാണ്ട് ഇതേപ്രകാരം തന്നെയായിരുന്നു. അങ്ങനെ ലോകം മുഴുവൻ തിന്മകൾ പടർന്നു. പൊതുവിൽ ജനങ്ങൾ പടച്ചവനെ അറിഞ്ഞ് ആരാധിക്കാതെ ബഹുദൈവാരാധനകളിലേക്ക് മറിഞ്ഞ് വീണു. സഹജീവി

കളെ സ്നേഹിച്ച് ആദരിക്കുന്നതിന് പകരം പലതര അക്രമങ്ങൾ കാട്ടിക്കൂട്ടി. പടച്ചവന് ഇതിൽ വലിയ കോപമുണ്ടായി. പക്ഷെ മനോഹരയെ പൂജിക്കുന്നതിലും മൃഗതുല്യമായി ജീവിക്കുന്നതിലും മനുഷ്യർ ഏതറ്റം വരെ പോകുമെന്ന് നോക്കാൻ പടച്ചവൻ അവരെ നശിപ്പിക്കുന്ന ശിക്ഷയിറക്കാതെ പിന്തിപ്പിച്ചു. അങ്ങനെ ഈസാ നബി ﵇ ക്ക് ശേഷം അറുന്നോളം വർഷങ്ങൾ പ്രവാചക നിയോഗമില്ലാതെ കഴിഞ്ഞു കടന്നു. മാനവരാശി ഒന്നടങ്കം തിൻമകളിൽ ആണ്ട്പൂണ്ട് പോയി. റസൂലുല്ലാഹി ﷺ അന്നത്തെ അവസ്ഥ ഹ്രസ്വമായ വചനത്തിൽ ഇപ്രകാരം വിവരിച്ചു: "അല്ലാഹു ഭൂമിയിലുള്ളവരിലേക്ക് നോക്കി അറബികളുടെയും അനറബികളുടെയും അവസ്ഥകൾ പടച്ചവന് വളരെയധികം കോപം ഉണ്ടാക്കി. വേദക്കാരിലെ ചെറിയ ഒരു വിഭാഗത്തിന്റെ അവസ്ഥ മാത്രമാണ് കോപിപ്പിക്കാതിരുന്നത്" (അഹ്മദ്).

പക്ഷെ സർവ്വലോക പരിപാലകന്റെ കാരുണ്യം കോപത്തെ മുൻകടന്നു. അല്ലാഹു മാനവരാശിക്ക് നന്മതിൻമകൾ മനസ്സിലാക്കിക്കൊടുക്കാനുള്ള അന്തിമവും സമ്പൂർണ്ണവും സുന്ദരവുമായ ഒരു അവസരം കൂടി നൽകി. അതെ സമുന്നത സവിശേഷതകൾ തികഞ്ഞ അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ യെ നിയോഗിച്ചു. റസൂലുല്ലാഹി ﷺയുടെ നിയോഗത്തെക്കുറിച്ച് ഗതകാല നബിമാരും വേദഗ്രന്ഥങ്ങളും മുൻകൂട്ടി പ്രവചിച്ചിരുന്നു. വിശിഷ്യാ ആകാശ ലോകത്ത് അഹ്മദ് എന്ന നാമത്തിൽ അറിയപ്പെടുന്ന മുഹമ്മദ് മുസ്ത്വഫാ ﷺ യുടെ നിയോഗത്തെക്കുറിച്ച് ഈസാ﵇ സുവാർത്ത അറിയിച്ചിരുന്നു.

ഈസാ നബി ﵇ ക്ക് 600 വർഷങ്ങൾക്ക് ശേഷം സമുന്നത സ്ഥാനീയനായ മുഹമ്മദുർറസൂലുല്ലാഹി ﷺ യെ അല്ലാഹു മദ്ധ്യപൂർവ്വ ഏഷ്യയിലെ നിരക്ഷരർക്കും സംസ്കാരരഹിതരായ അറബികൾക്കിടയിലുള്ള ഒരു ഉന്നതഗോത്രത്തിൽ ജനിപ്പിച്ച് വളർത്തി. ഇവർ അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ കടുപ്പമേറിയ ഭൂപ്രദേശത്ത് ഒതുങ്ങിക്കഴിഞ്ഞവരായിരുന്നു. അതുകൊണ്ട് തന്നെ ഇതരസമൂഹങ്ങളുടെ കുഴപ്പങ്ങളിൽ നിന്നും നാഗരിക നാശങ്ങളിൽ നിന്നും അവർ സംരക്ഷിതരായിരുന്നു. പല കുഴപ്പങ്ങളും അവരിലുണ്ടായി. അവരുടെ പ്രകൃതി സംശുദ്ധമായിരുന്നു (അൽബിദായ 2/190). അതെ, ഒരു ദൗത്യം ഏറ്റെടുക്കാനും ഏറ്റെടുത്ത കാര്യത്തിന് വേണ്ടി നിഷ്കളങ്കമായി പരിശ്രമിക്കാനും അവർക്ക് ശേഷിയുണ്ടായിരുന്നു. ഇവരിലേക്ക് മുഴുവൻ ലോകത്തിന്റെയും ലോകാവസാനം വരെയുള്ള മനുഷ്യരുടെയും സന്മാർഗ്ഗ വിജയങ്ങൾക്ക് മാധ്യമമായി അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ യെ അല്ലാഹു നിയോഗിച്ചു. റസൂലുല്ലാഹി ﷺ ഈ കർത്തവ്യം പരിപൂർണ്ണ ശ്രദ്ധയോ

ടെയും ത്യാഗപരിശ്രമങ്ങളോടെയും നിർവ്വഹിച്ചു. ഇതിലൂടെ ലോകത്ത് വമ്പിച്ച മാറ്റങ്ങൾ ഉളവായി. മുഴുവൻ മാനവരാശിയും പടച്ചവന്റെ ശാപകോപങ്ങളിൽ അകപ്പെടുന്നതിൽ നിന്നും രക്ഷപ്രാപിച്ചു. മാനവ ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായത്തിന് തുടക്കമായി. മാതൃകായോഗ്യരും മാർഗ്ഗദർശകനുമായ ഒരു നൂതനസമുദായം നിലവിൽ വന്നു. മാനവകുലം അവരിലൂടെ രക്ഷയുടെ തീരത്തേക്ക് നീങ്ങി.

മുഹമ്മദുർറസൂലുല്ലാഹി ﷺ സമുന്നതഗുണവിശേഷങ്ങളും അത്ഭുത ശേഷികളും നൽകപ്പെട്ടവരായിരുന്നു റസൂലുല്ലാഹി ﷺ മുഴുവൻ ലോകർക്കും കാരുണ്യമാണ്. അസാധാരണ തന്ത്രജ്ഞതയും പദ്ധതികളും ചിന്താശേഷിയും പടച്ചവന്റെ വിശിഷ്ടസഹായവും നൽകപ്പെട്ടു. ഇവ ജനങ്ങളിൽ വമ്പിച്ച പരിവർത്തനം സൃഷ്ടിച്ചു. അവസ്ഥകളിൽ ഐതിഹാസികമായ മാറ്റങ്ങൾ സംഭവിച്ചു. അറേബ്യയിൽ നിന്നും ആരംഭിച്ച ഈ സന്ദേശത്തിന്റെ സഞ്ചാരം ലോകം മുഴുവനും എത്തിച്ചേർന്നു. അല്ലാഹുവിന്റെ ശാപകോപങ്ങളിലേക്ക് നീങ്ങികൊണ്ടിരുന്നവരിൽ അടിമുടി പരിവർത്തനം സംഭവിച്ചു. അതെ, അവരെക്കുറിച്ച് അല്ലാഹു സാക്ഷ്യം വഹിച്ചു; "അല്ലാഹു അവരിൽ സംതൃപ്തനായി. അവരും അല്ലാഹുവിൽ സംതൃപ്തരാണ്."

# 2

# ലോകം ആറാം നൂറ്റാണ്ടിൽ

അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെ പ്രബോധന -സംസ്കരണ-അദ്ധ്യാപനങ്ങളുടെ മഹത്വവും യാഥാർത്ഥ്യവും ഗ്രഹിക്കാൻ മുഹമ്മദുർറസൂലുല്ലാഹി ﷺ നിയുക്തനായ കാലഘട്ടത്തെയും സാഹചര്യത്തെയും മനസ്സിലാക്കൽ അത്യാവശ്യമാണ്.

മുഹമ്മദുർറസൂലുല്ലാഹിﷺ യ്ക്ക് മുമ്പ് നിയോഗിതനായ പ്രധാന പ്രവാചകനാണ് ഈസാ عليه السلام. മുഹമ്മദുർറസൂലുല്ലാഹി ﷺയ്ക്ക് 600 വർഷങ്ങൾക്ക് മുമ്പ് ഈസാ(അ) ഈസ്റഈൽ സന്തതികൾക്കിടയിൽ ജനിച്ചു. സർവ്വലോക പരിപാലകനായ അല്ലാഹു അമാനുഷികത എന്ന നിലയിൽ ആദ്യപിതാവ് ആദം عليه السلام നെപ്പോലെ ഈസാ عليه السلام നെയും പിതാവില്ലാതെയാണ് സൃഷ്ടിച്ചത്. ശേഷം പ്രവാചകത്വം നൽകി. ബനൂഇസ്റാഈലിൽ ഉണ്ടായിരുന്ന വലിയ കുഴപ്പങ്ങൾ പരിഹരിക്കാൻ ഈസാ عليه السلام കഠിനാദ്ധ്വാനം നടത്തി. പക്ഷേ അവരിൽ ഭൂരിഭാഗവും നിഷേധിക്കുകയും എതിരാവുകയും ചെയ്തു. അങ്ങനെ ഈസാ عليه السلام നെ വധിക്കാനും അവർ പദ്ധതിയിട്ടു. പടച്ചവൻ അത് പരാജയപ്പെടുത്തി. ഈസാ നബി عليه السلام യെ രക്ഷിച്ച് ആകശത്തേക്കുയർത്തി. ശേഷം ജനങ്ങൾക്കിടയിൽ തിന്മകൾ പെരുകുകയും പ്രചരിക്കുകയും ചെയ്തുകൊണ്ടിരിന്നു.

മറുഭാഗത്ത് അന്നത്തെ സാമ്രാജ്യങ്ങളായ റോമൻ, പേർഷ്യൻ സാമ്രാജ്യങ്ങളിലും ലോകത്തെ പൗരാണിക പ്രദേശമായ ദക്ഷിണേഷ്യൻ രാജ്യങ്ങളിലും തിന്മകളും അക്രമങ്ങളും കത്തിക്കയറി. അവകൾ പാരമ്യം പ്രാപിക്കുക മാത്രമല്ല ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ പ്രചരിക്കുകയും ചെയ്തു. പ്രവാചകന്മാരുടെ സന്താന പരമ്പരയിൽപ്പെട്ട യഹൂദികൾ മതസന്ദേശങ്ങൾ മാറ്റിമറിച്ചു. മനോച്ഛയെ വളർത്തൽ, സുഖലോലു

പത, സ്വാർത്ഥത, അക്രമങ്ങൾ എന്നിവ ലോകം മുഴുവൻ പടർന്നു.

യൂറോപ്പിൽ പണ്ടുമുതൽക്കേ ബഹുദൈവാരാധന പ്രചരിച്ചിരുന്നു. കൂടാതെ വിവിധ ദുഃസ്വഭാവങ്ങൾ അവിടെ ശക്തിപ്രാപിക്കുകയും ചെയ്തു. ചരിത്രകാരനായ റോബർട്ട് കുറിക്കുന്നു: അഞ്ച് മുതൽ 10 വരെയുള്ള നൂറ്റാണ്ടുകളിൽ യൂറോപ്പിനെ കനത്ത അന്ധകാരം ആവരണം ചെയ്തു. അന്ന് നടമാടിയിരുന്ന അക്രമങ്ങൾ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. യൂറോപ്യൻ സംസ്കാരം ചീഞ്ഞളിഞ്ഞ ശവംപോലെയായി. ഇറ്റലി, ഫ്രാൻസ് മുതലായ രാഷ്ട്രങ്ങളിൽ അക്രമവും കൊള്ളയും കൊലയും വ്യാപകമായി. (Making of Humanity Page 1164). കത്തോലിക്കാ വിജ്ഞാന കോശം വിവരിക്കുന്നു: ത്രിയേകത്വ വിശ്വാസം ക്രൈസ്തവ ലോകത്താകമാനം വേരൂന്നിയിരുന്നു. സർവ്വാംഗീകൃത വിശ്വാസമെന്ന നിലയ്ക്ക് ഈ വിശ്വാസം ക്രൈസ്തവ ലോകം സ്വീകരിച്ചു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെയാണ് വിശ്വാസപരമായ തിരിമറികളുടെ രഹസ്യം പുറത്താകുന്നത്. (കത്തോലിക്ക വിജ്ഞാനകോശം- ഇംഗ്ലീഷ്, ഭാഗം 14, പേജ് -295).

വിശാല വിസ്തൃത രാഷ്ട്രമായിരുന്ന ഇറാനിൽ പ്രചരിച്ച മജൂസി മതത്തിൽ ബഹുദൈവാരാധന അധികരിച്ചു. മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ അവിടെ വ്യാപകമായി. മര്യാദയുടെ മൂടപടം ഉയർത്തപ്പെട്ടു. മാന്യതയും അന്തസ്സുമില്ലാത്ത ഒരു വിഭാഗം വളർന്നുവന്നു. അവർക്ക് സമ്പാദ്യമോ തൊഴിലോ ഒന്നുമുണ്ടായിരുന്നില്ല. ഏഷണിയും നശീകരണവാഞ്ജയും ഇരട്ടമുഖം പ്രകടിപ്പിക്കലും അപവാദ പ്രചാരണവുമായിരുന്നു അവരുടെ ജോലി (നാമയേ തൻസുർ- പേജ് 13). എല്ലാ ഭാഗത്തും കർഷക ലഹളകൾ നടന്നു. കൊള്ളക്കാർ സമ്പന്നരുടെ ഭവനങ്ങളിൽ കയറി കൊള്ളയടിക്കുകയും സ്ത്രീകളെ പിടിച്ചുകൊണ്ടുപോകുകയും സ്വത്തുക്കളിൽ കൈകടത്തുകയും ചെയ്തു. ഭൂപ്രദേശങ്ങൾ വെറുതെകിടന്നു. കാരണം കൃഷിവേലകൾ അറിയുന്നവർ ഇല്ലാതായിരുന്നു. (നാമയേതൻസുർ, പേജ് 477).

ഈസാ നബി ﷺ ക്ക് മുമ്പുതന്നെ ലോകത്ത് പ്രചരിച്ച മറ്റൊരു മതമാണ് ബുദ്ധമതം. ഇവർ പുരാണ ഭാഷയായ സംസ്കൃതത്തെ എതിർത്തു. തത്ഫലമായി പൗരാണിക വേദങ്ങൾ നാമാവശേഷമായി. ശങ്കരാചാര്യർ ബുദ്ധന്മാരുമായി സംവാദങ്ങൾ നടത്തിയെങ്കിലും അദ്ദേഹം 34-ാം വയസ്സിൽ മരണപ്പെട്ടു. വിഗ്രഹാരാധനയെ എതിർത്തിരുന്ന ബുദ്ധമതം വിഗ്രഹാരാധനയുടെ പ്രതീകമായി അധഃപതിച്ചു. ചെല്ലുന്നിടത്തെല്ലാം ബുദ്ധപ്രതിമ സ്ഥാപിക്കുന്നതിൽ അവർ ആവേശം കാണിച്ചു. എന്നാൽ അതിന്റെ സ്ഥാപകനായ ഗൗതമബുദ്ധന് ദൈവവിശ്വാസ

മുണ്ടായിരുന്നോ എന്നുപോലും ചരിത്രപണ്ഡിതന്മാർക്ക് സംശയമുണ്ട്.

ഇന്ത്യയിലെ ഹിന്ദുമതം ദേവീദേവന്മാരുടെ ആധിക്യത്തിന്റെ വിഷയത്തിൽ മറ്റ് മതങ്ങളെയെല്ലാം കടത്തിവെട്ടി. ആറാം ശതകത്തിൽ വിഗ്രഹാരാധന വളരെയധികം വർദ്ധിക്കുകയും കോടിക്കണക്കായി പെരുകുകയും ചെയ്തു. മഹത്വവും പ്രയോജനവുമുള്ള സകല വസ്തുക്കളും ഇവിടെ ആരാധിക്കപ്പെട്ടു. വിഗ്രഹ നിർമ്മാണങ്ങളും അതിലെ വ്യത്യസ്ത ശൈലീരീതികളും അധികരിച്ചു.

വൈജ്ഞാനിക ചിന്താമേഖലകളിലെ നവോത്ഥാന നായകനായ ഹകീമുൽ ഇസ്‌ലാം ശാഹ് വലിയുല്ലാഹി ദഹ്‌ലവി, ആറാം നൂറ്റാണ്ടിലെ മത-രാഷ്ട്രീയ-സാമൂഹിക അവസ്ഥകൾ ഇപ്രകാരം വിവരിക്കുന്നു: ലോകത്തെ വൻ ശക്തികളായ ഇറാനിലെ സാസാനി ഭരണകൂടവും റോമിലെ ബസന്റീനിയൻ ഭരണകൂടവും അന്ന് വളരെ ശക്തിപ്രാപിച്ചിരുന്നു. പേർഷ്യൻ ഭരണം ഇന്ത്യ മുതൽ പടിഞ്ഞാറേയറ്റം വരെയും റോമൻ ഭരണകൂടം സിറിയ മുതൽ സ്പെയിൻ വരെയും പരന്നുകിടന്നിരുന്നു. നൂറ്റാണ്ടുകളായി ഭരണം നടത്തിയ ഇരുകൂട്ടരും ഭൗതിക സുഖലോലുപതകളിൽ ആണ്ടിറങ്ങി. പരലോകത്തെ പരിപൂർണമായി വിസ്മരിച്ചു. പിശാച് അവരിൽ ആധിപത്യം ചെലുത്തി. ജീവിതത്തിന്റെ സുഖരസങ്ങൾ കരസ്ഥമാക്കുന്നതിൽ പരസ്പരം മത്സരിക്കുകയും പെരുമകാട്ടുകയും ചെയ്തു. പണ്ഡിതരും സമർത്ഥരുമായ ആളുകൾ ഭരണാധിപർക്ക് ചുറ്റും ഒരുമിച്ചുകൂടി. എല്ലാവരുടെയും ചിന്തകൾ ഭരണാധിപരെ സുഖിപ്പിക്കൽ മാത്രമായി. ഭരണാധിപരുടെ സാമീപ്യത്തിന് അവർ പരസ്പരം മത്സരിച്ചു. കൂടാതെ അവരിലേക്കും ആഢംബരങ്ങൾ പ്രവഹിച്ചു. ഒരുലക്ഷം ദിർഹമിനേക്കാൾ കുറഞ്ഞ വിലയുള്ള തൊപ്പി ധരിക്കുന്നവരെയും വലിയ മാളികയില്ലാത്തവരെയും വീട്ട്മുറ്റത്ത് ജലധാരയും പൂന്തോട്ടവും ഇല്ലാത്തവരെയും കൂടിയ വാഹനങ്ങളും തരാതരം ആഹാരങ്ങളും വിലപിടിച്ച വസ്ത്രങ്ങളും ഇല്ലാത്തവരെയും നിസ്സാരന്മാരായി ഗണിക്കപ്പെട്ടു. സുഖാഢംബരങ്ങളിലുള്ള ഈ ലഹരി പൊതുജനങ്ങളിലേക്കും പ്രവേശിക്കുകയും അവസാനം ഇതൊരു വലിയ നാശമായി പരിണമിക്കുകയും ചെയ്തു. എല്ലാവരുടെയും ചിന്ത സുഖം മാത്രമായി. ഇതിന്റെ പേരിൽ പലവിധ പ്രശ്നങ്ങളും ഉരുണ്ടുകൂടി. കാരണം സുഖാഢംബരങ്ങൾക്ക് പണം വേണം. ഭരണാധികാരികൾ പണത്തിനു വേണ്ടി നികുതിയുടെമേൽ നികുതികൾ ഇറക്കിക്കൊണ്ടിരുന്നു. ഇതിന്റെ പേരിൽ കച്ചവടക്കാരും കർഷകരുമായ മധ്യവർഗത്തിന് വലിയ ഞെരുക്കമുണ്ടായി. നികുതിയടക്കാത്തവരിൽ നിന്നും ബലപ്രയോഗത്തിലൂടെ നികുതി വാങ്ങുകയും തയ്യാറാകാത്തവരെ തരംതാഴ്ന്ന ജോലികൾക്ക് നിർബ

ന്ധിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. ഇത് ഭൗതികമായ കുഴപ്പങ്ങളായിരുന്നുവെങ്കിൽ മറുഭാഗത്ത് പരലോകത്തെക്കുറിച്ചുള്ള ചിന്തപോലും ആർക്കും ഇല്ലാതായി. പ്രവിശാലമായ പ്രദേശങ്ങളിൽ മതകാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ഒരാളുപോലും ഇല്ലാത്ത അവസ്ഥവന്നു (ഹുജ്ജത്തുല്ലാഹിൽ ബാലിഗ).

ചുരുക്കത്തിൽ, ലോകചരിത്രത്തിൽ ഇതുവരെയും ഉണ്ടായിട്ടില്ലാത്ത വളരെ സങ്കീർണമായ അവസ്ഥ ലോകത്ത് സംജാതമായി. മാനവരാശി മുഴുവൻ ആത്മഹത്യയുടെ പാതയിലൂടെ കുതിച്ചുപാഞ്ഞു. മനുഷ്യൻ സ്രഷ്ടാവിനെ മറന്നു. സ്വന്തം ഭാവിയെയും അന്ത്യത്തെയും വിസ്മരിച്ചു. നന്മ തിന്മകളെയും ഇരുൾ വെളിച്ചങ്ങളെയും വേർതിരിക്കാനുള്ള യോഗ്യതയുമില്ലാതായി. മതത്തിന്റെയും പരലോകത്തിന്റെയും ഭാഗത്തേക്ക് ആരും തിരിഞ്ഞുനോക്കിയില്ല. മാനുഷിക സംസ്കരണം, പരലോക വിജയം, മാനവസേവ എന്നീ കാര്യങ്ങൾ അവർ പരിപൂർണമായി മറന്നു. ഏകനായ സ്രഷ്ടാവിൽ വിശ്വസിക്കുകയും ആരാധിക്കുകയും മാനവികതയെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ആരുമില്ലാത്ത അവസ്ഥ സംജാതമായി. തത്ഫലമായി ലോകത്തുതന്നെ നിരവധി നാശനഷ്ടങ്ങൾ പ്രകടമായി. അല്ലാഹു പ്രസ്താവിക്കുന്നു: "ജനങ്ങൾ തിന്മയിൽ നിന്നും മടങ്ങുന്നതിനും ജനങ്ങളുടെ കർമ്മഫലങ്ങളിൽ ചിലത് ജനങ്ങളെ രുചിപ്പിക്കുന്നതിനും കടലിലും കരയിലും നാശനഷ്ടങ്ങൾ പ്രകടമായി" (റൂം-41).

ഇമാം വലിയുല്ലാഹി ദഹ്‌ലവി ഉപര്യുക്ത ലോകാവസ്ഥകൾ വിവരിച്ചതിനു ശേഷം ലോകത്തെ മുഴുവൻ സംസ്കരിക്കാൻ നിയുക്തനായ അന്ത്യപ്രവാചകന്റെ ആവശ്യകത വിവരിച്ചുകൊണ്ട് കുറിക്കുന്നു: അങ്ങനെ നാശനഷ്ടങ്ങൾ പെരുകി. രോഗം കഠിനമായി. പടച്ചവന് കടുത്ത കോപമുണ്ടായി. വിശിഷ്ട മലക്കുകളും മനുഷ്യരെ വെറുത്തു. ഇത്തരുണത്തിൽ രോഗത്തിന്റെ വേരുതന്നെ മുറിച്ചുമാറ്റാൻ അല്ലാഹു തീരുമാനിച്ചു. അതിനായി അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ യെ അല്ലാഹു നിയോഗിച്ചു. പൊതുവിൽ ജനങ്ങൾ പരിചയപ്പെട്ട മാർഗങ്ങളിലൂടെ ഒന്നും പഠിച്ചിട്ടില്ലാത്ത നിരക്ഷരനും ഭരണകൂടങ്ങളുമായി ബന്ധമില്ലാത്ത വ്യക്തിത്വവുമായ പ്രവാചകന് അല്ലാഹു സമുന്നത ജ്ഞാനം കനിഞ്ഞരുളി. നന്മതിന്മകൾ വേർതിരിച്ച് മനസ്സിലാക്കിക്കൊടുത്തു. റസൂലുല്ലാഹി ﷺയുടെ നാവിലൂടെ സമുന്നത സന്ദേശങ്ങൾ പ്രവഹിപ്പിച്ചു. (ഹുജ്ജത്തുല്ലാഹിൽബാലിഗ)

അതെ, ഒരു ഭാഗത്ത് അവസ്ഥകൾ വളരെ മോശമാകുകയും മറുഭാഗത്ത് ഭൗതികത വളരെയധികം കത്തിക്കയറുകയും ചെയ്ത ഒരു സ

ന്ദർഭത്തിൽ വൈജ്ഞാനിക-ധാർമ്മിക സേവനങ്ങളിലൂടെ ജനങ്ങളെ ഉദ്ധരിക്കാനുള്ള സമയം സമാഗതമായി. അങ്ങനെ അല്ലാഹു അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺയെ നിയോഗിച്ചു. പ്രവാചകന്റെ പ്രവർത്തനങ്ങൾ എളുപ്പമാകുന്നതിന് അമാനുഷികമായ ഒരു ഗ്രന്ഥം കനിഞ്ഞരുളി. മോശപ്പെട്ടവർ കൈകടത്താതിരിക്കുന്നതിനു വേണ്ടി അതിന്റെ സംരക്ഷണം അല്ലാഹുതന്നെ ഏറ്റെടുത്തു. കൂടാതെ റസൂലുല്ലാഹിയുടെ പ്രവാചകത്വം ലോകാവസാനം വരെ നിലനിൽക്കുന്നതാണെന്ന് പ്രഖ്യാപിച്ചു. മുഹമ്മദുർറസൂലുല്ലാഹി ﷺ പ്രസ്തുത ഗ്രന്ഥത്തിന്റെയും അല്ലാഹു കനിഞ്ഞരുളിയ വിശുദ്ധ വിജ്ഞാനങ്ങളുടെയും വെളിച്ചത്തിൽ സത്യാന്വേഷകരായ ജനങ്ങളെ നന്മയിലേക്ക് നയിച്ചു. ഈ വിശുദ്ധ ഗ്രന്ഥവും പ്രവാചക സന്ദേശങ്ങളും ലോകത്ത് വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചം പരത്തി സംസ്കാര സമ്പന്നമായ ഒരു ആഗോളപദ്ധതി സമർപ്പിച്ചു. സ്വാർത്ഥതയുടെയും വികാരങ്ങളുടെയും പൂർത്തീകരണത്തിനു ആഗോളീകരണം എന്ന പേര് നൽകി അധികാര വിപുലീകരണം നടത്തുന്ന ജനങ്ങൾക്ക് മുന്നിൽ ഒരു മഹത്തായ ലക്ഷ്യവും മാർഗ്ഗവുമുള്ള ഒരു സമൂഹത്തെ സമർപ്പിച്ചു. നന്മയെ പ്രചരിപ്പിക്കുക, എല്ലാവർക്കും നീതി നൽകുക, ഏക രക്ഷിതാവിനെ ആരാധിക്കുക, മുഴുവൻ സൃഷ്ടികളോടും കരുണകാണിക്കുക എന്നീ കാര്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് അവർ സമുന്നതമായ ഒരു ആഗോളവ്യവസ്ഥിതി സംസ്ഥാപിച്ചു. അല്ലാഹു അറിയിക്കുന്നു: "നിങ്ങൾ എല്ലാവരും ഒരൊറ്റ സമുദായമാണ്. ഞാൻ നിങ്ങളുടെ പരിപാലകനാണ്. എന്നെ നിങ്ങൾ ആരാധിക്കുക" (അംബിയാഅ്). "മുഴുവൻ ലോകങ്ങൾക്കും കാരുണ്യമായി മാത്രമാണ് നാം താങ്കളെ അയച്ചത്" (അംബിയാഅ്).

## അറേബ്യയുടെ അവസ്ഥ

അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെ നിയോഗം അറേബ്യയിലാണ് നടന്നത്. നാശനഷ്ടങ്ങൾ നിറഞ്ഞ ലോക അവസ്ഥകൾക്കിടയിൽ അറേബ്യയുടെ കാര്യം വളരെ ശോചനീയമായിരുന്നു. വിദ്യയും സംസ്കാരവും ഇല്ലാത്തവരും മണലാരണ്യത്തിൽ താമസിക്കുന്നവരുമായ ഈ ജനതയെ നന്നാക്കുക മാത്രമല്ല വിജ്ഞാന-സാംസ്കാരിക മേഖലകളിൽ മുന്നിൽ നിന്നിരുന്ന ജനതകൾ അടക്കമുള്ള ലോക ജനതയുടെ പ്രബോധകരും അദ്ധ്യാപകരും ആക്കുക എന്ന കാര്യമായിരുന്നു പ്രവാചകന് നിർവഹിക്കേണ്ടിയിരുന്നത്. അസാധ്യമായി ഗണിക്കപ്പെട്ടിരുന്ന ഈ സമുന്നത കർത്തവ്യത്തിന് മുഹമ്മദുർസൂലുല്ലാഹി ﷺ യെ അല്ലാഹു തിരഞ്ഞെടുത്തു. തുടർന്ന് ഓരോ ഘട്ടങ്ങളിലും വഹ്‌യിലൂടെ മാർഗ്ഗനിർദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. അങ്ങനെ

റസൂലുല്ലാഹി ﷺ മുന്നോട്ട് നീങ്ങി ദൗത്യം പരിപൂർണ്ണമായി നിർവ്വഹിച്ചു. അതെ, അല്ലാഹു സർവ്വചരാചരങ്ങളുടെയും പടച്ചവനും പരിപാലിക്കുന്നവനുമാണ്. ഒരു വ്യക്തിയെ എന്തിന് ഉപയോഗിക്കണമെന്ന് അവന് നന്നായറിയാം. ഒന്നുമല്ലാത്തവരും ഒന്നുമില്ലാത്തവരുമായ അറബികളിൽ ഒരാളായിരുന്നുവെങ്കിലും റസൂലുല്ലാഹി ﷺ യെ അല്ലാഹു തന്നെയാണ് തിരഞ്ഞെടുത്ത് അയച്ചത്. അല്ലാഹു അറിയിക്കുന്നു: പ്രവാചകത്വം എവിടെയാണ് നിക്ഷേപിക്കേണ്ടതെന്ന് അല്ലാഹുവിന് നന്നായി അറിയാം (അൻആം). ആകയാൽ ഈ സമുന്നത പ്രവാചകനെ മനസ്സിലാക്കുന്നതിന് മുൻപ് പ്രവാചകന്റെ സമൂഹത്തെയും നാടിനെയും കുടുംബത്തെയും അറിഞ്ഞിരിക്കേണ്ടതാണ്.

### അറേബ്യൻ ജനത

നൂഹ് ﷺ ന്റെ സമുദായത്തിന് വന്ന ശിക്ഷയിൽ നിന്നും രക്ഷപ്പെട്ട ആളുകളുടെ പരമ്പരയിൽ നിന്നുമാണ് അറബികൾ ഉണ്ടായത്. നൂഹ് ﷺ ന് മൂന്ന് മക്കളുണ്ടായിരുന്നു. അതിലൊന്നായ സാമിന്റെ സന്താനങ്ങളിലൂടെയാണ് ഹിജാസ്, ഇറാഖ്, ഈജിപ്ത് എന്നിവ അടങ്ങുന്ന മദ്ധ്യപൂർവ്വ ഏഷ്യയിൽ ജനവാസം പരന്നത്. മറ്റൊരു മകനായ ഹാമിലൂടെ ആഫ്രിക്കയും യാഫിസിലൂടെ വടക്ക് കിഴക്കൻ ഭാഗങ്ങളും സജീവമായി. സാമിന്റെ ഒരു മകനാണ് ആറാം. അദ്ദേഹത്തിന്റെ സന്താനങ്ങൾ പലഗോത്രങ്ങളായി അറേബ്യയുടെ വിവിധ ഭാഗങ്ങളിൽ പരന്നു. ഇവരിൽ പലതരം പാപങ്ങൾ ഉണ്ടാവുകയും നബിമാരെ അയക്കപ്പെടുകയും നബിമാരെ അംഗീകരിക്കാത്തവരെ നശിപ്പിക്കപ്പെടുകയും ചെയ്തു. ഇവരിലെ ഒരു ഗോത്രമാണ് ഖഹ്ത്താൻ. ഖഹ്ത്താനിന്റെ സന്താന പരമ്പരയിൽ ഇബ്റാഹീം ﷺ ജനിച്ചു. ഇബ്റാഹീം ﷺ ന്റെ കുടുംബം നക്ഷത്രാരാധകർ ആയിരുന്നു (അൽബിദായ 1/140). ഇബ്റാഹീം ﷺ ചെറുപ്പം മുതൽ തന്നെ സത്യാന്വേഷണം ആരംഭിക്കുകയും ബഹുദൈവാരാധനയിൽ അത്ഭുതപ്പെടുകയും ചെയ്തിരുന്നു. നക്ഷത്രങ്ങൾ മുകളിൽ പ്രകാശിക്കുന്ന വലിയ വസ്തുവാണെങ്കിലും ഇവ എങ്ങനെ ദൈവം ആകുമെന്നും ഇവയുടെ പേരിൽ വിഗ്രഹങ്ങളുണ്ടാക്കി ആരാധിക്കുന്നത് വിഢിത്തരമാണെന്നും അദ്ദേഹം കണ്ടെത്തി. ആദ്യം നക്ഷത്രത്തിലും ശേഷം ചന്ദ്രനിലും തുടർന്ന് സൂര്യനിലും അദ്ദേഹം ഇപ്രകാരം ചിന്തിക്കുകയും ഇവയെ ആരാധിക്കുന്നത് വലിയ തെറ്റാണെന്നും ആരാധനയ്ക്കർഹൻ ഏകനായ അല്ലാഹു മാത്രമാണെന്നും അദ്ദേഹം തിരിച്ചറിയുകയും ചെയ്തു (കാമിൽ 1/95). അല്ലാഹു അദ്ദേഹത്തിന് സൻമാർഗം തുറന്നു കൊടുക്കുകയും ശേഷം പ്രവാചകനായി തിരഞ്ഞെടുക്കുകയും ചെയ്തു. അദ്ദേഹം സമുദായത്തെ സത്യത്തിലേക്കും നൻമകളിലേക്കും ക്ഷണിച്ചു. ബഹുഭൂരിഭാഗം ജനങ്ങളും അദ്ദേഹത്തോട് കോ

പിച്ചു. ഇടയ്ക്ക് അദ്ദേഹത്തെ അഗ്നി കുണ്ഡത്തിൽ ഇട്ടു. അല്ലാഹു അദ്ദേഹത്തെ പരിപൂർണ്ണമായി രക്ഷിച്ചു. ശേഷം അദ്ദേഹം ഇറാഖ് വിട്ട് സിറിയയിലേക്ക് യാത്രയായി. അദ്ദേഹത്തിന്റെ സഹോദരീപുത്രൻ ലൂത്തി ﷺ നെ അല്ലാഹു ഫലസ്തീന്റെ ഒരു ഭാഗത്തേക്ക് പ്രവാചകനായി നിയോഗിച്ചു (അൽ കാമിൽ 1/96).

ഇബ്റാഹീം ﷺ ന് ഇസ്ഹാഖ് എന്ന മകൻ ഉണ്ടായി. അല്ലാഹു അദ്ദേഹത്തെ പ്രവാചകനാക്കി. അദ്ദേഹത്തിന്റെ മകൻ ഇസ്റാഈൽ എന്ന അപരനാമമുള്ള യഅ്ഖൂബ് നബിയും പ്രവാചകനായി. അദ്ദേഹത്തിന്റെ പരമ്പര ആദ്യം സിറിയയിലും ശേഷം ഈജിപ്തിലും താമസിച്ചു. ഇബ്റാഹീം നബി ﷺ ന് ഇസ്മാഈൽ എന്ന മകനും ഉണ്ടായി. അദ്ദേഹത്തെയും മാതാവ് ഹാജറിനെയും മദ്ധ്യ അറേബ്യയിലെ മക്കത്തുൽ മുകർറമയിൽ കൊണ്ടുവന്നു താമസിപ്പിച്ചു. അന്ന് മക്ക വെള്ളവും മറ്റൊന്നുമില്ലാത്ത വിജന സ്ഥലമായിരുന്നു. എന്നാൽ അല്ലാഹുവിന്റെ അതിപുരാതന ഭവനം കഅ്ബ അവിടെയുണ്ടായിരുന്നു. പിന്നീട് യമനിൽ നിന്നും ഖഹ്താൻ ഗോത്രത്തിൽ പെട്ട ജുർഹും എന്ന വിഭാഗം അവിടെ വന്ന് താമസമാക്കി. ശേഷം ഇസ്മാഈൽ ﷺ ജുർഹുമിൽ നിന്നും വിവാഹം കഴിച്ചു. അദ്ദേഹത്തിന്റെ കുടുംബം വളരുകയും ഹിജാസിലെ പല സ്ഥലങ്ങളിൽ വ്യാപിക്കുകയും ചെയ്തു. അവരിൽ മുദർ എന്ന പേരുള്ള ഒരു ഉന്നത വ്യക്തിത്വം ഉണ്ടായി. ഇദ്ദേഹത്തിന്റെ സന്താനങ്ങൾക്ക് ഖുറൈഷ് എന്ന് പറയപ്പെട്ടു.

മക്കയിലെ ജനവാസത്തിന്റെ തുടക്കം ഇസ്മാഈൽ നബി ﷺ യിലൂടെ ആയിരുന്നു. വിജനമായ ഈ മൈതാനത്തിലുള്ള അവരുടെ താമസം ഇബ്റാഹീം നബി ﷺ ന്റെ കുടുംബത്തിന്റെ ഉജ്ജ്വല ത്യാഗമായിരുന്നു. ഇബ്റാഹീം നബി ﷺ അല്ലാഹുവിന്റെ കൽപ്പന പ്രകാരം ഭാര്യയെയും കുഞ്ഞിനെയും അവിടെ ആക്കുകയും ഹാജർ ﷺ സംതൃപ്തിയോടെ അവിടെ താമസിക്കുകയും ചെയ്തു. തദവസരം ഇബ്റാഹീം നബി ﷺ ചെയ്ത പ്രാർത്ഥനകൾ പരിശുദ്ധ ഖുർആൻ ഉദ്ധരിച്ചിട്ടുണ്ട്; (ഇബ്റഹീം 35-37).

വിജനമായ ഈ സ്ഥലത്ത് അല്ലാഹു ആ കുടുംബത്തിന്റെ മേൽ വലിയ അനുഗ്രഹം ചെയ്തു. അവരിലൂടെ അവർക്കും മുഴുവൻ ജനങ്ങൾക്കും അല്ലാഹു സംസം എന്ന ഉന്നത പാനീയവും ആഹാരവും ഔഷധവും കനിഞ്ഞരുളി. ശേഷം ഇസ്മാഈൽ ﷺ വലുതാവുകയും മാതാപിതാക്കളോടൊപ്പം അനസരണ-സേവനങ്ങളോടെ കഴിയുകയും ചെയ്തപ്പോൾ ഇസ്മാഈലിനെ അല്ലാഹുവിന്റെ മാർഗത്തിൽ ബലി നൽകണമെന്ന് കല്പനയുണ്ടായി. ഇബ്റാഹീം നബി ﷺ മകന്റെ കഴുത്തിൽ കത്തിയമർത്തി എന്നാൽ അല്ലാഹുവിന്റെ ലക്ഷ്യം പരീക്ഷണ

മായിരുന്നു. ആകയാൽ കത്തി അറുത്തില്ല. പകരം അല്ലാഹു ഒരു ആടിനെ സ്വർഗത്തിൽ നിന്നും ഇറക്കിക്കൊടുക്കുകയും അതിനെ പകരം അറുക്കുകയും ചെയ്തു. അല്ലാഹു ഇബ്റാഹീം നബി ﷺ വിശിഷ്ട ദാസനായി പ്രഖ്യാപിച്ചു (കാമിൽ 1/112)

പിന്നീട് അല്ലാഹു പിതാവിനോടും മകനോടും പ്രഥമ ഭവനമായ കഅ്ബാ ശരീഫ് പുനർനിർമ്മിക്കാൻ കൽപ്പിച്ചു. അങ്ങനെ സന്മാർത്തിന്റെയും ഐശ്വര്യത്തിന്റെയും ലോക കേന്ദ്രമായ കഅ്ബാ ശരീഫ് പുനർ നിർമ്മിക്കപ്പെടുകയും ലോകാവസാനം വരെയുള്ള സമുന്നത കേന്ദ്രമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ഇസ്മാഈൽ ﷺ ന്റെ കുടുംബം വളരുകയും കഅ്ബ ശരീഫ് സേവിക്കുകയും ചെയ്തുകൊണ്ടിരുന്നു.

## മക്കത്തുൽ മുകർറമ

ഇസ്മാഈൽ ﷺ മക്കയിൽ താമസമാക്കുന്നതിന് മുമ്പ് അവിടം യാതൊരു ജനവാസവുമില്ലാത്ത മരുപ്രദേശമായിരുന്നു (അൽബിദായ 1/154). ഉണങ്ങിവരണ്ട രണ്ട് പർവ്വതനിരകൾക്കിടയിലുള്ള ഒരു താഴ്ന്ന പ്രദേശമായിരുന്നതിനാൽ മഴക്കാലത്ത് ധാരാളം ജലം ഒഴുകിയെത്തുമായിരുന്നുവെങ്കിലും മലഞ്ചരുവിലൂടെ ഒഴുകിപ്പോവുകയും ശേഷം കടുത്ത വരൾച്ച അനുഭവപ്പെടുകയും ചെയ്തിരുന്നു. പക്ഷേ അല്ലാഹു ഈ പ്രദേശത്തെ പ്രത്യേകമായി തെരഞ്ഞെടുത്തു. ഭൂമുഖത്ത് മനുഷ്യവാസത്തിന്റെ തുടക്കത്തിൽ തന്നെ അല്ലാഹുവിന്റെ കൽപന പ്രകാരം ആദം ﷺ അവിടെ അല്ലാഹുവിന്റെ നാമത്തിൽ പ്രഥമ ഭവനം സ്ഥാപിച്ചു. ആദം ﷺ, ഹവ്വാ ﷺ ദമ്പതിമാർ ഇരുവരും ഭൂമിയിൽ വന്ന ശേഷം പ്രധാനമായും താമസിച്ചത് ഈ പ്രദേശത്തായിരുന്നു. ഭൂമിശാസ്ത്രപരമായി ഈ പ്രദേശം ഭൂമിയുടെ മദ്ധ്യഭാഗത്തായിരുന്നു സ്ഥിതി ചെയ്യുന്നത്. അതെ, മനുഷ്യശരീരത്തിൽ പൊക്കിളിനുള്ള സ്ഥാനമാണ് ഭൂലോകത്ത് മക്കയ്ക്കുള്ളത്.

മക്കത്തുൽ മുകർറമയിൽ സ്ഥിതിചെയ്യുന്ന കഅ്ബ മാനവലോകത്തിന്റെ കേന്ദ്രമാണ്. സുന്ദരമായ ആരാധനയായ നമസ്കാരം അവിടേക്ക് അഭിമുഖമായിട്ടാണ് നിർവ്വഹിക്കപ്പെടുന്നത്. മറ്റൊരു സുപ്രധാന ആരാധനയായ ഹജ്ജിലെ പ്രധാന ഘടകം ത്വവാഫും അതിന് ചുറ്റുമാണ് നടത്തപ്പെടുന്നത്. കഅ്ബാ ശരീഫ് മാനവരാശിക്ക് സന്മാർഗത്തിന്റെ വെള്ളിവെളിച്ചവും ഐശ്വര്യത്തിന്റെ അടിസ്ഥാനവുമാണ്.

ലോകാവസാനം വരെ നിലനിൽക്കേണ്ട ജീവിത വ്യവസ്ഥിതിയുമായി നിയുക്തനായ അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹ് ﷺ ജനിച്ചതും മക്കയിൽ തന്നെ. അറേബ്യയിൽ എല്ലാവരും ആദരിച്ചിരുന്ന ഒരു ഗോത്രത്തിലെ മഹത്വം നിറഞ്ഞ ഒരു കുടുംബത്തിലാണ് റസൂലുല്ലാ

ഹി ﷺ ജനിച്ചത്. ഈ ഗോത്രത്തിലെ ഒരു ഉന്നത വ്യക്തിത്വമായ ഖുസയ്യുബ്നു കിലാബ് മക്കയിലെ സർവ്വാംഗീകൃത നേതാവായിരുന്നു.പരസ്പര കൂടിയാലോചനയിലധിഷ്ടിതമായ ഒരു ജനാധിപത്യ ഭരണ രീതി അദ്ദേഹം നടപ്പിൽ വരുത്തി. മത-ഭൗതിക പ്രശ്നങ്ങൾ അദ്ദേഹം ഇതിലൂടെ പരിഹരിച്ചിരുന്നു. വ്യത്യസ്ത കാര്യങ്ങൾ വിവിധ കൂട്ടം സംഘങ്ങളെ ഏൽപ്പിച്ചിരുന്നു. ഈ ഭരണരീതി അന്ന് നിലവിലുണ്ടായിരുന്ന ഭരണരീതികളിൽ നിന്നും വ്യത്യസ്തമായിരുന്നു. അന്നത്തെ വിദ്യാഭ്യാസ-സാംസ്കാരിക സമ്പന്നരുടെ ഭരണങ്ങൾ ഏകാധിപത്യ ശൈലിയിലുള്ളതായിരുന്നു. ഖുസയ്യ് ഈ കൂടിയാലോചനാ ഭരണ രീതി പിൻഗാമികൾക്ക് കൈമാറി. ഖുസയ്യിന്റെ വീട് ഇതിന്റെ കേന്ദ്രവും രാജ്യസഭയുമായിരുന്നു. കഅ്ബാശരീഫിലേക്ക് വരുന്നവർക്കുള്ള സൽക്കാരം ഈ ഭരണത്തിലെ ഒരു പ്രധാന വകുപ്പായിരുന്നു. ഖുസയ്യിന്റെ സന്താനങ്ങൾ പരമ്പരയായി ഇത് നല്ലനിലയിൽ നിർവ്വഹിച്ചുപോന്നു. ഇക്കൂട്ടത്തിൽ വലിയ സ്ഥാനം കരസ്ഥമാക്കിയ വ്യക്തിത്വമാണ് റസൂലുല്ലാഹി ﷺ യുടെ പിതാമഹനായ അബ്ദുൽ മുത്തലിബ്. അദ്ദേഹം ഈ കർത്തവ്യം വളരെ നല്ല നിലയിൽ നിർവ്വഹിച്ചു (കാമിൽ 2/12).

## സംസത്തിന്റെ പുനരാവർത്തനം

ഇസ്മാഈൽ ﷺ ന്റെ കാലം മുതൽ നിറഞ്ഞ് നിന്നിരുന്ന സംസം കിണർ ഇടയ്ക്ക് വരളുകയും മൂടപ്പെടുകയും ചെയ്തു. അത് എവിടെയാണെന്ന് പോലും അറിയാത്ത അവസ്ഥയുണ്ടായി. ഇതിൽ അബ്ദുൽ മുത്തലിബ് വളരെയധികം ചിന്താകുലനായി. അദ്ദേഹം അതിന്റെ സ്ഥലം കണ്ടെത്താൻ ധാരാളം പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഒരിക്കൽ സ്വപ്നത്തിൽ അദ്ദേഹത്തിന് അതിന്റെ സ്ഥാനം കാണിക്കപ്പെട്ടു. അവിടെ അദ്ദേഹം കുഴിച്ചപ്പോൾ വീണ്ടും സംസം ഉറവ പ്രവാഹം ആരംഭിച്ചു. എന്നാൽ കുറച്ച് കഴിഞ്ഞപ്പോൾ ഇതര കുടുംബാംഗങ്ങൾ ഞങ്ങളാണ് അത് കണ്ടെത്തിയതെന്നും അതിന്റെ മേൽനോട്ടം ഞങ്ങളെ ഏൽപ്പിക്കണമെന്നുമുള്ള വാദം ഉയർത്തി. ഇത് വലിയ വഴക്കുകൾക്ക് ഇടയാക്കി. അവസാനം ഈ വിഷയത്തിൽ തീർപ്പ് കൽപ്പിക്കാൻ സിറിയയിലുള്ള ഒരു ജോത്സ്യനെ കാണാൻ അവരെല്ലാവരും പുറപ്പെട്ടു. യാത്രയ്ക്കിടയിൽ അബ്ദുൽ മുത്തലിബിന് പടച്ചവന്റെ പക്കലുള്ള സ്ഥാനവും സ്വീകാര്യതയും സഹായവും മറ്റുള്ളവർ നേരിട്ട് കണ്ടു. അവരെല്ലാവരും പശ്ചാത്തപിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വം സർവ്വാത്മനാ അംഗീകരിക്കുകയും ചെയ്തു. മക്കയുടെ നേതാവും കഅ്ബയുടെ സേവകനുമായ അബ്ദുൽ മുത്തലിബിന് അവസാന കാലത്ത് അന്ത്യപ്രവാചകന്റെ ബാല്യത്തിന് തണലേകാനുള്ള

സൗഭാഗ്യം ലഭിച്ചു. പിന്നീട് അബ്ദുൽ മുത്തലിബിന്റെ ഈ അനാഥ പൗത്രനെ അല്ലാഹു അനുഗ്രഹിച്ച് അന്ത്യപ്രവാചകത്വത്തിന്റെ സമുന്ന സ്ഥാനം നൽകി. റസൂലുല്ലാഹി ﷺ സർവ്വലോക പരിപാലകനെ ആരാധിക്കാനുള്ള സമ്പൂർണ്ണവ്യവസ്ഥിതി ലോകത്തിന് പഠിപ്പിച്ചു. അതെ, ഇതേ കാര്യത്തിനാണ് നൂറ്റാണ്ടുകൾക്ക് മുമ്പ് മഹാനായ പിതാമഹൻ ഇബ്റാഹീം ﷺ ത്യാഗ പരിശ്രമങ്ങൾ അനുഷ്ടിച്ചത്. അവസാനം ഈ നാടിനെയും വീടിനെയും കർമ്മ കേന്ദ്രമാക്കാൻ, ഭാര്യയെയും പാൽ കുടിക്കുന്ന കുഞ്ഞിനെയും ഇവിടെ താമസിപ്പിച്ച് ഈ ഭവനം പുതുക്കിപ്പണിതു. ജനങ്ങളെ ഇതിലേക്ക് ക്ഷണിച്ചു. പക്ഷേ പിൽക്കാലത്ത് ഏക ദൈവാരാധന എന്ന ഈ ഭവനത്തിന്റെ പ്രധാന സന്ദേശം പോലും ഇവിടെ സ്ഥാപിക്കപ്പെട്ട എണ്ണമറ്റ വിഗ്രഹങ്ങൾക്ക് പിന്നിൽ മറഞ്ഞുപോയിരുന്നു. പക്ഷേ റസൂലുല്ലാഹി ﷺ വലിയ ത്യാഗ പരിശ്രമങ്ങൾ നടത്തി. അവസാനം ഈ ഭവനം ആഗോള തലത്തിൽ ലോകാവസാനം വരെ നന്മകളുടെ കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടു. "മനുഷ്യർക്ക് വേണ്ടി സ്ഥാപിതമായ പ്രഥമ ആരധനാഗേഹം ബക്ക(മക്ക)യിലുള്ളതാകുന്നു. അനുഗ്രഹീതവും മാലോകർക്ക് മാർഗദർശകവുമാണത്." (ആലുഇംറാൻ 96)

### മക്കയുടെ ഭൂപ്രകൃതി

സത്യന്ദേശങ്ങളുടെ കേന്ദ്രവും അന്ത്യപ്രവാചകന്റെ ജന്മനാടുമായ മക്കത്തുൽ മുകർറമ, മൂന്ന് പർവ്വത നിരകൾക്കിടയിലാണ് സ്ഥിതി ചെയ്യുന്നത്. സമുദ്ര നിരപ്പിൽ നിന്നും ഏതാണ്ട് മുന്നൂറ്റിഅൻപത് അടി ഉയരത്തിലുള്ള ഈ നാട് സമുദ്ര തീരത്ത് നിന്നും 75 കിലോമീറ്റർ കിഴക്ക് ഭാഗത്തായി നിലകൊള്ളുന്നു. മക്ക, ബക്ക, ഉമ്മുൽ ഖുറാ, അൽ ബലദുൽ അമീൻ എന്നീ നാമങ്ങളിൽ അറിയപ്പെടുന്ന ഈ മലഞ്ചെരുവ് കരിങ്കല്ലുകൾ നിറഞ്ഞതാണ്. കിഴക്ക് പടിഞ്ഞാറ് ഭാഗത്തായി നീളത്തിൽ പലമൈലുകൾ ദൂരത്തിൽ നീണ്ടുകിടക്കുന്ന മക്കാ നഗരത്തിന്റെ വീതി രണ്ട് മൈലുകളാണ്. ഒരു പർവ്വതനിര പടിഞ്ഞാറ് നിന്ന് കിഴക്ക് വരെയും മറ്റൊന്ന് തെക്ക് വടക്കായും സ്ഥിതി ചെയ്യുന്നു. മലഞ്ചെരുവിന് അബ്ത്വഹ് എന്നും പറയപ്പെടാറുണ്ട്. (താരീഖുൽ അറബ് 4/7)

ഈ നഗരത്തിൽ സംസം എന്നുപേരായ ജലത്തിന്റെ ഒരു ഉറവ മാത്രമേയുള്ളൂ. വേറെ കിണറുകൾ ഒന്നും ഇല്ല. ജലദൗർഭല്യം മൂലം കൃഷികളൊന്നും നടക്കാറില്ല. ഇക്കാലത്ത് രണ്ട് അരുവികൾ പട്ടണത്തിന് പുറത്ത് നിന്നും ഇതിലേക്ക് ചേർത്തിരിക്കുന്നതിനാൽ ജലത്തിന് കുറച്ച് ആശ്വസമായി. അത് കാരണം, കുറച്ച് പുല്ലുകളും ചെടികളും മുളച്ചിട്ടുമുണ്ട്.

അബ്ബാസി ഭരണകാലത്ത് ത്വഇഫിന് അടുത്ത് നിന്നും മക്കയിലേക്ക് ഒരു അരുവി ഖലീഫ അമീനിന്റെ മാതാവ് സുബൈദ നിർമ്മിച്ചു. അ

തിന് 'നഹ്റ് സുബൈദ' എന്ന് പറയപ്പെടുന്നു. ശേഷം അത് വിപുലീക രിക്കപ്പെട്ടു. ഇന്ന് ജലം എത്തിക്കുന്നതിന് മറ്റ് വഴികളും സ്വീകരിക്കപ്പെ ട്ടിരിക്കുന്നു.

മക്ക ഒരു മലഞ്ചെരുവിലായതിനാൽ കഴിഞ്ഞ കാലങ്ങളിൽ മഴക്കാ ലത്ത് വലിയ പ്രളയങ്ങൾ സംഭവിച്ചിരുന്നു. ഇപ്പോൾ മുഅല്ലാത്തിനരി കിൽ ഒരു ബണ്ട് നിർമ്മിക്കപ്പെട്ടു. കൂടാതെ, ഹറമിൽ നിന്നും വലിയ ഒ രു ഭൂഗർഭ കുഴലും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിലൂടെ ജലം മിസ്ഫലയി ലേക്ക് ഒഴുകിപ്പോകുന്നു.

കാലാവസ്ഥയിൽ ചൂട് കൂടുതലും തണുപ്പ് കുറവുമാണ്. വേനൽ ക്കാലത്ത് കഠിന ചൂട് അനുഭവപ്പെടാറുണ്ട്. തണുപ്പ് കാലത്ത് മാത്രമേ മഴ പെയ്യാറുള്ളൂ. മാർച്ച് മുതൽ ഒക്ടോബർ അവസാനം വരെ വേനൽ ക്കാലമാണ്. സമുദ്ര ഭാഗത്ത് നിന്നുമുള്ള പടിഞ്ഞാറൻ കാറ്റും വടക്കൻ കാറ്റും സുന്ദരമാണ്. കിഴക്കൻ കാറ്റ് ചൂടുള്ളതാണ്. ഈ പർവ്വതങ്ങൾ ക്ക് തൗറാത്തിൽ 'ഫാറാൻ പർവ്വതനിരകൾ' എന്ന് പറയപ്പെടുന്നു. ഫാ റാൻ രാജവിലേക്ക് ചേർത്താണ് ഈ നാമം വന്നത്.

മക്കയിലെ ജനങ്ങൾ പണ്ട് കാലത്ത് കൂടാരങ്ങളിലാണ് താമസിച്ചി രുന്നത്. റസൂലുല്ലാഹി ﷺ യുടെ ഒരു പിതാമഹനായ ഖുസയ്യ് സിറിയ യിൽ പോയിവന്നപ്പോൾ വീട് പണിതു. തുടർന്ന് ആളുകൾ അത് അനു കരിച്ച് വീടുകൾ നിർമ്മിച്ചു. ഖുസയ്യിബ്നു കിലാബിലൂടെ മക്കയിലെ സാംസ്കാരിക സാമഹിക അവസ്ഥകൾക്ക് വലിയ പുരോഗതി കൈവ ന്നു. റസുലുല്ലാഹി ﷺ യിലൂടെ മതസാംസ്കാരിക മേഖലകളിൽ പു രോഗതി വർദ്ധിച്ചു. മക്കത്തുൽ മുകർറമ ഇന്നൊരു മഹാ നഗരവും മു സ്ലിം ലോകത്തിന്റെ കേന്ദ്ര സ്ഥാനവുമാണ്. (കൂടുതൽ വിവരണത്തി ന് ലേഖകന്റെ ജസീറത്തുൽ അറബ് വായിക്കുക.)

### മക്കയിലെ വിഗ്രഹാരാധന

മക്കാ നിവാസികൾ ആരംഭത്തിൽ ഏക ഇലാഹിനെ ആരാധിച്ചവ രാണ്. അവർ ഇബ്റാഹീം عليه السلام, ഇസ്മാഈൽ عليه السلام ഇരുനബിമാരുമായി ബന്ധമുള്ളവരായിരുന്നു. പക്ഷേ പിൽക്കാലത്ത് അവർ ഏക ദൈവ വി ശ്വാസം ഉപേക്ഷിച്ച് ബഹുദൈവാരാധനയിൽ മുഴുകി. അതിന്റെ പ്രധാ ന കാരണക്കാരൻ അംറുബ്നു ലുഅയ്യ് എന്ന ജുർഹും ഗോത്രക്കാരനാ ണ്. അയാൾ സിറിയയിലും ഇറാഖിലും യാത്ര ചെയ്തപ്പോൾ വിഗ്രഹാ രാധന കണ്ടു. അത് നന്നായി തോന്നിയതിനാൽ ഒരു വിഗ്രഹം വാങ്ങി ക്കൊണ്ട് മക്കയിലുമെത്തി. മനുഷ്യരൂപത്തിലുള്ള 'ഹുബ്ൽ' എന്നുപേ രുള്ള ആ വിഗ്രഹത്തെ കഅ്ബയുടെ വാതിലിൽ സ്ഥാപിച്ചു. തുടർന്ന് വേ റെയും വിഗ്രഹങ്ങൾ വന്നു. ആദ്യം ജനങ്ങൾ ഇവയെ മഹാൻമാരുടെ

സ്മാരകങ്ങളായി കണ്ട് ആദരിക്കുകയും ശേഷം അല്ലാഹുവിനെ ആരാധിക്കുകയും ചെയ്തു. പിന്നീട് വിഗ്രഹാരാധന വ്യാപകമാവുകയും ഓരോ വീടുകളിലും വിഗ്രഹങ്ങൾ സ്ഥാപിക്കപ്പെടുകയുമുണ്ടായി. കഅ്ബയുടെ ഉള്ളിലും വിഗ്രഹങ്ങൾ സ്ഥാപിക്കപ്പെട്ടു. അവർ പറഞ്ഞു: ഞങ്ങൾ ഇവയെ പടച്ചവനായി കാണുന്നില്ല, ഇവകൾ ചെറിയ ദൈവങ്ങൾ മാത്രമാണ്. ഒരു രാജാവിന്റെ കീഴിൽ പല മന്ത്രിമാർ ഉള്ളതുപോലെ ഇവർ പടച്ചവന്റെ കീഴിലുള്ള ചെറിയ അധികാരികളാണ്. ഇവരെ തൃപ്തിപ്പെടുത്തിയാൽ പടച്ചവനെ തൃപ്തിപ്പെടുത്തുവാൻ കഴിയും. കൂടാതെ ഇവർ പടച്ചവനോട് ശുപാർശ ചെയ്ത് നമ്മുടെ കാര്യങ്ങൾ എളുപ്പത്തിൽ നടത്തിത്തരുകയും ചെയ്യും. പടച്ചവനോട് ഒന്നും പറയേണ്ടി വരുകയുമില്ല.

അങ്ങനെയവർ വലിയ വ്യക്തിത്വങ്ങളുടെ പേരിൽ വിഗ്രഹങ്ങൾ നിർമ്മിക്കുകയും പടച്ചവനെ വിട്ട് അവയെ ആരാധിക്കുകയും ചെയ്തു. എന്നാൽ, ഇത് ബഹുദൈവാരാധനയും മഹാപാപവുമായിരുന്നു. സർവ്വ ലോക പരിപാലകനായ പടച്ചവനെ വിട്ട് മറ്റ് വ്യക്തികളെയും ശക്തികളെയും ആരാധിക്കുന്നത് കടുത്ത കുറ്റമായ ശിർക്ക് ആണ്. കാരണം അല്ലാഹു എല്ലാം പടച്ചവനും ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും വിധിക്കുന്നവനും നടത്തുന്നവനുമാണ്. എല്ലാം അല്ലാഹുവാണ് നിയന്ത്രിക്കുന്നത്. അവന്റെ കാര്യത്തിൽ ആർക്കും യാതൊരു പങ്കുമില്ല. എല്ലാവരുടെയും ആഗ്രഹങ്ങൾ അറിയുന്നവനും പ്രാർത്ഥനകൾ കേൾക്കുന്നവനുമാണ്. ഇത് ആദം ﷺ മുതൽ മുഹമ്മദ് നബി ﷺ വരെയുള്ള മുഴുവൻ പ്രവാചകൻമാരുടെയും അടിസ്ഥാന സന്ദേശമാണ്. പല നബിമാരും ഇതിന്റെ വഴിയിൽ വലിയ ത്യാഗങ്ങൾ അനുഭവിച്ചു. വിശിഷ്യാ ഇബ്റാഹീം ﷺ ഈ സത്യത്തിന്റെ വലിയ പോരാളിയാണ്. അന്ത്യപ്രവാചകൻ മക്ക കേന്ദ്രമാക്കിക്കൊണ്ട് ലോകത്തിന് നൽകേണ്ടിയിരുന്നതും ഇതേ സന്ദേശം തന്നെ. ഖുറൈശികൾ വിവിധ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നുവെങ്കിലും പടച്ചവന്റെ ഏറ്റവും വലിയ ശുപാർശകനായി ഹുബ്ലിനെ കണ്ടിരുന്നു. വലിയ ആവശ്യങ്ങൾ അതിനോടാണ് അപേക്ഷിച്ചിരുന്നത്. കൂടാതെ ഇസാഫും നാഇലയും പ്രധാന വിഗ്രഹങ്ങളായിരുന്നു. മക്കയ്ക്ക് വെളിയിലും ചില വിഗ്രഹങ്ങളുണ്ടായിരുന്നു. ഖുറൈശികളും അവയെ അംഗീകരിച്ചിരുന്നു. അതിലൊന്ന് ഉസ്സ ആയിരുന്നു. ഇത് മക്കക്ക് പുറത്ത് നഖ്ലയിൽ സ്ഥിതിചെയ്തിരുന്നു. മറ്റൊന്ന് ഖദീദിലുണ്ടായിരുന്ന മനാത്തായിരുന്നു. ഇത് മദീനക്കാരുടെ വിഗ്രഹമായിരുന്നു. ലാത്ത ത്വാഇഫുകാരുടെ പ്രത്യേക വിഗ്രഹമായിരുന്നു. ഇപ്രകാരം ഓരോ വിഭാഗത്തിനും പ്രത്യേക വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. എല്ലാത്തിന്റെയും ഒരു പ്രതിനിധി കഅ്ബയുടെ ഉള്ളിലും വെക്കപ്പെട്ടു.

ഇപ്രകാരം കഅ്ബയിൽ വിഗ്രഹങ്ങൾ കൂടി മുന്നൂറ്റി അറുപത് വരെ എത്തിച്ചേർന്നു. ഇതോടൊപ്പം അവർക്ക് കഅ്ബയോട് വലിയ ആദരവായിരുന്നു. അതിനെ കേന്ദ്രമായി വിശ്വസിക്കുകയും ഹജ്ജും ത്വവാഫും നിർവ്വഹിക്കുകയും കൂട്ടത്തിൽ വിഗ്രഹങ്ങളോട് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. (അൽ അറബു ഖബ്ലൽ ഇസ്ലാം 6/227)

വിഗ്രഹാരാധനയോടൊപ്പം മൃഗങ്ങളുമായി ബന്ധപ്പെട്ട തെറ്റായ പല വിശ്വാസങ്ങളും അവർ പുലർത്തിയിരുന്നു. ബഹീറ, സ്വാഇബ, വസീല, ഹാം എന്നീ നാമങ്ങളിൽ പലതരം മൃഗനേർച്ചകളും നടത്തുകയും അവയെ ഉപയോഗിക്കാതിരിക്കുകയും ചെയ്തിരുന്നു. പരിശുദ്ധ ഖുർആൻ ഇതിനെ ശക്തമായി എതിർത്തിട്ടുണ്ട്. "ബഹീറ, സാഇബ, വസ്വീല, ഹാം എന്നിങ്ങനെയുള്ള മൃഗങ്ങളെ അല്ലാഹു നിശ്ചയിച്ചിട്ടില്ല. പക്ഷേ, നിഷേധികൾ അല്ലാഹുവിന്റെ പേരിൽ അത് കെട്ടിച്ചമച്ച് പറയുകയാണ്. അവരിൽ അധികപേരും ഗ്രഹിക്കുന്നില്ല." (മാഇദ 103)

റസൂലുല്ലാഹി ﷺ ഈ പ്രദേശത്ത് തൗഹീദിന്റെ പ്രബോധനം ആരംഭിച്ചു. റസൂലുല്ലാഹി ﷺ യുടെ നിയോഗത്തിന് മുമ്പ് തന്നെ തൗഹീദിന്റെ ചെറു ശബ്ദങ്ങൾ ഇവിടെ മുഴങ്ങിയിരുന്നു. ഖൈസ്, വറഖത്ത്, ഉബൈദുല്ലാഹിബ്നു ജഹ്ശ്, ഉസ്മാനുബ്നുൽ ഹുവൈരിസ്, സൈദുബ്നു അംറ് മുതലായ ഒറ്റപ്പെട്ട വ്യക്തികൾ വിഗ്രഹാരാധന ഉപേക്ഷിച്ചിരുന്നു. (ഇബ്നുഹിശാം 1/222)

## സ്വഭാവ-സദാചാര തകർച്ച

മറുവശത്ത് അവരുടെ സ്വഭാവ സാമൂഹിക മേഖലകൾ വളരെയധികം തകർന്നിരുന്നു. വ്യഭിചാരം, മദ്യപാനം, ചൂതാട്ടം, ഗാനമേള എന്നിവയിൽ അഭിമാനിച്ചിരുന്നു. വ്യഭിചാരത്തിലൂടെ പണം സമ്പാദിച്ചിരുന്നു. അനന്തരാവകാശികൾ പ്രായപൂർത്തിയായ പുരുഷന്മാർ മാത്രമായിരുന്നു. വിധവകളെ ഭർത്താവിന്റെ അടുത്ത ബന്ധുക്കൾ നിർബന്ധിച്ച് വിവാഹം കഴിച്ചിരുന്നു. സ്ത്രീകൾ ശരീരഭാഗങ്ങൾ പരസ്യമായി പ്രദർശിപ്പിച്ച് നടന്നിരുന്നു. ശരീരത്തിൽ പച്ചകുത്തലും, തലമുടി പിന്നിവെക്കലും, പല്ല് രാകലും, സൗന്ദര്യം അഭിനയിക്കലും വ്യാപകമായിരുന്നു. പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. വൈവാഹിക വിഷയത്തിൽ പ്രത്യേക നിയമങ്ങളൊന്നുമില്ലായിരുന്നു. ചൂതാട്ടം പ്രിയങ്കര തൊഴിലായിരുന്നു. ജിന്നുകൾ, ദേവി-ദേവന്മാർ ഇവരെക്കുറിച്ച് അത്ഭുത ഭാവനകൾ പുലർത്തിയിരുന്നു. കുതിരയുടെ മത്സര ഓട്ടം ആവേശമായിരുന്നു. ആവേശം യുദ്ധത്തിലേക്ക് നയിച്ചിരുന്നു. അടിമത്ത മോചനം നടത്തിയിരുന്നെങ്കിലും അടിമകളെ അടിമകളായി കണ്ടിരുന്നു.

കൃഷിയുടെ ഉന്നതഭാഗം വിഗ്രഹങ്ങൾക്ക് നൽകിയിരുന്നു. ആ ഭാ

ഗം കായ്ച്ചില്ലെങ്കിൽ ബാക്കിയുള്ളതിൽ നിന്നും കൊടുത്തിരുന്നു. വിശപ്പ് സമയം മൃഗത്തിന്റെ രക്തം കുടിച്ചിരുന്നു. ജീവനുള്ള ജന്തുവിന്റെ അവയവം മുറിച്ച് ഭക്ഷിച്ചിരുന്നു. അനാചാരങ്ങൾ നിറഞ്ഞ മന്ത്രവാദങ്ങളിലും അന്ധവിശ്വാസങ്ങളിലും മുഴുകിയിരുന്നു. പ്രതികാര ദാഹവും ശത്രുതയും മിടുക്കായി കണ്ടിരുന്നു. രണ്ട് തലമുറകൾക്ക് മുമ്പുള്ള പ്രശ്നങ്ങൾക്ക് പോലും പ്രതികാരം ചെയ്തിരുന്നു. പരിസര നാടുകളിലുള്ള തിൻമകൾ പകർത്തിയിരുന്നു. കുലമഹിമയിൽ ഊറ്റം കൊള്ളുകയും ഇതര കുടുംബങ്ങളെ നിന്ദ്യരായി കാണുകയും ചെയ്തിരുന്നു. ഇത് പലപ്പോഴും യുദ്ധത്തിന് കാരണമായിരുന്നു. ശത്രുക്കളെ തകർക്കാൻ ഗൂഢാലോചന നടത്തിയിരുന്നു. ശക്തന്മാരായ പ്രതിയോഗികളിൽ നിന്നും ജാഗ്രത പുലർത്തിയിരുന്നു. (റഹ്മത്തുൻ ലിൽ ആലമീൻ 3/63)

### അന്ത്യപ്രവാചകൻ മക്കയിൽ എന്തുകൊണ്ട് നിയുക്തരായി?

ഇവിടെ ഒരു ചോദ്യമുണ്ട്, ഇത്തരം തിന്മകൾ നിറഞ്ഞ അറേബ്യയുടെ കേന്ദ്രമായ മക്കയിലേക്ക് പിന്നെന്തുകൊണ്ടാണ് മുഹമ്മദ് റസൂലുല്ലാഹി ﷺ നിയുക്തനായത്.? അതെ, ഉപര്യുക്ത നാശങ്ങളോടൊപ്പം അവരിൽ ചില മഹൽശേഷികളും യോഗ്യതകളുമുണ്ടായിരുന്നു. അവർ വലിയ ബുദ്ധി സാമർത്ഥ്യങ്ങൾ ഉള്ളവരായിരുന്നു. പക്ഷേ വിജ്ഞാനം ഇല്ലാത്തതിനാൽ അവ ഉപയോഗിക്കേണ്ട രീതി അറിഞ്ഞിരുന്നില്ല. എന്നിട്ടും ഉള്ള അനുഭവവും അറിവും പ്രയോജനപ്പെടുത്തിയിരുന്നു. അവരിൽ അന്യ സംസ്കാര-നാഗരികതകൾ സ്വാധീനം ചെലുത്തിയിരുന്നില്ല. അവർ സംശുദ്ധമാനസരും ആരോഗ്യമുള്ളവരും തീരുമാനത്തിൽ അടിയുറപ്പുള്ളവരുമായിരുന്നു. അവരുടെ മനസ്സിലെ പലക തീർത്തും ശുദ്ധമായിരുന്നു. മായ്ക്കാൻ ബുദ്ധിമുട്ടുള്ള പഴയ വരകളും വരികളും അതിലില്ലായിരുന്നു. എന്നാൽ റോം, ഇറാൻ, ഇന്ത്യ എന്നിവിടങ്ങളിലെ ജനതകളുടെ അവസ്ഥ അതായിരുന്നില്ല. സ്വന്തം സാംസ്കാരിക-നാഗരികതകളിൽ അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്തിരുന്ന അവരുടെ മാനസിക മണ്ഡലങ്ങളിൽ മായ്ക്കാൻ പ്രയാസമുള്ള മുദ്രകൾ പതിഞ്ഞിരുന്നു. നിരക്ഷരവും അസാംസ്കാരികവുമായ ജീവിതത്തിലൂടെ മനസ്സിൽ വീണിരുന്ന ഏതാനും സാധാരണ പാടുകൾ മാത്രമേ അറബികളിൽ ഉണ്ടായിരുന്നുള്ളൂ. അത് മായ്ച്ച് തൽസ്ഥാനത്ത് നൂതന ചിത്രങ്ങൾ വരയ്ക്കാനും മായ്ക്കാനും കഴുകാനും എളുപ്പമായിരുന്നു. അറിവില്ലായ്മ മാത്രമായിരുന്നു അറബികളുടെ ന്യൂനത എന്നർത്ഥം. 'വിവരമില്ലായെന്ന കാര്യം അവർക്കറിയില്ല. വിവരക്കേടിനെ അവർ വിവരമായി കാണുകയും ചെയ്യുന്നു' ഇതായിരുന്നു അനറബികളുടെ കുഴപ്പം. ഒന്നാമത്തെ ന്യൂനത പരിഹരിക്കാൻ എളുപ്പമാണ്. രണ്ടാമത്തെ രോഗം ചികിത്സി

ക്കാൻ വളരെ പ്രയാസവുമാണ്.

നേരായ പ്രകൃതിയിൽ ഉറച്ച് നിൽക്കുന്നവരായിരുന്നു അറബികൾ. സത്യം മനസ്സിലായില്ലെങ്കിൽ അത് വ്യക്തമാകുന്നതു വരെ പടപൊരുതാൻ അവർ മടിച്ചിരുന്നില്ല. സത്യം വ്യക്തമായാൽ മനസ്സ് തുറന്ന് സ്വീകരിക്കുവാനും അതിനെ മാറോടണച്ച് പിടിക്കാനും അതിനുവേണ്ടി ജീവാർപ്പണം നടത്താനും അവർ ശങ്കിച്ചിരുന്നില്ല. സത്യാന്വേഷണവും സംശുദ്ധ പ്രകൃതിയുമുള്ളവരായിരുന്നു അറബികൾ. മറ്റുള്ളവരെ ചതിക്കുവാനും സ്വയം ചതിയിലേക്ക് ചാടാനും അവർ ഇഷ്ടപ്പെട്ടിരുന്നില്ല. ഉറച്ചുനിൽക്കുന്നവരും ദൃഢചിത്തരുമായിരുന്നു അവർ. സത്യസന്ധതയുടെയും വാഗ്ദാന പാലനത്തിന്റെയും ഉദാത്തഗുണങ്ങൾ അവരിൽ നിറഞ്ഞുനിന്നിരുന്നു. അറബികളിൽ സത്യസന്ധതയും നീതിബോധവും ധീരതയും ഉണ്ടായിരുന്നു. കാപട്യവും ഗൂഢാലോചനയും കുതന്ത്രങ്ങളും അവർക്ക് തികച്ചും അന്യമായിരുന്നു. ചങ്കൂറ്റത്തോടെ അടരാടുന്നവരും അധികനേരവും കുതിരപ്പുറത്ത് കഴിയുന്നവരും കരുത്തുറ്റ പ്രതിരോധനത്തിന്റെയും സഹനത്തിന്റെയും ഉടമകളും ലളിതജീവിതം പതിവാക്കിയവരും യുദ്ധമുറകൾ പരിശീലിച്ചവരുമായിരുന്നു അവർ. ലോകത്ത് വലിയൊരു പരിവർത്തനം നടത്തേണ്ട സമൂഹത്തിനുണ്ടായിരിക്കേണ്ട മഹദ്ഗുണങ്ങളാണിവ. മറുഭാഗത്ത് അവരുടെ ചിന്താകാർമിക ശക്തികളും പ്രകൃതിദത്തമായ ശേഷികളും പൂർണമായും സുരക്ഷിതമായിരുന്നു. സാങ്കല്പിക തത്വശാസ്ത്രങ്ങളിലും പ്രയോജനമില്ലാത്ത തർക്കമേഖലകളിലും മുടിനാരിഴ കീറേണ്ട നൂലാമാലകളിലും പ്രാദേശിക പിടിവലികളിലും അവ പാഴാക്കപ്പെട്ടിരുന്നില്ല. ജീവസ്സുറ്റതും ഓജസ്സ് നിറഞ്ഞതുമായ ഒരു സമൂഹമായിരുന്നു അത്. സ്വാതന്ത്ര്യവും സമത്വവും ലാളിത്വവും അവരുടെ പ്രധാനമായ അടയാളമായിരുന്നു. അവർക്ക് ഒരിക്കലും വിദേശാധിപത്യത്തിന്റെ അടിമകളാകേണ്ടി വന്നിട്ടില്ല. ഇറാനികളെയും റോമക്കാരെയും പോലെ ചക്രവർത്തിമാരുടെ അഹങ്കാരവും നിന്ദ്യതയും അവർക്ക് ഒരിക്കലും ഏറ്റുവാങ്ങേണ്ടി വന്നില്ല.

ഇത്തരം അടിസ്ഥാന ഗുണങ്ങളുടെയും ശേഷികളുടെയും പേരിൽ അല്ലാഹു ഈ പ്രദേശത്തെ തിരഞ്ഞെടുത്തു. അന്ത്യപ്രവാചകത്വത്തിന്റെ അരുണൻ ഇവിടെ നിന്നും ഉദിച്ചുയർന്നു. അതിന്റെ വെള്ളി വെളിച്ചത്തിൽ അറബികൾ സമുന്നതമായ ഒരു യാത്ര ആരംഭിച്ചു. ലോകം മുഴുവൻ സന്മാർഗത്തിന്റെ സന്ദേശം എത്തിച്ചുകൊടുത്തു. അവർ ലോകത്തിന്റെ അദ്ധ്യാപകരും നായകരുമായി. അവരിലൂടെ സത്യത്തിന്റെ പ്രകാശം പ്രപഞ്ചം മുഴുവൻ പരന്ന് പ്രകാശിച്ചു.

# 3

# കുടുംബം, ജനത, ബാല്യം, വളർച്ച

## വംശപരമ്പര

നൂഹ് عليه السلام ന്റെ കാലത്തുണ്ടായ മഹാ പ്രളയത്തിന് ശേഷം നൂഹ് عليه السلام ന്റെ വംശത്തിലൂടെ മാനവകുലം വികസിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ മകൻ 'സാം' ആണ് അറബികളുടെ പിതാമഹൻ. സാമിന് പല മക്കളുണ്ടായെങ്കിലും ചരിത്രകാരന്മാർ ആറാം, അർഫഖ്ശദ് എന്നീ രണ്ട് പേരെ മാത്രമേ പരാമർശിച്ചിട്ടുള്ളു. ഇതിൽ ആറാമിന്റെ സന്താനപരമ്പര പല തലമുറകൾ വരെ അറേബ്യയിൽ വസിച്ചിരുന്നു. പുരോഗതി പ്രാപിക്കുകയും അധികാരം കയ്യാളുകയും ചെയ്ത ഈ വംശം പലതരം പാപങ്ങളിൽ മുഴുകി. അഹങ്കാരവും ബഹുദൈവാരാധനയുമായിരുന്നു അതിൽ പ്രധാന പാപങ്ങൾ. അല്ലാഹു അവരിലേക്കും നബിമാരെ അയച്ചു. പക്ഷെ അനുസരണക്കേട് പരിധിവിട്ടപ്പോൾ തകർന്നടിഞ്ഞു. ഇവർക്ക് 'ബാഇദ' എന്ന് ചരിത്രത്തിൽ പറയപ്പെടുന്നു. ആദ്, സമൂദ്, ജുർഹും, അമാലിഖ മുതലായ ഗോത്രങ്ങൾ ഇതിൽ സ്മരണീയരാണ്.

അർഫക്ശദിന്റെ വംശവും പല ശാഖകളായി പരന്നു. ഇവരിൽ ഖഹ്ഥാനികൾ അറേബ്യയുടെ തെക്ക് ഭാഗത്തും ഇബ്രാഹീം عليه السلام ഗോത്രം ഇറാഖിലും അധിവസിച്ചു. ഇവരിൽ നക്ഷത്രാരാധന വ്യാപകമായി. ഇബ്രാഹീം عليه السلام ഇതിനെതിരിൽ ശബ്ദം ഉയർത്തുകയും തൗഹീദ് പ്രബോധനം നടത്തുകയും ചെയ്തു. ഇബ്രാഹിം عليه السلام ന്റെ പ്രഥമ മകൻ ഇസ്മാഈൽ عليه السلام മക്കയിലും രണ്ടാം മകൻ ഇസ്ഹാഖ് عليه السلام ഫലസ്തീനിലും മൂന്നാമത്തെ മകൻ മദ്‌യൻ സിറിയയുടെ തെക്ക് ഭാഗത്തും താമസമാക്കി.

ചുരുക്കത്തിൽ അറേബ്യയിലെ പൗരാണിക ജനത ആറാമീ വംശവും ശേഷം ഖഹ്ത്വാനികളും ഇബ്രാഹീം عليه السلام ന്റെ കുടുംബക്കാരുമാ

ണ്. ഇതിൽ ഇബ്രാഹീം ﷺ ന്റെ കുടുംബത്തിന് 'മുസ്തഅ്റബ' എന്നു പറയപ്പെടുന്നു.

### ഖുറൈശ്

മക്കത്തുൽ മുകർറമയിൽ ഇബ്രാഹീം ﷺ തന്റെ മകൻ ഇസ്മാഈൽ ﷺ നെ താമസിപ്പിച്ചു. തുടർന്ന് ഭൂമുഖത്ത് അല്ലാഹുവിന്റെ പ്രഥമ ഭവനമായ കഅ്ബത്തുല്ലാഹി പുനർനിർമ്മിച്ചു. തദവസരം അവർ ഇപ്രകാരം പ്രാർത്ഥിച്ചു:- "രക്ഷിതാവേ! ഈ ഭവനത്തെ നീ സജീവമാക്കേണമേ! സന്താനങ്ങൾക്ക് ഈ ഭവനത്തിന്റെ സേവനത്തിന് സൗഭാഗ്യം നൽകേണമേ! ഇതിനെ തൗഹീദിന്റെ കേന്ദ്രമാക്കേണമേ! ഈ നാട്ടുകാർക്ക് സമൃദ്ധമായ ഉപജീവനം നൽകേണമേ! ഈ ഭവനത്തിൽ വന്ന് ആരാധനകളർപ്പിക്കാൻ വിശ്വാസികൾക്ക് ഉതവി നൽകേണമേ!" അല്ലാഹു ഈ പ്രാർത്ഥന സ്വീകരിച്ചു. കഅ്ബയുടെ ആദരവിനെ ലോകം അംഗീകരിച്ചു. കഴിവനുസരിച്ച് ജനങ്ങൾ അവിടെ ആഗതരായി. ഇതിന് ഹജ്ജ് എന്ന് പറയപ്പെട്ടു.

ഇബ്രാഹീം ﷺ ന്റെ പരമ്പരയിൽ ജനിച്ച ഒരു പ്രധാന വ്യക്തിയാണ് അദ്നാൻ. ഈ ഗോത്രത്തിന് ഖുറൈശ് എന്ന് പറയപ്പെട്ടു. കഅ്ബയുടെ സേവനകാര്യങ്ങൾ ഇവരാണ് നടത്തിയിരുന്നത്. അങ്ങനെ ഇവർ എല്ലാവരുടെയും ദൃഷ്ടിയിൽ ആദരണീയരായി. ഇതിന്റെ പേരിൽ അവർക്കും വ്യത്യസ്ഥ ഗോത്രങ്ങളുമായി ബന്ധമുണ്ടാകുകയും കച്ചവട ആവശ്യത്തിന് വിവിധ നാടുകളിൽ നിർഭയം യാത്ര നടത്തുകയും ചെയ്തിരുന്നു. നിരക്ഷരരായിരുന്നെങ്കിലും പുരോഗമന പ്രദേശങ്ങളുമായുള്ള ബന്ധം കാരണം  ഇവരും പുരോഗതി പ്രാപിച്ചു. ഇവരിലെ ഖുസയ്യുബ്നു കിലാബ് എന്ന വ്യക്തി ബുദ്ധിയും സാമർത്ഥ്യവും കാരണം മക്കത്തുൽ മുകർറമയിലെ ഭരണാധികാരി (ഇന്നത്തെ ജനാധിപത്യ ഭാഷയിൽ മേയർ) ആയിരുന്നു; ഇദ്ദേഹത്തിനുശേഷം വ്യത്യസ്ത ഉത്തരവാദിത്തങ്ങൾ സന്താനങ്ങളിൽ വിഭജിക്കപ്പെട്ടു. ഇവയിൽ ഹാജിമാരെ സ്വീകരിക്കാനും സൽക്കരിക്കാനുമുള്ള വിഭാഗം റസൂലുല്ലാഹി ﷺ യുടെ പിതാമഹനായ ഹാഷിമിന് ലഭിച്ചു. ഇത് അദ്ദേഹത്തിന്റെ പരമ്പരകൾ വഴി റസൂലുല്ലാഹി ﷺ യുടെ പിതൃവ്യൻ അബൂത്വാലിബിൽ എത്തിച്ചേർന്നു.

അല്ലാഹു, ഖുറൈശിന് ചെയ്ത ഈ അനുഗ്രഹങ്ങളെ പരിശുദ്ധ ഖുർആനിൽ ഉണർത്തിയിട്ടുണ്ട്; "ഖുറൈശിന് ഇണക്കമൊക്കിയ കാരണത്താൽ, അതായത് ശൈത്യ-വേനൽ കാലങ്ങളിൽ അവർക്ക് യാത്ര എളുപ്പമാക്കിയതിനാൽ, (ഇതിന് നന്ദിയെന്നോണം) ഈ വീടിന്റെ നാഥനെ അവർ ആരാധിച്ചുകൊള്ളട്ടെ! അവൻ അവർക്ക് വിശപ്പിന് ആഹാരം നൽകി. ഭയത്തിൽ നിന്നും അഭയം കനിഞ്ഞു". (ഖുറൈശ്: 1-4)

അതെ, ഈ സമുന്നത ആരാധനാലയത്തിന്റെ സേവനത്തിലൂടെ ഖുറൈശിന് വലിയ അന്തസ്സും സ്ഥാനവും ലഭിച്ചു. സ്വീകരണ-സൽക്കാരങ്ങൾ കാരണം ബനൂഹാഷിം കുടുംബത്തിന് കൂടുതൽ സ്വീകാര്യത സിദ്ധിച്ചു. കൂടാതെ അല്ലാഹു ഇവർക്ക് മഹോന്നത ഗുണങ്ങളും കനിഞ്ഞരുളി. ഈ കുടുംബത്തിലെ സമുൽകൃഷ്ട സന്താനമാണ് ആദരവായ മുഹമ്മദുർറസൂലുല്ലാഹി ﷺ.

## അനുഗ്രഹീത പരമ്പര

ഇബ്രാഹീം ﵇ ആണ് റസൂലുല്ലാഹി ﷺ യുടെ പ്രധാന പിതാമഹൻ. ഇബ്രാഹീം ﵇ നെ അല്ലാഹു ഇതര നബിമാർക്കിടയിൽ പ്രത്യേകം തെരഞ്ഞെടുത്തു. നിരന്തരവും നിസ്തുലവുമായ ത്യാഗങ്ങൾ കാരണം അല്ലാഹു അദ്ദേഹത്തെ ആത്മമിത്രവും ഉറ്റ തോഴനുമാക്കി. (നിസാഅ്: 125) അല്ലാഹു ഈ സ്വീകാര്യതയെ അദ്ദേഹത്തിന്റെ സന്താനപരമ്പരയിലേക്കും പകർന്നു. ഇക്കാര്യത്തെ ഇബ്രാഹീം ﵇ പടച്ചവനോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. അപേക്ഷ സ്വീകരിച്ചുകൊണ്ട് അല്ലാഹു പ്രസ്താവിച്ചു; താങ്കളുടെ ശരിയായ മാർഗ്ഗത്തിൽ ഉറച്ചുനിൽക്കുന്നവർക്ക് മാത്രം നാമത് കനിഞ്ഞരുളുന്നതാണ്. "ഇബ്രാഹീമിനെ അദ്ദേഹത്തിന്റെ രക്ഷിതാവ് ചില കൽപ്പനകൾകൊണ്ട് പരീക്ഷിക്കുകയും അദ്ദേഹം അത് നിറവേറ്റുകയും ചെയ്ത കാര്യവും (നിങ്ങൾ അനുസ്മരിക്കുക). (അപ്പോൾ) അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു: ഞാൻ നിന്നെ മനുഷ്യർക്ക് നേതാവാക്കുകയാണ്. ഇബ്രാഹീം പറഞ്ഞു: എന്റെ സന്തതികളിൽ പെട്ടവരെയും (നേതാക്കളാക്കേണമേ!) അല്ലാഹു പറഞ്ഞു: (ശരി; പക്ഷെ) എന്റെ ഈ നിശ്ചയം അതിക്രമകാരികൾക്ക് ബാധകമായിരിക്കുകയില്ല". (ബഖറ: 124) "ഇബ്രാഹീം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു). എന്റെ രക്ഷിതാവേ, നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും, എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്നും അകറ്റി നിർത്തുകയും ചെയ്യേണമേ! എന്റെ രക്ഷിതാവേ, തീർച്ചയായും അവ (വിഗ്രഹങ്ങൾ) മനുഷ്യരിൽ നിന്ന് ഒരുപാടുപേരെ പിഴപ്പിച്ചു കളഞ്ഞിരിക്കുന്നു. അതിനാൽ, എന്നെ ആര് പിന്തുടർന്നുവോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനാകുന്നു. ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിക്കുന്ന പക്ഷം തീർച്ചയായും നീ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണല്ലോ! ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽ നിന്ന് (ചിലരെ) കൃഷിയൊന്നുമില്ലാത്ത ഒരു താഴ്വരയിൽ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്കാരം മുറപ്രകാരം നിർവ്വഹിക്കാൻ

വേണ്ടിയാണ് (അങ്ങനെ ചെയ്തത്). അതിനാൽ മനുഷ്യരിൽ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ്‌വുള്ളതാക്കുകയും അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നൽകുകയും ചെയ്യേണമേ! അവർ നന്ദി കാണിച്ചേന്ന് വരാം". (ഇബ്രാഹീം 35-37)

രക്ഷിതാവിന്റെ തൃപ്തിക്കുവേണ്ടി ഇബ്റാഹീം ﵇ അത്യന്തം ത്യാഗനിർഭരമായ ധാരാളം കാര്യങ്ങൾ അനുഷ്ഠിച്ചു. പാലുകുടി തീരാത്ത പൈതലിനെയും കൂട്ടി ഭാര്യയെ വിജനമായ മക്കയിൽ തനിച്ചാക്കി. കുഞ്ഞ് യുവാവായപ്പോൾ അല്ലാഹുവിന്റെ കൽപന പ്രകാരം മകനെ അറുക്കാൻ സന്നദ്ധനായി പക്ഷെ, അല്ലാഹു മകൻ ഇസ്മാഈൽ ﵇ നെ രക്ഷിച്ചു. അദ്ദേഹത്തിന്റെ പരമ്പരയിൽ അന്ത്യപ്രവാചകൻ മുഹമ്മദുർ റസൂലുല്ലാഹി ﷺ യെ ജനിപ്പിച്ചു. മറുഭാഗത്ത് ഇബ്റാഹീം ﵇ ന്റെ രണ്ടാമത്തെ മകൻ ഇസ്ഹാഖ് ﵇ നെയും അദ്ദേഹത്തിന്റെ മകൻ യഅ്ഖൂബ് ﵇ നെയും മകൻ യൂസുഫ് ﵇ നെയും നബിയാക്കി. ചുരുക്കത്തിൽ ഇബ്റാഹീം ﵇ നിരവധി നബിമാരുടെ പിതാമഹനാണ്. ഈ പരമ്പരയിലാണ് റസൂലുല്ലാഹി ﷺ ഉദയം ചെയ്തത്. റസൂലുല്ലാഹി ﷺ യുടെ വംശപരമ്പര ഇപ്രകാരമാണ്:

മുഹമ്മദ് മകൻ അബ്ദുല്ലാഹ് മകൻ അബ്ദുൽ മുത്തലിബ് മകൻ ഹാഷിം മകൻ അബ്ദുമനാഫ് മകൻ ഖുസയ്യ് മകൻ കിലാബ് മകൻ മുർറത്ത് മകൻ കഅ്ബ് മകൻ ലുഅയ്യ് മകൻ ഗാലിബ് മകൻ ഫിഹ്ർ മകൻ മാലിക് മകൻ നള്ർ മകൻ കിനാനാ മകൻ ഖുസൈമ മകൻ മുദ്രികഃ മകൻ ഇൽയാസ് മകൻ മുളർ മകൻ നിസാർ മകൻ മുഅദ്ദ് മകൻ അദ്നാൻ.

അദ്നാന്റെ പരമ്പര ഇസ്മാഈലുബ്നു ഇബ്റാഹീം ﵇ വരെ ചെന്നുചേരുന്നു. ഈ പരമ്പരയിലുള്ളവരെല്ലാം ഉന്നതഗുണങ്ങളുള്ളവരും പ്രധാനസ്ഥാനീയരുമായിരുന്നു. ഇവരിൽ പ്രധാനിയായ അബ്ദുൽ മുത്തലിബിന്റെ പത്ത് മക്കളിൽ ഒരാളാണ് റസൂലുല്ലാഹി ﷺ യുടെ പിതാവായ അബ്ദുല്ലാഹ്.

അബ്ദുല്ലാഹ് കുറഞ്ഞ കാലം മാത്രമേ ജീവിച്ചുള്ളൂ. പക്ഷെ, ഉന്നത ഗുണങ്ങളിലൂടെ വലിയ സ്ഥാനം കരസ്ഥമാക്കി. കൂടാതെ അദ്ദേഹത്തിന് മറ്റൊരു പ്രത്യേകതയുമുണ്ട്; തനിക്ക് പത്ത് മക്കൾ ജനിച്ചാൽ അതിൽ ഒരാളെ ബലി നൽകുന്നതാണെന്ന് അബ്ദുൽ മുത്തലിബ് ഉദ്ദേശിച്ചിരുന്നു. എണ്ണം പൂർത്തിയായപ്പോൾ ഒരാളെ ബലിക്ക് തെരഞ്ഞെടുക്കാൻ നറുക്കിട്ടു. അബ്ദുല്ലായുടെ നാമമാണ് നറുക്ക് വീണത്. അദ്ദേഹം മകനെ അറുക്കാൻ സന്നദ്ധനായി. എന്നാൽ മകനെ അറുക്കുന്നതിനുപകരം ഒരു വ്യക്തിയുടെ വധത്തിനുള്ള പരിഹാരമായ ഒട്ടകങ്ങളെ

ബലി നൽകിയാൽ മതിയാകുന്നതാണെന്ന് പണ്ഡിതന്മാർ അഭിപ്രായ പ്പെട്ടു. അങ്ങനെ ധാരാളം ഒട്ടകങ്ങളെ അദ്ദേഹം ബലി നൽകുകയുണ്ടാ യി. ഇപ്രകാരം പിതാമഹനായ ഇസ്മാഈൽ ﵇ ന്റെ മാതൃക ആവർ ത്തിക്കാൻ അല്ലാഹു ഇവർക്കും അവസരം നൽകി. ബനൂ സുഹ്റ ഗോ ത്രത്തിൽ പെട്ട ആമിന ബിൻതു വഹബുമായി അബ്ദുല്ലായുടെ വിവാ ഹം നടന്നു. ഇവരും ഖുറൈശിയുമായി ബന്ധപ്പെട്ട ഉന്നത കുടുംബ ക്കാരിയും സൽഗുണസമ്പന്നയും ആയിരുന്നു. ചുരുക്കത്തിൽ മാതാവി ന്റെയും പിതാവിന്റെയും രണ്ട് കുടുംബങ്ങളും വളരെ ഉന്നതമായിരുന്നു. റസൂലുല്ലാഹി ﷺ യുടെ സ്വഭാവ സമുന്നതിയിലും പ്രവാചകത്വ തെര ഞ്ഞെടുപ്പിലും ഈ കുടുംബ മഹിമയ്ക്കും സ്ഥാനമുണ്ട്. അല്ലാഹു പറ യുന്നു: "നബിയെ, താങ്കൾ ഉന്നത സ്വഭാവ മഹിമകൾ നിറഞ്ഞവരാ ണ്". (ഖലം: 5) 'തന്റെ പ്രവാചകത്വ ദൗത്യം എവിടെയാണ് നിക്ഷേപി ക്കേണ്ടതെന്ന് അല്ലാഹുവിന് നന്നായി അറിയാം'. (അൻആം)

### അനുഗ്രഹീത ജനനം

ആദരവായ റസൂലുല്ലാഹി ﷺ പിതാവിന്റെ തണലില്ലാതെ അല്ലാ ഹുവിന്റെ പ്രത്യേക മേൽനോട്ടത്തിൽ ജനിപ്പിച്ച് വളർത്താനായിരുന്നു അല്ലാഹുവിന്റെ തീരുമാനം. അങ്ങനെ റസൂലുല്ലാഹി ﷺ ജനിക്കുന്നതി ന് ഏതാനും മാസം മുമ്പ് മദീനയിലേക്കുള്ള ഒരു യാത്രയിൽ പിതാവ് അബ്ദുല്ലാഹ് ദിവംഗതനായി. അവിടെത്തന്നെ ഖബറടക്കപ്പെടുകയും ചെയ്തു. തുടർന്ന് ഏതാനും നാളുകൾക്ക് ശേഷം റബീഉൽ അവ്വൽ ഒ മ്പത് (570 ഏപ്രിൽ 17) തിങ്കളാഴ്ച ദിവസം ലോകാനുഗ്രഹി റസൂലുല്ലാ ഹി ﷺ യുടെ അനുഗ്രഹീത ജനനം നടന്നു (ഫത്ഹുൽ ബാരി 1/212). പൗത്രനെ അബ്ദുൽ മുത്തലിബ് സ്നേഹ വാത്സല്യങ്ങളോടെ സ്വീക രിച്ചു. മുഹമ്മദ് എന്ന് പേരുനൽകി. പിതാവിന്റെ അഭാവം കഴിയുന്നത്ര ഇല്ലാതാക്കും വിധം കാരുണ്യം വർഷിച്ചു.

### പാലുകുടി

കുഞ്ഞ് ജനിച്ചാൽ പാല് കൊടുക്കുന്നതിനും പ്രാരംഭ ശുശ്രൂഷകൾ ക്കും ശൈശവ ഘട്ടത്തിൽ മക്കക്കാർ ഗ്രാമങ്ങളെ ഇഷ്ടപ്പെട്ടിരുന്നു. അ ന്തരീക്ഷം സംശുദ്ധവും ലളിതവുമായതിനോടൊപ്പം ഗ്രാമീണരുടെ സ്വ ഭാവം മധ്യവും അവക്രവുമായിരുന്നു. കൂടാതെ ഗ്രാമീണ ഭാഷ സ്ഫുട വും സാഹിത്യ സമ്പന്നവുമായിരുന്നു. മക്കയ്ക്കും താഇഫിനും ഇട യിൽ താമസിച്ചിരുന്ന ഹവാസിൻ ഗോത്രത്തിലെ ബനൂസഅദ് ഗോത്ര ത്തിലെ സ്ത്രീകൾ വർഷത്തിലൊരിക്കൽ മക്കയിൽ വന്ന് നവജാത ശി ശുക്കളെ ഏറ്റെടുത്ത് കൊണ്ടുപോകുമായിരുന്നു. മൂന്ന് വർഷത്തോളം

കുഞ്ഞുങ്ങളെ പരിപാലിക്കുന്ന ഇവർക്ക് മാന്യമായ പ്രതിഫലം നൽക പ്പെട്ടിരുന്നു. റസൂലുല്ലാഹി ﷺ യുടെ ജനന വർഷവും ഇവർ മക്കയിലെ ത്തി. സമ്പന്ന കുടുംബത്തിലെ കുഞ്ഞുങ്ങളെ അവർ താൽപര്യത്തോ ടെ ഏറ്റെടുത്തു. പിതാവില്ലാത്തതിനാൽ എന്തുകൂലി കിട്ടാനാണെന്ന് വിചാരിച്ച് ആരും റസൂലുല്ലാഹി ﷺ യെ സ്വീകരിച്ചില്ല. അവരുടെ സം ഘാംഗമായ ഹലീമത്തുസ്സഅദിയ്യ വാഹനത്തിന്റെ പഴക്കം കാരണം അൽ പം പിന്തിയാണ് മക്കയിലെത്തിയത്. ആരും സ്വീകരിക്കാതിരുന്ന അനാ ഥയായ റസൂലുല്ലാഹി ﷺ യെ ഏറ്റെടുത്താൽ കൂലികുറയും എന്ന ചി ന്ത അലട്ടിയെങ്കിലും റസൂലുല്ലാഹി ﷺ യിൽ കണ്ട അത്ഭുതകരമായ ഐശ്വര്യം അവരെ പ്രേരിപ്പിച്ചു. അവർ റസൂലുല്ലാഹി ﷺ യെ ഏറ്റെടു ത്തു. അവരുടെ പ്രതീക്ഷ പോലെ നടക്കുകയും ചെയ്തു. ഈ സംഭ വം അത്യന്തം ഹൃദ്യമായ നിലയിൽ ഹലീമ ബീവി ﵂ വിവരിച്ചിട്ടുണ്ട്. അതിൽ ചില വാക്യങ്ങൾ ഇവിടെയും ഉദ്ധരിക്കട്ടെ.

ഹലീമ സഅദിയ്യ ﵂ പ്രസ്താവിച്ചിരിക്കുന്നു: എന്റെ ഭർത്താവിനോ ടൊപ്പം ഞാനും പാൽ കുടിക്കുന്ന ഒരു കുഞ്ഞും ബനൂസഅദ് കുടുംബ ത്തിലെ സ്ത്രീകളോടൊപ്പം മക്കയിലേക്ക് പുറപ്പെട്ടു. അത് വലിയ ക്ഷാ മത്തിന്റെ വർഷമായിരുന്നു. ദാരിദ്ര്യം കാരണം ഞങ്ങളുടെ പക്കൽ ഒ ന്നുമില്ലായിരുന്നു. തവിട്ടുനിറമുള്ള ഒരു കഴുതപ്പുറത്തായിരുന്നു ഞങ്ങ ളുടെ യാത്ര. കൂട്ടത്തിൽ ഒരു പെൺ ഒട്ടകവുമുണ്ടായിരുന്നു. അതിന് പാൽ തീരെ ഇല്ലായിരുന്നു. ഞാൻ ആഹാരംഒന്നും കഴിക്കാത്തതിനാൽ എന്റെ പാൽ മുഴുവൻ വറ്റി കുഞ്ഞ് രാത്രി മുഴുവനും ദാഹിച്ച് വിശന്ന് കരഞ്ഞിരുന്നു. എന്നാൽ ഈ ഞെരുക്കം മാറി വിശാലത ലഭിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷ പുലർത്തി. ഞങ്ങളുടെ വാഹനം വളരെ പതുക്കെ യാണ് യാത്ര ചെയ്തിരുന്നത്. ആദ്യമാദ്യം സഹയാത്രികർ ഞങ്ങളെ പ്രതീക്ഷിച്ചുനിന്നിരുന്നെങ്കിലും അവസാനം അവർ മടുത്ത് മുന്നോട്ട് നീ ങ്ങി. ഞങ്ങൾ പിന്നിലായി. വളരെ വൈകി ഞങ്ങൾ മക്കയിലെത്തി. കു ഞ്ഞുങ്ങളെ അന്വേഷിച്ച് ഞാനും ഭർത്താവും കറങ്ങി നടന്നു. അവസാ നം ഞങ്ങൾ റസൂലുല്ലാഹി ﷺ യുടെ അരികിലെത്തി. ഞങ്ങളുടെ സഹ യാത്രികരെല്ലാം റസൂലുല്ലാഹി ﷺ യെ കണ്ടിരുന്നു. പക്ഷെ അനാഥയാ ണെന്നറിയുമ്പോൾ അവരെല്ലാം പിന്മാറുകയായിരുന്നു. അവർക്കെല്ലാം ഓരോ കുഞ്ഞുങ്ങളെ ലഭിച്ചു. എനിക്ക് ആരെയും ലഭിച്ചില്ല. റസൂലുല്ലാ ഹി ﷺ യെ കണ്ടുമടങ്ങാൻ ഞങ്ങൾ ഉദ്ദേശിച്ചപ്പോൾ ഭർത്താവിനോട് ഞാൻ പറഞ്ഞു: കുഞ്ഞില്ലാതെ ഞാൻ മാത്രം മടങ്ങുന്നത് ശരിയായി തോന്നുന്നില്ല. ഈ അനാഥ കുഞ്ഞിനെ തന്നെ നമുക്ക് ഏറ്റെടുക്കാം. ഭർത്താവ് സമ്മതിച്ചുകൊണ്ടു പറഞ്ഞു: അല്ലാഹു നമുക്ക് ഈ കു

ഞ്ഞിൽ ഐശ്വര്യം നൽകുമായിരിക്കും.

ഹലീമ ബീവി ﷺ വിവരിക്കുന്നു: ഞാൻ കുഞ്ഞിനെ ഏറ്റെടുത്ത് മടിയിൽ വെച്ചതേയുള്ളൂ എന്റെ സ്തനങ്ങളിൽ പാൽ നിറഞ്ഞു. കുഞ്ഞ് നന്നായി കുടിച്ചു. ശേഷം എന്റെ കുഞ്ഞും കുടിച്ചു. ഇരുവരും കിടന്നുറങ്ങി. ഇതുവരെ ഞങ്ങളുടെ കുഞ്ഞ് സ്വസ്ഥമായി ഉറങ്ങിയില്ലായിരുന്നു. തുടർന്ന് എന്റെ ഭർത്താവ് ഒട്ടകത്തിനടുത്ത് ചെന്ന് നോക്കിയപ്പോൾ അതിന്റെ അകിടുകളും നിറഞ്ഞിരിക്കുന്നു. അദ്ദേഹവും ഞാനും പാൽ നന്നായി കുടിച്ചു. അന്ന് രാത്രി ഞങ്ങളിരുവരും സമാധാനത്തോടെ ഉറങ്ങി. രാവിലെ ഉണർന്നപ്പോൾ ഭർത്താവ് പറഞ്ഞു: ഹലീമാ, അല്ലാഹുവിൽ സത്യം നീ ഏറ്റെടുത്ത കുഞ്ഞ് ഐശ്വര്യം നിറഞ്ഞതുതന്നെ! ഞാൻ പറഞ്ഞു: അല്ലാഹുവിൽ സത്യം മറ്റുള്ളവർ ഞങ്ങളുടെ അടുത്തെത്താൻ പ്രയാസപ്പെടുന്ന വിധത്തിൽ വാഹനം വേഗത്തിൽ സഞ്ചരിച്ചു. എന്റെ സഹയാത്രികർ പറഞ്ഞു: അബൂഖുവൈബിന്റെ മകളെ, നിനക്ക് നന്മ വരട്ടെ! ഒന്ന് ഞങ്ങളെയും പരിഗണിച്ച് പതുക്കെപ്പോകുക. ഇത് നിങ്ങൾ വരാൻ ഉപയോഗിച്ച വാഹനമല്ല. ഞാൻ പറഞ്ഞു: അല്ലാഹുവിൽ സത്യം വാഹനം പഴയ വാഹനം തന്നെയാണ്. അവർ പറഞ്ഞു: ഇത് പുതിയ കാര്യമാണ്.

ഹലീമ ബീവി പറയുന്നു: ഞങ്ങൾ നാട്ടിലെത്തി. ഞങ്ങളുടെ നാടിനേക്കാൾ ഉണങ്ങി വരണ്ട പ്രദേശം എനിക്ക് അറിയില്ലായിരുന്നു. എന്നാൽ ഇപ്പോൾ അവസ്ഥ മാറിമറിഞ്ഞു. ഈ അനുഗ്രഹീത കുഞ്ഞ് വന്നതിനുശേഷം വൈകുന്നേരങ്ങളിൽ ആടുകൾ വയറുനിറഞ്ഞ് വരാൻ തുടങ്ങി. ഞങ്ങൾ അവയുടെ പാൽ കറന്ന് നന്നായി പാൽ കുടിച്ചു. ഇതുകണ്ട കുടുംബക്കാർ ഞങ്ങളുടെ ആടുകൾ മേയുന്ന സ്ഥലത്ത് തന്നെ അവരുടെയും ആടുകളെ മേയ്ക്കണമെന്ന് ഇടയന്മാരട് നിർദ്ദേശിച്ചു. ദിവസങ്ങളിങ്ങനെ നീങ്ങി. അല്ലാഹുവിന്റെ ഭാഗത്തുനിന്നും അനുഗ്രഹ-ഐശ്വര്യങ്ങൾ ഞങ്ങളുടെ മേൽ വർഷിച്ചുകൊണ്ടിരുന്നു. രണ്ട് വർഷമായപ്പോൾ പാൽ കുടി നിർത്തി ഇതര കുട്ടികളെ അപേക്ഷിച്ച് റസൂലുല്ലാഹി ﷺ യുടെ ആരോഗ്യം കൂടുതൽ ശക്തമായിരുന്നു. ഞാൻ കുഞ്ഞിനെയും കൂട്ടി മാതാവിനടുത്തെത്തി. ഈ കുഞ്ഞ് ഇനിയും ഞങ്ങളോടൊപ്പം തന്നെയുണ്ടാകണമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. അതുകൊണ്ട് ഞങ്ങൾ ഉമ്മയോട് പറഞ്ഞു: കുഞ്ഞിനെ കുറച്ചുനാൾ കൂടി ഞങ്ങളോടൊപ്പം വിടുക. കുഞ്ഞ് കൂടുതൽ ആരോഗ്യവാനാകട്ടെ, മക്കയിലെ വ്യാധി കുഞ്ഞിനെ ബാധിക്കുമോ എന്നെനിക്ക് ഭയമുണ്ട്. ഞാനതിന് നിർബന്ധിച്ചുകൊണ്ടേയിരുന്നു. അവസാനം മാതാവ് സമ്മതിച്ചു. ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

ഹലീമ ബീവി ﷺ തുടരുന്നു: ഞങ്ങൾ മടങ്ങി ഏതാനും മാസമായപ്പോൾ റസൂലുല്ലാഹി ﷺ ആടിനെ മേയ്ക്കാൻ പോയിരിക്കുകയായിരുന്നു. ഇതിനിടയിൽ എന്റെ മകൻ കരഞ്ഞുവിളിച്ചുകൊണ്ട് വീട്ടിൽ വന്ന് ഞങ്ങളോട് പറഞ്ഞു: ശുഭ വസ്ത്രധാരികളായ രണ്ടുപേർ എന്റെ ഖുറൈഷി സഹോദരനെ പിടിച്ച് മലർത്തിക്കിടത്തി വയറുകീറി! ഇതുകേട്ട പാടെ ഞാനും മകന്റെ പിതാവും ഓടിച്ചെന്ന് നോക്കിയപ്പോൾ റസൂലുല്ലാഹി ﷺ നിൽക്കുകയാണ്. മുഖത്ത് പരിഭ്രമത്തിന്റെ അടയാളമുണ്ട്. ഞാനും ഭർത്താവും കുഞ്ഞിനെ കെട്ടിപ്പിടിച്ച് കാര്യം തിരക്കി. റസൂലുല്ലാഹി ﷺ സംഭവം വിവരിച്ചു. രണ്ടുപേർ വന്ന് എന്റെ വയറ് കീറി എന്തോ അന്വേഷിച്ചു. ഞങ്ങൾ റസൂലുല്ലാഹി ﷺ യെയും കൂട്ടി കൂടാരത്തിലെത്തി. തദവസരം എന്റെ ഭർത്താവ് പറഞ്ഞു: കുഞ്ഞിന് വല്ല ബാധയുമുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. ആകയാൽ കുട്ടിയെ നമുക്ക് തിരിച്ചേൽപ്പിക്കാം. ഞങ്ങൾ കുട്ടിയെയും കൂട്ടി മാതാവിനടുത്തെത്തി. വളരെ നിർബന്ധിച്ചുകൊണ്ടുപോയതിനുശേഷം മടക്കിക്കൊണ്ടുവന്നതെന്തിനാണെന്ന് അവർ തിരക്കി. ഞാൻ പറഞ്ഞു: അല്ലാഹു കുഞ്ഞിനെ നല്ല അവസ്ഥയിൽ എത്തിച്ചു. എന്റെ ബാധ്യത പൂർത്തീകരിക്കപ്പെട്ടു. ഇതിനിടയിൽ ചില സംഭവങ്ങളുണ്ടായി. അത് ഞങ്ങളെ ഭയപ്പെടുത്തി. അതുകൊണ്ട് നല്ല അവസ്ഥയിൽ തന്നെ കുഞ്ഞിനെ എത്തിച്ചുതരാമെന്ന് ഞങ്ങൾ തീരുമാനിച്ചു. എനിക്കൊന്നും മനസ്സിലാകുന്നില്ല. സത്യം പറയുക എന്ന് പറഞ്ഞുകൊണ്ട് അവർ എന്നെ പിടിച്ചുനിർത്തി. അവസാനം ഞാൻ സംഭവം വിവരിച്ചു. അവർ പറഞ്ഞു: എന്റെ കുഞ്ഞിന് ജിന്നുബാധയുണ്ടാകുമെന്നോ? ഒരിക്കലുമില്ല, അല്ലാഹുവിൽ സത്യം പിശാച് അവനരുകിൽ എത്തുകപോലുമില്ല. എന്റെ കുഞ്ഞിന്റെ കാര്യങ്ങളെല്ലാം അത്ഭുതം തന്നെ. ഞാൻ ചിലത് പറയട്ടെ? ഞാൻ പറഞ്ഞു: തീർച്ചയായും പറയുക. അവർ പറഞ്ഞു: ഈ കുഞ്ഞിനെ ഗർഭം ധരിച്ച സമയത്ത് എന്റെ ഉള്ളിൽ നിന്നും ഒരു പ്രകാശം പുറപ്പെട്ടു. അതുകാരണം ശാമിലെ ബുസ്റ പട്ടണത്തിലെ മാളികകൾ പ്രകാശിച്ചു. ഗർഭമുറച്ചപ്പോൾ കാര്യങ്ങളെല്ലാം വളരെ എളുപ്പമായിരുന്നു. പ്രസവിച്ചപ്പോൾ ഈ രണ്ട് കൈകളും ഭൂമിയിൽ കുത്തിയും ആകാശത്തേക്ക് ശിരസ്സുയർത്തിയുമായിരുന്നു കടന്ന് വന്നത്. (ഇബ്നുഹിശാം: 1/162-165)

ഇപ്രകാരം റസൂലുല്ലാഹി ﷺ മാതാവിന്റെയരുകിൽ മടങ്ങിയെത്തി. മുലകുടി ബന്ധമുള്ള സഹോദരങ്ങളോടൊപ്പം ആടിനെ മേച്ചത് പിന്നീട് പ്രയോജനപ്പെട്ടു. പിൽക്കാലത്ത് റസൂലുല്ലാഹി ﷺ ഇത് ജോലിയായി നിർവ്വഹിക്കുകയുണ്ടായി. ഇതര നബിമാരും ആടിനെ മേയ്ച്ചിട്ടുണ്ട്. ന

ബി ﷺ അരുളുകയും ചെയ്തിട്ടുണ്ട്. ഇതൊരു ഭാഗത്ത് ആർക്കും ഓർമ്മവരാതെയുള്ള ജീവിതത്തിന് വഴിയാണെങ്കിൽ മറുഭാഗത്ത് സഹന ശീലവും നേതൃത്വ പാഠവവും പഠിപ്പിക്കുന്ന ഒരു കർമ്മവുമാണ്.

## സുരക്ഷിതമായ വളർച്ച

റസൂലുല്ലാഹി ﷺ യുടെ മാതാവ് അനാഥയായ മകനെ അത്യന്തം വിലപിടിച്ച നിധിയെ പോലെ സൂക്ഷിച്ചു വളർത്തി. കുഞ്ഞ് പിതാവില്ലാത്തതിനാൽ മാതാവുമായി അത്യധികം ഇണങ്ങിക്കഴിഞ്ഞു. ഇതിനിടയിൽ മദീനയിലുള്ള ബന്ധുക്കൾ കുഞ്ഞിനെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചതിനാൽ കുഞ്ഞിനെയും കൂട്ടി മാതാവ് മദീനയിൽ വന്നു. പല മാസങ്ങൾ താമസിച്ച ശേഷം മടങ്ങവെ മക്കയ്ക്കും മദീനയ്ക്കുമിടയിലുള്ള അബവാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ മാതാവ് രോഗിണിയായി ഇഹലോകവാസം വെടിഞ്ഞു. കുട്ടത്തിൽ വളർത്തുമ്മയെപ്പോലെ കഴിഞ്ഞിരുന്ന ഉമ്മുഅയ്മൻ എന്ന വനിതയുണ്ടായിരുന്നു. ഉമ്മയെ അവിടെത്തന്നെ ഖബറടക്കിയ ശേഷം ഉമ്മു അയ്മനിനോടൊപ്പം റസൂലുല്ലാഹി ﷺ മക്കയിലേക്ക് മടങ്ങി തദവസരം തങ്ങളുടെ പ്രായം 6 വയസ്സായിരുന്നു. ഇപ്പോൾ തങ്ങൾക്ക് മാതാവും പിതാവും ഇല്ലാതായി!

തുടർന്ന് പരിപാലനം മക്കയിലെ നേതാവായിരുന്ന പിതാമഹൻ അബ്ദുൽ മുത്തലിബിന്റേതായിരുന്നു. അദ്ദേഹം കാരുണ്യവും ശ്രദ്ധയും വർഷിപ്പിച്ചു. പക്ഷെ രണ്ട് വർഷം കഴിഞ്ഞപ്പോൾ അദ്ദേഹവും ദിവംഗതനായി. ശേഷം എട്ട് വയസ്സുമുതൽ പിതൃവ്യൻ അബൂതാലിബ് സ്നേഹത്തോടെ വളർത്തി.

അബൂതാലിബ് ഒരു വ്യാപാരിയായിരുന്നു. കച്ചവടാവശ്യാർത്ഥം അദ്ദേഹം സിറിയയിലേക്ക് പോയിരുന്നു. റസൂലുല്ലാഹി ﷺ ക്ക് പന്ത്രണ്ട് വയസ്സായപ്പോൾ അദ്ദേഹം സിറിയയിലേക്ക് ഒരു യാത്ര ചെയ്തു. ഏകാന്തതയുടെ ദുഃഖഭാരം കാരണം റസൂലുല്ലാഹി ﷺ യും സഹയാത്രയ്ക്ക് ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെ ചെറുപ്പത്തിൽ തന്നെ സിറിയയിലേക്ക് യാത്ര നടത്തുകയും വ്യാപാര കാര്യങ്ങൾ പഠിക്കുകയും ചെയ്തു.

ഇതോടൊപ്പം റസൂലുല്ലാഹി ﷺ മക്കക്കാർക്കിടയിൽ അത്യന്തം മാന്യനും സൽസ്വഭാവിയും ഒപ്പം പാപസുരക്ഷിതനുമായും വളർന്നു. തങ്ങളുടെ ഉന്നത ഗുണങ്ങളും മനുഷ്യത്വ മൂല്യങ്ങളും കാരണം നാട്ടുകാരെല്ലാം തങ്ങളെ സ്നേഹിക്കുകയും സത്യസന്ധൻ, വിശ്വസ്തൻ എന്നീ അപരനാമങ്ങളിൽ അനുസ്മരിക്കുകയും ചെയ്തിരുന്നു. സമൂഹത്തിലെയും കുടുംബത്തിലെയും എല്ലാ നല്ലകാര്യങ്ങളിലും റസൂലുല്ലാഹി ﷺ സഹവസിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. എല്ലാ തിന്മകളിൽ നിന്നും അകന്നുമാറിയിരുന്നു. ഇതിൽ ചില മാതൃകാ സംഭ

വങ്ങൾ യഥാസ്ഥാനത്ത് വരുന്നതാണ്.

ഇവിടെ ഒരു കാര്യം മനസ്സിലാക്കുക: ചെറുപ്രായത്തിൽ തന്നെ അനാഥത്വം പേറുകയും സാമ്പത്തിക ഞെരുക്കം അനുഭവിക്കുകയും ചെയ്ത റസൂലുല്ലാഹി ﷺ യുടെ ചിന്തയും ആലോചനയും ചിതറിത്തെറിച്ചുപോയില്ല. നിസ്സഹായതയുടെ അന്തരീക്ഷത്തിലൂടെ നടന്നുനീങ്ങിയിട്ടും പാദം പതറിയില്ല. പ്രത്യുത സഹനത, ആത്മധൈര്യം, മനക്കരുത്ത്, സത്യസന്ധത മുതലായ മഹത്ഗുണങ്ങൾ ഉണ്ടാക്കിയെടുത്തു. പ്രതികൂല സാഹചര്യങ്ങൾക്കിടയിൽ വളരെ ഉന്നത വ്യക്തിത്വമായി ഉയർന്നു എന്നുള്ളത് അത്യന്തം അത്ഭുതകരമായ ഒരു വസ്തുതയാണ്.

അതെ, സാധാരണ മനുഷ്യരെ കൊണ്ട് കഴിയാത്ത സമുന്നത ചുമതലയായ അന്ത്യപ്രവാചകത്വം അല്ലാഹുവിന് റസൂലുല്ലാഹി ﷺ യെ ഏൽപ്പിക്കാനുണ്ടായിരുന്നു. ഇക്കാരണത്താൽ തുടക്കം മുതൽക്കെ റസൂലുല്ലാഹി ﷺ യുടെ അകവും പുറവും അല്ലാഹു മറ്റെല്ലാവരെക്കാളും ഉത്കൃഷ്ടവും ഉറച്ചതുമാക്കി. ജനനം മുതൽക്കുള്ള കടുത്തതും വിവിധങ്ങളുമായ സംഭവങ്ങളിലൂടെ, പ്രവാചകത്വത്തിനുശേഷമുള്ള കഠിനവും വൈവിദ്ധ്യവുമായ അവസ്ഥകളെ സഹിക്കാനും മനക്കരുത്തോടെ മുന്നോട്ടുനീങ്ങാനും ശക്തി ലഭിച്ചു. ജനിച്ചു ബോധം വെച്ചപ്പോൾ പിതാവ് മരണമടഞ്ഞെന്ന തിരിച്ചറിവും ആറാമത്തെ വയസ്സിൽ മാതാവിന്റെ വേർപാടും എട്ടാം വയസ്സിലെ പിതാമഹന്റെ വിയോഗവും വരുത്തിയ ദുഖം സഹിച്ച റസൂലുല്ലാഹി ﷺ ക്ക് കാഠിന്യമേറിയ അവസ്ഥകളെ സഹിക്കാനും, സാഹചര്യത്തിന്റെ ആവശ്യത്തിനനുസരിച്ച് ഉയരാനുമുള്ള പക്വത ഉണ്ടായിത്തീർന്നു. ഇതുപോലെ ചുറ്റുപാടും വ്യാപകമായിക്കൊണ്ടിരുന്ന തിന്മകളിൽ നിന്ന് അകന്ന് കഴിയാനുള്ള മാനസികാവസ്ഥയും ഉണ്ടായി.

കാര്യഗ്രാഹ്യത്തിന്റെ പ്രായമായപ്പോൾ തന്നെ ചുറ്റുഭാഗത്തുള്ള തിന്മകളെ തങ്ങൾ വെറുത്തു തുടങ്ങി. അന്തസ്സാർന്ന ജീവിതത്തെ കൊതിക്കുകയും ധീരത പോലുള്ള നിരവധി മഹത്ഗുണങ്ങൾ നിറഞ്ഞു നിൽക്കുകയും ചെയ്യുന്ന മനുഷ്യൻ, ആരാധനയെന്ന പരിശുദ്ധവും സമുന്നതവുമായ കാര്യത്തിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും രൂപങ്ങളുണ്ടാക്കി അവയെ ആരാധിക്കുന്നത് കണ്ട റസൂലുല്ലാഹി ﷺ അത്ഭുതപ്പെട്ടു. ഒരു ഭാഗത്ത് മനുഷ്യമഹത്വവും മറുഭാഗത്ത് ആ മഹത്വത്തെ നിസ്സാരവസ്തുക്കളുടെ മുന്നിൽ അടിയറ വെക്കുന്നതും തമ്മിൽ ഒരു യോജിപ്പും തങ്ങൾ കണ്ടില്ല.

ഇപ്രകാരം അന്ന് നാട് മുഴുവൻ നടമാടിയിരുന്ന അക്രമങ്ങളിൽ നിന്ന് റസൂലുല്ലാഹി ﷺ അകന്ന് കഴിയുകമാത്രമല്ല, നീതിയെയും ന്യായത്തേയും ശക്തമായി പിന്തുണയ്ക്കുകയും ചെയ്തിരുന്നു. വിദേശിയായ ഒരു വ്യക്തിയുടെ കൊടുത്തുവീടാനുള്ള പണം ആസിബ്നു വാഇൽ

എന്ന ഒരു പ്രമാണി കൊടുക്കാതിരുന്ന സംഭവത്തെ തുടർന്ന്, അവകാശികളുടെ അവകാശം വാങ്ങിക്കൊടുക്കുന്നതിന് ചില മാന്യവ്യക്തികൾ ഒരു സംഘടന രൂപീകരിച്ചു. 'ഹുള്ളുൽ ശപഥം' എന്ന പേരിൽ അറിയപ്പെട്ട ഈ പ്രവർത്തനത്തിൽ റസൂലുല്ലാഹി ﷺ താൽപര്യപൂർവ്വം പങ്കെടുത്തു. അതുപോലെ കുടുംബത്തിലും നാട്ടിലും എല്ലാ നല്ലകാര്യങ്ങളുമായും തങ്ങൾ സഹകരിച്ചിരുന്നു.

### വിവാഹം

റസൂലുല്ലാഹി ﷺ യിൽ ചെറുപ്പം മുതൽ കാണപ്പെട്ട ഒരു മഹത്ഗുണമാണ് വിശ്വസ്തത. ഇതുകണ്ട ജനങ്ങൾ അവരുടെ പണവും മറ്റും സൂക്ഷിക്കാൻ തങ്ങളെ ഏൽപ്പിക്കാൻ തുടങ്ങി. ഇതിനിടയിൽ പണം കൊടുത്ത് കച്ചവടം നടത്തിയിരുന്ന ഖദീജ ബീവിക്ക് വിശ്വസ്തനായ ഒരു മേൽനോട്ടക്കാരന്റെ ആവശ്യം നേരിട്ടു. റസൂലുല്ലാഹി ﷺ യുടെ മഹത്ഗുണങ്ങൾ അറിഞ്ഞ അവർ തങ്ങളോട് ഇത് ഏറ്റെടുക്കാൻ അപേക്ഷിച്ചു. തങ്ങൾ അത് സ്വീകരിച്ചു. യാത്ര കഴിഞ്ഞ് എത്തിയ സേവകൻ റസൂലുല്ലാഹി ﷺ യുടെ മഹത്ഗുണങ്ങൾ വിവരിച്ചു. ധാരാളം വിവാഹാലോചനകളെ നിരസിച്ച അവർ റസൂലുല്ലാഹി ﷺ യോട് വിവാഹാലോചന നടത്തി. വിധവയായിരുന്ന ഖദീജ ബിൻതുഖുവൈലിദിന്റെ അന്നത്തെ പ്രായം നാൽപ്പതും, റസൂലുല്ലാഹി ﷺ യുടെത് ഇരുപത്തിയഞ്ചുമായിരുന്നു. ഖദീജയുടെ മഹത്വം മനസ്സിലാക്കിയ റസൂലുല്ലാഹി ﷺ പ്രായാധിക്യത്തെ അവഗണിച്ചുകൊണ്ട് വിവാഹാലോചന സ്വീകരിച്ചു. വിവാഹാനന്തരം ഇരുവരും പരസ്പരം സ്നേഹ-കാരുണ്യങ്ങളോടെ ജീവിതം നയിച്ചു.

സൈദുബ്നു ഹാരിസഃ എന്ന് പേരുള്ള ഒരു അടിമയെ ഖദീജ ﵁ റസൂലുല്ലാഹി ﷺ ക്ക് നൽകുകയുണ്ടായി. തങ്ങൾ മനുഷ്യത്വപരമായി അദ്ദേഹത്തെ മോചിപ്പിച്ച്, അന്നത്തെ രീതിയിൽ ദത്ത് പുത്രനാക്കി.

ഈ സന്ദർഭത്തിൽ പിതൃവ്യൻ അബൂതാലിബിന് അല്പം സാമ്പത്തിക ഞെരുക്കമുണ്ടായി. ജീവിത വിശാലത ലഭിച്ച റസൂലുല്ലാഹി ﷺ അബൂതാലിബിന്റെ ഓരോ മക്കളുടെ ചെലവ് നമുക്ക് ഏറ്റെടുക്കാം എന്ന് അബ്ബാസ് ﵁ നോട് അഭിപ്രായപ്പെട്ടു. അബ്ബാസ് ﵁ അത് സ്വീകരിച്ച് അഖീലിനെയും റസൂലുല്ലാഹി ﷺ അലിയ്യിനെയും ഏറ്റെടുത്തു. അന്ന് അലിയ്യ് ﵁ ന് അഞ്ച് വയസ്സായിരുന്നു. അന്നുമുതൽ റസൂലുല്ലാഹി ﷺ യോടൊപ്പമാണ് അലിയ്യ് ﵁ കഴിഞ്ഞത്.

### കഅ്ബ നിർമാണം

അല്ലാഹുവിന്റെ പ്രഥമ ഭവനമായ മക്കയിലെ കഅ്ബാ ഷരീഫിൽ

റസൂലുല്ലാഹി ﷺ ചെറുപ്പം മുതൽ പോകുമായിരുന്നു. പൂർവ്വ പിതാവായ ഇബ്രാഹീമി ﷺ ന്റെ ആരാധനകളിൽ നിന്നു അറിയുന്ന ആരാധനകൾ അനുഷ്ഠിച്ചിരുന്നു. വിഗ്രഹാരാധനയെ ഒരിക്കലും മനസ്സ് അംഗീകരിച്ചില്ല. ഇതിനിടയിൽ കഅ്ബഃ പുനർ നിർമ്മാണത്തിന്റെ ആവശ്യം നേരിട്ടു. അതിന് മേൽക്കൂരയില്ലായിരുന്നു. ഭിത്തിക്ക് ഒരാളുടെ ഉയരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇടക്കാലത്ത് എല്ലാത്തിനും ബലക്ഷയം സംഭവിച്ചിരുന്നു. അത് പുനർനിർമ്മിക്കുന്നതിനെ കുറിച്ച് ഖുറൈശികൾ ആലോചിച്ചുകൊണ്ടിരിക്കെ, ജിദ്ദയിൽ ഒരു കപ്പൽ തകരുകയും ഒരു ഖുറൈശി നേതാവ് അതിന്റെ പലകകൾ വാങ്ങിക്കൊണ്ട് വരുകയും ചെയ്തു. അങ്ങനെ അതുപയോഗിച്ച് നിർമ്മാണം തുടങ്ങി. വിശുദ്ധ ആരാധനാലയമായതിനാൽ നിർമ്മാണത്തിൽ എല്ലാവരും സഹകരിച്ചു. റസൂലുല്ലാഹി ﷺ യും ഇതിൽ താൽപര്യത്തോടെ സഹകരിച്ചു. അന്ന് തങ്ങൾക്ക് 35 വയസ്സായിരുന്നു. വലിയ കല്ലുകൾ തോളിൽ ചുമന്നതിനാൽ തോൾ പൊട്ടി പാട് വീഴുകയുണ്ടായി.

നിർമ്മാണത്തിനിടയിൽ ഹജറുൽ അസ്വദ് യഥാസ്ഥാനത്ത് സ്ഥാപിക്കേണ്ട സന്ദർഭമായപ്പോൾ, എടുത്ത് വയ്ക്കുന്നതിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിന് ഖുറൈശികൾ ഭിന്നിച്ചു. ഓരോരുത്തരും അത് ഞാൻ തന്നെ ചെയ്യാമെന്ന് വാദിച്ചു. ഇതിനെക്കാൾ നിസ്സാരകാര്യത്തിൽ യുദ്ധം ചെയ്തിരുന്ന അവർക്കിടയിൽ യുദ്ധാന്തരീക്ഷം ഉരുണ്ടുകൂടി. അടുത്ത ദിവസം കഅ്ബാഷരീഫിൽ ആദ്യമായി എത്തുന്ന വ്യക്തിയുടെ തീരുമാനത്തിൽ വിടാമെന്ന് അവസാനം ധാരണയായി. അടുത്ത ദിവസം ആദ്യമായി അവിടെയെത്തിയത് റസൂലുല്ലാഹി ﷺ യായിരുന്നു. ഇത് കണ്ട എല്ലാവരും സന്തോഷിച്ചുകൊണ്ട് പറഞ്ഞു. ഇദ്ദേഹം സത്യസന്ധനും വിശ്വസ്തനുമാണ്. ഇതിന് തീർത്തും അനുയോജ്യനാണ്. ഒരു വിരിപ്പ് വിരിച്ച് ഹജറുൽ അസ്വദ് അതിൽ വച്ച് എല്ലാവരും വിരിപ്പിനെ ഉയർത്തുക എന്ന് റസൂലുല്ലാഹി ﷺ കൽപ്പിച്ചു. സ്ഥാനത്ത് എത്തിയപ്പോൾ റസൂലുല്ലാഹി ﷺ തന്നെ അത് എടുത്ത് വച്ചു. ഇപ്രകാരം തന്ത്രപരമായ തീരുമാനത്തിലൂടെ ഖുറൈശികളെ റസൂലുല്ലാഹി ﷺ സമാധാനിപ്പിക്കുകയും വലിയൊരു പ്രശ്നം പരിഹരിക്കുകയും ചെയ്തു.

## അബൂബക്ർ സിദ്ദീഖുമായുള്ള സൗഹൃദം

തിന്മകളിൽ നിന്നും അകന്ന് കഴിഞ്ഞിരുന്ന റസൂലുല്ലാഹി ﷺ നല്ലവരുമായി അടുക്കാൻ ശ്രദ്ധിച്ചിരുന്നു. ഇതിൽ ഏറ്റവും വലിയ സൗഹൃദം തങ്ങളുടെ സമകാലികനായ അബൂബകറു رضي الله عنه മായിട്ടായിരുന്നു. ഇരുവരും പരസ്പരമുള്ള നന്മകൾ തിരിച്ചറിഞ്ഞ് വളരെയധികം അടുത്തു. ഈ ബന്ധം പിന്നീട് മാതൃകാപരമായ ബന്ധമായി വളർന്നു. പ്രവാചക

ത്വ ലബ്ധിക്ക് ശേഷം റസൂലുല്ലാഹി ﷺ യെ പരിപൂർണ്ണ ഉറപ്പോടെ വിശ്വസിക്കാനും തങ്ങളുടെ മാതൃകാശിഷ്യനായി ജീവിതാന്ത്യം വരെ നിലകൊള്ളാനും ഇത് പ്രേരകമായി.

## ഇലാഹീ പരിചരണങ്ങൾ

ചുരുക്കത്തിൽ പ്രാരംഭത്തിലെ കഠിനമായ അവസ്ഥകളും അടുത്തവരുടെ അഭാവവും റസൂലുല്ലാഹി ﷺ യിൽ മനക്കരുത്തും ദൃഢചിത്തതയും ഉണ്ടാക്കിയെടുക്കുന്നതിനും സഹായിച്ചു. രക്ഷകർത്താക്കളില്ലാത്ത സ്വതന്ത്രരായ യുവാക്കളിൽ ഉണ്ടാകുന്നതുപോലുള്ള തിന്മകളിൽ നിന്നും റസൂലുല്ലാഹി ﷺ അകന്ന് കഴിയുകയും ഉന്നത മാനുഷിക മൂല്യങ്ങൾ നേടിയെടുക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഇത് സർവ്വലോക പരിപാലകനായ അല്ലാഹുവിന്റെ പ്രത്യേക പരിചരണമായിരുന്നു. കാരണം ലോകാവസാനം വരെ സത്യമതത്തിന്റെ ദൂതനും നായകനുമായി തങ്ങളെ തെരഞ്ഞെടുക്കാൻ അല്ലാഹു തീരുമാനിച്ചിരുന്നു. പരിശുദ്ധ ഖുർആൻ ഈ ഭാഗത്തേക്ക് സൂചന നൽകുകയും ചെയ്തിട്ടുണ്ട്.

"പൂർവ്വാഹ്നം തന്നെയാണ് സത്യം. രാത്രി തന്നെയാണ് സത്യം, അത് ശാന്തമാകുമ്പോൾ (നബിയെ) താങ്കളുടെ രക്ഷിതാവ് താങ്കളെ കൈവിട്ടില്ല, വെറുത്തിട്ടുമില്ല. തീർച്ചയായും പരലോകമാണ് താങ്കൾക്ക് ഇഹലോകത്തേക്കാൾ ഉത്തമമായിട്ടുള്ളത്. വഴിയെ താങ്കൾക്ക് താങ്കളുടെ രക്ഷിതാവ് (അനുഗ്രഹങ്ങൾ) നൽകുന്നതും അപ്പോൾ താങ്കൾ തൃപ്തിപ്പെടുന്നതുമാണ്. താങ്കളെ അവൻ ഒരു അനാഥനായി കണ്ടെത്തുകയും, എന്നിട്ട് (താങ്കൾക്ക്) ആശ്രയം നൽകുകയും ചെയ്തില്ലേ? താങ്കളെ അവൻ വഴിയറിയാത്തവനായി കണ്ടെത്തുകയും എന്നിട്ട് (താങ്കൾക്ക്) മാർഗ്ഗദർശ്ശനം നൽകുകയും ചെയ്തിരിക്കുന്നു. താങ്കളെ അവൻ ദരിദ്രനായി കണ്ടെത്തുകയും എന്നിട്ടവൻ ഐശ്വര്യം നൽകുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ അനാഥനെ താങ്കൾ അടിച്ചമർത്തരുത്. ചോദിച്ചുവരുന്നവനെ താങ്കൾ വിരട്ടിവിടുകയും ചെയ്യരുത്. താങ്കളുടെ രക്ഷിതാവിന്റെ അനുഗ്രഹത്തെ സംബന്ധിച്ച് താങ്കൾ സംസാരിക്കുക." (ളുഹാ).

# 4
# വഹ്യ്, നിയോഗം, പ്രബോധനം ഹിറാ ഗുഹയിൽ

പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് തന്നെ നാട്ടിലെ ധാർമ്മിക–സദാചാര തകർച്ചയെ കുറിച്ച് ഓർത്ത് റസൂലുല്ലാഹി ﷺ വളരെ വ്യാകുലപ്പെടുകയും മനുഷ്യരിൽ മനുഷ്യത്വം കുറയുന്നത് എന്തുകൊണ്ടാണെന്ന് ചിന്തിക്കുകയും ചെയ്തിരുന്നു. ഈ ചിന്തയുടെ ഫലമെന്നോണം, ഇടയ്ക്കിടെ പട്ടണത്തിൽ നിന്നകന്ന് മാറി ജബലുന്നൂർ മലയിലെ ഹിറാ ഗുഹയിൽ കുറേ നേരം കഴിച്ചുകൂട്ടുകയും ചെയ്തിരുന്നു. ഈ ഏകാന്തതയുടെ ലക്ഷ്യം സത്യാന്വേഷണവും അതിനുവേണ്ടിയുള്ള ചിന്തയുമായിരുന്നു. തുടർന്ന് സർവ്വലോകപരിപാലകനായ അല്ലാഹു മാനവരാശിയെ ഉദ്ധരിക്കാൻ പ്രവാചകനെ നിയോഗിക്കാൻ തീരുമാനിക്കുകയും അതിനായി റസൂലുല്ലാഹി ﷺ യെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇതിനുള്ള സമയം അടുക്കുന്തോറും അദൃശ്യ ലോകത്ത് നിന്നും സൂചനകൾ ലഭിക്കാൻ തുടങ്ങി. ചില വൃക്ഷങ്ങളും കല്ലുകളും 'അല്ലാഹുവിന്റെ ദൂതരെ' എന്ന് വിളിക്കുന്നതായി തങ്ങൾ കേട്ടിരുന്നു. ആരാണെന്ന് ശ്രദ്ധിച്ചുനോക്കിയെങ്കിലും ആരെയും കാണാൻ കഴിഞ്ഞതുമില്ല. (ഇബ്നു ഹിശാം 1/234) അങ്ങനെ, റസൂലുല്ലാഹി ﷺ യ്ക്ക് നാൽപത് വയസ്സായി. ശാരീരിക– സ്വഭാവ മേഖലകളിൽ പൂർണ്ണത പ്രാപിച്ചു. തദവസരം തങ്ങൾക്ക് പ്രവാചകത്വത്തിന്റെ മഹനീയ സ്ഥാനം നൽകപ്പെട്ടു.

### പ്രഥമ വഹ്യ്

അതിന്റെ സംഭവം, പവിത്ര പത്നി ആയിഷ رضي الله عنها വിവരിക്കുന്നു: റസൂലുല്ലാഹി ﷺ ഹിറാ ഗുഹയിൽ കുറേ നാളുകൾ കഴിച്ചുകൂട്ടിയപ്പോൾ ഒരു ദിവസം ജിബ്രീൽ عليه السلام പ്രത്യക്ഷപ്പെട്ടു. ഓതുകയെന്ന് കൽപിച്ചു.

റസൂലുല്ലാഹി ﷺ അരുളി: എനിക്ക് ഓതാൻ അറിയില്ല. അപ്പോൾ ജിബ്രീൽ ﷺ തങ്ങളെ പിടിച്ച് ശക്തമായി അമർത്തി. തുടർന്ന് വിട്ടുകൊണ്ട് പറഞ്ഞു, ഓതുക, എനിക്ക് ഓതാൻ അറിയില്ലെന്ന് തന്നെ റസൂലുല്ലാഹി ﷺ പറഞ്ഞപ്പോൾ വീണ്ടും പിടിച്ച് അമർത്തി. മൂന്നാമതും ഇതുപോലെ സംഭവിച്ചു. ശേഷം ജിബ്രീൽ ﷺ ഓതി. "സൃഷ്ടികർമ്മം നടത്തിയ താങ്കളുടെ നാഥന്റെ നാമത്തിൽ വായിക്കുക. രക്തപിണ്ഡത്തിൽ നിന്ന് മനുഷ്യനെ അവൻ സൃഷ്ടിച്ചു. വായിക്കുക, അങ്ങയുടെ നാഥൻ തൂലികകൊണ്ട് അഭ്യസിപ്പിച്ച അത്യുദാരനത്രെ. തനിക്കറിവില്ലാത്തത് മനുഷ്യനെ അവൻ പഠിപ്പിച്ചു." (ഇഖ്റഅ് 1-5).

ജിബ്രീൽ ﷺ ഓതിക്കേൾപ്പിച്ച വചനങ്ങളുമായി റസൂലുല്ലാഹി ﷺ വീട്ടിലേക്ക് മടങ്ങി. ഇതിന്റെ ഭാരം കാരണം തങ്ങളുടെ ഹൃദയം ശക്തമായി പിടച്ചു. പ്രിയപത്നി ഖദീജ ﷺ യുടെ അരികിലെത്തി പുതച്ചുമൂടാൻ ആവശ്യപ്പെട്ടു. പുതപ്പ് മൂടിയപ്പോൾ അസ്വസ്ഥത മാറി. തുടർന്ന് ഖദീജ ﷺ യോട് സംഭവം വിവരിച്ചു. വലിയ ഭാരവും ഭയവും അനുഭവപ്പെടുന്നതായി പറഞ്ഞു. എന്നാൽ ഖദീജ ﷺ ആശ്വാസം പകർന്നുകൊണ്ട് വിവരിച്ചു: താങ്കൾ അൽപവും ഭയക്കേണ്ട, അല്ലാഹുവിൽ സത്യം, അല്ലാഹു താങ്കളെ നിന്ദ്യനാക്കുന്നതല്ല. താങ്കൾ കുടുംബത്തോടുള്ള കടമകൾ പൂർത്തീകരിക്കുന്നു. സാധുക്കളുടെ ഭാരം ചുമക്കുന്നു. ദരിദ്രർക്ക് ദാനം ചെയ്യുന്നു. അഥിതിയെ ആദരിക്കുന്നു. നാശത്തിലകപ്പെട്ടവരെ സഹായിക്കുന്നു. (ബുഖാരി)

## പ്രഥമ വഹ്യിന്റെ സർവ്വകാല പ്രസക്തി

വിശ്വനായകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെ നിയോഗം ധാരാളം നബിമാരുടെയും സമുദായങ്ങളുടെയും കാലത്തിനുശേഷമായിരുന്നു. അവസാനം ഈസാ ﷺ ന് ശേഷം 600 വർഷത്തേക്ക് അല്ലാഹു നബിമാരെയാരെയും അയച്ചില്ല. തദവസരം മനുഷ്യരുടെ അവസ്ഥ മഹാ മോശമായി. അപ്പോൾ അല്ലാഹുവിന് മാനവരാശിയോട് കരുണ തോന്നി. കൂടുതൽ ശക്തവും വ്യാപകവുമായ നിലയിൽ മനുഷ്യരെ ഉദ്ധരിക്കാനുള്ള പ്രവർത്തനം നടത്തുന്ന അന്ത്യപ്രവാചകനെ അയയ്ക്കാൻ അല്ലാഹു തീരുമാനിച്ചു. തങ്ങൾക്ക് മുമ്പ് വ്യത്യസ്ഥ പ്രദേശങ്ങളിൽ വിവിധ നബിമാരെ അയച്ചിരുന്നു. അവർ പരിമിതമായ കാലത്തേക്കും സമൂഹത്തിലും പരിശ്രമിച്ചു. അവരിലൂടെ ചെറിയ മാറ്റങ്ങൾ ഉണ്ടായെങ്കിലും ഭൂരിഭാഗം പേരും നിഷേധം തെരഞ്ഞെടുക്കുകയും അവസാനം അല്ലാഹു അവരെ നശിപ്പിക്കുകയും ചെയ്തിരുന്നു. പ്രബോധന പരിശ്രമങ്ങളുടെ ഈ നീണ്ട പരമ്പരയ്ക്ക് ശേഷം ആരംഭിച്ച ക്രിസ്താബ്ദം ആറാം നൂറ്റാണ്ട്, ഒരു ഭാഗത്ത് ധാർമ്മിക അധഃപതനത്തിന്റെ പടുകുഴി

യിൽ ആപതിച്ചിരുന്നു. മറുഭാഗത്ത് മാനവനാഗരികത നിരവധി അനുഭ വങ്ങളിലൂടെ കടന്ന് നാനാത്വങ്ങളുടെയും ആഗോളീകരണത്തിന്റെയും ഒരു ജീവിത ക്രമത്തിലേക്ക് പ്രവേശിച്ചിരുന്നു. ഇത്തരുണത്തിൽ, അധഃ പതനത്തിലേക്ക് നോക്കി ഒന്നുകിൽ ലോകത്തെ തന്നെ അവസാനിപ്പി ക്കുക, അല്ലെങ്കിൽ അസാധാരണ പരിഗണനനൽകി പുതിയ ഒരു പരി ശ്രമത്തിന് അവസരം നൽകുക, എന്നീ രണ്ട് രൂപങ്ങളിൽ രണ്ടാമത്തെ രൂപം അല്ലാഹു സ്വീകരിച്ചു.

വ്യത്യസ്ഥ സാഹചര്യങ്ങൾക്കിടയിൽ വ്യത്യസ്ഥ കടമകൾ പൂർത്തീ കരിക്കുന്ന ഒരു പ്രവാചകനെ ഇതിന് ആവശ്യമായി വന്നു. അദ്ദേഹത്തിൽ മനുഷ്യരുടെ വിശിഷ്ട ഗുണങ്ങളെല്ലാം സമുന്നതമായ നിലയിൽ സമ്മേ ളിച്ചിരിക്കണം എന്നാൽ, അദ്ദേഹത്തിന്റെ മനസ്സിലും മസ്തിഷ്കത്തിലും ശരീര പൂജയും സ്വാർത്ഥതയും നിറഞ്ഞ വിജ്ഞാന–നാഗരികതയുടെ പ്രതിഫലനങ്ങൾ ഉണ്ടായിരിക്കാനും പാടില്ല.

അല്ലാഹു ഈ മഹനീയ കർത്തവ്യത്തിനുവേണ്ടി റസൂലുല്ലാഹി ﷺ യെ തെരഞ്ഞെടുത്തു. ചെറുപ്പം മുതൽക്കെ ഇതിന് അനുയോജ്യമായ മാർഗ്ഗത്തിലൂടെ അല്ലാഹു തങ്ങളെ വളർത്തിക്കൊണ്ടുവന്നു. അവസാ നം സർവ്വസമ്പൂർണ്ണമായ ഒരു ജീവിത വ്യവസ്ഥിതിയും നൽകി അന്ത്യ പ്രവാചകനായി നിയോഗിച്ചു. വ്യക്തി ജീവിതം, പരസ്പര ബന്ധങ്ങൾ, രാഷ്ട്രീയം, സാമ്പത്തികം ഇവകളെല്ലാം പടച്ചവന് തൃപ്തികരമായ നി ലയിലാക്കാനുള്ള സന്ദേശം അതിലടങ്ങിയിരുന്നു. മാത്രമല്ല, ലോകാവ സാനം വരെ ഉണ്ടാകാനുള്ള സർവ്വ വൈവിദ്ധ്യമാർന്ന അവസ്ഥകൾക്കും പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കും അനുഗുണമായ ഒരു ദർശനമായി രുന്നു അത്. സർവ്വോപരി, പുതുതായി ആരംഭിക്കുന്ന കാലഘട്ടം വി ജ്ഞാന വിസ്ഫോടനത്തിന്റെ യുഗമായിരിക്കും. വിജ്ഞാനം പരക്കുക യും ഓരോ മനുഷ്യന്റെയും ആവശ്യമായിത്തീരുകയും ചെയ്യുന്നതാണ്. ഇതുകൊണ്ടായിരിക്കാം മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെ മേൽ ഇദം പ്രഥമമായി അവതരിച്ച വചനങ്ങളിൽ “പടച്ചവന്റെ നാമത്തിൽ വായി ക്കുക” എന്നും “തൂലികയിലൂടെ പഠിപ്പിക്കുകയും അറിയാതിരുന്ന പല തും പഠിപ്പിക്കുകയും ചെയ്ത അത്യുദാരനാണ് അല്ലാഹു”. എന്നും ഉ ണർത്തപ്പെട്ടത്.

അതെ, മനുഷ്യന്റെ പ്രധാനപ്പെട്ട ഒരാവശ്യമാണ് അറിവ്. അറിവി ന്റെ മുഖ്യമായ മാദ്ധ്യമം തൂലികയാണ്. എന്നാൽ, വിജ്ഞാന സമ്പാദ നവും തൂലികയുടെ പ്രയോഗവും പടച്ചവന്റെ നാമത്തിൽ അവനോട് സഹായം ചോദിച്ചുകൊണ്ടും അവന് പൊരുത്തമായ നിലയിലും ആയി രിക്കണമെന്ന് ഇഖ്റഅ് സൂറത്തിന്റെ പ്രഥമ വചനങ്ങൾ പഠിപ്പിക്കുന്നു.

കഴിഞ്ഞ കാലത്ത് ഒന്നുകിൽ വിജ്ഞാനം പഠിച്ചിരുന്നില്ല. അല്ലെങ്കിൽ പടച്ചവനുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമാക്കിയിരുന്നു. തൽഫലമായി മനുഷ്യന്റെ സ്വഭാവം നാശമായി. ആകയാൽ പടച്ചവന് പൊരുത്തമായ ലക്ഷ്യത്തിലും മാർഗ്ഗത്തിലും വിജ്ഞാനം കരസ്ഥമാക്കാൻ ഖുർആൻ ആഹ്വാനം ചെയ്തു. പഠിക്കാനും പഠനത്തിൽ സൂക്ഷ്മത പുലർത്താനും പരലോക വിചാരണ ഭയക്കാനും ഉപദേശിച്ചു. അല്ലാത്ത പക്ഷം, പടച്ചവൻ നൽകിയ അനുഗ്രഹങ്ങളും ശേഷികളും ഉപയോഗിച്ച് മനുഷ്യൻ അഹങ്കാരിയും അക്രമകാരിയുമായി മാറുമെന്ന് ഉണർത്തുകയും ചെയ്തു; ................ (ഇഖ്റഅ് 6-8)

ആദ്യകാല മുസ്‌ലിംകൾ ഈ ഉപദേശങ്ങൾ മാനിക്കുകയും പാലിക്കുകയും ചെയ്തു. ഉന്നത ലക്ഷ്യത്തിലും മാർഗ്ഗത്തിലുമുള്ള വിജ്ഞാന സമ്പാദനവും പ്രചാരണവും അവർ പ്രധാന കർത്തവ്യമായി കണ്ടു. ഒരുഭാഗത്ത് അവർ അന്താരാഷ്ട്രതലത്തിൽ വിജ്ഞാനത്തിന്റെ തേരാളികളായി. വിജ്ഞാനപ്രവർത്തനങ്ങൾ വളർത്തുകയും വ്യാപിപ്പിക്കുകയും ചെയ്തു. അതിനുവേണ്ടി നവനൂതന മേഖലകൾ അന്വേഷിച്ച് കണ്ടെത്തി പ്രയോജനപ്പെടുത്തി. ശരിയായ വിജ്ഞാനത്തിലൂടെ മനുഷ്യർക്ക് വമ്പിച്ച സേവനമനുഷ്ഠിച്ചു. മറുഭാഗത്ത് വിജ്ഞാനത്തെ പടച്ചവന്റെ നാമവുമായി ബന്ധിപ്പിക്കുകയും ആ ബന്ധം നിലനിർത്താനും വളർത്താനും വളരെയധികം ശ്രദ്ധിക്കുകയും ചെയ്തു. വിജ്ഞാനത്തെ നശീകരണായുധമാക്കുന്നതിന് പകരം സൻമാർഗ്ഗ-നന്മകളുടെ വഴിയും വെളിച്ചവുമാക്കി. ഇസ്‌ലാമിലൂടെ മാനവലോകത്തിന് ലഭിച്ച മഹത്തായ രണ്ട് സംഭാവനകളാണിത്. ഇസ്‌ലാം വിരുദ്ധമായ വിജ്ഞാനപ്രവർത്തനങ്ങൾ, വിജ്ഞാനത്തിലൂടെ പടച്ചവനെ മറക്കാനും നിഷേധിക്കാനും പടപ്പുകളോട് അഹങ്കരിക്കാനും അക്രമിക്കാനും പ്രേരിപ്പിച്ചു. അണുവായുധങ്ങൾ വരെ വന്നെത്തിയ നശീകരണ ആയുധങ്ങളും, നിരപരാധികളെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തുകൊണ്ടുള്ള അക്രമ പരമ്പരകളും ഇതിന്റെ പരിണിത ഫലങ്ങളാണ്.

ചുരുക്കത്തിൽ, അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺയുടെ പ്രഥമ സന്ദേശം വിജ്ഞാനമാണ്. വിജ്ഞാനത്തിലൂടെ സ്രഷ്ടാവിനെ അറിയാനും ആരാധിക്കാനും സൃഷ്ടികളെ സ്നേഹിക്കാനും സേവിക്കാനും അത് പ്രേരിപ്പിക്കുന്നു. വിജ്ഞാനത്തെ നിഷേധത്തിന്റെയും അക്രമത്തിന്റെയും വഴിയാക്കരുതെന്ന് അത് ഉണർത്തുന്നു. റസൂലുല്ലാഹി ﷺ ഈ ഉപദേശം സ്വീകരിക്കുകയും സമുദായത്തെ ഇതിലൂടെ നയിക്കുകയും ചെയ്തു.

വിജ്ഞാനം രണ്ട് വിഭാഗമുണ്ട്. ഒന്ന്: മനുഷ്യന്റെ ഭൗതിക ആവശ്യ

വുമായി ബന്ധപ്പെട്ടത്. ഇതിന്റെ അനുവദനീയമായ മേഖലകൾ പ്രവാചകന്മാർ വരച്ച് കാട്ടിത്തരികയും അതിനുള്ളിൽ നിന്നുകൊണ്ട് മനുഷ്യ ബുദ്ധിയും അനുഭവവും ഉപയോഗിച്ച് മുന്നേറാനും പഠന-ഗവേഷണങ്ങൾ നടത്താനും അനുവദിച്ചു. രണ്ട്: പരലോകത്തിലെ സുദീർഘമായ ജീവിതത്തിന്റെ വിജയത്തിലേക്ക് നയിക്കുന്ന വിജ്ഞാനം പ്രവാചക നിയോഗത്തിലൂടെ അല്ലാഹു മനുഷ്യർക്ക് പഠിപ്പിച്ച പ്രധാന വിജ്ഞാനം ഇതുതന്നെ. ഈ വിജ്ഞാനത്തിന്റെ പൂർത്തീകരണവുമായിട്ടാണ് അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ ആഗതരായത്.

ഈ വിജ്ഞാനത്തിന്റെ വിവരണം അല്ലാഹു പരിശുദ്ധ ഖുർആനിലൂടെയും വഹ്‌യിലൂടെയും റസൂലുല്ലാഹി ﷺ യ്ക്ക് നൽകി. റസൂലുല്ലാഹി ﷺ സമ്പൂർണ്ണമായി സമുദായത്തെ അത് പഠിപ്പിച്ചു. ഇത് പഠിച്ച് പകർത്തുന്നവർക്ക് പരലോകത്ത് അതിമഹത്തായ വിജയവും ഇഹലോകത്ത് സമാധാനവും ലഭിക്കും. അംഗീകരിക്കാത്തവർക്ക് കഠിനമായ ശിക്ഷ നൽകപ്പെടുന്നതാണ്. മാനവരാശിയുടെ ഇഹപരവിജയത്തിന്റെ ആധാരമായ ഈ വിജ്ഞാനം അധികമായി പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനുമുള്ള ആഹ്വാനമാണ് റസൂലുല്ലാഹി ﷺ യുടെ മേൽ അവതീർണ്ണമായ പ്രഥമ വഹ്‌യിന്റെ ആഹ്വാനം. അതെ, അന്ത്യപ്രവാചകനിലൂടെ അവതീർണ്ണമായ സത്യസന്ദേശത്തിന് വിജ്ഞാനവും തൂലികയുമായി ശക്തമായ ബന്ധമുണ്ട്. പ്രസ്തുത പ്രഥമ വചനങ്ങൾ അന്നും ഇന്നും ഉണർത്തുന്നു; ശരീര പൂജ, അഹന്തയുടെ പൂർത്തീകരണം, മഹത്വത്തിന്റെ പ്രകടനം, സാധുക്കളെ മർദ്ദിച്ചൊതുക്കുക എന്നീ കാര്യങ്ങൾക്ക് വിജ്ഞാനവും തൂലികയും ഉപയോഗിക്കരുത്. മാനവരാശിയുടെ സത്യവിശ്വാസത്തിനും സൽജീവിതത്തിനും വിനിയോഗിക്കുക.

## സാരസമ്പൂർണ്ണമായ മുഹമ്മദീ സന്ദേശങ്ങൾ

പ്രവാചകത്വം ലഭിച്ചതിനുശേഷം റസൂലുല്ലാഹി ﷺ അതിനെ പ്രബോധനം ചെയ്യാൻ ആരംഭിച്ചു. ലോകാവസാനം വരെ നിലനിൽക്കുന്ന ഒരു സന്ദേശമാണ് അല്ലാഹു റസൂലുല്ലാഹി ﷺയ്ക്ക് നൽകിയത്. ആഗോളതലത്തിൽ എല്ലാ പ്രദേശത്തേയും സർവ്വ ജനങ്ങളേയും അതിൽ പരിഗണിക്കപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ മുഹമ്മദുർ റസൂലുല്ലാഹി ﷺയെ 'അന്ത്യ പ്രവാചകൻ' (ഖാതിമുന്നബിയ്യീൻ) ആക്കപ്പെട്ടു. റസൂലുല്ലാഹി ﷺ കൊണ്ടുവന്ന ജീവിത ദർശനം സമ്പൂർണ്ണമാണ്. അതിൽ ഭേദഗതി സാദ്ധ്യമല്ല. അതിനെ മനസ്സിലാക്കലും അംഗീകരിക്കലും ജീവിത വിജയം ആഗ്രഹിക്കുന്നവർക്കെല്ലാം നിർബന്ധമാണ്. കൂടാതെ ഈ സന്ദേശം അടിസ്ഥാനപരമായി ഗതകാല നബിമാർക്ക് നൽകപ്പെട്ടതുതന്നെയാണ്. മുഹമ്മദ് നബി ﷺ പുതിയ ഒരു പ്രവാചകനല്ല, മുൻകഴി

ഞ്ഞ നബിമാരുടെ സുവർണ്ണ പരമ്പരയിലെ അവസാനത്തെ കണ്ണിയാണ്. എന്നാൽ ഇതര നബിമാരുടെ ശരീഅത്തിൽ (ജീവിത വ്യവസ്ഥിതിയിൽ) അതാതുകാലത്തേയും ജനതയേയും പരിഗണിക്കപ്പെട്ടിരുന്നു. അന്ത്യപ്രവാചകൻ മുഹമ്മദുർ റസൂലുല്ലാഹി ﷺയുടെ ശരീഅത്തിൽ ലോകാവസാനം വരെ വരാനിരിക്കുന്ന മുഴുവൻ മനുഷ്യരേയും ശ്രദ്ധിച്ചിരിക്കുന്നു എന്നൊരു വ്യത്യാസമുണ്ട്. പ്രസ്തുത സന്ദേശത്തിന്റെ രത്നച്ചുരുക്കം ഇവിടെ കൊടുക്കുകയാണ്. കാരണം പ്രവാചക ജീവിതം പഠിക്കുന്നവർ സദാ മുന്നിൽ വയ്ക്കേണ്ട ഒരു വിഷയമാണിത്.

### അടിസ്ഥാന വിശ്വാസങ്ങൾ

1. എല്ലാ നബിമാരും, അവസാനമായി മുഹമ്മദുർ റസൂലുല്ലാഹി ﷺയും സംയുക്തമായി സന്ദേശിച്ച കാര്യങ്ങളിലെ പ്രധാന വിഷയം തൗഹീദ് ആണ്. അതായത് മനുഷ്യരുടേയും സർവ്വ സൃഷ്ടികളുടേയും പടച്ചവനും ഉടമസ്ഥനും പരിപാലകനും അല്ലാഹുവാണെന്ന് വിശ്വസിക്കുക. അവനെ മാത്രം ആരാധിക്കുക. അവനോട് ആരെയും പങ്കുചേർക്കാതിരിക്കുക. അവനോട് ആരെയെങ്കിലും പങ്കുചേർക്കുന്നതും മറ്റാരെയെങ്കിലും ദൈവമായി കാണുന്നതും ഏകനായ പടച്ചവന് എതിരും അവനെ കോപിപ്പിക്കുന്നതുമാണ്. ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന സന്ദേശം എല്ലാ നബിമാരുടേയും വേദഗ്രന്ഥങ്ങളുടേയും അടിസ്ഥാന പാഠമാണ്.

2. അല്ലാഹുവിന്റെ ഏകത്വവും ഗുണവിശേഷണങ്ങളും വിധിവിലക്കുകളും മനസ്സിലാക്കിത്തരുന്നതിന് അല്ലാഹുവിങ്കൽ നിന്നും അയയ്ക്കപ്പെട്ട സത്യദൂതൻമാരാണ് നബിമാർ. അവരുടെ വാചകങ്ങളും കർമ്മങ്ങളും അല്ലാഹുവിന്റെ ഭാഗത്തുനിന്നുമുള്ളതാണ്. അതുകൊണ്ട് അവരേയും അവർ പറയുന്നതിനേയും അംഗീകരിക്കലും നിർബന്ധമാണ്. കാരണം നബിമാർ പറയുന്നതും പ്രവർത്തിക്കുന്നതും അല്ലാഹു അറിയിച്ച കാര്യങ്ങൾ മാത്രമാണ്.

3. മൂന്നാമത്തെ അടിസ്ഥാന വിശ്വാസം ആഖിറത്ത് (പരലോകം) ആണ്. അതായത് ഈ ഭൗതിക ജീവിതത്തിനുശേഷം ഒരിക്കലും അവസാനമില്ലാത്ത മറ്റൊരു ജീവിതമുണ്ട്. അവിടേയ്ക്ക് എല്ലാവരും പോകേണ്ടവരാണ്. നബിമാരെ അനുസരിച്ചതിന് അനുസൃതമായി അവിടെ സുഖസന്തോഷങ്ങൾ ലഭിക്കുന്നതാണ്.

4. ഈ മൂന്ന് അടിസ്ഥാന വിശ്വാസങ്ങൾകൂടാതെ അല്ലാഹുവിന്റെ മലക്കുകളിലും വിശ്വസിക്കണം. അവർ പ്രകാശംകൊണ്ട് പടയ്ക്കപ്പെട്ടവരാണ്. അവർ അല്ലാഹുവിന്റെ സന്ദേശങ്ങൾ നബിമാർക്ക് എത്തിച്ചുകൊടുക്കുന്നു. അല്ലാഹുവിനെ പരിപൂർണ്ണമായി അനുസരിക്കുകയും സ്

തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു.

5. ഇപ്രകാരം അല്ലാഹു പ്രവാചകന്മാർക്ക് വിവിധ വേദഗ്രന്ഥങ്ങളും അവതരിപ്പിച്ചു. അതിൽ മൂസാ നബി (അ:)യുടെ ഇഞ്ചീലും ദാവൂദ് നബി അ)യുടെ സബൂറും പ്രസിദ്ധമാണ്. ഇവയിൽ അവസാനത്തെ ഗ്രന്ഥമാണ് മുഹമ്മദുർറസൂലുല്ലാഹി ﷺയുടെ മേൽ അവതീർണ്ണമായ പരിശുദ്ധ ഖുർആൻ. ഇതിന്റെ സംരക്ഷണം അല്ലാഹു നേരിട്ട് ഏറ്റെടുത്തിരിക്കുന്നു. ഇതിനെ പാരായണം ചെയ്യലും പഠിക്കലും വളരെ ശ്രേഷ്ഠകരമായ ആരാധനയാണ്.

6. ഇതുപോലെ ഇക്കാര്യത്തിലും വിശ്വസിക്കണം. സർവ്വലോകങ്ങളേയും സൃഷ്ടികളേയും അല്ലാഹു ഒന്നും മനസ്സിലാക്കാതെ വെറുതെ സൃഷ്ടിച്ചതല്ല. മറിച്ച് വലിയ ഒരു ലക്ഷ്യത്തിലാണ് സൃഷ്ടിച്ചിരിക്കുന്നത്. കൂടാതെ സൃഷ്ടിപ്പിനുശേഷം എന്തെല്ലാം നടക്കുമെന്ന് മുൻകൂട്ടി തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ് നടക്കുന്നത്. ഇതിന് 'ഖദ്ർ' എന്നുപറയുന്നു.

ഇതാണ് ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങൾ. ഈ അടിസ്ഥാന വിശ്വാസങ്ങൾ അംഗീകരിച്ചശേഷം കർമ്മങ്ങളുടെ മേഖലയാണ്. ഇതിന് ശരീഅത്ത് എന്നുപറയപ്പെടുന്നു. ഇതിൽ അല്ലാഹുവിനുള്ള ആരാധനകളും സൃഷ്ടികളുമായുള്ള ബന്ധവും ഇടപാടുകളും സ്വഭാവകാര്യങ്ങളും അടങ്ങിയിരിക്കുന്നു. ഈ വിഷയങ്ങൾ സമ്പൂർണ്ണമായ നിലയിൽ റസൂലുല്ലാഹി ﷺ ജനങ്ങളെ പഠിപ്പിച്ചു.

## തൗഹീദ് : സുപ്രധാന സന്ദേശം

ഈ സന്ദേശങ്ങളിൽ പ്രഥമവും പ്രധാനവുമായ സന്ദേശം തൗഹീദ് ആയിരുന്നു. റസൂലുല്ലാഹി ﷺ ഇതിനെ അർഹിക്കുന്ന പ്രാധാന്യത്തോടെ ജനങ്ങൾക്ക് മുമ്പാകെ വിവരിച്ചു. മുവായിരത്തി അഞ്ഞൂറ് വർഷങ്ങൾക്കുമുമ്പ് തങ്ങളുടെ സമുന്നത പൂർവ്വികനും അല്ലാഹുവിന്റെ പ്രിയതോഴനുമായ ഇബ്റാഹീം ﵇ അതിമഹത്തായ ത്യാഗങ്ങളിലൂടെ തൗഹീദിന്റെ ആഗോള പ്രവർത്തനത്തിന് തുടക്കം കുറിച്ചിരുന്നു. അതിന്റെ പൂർത്തീകരണമായിരുന്നു മുഹമ്മദുർ റസൂലുല്ലാഹി ﷺയുടെ പ്രബോധനം.

ഇബ്റാഹീം ﵇ സംശുദ്ധ പ്രകൃതിയിലൂടെ ചെറുപ്പത്തിൽതന്നെ തൗഹീദിനെ ഗ്രഹിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം ശിർക്കിനെ ഉപേക്ഷിക്കുകയും തൗഹീദ് പ്രബോധനം ആരംഭിക്കുകയും ചെയ്തു. ഇക്കാര്യം പരിശുദ്ധ ഖുർആനിൽ അല്ലാഹു വിവരിക്കുന്നു: "മുമ്പ് ഇബ്റാഹിം ﵇ ന് തന്റേതായ വിവേകം നാം നൽകുകയുണ്ടായി. അദ്ദേഹ

ത്തെപ്പറ്റി നമുക്ക് അറിയാമായിരുന്നു. തന്റെ പിതാവിനോടും തന്റെ ജനങ്ങളോടും അദ്ദേഹം ഇപ്രകാരം ചോദിച്ച സന്ദർഭം (ശ്രദ്ധേയമത്രേ) നിങ്ങൾ പൂജിച്ചുകൊണ്ടിരിക്കുന്ന ഈ പ്രതിമകൾ എന്താകുന്നു. അവർ പറഞ്ഞു: ഞങ്ങളുടെ പിതാക്കൾ ഇവയെ ആരാധിച്ചുവരുന്നതായിട്ടാണ് ഞങ്ങൾ കണ്ടത്." (അമ്പിയാഅ് 51-53)

ഇബ്റാഹീം നബി ﷺയ്ക്കുശേഷം അദ്ദേഹത്തിന്റെ കുടുംബത്തിൽ അല്ലാഹു വലിയ ഐശ്വര്യം കനിഞ്ഞു. അദ്ദേഹത്തിന്റെ രണ്ടുമക്കളെ അല്ലാഹു പ്രവാചകന്മാരാക്കി. ഒരു മകൻ ഇസ്ഹാഖ് ﷺ ന്റെ സന്താന പരമ്പയിൽ ധാരാളം നബിമാർ ഉണ്ടായി. അവർ തൗഹീദ് സന്ദേശം പ്രചരിപ്പിച്ചു. അതുകൊണ്ടുതന്നെ ഈ പരമ്പരയും വലിയ സ്ഥാനം സിദ്ധിച്ചു. ബനൂഇസ്റാഈൽ എന്ന പേരിൽ ഇവർ അറിയപ്പെട്ടു. മറ്റൊരു മകൻ ഇസ്മാഈൽ ﷺന്റെ പരമ്പരയിൽ ആഗോളനബിയായ മുഹമ്മദുർ റസൂലുല്ലാഹി ﷺ ജനനം കൊണ്ടു. ഇബ്റാഹീം നബി ﷺയുടേയും സന്താനങ്ങളുടേയും പ്രധാന പ്രബോധനം തൗഹീദും അതിന് അനുസരിച്ചുള്ള ജീവിതവുമായിരുന്നു. ഖുർആൻ വിവരിക്കുന്നു. ഇബ്റാഹീമും ﷺ , യഅ്ഖൂബും ﷺ അവരുടെ സന്താനങ്ങളോട് ഇത് (അനുസരണ) ഉപദേശിക്കുകകൂടി ചെയ്തു. "എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തിരഞ്ഞെടുത്തുതന്നിരിക്കുന്നു. അതിനാൽ അല്ലാഹുവിന് കീഴ്പ്പെടുന്നവരായി (മുസ്ലിംകളായി) കൊണ്ടല്ലാതെ നിങ്ങൾ മരിക്കാൻ ഇടയാകരുത്." (ഇങ്ങനെയാണ് അവർ ഓരോരുത്തരും ഉപദേശിച്ചത്.)" (ബഖറ 132)

ഇബ്റാഹീം ﷺ തന്റെ ശേഷികൾ മുഴുവൻ ഈ പ്രബോധനപാതയിൽ ചെലവഴിച്ചു. ഈ വഴിയിൽ വലിയ ത്യാഗപരിശ്രമങ്ങൾ നടത്തി. ഇതിന്റെ കേന്ദ്രമെന്നോണം മക്കാമുകർറമയിലെ കഅ്ബാ ശരീഫയെ പുനർനിർമ്മിച്ചു. അവിടെ പ്രിയപത്നിയെയും പാൽകുടി മാറാത്ത മകനേയും താമസിപ്പിച്ചു. അങ്ങനെ കഅ്ബാ ശരീഫയിൽ തൗഹീദിന്റെ പതാക പാറിപ്പറന്നു. അവിടെ നിന്നും തൗഹീദിന്റെ ശബ്ദം ഉയർന്നു. ഇതിനിടയിൽ ആ നാട്ടുകാരനായ ഒരാൾ ഇറാഖിലും സിറിയയിലും യാത്ര ചെയ്തു. വിഗ്രഹാരാധനയിൽ ആകൃഷ്ടനായി. കുറേ വിഗ്രഹങ്ങളെ മക്കയിലും കൊണ്ടുവന്നു. അയാളുടെ പ്രവർത്തനഫലമായി മക്കയിൽ വിഗ്രഹാരാധന ആരംഭിച്ചു. ക്രമേണ ഇത് ശക്തിപ്രാപിച്ചു. അവസാനം ഈ കുടുംബത്തിലെ ഒരംഗമായ മുഹമ്മദ് നബി ﷺ യെ ഇബ്റാഹീമീ പ്രബോധനം പുതുക്കുന്നതിനും തൗഹീദിൽ അധിഷ്ഠിതമായ ഒരു നവലോകത്തെ എന്നന്നേക്കുമായി പടുത്തുയർത്തുവാനും അല്ലാഹു തെരഞ്ഞെടുത്തു. തങ്ങളിലൂടെ പ്രവാചകത്വത്തിന് പരിസമാപ്

തി കുറിച്ചു. തങ്ങൾക്കുശേഷം ഈ പ്രവർത്തനം അനുയായികളെ ഏൽപ്പിച്ചു. ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും സങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ സ്വകരങ്ങൾകൊണ്ട് നിർമ്മിച്ച അസത്യ ദൈവങ്ങളെ വർജ്ജിക്കണമെന്നുമുള്ള ആഹ്വാനം വ്യാപകമാക്കാൻ ഇവരോട് കല്പിക്കപ്പെട്ടു. സർവ്വകാര്യങ്ങളുടേയും നിയന്ത്രണം അല്ലാഹുവിന് മാത്രമാണ്. അല്ലാഹുവാണ് എല്ലാവരേയും പടച്ചത്. പരിപാലകനും അവൻ തന്നെ. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് വെറുതെയല്ല. അല്ലാഹുവിനെ ആരാധിക്കലും അനുസരിക്കലുമാണ് മനുഷ്യന്റെ ലക്ഷ്യം. ഇത് പാലിക്കുന്നവർ ഇരുലോകത്തും അനുഗ്രഹിക്കപ്പെടും. മാനിക്കാത്തവർ ശിക്ഷിക്കപ്പെടും എന്നീ സന്ദേശങ്ങൾ ലോകം മുഴുവൻ പ്രചരിപ്പിക്കേണ്ടത് മുഹമ്മദീ സമുദായത്തിന്റെ കർത്തവ്യമാണ്.

മക്കക്കാരുടെ പിതാമഹനായ ഇബ്റാഹീം നബി ﷺ പിൻഗാമികളെ സത്യത്തിലേക്ക് ക്ഷണിക്കുകയും സംസ്കരിക്കുകയും വിജ്ഞാനം പകരുകയും ചെയ്യുന്ന ഒരു പ്രവാചകനെ മക്കയിൽ നിയോഗിക്കണമെന്ന് അല്ലാഹുവോട് ദുആ ഇരന്നിരുന്നു. അല്ലാഹു അത് സ്വീകരിച്ചു. അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽതന്നെ പെട്ട മുഹമ്മദുർ റസൂലുല്ലാഹി ﷺയെ ഇതിനായി തെരഞ്ഞെടുത്തു. റസൂലുല്ലാഹി ﷺ അവസാനത്തെ നബിയാണ്. എല്ലാവർക്കും എല്ലാക്കാലത്തേക്കും ഉള്ള പ്രവാചകനാണ്.

## പരിശുദ്ധ ഖുർആൻ വിശ്വാസ-കർമ്മങ്ങൾ സംസ്കരിക്കുന്നു

റസൂലുല്ലാഹി ﷺയുടെ മേൽ 'ഖുർആൻ' എന്ന പേരിൽ ഘട്ടംഘട്ടമായി ഒരു ഗ്രന്ഥവും അല്ലാഹു അവതരിപ്പിച്ചു. അതിൽ സത്യവിശ്വാസത്തേയും സൽക്കർമ്മങ്ങളേയും വിവരിച്ചിരുന്നു. കൂട്ടത്തിൽ ഗതകാല പ്രവാചകൻമാരുടേയും സമുദായങ്ങളുടേയും ചരിത്രസംഭവങ്ങളും വിശദീകരിച്ചിരുന്നു. റസൂലുല്ലാഹി ﷺ ഇതിന്റെ വെളിച്ചത്തിൽ ജനങ്ങളെ സത്യവിശ്വാസ- സൽകർമ്മങ്ങളിലേക്ക് ക്ഷണിച്ചു. സത്യം സ്വീകരിക്കാത്ത നിഷേധികൾക്ക് പടച്ചവന്റെ ശിക്ഷ ഇറങ്ങുമെന്ന് സംഭവങ്ങൾ ഉദ്ദരിച്ചുകൊണ്ട് ഉണർത്തി.

അല്ലാഹുവിന്റെ അന്തിമഗ്രന്ഥമായ പരിശുദ്ധ ഖുർആൻ, തൗഹീദും ശിർക്കും ഗതകാല സമൂഹങ്ങളുടെ നന്മ തിന്മകളുടെ പരിണിത ഫലങ്ങളും അത്യന്തം പ്രതിഫലനാത്മകമായ നിലയിൽ പരാമർശിക്കുകയുണ്ടായി. കൂട്ടത്തിൽ അതിന്റെ ഭാഷാസാഹിത്യങ്ങൾ അത്യധികം ഉന്നത നിലവാരം പുലർത്തുകയും ചെയ്തു. ഉമ്മിയ്യ് (നിരക്ഷരൻ) ആയ മുഹമ്മദ് നബി ﷺയ്ക്ക് ഇത്തരം വിഷയങ്ങൾ അമാനുഷികമായ ഇത്ര

ഉജ്ജ്വല ശൈലിയിലും ശക്തിയിലും പറയാൻ കഴിയില്ലെന്നും ഇത് സർവ്വലോക പരിപാലകന്റെ ഭാഗത്തുനിന്നുതന്നെ അവതീർണ്ണമായതാണെന്നും നിഷ്പക്ഷരായ അറബികളെല്ലാം സമ്മതിച്ചു. അങ്ങനെ മനുഷ്യശേഷിക്ക് അപ്പുറമുള്ള ഈ ഗ്രന്ഥം ഒരു അമാനുഷിക ഗ്രന്ഥമായി. അതെ, അന്ത്യപ്രവചകൻ നൽകപ്പെട്ട അമാനുഷിക ഗ്രന്ഥമാണ് പരിശുദ്ധ ഖുർആൻ. ഈ ഗ്രന്ഥം അല്ലാഹുവിങ്കൽനിന്നും അവതീർണ്ണമായതാണെന്നും ഈ ഗ്രന്ഥം കൊണ്ടുവന്ന മുഹമ്മദുർ റസൂലുല്ലാഹി ﷺ അല്ലാഹുവിന്റെ ഉന്നത ദൂതനാണെന്നും ഇതിലെ ഓരോ സംഭവങ്ങളും വചനങ്ങളും വിളിച്ചറിയിക്കുന്നു. തുടർ സംഭവങ്ങളും ഇതിനെ സാക്ഷ്യപ്പെടുത്തുന്നു. സത്യാന്വേഷണത്തോടെ നിഷ്പക്ഷമായ നിലയിൽ ഇതിനെ കേട്ടവരും മനസ്സിലാക്കിയവരുമായ ധാരാളം ആളുകൾ സത്യവിശ്വാസം സ്വീകരിച്ചു.

ചുരുക്കത്തിൽ, പരിശുദ്ധ ഖുർആനിന്റെ വിളക്കുംപിടിച്ച് റസൂലുല്ലാഹി ﷺ ലോകത്തിന്റെ കേന്ദ്രവും അറബികളുടെ ആദരണീയ സ്ഥാനവുമായ മക്കാമുകർറമയിൽ സത്യസന്ദേശത്തിന്റെ പ്രചാരണം ആരംഭിച്ചു. തെറ്റായ വിശ്വാസങ്ങളെ ദൂരീകരിക്കാനും സത്യവിശ്വാസത്തെ അരക്കിട്ടുറപ്പിക്കാനുമാണ് റസൂലുല്ലാഹി ﷺ പ്രഥമമായി ശ്രദ്ധിച്ചത്. റസൂലുല്ലാഹി ﷺ ജനങ്ങളെ സ്നേഹപുരസ്സരം ഉണർത്തി; വിഗ്രഹാരാധന വെടിയുക. ഈ വിഗ്രഹങ്ങൾ ഒരു ഗുണവും ചെയ്യുന്നില്ല. ഏകനായ അല്ലാഹുവിൽ വിശ്വസിക്കുക. അവനെമാത്രം ആരാധിക്കുക. അല്ലാഹു അയച്ച നബിമാരെ അംഗീകരിക്കുക. ഞാൻ അല്ലാഹുവിങ്കൽനിന്നുമുള്ള അവസാന നബിയാണ്. എനിക്കുശേഷം പുതിയ ഒരു നബി വരുന്നതല്ല. ഈ ജീവിതത്തിനുശേഷം ശാശ്വതമായ പരലോകം എന്ന ഒരു ജീവിതമുണ്ട്. അതിനുവേണ്ടി ഒരുങ്ങുക. ഇഹലോകം പരലോകത്തേക്കുള്ളു കൃഷിയിടമാണ്. ഇവിടെ വിതയ്ക്കുന്നത് അവിടെ കൊയ്യുന്നതാണ്. (സീറത്തുൽ ഹലബിയ്യ 1/461)

അന്നത്തെ ജനങ്ങൾ മലക്കുകളിലും ഭൂതങ്ങളിലും വിശ്വസിച്ചിരുന്നു. എന്നാൽ മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് വാദിച്ചിരുന്നു. അതായത് അല്ലാഹുവിന്റേതുപോലുള്ള ശക്തിവിശേഷണങ്ങൾ ഉള്ളവരാണെന്ന് കണ്ടിരുന്നു. ഇപ്രകാരം ഭൂതങ്ങളെ ശക്തിയുള്ള പ്രേതങ്ങളായി വിശ്വസിച്ചിരുന്നു. അവരെ തൃപ്തിപ്പെടുത്താൻ ആദരിക്കുകയും അവരോട് സഹായഭ്യർത്ഥന നടത്തുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ വേറെയും പലതരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അവർ പുലർത്തിയിരുന്നു. അന്ത്യപ്രവാചകനായ റസൂലുല്ലാഹി ﷺ ഖുർആനിന്റെ വെളിച്ചത്തിൽ ഈ ധാരണകളേയും തിരുത്തി. തങ്ങൾ

ﷺ ഉണർത്തി; മലക്കുകൾ അല്ലാഹുവിന്റെ ദാസന്മാരാണ്. അവരും അല്ലാഹുവിന്റെ തീരുമാനങ്ങളിലേക്ക് ആവശ്യക്കാരും പാലിക്കേണ്ടവരുമാണ്. അവർ പ്രകാശംകൊണ്ട് പടയ്ക്കപ്പെട്ട കാണപ്പെടാത്ത സൃഷ്ടികളാണെന്നുമാത്രം. അവർ അല്ലാഹുവിന്റെ കല്പനകൾ യഥാവിധി പാലിക്കുന്നു. ജിന്നുമകളും മനുഷ്യരെപ്പോലുള്ള സൃഷ്ടികൾ മാത്രമാണ്. മനുഷ്യരെപ്പോലെ സൃഷ്ടാവിനെ അംഗീകരിക്കലും ആരാധിക്കലും അനുസരിക്കലും അവർക്കും നിർബന്ധമാണ്. മനുഷ്യൻ അല്ലാഹുവിന്റെ ഉൽകൃഷ്ട സൃഷ്ടിയാണ്. ഇതര മുഴുവൻ സൃഷ്ടികളേക്കാളും അല്ലാഹു മനുഷ്യന് ശ്രേഷ്ഠത നൽകിയിരിക്കുന്നു. അല്ലാഹുവിനെ അറിഞ്ഞ് ആരാധിക്കലാണ് മനുഷ്യജീവിതത്തിന്റെ പ്രധാന ലക്ഷ്യം.

### മാനവികതയുടെ മഹാ സന്ദേശം

വിശ്വാസ-ആരാധനകളുടെ സംസ്കരണത്തോടൊപ്പം ഉത്തമസ്വഭാവങ്ങളിലേക്കും റസൂലുല്ലാഹി ﷺ ശക്തിയുക്തം ക്ഷണിച്ചു. ഉന്നത മാനുഷിക മൂല്യങ്ങൾ, എല്ലാവരോടുമുള്ള ഗുണകാംക്ഷ, പരസ്പര സഹാനുഭൂതി, സ്നേഹ-സൗഹൃദ-സാഹോദര്യങ്ങൾ ഉണ്ടാക്കിത്തീർക്കുവാൻ ആഹ്വാനം ചെയ്തു. മറ്റുള്ളവരെ ഉപദ്രവിക്കുന്നതും പരസ്പര ബന്ധം വഷളാക്കുന്നതുമായ സകലകാര്യങ്ങളിൽനിന്നും അകന്നുകഴിയാൻ ഉണർത്തി. എല്ലാവരോടും കാരുണ്യം പുലർത്താനും മയത്തോടെ വർത്തിക്കാനും പ്രേരിപ്പിച്ചു. കരുണ കാണിക്കുന്നവനോട് മഹാ കാരുണ്യവാൻ കരുണ വർഷിപ്പിക്കുന്നതാണെന്ന് ഓർമ്മിപ്പിച്ചു.

പരിശുദ്ധ ഖുർആൻ, വിശ്വാസ ആരാധനകളുടെ ശുദ്ധീകരണത്തേയും സൽസ്വഭാവങ്ങളേയും ചേർത്താണ് പലയിടങ്ങളിലും പറഞ്ഞിരിക്കുന്നത്. ഉദാഹരണത്തിന് സൂറത്തുൽ ഇസ്റാഇലെ ഈ വചനങ്ങൾ ശ്രദ്ധയോടെ പാരായണം ചെയ്യുക. " തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവരിൽ രണ്ടുപേരുംതന്നെയോ നിന്റെ അടുക്കൽവച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്നുപറയുകയോ അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്കുപറയുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവരിരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവരിരുവരും എന്നെ പോറ്റി വളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മനസ്സുകളിലുള്ളത് നല്ലവണ്ണം അറിയുന്നവനാണ്. നിങ്ങൾ നല്ലവരായിരിക്കുന്നപക്ഷം തീർച്ചയായും അവൻ ഖേദിച്ച് മടങ്ങുന്നവർ

ക്ക് ഏറെ പൊറുത്തുകൊടുക്കുന്നവനാകുന്നു. കുടുംബബന്ധം ഉള്ളവന് അവന്റെ അവകാശം നീ നൽകുക. അഗതിക്കും വഴിപോക്കനും (അവരുടെ അവകാശവും). നീ (ധനം) ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു. നിന്റെ രക്ഷിതാവിങ്കൽനിന്ന് നീ ആഗ്രഹിക്കുന്ന അനുഗ്രഹം തേടിക്കൊണ്ട് നിനക്കവരിൽനിന്ന് തിരിഞ്ഞുകളയേണ്ടിവരുന്നപക്ഷം നീ അവരോട് സൗമ്യമായ വാക്ക് പറഞ്ഞുകൊള്ളുക. നിന്റെ കൈ നീ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത്. അത് (കൈ) മുഴുവനായങ്ങ് നീട്ടിയിടുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്നപക്ഷം നീ നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടിവരും. തീർച്ചയായും നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനമാർഗ്ഗം വിശാലമാക്കിക്കൊടുക്കുന്നു. (ചിലർക്കത്) ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ തന്റെ ദാസന്മാരെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനും കാണുന്നവനും ആകുന്നു. ദാരിദ്ര്യഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയും ഭീമമായ അപരാദമാകുന്നു. നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ചമാർഗ്ഗവുമാകുന്നു. അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്. അക്രമത്തിന് വിധേയമായി വല്ലവനും കൊല്ലപ്പെടുന്നപക്ഷം അവന്റെ അവകാശിക്ക് നാം (പ്രതികാരം ചെയ്യാൻ) അധികാരം വച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ അവൻ കൊലയിൽ അതിരുകവിയരുത്. തീർച്ചയായും അവൻ സഹായിക്കപ്പെടുന്നവനാകുന്നു. അനാഥയ്ക്ക് പ്രാപ്തിയെത്തുന്നതുവരെ ഏറ്റവും നല്ല രീതിയിലല്ലാതെ അവന്റെ സ്വത്തിനെ നീ സമീപിക്കരുത്. നിങ്ങൾ കരാർ നിറവേറ്റുക. തീർച്ചയായും കരാറിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്. നിങ്ങൾ അളന്നുകൊടുക്കുകയാണെങ്കിൽ അളവ് നിങ്ങൾ തികച്ചുകൊടുക്കുക. ശരിയായ തുലാസുകൊണ്ട് നിങ്ങൾ തൂക്കിക്കൊടുക്കുകയും ചെയ്യുക. അതാണ് ഉത്തമവും അന്ത്യഫലത്തിൽ ഏറ്റവും മെച്ചമായിട്ടുള്ളതും. നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റേയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്. നീ ഭൂമിയിൽ അഹന്തയോടെ നടക്കരുത്. തീർച്ചയായും നിനക്ക് ഭൂമിയെ പിളർക്കാനൊന്നുമാകില്ല. ഉയരത്തിൽ നിനക്ക് പർവ്വതങ്ങൾക്കൊപ്പമെത്താനുമാകില്ല, തീർച്ച. അവയിൽ (മേൽപ്പറഞ്ഞ കാര്യങ്ങളിൽ) നിന്നെല്ലാം ദുഷിച്ചത് നി

ന്റെ രക്ഷിതാവിങ്കൽ വെറുക്കപ്പെട്ടതാകുന്നു. നിന്റെ രക്ഷിതാവ് നിനക്ക് ബോധനം നൽകിയ ജ്ഞാനത്തിൽപ്പെട്ടതത്രേ അത്. അല്ലാഹുവോടൊപ്പം മറ്റൊരു ദൈവത്തേയും നീ സ്ഥാപിക്കരുത്. എങ്കിൽ ആക്ഷേപിക്കപ്പെട്ടവനും പുറന്തള്ളപ്പെട്ടവനുമായി നീ നരകത്തിൽ എറിയപ്പെടുന്നതാണ്. (23-39)

ആദരവായ റസൂലുല്ലാഹി ﷺ ഇത്തരം ആയത്തുകളുടെ വെളിച്ചത്തിൽ ഒരുഭാഗത്ത് വിശ്വാസ ആരാധനകൾ നന്നാക്കി. സൃഷ്ടാവുമായി ഉത്തമബന്ധം സ്ഥാപിക്കാനും സ്വഭാവ-ഇടപാടുകളും ബന്ധങ്ങളും നന്നാക്കി സൃഷ്ടികളുമായി മഹത്തരമായ ബന്ധം നിലനിർത്താനും പ്രേരിപ്പിച്ചു. ഇതുരണ്ടും പരസ്പര വിരുദ്ധമല്ല. പരസ്പരപൂരകവും സഹായകവുമാണെന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതരുകയും ചെയ്തു. സ്വല്ലല്ലാഹു അലൈഹിവസല്ലം.

## പ്രബോധനത്തിന്റെ ആരംഭം

പ്രഥമ വഹ്യിനു ശേഷം റസൂലുല്ലാഹി ﷺയുടെ മേൽ വഹ്യ് വരാൻ അൽപം പിന്തി. കുറേനാൾ വഹ്യുകളൊന്നും വന്നില്ല. റസൂലുല്ലാഹി ﷺ വിവരിക്കുന്നു: ഈ അവസ്ഥയിൽ ഞാൻ ഒരിക്കൽ നടന്നുകൊണ്ടിരിക്കെ, ആകാശത്തുനിന്നും ഒരു ശബ്ദം കേട്ടു. ഞാൻ തല ഉയർത്തി നോക്കിയപ്പോൾ ഹിറാ ഗുഹയിൽ ഞാൻ കണ്ട അതേ മലക്ക് ആകാശത്തിനും ഭൂമിക്കുമിടയിൽ ഒരു പീഠത്തിലിരിക്കുന്നു. ഇതുകണ്ട് ഭീതിയോടെ ഞാൻ വീട്ടിലേക്ക് മടങ്ങി. എന്നെ നന്നായി പുതച്ചുമൂടുക എന്ന് വീട്ടുകാരോടു പറഞ്ഞു. തദവസരം ഈ വഹ്യ് അവതരിച്ചു: "ഹേ, പുതച്ചു മൂടിയവരേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക. താങ്കളുടെ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും താങ്കളുടെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക. കൂടുതൽ നേട്ടം കൊതിച്ചു കൊണ്ട് ഔദാര്യം ചെയ്യരുത്. താങ്കളുടെ രക്ഷിതാവിനു വേണ്ടി താങ്കൾ ക്ഷമ കൈക്കൊള്ളുക. എന്നാൽ കാഹളത്തിൽ മുഴക്കപ്പെട്ടാൽ അന്ന് അത് ഒരു പ്രയാസകരമായ ദിവസമായിരിക്കും. സത്യനിഷേധികൾക്ക് എളുപ്പമുള്ളതല്ലാത്ത ഒരു ദിവസം!" (മുദ്ദസ്സിർ: 1-10)

അതായത്, ഉത്തരവാദിത്വത്തിന്റെ ഭാരമോർത്ത് ഇത്ര അസ്വസ്ഥമാകേണ്ടതില്ല. എഴുന്നേൽക്കുക. കർത്തവ്യനിർവ്വഹണം ആരംഭിക്കുക. രക്ഷിതാവിന്റെ മഹത്വം വിവരിക്കുക. മ്ലേഛരതകളിൽ നിന്നും അകന്നു മാറുക. ഓർക്കുക: സൂർ കാഹളം ഊതപ്പെടുന്ന ഖിയാമത്ത്ദിനം അതിഭയാനകമായിരിക്കും. സത്യത്തിൽ നിന്നും മുഖം തിരിച്ചവരുടെ അന്നത്തെ അവസ്ഥ വളരെ ദുഷ്കരമായിരിക്കും.

തുടർന്ന് വഹ്യ് തുടർച്ചയായി അവതരിക്കാൻ ആരംഭിച്ചു. അങ്ങി

നെ, റസൂലുല്ലാഹി ﷺക്ക് പ്രവാചകത്വത്തിന്റെ സമുന്നത സ്ഥാനം നൽകപ്പെട്ടു. മുഴുവൻ മാനവരാശിയുടെയും സൻമാർഗ്ഗത്തിനായുള്ള പരിശ്രമം ഏൽപ്പിക്കപ്പെട്ടു. ഇതോടൊപ്പം, റസൂലുല്ലാഹി ﷺയിലൂടെ പ്രവാചകൻമാരുടെ പരമ്പരക്ക് പരിസമാപ്തി കുറിക്കപ്പെട്ടു. ഖിയാമത്ത്നാൾ വരെ സത്യത്തിന്റെ അടിസ്ഥാനതത്വങ്ങൾ റസൂലുല്ലാഹി ﷺ അരുളുന്നത് മാത്രമായിരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടു. മറുഭാഗത്ത് റസൂലുല്ലാഹി ﷺയുടെ ത്യാഗപരിശ്രമങ്ങൾ ജയിച്ചുയരുമെന്നും ലോകം മുഴുവൻ മുഹമ്മദീ സമുദായത്തിന് മുന്നിൽ മുട്ടുമടക്കുന്നതാണെന്നും വാഗ്ദാനം ചെയ്യപ്പെടുകയുമുണ്ടായി. പക്ഷേ, അതിനുമുമ്പ് കഠിനവും ദുഷ്കരവുമായ പാതയിലൂടെ സഞ്ചരിക്കേണ്ടി വരും. കല്ലുകളും മുള്ളുകളും നിറഞ്ഞ ഭൂമിയിൽ പ്രബോധന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. സഹനതയോടെ സത്യസരണിയിൽ അടിയുറച്ചു നിൽക്കണം. അല്ലാഹുവിന്റെ അനുമതി വരുന്നതുവരെ സഹനതയുടെ പാശം കൈവിടരുതെന്ന് നിർദ്ദേശിക്കപ്പെട്ടു.

വഹ്‌യിന്റെ രൂപത്തിൽ മലക്കിലൂടെയാണ് അല്ലാഹുവിന്റെ സന്ദേശങ്ങൾ വന്നിരുന്നത്. മലക്കുകൾ പ്രകാശം കൊണ്ട് പടക്കപ്പെട്ട ആകാശ സൃഷ്ടികളാണ്. സന്ദേശം സർവ്വലോക പരിപാലകനായ അല്ലാഹുവിന്റേതുമാണ്. ഇത്തരുണത്തിൽ വഹ്‌യ് ഇറങ്ങുമ്പോൾ മനുഷ്യനായ റസൂലുല്ലാഹി ﷺക്ക് വലിയ ഭാരം അനുഭവപ്പെടുമായിരുന്നു. വഹ്‌യ് അവതരിക്കുമ്പോൾ വാഹനപ്പുറത്തായിരുന്നാൽ വാഹനം ഇരുന്നു പോകുമായിരുന്നു. ആഇശ رضي الله عنها വിവരിക്കുന്നു. ഞാൻ ചോദിച്ചു: താങ്കളിലേക്ക് വഹ്‌യ് എങ്ങനെയാണ് വരുന്നത്? റസൂലുല്ലാഹി ﷺ അരുളി: ചിലപ്പോൾ മണിയടിക്കുന്ന ശബ്ദത്തിൽ വരുന്നതാണ്. അതെനിക്ക് വളരെ കഠിനമായി അനുഭവപ്പെടുന്നതാണ്. എന്നാൽ അത് അവതരിച്ചു കഴിയുമ്പോൾ ഞാൻ പൂർണ്ണമായി മനനം ചെയ്തിരിക്കും. ചിലപ്പോൾ, മനുഷ്യരൂപത്തിൽ മലക്ക് വന്ന് എന്നോട് സംസാരിക്കുന്നതും അതിനെ ഞാൻ നന്നായി ഗ്രഹിക്കുന്നതുമാണ്. ആഇശാ رضي الله عنها പറയുന്നു: "കടുത്ത തണുപ്പുള്ള കാലാവസ്ഥയിൽ തങ്ങളുടെ മേൽ വഹ്‌യ് വരുന്നത് ഞാൻ കണ്ടിട്ടുണ്ട്. അത് അവസാനിച്ചപ്പോൾ തങ്ങളുടെ നെറ്റിത്തടം വിയർത്തൊലിക്കുകയുണ്ടായി."(ബുഖാരി)

ഈ വഹ്‌യിനെ അതേപടി പാരായണം ചെയ്ത് ഹൃദ്യസ്ഥമാക്കുന്നതിന് റസൂലുല്ലാഹി ﷺ ജനങ്ങളെ ശക്തിയായി പ്രേരിപ്പിച്ചിരുന്നു. തദവസരം ഈ നിർദേശം അവതരിച്ചു: "താങ്കൾ അത് (ഖുർആൻ) ധൃതിപ്പെട്ട് ഹൃദ്യസ്ഥമാക്കാൻ വേണ്ടി അതും കൊണ്ട് താങ്കളുടെ നാവ് ചലിപ്പിക്കേണ്ട. തീർച്ചയായും അതിന്റെ (ഖുർആന്റെ) സമാഹരണവും അ

ത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓതൽ താങ്കൾ പിന്തുടരുക. പിന്നീട് അത് വിവരിച്ചു തരലും നമ്മുടെ ബാധ്യതയാകുന്നു." (ഖിയാമ: 16 – 20)

ഇതിനെ തുടർന്ന് ജിബ്‌രീൽ(അ) വരുമ്പോൾ റസൂലുല്ലാഹി(സ) ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും നന്നായി മനനം ചെയ്യുകയും അതുപോലെ ഓതുകയും ചെയ്തിരുന്നു.

ഈ വഹ്‌യ് ഇരുപത്തിമൂന്ന് വർഷങ്ങളിലായി ഓരോ സന്ദർഭങ്ങൾക്കും അനുസൃതം അൽപാൽപം അവതരിച്ചുകൊണ്ടിരുന്നു. ഇതിന്റെ ആശയവും വചനവും അല്ലാഹുവിങ്കൽ നിന്നുമുള്ളതാണ്. പരിശുദ്ധ ഖുർആൻ എന്ന പേരിൽ ഇതു തുടക്കം മുതൽക്കേ ഹൃദ്യസ്ഥമാക്കപ്പെട്ടു. ഇതിനെ ലോകാവസാനം വരെ യഥാർത്ഥ രൂപത്തിൽ സംരക്ഷിക്കുന്നതാണെന്ന് അല്ലാഹു തന്നെ വാഗ്ദാനം ചെയ്തിരിക്കുന്നു. ഇതിന് 'വഹ്‌യ് മത്‌ലുവ്വ്' എന്ന് പറയപ്പെടുന്നു

ഇതുകൂടാതെ മറ്റൊരു വഹ്‌യുമുണ്ട്. ഇത് അല്ലാഹുവിന്റെ സന്ദേശം എന്ന രൂപത്തിൽ മലക്കുകളിലൂടെയോ സ്വപ്നത്തിലൂടെയോ ഹൃദയത്തിലുള്ള ഉദിപ്പുകളിലൂടെയോ ലഭിക്കുന്നതാണ്. ഇതിന്റെ ആശയം അല്ലാഹുവിങ്കൽ നിന്നുമുള്ള താണെങ്കിലും വചനം അല്ലാഹുവിന്റേതായിരിക്കില്ല. അതുകൊണ്ടു തന്നെ ഖുർആൻ വഹ്‌യിന്റെ ഭാരം ഇതിനുണ്ടായിരിക്കുന്നതല്ല.എന്നാൽ ഇതും അല്ലാഹുവിങ്കൽ നിന്നുമുള്ളതാണ്. ഇത് പരിശുദ്ധ ഖുർആന്റെ വ്യാഖ്യാനവും ജീവിതരേഖയുമാണ്. ഇതിനും വഹ്‌യിന്റെ സ്ഥാനം തന്നെയാണുള്ളത്. അല്ലാഹു പറയുന്നു: "റസൂലുല്ലാഹി(സ) സ്വന്തം ഇഷ്ടപ്രകാരം ഒന്നും മൊഴിയുന്നതല്ല. ഇത് തങ്ങളിലേക്ക് നൽകപ്പെടുന്ന വഹ്‌യ് തന്നെയാണ്"(നജ്മ്). ഇതിന് വഹ്‌യ് ഗൈറുമത്‌ലുവ്വ് (പാരായണം ചെയ്യപ്പെടാത്ത വഹ്‌യ്) എന്നു പറയപ്പെടുന്നു.

ഈ രണ്ടു വഹ്‌യുകളുടെ വെളിച്ചത്തിൽ റസൂലുല്ലാഹി(സ) ദൗത്യനിർവ്വഹണം ആരംഭിച്ചു. സത്യമതത്തിന്റെ യാഥാർത്ഥ്യങ്ങൾ ജനങ്ങളെ അറിയിച്ചു തുടങ്ങി. അതനുസരിച്ച് ജീവിക്കാൻ പ്രേരിപ്പിച്ചു. ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും മറ്റാരുമില്ലെന്നും ഉണർത്തി. വെറും സങ്കൽപ്പങ്ങളുടെയും ഊഹാപോഹങ്ങളുടെയും അടിസ്ഥാനത്തിൽ കല്ലുകളേയും കമ്പുകളേയും മറ്റും ദൈവമായി കണ്ട് ആരാധിച്ചിരുന്നവരുടെ ചെവിയിൽ ഈ ശബ്ദം മുഴങ്ങി. സംസാരിക്കാനും കേൾക്കാനും ഒന്നും ചെയ്യാനും കഴിവില്ലാത്ത ഇവയെ ആരാധിക്കുകയും അല്ലാഹുവിനോട് പങ്ക് ചേർക്കുകയും ചെയ്യുന്നത് എത്ര വലിയ വിഡ്ഢിത്തമാണെന്ന് അവരുടെ മുന്നിൽ ചോദ്യം ഉയർന്നു. തുടർന്ന് റസൂലുല്ലാ

ഹി ﷺ അരുളി: ഞാൻ അല്ലാഹുവിങ്കൽ നിന്നും നിങ്ങളിലേക്ക് അയക്കപ്പെട്ട ദൂതനാണ്. ആരാധനക്കർഹനായ അല്ലാഹുവിനെ ആരാധിക്കണമെന്നും അവനെ എങ്ങനെ ആരാധിക്കണമെന്നുമുള്ള സന്ദേശമാണ് എനിക്ക് നിങ്ങളിലേക്ക് നൽകാനുള്ളത്. നിങ്ങൾ എന്നെ അംഗീകരിച്ച് ആനുസരിക്കുക. സത്ഗുണങ്ങളും സത്സ്വഭാവങ്ങളും ഉണ്ടാക്കിയെടുക്കാൻ ഞാൻ നിങ്ങളെ ആത്മാർത്ഥമായി ഉപദേശിക്കുന്നു. അല്ലാഹു എന്നോട് നിർദ്ദേശിച്ച സർവ്വ സന്ദേശങ്ങളും ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു.

## പ്രഥമ വിശ്വാസികൾ

റസൂലുല്ലാഹി ﷺ ഈ മഹത്തായ ദൗത്യം സ്വന്തം കുടുംബത്തേയും അടുത്തവരേയും കൊണ്ടാരംഭിച്ചു. അതിൽ വിജയം വരിക്കുകയും ചെയ്തു. അങ്ങിനെ, ഇദംപ്രഥമമായി പ്രിയപ്പെട്ട പത്നി ഖദീജ, വീട്ടുകാരനായിരുന്ന അലിയ്യ്, അടിമത്വ മോചനം ചെയ്ത സൈദുബ്നു ഹാരിസ, ആത്മ സുഹൃത്ത് എന്നിവർ സത്യവിശ്വാസം സ്വീകരിച്ചു (ഇബ്നുഹിശാം:1-140). തുടക്കത്തിൽ പ്രബോധനപ്രവർത്തനങ്ങൾ രഹസ്യമായും അടുത്തവരിലും ചുരുക്കി. അങ്ങിനെ കുറഞ്ഞ സംഖ്യയാണെങ്കിലും ഒരുകൂട്ടം സുമനസ്സുകൾ ഇസ്‌ലാമിൽ പ്രവേശിച്ചു. ഇതിൽ പ്രധാന പങ്ക് വഹിച്ചത് അബൂബകർ സ്വിദ്ദീഖ് رضي الله عنه ആണ്. അദ്ദേഹം തന്റെ സുഹൃത്തുക്കളിലും അടുത്തവരിലും പരിശ്രമിച്ചു. കാര്യം ഗ്രഹിച്ച സത്യാന്വേഷികൾ സത്യം സ്വീകരിച്ചു. ഉസ്മാനുബ്നു അഫ്ഫാൻ, സുബൈറുബ്നുൽ അവ്വാം എന്നിവർ ഇത്തരം പ്രഥമ വിശ്വാസികളാണ്. (ഇബ്നുഹിശാം:1-250)

## നമസ്കാരങ്ങൾ

തുടക്കം മുതൽക്കേ റസൂലുല്ലാഹി ﷺ നമസ്കരിച്ചിരുന്നു. പക്ഷേ, രഹസ്യമായിട്ടായിരുന്നു. സൂര്യോദയത്തിനും അസ്തമനത്തിനും മുമ്പുള്ള രണ്ട് നമസ്കാരങ്ങൾ മാത്രമാണ് പ്രധാനമായും നമസ്കരിച്ചിരുന്നത്. ഇബ്റാഹീം عليه السلام ന്റെ അദ്ധ്യാപനപ്രകാരമുള്ള ഈ നമസ്കാരങ്ങൾ കഅ്ബാശരീഫക്കും ബൈത്തുൽ മുഖദ്ദസിനും നേരെനിന്നാണ് നമസ്കരിച്ചിരുന്നത്. (ഇബ്നുഹിശാം:1-243)

## ദാറുൽ അർഖം

സ്വഫാ മലയുടെ അരികിലുണ്ടായിരുന്ന അർഖമുബ്നുൽ അർഖമിന്റെ വീടിനെ റസൂലുല്ലാഹി ﷺ കേന്ദ്രമാക്കിയിരുന്നു. റസൂലുല്ലാഹി ﷺ യിൽ വിശ്വസിച്ചവരും ബന്ധപ്പെടാൻ ആഗ്രഹിക്കുന്നവരും ഇവിടെയാണ് സമ്മേളിച്ചിരുന്നത്. ഇതിനെ കുറിച്ച് മുസ്‌ലിംകൾക്ക് മാത്രമേ അറിവുണ്ടായിരുന്നുള്ളൂ.

## സ്വഫാ മലയിലെ പരസ്യാഹ്വാനം

മൂന്നു വർഷം വരെ റസൂലുല്ലാഹി ﷺ വ്യക്തിപരമായ പ്രബോധനം നടത്തി. തുടർന്ന് പരസ്യമായി പ്രബോധനം നടത്താൻ കൽപന ലഭിച്ചു. തദവസരം റസൂലുല്ലാഹി ﷺ കഅ്ബാശരീഫക്കു മുന്നിലുള്ള സ്വഫാ മലയുടെ മുകളിൽ കയറിനിന്ന് ആപൽഘട്ടങ്ങളിൽ ജനങ്ങളെ ഒരുമിച്ചുകൂട്ടി പ്രധാന വിവരം ധരിപ്പിക്കാനുള്ള അന്നത്തെ രീതിയായ "ഈ പ്രഭാതം അപകടം നിറഞ്ഞതാണ്" എന്ന് വിളിച്ചു പറഞ്ഞു. ഇതുകേട്ടവരെല്ലാം മലയുടെ മുന്നിൽ ഓടിക്കൂടി. റസൂലുല്ലാഹി ﷺ അവരോട് ചോദിച്ചു: ഞാൻ കാണുന്നതും നിങ്ങൾ കാണാത്തതുമായ ഈ മലയുടെ പിൻഭാഗത്ത് ശത്രുക്കളുടെ ഒരു അക്രമ സംഘം വരുന്നതായി പറഞ്ഞാൽ നിങ്ങൾ ഞാൻ പറയുന്നത് സ്വീകരിക്കുമോ? അവർ പറഞ്ഞു: തീർച്ചയായും അംഗീകരിക്കുന്നതാണ്. കാരണം, താങ്കൾ അവരെ കാണുന്നുണ്ട്. ഞങ്ങൾ കാണുന്നില്ല. റസൂലുല്ലാഹി ﷺ അരുളി: എന്നാൽ കേൾക്കുക. നിങ്ങൾക്ക് മറ്റൊരു ജീവിതം കൂടിയുണ്ട് എന്ന് അല്ലാഹു എനിക്ക് അറിവ് നൽകിയിരിക്കുന്നു. നിങ്ങൾ ഏകനായ അല്ലാഹുവിനെ ആരാധിച്ചില്ലെങ്കിൽ, ആ ജീവിതത്തിൽ കഠിന ശിക്ഷയുണ്ടാകുന്നതാണെന്ന അപകടത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നു! ഇതുകേട്ട് അവർ വളരെയധികം കോപിക്കുകയും ശകാരിക്കുകയും ചെയ്തു. റസൂലുല്ലാഹി ﷺ യുടെ പിതൃവ്യരും ഖുറൈശീ നേതാക്കളുമായ അബൂലഹബും അബൂജഹ്ലുമായിരുന്നു ഇവരിൽ ഏറ്റവും മുന്നിൽ.

അങ്ങിനെ റസൂലുല്ലാഹി ﷺ പരസ്യമായ പ്രബോധനം ആരംഭിച്ചു. മറുഭാഗത്ത് ഏകപക്ഷീയമായ എതിർപ്പും തുടങ്ങി. എന്നാൽ സത്യത്തിന്റെ പ്രബോധനത്തെ രാജ്യം പിടിച്ചടക്കാനോ അധികാരം നേടിയെടുക്കാനോ ഉള്ള ഒരു പ്രവർത്തനമായി ജനങ്ങൾ തെറ്റിദ്ധരിക്കാതിരിക്കാൻ ശത്രുതയേയും എതിർപ്പിനെയും ക്ഷമാപൂർവ്വം സഹിക്കാനായിരുന്നു നിർദ്ദേശം. ഇതിലൂടെ ഈ പ്രവർത്തനം ജനങ്ങളുടെ നന്മക്കും പടച്ചവന്റെ കൽപനപ്രകാരവുമാണെന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്. അതെ, രാഷ്ട്രീയ മേൽക്കോയ്മക്കും അധികാരലബ്ധിക്കും വേണ്ടിയുള്ള പരിശ്രമങ്ങളിൽ ജനങ്ങളുടെ പിന്തുണക്ക്, ജനങ്ങൾക്ക് ഇഷ്ടപ്പെടുന്ന കാര്യങ്ങൾ മാത്രമേ പറയുകയുള്ളൂ. എന്നാൽ സത്യത്തിന്റെ പ്രബോധനത്തിൽ എതിർപ്പുകൾ വകവെക്കാതെ സത്യം മാത്രം പറയുന്നതാണ്. യഥാർത്ഥ അനുകമ്പയും ഗുണകാംക്ഷയും നന്മതിന്മകൾ വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കുന്നതിലാണ്. റസൂലുല്ലാഹി ﷺയുടെ പ്രബോധന പ്രവർത്തനങ്ങൾക്ക് തടയിടാൻ ഖുറൈശി നിഷേധികൾ ശ

ക്തിയായി പരിശ്രമിച്ചു. അബൂജഹ്ൽ, അബൂലഹബ്, അസ്വദ്, വലീദ്, ഉമയ്യ, നദ്ർ, മുനബ്ബഹ്, ഉഖുബ, ഹകം എന്നീ നേതാക്കൾ ഇതിന് നേതൃത്വം വഹിച്ചു. പ്രവാചക പാതയിൽ അവർ മുള്ളുകൾ വിതറി. നമസ്കരിക്കുമ്പോൾ കളിയാക്കി. സുജൂദിൽ കിടക്കുമ്പോൾ അനുഗ്രഹീത പിരടിയിൽ മാലിന്യം കോരിയിട്ടു. കഴുത്തിൽ തുണികൊണ്ടു മുറുക്കി. മാരണക്കാരൻ, ഭ്രാന്തൻ തുടങ്ങിയ നാമങ്ങൾ നൽകി. കുട്ടികളെ ഇളക്കിവിട്ട് കൂകി വിളിപ്പിച്ചു. നമസ്കാരത്തിൽ ഖുർആൻ പാരായണം നടത്തുമ്പോൾ പരിശുദ്ധ ഖുർആനിനെയും ഖുർആൻ വാഹകനായ റസൂലുല്ലാഹി ﷺയെയും അവതാരകനായ അല്ലാഹുവിനെയും അധിക്ഷേപിച്ചു.

ഒരിക്കൽ റസൂലുല്ലാഹി ﷺ ഹറമിൽ നമസ്കരിക്കുകയായിരുന്നു. ഖുറൈശി നേതാക്കളും അവിടെ ഉണ്ടായിരുന്നു. അപ്പോൾ അബൂജഹ്ൽ പറഞ്ഞു: ആരെങ്കിലുംപോയി ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ കുടൽമാല എടുത്തുകൊണ്ടുവന്ന് മുഹമ്മദ് സുജൂദിൽ പോകുമ്പോൾ കഴുത്തിൽ കൊണ്ടിട്ടാൽ കൊള്ളാമായിരുന്നു. ഉഖുബത്തിബ്നു അബീമുഅയ്ത് ഇതിന് തയ്യാറായി ക്രൂരകൃത്യം നിർവഹിച്ചു. ഖുറൈശികൾ സന്തോഷം കൊണ്ട് വീർപ്പുമുട്ടി. പരസ്പരം ദേഹങ്ങളിൽ മറിഞ്ഞുവീണു. റസൂലുല്ലാഹി ﷺ സുജൂദിൽ കഴിച്ചുകൂട്ടി. ഈ വിവരം ഫാത്വിമ رضي الله عنها അറിഞ്ഞു. അഞ്ച് വയസ്സ് മാത്രം അന്ന് പ്രായമുണ്ടായിരുന്ന മകൾക്ക് സഹിക്കാനായില്ല. സ്നേഹത്തോടുകൂടി വന്ന് മാലിന്യം വലിച്ചുമാറ്റി. ഉഖ്ബയെയും നേതാക്കളെയും ശപിക്കുകയും ആക്ഷേപിക്കുകയും ചെയ്തു. (ബുഖാരി).

ഒരു സദസ്സിൽ റസൂലുല്ലാഹി ﷺ പ്രബോധന പ്രഭാഷണം നടത്തുകയായിരുന്നു. ഇതിനിടയിൽ അബൂലഹബ് വന്ന് ഇയാൾ പറയുന്നത് കളവാണെന്ന് പറഞ്ഞുകൊണ്ടിരുന്നു. (മുസ്നദ്)

ഒരിക്കൽ ഹറമിൽ നമസ്കരിക്കുകയായിരുന്ന റസൂലുല്ലാഹി ﷺയുടെ കഴുത്തിൽ ഉഖുബത്ത് ഒരു തുണിചുറ്റി ശക്തമായി വലിച്ചു. യാദൃശ്ചികമായി അവിടെ എത്തിയ അബൂബകർ رضي الله عنه അയാളെ തള്ളിമാറ്റിക്കൊണ്ട് ചോദിച്ചു: ആരാധനയ്ക്കർഹൻ ഒരുവൻ മാത്രമാണെന്ന് പറയുന്ന വ്യക്തിയെ നിങ്ങൾ വധിക്കുകയാണോ?

## തുഫൈലിന്റെ സംഭവം

ദൗസ് ഗോത്രത്തിന്റെ തലവനായ തുഫൈലിബ്നു അംറുദ്ദൗസി رضي الله عنه വിവരിക്കുന്നു. ഒരു ദിവസം പ്രഭാതത്തിൽ ഞാൻ കഅ്ബയിലെത്തി. റസൂലുല്ലാഹി ﷺ തദവസരം നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു. നമസ്കാരത്തിൽ അത്യന്തം അത്ഭുതകരമായ വചനങ്ങൾ പാരായണം

ചെയ്യുന്നത് കേട്ട് ഞാൻ അവിടേക്ക് തിരിഞ്ഞു. ഇത് നിങ്ങളെ വഴിപിഴപ്പിക്കുന്ന മാരണമാണെന്ന് പറഞ്ഞ് ഖുറൈശ് എന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ, ഞാൻ ഒരു കവിയായതിനാൽ തെറ്റും ശരിയും തിരിച്ചറിയാൻ കഴിയുമെന്നും ഞാൻ വഞ്ചിക്കപ്പെടുകയില്ലെന്നും പറഞ്ഞ് ഞാൻ അത് ശ്രദ്ധിച്ചുകേട്ടു. റസൂലുല്ലാഹി ﷺ നമസ്കാരാനന്തരം വീട്ടിലേക്ക് പോയപ്പോൾ ഞാനും പിന്നാലെ കൂടി. വീട്ടിലെത്തിയ ശേഷം ഞാൻ മക്കയിൽ വന്നതും ജനങ്ങൾ എന്നെ തടഞ്ഞതും ഞാൻ ആകൃഷ്ടനായതും വിവരിച്ചുകൊണ്ട് അല്പംകൂടി പാരായണം കേൾപ്പിക്കണമെന്ന് അപേക്ഷിച്ചു. റസൂലുല്ലാഹി ﷺ ഖുർആനിൽ നിന്ന് അല്പം ഓതികേൾപ്പിച്ചു. അല്ലാഹുവിൽ സത്യം ഇത്രമാത്രം നന്മയും നീതിയും പഠിപ്പിക്കുന്ന വചനങ്ങൾ ഞാൻ കേട്ടിട്ടില്ല. ഇത് പറഞ്ഞുകൊണ്ട് അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ഇസ്ലാം സ്വീകരണം ഇസ്ലാമിന് വലിയ ശക്തിപകർന്നു. അദ്ദേഹം തന്റെ ഗോത്രത്തിന്റെ നേതാവായിരുന്നു. ഇതിന്റെ പ്രതിഫലനം ആ ഗോത്രത്തിലാകെ സംഭവിച്ചു. (ഇബ്നുഹിശാം 1-383)

ഇപ്രകാരം നിഷ്കളങ്കരും നിഷ്പക്ഷമതികളുമായ ആളുകൾ ഇസ്ലാം സ്വീകരിച്ചുകൊണ്ടിരുന്നു. എന്നാൽ നേതൃത്വം നഷ്ടപ്പെടുമെന്ന് ഭയന്ന നേതാക്കളും അനുയായികളും നിഷേധത്തിൽ ഉറച്ചുനിൽക്കുകയും വിശ്വാസികളെ കഠിനമായി മർദ്ദിക്കുകയും ചെയ്തു.

## ഖുറൈശ് അക്രമങ്ങൾ

ബിലാൽ ﵁ ഒരു നീഗ്രോ വംശജനും ഉമയ്യത്തിന്റെ അടിമയുമായിരുന്നു. ബിലാൽ ﵁ ഇസ്ലാം സ്വീകരിച്ചു. ഇതറിഞ്ഞ ഉമയ്യ അദ്ദേഹത്തെ പല തരത്തിൽ ശിക്ഷിച്ചു.

റസൂലുല്ലാഹി ﷺ യെയും മുസ്ലിംകളെയും പലവിധത്തിൽ പീഢിപ്പിച്ചിട്ടും മാറ്റങ്ങളൊന്നും കാണാതിരുന്ന ഖുറൈശികൾ പീഢനങ്ങളുടെ പുതിയ ശൈലികൾ കണ്ടെത്താൻ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. അതിൽ ഒരു പ്രധാന കമ്മിറ്റിയുടെ തലവൻ അബൂലഹബ് ആയിരുന്നു. മക്കയിലെ 25 നേതാക്കൾ അതിൽ മെമ്പർമാരായിരുന്നു. വിദൂര ദേശങ്ങളിൽ നിന്നും മക്കയിൽ നിന്നെത്തുന്നവരെ, റസൂലുല്ലാഹി ﷺയെ കാണുകയും കേൾക്കുകയും ചെയ്യുന്നതിൽ നിന്നും തടയാനുള്ള വഴി എന്താണ് എന്നതായിരുന്നു അവരുടെ ചർച്ചാവിഷയം.

ഒരാൾ പറഞ്ഞു: മുഹമ്മദ് ജോത്സ്യനാണെന്ന് ആഗതരോട് പറയാം!

അവരിൽ പ്രായംകൂടിയ വലീദിബ്നു മുഗീറ പറഞ്ഞു: ഞാൻ നിരവധി ജോത്സ്യന്മാരെ കണ്ടിട്ടുണ്ട്. എന്നാൽ ജോത്സ്യന്മാരുടെ വിടുവായിത്തരങ്ങളും മുഹമ്മദിന്റെ ഭാഷണവും തമ്മിൽ ഒരു ബന്ധവുമില്ല. നാം

പറയുന്നത് കളവാണെന്ന് അറേബ്യൻ ഗോത്രങ്ങൾ പറയാൻ ഇടവരുന്നതൊന്നും നാം പറയരുത്. മറ്റൊരാൾ പറഞ്ഞു: ഭ്രാന്തനാണെന്ന് പറയാം.

വലീദ് പറഞ്ഞു: മുഹമ്മദിന് ഭ്രാന്തുമായി എന്തുബന്ധം?

വേറൊരാൾ പറഞ്ഞു: കവിയാണെന്ന് പറയാം?

വലീദ് പറഞ്ഞു: കവിത എന്താണെന്ന് നമുക്ക് നന്നായി അറിയാം. സംസാരശൈലികൾ നമുക്ക് നല്ല പരിചയമുണ്ട്. മുഹമ്മദിന്റെ ഭാഷണത്തിന് കവിതയുമായി ഒരു ബന്ധവുമില്ല.

ഒരാൾപറഞ്ഞു: മാരണക്കാരനാണെന്ന് പറയാം?

വലീദ് പ്രതികരിച്ചു: മാരണക്കാരുടെ പതിവുകളും മലിനമാണ്. മുഹമ്മദിന്റെ ശുദ്ധിയും വൃത്തിയും വളരെ ഉന്നതമാണ്.

അവസാനം പ്രസ്തുത കമ്മിറ്റി ഇപ്രകാരം ഒരു പ്രമേയം ഐക്യകണ്ഠേന പാസ്സാക്കി. "മുഹമ്മദിനെ എല്ലാവിധത്തിലും ഉപദ്രവിക്കുക. ഓരോ കാര്യത്തിലും പരിഹസിക്കുക. മുഹമ്മദിനെ സത്യവാനായി കാണുന്നവരെ മർദ്ദിച്ച് അവശരാക്കുക." (ഇബ്നുഹിഷാം 1-270)

ഇപ്പോൾ ഖുറൈശികളിൽ എല്ലാ ഭാഗത്തും സർവ്വസമയത്തും റസൂലുല്ലാഹി ﷺയെ കുറിച്ചുള്ള ചർച്ചയ്ക്ക് ചൂടുപിടിച്ചു. അവർ പരസ്പരം ശത്രുത പ്രോത്സാഹിപ്പിച്ചു. ഒരിക്കൽ ഖുറൈശി നേതാക്കളുടെ ഒരു സംഘം അബൂത്വാലിബിന്റെ അരികിലെത്തി ഇപ്രകാരം പറഞ്ഞു: അബൂത്വാലിബേ! താങ്കൾക്ക് പ്രായം ഏറെയായി. താങ്കൾ ഞങ്ങൾക്കിടയിൽ ഏറ്റവും ആദരണീയനാണ്. താങ്കളുടെ സഹോദര പുത്രനെ നിയന്ത്രിക്കണമെന്ന് മുമ്പ് ഞങ്ങൾ താങ്കളോട് പറഞ്ഞതാണ്. പക്ഷേ, താങ്കൾ ഈ വിഷയത്തിൽ ഒന്നും ചെയ്തില്ല. ഇപ്പോൾ ഞങ്ങൾ അല്ലാഹുവിൽ സത്യം ചെയ്തുകൊണ്ട് അറിയിക്കുന്നു. ഇത്രയും നാൾ ഞങ്ങൾ ക്ഷമിച്ചു. ഇനി ഞങ്ങൾക്ക് ക്ഷമിക്കാൻ കഴിയില്ല. ഞങ്ങളുടെ പൂർവപിതാക്കളെ വഴിപിഴച്ചവരായി ചിത്രീകരിക്കുന്നതും ഞങ്ങളെ വിഡ്ഢികളാക്കുന്നതും ഞങ്ങളുടെ ആരാധ്യരെ കുറ്റം പറയുന്നതും ഞങ്ങൾ സഹിക്കുകയില്ല. ഒന്നുകിൽ താങ്കൾ അദ്ദേഹത്തെ തടഞ്ഞുനിർത്തുക, അല്ലെങ്കിൽ നമ്മിൽ ഒരുകൂട്ടർ ഇല്ലാതാകുന്ന നിലയിൽ കാര്യം മോശമാകുന്നതാണ്.

അബൂത്വാലിബിന് സമുദായത്തിന്റെ ശത്രുത പ്രയാസകരമായിരുന്നു. പക്ഷേ, റസൂലുല്ലാഹി ﷺയെ സഹായിക്കുന്നതിൽ നിന്നും പിന്മാറാൻ അദ്ദേഹം സന്നദ്ധനുമല്ലായിരുന്നു. അദ്ദേഹം റസൂലുല്ലാഹി ﷺയെ വിളിച്ചുവരുത്തി ഉപദേശിച്ചു. മകനേ, നിന്റെ സമുദായം എന്റെ അരികിൽ വന്ന് നിന്നെക്കുറിച്ച് പലതും പറഞ്ഞു. എന്നെയും നിന്നെയും

ഓർക്കുക. എനിക്ക് ചുമക്കാൻ പറ്റാത്ത ഭാരം എന്നെ ചുമപ്പിക്കാതിരിക്കുക.

അബൂത്വാലിബ് തന്റെ വിഷയത്തിൽ വിഷമത്തിലും സംശയത്തിലുമാണെന്ന് റസൂലുല്ലാഹി ﷺക്ക് തോന്നി. തങ്ങൾക്ക് വലിയ വിഷമമുണ്ടായി. പക്ഷേ, ദൃഢതയോടെ പ്രസ്താവിച്ചു: "പിതൃവ്യാ, അല്ലാഹുവിൽ സത്യം എന്നിൽ വലിയ ഒരു കർത്തവ്യമാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നത്. അവർ എന്റെ വലതുകൈയ്യിൽ സൂര്യനും ഇടതു കയ്യിൽ ചന്ദ്രനെയും വച്ചു തന്നാൽ പോലും ഞാനീ ദൗത്യം ഉപേക്ഷിക്കുകയില്ല."

### ത്യാഗത്തിന്റെ ചിത്രങ്ങൾ

സ്വഹാബികൾക്ക് കടുത്ത പ്രയാസങ്ങൾ നേരിടുന്നതും അവർക്ക് അതിനെ പ്രതിരോധിക്കാൻ കഴിയാത്തതും കണ്ട റസൂലുല്ലാഹി ﷺ അവരിൽ ആഗ്രഹമുള്ളവർക്ക് ഹബ്ശയിലേക്ക് പലായനം ചെയ്യുവാൻ അനുമതി നൽകി. അക്രമം കാട്ടാത്ത ഹബ്ശ ഭരണാധികാരി നല്ല വ്യക്തിയാണെന്നും മക്കയിൽ നല്ല ഒരു അവസ്ഥ സംജാതമാകുന്നത് വരെ ഹബ്ശയിൽ താമസിക്കാനും നിർദ്ദേശിച്ചു. ഇതിനെ തുടർന്ന് ഉസ്മാൻ ﵁ ന്റെ നേതൃത്വത്തിൽ പത്ത് പേരും ശേഷം ജഅ്ഫർ ﵁ന്റെ നേതൃത്വത്തിൽ ആകെ എൺപത്തിമൂന്ന് പേരും ഹബ്ശയിൽ എത്തിച്ചേർന്നു.

ഖുറൈശി നിഷേധികൾ, പലായനം ചെയ്ത മുസ്ലിംകളെ പിടികൂടാൻ സമുദ്രം വരെ പിൻതുടർന്നെങ്കിലും അവരുടെ കപ്പൽ പുറപ്പെട്ട് കഴിഞ്ഞതിനാൽ പിടികൂടാൻ സാധിച്ചില്ല. മുസ്ലിംകൾ ഹബ്ശയിലെത്തി സമാധാനത്തോടെ ജീവിക്കുന്നുവെന്നറിഞ്ഞ നിഷേധികൾ, ഇബ്നു അബീറബീഅ, അംറുബ്നുൽ ആസ് എന്നീ പ്രമുഖരെ ഹബ്ശയിലേക്ക് അയച്ചു. അവർ ധാരാളം ഉപഹാരങ്ങളുമായി രാജാവിന്റെ അടുത്തെത്തി, മുസ്ലിംകളുടെ കുറ്റങ്ങൾ പറയുകയും അവരെ ഞങ്ങൾക്ക് വിട്ട് തരണമെന്ന് രാജാവിനോട് അപേക്ഷിക്കുകയും ചെയ്തു. രാജാവ് മുസ്ലിംകളെയും പാതിരിമാരെയും ഒരുമിച്ചുകൂട്ടി. ക്രൈസ്തവനായിരുന്ന അദ്ദേഹം മുസ്ലിംകളോട് ചോദിച്ചു: നിങ്ങൾ, നിങ്ങളുടെ പഴയ മതം ഉപേക്ഷിക്കുകയും ഞങ്ങളുടെ മതത്തെ സ്വീകരിക്കാതിരിക്കുകയും ചെയ്തുകൊണ്ട് സ്വീകരിച്ച പുതിയ മതം ഏതാണ്? നിങ്ങളെ തിരിച്ചു കൊണ്ട് പോകാൻ വേണ്ടി, നിങ്ങളുടെ നാട്ടിലെ പ്രമുഖർ ഇതാ വന്നിരിക്കുന്നു. തദവസരം റസൂലുല്ലാഹി ﷺ യുടെ പിതൃവ്യ പുത്രൻ എഴുന്നേറ്റ് നിന്നുകൊണ്ട് ചോദിച്ചു: രാജാവേ, ഞങ്ങളുടെ ഭാഗത്ത് നിന്നും ചില ചോദ്യങ്ങൾ താങ്കൾ അവരോട് ചോദിക്കുക: (1) ഞങ്ങൾ ഉടമകളുടെ അനുവാദമില്ലാതെ ഓടി വന്ന അടിമകളാണോ? (2) ഞങ്ങൾ ആരെയെങ്കിലും വധിച്ച് ഓടിയൊളിച്ചവരാണോ? (3) ഞങ്ങൾ ആരുടെയെങ്കിലും

സമ്പത്ത് മോഷ്ടിച്ചുകൊണ്ട് കടന്നുകളഞ്ഞവരാണോ?

നജ്ജാഷി ഈ ചോദ്യങ്ങൾ ചോദിച്ചപ്പോൾ അംറുബ്നുൽ ആസ് പറഞ്ഞു: ഇതിലൊന്ന് പോലും ഞങ്ങൾ വാദിക്കുന്നില്ല. ഇവർ അടിമകളല്ല, സ്വതന്ത്രരാണ്. ഒരു തുള്ളി രക്തംപോലും വീഴ്ത്തിയിട്ടില്ല. ഇവർ ഒരു നയാപൈസ പോലും മോഷ്ടിച്ചിട്ടില്ല. നജ്ജാഷി ചോദിച്ചു: പിന്നെ നിങ്ങളുടെ ആവശ്യമെന്താണ്? അംറുബ്നുൽ ആസ് പറഞ്ഞു: ഞങ്ങളും ഇവരും ഒരേ മതത്തിലായിരുന്നു. ഇവർ അത് ഉപേക്ഷിച്ചു. ഒരു പുതിയ മതം തിരഞ്ഞെടുത്തു.

നജ്ജാഷി സഹാബികളോട് ചോദിച്ചു: നിങ്ങൾ ഉപേക്ഷിച്ചതും തിരഞ്ഞെടുത്തതുമായ മതങ്ങൾ ഏതാണ്? ജഅ്ഫർ ﷺ ഇതിന് മറുപടിയായി ഇപ്രകാരം ഒരു പ്രഭാഷണം നടത്തി. "രാജാവേ, ഞങ്ങൾ വിവരമില്ലാത്ത ഒരു സമൂഹമായിരുന്നു. വിഗ്രഹങ്ങളെ ആരാധിക്കുകയും ശവം തിന്നുകയും വൃത്തികേടുകൾ പ്രവർത്തിക്കുകയും ബന്ധങ്ങൾ മുറിക്കുകയും അയൽക്കാരെ ഉപദ്രവിക്കുകുയം ചെയ്യുന്നവർ. ഞങ്ങളിൽ ശക്തന്മാർ ബലഹീനരെ അക്രമിച്ചിരുന്നു. അല്ലാഹു ഞങ്ങളിൽ നിന്നു തന്നെ ഒരു ദൂതനെ ഞങ്ങളിലേക്കയച്ചു അദ്ദേഹത്തിന്റെ കുടുംബ മഹിമയും സത്യസന്ധതയും വിശ്വസ്തതയും ഞങ്ങൾക്കറിയാം. അല്ലാഹുവിനെ ഏകനായി അംഗീകരിച്ച് ആരാധിക്കുന്നതിനേയും അല്ലാഹുവിനെ കൂടാതെ ഞങ്ങൾ ആരാധിച്ചിരുന്ന വിഗ്രഹങ്ങൾ വർജ്ജിക്കുന്നതിലേക്കും അദ്ദേഹം ഞങ്ങളെ ക്ഷണിച്ചു. സത്യസന്ധതയും വിശ്വസ്തതയും മുറുകെപിടിക്കണമെന്നും കുടുംബബന്ധം ചേർക്കണമെന്നും അയൽക്കാർക്ക് ഗുണം ചെയ്യണമെന്നും ആദരണീയ വസ്തുക്കളെ നിന്ദിക്കരുതെന്നും കല്പിച്ചു. വൃത്തികേടുകളും കള്ളസാക്ഷ്യവും അനാഥരുടെ സ്വത്ത് അപഹരിക്കുന്നതും നിരപരാധികളെക്കുറിച്ച് അപരാധം പ്രചരിപ്പിക്കുന്നതും തടയുകയും ചെയ്തു. അല്ലാഹുവിനെ ആരാധിക്കണമെന്നും അവനോട് ഒന്നിനെയും പങ്കുചേർക്കരുതെന്നും നമസ്കാരവും നോമ്പും സകാത്തും അനുഷ്ഠിക്കണമെന്നും ഞങ്ങളെ ഉപദേശിച്ചു. ഞങ്ങൾ അവ സത്യമായി അംഗീകരിച്ച് അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ പാത പിന്തുടരുകയും ചെയ്തു. അങ്ങനെ, ഏകനായ അല്ലാഹുവിനെ മാത്രം ഞങ്ങൾ ആരാധിച്ചു. അവനോട് ഒന്നിനെയും പങ്കുചേർത്തില്ല. നിഷിദ്ധമായ കാര്യങ്ങൾ അദ്ദേഹം ഞങ്ങൾക്ക് നിഷിദ്ധമാക്കി. അനുവദനീയമായവ അനുവദനീയമാക്കി. ഇതിന്റെ പേരിൽ സമുദായം ഞങ്ങളോട് ശത്രുത പുലർത്തി പീഢിപ്പിച്ചു. അല്ലാഹുവിന്റെ ആരാധനയിൽ നിന്ന് വിഗ്രഹാരാധനയിലേക്കും പഴയ വൃത്തികേടുകളിലേക്കും ഞങ്ങളെ മടക്കിക്കൊണ്ടുപോകാൻ അവർ പരിശ്രമിച്ചു.

അവർ ഞങ്ങളെ വളരെയധികം ഉപദ്രവിക്കുകയും ഞങ്ങൾക്കും ദീനിനുമിടയിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്തപ്പോൾ ഞങ്ങൾ ഇവിടേക്ക് വന്നു. മറ്റുള്ളവരെക്കാൾ താങ്കളെ തിരഞ്ഞെടുത്തു. താങ്കളുടെ സഹായം ഞങ്ങൾ ആഗ്രഹിക്കുന്നു. താങ്കളുടെ സാന്നിധ്യത്തിൽ ഉപദ്രവിക്കപ്പെടുകയില്ലെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

സമാധാനത്തോടെ, അതീവ ശ്രദ്ധയോടെ എല്ലാം കേട്ടതിനു ശേഷം നജ്ജാഷി ചോദിച്ചു: "അല്ലാഹുവിൽ നിന്നും നിങ്ങളുടെ കൂട്ടുകാരൻ കൊണ്ടുവന്ന സന്ദേശങ്ങൾ വല്ലതും നിങ്ങൾക്ക് ഓർമ്മയുണ്ടോ?" ജഅ്ഫർ ﷺ പറഞ്ഞു: "ഉണ്ട്". "അതൊന്ന് ഓതിക്കേൾപ്പിക്കുക." നജ്ജാഷി പ്രതിവചിച്ചു. സൂറത്തു മർയമിന്റെ പ്രാരംഭഭാഗം ജഅ്ഫർ ﷺ പാരായണം ചെയ്തു. അതുകേട്ട് നജ്ജാഷി കരഞ്ഞു. താടി കണ്ണുനീരിൽ കുതിർന്നു. പാതിരിമാരും കരഞ്ഞു. അവരുടെ പുസ്തകത്തിലും കണ്ണീർ വീണു.

നജ്ജാഷി പറഞ്ഞു: "ഇതും ഈസയുടെ സന്ദേശവും ഒരേ വിളക്കിൽ നിന്നുള്ള പ്രകാശമാണ്." തുടർന്ന് ഖുറൈശി പ്രമുഖരോട് പ്രഖ്യാപിച്ചു. "നിങ്ങൾ പോവുക, അല്ലാഹുവിൽ സത്യം, ഒരിക്കലും ഇവരെ നിങ്ങളിലേക്ക് ഏൽപ്പിക്കുന്നതല്ല."

### ഉപരോധം

ഇസ്‌ലാം പല ഗോത്രങ്ങളിലും പ്രചരിച്ചു തുടങ്ങി. ഖുറൈശികൾ ഒരുമിച്ചുകൂടുകയും കാര്യങ്ങൾ ആലോചിക്കുകയും ചെയ്തു. ബനൂഹാശിം, ബനുൽ മുത്തലിബ് കുടുംബങ്ങൾക്കെതിരിൽ ഉപരോധം ഏർപ്പെടുത്താൻ അവർ തീരുമാനിച്ചു. അവരുമായി കച്ചവടവും വിവാഹവും പാടില്ല എന്നായിരുന്നു തീരുമാനം. ഇത് ഒരു കടലാസിൽ എഴുതുകയും കഅ്ബക്കുള്ളിൽ കെട്ടിത്തൂക്കുകയും ചെയ്തു.

ഖുറൈശ് ഗോത്രം ഇപ്രകാരം ചെയ്തപ്പോൾ ബനൂഹാശിം ബനുൽ മുത്തലിബ് കുടുംബാംഗങ്ങൾ മുഴുവൻ അബൂതാലിബിന്റെ അരികിലെത്തി. അവരെയെല്ലാവരെയും കൂട്ടി അദ്ദേഹം സ്വന്തമായുള്ള ഒരു മലഞ്ചെരുവിൽ പോയി താമസിച്ചു. നുബുവ്വത്തിന്റെ ഏഴാം വർഷം മുഹർറം മാസത്തിലായിരുന്നു സംഭവം.

ബനൂഹാശിം കുടുംബത്തിൽ നിന്ന് അബൂലഹബ് മാത്രം ബഹിഷ്കരണത്തിൽ നിന്ന് ഒഴിവാക്കപ്പെടുകയും ഖുറൈശികളോടൊപ്പം കഴിയുകയും ചെയ്തു. ബാക്കി മുഴുവൻ പേരും അവിടെ ഒതുങ്ങിക്കൂടി ഉപരോധത്തിന്റെ ഞെരുക്കം അവരെ വല്ലാതെ കഷ്ടപ്പെടുത്തി. ഇലന്ത മരത്തിന്റെ ഇലകൾ വരെ അവർ ഭക്ഷിക്കേണ്ടിവന്നു. വിദൂരത്ത് പോലും കേൾക്കുന്ന നിലയിൽ കുഞ്ഞുങ്ങൾ വിശന്നുകരഞ്ഞു. ഖുറൈശ് അവ

തിൽ നിന്ന് കച്ചവടക്കാരെ തടഞ്ഞുനിർത്തി. അവർക്കു മാത്രമായി വില വളരെയധികം വർദ്ധിപ്പിച്ചു. അവസാനം അവർ സാധനങ്ങൾ വാങ്ങാതായി.

മൂന്നുവർഷം വരെ ബനൂഹാഷിം ആ നിലയിൽ കഴിഞ്ഞുകൂടി. അവരോട് ആത്മാർത്ഥ സ്നേഹമുള്ള ഖുറൈശികളിൽ ചിലർ രഹസ്യമായി എത്തിച്ചുകൊടുക്കുന്ന എന്തെങ്കിലും സാധനമല്ലാതെ മറ്റൊന്നും അവർക്ക് ലഭിച്ചിരുന്നില്ല. എന്നാൽ ഈ സാഹചര്യത്തിലും രാവും പകലും രഹസ്യമായും പരസ്യമായും റസൂലുല്ലാഹി ﷺ പ്രബോധനം തുടർന്നു. കഷ്ടപ്പാടുകളെ പ്രതിഫലേച്ഛയോടെ അവർ സഹിച്ചു.

ഒടുവിൽ മാന്യതയും അന്തസ്സുമുള്ള ഏതാനും ഖുറൈശികൾ ഹിശാമുബ്നു അംറിന്റെ നേതൃത്വത്തിൽ രംഗത്തിറങ്ങി. അവർ ഈ നടപടിയെ വെറുത്തു. ഗോത്രത്തിലെ ആദരണീയനും ബന്ധുത്വം ചേർക്കുന്നയാളുമായിരുന്നു ഹിശാം. മയവും മാന്യതയുമുള്ള ചില ഖുറൈശികളെ അദ്ദേഹം ചെന്ന് കണ്ടു. അക്രമപരമായ ഈ കരാർ പത്രത്തിനെതിരിൽ അവരുടെ മനുഷ്യത്വത്തെ അദ്ദേഹം തൊട്ടുണർത്തി. അവർ അഞ്ചുപേരായി. അടുത്ത ദിവസം ഖുറൈശികൾ കഅ്ബക്കരികിൽ ഒരിടത്ത് കൂടിയിരിക്കുമ്പോൾ അബ്ദുൽ മുത്തലിബിന്റെ മകളുടെ മകനായ സുഹൈൽ എഴുന്നേറ്റ് നിന്ന് പറഞ്ഞു: "മക്കക്കാരേ, നാം ആഹാരം കഴിക്കുകയും വസ്ത്രം ധരിക്കുകയും ചെയ്യുന്നു. ബനൂ ഹാശിമാകട്ടെ നശിച്ചു കൊണ്ടിരിക്കുകയാണ്. അവർക്ക് ഒന്നും വിൽക്കാനോ വാങ്ങാനോ സാധിക്കുന്നില്ല. അല്ലാഹുവിൽ സത്യം, അക്രമപരമായ കരാർ പത്രം കീറിക്കളയുന്നത് വരെ ഞാൻ ഇരിക്കുന്നതല്ല."

അബൂജഹൽ ഇടയ്ക്ക് കയറി സംസാരിക്കാൻ നോക്കിയെങ്കിലും തടഞ്ഞില്ല. ഇതിനിടയിൽ മുത്ഇമിബ്നു അദിയ്യ് അത് കീറിക്കളയാൻ ചെന്ന് നോക്കിയപ്പോൾ അല്ലാഹുവിന്റെ നാമമൊഴിച്ചുള്ളത് ചിതലരിച്ചു കഴിഞ്ഞിരുന്നു. റസൂലുല്ലാഹി ﷺ ഇക്കാര്യം നേരത്തെ അബൂത്വാലിബിനെ അറിയിച്ചിരുന്നു. അങ്ങനെ ബഹിഷ്കരണം അവസാനിച്ചു.

## പ്രശ്നങ്ങൾക്കിടയിൽ പ്രധാന വിജയങ്ങൾ

റസൂലുല്ലാഹി ﷺ ഇസ്ലാമിക പ്രബോധനത്തിന്റെ ഈ ഘട്ടത്തിൽ വലിയ എതിർപ്പുകളും ആക്ഷേപ അധിക്ഷേപങ്ങളും ഉണ്ടായെങ്കിലും അതെല്ലാം സഹനതയോടെ നേരിട്ടുകൊണ്ടിരുന്നു. റസൂലുല്ലാഹി ﷺയുടെ കുടുംബ ശാഖയായ അബ്ദു മനാഫ് കുടുംബത്തെ പരിഗണിച്ചു കൊണ്ടും നേതാവായ അബൂത്വാലിബിന്റെ പിന്തുണ കാരണമായിട്ടും ഖുറൈശികൾക്ക് നബി ﷺയെ വധിക്കാനുള്ള തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. പക്ഷെ, പലതരം ഉപദ്രവങ്ങൾ നടത്തിക്കൊണ്ടിരുന്നു. വഴിക

ളിൽ മുള്ളുകൾ വിതറി. നമസ്കാരത്തിനിടയിൽ മാലിന്യം തിരുശരീരത്തിൽ ഇട്ടു. മ്ലേച്ഛ ഭാഷകൾ ഉപയോഗിച്ചു. ഇതെല്ലാം റസൂലുല്ലാഹി ﷺ എങ്ങനെ സഹിക്കുന്നുവെന്ന് ചിന്തിച്ച് ഖുറൈശ് അമ്പരന്നു. ഇത്ര വലിയ ത്യാഗം, സമ്പത്തും അധികാരവും പേരും പെരുമയും നേടിയെടുക്കാൻ വേണ്ടി മാത്രമായിരിക്കുമെന്ന നിഗമനത്തിൽ അവസാനം അവർ എത്തിച്ചേർന്നു. അവരിലെ ഒരു പ്രധാന നേതാവും വാചകസമർത്ഥനുമായിരുന്ന ഉത്ബതുബ്നു റബീഅയെ അവർ റസൂലുല്ലാഹി ﷺയിലേക്ക് അയച്ചു. അദ്ദേഹം വന്ന് റസൂലുല്ലാഹി ﷺയോട് ഇപ്രകാരം സംസാരിച്ചു:

"ഏതാനും നാളുകളായി നിങ്ങൾ ആരംഭിച്ചിരിക്കുന്ന പ്രവർത്തനത്തിലൂടെ നാടു മുഴുവൻ പ്രശ്നങ്ങളും നാശങ്ങളുമാണ്. നിങ്ങളുടെ ലക്ഷ്യമെന്താണ്? ഞങ്ങൾക്കു ചെയ്തു തരാൻ കഴിയുന്ന വല്ല ലക്ഷ്യവുമാണെങ്കിൽ ഞങ്ങൾ അത് ചെയ്തു തരാം. മക്കയുടെ അധികാരം, കുലമഹിമയുള്ള സുന്ദരിയുമായുള്ള വിവാഹം, സമ്പത്തിന്റെ കൂമ്പാരം, ഇതിലേതാണ് വേണ്ടത്? പറയൂ; ചെയ്തു തരാം. ഇനി, പ്രേതബാധ വല്ലതുമാണെങ്കിൽ നല്ല സമ്പത്ത് ചെലവഴിച്ച് അതു നീക്കിത്തരാം. എന്താണെങ്കിലും ഈ പ്രശ്നങ്ങൾ ഒഴിവാക്കുക!". ഉത്ബ പറഞ്ഞു നിർത്തി. അദ്ദേഹത്തിന് തന്റെ അഭിപ്രായങ്ങളുടെ വിജയത്തെ കുറിച്ച് പൂർണ്ണ ഉറപ്പുണ്ടായിരുന്നു.

ഉത്ബ പറഞ്ഞു കഴിഞ്ഞപ്പോൾ റസൂലുല്ലാഹി ﷺ അരുളി: ഇനിയും വല്ലതും പറയാനുണ്ടോ? ഉത്ബ പറഞ്ഞു: ഇല്ല. റസൂലുല്ലാഹി ﷺ അരുളി: ഇനി എനിക്ക് പറയാനുള്ളത് കേൾക്കുക. തുടർന്ന്, റസൂലുല്ലാഹി ﷺ സൂറത്ത് ഫുസ്സിലത്തിന്റെ നാലു താളുകൾ പാരായണം ചെയ്തു. അതിന്റെ ആദ്യ വചനങ്ങൾ ഇപ്രകാരമാണ്: "ഹാ മീം, പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൽ നിന്നും അവതരിച്ചതാണ് (ഇത്). അറബി ഭാഷയിലൂടെ ഖുർആൻ എന്ന നിലയിൽ വിവരമുള്ള ജനതക്കു വേണ്ടി വിശദീകരിക്കപ്പെട്ട ഒരു ഗ്രന്ഥം. സുവിശേഷം അറിയിക്കുന്നതും മുന്നറിയിപ്പു നൽകുന്നതും ആയിക്കൊണ്ട്, അങ്ങനെ അവരിൽ അധികപേരും പിന്തിരിഞ്ഞു കളഞ്ഞു. അങ്ങനെ അവർ കേൾക്കുന്നില്ല. അവർ പറഞ്ഞു: (ഓ മുഹമ്മദ്,) നീ ഏതൊന്നിലേക്ക് ഞങ്ങളെ ക്ഷണിക്കുന്നുവോ അതിനെ കുറിച്ച് ഞങ്ങളുടെ ഹൃദയങ്ങൾ അടഞ്ഞു കിടക്കുകയാണ്. ഞങ്ങളുടെ കാതുകൾക്കും ഒരുതരം മൂടിയുണ്ട്. അതുകൊണ്ട് നീ (കണ്ടതനുസരിച്ച്) പ്രവർത്തിച്ചുകൊള്ളുക. ഞങ്ങളും (അതുപ്രകാരം) പ്രവർത്തിച്ചു കൊള്ളാം. (നബിയേ, താങ്കൾ) പറയുക, ഞാൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ തന്നെയാണ്. നി

ങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് സന്ദേശം നൽകപ്പെടുന്നുണ്ട്. അതുകൊണ്ട് നിങ്ങൾ അവങ്കലേക്ക് ശരിയായി മുന്നിട്ടു നിൽക്കുകയും അവനോട് പാപമോചനത്തിന് അർത്ഥിക്കുകയും ചെയ്യുവിൻ. സകാത്ത് കൊടുക്കാതിരിക്കുകയും പരലോകത്തെ തള്ളിക്കളയുകയും ചെയ്യുന്ന മുഷ്‌രിക്കുകൾക്ക് വമ്പിച്ച നാശം". (ഫുസ്സിലത്ത്: 1-7)

ഉത്ബയുടെ കാതുകളിൽ ഈ വചനങ്ങൾ പതിഞ്ഞപ്പോൾ അദ്ദേഹം ഇത് ശ്രദ്ധാപൂർവ്വം ശ്രദ്ധിച്ചു. രണ്ടു കൈകളും പിന്നിലേക്ക് കുത്തി ഇലാഹീ വാക്യങ്ങൾ ശ്രദ്ധിക്കുന്നതിൽ മുഴുകി. റസൂലുല്ലാഹി ﷺ ഓതി നിർത്തിയപ്പോൾ അരുളി: "അബുൽ വലീദേ, നിങ്ങൾ കാര്യം കേട്ടു കഴിഞ്ഞു. ഇനി നിങ്ങളുടെ ഇഷ്ടം പോലെ തീരുമാനിക്കുക!"

ഉത്ബ, മറുപടി ഒന്നും കൂടാതെ മടങ്ങി. അദ്ദേഹം ആകെ മാറിയിരുന്നു. ഖുറൈശി നേതാക്കൾ കാര്യം തിരക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: മുഹമ്മദ് ഒരു ഭാഷണം ഉദ്ധരിച്ചു. അത് ജോത്സ്യമോ കവിതയോ മാരണമോ മന്ത്രമോ അല്ല. അതുകൊണ്ട് എന്റെ അഭിപ്രായം, മുഹമ്മദിനെ അദ്ദേഹത്തിന്റെ വഴിക്കു വിടുക. അദ്ദേഹം ജയിച്ചുയർന്നാൽ നമുക്ക് അന്തസ്സാണ്. പരാജയപ്പെട്ടു തകർന്നാൽ ഒരു പ്രശ്നവുമില്ല. ഇതു കേട്ടപ്പോൾ ഖുറൈശികൾ പറഞ്ഞു: "കൊള്ളാം, ഉത്ബക്ക് മുഹമ്മദിന്റെ മാരണം ഫലിച്ചു". അവർ അദ്ദേഹത്തിന്റെ അഭിപ്രായം തള്ളിക്കളഞ്ഞു.

ഖുറൈശികൾ നിഷേധവുമായി മുന്നോട്ടു നീങ്ങി. ഒരിക്കൽ ഒരു സദസ്സിൽ അബൂബക്ർ ؓ പ്രബോധനത്തിനായി എഴുന്നേറ്റു നിന്നു. അല്ലാഹുവിലേക്കും റസൂലിലേക്കും ക്ഷണിച്ചുകൊണ്ട് പ്രഭാഷണം ആരംഭിച്ചു. ശത്രുക്കൾ കോപാന്ധരായി ചാടിവീണ് മർദ്ദനം ആരംഭിച്ചു. ഉത്ബത്തുബ്നു റബീഅ രണ്ട് പഴഞ്ചൻ ചെരുപ്പുകൾ കൊണ്ട് സിദ്ദീഖ് ؓ ന്റെ മുഖവശങ്ങളിൽ ശക്തമായി പ്രഹരിക്കുകയും തിരിച്ചറിയാൻ കഴിയാത്ത വിധം തിരുവദനം വികൃതമാകുകയും ചെയ്തു. അബൂബക്ർ ؓന്റെ കുടുംബമായ ബനൂതമീം അദ്ദേഹത്തെ വീട്ടിലേക്ക് എടുത്തുകൊണ്ടു പോയി. അദ്ദേഹം മരിക്കുമെന്നതിൽ അവർക്ക് ഒരു സംശയവുമില്ലായിരുന്നു. കുറേ നേരം കഴിഞ്ഞ് ബോധം വന്നു. തദവസരം ആദ്യമായി അദ്ദേഹം മൊഴിഞ്ഞത്, റസൂലുല്ലാഹി ﷺ എന്ത് ചെയ്യുന്നു എന്നായിരുന്നു. ഇതിനെല്ലാം കാരണക്കാരനെ കുറിച്ചാണ് ഇപ്പോഴും ചിന്ത എന്ന് ആക്ഷേപിച്ചുകൊണ്ട് അവർ എഴുന്നേറ്റു പോയി. തദവസരം അവിടെ എത്തിയ മുസ്‌ലിം പണ്ഡിത ഉമ്മുൽജമീലിനോട് അദ്ദേഹം റസൂലുല്ലാഹി ﷺയെ കുറിച്ച് ചോദിച്ചു. അടുത്തു നിൽക്കുന്ന മാതാവിലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് അവർ കേൾക്കുന്നുണ്ടല്ലോ എന്നു പറ

ഞ്ഞപ്പോൾ, റസൂലുല്ലാഹി ﷺയെ കാണുന്നതുവരെ ആഹാരമൊന്നും കഴിക്കുന്നതല്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ജനങ്ങളുടെ പോക്കു വരവുകൾ നിലച്ച ശേഷം ഇരുവരും അദ്ദേഹത്തെയും കൊണ്ട് റസൂലുല്ലാഹി ﷺയുടെ സന്നിധിയിലെത്തി. സിദ്ദീഖിന്റെ അവസ്ഥ കണ്ട് റസൂലുല്ലാഹി ﷺ വികാരഭരിതനായി. അദ്ദേഹത്തിന്റെ മാതാവിനുവേണ്ടി ദുആ ഇരക്കുകയും ഇസ്‌ലാമിലേക്കു ക്ഷണിക്കുകയും അവർ ഉടനടി ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. (ഇബ്നുകസീർ: 1/439)

ഒരിക്കൽ, റസൂലുല്ലാഹി ﷺ സ്വഫാ മലയിൽ ഇരിക്കുകയായിരുന്നു. അബൂജഹ്ൽ അതുവഴി കടന്നു പോയപ്പോൾ റസൂലുല്ലാഹി ﷺയെ ആദ്യം ചീത്ത വിളിച്ചു. റസൂലുല്ലാഹി ﷺ നിശബ്ദത പാലിച്ചപ്പോൾ അയാൾ ഒരു കല്ലെടുത്ത് എറിഞ്ഞു. അത് റസൂലുല്ലാഹി ﷺയുടെ ശിരസ്സിൽ പതിക്കുകയും ചോര ഒഴുകുകയും ചെയ്തു. റസൂലുല്ലാഹി ﷺ അതും സഹിച്ചു. പ്രതികാരമൊന്നും ചെയ്തില്ല. അൽപം കഴിഞ്ഞപ്പോൾ റസൂലുല്ലാഹി ﷺയുടെ പിതൃവ്യൻ ഹംസ ﵁ അമ്പും വില്ലുമായി വേട്ട കഴിഞ്ഞ് ആ വഴിയിലൂടെ മടങ്ങി. അന്നുവരെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. ഖുറൈശിലെ ശക്തനായ പോരാളിയും ധീരയുവാവുമായിരുന്നു. അബൂജഹ്‌ലിന്റെ പ്രവർത്തനം കണ്ട ഇബ്നുജദ്ആന്റെ അടിമ ഇക്കാര്യം അദ്ദേഹത്തെ ധരിപ്പിച്ചു. ഹംസക്ക് ദേഷ്യം വന്നു. നേരെ അബൂജഹ്‌ലിനരുകിലെത്തി. അവന്റെ തലയിൽ ശക്തമായി പ്രഹരിച്ചുകൊണ്ട് പറഞ്ഞു: "മുഹമ്മദിനെ ആക്ഷേപിക്കാൻ നീ ധൈര്യം കാണിക്കുകയാണോ? ഞാൻ മുഹമ്മദിന്റെ ദീൻ സ്വീകരിച്ചിരിക്കുന്നു. അബൂജഹ്ൽ ഒന്നും മിണ്ടിയില്ല. ഇപ്രകാരം ഹംസ ﵁ ഇസ്‌ലാമിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ ഇസ്‌ലാം സ്വീകരണം ഖുറൈശികൾക്ക് വലിയൊരു പ്രഹരമായി. (ഇബ്നുഹിശാം: 1/291)

ഹംസ ﵁യുടെ ഇസ്‌ലാം സ്വീകരണത്തിന് മൂന്നു ദിവസം പിന്നിട്ടപ്പോൾ ഇസ്‌ലാമിനോടുള്ള ശത്രുതയിൽ വളരെ മുന്നിലായിരുന്ന ഉമറുബ്നുൽ ഖത്താബിനും ഇസ്‌ലാം സ്വീകരിക്കാനുള്ള സൗഭാഗ്യമുണ്ടായി. ഖുറൈശിലെ വീരശൂര പരാക്രമിയായിരുന്നു അദ്ദേഹം. വിദേശങ്ങളിൽ അവരുടെ ദൂതനായി പോകാറുമുണ്ടായിരുന്നു. ഒരിക്കൽ ഖുറൈശി യുവാക്കൾ റസൂലുല്ലാഹി ﷺയ്ക്കെതിരിലുള്ള പദ്ധതികളെ കുറിച്ച് ആലോചിച്ചപ്പോൾ അദ്ദേഹം ആവേശഭരിതനായിക്കൊണ്ട്, ചർച്ചകൾ നീട്ടേണ്ടതില്ലെന്നും അദ്ദേഹത്തിന്റെ കഥ ഞാൻ കഴിക്കുന്നതാണെന്നും പറഞ്ഞുകൊണ്ട് വാളുമെടുത്ത് പുറപ്പെട്ടു. വഴിയിൽ നുഐമുബ്നു അബ്ദില്ലാഹ് എന്ന മുസ്‌ലിം, ഉമറിന്റെ ശൈലി കണ്ടുകൊണ്ട് എങ്ങോട്ടു പോകുകയാണെന്നു ചോദിച്ചു. ഉമർ ﵁ പറഞ്ഞു: മുഹമ്മദ് വലിയ പ്ര

ശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. അയാളുടെ കഥ കഴിക്കാൻ പുറപ്പെട്ടതാണ്. നുഐം പറഞ്ഞു: ആദ്യം സഹോദരിയെയും സഹോദരീ ഭർത്താവിനെയും നന്നാക്കുക. അവർ മുസ്‌ലിമായിരിക്കുകയാണ്. ഇതു കേട്ട ഉമർ ﷺ സഹോദരിയുടെ വീട്ടിലെത്തി. അവരെ ക്രൂരമായി മർദ്ദിച്ചു.

മർദ്ദനത്തിൽ മുറിവേറ്റ സഹോദരി ദീനിൽ ഉറച്ചു നിൽക്കുന്നതായി പ്രഖ്യാപിച്ചു. സഹോദരിയുടെ രക്തം ഒഴുകുന്നതു കണ്ട ഉമർ ﷺന് മാനസാന്തരമുണ്ടായി. ഇതിനിടയിൽ അദ്ദേഹം പരിശുദ്ധ ഖുർആൻ കേൾക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഉമർ വരുന്നതു കണ്ട് ഒളിച്ചു കഴിഞ്ഞ ഖബ്ബാബ് ﷺ ഉടനെ മുന്നോട്ടു വന്ന് ത്വാഹാ സൂറത്തിന്റെ പ്രാരംഭ ഭാഗം ഓതിക്കേൾപ്പിച്ചു. ഇത് പരിശുദ്ധവും ആദരണീയവുമായ ഭാഷണമാണെന്ന് പ്രതികരിച്ചുകൊണ്ട് അദ്ദേഹം റസൂലുല്ലാഹി ﷺയുടെ കേന്ദ്രമായിരുന്ന ദാറുൽ അർഖമിലെത്തി ഇസ്‌ലാം സ്വീകരിച്ചു. (ഇബ്നു ഹിശാം: 1/342)

ഇപ്രകാരം കടുത്ത എതിർപ്പിനിടയിലും സത്യത്തിന്റെ പ്രബോധനം വിജയിച്ചു മുന്നോട്ടു നീങ്ങി. കൊല നടത്താൻ ഇറങ്ങിത്തിരിച്ച വ്യക്തി ഉമറുൽ ഫാറൂഖ് ആയി ഇസ്‌ലാമിന് ജീവാർപ്പണം നടത്തി. ഉമർ ﷺന്റെ ഇസ്‌ലാമിലൂടെ മുസ്‌ലിംകൾക്കിടയിൽ വലിയ ആത്മധൈര്യം കൈവന്നു.

### ദുഃഖ വർഷം

നുബുവ്വത്തിന്റെ പത്താം വർഷം അബൂത്വാലിബും ഖദീജയും ദിവംഗതരായി. റസൂലുല്ലാഹി ﷺ യോട് സഹായസഹകരണങ്ങളും സ്നേഹസഹാനുഭൂതികളും പുലർത്തിയവരായിരുന്നു ഇരുവരും. ഇരുവരുടെയും മരണത്തോടെ റസൂലുല്ലാഹി ﷺയുടെ മേൽ കഷ്ടപ്പാടുകളും വേദനകളും പെയ്തിറങ്ങി.

### ത്വാഇഫ് യാത്ര

അബൂത്വാലിബിന്റെ കാലത്ത് ചെയ്യാത്ത ഉപദ്രവങ്ങൾ ഖുറൈശികൾ റസൂലുല്ലാഹി ﷺയോട് അബൂത്വാലിബിന്റെ മരണശേഷം ചെയ്യാൻ തുടങ്ങി. എന്തിനേറെ, ഖുറൈശി തെമ്മാടികൾ തിരുശിരസ്സിൽ മണ്ണു വാരിയെറിയാൻ പോലും ധൈര്യംകാട്ടി. ഉപദ്രവങ്ങളും ഇസ്‌ലാമിനോടുള്ള എതിർപ്പും വെറുപ്പും ശക്തി പ്രാപിച്ചപ്പോൾ റസൂലുല്ലാഹി ﷺ ത്വാഇഫിലേക്ക് പോകാൻ ഉദ്ദേശിച്ചു. അവിടെയുള്ള സഖീഫ് ഗോത്രത്തിന്റെ ഇസ്‌ലാം സ്വീകരണവും സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചായിരുന്നു ഇത്. അതിലൽഭുതമില്ല. കാരണം, പ്രവാചകൻ ബാല്യം കഴിച്ചുകൂട്ടിയ ബനൂസഅ്ദ് ഗോത്രം താഇഫിനടുത്താണ്. അവർ

തമ്മിൽ വലിയ ബന്ധങ്ങളുണ്ടായിരുന്നു.

റസൂലുല്ലാഹി ﷺ ത്വാഇഫിലെത്തി സഖീഫ് ഗോത്രത്തിലെ നേതാക്കളെ ചെന്ന് കണ്ടു. അവർക്ക് സത്യദീനിനെ പരിചയപ്പെടുത്തി. എന്നാൽ, അവരുടെ പ്രതികരണം വളരെ പരുഷവും മോശവുമായിരുന്നു. അവർ റസൂലിനെ പരിഹസിച്ചു. നബിയെ കളിയാക്കാനായി പട്ടണത്തിലെ കുട്ടികളെയും തെമ്മാടികളെയും പ്രേരിപ്പിച്ചു. അവർ കൂകി വിളിച്ചു. കല്ലെറിഞ്ഞു. നിസ്സഹായതയുടെയും ദുഃഖത്തിന്റെയും കടുത്ത ഈ പരീക്ഷണ ഘട്ടത്തിൽ തിരുമേനി ﷺ ഒരു ഈത്തപ്പനച്ചുവട്ടിൽ അഭയം തേടി. മക്കാമുശ്‌രിക്കുകളുടെ അധിക്ഷേപങ്ങളേക്കാൾ വളരെ കഠിനമായിരുന്നു ത്വാഇഫിലെ ദുരിതം. വഴിയുടെ ഇരുഭാഗങ്ങളിലും ത്വാഇഫുകാർ ആളുകളെ തയ്യാറാക്കി നിർത്തി. റസൂലുല്ലാഹി ﷺ ഓരോ ചുവട് വെക്കുമ്പോഴും ഏതെങ്കിലും ഭാഗത്ത് നിന്ന് കല്ലുകൾ വന്ന് വീഴുകയായി. റസൂലിന്റെ ഇരുകാലുകളും പൊട്ടി ചോരയൊലിച്ചു. ഇത്തരുണത്തിൽ തിരുമേനിയുടെ ചുണ്ടിലും മനസ്സിലും ഒരു പ്രാർത്ഥന നിറഞ്ഞു: തന്റെ ബലഹീനതയും ഒന്നുമില്ലായ്മയും കേവലതയും അവിടുന്ന് അല്ലാഹുവിനോട് പരാതിപ്പെട്ടു. അല്ലാഹുവിന്റെ സഹായവും പിന്തുണയും അപേക്ഷിച്ച് അവിടുന്ന് പ്രാർത്ഥിച്ചു: "അല്ലാഹുവേ, എന്റെ കഴിവുകേടിനെക്കുറിച്ചും തന്ത്രക്കുറവിനെക്കുറിച്ചും ജനങ്ങൾക്കിടയിൽ ഞാൻ അപമാനിതനായി പോകുന്നതിനെക്കുറിച്ചും നിന്നോട് ഞാൻ ആവലാതിപ്പെടുന്നു. കാരുണ്യവാനിൽ ഏറ്റം കാരുണ്യവാനേ, നീ ദുർബലരുടെ സംരക്ഷകനാണ്. നീ എന്റെ രക്ഷിതാവാണ്. എന്നെ ആരുടെ കൈകളിലാണ് നീ ഏൽപ്പിച്ചു കൊടുക്കുന്നത്.? എന്നോട് മുഖം ചുളിച്ച് വെറുപ്പ് കാണിക്കുന്ന അന്യരിലേക്കാ? അതല്ല, എന്റെ മേൽ സ്വാധീനം ചെലുത്താൻ കഴിവുള്ള ശത്രുവിലേക്കോ? നാഥാ, നിനക്ക് എന്നോട് ഒരു കോപവുമില്ലെങ്കിൽ ഒന്നും ഞാൻ വകവെയ്ക്കുന്നില്ല. എനിക്ക് നിന്റെ സംരക്ഷണം മാത്രം മതി. അന്ധകാരങ്ങളഖിലം നീങ്ങി പ്രകാശമുയിർകൊള്ളുന്നതിനും ഇഹവും പരവുമായ സർവകാര്യങ്ങളും നന്നാക്കുന്നതിനും കാരണമായ നിന്റെ തിരുമുഖ പ്രകാശത്തിന്റെ പേരിൽ നിന്റെ കോപത്തിൽ നിന്ന് ഞാൻ അഭയം തേടുന്നു. എന്നിൽ പൂർണമായി നീ സംതൃപ്തനാകുന്നത് വരെ നിനക്ക് വേണ്ടി കഷ്ടപ്പെടൽ എന്റെ കടമയാണ്. നിന്റെ സഹായം കൊണ്ടല്ലാതെ ഒരു കഴിവും ശക്തിയുമില്ല."

ഉടനടി അല്ലാഹു മലകളുടെ മലക്കിനെ തിരുമേനി ﷺയുടെ അടുത്തേക്കയച്ചു. ത്വാഇഫിന്റെ ഇരു ഭാഗത്തുമുള്ള മലകളെ പരസ്പരം ചേർത്തു കളയട്ടെയോ എന്ന് ആ മലക്ക് റസൂലിനോട് ചോദിച്ചു. എന്നാൽ റസൂലുല്ലാഹി ﷺ പ്രതിവചിച്ചു: "വേണ്ട, ഏകനായ അല്ലാഹുവിനെ ആ

രാധിക്കുകകയും അവനോട് ആരെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്ന ചിലർ ഇവരുടെ സന്താന പരമ്പരയിൽ ഉണ്ടാകുമെന്നാണ് എന്റെ പ്രതീക്ഷ."

റസൂലുല്ലാഹി ﷺ താഇഫിൽ നിന്നും മടങ്ങുന്ന വഴി ഖുറൈശി പ്രമുഖരും കടുത്ത എതിരാളികളുമായ ഉത്ബയുടെയും ശൈബയുടെയും ഒരു തോട്ടത്തിന്റെ അരികിലെത്തി. അവർക്ക് അലിവ് തോന്നുകയും അദ്ദാസ് എന്ന അടിമയുടെ കയ്യിൽ കുറച്ച് മുന്തിരി കൊടുത്തുവിടുകയും ചെയ്തു. ബിസ്മില്ലാഹി ചൊല്ലികൊണ്ട് റസൂലുല്ലാഹി ﷺ ഭക്ഷിക്കുന്നത് കണ്ടപ്പോൾ അദ്ദാസ് അത്ഭുതം പ്രകടിപ്പിച്ചുകൊണ്ട് കാര്യം തിരിക്കി. റസൂലുല്ലാഹി ﷺ പ്രവാചകത്വവും പ്രബോധനവും വിവരിച്ചു. ഇഞ്ചീൽ വായിച്ചിരുന്ന അദ്ദാസ് റസൂലുല്ലാഹി ﷺ യെ ചുംബിക്കുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

മടക്കയാത്രയിൽ നഖ്‌ല എന്ന സ്ഥലത്ത് എത്തിയപ്പോൾ തഹജ്ജുദ് നിസ്കാരത്തിൽ മുഴുകി. അവിടെ നസീബൈൻ ഭാഗത്ത് താമസിച്ചിരുന്ന ജിന്നുകളുടെ സംഘം എത്തുകയും തഹജ്ജുദിലെ പരിശുദ്ധ ഖുർആൻ പാരായണം കേട്ടി ഇസ്‌ലാം സ്വീകരിക്കുകയും പ്രബോധകരായി മടങ്ങുകയും ചെയ്തു. അതെ, താഇഫിലുള്ളവർ ഉടനടി വിശ്വസിച്ചില്ലെങ്കിലും ജിന്നു വിഭാഗത്തിലെ ഒരുകൂട്ടം വിശ്വസിച്ചു. ഇത് റസൂലുല്ലാഹി ﷺ യുടെ സ്വീകാര്യതയുടെ അടയാളമായതിനോടൊപ്പം റസൂലുല്ലാഹി ﷺ യുടെ പ്രബോധനവും സന്ദേശവും ജിന്നുകൾക്കും ബാധകമാണെന്ന് അറിയിക്കുന്നു.

# 5

# മിഅ്റാജ്, അഖബ ഉടമ്പടി മദീനാ പാലായനം

**മിഅ്റാജ്**

കഴിഞ്ഞ് കടന്ന ത്യാഗത്തിന്റെ ഏഴ് വർഷങ്ങളിൽ സഹനത മുറുകെ പിടിച്ച റസൂലുല്ലാഹി ﷺ ഉപദ്രവങ്ങളിൽ വർദ്ധനവുണ്ടായിട്ടും അല്ലാഹുവിൽ ഭരമേൽപ്പിച്ചും ഉന്നതമായ ഭാവിയെ കുറിച്ചുള്ള ഇലാഹീ വാഗ്ദാനത്തിൽ പ്രതീക്ഷയർപ്പിച്ചും മുന്നേറി. എങ്കിലും ഒരു മനുഷ്യൻ എന്ന നിലയിൽ മനസ്സിൽ വലിയ പ്രയാസം അനുഭവപ്പെട്ടിരുന്നു. അനുകൂലവും പ്രതികൂലവുമായി നടന്നതും നടക്കുന്നതുമെല്ലാം അല്ലാഹുവിന്റെ അറിവോടെയും തീരുമാന പ്രകാരവും ആണെന്ന ആശ്രയം ലഭ്യമായിരുന്നു. തൽഫലമായി അനുഭവപ്പെട്ടിരുന്ന പ്രയാസം റസൂലുല്ലാഹി ﷺ യുടെ മനക്കരുത്തും അടിയുറപ്പും ഇലാഹീ വാഗ്ദാനങ്ങളിലുള്ള വിശ്വാസവും വർദ്ധിപ്പിക്കുകയാണുണ്ടായത്.

ചുരുക്കത്തിൽ, റസൂലുല്ലാഹി ﷺ യുടെ മനക്കരുത്തും ഇലാഹീ വാഗ്ദാനത്തിന്റെ പൂർത്തീകരണത്തെ കുറിച്ചുള്ള ഉറച്ച വിശ്വാസവും പരിപൂർണ്ണത പ്രാപിച്ചെങ്കിലും, സഹധർമ്മിണിയുടെയും പിതൃവ്യന്റെയും വേർപാടുകൾക്ക് ശേഷമുള്ള കഠിനമായ എതിർപ്പുകൾക്കിടയിൽ ചിലപ്പോൾ മനസ്സ് അസ്വസ്ഥമായിപ്പോകുമായിരുന്നു. ഇത്തരുണത്തിൽ, റസൂലുല്ലാഹി ﷺ യുടെ മനസ്സിന്റെ സമാധാനത്തിനും പ്രീണിത മനസ്സിന്റെ സന്തോഷത്തിനും പരലോകത്തിൽ അല്ലാഹുവിങ്കൽ ലഭിക്കാനിരിക്കുന്ന സമുന്നത സ്ഥാനങ്ങൾ കാണിക്കാൻ അല്ലാഹു ഒരു ആകാശയാത്ര ചെയ്യിക്കുകയുണ്ടായി. ഇതിന് മിഅ്റാജ് എന്നു പറയപ്പെടുന്നു. ഇത് പിതാമഹൻ ഇബ്റാഹീം(അ) മുമായി ബന്ധപ്പെട്ട ഒരു സംഭവം പോലെയാണ്. സ്വദേശ പരിത്യാഗം, ഭാര്യാ മക്കളിൽ നിന്നുള്ള അകൽച്ച, യു

വാവായ മകനെ അറുക്കാനുള്ള ത്യാഗം മുതലായ പരീക്ഷണങ്ങളിൽ വിജയം വരിച്ച ഇബ്റാഹീം(അ) മനസ്സിന്റെ സമാധാനത്തിനായ് അല്ലാഹുവിനോട് ചോദിച്ചു: അല്ലാഹുവേ, നീ എങ്ങനെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്? അല്ലാഹു ചോദിച്ചു: നിനക്ക് അതിൽ വിശ്വാസമില്ലേ? ഇബ്റാഹീ(അ) പറഞ്ഞു: തീർച്ചയായും പരിപൂർണ്ണ വിശ്വാസമുണ്ട് പക്ഷേ, മനസ്സിന്റെ സമാധാനത്തിനും ബലത്തിനും ചോദിച്ചതാണ്. അങ്ങനെ അല്ലാഹു അദ്ദേഹത്തിന് അത് കാണിച്ച് കൊടുത്തു. (അൽ ബഖറ)

ഇപ്രകാരം റസൂലുല്ലാഹി ﷺ ഇലാഹീ കൽപനകൾ പാലിച്ചും വിധികളിൽ സംതൃപ്തനായും സമുന്നത സ്ഥാനം കരസ്ഥമാക്കിയപ്പോൾ, റസൂലുല്ലാഹി ﷺ ആവശ്യപ്പെടാതെ തന്നെ, അല്ലാഹു ഹൃദയത്തിന്റെ ദൃഢതയ്ക്ക് പരലോകത്തിന്റെ ഉന്നത സ്ഥാനങ്ങളും ദൃശ്യങ്ങളും കാണിച്ച് കൊടുത്തു. അടുത്തേക്ക് വിളിച്ചു വരുത്തി ആദരിച്ചു.

റസൂലുല്ലാഹി ﷺ ആ രാത്രിയിൽ മസ്ജിദുൽഹറാമിനടുത്ത് വിശ്രമിക്കുകയായിരുന്നു. ഇതിനിടയിൽ ജിബ്രീൽ (അ) വന്നു. പുറപ്പെടാൻ ക്ഷണിച്ചു. അങ്ങനെ ആദ്യം ആ രാത്രിയിൽ ഫലസ്തീനിലുള്ള ബൈത്തുൽ മുഖദ്ദസിലെ മസ്ജിദുൽ അഖ്സയിലെത്തി, അവിടെ ഗതകാല പ്രവാചകൻമാരുമായി സംഗമിച്ചു. അവർക്ക് ഇമാമത്ത് നിന്ന് നമസ്കരിച്ചു. സർവ്വ നബിമാരുടെയും നായകത്വം ലഭിച്ചു. തുടർന്ന് ആകാശത്തേക്ക് ഉയർത്തപ്പെട്ടു. വിവിധ കാഴ്ചകൾ കണ്ടു. ഇലാഹീ അർശിനടുത്ത് അല്ലാഹു വിചാരിച്ച സ്ഥലം വരെ ചെന്നെത്തി. സർവ്വ ലോക പരിപാലകനുമായി സംഭാഷണത്തിനും സ്വകാര്യ സാമീപ്യത്തിനും സൗഭാഗ്യമുണ്ടായി.

അല്ലാഹു ഒരു ഭാഗത്ത് ഭൗതികവും ബാഹ്യവുമായ വസ്തുക്കളിലൂടെയാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ഇതിലൂടെ മനുഷ്യൻ ബാഹ്യകാരണങ്ങൾ കാണുകയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. മറുഭാഗത്ത് മനുഷ്യനുള്ളിൽ മലക്കുകളുടെ അവസ്ഥകളും നിക്ഷേപിച്ചിട്ടുണ്ട്. ഇതിന്റെ പ്രയാണം പരലോകത്താണ് നടക്കുന്നത്. എന്നാൽ, നബിമാർക്ക് ചിലപ്പോൾ അല്ലാഹു പരലോകത്തെ ആത്മീയ ദൃശ്യങ്ങൾ ഇഹലോകത്ത് തന്നെ കാട്ടിക്കൊടുക്കാറുണ്ട്. ഇതിന് ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക: നിഷിദ്ധമായ സമ്പത്ത് ബാഹ്യമായി നോക്കുമ്പോൾ അനുവദനീയായ സമ്പത്തിനെ പോലെ തന്നെ. എന്നാൽ, മാലാഖമാരുടെ ലോകത്ത് അനുവദനീയ സമ്പത്ത് പരിശുദ്ധവും നിഷിദ്ധ സമ്പത്ത് മലിനവുമാണ്. ഇപ്രകാരം, സൽകർമ്മവും ദുഷ്കർമ്മവും ബാഹ്യമായി ഒരു പോലെ തന്നെ. എന്നാൽ പ്രവചാകന്മാർ ഉണർത്തി

യ തിന്മകൾ നാശകരമാണ്.

നിഷിദ്ധമായ സ്വർണ്ണവും വെള്ളിയും കഠിന ചൂടുള്ള ഇരുമ്പ് പോലെ പഴുപ്പിക്കപ്പെടുന്നതും അത് അപഹരിച്ചവരുടെ നെറ്റിയിലും പാർശ്വങ്ങളിലും പൊള്ളിക്കപ്പെടുന്നതുമാണെന്നും അന്യായമായി ആരുടെയെങ്കിലും ഭൂമി കയ്യടക്കിയാൽ പരലോകത്ത് ഇരുമ്പിന്റെ വളയമായി കഴുത്തിൽ അണിയിക്കപ്പെടുമെന്നും പലിശപ്പണം പരലോകത്ത് ദുർഗന്ധം പരത്തുമെന്നും ഹദീസിൽ വന്നിരിക്കുന്നു. ചുരുക്കത്തിൽ മനുഷ്യ കർമ്മങ്ങൾക്ക് രണ്ട് ഭാഗങ്ങളുണ്ട്. 1. എല്ലാവരും മനസ്സിലാക്കിയിട്ടുള്ള ഇഹലോകത്തെ അവസ്ഥ. 2. പ്രവാചകന്മാർ മാത്രം മനസ്സിലാക്കിയ ആന്തരികാവസ്ഥ. ഈ അടിസ്ഥാനത്തിൽ റസൂലുല്ലാഹിﷺക്ക് ഈ അവസ്ഥയെക്കുറിച്ച് നന്നായി അറിയുമായിരുന്നുവെങ്കിലും കൂടുതൽ മാനസിക ശക്തി പകരുന്നതിന് മിഅ്റാജിലൂടെ അല്ലാഹു വിവിധ കാര്യങ്ങൾ കാണിച്ച് കൊടുത്തു. അങ്ങനെ, ഇൽമുൽ യഖീൻ (ദൃഢമായ അറിവ്) ഐനുൽ യഖീൻ(ദൃഢമായ കണ്ണു കൊണ്ട് കാണൽ) വഴി ഹഖ്ഖുൽ യഖീൻ ആയിത്തീർന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ വിവിധ ഹദീസുകളിൽ വന്നിട്ടുണ്ട് . ഉദാഹരണത്തിന്: റസൂലുല്ലാഹിﷺ അരുളി: മിഅ്റാജിന്റെ രാത്രിയിൽ പിച്ചള കൊണ്ടുള്ള നഖങ്ങളുള്ള കുറേ ആളുകളുടെ അരികിലൂടെ ഞാൻ നടന്നുപോയി. അവർ അതുകൊണ്ട് അവരുടെ മുഖവും നെഞ്ചുകളും മാന്തിക്കൊണ്ടിരിക്കുന്നു. ഞാൻ ചോദിച്ചു: ജിബ്രീലേ, ഇവർ ആരാണ്? ജിബ്രീൽ عليه السلام പറഞ്ഞു: പരദൂഷണം പറയുകയും ജനങ്ങളെ നാണം കൊടുത്തുകയും ചെയ്തവരാണ് (അബൂദാവൂദ്) അനാഥരുടെ സമ്പത്ത് അപഹരിക്കുന്നവൻ, പലിശക്കാരൻ, വ്യഭിചാരി മുതലായവരെയും വളരെ മോശമായ നിലയിൽ കാണുകയുണ്ടായി. റസൂലുല്ലാഹിﷺക്ക് വേണ്ടിയുള്ള സ്വർഗ്ഗവും കാണിക്കപ്പെട്ടു. കയറാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അത് പിന്നീടാകാം എന്ന് മറുപടി നൽകപ്പെട്ടു. മിഅ്റാജ് രാത്രിയിൽ ഇലാഹീ സന്നിധിയിൽ നിന്നും മൂന്ന് അമൂല്യ ഉപഹാരങ്ങൾ നൽകപ്പെട്ടു. ഒന്ന്, ഇസ്ലാമിക വിശ്വാസങ്ങളും അല്ലാഹുവിന്റെ ഔദാര്യവും വിളിച്ചറിയിക്കുന്ന അൽ ബഖറയിലെ അവസാനത്തെ രണ്ടായത്തുകൾ രണ്ട്, ശിർക്കുകമായി ബന്ധപ്പെടാത്തവർക്ക് മാപ്പ് മൂന്ന് അൻപത് നേരത്തെ നമസ്കാരം. ഇത് അഞ്ചാക്കി ചുരുക്കപ്പെടുകയും അൻപതിന്റെ പ്രതിഫലം നൽകപ്പെടുന്നതാണെന്ന് അറിയിക്കപ്പെടുകയും ചെയ്തു. (വിവരണത്തിന് ബുഖാരി, ഇബ്നു കഥീർ, ഇബ്നു ഹിശാം ഇവ നോക്കുക)

മിഅ്റാജിനെപ്പറ്റിയുള്ള പരാമർശം പരിശുദ്ധ ഖുർആനിൽ ഇസ്റാ

അ്, നജ്മ് എന്നീ സൂറത്തുകളിലുണ്ട്. നജ്മ് സൂറത്തിലെ വചനങ്ങൾ ഇപ്രകാരമാണ്; നക്ഷത്രം അസ്തമിക്കുമ്പോൾ അതിനെ തന്നെയാണ സത്യം. നിങ്ങളുടെ കൂട്ടുകാരൻ വഴി തെറ്റിയിട്ടില്ല. ദുർമാർഗിയായിട്ടുമില്ല അദ്ദേഹം തന്നിഷ്ട പ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യ സന്ദേശമായി നൽകപ്പെടുന്ന ഒരു ഉത്ബോധനം മാത്രമാകുന്നു. ശക്തിമത്തായ കഴിവുള്ളവനാണ് (ജിബ്രീൽ എന്ന മലക്കാണ്) അദ്ദേഹത്തെ പഠിപ്പിച്ചിട്ടുള്ളത്. കരുത്തുള്ള ഒരു വ്യക്തി. അങ്ങനെ അദ്ദേഹം (സാക്ഷാൽ രൂപത്തിൽ) നിലകൊണ്ടു. അദ്ദേഹമാകട്ടെ അത്യുന്നതമായ മണ്ഡലത്തിലായിരുന്നു. പിന്നെ അദ്ദേഹം  അടുത്ത് വന്നു. അങ്ങനെ കൂടുതൽ അടുത്തു. അങ്ങനെ അദ്ദേഹം രണ്ട് വില്ലുകളുടെ അകലത്തിലോ അതിനെക്കാൾ അടുത്തോ ആയിരുന്നു. അപ്പോൾ അവൻ (അല്ലാഹു) തന്റെ ദാസന് അവൻ ബോധനം നൽകിയതെല്ലാം ബോധനം നൽകുക. അദ്ദേഹം കണ്ട ആ കാഴ്ച (അദ്ദേഹത്തിന്റെ) ഹൃദയം നിഷേധിച്ചിട്ടില്ല. എന്നിരിക്കെ അദ്ദേഹം (നേരിൽ) കാണുന്നതിന്റെ പേരിൽ നിങ്ങൾ അദ്ദേഹത്തോട് തർക്കിക്കുകയാണോ? മറ്റൊരു ഇറക്കത്തിലും അദ്ദേഹം മലക്കിനെ കണ്ടിട്ടുണ്ട്. അറ്റത്തെ ഇലന്ത മരത്തിനടുത്ത് വെച്ച് അതിനടുത്താകുന്നു താമസിക്കാനുള്ള സ്വർഗ്ഗം. ആ ഇലന്തമരത്തെ ആവരണം ചെയ്യുന്നതൊക്കെ അതിനെ ആവരണം ചെയ്തിരുന്നപ്പോൾ(നബിയുടെ) ദൃഷ്ടി തെറ്റിപോയിട്ടില്ല. അതിക്രമിച്ചു പോയിട്ടുമില്ല. തീർച്ചയായും തന്റെ രക്ഷിതാവിന്റെ അതി മഹത്തായ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹം കാണുകയുണ്ടായി". (നജ്മ്: 1-18)

മിഅ്റാജിന്റെ അടുത്ത ദിവസം രാവിലെ റസൂലുല്ലാഹി ﷺ ഈ മഹാസംഭവം ജനങ്ങളോട് വിവരിച്ചു. നിഷേധികൾ പരിഹസിക്കുകയും റസൂലുല്ലാഹി ﷺ പറയുന്നതെല്ലാം കളവുകളാണ് എന്നതിന് തെളിവായി ഇതിനെ എടുത്ത് കാട്ടുകയും ചെയ്തു. എന്നാൽ, സത്യ വിശ്വാസികൾ ഇതിനെ പരിപൂർണ്ണമായി വിശ്വാസിച്ചു. അബൂബക്കർ ﵁ പ്രസ്താവിച്ചു. റസൂലുല്ലാഹി ﷺ ഇങ്ങനെ പറഞ്ഞെങ്കിൽ ഇത് സത്യം തന്നെയാണ്. ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല. രാവും പകലും ആകാശത്ത് നിന്ന് വഹ്യ് വരുന്നതായി എന്നോട് പറയുകയും ഞാനതിൽ വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരുണത്തിൽ നിങ്ങൾ അത്ഭുതപ്പെടുന്ന നിലയിൽ അസംഭവ്യമായ കാര്യമൊന്നുമല്ല. (ഇബ്നു ഹിശാം)

## അബൂദർ ഗിഫാരി ഇസ്‌ലാമിലേക്ക്

റസൂലുല്ലാഹി ﷺയുടെ പ്രവാചകത്വത്തെക്കുറിച്ച് ആദ്യമായി അദ്ദേഹം അറിഞ്ഞപ്പോൾ 'മക്കയിൽ ഒരു മനുഷ്യൻ തനിക്ക് വഹ്യ് കിട്ടിക്കൊണ്ടിരിക്കുന്നു. വാനലോകത്ത് നിന്നും തനിക്ക് അറിയിക്കപ്പെട്ടുകൊ

ണ്ടിരിക്കുന്നുവെന്നെല്ലാം വാദിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വിവരങ്ങൾ ശരിരായ രീതിയിൽ അന്വേഷിക്കുകയും അദ്ദേഹം പറയുന്ന വർത്തമാനങ്ങൾ ശരിയായി കേട്ട് മനസ്സിലാക്കുകയും ചെയ്യണം" എന്ന് ഉപദേശിച്ച് എന്റെ സഹോദരനെ മക്കയിലേക്ക് അയച്ചു. അദ്ദേഹം മക്കയിൽപോയി വിവരങ്ങൾ അന്വേഷിച്ച് മടങ്ങിച്ചെന്ന് തന്റെ സഹോദരനോട് ഇപ്രകാരം പറഞ്ഞു: ഞാൻ അദ്ദേഹത്തെ സൽപ്രവൃത്തികളും സൽസ്വഭാവങ്ങളും ഉണ്ടാക്കിത്തീർക്കാൻ കല്പിക്കുന്നതായി കണ്ടു. അദ്ദേഹം ചില വചനങ്ങൾ പറയുന്നതായി ഞാൻ കേട്ടു. അത് അറബികളുടെ സംഗീത രൂപത്തിലുള്ളതോ ഗണിതക്കാരുടെ വചനരൂപത്തിലുള്ളതോ അല്ല. അവ്യക്തമായ ഈ വിവരണംകൊണ്ട് അബുദർറ് ﵁ ന് മനസംതൃപ്തിയുണ്ടായില്ല. അദ്ദേഹം നേരിട്ട് തന്നെ യാത്രക്കൊരുങ്ങി. മക്കയിലെത്തി, നേരെ മസ്ജിദുൽ ഹറാമിലേക്ക് പോയി.

റസൂലുല്ലാഹി ﷺയെ അദ്ദേഹം അറിയുകയില്ലായിരുന്നു. ആരോടും ചോദിക്കുന്നതും സന്ദർഭോചിതമായി തോന്നിയില്ല. എന്താണ് ചെയ്യേണ്ടതെന്ന് ഒരു രൂപവുമില്ലാതെ സന്ധ്യവരെ അവിടെതന്നെ അദ്ദേഹം കഴിഞ്ഞുകൂടി. വൈകുന്നേരം ഒരു വിദേശിയായ മനുഷ്യൻ പള്ളിയിൽ ഇരിക്കുന്നതായി അലിയ്യ് ﵁ കണ്ടു. വിദേശികളുടെയും സാധുക്കളുടെയും കാര്യങ്ങൾ അന്വേഷിക്കുകയും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കുകയും ചെയ്യുക എന്നത് ഈ മഹാന്മാരുടെ തൊഴിലായിരുന്നു. അലിയ്യ് ﵁ അദ്ദേഹത്തെ ക്ഷണിച്ച് വീട്ടിൽകൊണ്ടുപോയി വേണ്ടവിധം സൽകരിച്ചു. എന്നാൽ അദ്ദേഹം ആരാണെന്നോ എന്തിനുവേണ്ടി വന്നുവെന്നോ ചോദിക്കുന്നത് ആവശ്യമായി കരുതിയില്ല. അദ്ദേഹവും യാതൊന്നും തന്നെ വെളിപ്പെടുത്തിയതുമില്ല. രാവിലെ എഴുന്നേറ്റ് നേരെ പള്ളിയിലേക്ക് പോയി. യാതൊരു വിവരവും അറിയാൻ കഴിയാതെ തലേദിവസത്തെപ്പോലെ തന്നെ അന്നും കഴിഞ്ഞുകൂടി. അക്കാലത്ത് റസൂലുല്ലാഹി ﷺ യ്ക്കും തങ്ങളുടെ അടുക്കൽ ചെല്ലുന്നവർക്കും ഏല്പിക്കപ്പെട്ടുകൊണ്ടിരുന്ന മർദ്ദനങ്ങൾ പ്രസിദ്ധമായിരുന്നു. അന്വേഷിച്ചാൽ തന്നെ ശരിയായ വിവരം ലഭിക്കുക എളുപ്പമായിരുന്നില്ല. തെറ്റിദ്ധാരണ നിമിത്തം വല്ല ആപത്തുകൾ ഉണ്ടാകാനും സാധ്യതയുണ്ടായിരുന്നു.

രണ്ടാം ദിവസം വൈകുന്നേരവും അദ്ദേഹം പള്ളിയിൽതന്നെ ഇരിക്കുന്നതായി അലിയ്യ് ﵁ കണ്ടു. വിദേശീയായ ഒരു യാത്രക്കാരൻ എന്തോ ആവശ്യത്തിനായി വന്നിട്ട് ഇതുവരെയും അത് സാധിച്ചിട്ടില്ലായിരിക്കും എന്ന് വിചാരിക്കുകയും വീണ്ടും അദ്ദേഹത്തെ വീട്ടിൽ വിളിച്ചുകൊണ്ടുപോയി ആഹാരം കൊടുക്കുകയും ഉറങ്ങാനുള്ള സൗകര്യം നൽ

കുകയും ചെയ്തു. എന്നാൽ അന്നും അദ്ദേഹം എന്തിനായി വന്നുവെന്ന് ചോദിക്കുവാനുള്ള സന്ദർഭം കിട്ടിയില്ല. മൂന്നാം ദിവസവും ഇതേ അനുഭവം തന്നെയുണ്ടായി. അന്ന് അലിയ്യ് ﷺ എന്തുകാര്യത്തിനായി വന്നുവെന്ന് ചോദിച്ചപ്പോൾ അബൂദർറ് ﷺ അദ്ദേഹത്തെക്കൊണ്ട് ശരിയായ വിവരം പറയണമെന്ന് കരാർ ചെയ്യിച്ചശേഷം താൻ വന്നവിവരം വെളിപ്പെടുത്തി. അലിയ്യ് ﷺ നിസ്സംശയം അവർ അല്ലാഹുവിന്റെ സത്യദൂതനാണ്. നാളെ രാവിലെ ഞാൻ പോകുമ്പോൾ എന്റെ കൂട്ടത്തിൽ വന്നാൽ നിങ്ങളെ അവിടെകൊണ്ടുപോയി ആക്കാം. എന്നാൽ എതിർപ്പ് ഇവിടെ അതികഠിനമാണ്. അതുകൊണ്ട് നിങ്ങൾക്ക് ഉപദ്രവമുണ്ടാക്കുമെന്ന് സംശയമുള്ള വല്ല ആളുകളെയും വഴിയിൽ വെച്ച് കണ്ടാൽ മൂത്രം ഒഴിക്കുന്ന രീതിയിൽ അല്ലെങ്കിൽ ചെരിപ്പ് എടുക്കുന്ന രീതിയിൽ വഴിയിൽ ഇരിക്കും. നിങ്ങൾ എന്റെ കൂട്ടത്തിൽ വന്ന ആളാണെന്ന് സംശയിക്കപ്പെടാത്തവണ്ണം നേരെ നടന്നുപോകണം. അപ്രകാരം അദ്ദേഹം രാവിലെ അലിയ്യ് ﷺ ന്റെ കൂട്ടത്തിൽ റസൂലുല്ലാഹി ﷺയുടെ സന്നിധിയിലെത്തി സംഭാഷണം നടത്തുകയും ഉടൻതന്നെ മുസ്‌ലിമാകുകയും ചെയ്തു. അദ്ദേഹത്തിന് വല്ല ഉപദ്രവവും ഉണ്ടായേക്കും എന്ന വിചാരത്താൽ നിങ്ങളുടെ ഇസ്‌ലാമിനെ വെളിപ്പെടുത്താതെ സ്വദേശത്തേക്ക് പോയിക്കൊള്ളുക. ഞങ്ങൾക്ക് വിജയം കിട്ടിയതായി അറിയുമ്പോൾ തിരിച്ചുവരിക എന്ന് റസൂലുല്ലാഹി ﷺ അരുളി. അദ്ദേഹം പറഞ്ഞു- അല്ലാഹുവിന്റെ ദൂതരേ, എന്റെ ജീവൻ ഏതൊരു അല്ലാഹുവിന്റെ പിടിയിലാണോ ആ അല്ലാഹുവിനാണെ സത്യം, ഈ പരിശുദ്ധ കലിമയെ അവിശ്വാസികളുടെ മദ്ധ്യത്തിൽ ചെന്ന് അത്യുച്ചത്തിൽ ഞാൻ പറയും. അപ്രകാരം ഉടൻതന്നെ അദ്ദേഹം മസ്ജിദുൽ ഹറമിൽ പോയി ഉറക്കെ കലിമ ചൊല്ലി. പിന്നീട് എന്താണ് അവിടെ സംഭവിച്ചത്?

നാലു ഭാഗങ്ങളിൽ നിന്നും ജനങ്ങൾ അവിടെ പാഞ്ഞെത്തി. അതികഠിനമായ രീതിയിൽ അദ്ദേഹത്തെ മർദ്ദിച്ച് രക്തം ഒലിപ്പിക്കുകയും അദ്ദേഹം മരിക്കാറാകത്തക്കവണ്ണം അവശനായിത്തീരുകയും ചെയ്തു. റസൂലുല്ലാഹി ﷺയുടെ പിതൃവ്യനായ അബ്ബാസ് ﷺ അന്ന് മുസ്‌ലിമായിരുന്നില്ലെങ്കിലും അദ്ദേഹത്തെ രക്ഷപെടുത്താൻ വേണ്ടി അദ്ദേഹത്തിന്റെ പുറത്തേക്ക് കമിഴ്ന്ന് വീഴുകയും ജനങ്ങളോട് ഇപ്രകാരം പറയുകയും ചെയ്തു: ഇത് എന്ത് അക്രമമാണ്? ഈ മനുഷ്യൻ ഗിഫ്ഫാർ കുടുംബത്തിലെ പ്രധാനാംഗമാണ്. ഈ കുടുംബക്കാർ താമസിക്കുന്നത് നിങ്ങളുടെ കച്ചവട കേന്ദ്രമായ സിറിയയിലേക്കുള്ള മാർഗമദ്ധ്യേയാണ്. ഈ മനുഷ്യൻ മരണപ്പെട്ടുപോകുകയാണെങ്കിൽ സിറിയയിലേക്കുള്ള നിങ്ങളുടെ പോക്കുവരവ് തടയപ്പെട്ടുപോകും. ഇതുകേട്ടപ്പോൾ തങ്ങളുടെ ക

ച്ചവടകേന്ദ്രമായ സിറിയയിലേക്കുള്ള മാർഗം തടയപ്പെട്ടുപോകുന്നത് വലിയ ആപത്താണല്ലോ എന്ന വിചാരത്താൽ അവർ അദ്ദേഹത്തെ വിട്ടയച്ചു. രണ്ടാം ദിവസവും അദ്ദേഹം മസ്ജിദുൽ ഹറാമിൽ ചെന്ന് അത്യുച്ചത്തിൽ കലിമ ഉച്ചരിച്ചു. ജനങ്ങൾക്ക് ആ കലിമ കേട്ടിട്ട് സഹിക്കാൻ കഴിയാതെ വീണ്ടും അദ്ദേഹത്തെ ഉപദ്രവിച്ചു. അന്നും അബ്ബാസ് ﷺ കച്ചവടത്തിന്റെ മാർഗം തടയപ്പെട്ടുപൊകുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തെ രക്ഷിച്ചു. (ഫത്ഹുൽബാരി)

### മദീനയുമായി ബന്ധം

ഹജ്ജിന്റെ നാളുകളിൽ പലഭാഗങ്ങളിൽ നിന്നും വന്ന നേതാക്കളെ കണ്ടുമുട്ടി അവർക്ക് ഇസ്‌ലാമിന്റെ സന്ദേശം വിവരിച്ചുകൊടുക്കൽ റസൂലുല്ലാഹി ﷺയുടെ പതിവായിരുന്നു. പത്താം വർഷവും ഇപ്രകാരം ആളുകളെ കണ്ടപ്പോൾ യസ്രിബ് (മദീന)യിലെ ഖസ്റജ് ഗോത്രത്തിലെ ഏതാനും ആളുകളെ കണ്ടുമുട്ടി. രാത്രി അവരുമായി ജംറത്തുൽ അഖബയുടെ അരികിലുള്ള മലഞ്ചെരിവിൽ സന്ധിക്കുകയും ഖുർആൻ ഓതിക്കേൾപ്പിക്കുകയും ചെയ്തു. യഹൂദികളുടെ അയൽവാസികളായിരുന്ന ഇവർ അന്ത്യപ്രവാചകനെക്കുറിച്ച് കേട്ടിരുന്നു. അന്ത്യപ്രവാചകൻ റസൂലുല്ലാഹി ﷺ തന്നെയാണെന്ന് അവർ മനസ്സിലാക്കി. അടുത്ത വർഷം 12 പേർ ഇപ്രകാരം വീണ്ടും കണ്ടുമുട്ടുകയും ഖുർആൻ പഠിപ്പിക്കുന്നതിന് ആരെയെങ്കിലും മദീനയിലേക്ക് വിടണമെന്ന് അപേക്ഷിക്കുകയും ചെയ്തു. റസൂലുല്ലാഹി ﷺ മുസ്അബ് ﷺ നെ അവിടേക്ക് അയച്ചു. മോഷണം, വ്യഭിചാരം, വഞ്ചന, കൊല എന്നീ പാപങ്ങൾ വർജ്ജിക്കുമെന്നും നല്ല കാര്യങ്ങളിൽ, വിശിഷ്യാ തൗഹീദിൽ ഉറച്ച് നിൽക്കുമെന്നും കരാർ ചെയ്തു. കൂടാതെ അവർ റസൂലുല്ലാഹി ﷺയെ ബൈഅത്ത് (കരംഗ്രഹിച്ച് പ്രതിജ്ഞ) നടത്തുകയും ചെയ്തു. ഇതിന് ഒന്നാം അഖബ ഉടമ്പടിയെന്ന് പറയപ്പെടുന്നു.

### ഇസ്‌ലാം മദീനയിൽ

മുസ്അബ് ﷺ മദീനയിലെത്തി പ്രബോധന അധ്യാപനങ്ങൾ നിർവഹിച്ചു. മദീനക്കാരിൽ ചിലർ കാര്യം അംഗീകരിച്ചെങ്കിലും മറ്റ് ചിലർ ആദ്യം എതിർക്കുകയും ശേഷം സ്വീകരിക്കുകയും ചെയ്തു. മുസ്അബ് ﷺന്റെ പരിശുദ്ധ ഖുർആൻ പാരായണമാണ് പ്രബോധനത്തിന് പ്രധാനമായും അവലംബമയത്. അടുത്ത വർഷം പുരുഷന്മാരും സ്ത്രീകളുമടങ്ങുന്ന 73 പേരുടെ ഒരു സംഘം മക്കയിലെത്തി. അഖബയിൽ പാതിരാത്രിയിൽ റസൂലുല്ലാഹി ﷺയുമായി സന്ധിച്ചു. അവർ മദീനയിലേക്ക് റസൂലുല്ലാഹി ﷺയെ സ്വാഗതം ചെയ്തു. എന്നാൽ അബ്ബാസ് ﷺ

അതിനെ എതിർത്തു. മദീനക്കാരുടെ വാഗ്ദത്ത പാലനത്തിൽ സംശയം പ്രകടിപ്പിച്ചു. അവർ അതിനെ ശക്തിയുക്തം എതിർക്കുകയും ആദരവോടെ റസൂലുല്ലാഹി ﷺയെയും സ്വഹാബത്തിനെയും ക്ഷണിക്കുകയും ചെയ്തു. ഇതിന് രണ്ടാം അഖബ ഉടമ്പടി എന്നുപറയപ്പെടുന്നു.

### ഹിജ്റഃ പാലായനം

മദീനയിൽ ഇസ്ലാം പ്രചരിച്ച് കഴിഞ്ഞപ്പോൾ മദീനയിലേക്ക് ഹിജ്റ ചെയ്യുവാൻ റസൂലുല്ലാഹി ﷺ സ്വഹാബാക്കൾക്ക് അനുമതി നൽകി മക്കാ ഖുറൈഷ് ഈ വിവരം മണത്തറിയുകയും പലതരം തടസങ്ങൾ സ്രിഷ്ടിക്കുകയും ചെയ്തു എന്നാൽ സ്വഹാബത്ത് രഹസ്യമായും അൽപാൽപമായും മദീനയിലേക്ക് യാത്ര നടത്തി അവസാനം ഏതാണ്ട് എല്ലാവരും മദീനയിലെത്തി മക്കയിൽ റസൂലുല്ലാഹി ﷺ അബൂബക്ർ (റ), അലി (റ), ദാരിദ്ര്യംകാരണം ഹിജ്റ ചെയ്യാൻ സാധിക്കാത്തവർ അവശേഷിച്ചു. മക്കയിൽ നിന്നും മദീനയിലേക്കുള്ള പാലായനം അത്ര എളുപ്പമായിരുന്നില്ല. ഈ വഴിയിൽ സ്വഹാബികൾക്ക് വലിയ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നു സുഹൈബ് (റ)ന്റെ മുഴുവൻ സമ്പത്തും ശത്രുക്കൾ പിടിച്ച് വാങ്ങുകയുണ്ടായി.

### ഉമ്മുസലമ (റ) യുടെ ഹിജ്റഃ

ഉമ്മുസലമ(റ) വിവരിക്കുന്നു.അബൂസലമ(റ) മദീനയിലേക്ക് യാത്ര ചെയ്യാൻ തീരുമാനിച്ചു. ഒട്ടകത്തെ തയ്യാറാക്കി എന്നെ അതിലിരുത്തി. എന്റെ കുഞ്ഞിനെ മടിയിലിരുത്തി.ഒട്ടകത്തിന്റ കടിഞ്ഞാൺ പിടിച്ച് യാത്ര ആരംഭിച്ചു. എന്നാൽ കുടുംബക്കാരായ ബനൂമുഗീറത്തിലെ കുറച്ചാളുകൾ അദ്ദേഹത്തിന്റെ അരികിൽ വന്ന് നിങ്ങൾ ഒറ്റക്ക് പൊയ്കൊള്ളിൻ നിങ്ങളുടെ ഭാര്യയെ കൊണ്ടുപോകാൻ പറ്റുകയില്ലെന്ന് പറഞ്ഞ് ഒട്ടകത്തിന്റെ കടിഞ്ഞാൺ തട്ടിപ്പറിക്കുകയും എന്നെ പിടിച്ചിറക്കുകയും ചെയ്തു. ഇത്കണ്ട അബൂ സലമയുടെ സംരക്ഷകരായിരുന്ന ഗോത്രക്കാർ വലിയ കോപിഷ്ടരാവുകയും, ഞങ്ങളുടെ മകനെ ഇവരുടെ അരികിൽ നിർത്തുകയില്ലെന്ന് പറഞ്ഞ് കുഞ്ഞിനെ പിടിച്ച് വലിക്കുകയുമുണ്ടായി. ഇരുകുടുംബവും കുഞ്ഞിനെ അങ്ങോട്ടും ഇങ്ങോട്ടും വലിച്ചു പ്രശ്നമുണ്ടാക്കി അബൂസലമയുടെ ഗോത്രക്കാർ വിജയിച്ച് കുഞ്ഞിനെകൊണ്ട്പോയി. ഞങ്ങൾ മൂന്ന് പേരും മൂന്ന് സ്ഥലങ്ങളിലായി. എന്നും പ്രഭാതത്തിൽ ഞാൻ വീടിന് വെളിയിലേക്ക് ഇറങ്ങി വൈകുന്നേരം വരെയും കരഞ്ഞ് കൊണ്ടിരിക്കുമായിരിന്നു. ഒരു വർഷം കഴിഞ്ഞു. ഒരു ദിവസം കുടുംബത്തിലെ ചിലർക്ക് ഞാൻ ഈ കരയുന്ന അവസ്ഥ കണ്ടു അലിവ് തോന്നി. എന്തിനാണ് ഇങ്ങനെ പേടിപ്പിക്കുന്നതെന്ന് ചോ

ദിച്ചുകൊണ്ട് കുട്ടിയെപിടിച്ച് വാങ്ങി എന്റെ അരികിലെത്തിക്കുകയും വേണമെങ്കിൽ നിങ്ങൾ മദീനയിലേക്ക് പൊയ്കൊള്ളുക എന്ന് പറയുകയും ചെയ്യുക. ഞാൻ ഒട്ടകം തയ്യാറാക്കി കുഞ്ഞിനെയുമെടുത്ത് മദീനയിലേക്ക് യാത്രയായി. അല്ലാഹുവും കുട്ടിയുമല്ലാതെ ആരും എന്റെ കൂട്ടത്തിലില്ലായിരുന്നു.മക്കയുടെ അതിർത്തിയായ തൻഈമിൽ എത്തിയപ്പോൾ എന്റെ അയൽവാസിയായ ഉസ്മാൻ ബിന് ത്വൽഹായെ കാണുകയുണ്ടായി. അദ്ദേഹം അന്ന് വരെയും മുസ്‌ലിമായിരുന്നില്ല. എന്നോട് ചോദിച്ചു എങ്ങോട്ടാണ് പോകുന്നത്. ഞാൻ പറഞ്ഞു: മദീനയിൽ ഭർത്താവിന്റെ അടുക്കലേക്ക് അദ്ദേഹം ചോദിച്ചു.കൂട്ടത്തിലാരാണുള്ളത് ഞാൻ പറഞ്ഞു അല്ലാഹുവും ഈ കുട്ടിയും മാത്രം അദ്ദേഹം പറഞ്ഞു അല്ലാഹുവിൽ സത്യം നിങ്ങൾക്ക് അവിടെ എത്തൽ എളുപ്പമായ കാര്യമല്ല ഇത് പറഞ്ഞ് കൊണ്ട് അദ്ദേഹം ഒട്ടകത്തിന്റെ മൂക്ക് കയറിൽ പിടിച്ച് എന്നെയും വഹിച്ച് മുന്നോട്ട് നീങ്ങി. ഇന്ന് വരെയും ഞാൻ ബന്ധപ്പെട്ട പുരുഷൻമാരിൽ ഏറ്റവും മാന്യനാണ് അദ്ദേഹം. അദ്ദേഹം തികഞ്ഞ മാന്യത പുലർത്തുകയുണ്ടായി എവിടെയങ്കിലും ഇറങ്ങേണ്ട സ്ഥലം വരുമ്പോൾ ഒട്ടകത്തെ മുട്ട് കുത്തിച്ച് ദൂരേക്ക് മാറി നിൽക്കുകയും ഞാൻ തിരിച്ച് കയറി തൊണ്ടയനക്കുമ്പോൾ വന്ന് ഒട്ടകത്തെ എഴുന്നേൽപ്പിച്ച് യാത്ര തുടരുകയും ചെയ്യുമായിരുന്നു. ഈ രീതിയിൽ യാത്ര ചെയ്ത് അവസാനം മദീനയുടെ പ്രാന്ത പ്രദേശമായ ഖുബായുടെ അരികിലെത്തി. നിങ്ങളുടെ ഭർത്താവ് ഈ നാട്ടിൽ ഉണ്ടായിരിക്കും, ഞാൻ പോകുന്നു എന്ന് പറഞ്ഞ് കൊണ്ട് അദ്ദേഹം മടങ്ങി പോയി (സ്വീറത്ത് ഇബ്നു ഹിഷാം). ഈ കുടുംബത്തിന് ഉണ്ടായത് പോലെയുള്ള ബുദ്ധിമുട്ടുകൾ ഇത്രത്തോളമല്ലെങ്കിലും മിക്ക സ്വഹാബികൾക്കും ഉണ്ടായി. എന്നാലവർ ഇതെല്ലാം സഹിച്ച് കൊണ്ട് മദീനയിലേക്ക് ഹിജ്റ ചെയ്ത് എത്തിച്ചേർന്നു.

### കൊലയുടെ ഗൂഢാലോചന

മുസ്‌ലികളിൽ നിന്നും മക്ക ശൂന്യമായപ്പോൾ ഖുറൈശികൾ കൂടിയാലോചിച്ച് മുഹമ്മദിനെ എങ്ങനെയെങ്കിലും നശിപ്പിച്ചില്ലങ്കിൽ വലിയ പ്രശ്നമാണെന്ന തീരുമാനത്തിൽ എത്തിച്ചേർന്നു. എങ്ങനെ വധിക്കണം എന്ന് കൂടിയാലോചിച്ചപ്പോൾ അബൂജഹൽ ഒരഭിപ്രായം പറയുകയും അതെല്ലവരും സ്വീകരിക്കുകയും ചെയ്തു. അബൂജഹൽ പറഞ്ഞു എല്ലാ പ്രസിദ്ധ ഗോത്രത്തിൽ നിന്നും ഓരോ യുവാക്കളെ തിരഞ്ഞെടുക്കുക അവരെല്ലാം രാത്രിയുടെ ഇരുളിൽ മുഹമ്മദിന്റെ വീടിനെ വളയണം പ്രഭാതത്തിൽ വെളിയിലേക്ക് ഇറങ്ങുമ്പോൾ ഒറ്റയടിക്ക് അക്രമിക്കണം, ഇത് കാരണം മുഹമ്മദിന കൊന്നതിന്റെ കുറ്റം എല്ലാ കുടുംബങ്ങളുടെ

മേലും വരുന്നതാണ്. മുഹമ്മദിന്റെ കുടുംബം ഇതിന് നമ്മോട് പ്രതികാരം ചെയ്യാൻ വരികയുമില്ല. ഇതിലൂടെ ദിനം പ്രതി വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഒരു ഭയാനക നാശം ഈ ഭൂമുഖത്ത് നിന്നും തന്നെ ഇല്ലാതാകുന്നതാണ്. (ഇബ്നുഹിശാം)

## പ്രവാചക ഹിജ്റ

ശത്രുക്കൾ വധിക്കാനുള്ള തീരുമാനം എടുത്ത അതേ സമയത്ത് തന്നെ അല്ലാഹു തങ്ങളോട് മദീനയിലേക്ക് ഹിജ്റ ചെയ്തുകൊള്ളുക എന്ന നിർദ്ദേശവും നൽകി. റസൂലുല്ലാഹിﷺ നേരേ അബൂബക്ർ ؓവിന്റെ വീട്ടിലേക്ക് ചെന്നു കാര്യം അറയിച്ചു. അബൂബക്ർ ؓ പറഞ്ഞു: ഞാൻ തങ്ങളുടെ കൂട്ടത്തിൽ വരാൻ അനുവദിക്കണം. റസൂലുല്ലാഹിﷺഅരുളി: തീർച്ച, താങ്കൾ എന്റെ സഹയാത്രികനായിരിക്കും. അബൂബക്ർ ؓ യാത്രക്ക് രണ്ട് ഒട്ടകങ്ങളെ സമർപ്പിച്ചു. അബ്ദുല്ലാഹിബ്നു അരീഖത്തിനെ കൂലിക്ക് വഴി കാണിക്കാൻ വിളിച്ചു. റസൂലുല്ലാഹിﷺ യുടെ പക്കൽ ശത്രുക്കൾ സഹിതം അവിടുത്തെ ആളുകൾ സമ്പത്ത് സൂക്ഷിക്കാൻ ഏൽപ്പിച്ചിരുന്നു. അവരുടെ ഈ വിശ്വാസത്തെ മുഖ വിലക്കെടുത്തുകൊണ്ട് റസൂലുല്ലാഹിﷺ അവരുടെ സമ്പത്തെല്ലാം തിരിച്ച് കൊടുക്കുന്നതിന് അലി ؓനെ ഏൽപ്പിക്കുകയും തന്റെ കിടക്കയിൽ കിടത്തി ഉറക്കുകയും ചെയ്തു. തുടർന്ന് രാത്രി വീട്ടിൽ നിന്നുമിറങ്ങി ശത്രുക്കൾ നിൽക്കുന്നത് കണ്ട് ഒരുപിടി മണ്ണ് വാരി എറിഞ്ഞു യാസീൻ ഓതി ശാന്തനായി തങ്ങൾ പുറത്തേക്ക് വന്നു. പുറത്തേക്കിറങ്ങി കഅ്ബാ ശെരീഫിനെ കണ്ടപ്പോൾ തങ്ങൾ അരുളി; ഓ മക്കാ, ഈ ലോകത്ത് എനിക്ക് ഏറ്റവും പ്രിയങ്കരമായ സ്ഥലം നീയാണ്. നിന്റെയാളുകൾ എന്നെ ഇവിടെ താമസിക്കാൻ അനുവദിക്കുന്നില്ല. തുടർന്ന് റസൂലുല്ലാഹിﷺയും അബൂബക്കർ ؓവും രാത്രിയിൽ അവിടെ നിന്നും മദീനയിലേക്ക് നേരേയുള്ള വഴിക്ക് പകരം മറ്റൊരു വഴിയിലൂടെ നീങ്ങി. തങ്ങളുടെ തൃപ്പാദങ്ങൾ പൊട്ടുകയുണ്ടായി. 5 കിലോമീറ്റർ ദൂരത്തുള്ള സൗർ എന്ന മലയുടെ മുകളിൽ സ്ഥിതി ചെയ്യുന്ന ഒരു ഗുഹയിൽ എത്തിച്ചേർന്നു. അബൂബക്കർؓ റസൂലുല്ലാഹിﷺയെ പുറത്ത് നിർത്തി അത് മുഴുവൻ വൃത്തിയാക്കി തന്റെ വസ്ത്രം കീറി, ദ്വാരങ്ങളെല്ലാം അടച്ചു ഇവിടെ മൂന്ന് ദിവസം താമസിച്ചു. ഇതിനിടയിൽ അബൂബക്ർؓ ന്റെ മകൾ അസ്മാഅ്ؓ കുറഞ്ഞ ആഹാരം അവരുടെ അരപ്പട്ട മുറിച്ച് കെട്ടി കൊടുത്തുവിടുമായിരുന്നു. നാലാം ദിവസം അവർ അവിടെ നിന്ന് യാത്രയായി. അസ്മാഅ് ؓ ഇടക്കിടക്ക് ആഹാരം കൊടുത്തുവിടുമായിരുന്നു. സഹോദരൻ അബ്ദുല്ലാഹിബ്ന് അബീബക്കർ മക്കക്കാരുടെ വൃത്താന്തങ്ങൾ അറിയിച്ച് കൊടുത്തിരുന്നു. ആമിറിബ്നു ഫുഹൈറ അതിന്റെ പരിസര

ങ്ങളിൽ ആടുകളെ മേയ്ച്ച് വൈകുന്നേരം അവർക്ക് ആടിന്റെ പാൽ കുടിപ്പിച്ച് മടങ്ങിപോകുമായിരിന്നു.

## സുറാഖാ സംഭവം

റസൂലുല്ലാഹി ﷺ രക്ഷപെട്ടന്നറിഞ്ഞ ഖുറൈശികൾ ഉടനെ പ്രഖ്യാപനം നടത്തി മുഹമ്മദിനേയോ അബുബക്കറിനേയോ പിടികുടുന്നവർക്ക് 100 ഒട്ടകങ്ങള സമ്മാനമായി ലഭിക്കുന്നതാണ്. സുറാഖത്തിബ്നു ജ അ്ഷിന് ഈ സമ്മാനത്തിൽ മോഹമുണ്ടായി അദ്ദേഹം റസൂലുല്ലാഹി ﷺ യാത്രചെയ്യുന്ന വഴി കണ്ടുപിടിച്ചു.കുതിര ഓടിച്ച് അരികിലെത്തി പക്ഷെ പെട്ടന്ന് കുതിര മറിഞ്ഞ് വീണു. വീണ്ടും അദ്ദേഹിത്തിന് ആഗ്രഹം വന്നു പുറപ്പെടാൻ ശ്രമിച്ചപ്പോൾ വീണ്ടും കുതിര വീണു.മൂന്നാം പ്രാവശ്യം ശക്തമായി വീഴുകയും കുറേഭാഗം ആണ്ടുപോകുകയും ചെയ്തു. അദ്ദേഹം ഇത് റസൂലുല്ലാഹി ﷺ യെ അക്രമിക്കാൻ പോയതിന്റെ പരിണിത ഫലമാണെന്ന് മനസ്സിലാക്കിശബ്ദത്തിൽ തങ്ങളെ വിളിക്കുകയും ഒരു കാര്യം സംസാരിക്കാൻ മാത്രമാണ് വിളിക്കുന്നതെന്ന് പറയുകയും ചെയ്തു തങ്ങൾ അവിടെ നിന്നു. അദ്ദേഹം ഖുറൈശികളെ പറ്റിയും തന്റെ ഉദ്ദേശത്തെ പറ്റിയും അറിയിച്ചു എന്നാൽ ഇപ്പോൾ അതിൽ നിന്നും പിൻമാറുകയാണ്, ഒരു ഓർമകുറിപ്പ് എഴുതിത്തരണം എന്ന് അപേക്ഷിക്കുകയും ചെയ്തു. അബൂബക്ർ ﷺ ഒരു തോലിൽ തങ്ങളുടെ വചനം അദ്ദേഹത്തിന് എഴുതി കൊടുത്തു.

## ഉമ്മു മഅ്ബദ് സംഭവം

റസൂലുല്ലാഹി ﷺ മുന്നോട്ട് നീങ്ങി. വഴിയിൽ ബനു ഖുസാആ ഗോത്രത്തിന്റെ അരികിലെത്തി. അവർ ഖുറൈശികളുമായി അകൽച്ചയിലായിരുന്നു. അത് കൊണ്ട് ഇവിടെ എത്തിയപ്പോൾ യാത്രയുടെ രഹസ്യ സ്വഭാവം റസൂലുല്ലാഹി ﷺ അവസാനിപ്പിച്ചു. കാരണം ഇവിടെ അപകടത്തിന് സാധ്യതയില്ലായിരുന്നു. തദവസരം റസൂലുല്ലാഹി(സ)ക്ക് വിശപ്പ് അനുഭവപ്പെട്ടു.അവിടെ ഒരു കൂടാരത്തിന്റെ അരികിൽ ചെന്നു. കൂടാരം ഖുസാആ ഗോത്രക്കാരിയായി ഉമ്മു മഅ്ബദ് എന്ന സ്ത്രിയുടെതായിരുന്നു. റസൂലുല്ലാഹി ﷺ യെ കണ്ടു യാത്രികനാണെന്ന് മനസ്സിലാക്കി എന്തങ്കിലും സഹായിക്കണമെന്ന് മനസ്സിലാക്കി പക്ഷെ അവരുടെ ആടിന്റെ അകിടുകൾ വറ്റികിടക്കുന്നു. റസൂലുല്ലാഹി ﷺ ദുആ ചെയ്തുകൊണ്ട് അകിടിൽ തടകി. അല്ലാഹുവിൻ കൃപയാൽ ധാരാളം പാൽ വന്നു. റസൂലുല്ലാഹി ﷺ യും കൂട്ടുകാരും കുടിച്ചു ബാക്കി വന്നത് അവർക്ക് നൽകി ഇത് കണ്ട ഉമ്മ് മഅ്ബദ് വളരെ സന്തോഷിച്ചു കുറച്ച് കഴിഞ്ഞ് അവരുടെ ഭർത്താവ് അവിടെയെത്തി അവിടെ പാൽ പാത്രം കണ്ട അദ്ദേ

ഹം സംഭവം എന്താണെന്ന് ചോദിച്ചു അവർ സംഭവം വിവരിക്കുകയു ണ്ടായി അദ്ദേഹം പറഞ്ഞു അത ഖുറൈശികൾ അമ്പേശിക്കുന്ന വെക്തി യാണെന്ന്തോന്നു ന്നു. അദ്ദേഹത്തിന്റെ വിശേഷം ഒന്ന് പറയീൻഉമ്മു മഅ്ബദ് ﷺ പറഞ്ഞു മുഖം പ്രകാശിക്കുന്നു യാതൊരു ന്യൂനതയും കാ ണാനില്ല മെലിഞ്ഞവരോ തടിച്ച് വീർത്തവരോ അല്ല. തലമുടി സുന്ദര മായി ചീകികിടക്കുന്നു. ശരീരം തീർത്തും സുന്ദരം കണ്ണിൽ സുറുമ പു രട്ടിയിരിക്കുന്നത് പോലയുണ്ട് കൈകാലുകൾ വളരെ വൊത്തത് നല്ല വെളുത്ത നിറം അധിക നേരവും നിഷബ്ദൻ സംസാരിക്കുമ്പോൾ മ ധുരഭാഷ്യം സംസാരം ഉന്നതം കൂട്ടുന്നുമില്ല കുറക്കുന്നുമില്ല. സംസാരി ക്കുമ്പോൾ മുത്തുകൾ വീഴുന്നത് പോലെയുണ്ട് കൂട്ടുകരെ വളരെ അ നുസരണയുള്ള വെക്തിയാണ്. എന്തങ്കിലും കൽപിക്കുമ്പോൾ അത് ന ല്ലത് പോലെ നിർവഹിക്കുകയും ചെയ്യും ഇത് കേട്ടപ്പോൾ അദ്ദേഹം പ റഞ്ഞു തീർച്ച ഇത് ഖുറൈശികൾ അന്വേഷിക്കുന്ന വ്യക്തി തന്നെയാ ണ്. ഞാൻ അടുത്തുതന്നെ അദ്ദേഹത്തിന്റെ അടുക്കൽ പോകും.

ചുരുക്കത്തിൽ റസൂലുല്ലാഹി ﷺയെയും സുഹൃത്തുക്കളെയും ന യിച്ചുകൊണ്ട് വഴികാട്ടി മുന്നോട്ട് നീങ്ങി. അവസാനം മദീനയുടെ മൂന്ന് കിലോമീറ്റർ അകലെയുള്ള ഖുബാ എന്ന നാട്ടിൽ എത്തി. മദീനയുടെ തെക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഒരു നാടാണ് ഖുബാ. ധാരാളം ഈ ത്തപ്പഴ തോട്ടങ്ങളുണ്ട് മദീന നിവാസികൾ റസൂലുല്ലാഹി ﷺയെ ഈ ഭാഗത്ത് കാത്ത് നിൽപുണ്ടായിരുന്നു. അങ്ങനെ റസൂലുല്ലാഹി ﷺ ഈ നാട്ടിൽ ഇറങ്ങി ഏതാനും ദിവസം ഇവിടെ താമസിച്ചു. തദവസരം ഒരു മസ്ജിദ് നിർമാണത്തിന് ശിലാസ്ഥാപനം നടത്തുകയുണ്ടായി, ഇസ്ലാ മിന്റെ പ്രഥമ മസ്ജിദാണത്. പരിശുദ്ധ ഖുർആൻ ഇത് അനുസ്മിരച്ചിട്ടു ണ്ട് (തൗബാ 108).

# 6
# മദീനാ ജീവിതം

### മദീനയിൽ

മൂന്ന് ദിവസത്തിന് ശേഷം ഒരു വെള്ളിയാഴ്ച റസൂലുല്ലാഹി ﷺ ഖുബായിൽ നിന്നും പുറപ്പെട്ടു. വഴിയിൽ ജുആ നമസ്കാരത്തിന് സമയമായപ്പോൾ ജമാഅത്തായി ഒരു സ്ഥലത്ത് നിർവഹിച്ചു. അതിന് മസ്ജിദ് ജുമുആ എന്ന് പറയപ്പെടുന്നു. തുടർന്ന് പട്ടണത്തിലേക്ക് പ്രവേശിച്ചു. റസൂലുല്ലാഹി ﷺക്ക് വൻ സ്വീകരണമാണ് അവിടെ ലഭിച്ചത് എല്ലാ കുടംബത്തിന്റെയും നായകർ തന്റെ വീട്ടിൽ റസൂലുല്ലാഹി ﷺ ഇറങ്ങി താമസിക്കണമെന്ന് അഭ്യർത്ഥിച്ചു റസൂലുല്ലാഹി ﷺ ഈ വിഷയത്തിൽ സ്വയം തീരുമാനമെടുക്കുന്നതിന് പകരം ഒട്ടകത്തിന്റെ ഇഷ്ടത്തിന് വിടുകയുണ്ടായി. അല്ലാഹുവിന്റെ കൽപനയും അത് തന്നെയായിരുന്നു. ഈ സൗഭാഗ്യം അബൂ അയ്യൂബിൽ അൻസാരിക്കാണ് ലഭിച്ചത്.....

### മസ്ജിദുന്നബവീ നിർമാണം

തുടർന്ന് റസൂലുല്ലാഹി ﷺ അതിന് മുന്നിലുള്ള ഭൂമി വാങ്ങി മസ്ജിദിന്റെ നിർമാണം ആരംഭിച്ചു. ആ സ്ഥലം രണ്ട് അനാഥ കുട്ടികളുടേത് ആയിരുന്നു. മസ്ജിദിന്റെ പേര് കേട്ടപ്പോൾ അവർ ദാനമായി നൽകാൻ തയ്യാറായി എന്നാൽ റസൂലുല്ലാഹി ﷺ അത് വിലക്ക് തന്നെ വാങ്ങുകയുണ്ടായി മസ്ജിദ് നിർമാണത്തിൽ റസൂലുല്ലാഹി ﷺയും നേരിട്ട് പങ്കെടുത്തു. ഈ മസ്ജിദ് മസ്ജിദുന്നബവി എന്നപേരിൽ പിന്നീട് അറിയപ്പെട്ടു ഇത് മദീനയിലെ ഏറ്റവും പ്രധാനപ്പെട്ട മസ്ജിദാണ്. അല്ലാഹു ഈ മസ്ജിദിന് വലിയ സ്ഥാനം നൽകി. ഈ മസ്ജിദിന്റെ മേൽ ധാരാളം അനുഗ്രഹങ്ങൾ ചൊരിഞ്ഞു. അവിടെ നമസ്കരിക്കുന്നതിന് ഇതര മസ്ജിദുകളിൽ നമസ്കരിക്കുന്നതിനെക്കാൾ 50000 ഇരട്ടി പ്രതിഫലാർഹമാണെന്ന് പ്രഖ്യാപിക്കപ്പെട്ടു തെക്ക് കിഴക്ക് ഭാഗത്ത് പ്രവാചക പത്

നിമാർക്ക് താമസിക്കാൻ ഏതാനും മുറികളും നിർമിക്കപ്പെട്ടു. ഇപ്രകാരം തങ്ങളുടെ വീടിനോട് ചേർന്നാണ് മസ്ജിദ്. റസൂലുല്ലാഹി ﷺ യുടെ വയോഗ സന്ദർഭത്തിൽ ആഇശാ ؓ യുടെ വീട്ടിലായിരുന്നു. അവിടെതന്നെ റസൂലുല്ലാഹി (സ്) അന്ത്യവിശ്രമം കൊള്ളുന്നു.

അങ്ങനെ ഈ മസ്ജിദിൽ നമസ്കരിക്കാൻ വരുന്നവർക്ക് ഉയർന്ന പ്രതിഫലത്തോടൊപ്പം റസൂലുല്ലാഹി ﷺ ക്ക് നേരിട്ട് സലാം പറയാനും തങ്ങളോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കാനുമുള്ള അവസരവും സംജാതമായി. അത് കൊണ്ട് തന്നെയാണ് ഹജ്ജിന് പോകുന്ന മുഴുവൻ ആളുകളും ഈ മസ്ജിദിലും വരുന്നത് ഈ മസ്ജിദിന്റെ റസൂലുല്ലാഹി ﷺ യുടെ വിശ്രമസ്ഥാനത്തോടടുത്ത സ്ഥലം 'സ്വർഗ്ഗത്തിന്റെ പൂങ്കാവന'മായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. വളരെ ഐശ്വര്യവും സമാധാനവും നിറഞ്ഞ ഒരു സ്ഥലമാണത്.

മദീനയിൽ റസൂലുല്ലാഹി ﷺ ആഗതരാകുന്നതിന് മുമ്പ് തന്നെ അവിടെയുള്ള ഒരു വിഭാഗം ജനങ്ങൾ ദീൻ സ്വീകരിച്ചിരിന്നു.റസൂലുല്ലാഹി ﷺ യെ സ്വീകരിക്കയും സംരക്ഷിക്കുകയും ചെയ്യാമെന്ന് അവർ വാഗ്ദാനംചെയ്തിരിന്നു അങ്ങനെ ഇവിടെ ഇസ്‌ലാമിന്റെ പ്രബോധനത്തിന്റെ രണ്ടാംഘട്ടം തുടങ്ങി. ദീനിന്റെ കേന്ദ്രസ്ഥാനമായി മദീനയെ തിരഞ്ഞെടുത്തു. ഈ നാടിന്റെ പഴയ പേര് യസ്രിബ് എന്നായിരുന്നു. എന്നാൽ ഇതിന് മോശമായ ഒരു ആശയം ഉള്ളതിനാൽ റസൂലുല്ലാഹി ﷺ ഇതിന് ത്വയ്ബ, ത്വാബാ എന്നീപേരുകൾ നൽകി. റസൂലുല്ലാഹി ﷺ യുടെ നഗരം മദീനത്തുനബി എന്നപേരും ഉണ്ടായിരുന്നു ഇത് പ്രസിദ്ധമായി പിൽകാലത്ത് ഇത് മദീനാ എന്ന പേരിൽ അറിയപ്പെട്ടു.

മദീനയിലെത്തിയ തങ്ങളും സഹാബത്തും പുതിയ ഒരു സാമൂഹ്യ ജീവിതത്തിന് തുടക്കം കുറിച്ചു. മക്കാമുക്കറമയിൽ കഴിഞ്ഞ് കടന്ന 13 വർഷം സഹനതയും ത്യാഗങ്ങളും നിറഞ്ഞതായിരുന്നു. അവിടെ റസൂലുല്ലാഹി ﷺ യിൽ വിശ്വസിച്ച് സത്യ വിശ്വാസം സ്വീകരിച്ചവർക്ക് വലിയ കഷ്ടപ്പാടുകൾ സഹിക്കേണ്ടി വന്നു. പതിമൂന്ന് വർഷം ഒരു മനുഷ്യ ജീവിതത്തിന്റെ ആരംഭ ഘട്ടം കൂടിയാണ്. ഇതിലാണ് ഒരു വ്യക്തി ശരിയായ നിലിയിൽ സംസ്കരിക്കപ്പെടുന്നത്. ഈ സന്ദർഭത്തിൽ ഉത്തമമായ ശിക്ഷണം ലഭിച്ചാൽ മുന്നോട്ടുള്ള പാത നല്ലനിലയിൽ കടന്നു പോകാൻ കഴിയും എന്നതാണ് പൊതുഅനുഭവം. മക്കയിലെ 13 വർഷ ജീവിതം ഇപ്രകാരം ത്യാഗത്തിന്റെയും ശിക്ഷണശീലത്തിന്റെയും പ്രാരംഭഘട്ടമായിരുന്നു. അവിടെ ഈകാര്യം ശരിയായ നിലയിൽ നിർവഹിക്കപ്പെടുമ്പോൾ തുടർന്ന് പുതിയ ജീവിതത്തിലുള്ള പൂർണ്ണ സൗകര്യമുള്ള പ്രദേശത്തേക്ക് കൊണ്ടെത്തിച്ചു.റസൂലുല്ലാഹി ﷺ യെ സ്വീകരിച്ച

തിലൂടെ ഈ നാടിന് ലഭിച്ച അതിമഹത്തായ സ്ഥാനങ്ങൾ ഒരു പക്ഷെ താഇഫ് നാടിന് ലഭിക്കേണ്ടതായിരുന്നു. പക്ഷെ റസൂലുല്ലാഹി ﷺ അവിടെ സഹായവും അഭ്യർത്ഥിച്ച് ചെന്നു. എന്നാൽ നേതാക്കൾ അതിനെ സ്വീകരിക്കുന്നതിന് പകരം തള്ളിക്കളഞ്ഞു. ജനങ്ങൾ ഉപദ്രവിക്കാൻ സന്നദ്ധരായി. അതെ ദുർവാശിയും അഹങ്കാരവും കാരണം താഇഫുകാർക്ക് വലിയൊരവസരം നഷ്ടമായി. തുടർന്ന് മൂന്ന് വർഷത്തിന് ശേഷം ഈ സ്ഥാനം മദീനക്ക് ലഭിച്ചു. മദീനാ നിവാസികളോട് റസൂലുല്ലാഹി ﷺ സഹായമഭ്യർത്ഥിച്ചപ്പോൾ അവർ തയ്യാറായി. തത്ഫലമായി ആ നാട് അൽ മുനവ്വറ പ്രകാശമുള്ള നാടായി മാറുകയും ലോകത്തിന് മുഴുവൻ പ്രകാശമുള്ളതായി തീരുകയും ചെയ്തു.

## മദീനയുടെ ഭൂപ്രകൃതി

മദീന മുനവ്വറ മക്കാമുക്കറമയിൽ നിന്നും ഏതാണ്ട് 450 കിലോമീറ്റർ ദൂരത്ത് വടക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഇതിന്റെ ചുറ്റുഭാഗത്ത് മലകൾ നിറഞ്ഞ് കിടക്കുന്നു. പടിഞ്ഞാറ് ഭാഗത്തുള്ള മലകൾക്ക് കുറച്ച് ദൂരത്തായി സമുദ്രമാണ്. തെക്ക് ഭാഗത്ത് നിന്നും വരുന്ന യാത്ര സംഘങ്ങൾ സിറിയയിലേക്കും ഈജിപ്റ്റിലേക്കും തുർക്കിയിലേക്കും ഇത് വഴിയായിരുന്നു യാത്ര ചെയ്തിരിന്നത് മദീനയുടെ പടിഞ്ഞാറ് ഭാഗം പ്രത്യേകിച്ച് ഫലപുഷ്ഠിയുള്ളതാണ് അവടെ കൃഷി ധാരാളമായി നടക്കുന്നു. മുഖ്യമായത് ഈത്തപ്പഴവും മുന്തിരിയുമാണ്. അത് കൊണ്ട് തന്നെ ഇവിടത്തെ ജനങ്ങൾ പൊതുവിൽ കർഷകരായിരുന്നു. മക്കയുടെ ഭൂമി ഉണങ്ങിവരണ്ടതും അവിടെയുള്ളവർ കച്ചവടം തൊഴിലാക്കിയവരുംമായിരുന്നു. അവർക്ക് സംമ്പാദ്യത്തിന് യമനിലോ സിറയയിലോ പോകേണ്ടി വന്നിരിന്നു.

## ആഗോള സാഹോദര്യം

മദീനയിൽ എത്തിയ റസൂലുല്ലാഹി ﷺ പ്രഥമവും പ്രധാനവുമായി ചെയ്തത് പരസ്പരം സാഹോദര്യം വളർത്തലാണ്. ആദ്യമായി ആ നാട്ടുകാർക്കിടയിലും തുടർന്ന് അവർക്കും മുഹാജിറുകളായ സഹാബികൾക്കിടയിലും സാഹോദര്യ ബന്ധം സ്ഥാപിച്ചു. എല്ലാവരും ഇസ്ലാമാകുന്ന കൊടിയുടെ കീഴിൽ ഒരു നായകനെ സ്വീകരിച്ച് ഒന്നാവുകയും നന്നാവുകയും ചെയ്തു. റസുലുല്ലാഹി ﷺ ഇവരെ അതി സമർത്ഥമായി നിയന്ത്രിക്കുകയും ചെയ്തു.

അല്ലാമാ അബുൽ ഹസ്സൻ അലിനദ്‌വി കുറിക്കുന്നു:

പരസ്പര സഹകരണത്തിന്റെയും സഹാനുഭൂതിയുടെയും അടിസ്ഥാനത്തിലുള്ള ഒരു ബന്ധം അൻസ്വാറുകൾക്കും മുഹാജിറുകൾക്കുമിട

യിൽ റസൂലുല്ലാഹി ﷺ നടപ്പിലാക്കി. ആ ബന്ധം വളർത്തുന്നതിൽ അൻസ്വാറുകൾ അതീവ ശ്രദ്ധാലുക്കളായിരുന്നു. പല വിഷയങ്ങളിലും താൻ തന്നെ മുന്നോട്ട് എന്ന നിലയിൽ അവർ മുന്നിട്ടിറങ്ങി. ചില വേള നറുക്കിടേണ്ടിവന്നു. വീട്ടിലും വീട്ടുപകരണങ്ങളിലും സമ്പത്തിലും പുരയിടങ്ങളിലും അവർ മുഹാജിറുകൾക്ക് സ്വാതന്ത്ര്യം മാത്രമല്ല, മുൻഗണനയും നൽകി. മുഹാജിറിനോട് അൻസ്വാരി ഇങ്ങനെ പറയുമായിരുന്നു- "എന്റെ സമ്പത്തിൽ നിങ്ങൾ ഇഷ്ടമുള്ള പകുതി എടുത്തുകൊള്ളു. എന്റെ ഭാര്യമാരിൽ ആരെയാണ് തങ്കൾക്ക് ഇഷ്ടമെന്ന് പറയുക, ഞാൻ അവളെ താങ്കൾക്ക് വേണ്ടി ഒഴിവാക്കാം" മുഹാജിറുകളാകട്ടെ, തികഞ്ഞ മാന്യതയോടെ അൻസ്വാരികളോട് വർത്തിച്ചു. അവർ ഇങ്ങനെ പറയുമായിരുന്നു: "അല്ലാഹു നിങ്ങളുടെ കുടുംബത്തിലും സമ്പത്തിലും ഐശ്വര്യം ചൊരിയട്ടെ, ഞങ്ങൾക്ക് കമ്പോളത്തിലേക്കുള്ള വഴി കാണിച്ചുതന്നാൽ മാത്രം മതി. ഞങ്ങൾ അവിടെപ്പോയി കച്ചവടം ചെയ്യട്ടെ. അൻസ്വാരികൾ ആത്മത്യാഗത്തിലും മുഹാജിറുകൾ സ്വാശ്രയത്വത്തിലും മാതൃകകാട്ടി. ഇതര സാഹോദര്യബന്ധങ്ങളിൽ നിന്നെല്ലാം വ്യതിരിക്തമായ ആഗോളഇസ്‌ലാമിക സാഹോദര്യത്തിന്റെ അടിത്തറയായിരുന്നു ഈ സാഹോദര്യം. ഒരു നൂതന ദൗത്യവുമായി രംഗപ്രവേശനം ചെയ്ത ഉത്തമസമുദായത്തിന്റെ മുന്നേറ്റ ശക്തിയുമായിരുന്നു. ശരിയായ വിശ്വാസത്തിലും ഉത്തമ ലക്ഷ്യത്തിലും പടുത്തുയർത്തപ്പെട്ട ഒരു നവലോകം ഇതിലൂടെ നിലവിൽ വന്നു. പരിമിതമായ എണ്ണം മാത്രമുണ്ടായിരുന്ന മുഹാജിർ അൻസ്വാറുകളുടെ ഈ ബന്ധം മുഴുവൻ മാനവികതയ്ക്കും പൊതുജീവൻ പകർന്നു. (കാരുണ്യത്തിന്റെ തിരുദൂദർ)

അതെ ഇസ്‌ലാമിലൂടെ ഈ പ്രദേശത്തുള്ള മുഴുവൻ മുസ്‌ലിംകളും പരസ്പരം ആദരവും സഹാനുഭൂതിയും സ്നേഹവും ഉള്ളവരായിത്തീർന്നു. അവർ ഓരോരുത്തരും മറ്റുള്ളവരെ സഹോദരനായി കാണുകയും വളരെയധികം സേവനങ്ങൾ കാഴ്ച വെക്കുകയും ചെയ്തു.

### യഹൂദികളുമായി കരാർ

ഇതുകൂടാതെ റസൂലുല്ലാഹി ﷺ അവിടെയുണ്ടായിരുന്ന യഹൂദ ഗോത്രങ്ങളുമായി സൗഹാർദത്തിലായി. ഇവർ സിറിയയിൽ നിന്നും വന്നവരായിരുന്നു. മദീനയിലെ സാമ്പത്തിക മുന്നേറ്റത്തിന്റെ അവസ്ഥ കണ്ട് ഇവർ ഇവിടെത്തന്നെ നിത്യ താമസമാക്കി. ഇവർ എണ്ണത്തിൽ മറ്റുള്ളവരെക്കാൾ കുറഞ്ഞവരാണെങ്കിലും സാമ്പത്തികമായി ഉയർന്നവരായിരുന്നു (ഇബ്നുഹിഷാം). യഹൂദ മതം മൂസാ(അ)യുമായി ബന്ധപ്പെട്ടതാണെങ്കിലും ഇതര യഹൂദികളെ പോലെ അവർക്ക് മൂസാ(അ)യുമായി പ്രത്യേക ബന്ധമൊന്നും ഇല്ലായിരുന്നു. കൂടാതെ വിശുദ്ധ വേദമാ

യ തൗറാത്തിൽ കൈ കടത്തലുകളും നടത്തിയിരുന്നു. ഒരു കാലഘട്ട ത്തിൽ ലോക നേതൃത്വ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരുന്ന അവർ നിര ന്തര ധിക്കാരം കാരണം പടച്ചവന്റെ ശാപത്തിനും കോപത്തിനും അർ ഹരായി.

അന്ത്യ പ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹിﷺയുടെ ആഗമനത്തെ ക്കുറിച്ച് അവരുടെ വേദഗ്രന്ഥങ്ങളിൽ വ്യക്തമായ പരാമർശമുള്ളതിനാൽ അവർ പ്രവാചകന്റെ ആഗമനം പ്രതീക്ഷിച്ചിരുന്നു. അത് മദീനയിലാ യിരിക്കുമെന്ന ചില സാഹചര്യ തെളിവിനാൽ, അവർ മദീനയിൽ താമ സിച്ചതിന്റെ പിന്നിൽ പ്രവാചകന്റെ ആഗമനവും ലക്ഷ്യം വച്ചിരിന്നു. എ ന്നാൽ അന്ത്യപ്രവാചകൻ അവരുടെ കുടുംബത്തിൽ പെട്ടയാളായിരി ക്കുമെന്നാണ് അവർ വിചാരിച്ചിരുന്നത്. പക്ഷെ അല്ലാഹു തആലാ അ ന്ത്യ പ്രവാചകനെ അവരിൽ നിന്നും പുറപ്പെടുവിക്കുന്നതിന് പകരം അ റബികളിൽ നിന്നും പുറപ്പെടുവിച്ചു. ഇതിലവർ അസ്വസ്ഥരാവുകയും സത്യ വിശ്വാസം സ്വീകരിക്കുന്നതിൽ നിന്നും പിന്നോട്ട് പോകുകയും ചെയ്തു. എന്നാൽ റസൂലുല്ലാഹിﷺ അവരുമായി നല്ലനിലയിൽ വർത്തി ക്കാൻ പരിശ്രമിക്കുകയും വളരെ ആഴവും പരപ്പുമുള്ള ഒരുകരാർ അവ രോട് നടത്തുകയും ചെയ്തു ഇതാണ് മദീനാ കരാർ എന്ന പേരിൽ പ്ര സിദ്ധമായത്.

### സുന്ദരമായ സാമൂഹിക ജീവിതം

ചുരുക്കത്തിൽ റസൂലുല്ലാഹി ﷺ മദീനയിൽ ഒരു മഹത്തായ ഇസ് ലാമിക വ്യവസ്ഥിതി സ്ഥാപിക്കുകയുണ്ടായി. ഒരുഭാഗത്ത് അല്ലാഹുവി നെ ആരാധിക്കുകയും ഇബാദത്തുകളിൽ നിരതനാകുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. മറുഭാഗത്ത് മുസ്ലിംകൾ തമ്മിൽ സാഹോദ ര്യമുണ്ടായി മക്കയിൽ നിന്നും വന്ന മുഹാജിറുകളായ സഹാബികളും മദീനയിലെ അൻസാരികളും പരസ്പരം ഏകോദര സഹോദരങ്ങളെ പോലെ വർത്തിച്ചു. മദീനാ നിവാസികൾ ആത്മ ത്യാഗം ചെയ്ത് മുഹാ ജിറുകളെ സ്വീകരിച്ചപ്പോൾ മുഹാജിറുകൾ ധന്യത മുറുകെ പിടിച്ച് ജീ വിത കാര്യങ്ങളിൽ മുഴുകുകയുണ്ടായി കൂടാതെ മദീനയിലെ യഹൂദി കളുമായി വളരെ നീതിയുക്തമായി ഒരു കരാർ നടത്തി. അമുസ്ലിംക ളുമായിട്ടുള്ള ബന്ധവും നന്നാക്കാൻ പരിശ്രമിച്ചു. അവരോട് നല്ല നില യിൽ വർത്തിക്കാനാണ് ഇസ്ലാം പഠിപ്പിക്കുന്നതെന്ന സന്ദേശം പ്രവൃ ത്തിയിലൂടെ പ്രകടമാക്കി.

മദീനാ മുനവ്വറയിൽ ഇസ്ലാമിക സാമൂഹിക വ്യവസ്ഥിതി ഉറച്ചു വെങ്കിലും മക്കയിലെ ശത്രുക്കൾ ഗൂഢപദ്ധതികൾ ആവിഷ്കരിച്ചുകൊ ണ്ടിരുന്നു. മറുഭാഗത്ത് ശത്രുക്കളെ നേരിടാനുള്ള ശേഷി മുസ്ലിംകൾ

ക്ക് കൈവരികയും ചെയ്തു. ഇത്തരുണത്തിൽ എല്ലാ പ്രവാചകന്മാർക്കും അല്ലാഹു അനുമതി നൽകിയതുപോലെ റസൂലുല്ലാഹി ﷺയ്ക്കും സ്വഹാബത്തിനും ശത്രുക്കളെ പ്രതിരോധിക്കാനും ആവശ്യം വന്നാൽ പോരാടാനും അനുമതി നൽകപ്പെട്ടു. ആദ്യം ശത്രുക്കളുടെ അക്രമണം തടയുന്നതിന് അനുമതി അറിയിച്ചുകൊണ്ട് പ്രസ്താവിച്ചു: "യുദ്ധം ചെയ്യപ്പെടുന്നവർ അക്രമിക്കപ്പെട്ട കാരണത്താൽ ശത്രുക്കളോട് യുദ്ധം ചെയ്യാൻ അവർക്ക് അനുമതി നൽകപ്പെടുന്നു. അവരെ സഹായിക്കാൻ അല്ലാഹു കഴിവുള്ളവനാണ്." (ഹജ്ജ് : 39). ഇതിലൂടെ മുസ്‌ലിംകൾ മുന്നോട്ട് നീങ്ങിയപ്പോൾ ശത്രുക്കൾ ഒതുങ്ങുന്നതിന് പകരം ശത്രുതയും അക്രമവും വർദ്ധിപ്പിച്ചതിനാൽ അതിന് തിരിച്ചടി നൽകാൻ കല്പിച്ചുകൊണ്ട് അല്ലാഹു പ്രസ്താവിച്ചു: "നാശങ്ങളും കുഴപ്പങ്ങളും ഉണ്ടാകാതിരിക്കുന്നതിനും അല്ലാഹുവിന്റെ ദീൻ ഈ നാട്ടിൽ അടിയുറയ്ക്കുന്നതിനും നിങ്ങൾ അവരോട് പോരാടുക." (ബഖറ-192). ഈ പോരാട്ടത്തിന്റെ ന്യായം ഇപ്രകാരം വിവരിക്കപ്പെട്ടു. "ജനങ്ങളിൽപ്പെട്ട അക്രമികളെ ചിലരിലൂടെ അല്ലാഹു തടഞ്ഞില്ലെങ്കിൽ ലോകത്ത് നാശം പരക്കുന്നതാണ്." (ബഖറ 251)

### പ്രഥമ പോരാട്ടം

പ്രതിരോധത്തിനും മുന്നേറ്റത്തിനും പോരാട്ടം അനുവദിക്കപ്പെട്ടപ്പോൾ സ്വാഭാവികമായും മുസ്‌ലിംകൾ പ്രധാന ശത്രുക്കളായ ഖുറൈശിനെ ലക്ഷ്യമിട്ടു. അവരാണ് മുസ്‌ലിംകളെ പാലായനത്തിന് നിർബന്ധിച്ചവർ. മുസ്‌ലിംകളുടെ മക്കയിലെ സ്വത്തുവകകൾ അവർ കൈയ്യടക്കിയത് കൂടാതെ മദീനയിൽ വന്നതിന് ശേഷം മുസ്‌ലിംകളെയും ഇസ്‌ലാമിനെയുംതകർക്കാൻ അവർ പല പദ്ധതികളും ആസൂത്രണം ചെയ്തിരുന്നു.

ഇത്തരുണത്തിൽ റസൂലുല്ലാഹി ﷺ നിഷേധികളുടെ നീക്കങ്ങൾ മനസ്സിലാക്കാനും മദീനയുടെ അരികിലൂടെ കച്ചവടാവശ്യാർത്ഥം യാത്ര ചെയ്യുന്ന ഖുറൈശ് സംഘങ്ങളെ ഭയപ്പെടുത്താനും സംഘങ്ങളെ അയച്ച് തുടങ്ങി. ഹംസാ رضي الله عنه ന്റെ നേതൃത്വത്തിൽ അയക്കപ്പെട്ട മുപ്പത് യുവാക്കൾ അടങ്ങുന്ന സംഘമാണ് ഇതിൽ പ്രധാനം. സിറിയയിൽ കച്ചവടത്തിന് പോയ ഖുറൈശി സംഘത്തെ ലക്ഷ്യമിട്ട് കടൽ മാർഗ്ഗം യാത്ര തിരിച്ചു. ശത്രുക്കളുമായി മുഖാമുഖം കണ്ട് മുട്ടിയെങ്കിലും ജുഹൈന ഗോത്രത്തിലെ ഒരു വ്യക്തി മധ്യസ്ഥനായി പരിശ്രമിച്ചതിനാൽ സംഘട്ടനം നടന്നില്ല. ഹിജ്റ കഴിഞ്ഞ് ആറാം മാസമാണ് ഈ സംഭവം. റാബിഅ്, ബസാർ, സദ്ദാൻ, ബുവാത് മുതലായ സ്ഥലങ്ങളിലേക്ക് സംഘങ്ങൾ യാത്രയാവുകയും ചിലതിൽ റസൂലുല്ലാഹി ﷺ യും പങ്കെടുക്കുകയും ചെയ്തെങ്കിലും യുദ്ധം നടന്നില്ല.

### ബദ്ർ യുദ്ധം

ഹിജ്റ കഴിഞ്ഞ് പതിനാറാം മാസം ഖുറൈശികളുടെ ഒരു യാത്രാ സംഘം അവരുടെ സേനാ നായകൻ അബൂസുഫ്യാന്റെ നേതൃത്വത്തിൽ സിറിയയിലേക്ക് പോകുന്നതായി വിവരം ലഭിച്ചു. അവർ മടങ്ങി വരുമ്പോൾ നേരിടാമെന്ന വിചാരത്തിൽ റസൂലുല്ലാഹി ﷺ ഒരു സംഘത്തോടൊപ്പം യാത്ര തിരിച്ചു. വിവരം അറിഞ്ഞ അബു സുഫ്യാൻ മക്കയിലേക്ക് ആളെ അയച്ച് സഹായം അപേക്ഷിച്ചു. മുസ്ലിംകൾ ബദ്റിനോട് അടുത്തെത്തിയെങ്കിലും യാത്രാ സംഘം മുന്നോട്ട് പോയിക്കഴിഞ്ഞിരുന്നു. റസൂലുല്ലാഹി ﷺ മടങ്ങാൻ ഉദ്ദേശിച്ചപ്പോൾ ഖുറൈശികളുടെ ഒരു വലിയ സൈന്യം യുദ്ധ സന്നാഹത്തോടെ മക്കയിൽ നിന്നും സിറിയയിലേക്ക് പുറപ്പെട്ടു എന്ന വിവരം ലഭിച്ചു. റസൂലുല്ലാഹി ﷺ സ്വഹാബികളോട് കൂടിയാലോചിച്ചു.അവർ മുന്നൂറ്റി പതിമൂന്ന് പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തിയിരുന്നതുമില്ല. ശത്രുക്കൾ യുദ്ധത്തിന് വരുമ്പോൾ നാം മടങ്ങുന്നത് വിരണ്ടോട്ടമായി ചിത്രീകരിപ്പെടുമെന്നും വരുന്നിടത്ത് വെച്ച് കാണാമെന്നും തീരുമാനമായി. അങ്ങനെ ബദ്റിൽ വെച്ച് ശക്തമായൊരു പോരാട്ടം നടന്നു.

ഖുറൈശികൾ ആയിരത്തോളം ആളുകൾ ഉണ്ടായിരുന്നു. അവർ സർവ്വ ആയുധ സജ്ജരായിരുന്നു. മുസ്ലിംകൾ അവരുടെ മുന്നിലൊന്ന് മാത്രം .ആയുധ സജ്ജീകരണങ്ങളും വളരെ കുറവ്. പക്ഷേ അത്ഭുതകരമായ നിലയിൽ മുസ്ലിംകൾ വിജയിച്ചു. ശത്രുക്കൾ പാരാജയപ്പെട്ടു. ഈ സംഭവം മുസ്ലിംകളുടെ അന്തസ്സും ആത്മ വീര്യവും വർദ്ധിപ്പിച്ചു.പരിസരങ്ങളിൽ മുസ്ലിം ശക്തി അറിയക്കപ്പെട്ടു.

### സംഭവത്തിന്റെ രത്നച്ചുരുക്കം

മദീനയുടെ ദക്ഷിണ ഭാഗത്ത് നൂറ്റി അമ്പത് കിലോമീറ്റർ ദൂരത്തായി സ്ഥിതി ചെയ്യുന്ന ഉൾപ്രദേശമാണ് ബദ്ർ. അവിടെ ബദ്ർ എന്ന ഒരു കിണർ ഉണ്ടായിരുന്നു. ഈ പേരിൽ ആ നാട് അറിയപ്പെട്ടു. മുസ്ലിംകൾ ബദ്റിലെ ഒത്ത് ചേർന്ന സ്ഥലത്ത് തമ്പടിച്ചു. റസൂലുല്ലാഹി ﷺക്ക് ഒരു കൂടാരം നിർമ്മിക്കപ്പെട്ടു. റസൂലുല്ലാഹി ﷺ അതിനുള്ളിൽ ദിക്റ്, ദുആകളിൽ മുഴുകി. കണ്ണീര് ഒലിപ്പിച്ച് കൊണ്ട് റസൂലുല്ലാഹി ﷺ അല്ലാഹുവിനോട് ഇരന്നു. "രക്ഷിതാവേ ഈ ചെറു സംഘം ഇല്ലാതായാൽ നിന്നെ ആരാധിക്കുന്നവരാരും അവശേഷിക്കുകയില്ലെന്ന് ഞാൻ ഭയപ്പെടുന്നു."

അടുത്ത ദിവസം (റമളാൻ പതിനേഴ് ) യുദ്ധം ആരംഭിച്ചു. ആദ്യം അവർ മുസ്ലിംകളുടെ ജലാശയം ആക്രമിച്ചു. തുടർന്നു വലീദ്, ശൈബ, ഉത്ബ എന്നീ ഖുറൈശി പ്രമുഖർ ആക്രോശിച്ചു കൊണ്ടു ചാടിയി

റങ്ങി. ഹംസ, അലിയ്യ്, ഉബൈദ എന്നീ സ്വഹാബികൾ അവരെ നേരിട്ട് വകവരുത്തി. ഉബൈദ ക്ക് മുറിവേറ്റു. മടക്ക യാത്രയിൽ സ്വഫ്റാഅ് എന്ന സ്ഥലത്ത് വെച്ച് ശഹാദത്ത് വരിച്ചു.

ശേഷം പൊതു യുദ്ധം ആരംഭിച്ചു. യുദ്ധം ചൂടുപിടിച്ചു. റസൂലുല്ലാഹി ﷺ ദുആയിൽ വികാരഭരിതനായി മുഴുകി. അൽപം കഴിഞ്ഞ് പുറത്തേക്കിറങ്ങി. ഒരു പിടി മണ്ണെടുത്ത് ശത്രുക്കളിലേക്ക് എറിഞ്ഞു.മറുഭാഗത്ത് അല്ലാഹു ആകാശത്തിൽ നിന്നും സഹായത്തിന്റെ മലക്കുകളെ ഇറക്കി. നിമിഷങ്ങൾക്കകം യുദ്ധത്തിന്റെ നിറം മാറി.മുസ്ലിംകൾ വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചു. നിഷേധികൾ പരാജയപ്പെട്ടു തല താഴ്ത്തി. എഴുപത് കടുത്ത നിഷേധികൾ കൊല്ലപ്പെട്ടു, എഴുപത് പേരെ തടവിൽ പിടിക്കപ്പെട്ടു.

### ശത്രുക്കളുടെ അന്ത്യം

റസൂലുല്ലാഹി ﷺ യോട് കടുത്ത ശത്രുത പുലർത്തിയ അബൂജഹ്ൽ ഈ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അൻസാരികളായ രണ്ട് കുട്ടികളുടെ വെട്ടുകളേറ്റാണ് അഹങ്കാരിയും ധീരനുമായ ഈ ശത്രു മരിച്ചത്. കുതിരയിൽ നിന്നും മറിഞ്ഞ് വീണ അയാളുടെ കഴുത്തിൽ ചവിട്ടിയപ്പോൾ നേതാവിന്റെ കഴുത്തിലാണ് നിങ്ങൾ ചവിട്ടുന്നതെന്നോർക്കണം എന്ന് പറഞ്ഞു. ഈ അഹങ്കാരത്തോടെ അയാൾ മരിച്ചു. ഇതറിഞ്ഞ റസൂലുല്ലാഹി ﷺ തക്ബീർ മുഴക്കി. അല്ലാഹുവിനെ സ്തുതിച്ച് കൊണ്ട് അരുളി: അബൂ ജഹ്ൽ ഈ സമുദായത്തിലെ ഫിർഔൻ ആണ്.

ആറ് മുഹാജിറുകളും എട്ട് അൻസാറുകളും മാത്രമാണ് മുസ്ലിംകളിൽ നിന്നും ശഹാദത്ത് വരിച്ചത്.മുസ്ലിംകൾ സസന്തോഷം മദീനയിലേക്ക് മടങ്ങി. അല്ലാഹു അവരുടെ എല്ലാ പാപങ്ങളും പൊറുത്തു കൊടുത്തു. സ്വർഗ്ഗീയ സ്ഥാനങ്ങൾ സമുന്നതമാക്കി.

### യുദ്ധതടവുകാരോടുള്ള സമീപനം

തടവുകാരെ കുറിച്ച് റസൂലുല്ലാഹി ﷺ കൂടിയാലോചിച്ചു. പരിഹാരം വാങ്ങി വിട്ടയയ്ക്കാമെന്ന് തീരുമാനമായി. ഇതിനിടയിൽ മുസ്ലിംകൾ തടവുകാരോട് വളരെ ഔദാര്യ പൂർണ്ണമായ സമീപനമാണ് സ്വീകരിച്ചത്. സ്വന്തം കുടുംബത്തിന് ആഹാരം കൊടുക്കാതെ തടവുകാർക്ക് ആഹാരം കൊടുത്തു. പരിഹാരം നൽകിയവരുടെ സമ്പത്ത് പൊതു ആവശ്യങ്ങൾക്ക് ചെലവഴിച്ചു. എന്നാൽ കഠിന ശത്രുക്കളും ഭാവികാലത്ത് നാശത്തിന് സാധ്യതയുള്ളവരുമായ ഉഖ്ബ, നദ്റുബ്നുൽ ഹാരിസ്എന്നീ രണ്ട് പേർ വധിക്കപ്പെട്ടു. പകരം തരാൻ ഒന്നുമില്ലാത്തവരോട് മുസ്ലിം കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കാൻ നിർദേശിക്ക

പ്പെട്ടു.തടവുകാരിൽ റസൂലുല്ലാഹി ﷺ യുടെ പിതൃവ്യനായ അബ്ബാസ് ,പിതൃവ്യ പുത്രൻ അഖീൽ,മരുമകൻ അബുൽ ആസ് എന്നിവരും ഉണ്ടായിരുന്നു. മരുമകൻ അബുൽ ആസിന്റെ പക്കൽ പകരം കൊടുക്കാൻ ഒന്നുമില്ലായിരുന്നു. സഹധർമ്മണിയായ പ്രവാചക പുത്രി സൈനബ്ﷺ ഭർത്താവിന് വേണ്ടി ഒരു വള പകരം നൽകി. ഉമ്മ ഖദീജത്തുൽ കുബ്റാ ﷺ ധരിക്കുകയും മകൾക്ക് നൽകുകയും ചെയ്ത വളയായിരുന്നു ഇത്.ഈ വളകൾ കണ്ട റസൂലുല്ലാഹി ﷺക്ക് സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ഉത്തമ മാതൃകയായ പത്നി ഖദീജ ﷺ യെ ഓർമ്മ വരികയും വികാര ഭരിതനാവുകയും ചെയ്തു. തങ്ങളുടെ നയനങ്ങൾ നിറഞ്ഞൊഴുകി.ഇത് കണ്ട സ്വഹാബികൾ അത് തിരിച്ച് നൽകി. തുടർന്ന് സൈനബ ﷺ യെ റസൂലുല്ലാഹി ﷺ യിലേക്ക് അബുൽ ആസ് എത്തിച്ച് കൊടുത്തു. ഏതാനും നാളുകൾക്കകം അദ്ദേഹം വന്ന് ഇസ്ലാം സ്വീകരിച്ചു. ഇരുവരും ഭാര്യ ഭർത്താക്കൻമാരായി കഴിയുകയും ചെയ്തു.

### യഹൂദികളുടെ കരാർ ലംഘനം.

മുസ്ലിം കേന്ദ്രമായ മദീനയിൽ ധാരാളം യഹൂദികൾ താമസിച്ചിരുന്നു.യഹൂദികളും മുസ്ലിംകളും ഐക്യത്തോടെ ജീവിക്കണമെന്നും ആരും മറ്റുള്ളവരുടെ ശത്രുക്കളെ സഹായിക്കില്ലെന്നും ഇരുവരുമായി കരാർ ചെയ്തിരുന്നു. എന്നാൽ അവർ കരാർ പാലിച്ചില്ല.രഹസ്യമായി ശത്രുക്കളെ മദീനയെ ആക്രമിക്കാൻ പ്രേരിപ്പിക്കുകയും സഹായം വാഗ്ദാനം നൽകുകയും ചെയ്തു.ബനൂഖൈനുഖാഅ് ഗോത്രമാണ് ഇതിൽ ഏറ്റവും കൂടുതൽ ബന്ധപ്പെട്ടത്. അങ്ങനെ റസൂലുല്ലാഹി ﷺ അവർക്കെതിരിൽ നടപടിയെടുക്കുകയും തങ്ങളുടെ കൽപന പ്രകാരം അവരുടെ നേതാവും അക്രമിയുമായ കഅ്ബുബ്നു അഷ്റഫ് വധിക്കപ്പെടുകയും ചെയ്തു. ഇതിനിടയിൽ അവരിൽ പെട്ട ഒരു ആഭരണ വ്യാപാരി ഒരു മുസ്ലിം സ്ത്രീയെ പരസ്യമായി വസ്ത്രാക്ഷേപണം നടത്തി നിന്ദിച്ചു. ഇതറിഞ്ഞ മുസ്ലിംകൾ അയാളെ വധിച്ചു. തുടർന്ന് ഇരുകൂട്ടരും തമ്മിൽ പ്രശ്നങ്ങൾ ഉണ്ടായി. വിവരമറിഞ്ഞ് റസൂലുല്ലാഹി ﷺ രംഗത്തെത്തി ബനൂഖൈനുഖാഇന്റെ വഞ്ചനക്കെതിരിൽ പ്രതികരിക്കുകയും അവരുടെ കോട്ട ഉപരോധിക്കുകയും ചെയ്തു. അവസാനം അവർ കീഴടങ്ങി. മദീന വിട്ട് പോകാൻ തയ്യാറായി. അങ്ങനെ മുസ്ലിംകൾക്ക് ഈ ഗോത്രക്കാരുടെ ശല്യങ്ങൾ ഒഴിവായി.

### നോമ്പ് നിർബന്ധമാക്കപ്പെടുന്നു

ഇസ്ലാമിന്റെ അടിസ്ഥാന ശിലകൾ അഞ്ച് കാര്യങ്ങളാണ്. ഇതിൽ വിശ്വാസവും നമസ്കാരവും മക്കയിൽ നിർബന്ധമാക്കപ്പെട്ടു. മൂന്നാമ

ത്തെ നിയമമായ നോമ്പും സകാത്തും മദീനയിൽ വന്ന ശേഷമാണ് നിയമമാക്കപ്പെട്ടത്.ഹജ്ജ് അവസാന ഘട്ടത്തിൽ നിർബന്ധമാക്കപ്പെട്ടു. ഈ കൂട്ടത്തിൽ നോമ്പ് ഹിജ്റ വർഷം രണ്ടിന് ബദ്റ് യുദ്ധത്തിന് ശേഷം നിർബന്ധമാക്കപ്പെട്ടു. ഒരു വർഷത്തെ പന്ത്രണ്ട് മാസങ്ങളിൽ റമളാനിലെ ഒരു മാസം മുഴുവൻ നോമ്പനുഷ്ടിക്കാൻ നിർബന്ധമാക്കപ്പെട്ടു. നോമ്പ് ഗതകാല സമുദായങ്ങൾക്കും നിർബന്ധമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മുഹർറം മാസം റസൂലുല്ലാഹി ﷺ നോമ്പനുഷ്ടിച്ചിരുന്നു. റമളാൻ നിർബന്ധമാക്കപ്പെട്ടപ്പോൾ യഥാർത്ഥ നോമ്പ് റമളാനായിമാറി.

നോമ്പിന്റെ പ്രധാന ലക്ഷ്യം അല്ലാഹുവിനോടുള്ള സ്നേഹവും ആരാധനകളിലുള്ള താൽപര്യവും ഉണ്ടാക്കിയെടുക്കുന്നതിനോടൊപ്പം വിശപ്പിന്റെ കാഠിന്യം തിരിച്ചറിഞ്ഞ് സാധുക്കളോടുള്ള സഹാനുഭൂതി സജീവമാക്കലാണ്. ഇത്തരുണത്തിൽ അല്ലാഹുവിന്റെ പ്രീതിയെ ലക്ഷ്യമിട്ട് കൊണ്ട് നിർബന്ധ ദാനവും ഇതര ധർമ്മങ്ങളും ചെയ്യാൻ ദാസൻ പ്രേരിതമാകുന്നതാണ്.

### ഉഹദ് സംഭവം

ബദ്റിലെ പരാജയത്തിൽ നിന്നും നിഷേധികൾ പാഠം പഠിച്ചില്ല.ശത്രുതയിലും ഗൂഢാലോചനയിലും യുദ്ധ പദ്ധതികളിലും അവർ മുന്നോട്ട് നീങ്ങി. മുസ്ലിംകളും ഈ അവസ്ഥ ഗ്രഹിച്ചു. അവരുടെ യുദ്ധ സന്നാഹങ്ങളെ കുറിച്ച് അറിയുന്ന സമയങ്ങളിലും സ്ഥലങ്ങളിലും മുസ്ലിം സൈന്യവും യാത്രചെയ്തുവെങ്കിലും ഒരു വർഷം വരെ അവരുമായി യുദ്ധങ്ങൾ നടന്നില്ല.

നിഷേധികളുടെ കോപവും ശത്രുതയും ബദ്ർ സംഭവത്തിന്റെ പ്രതികാര ദാഹവും വർദ്ധിച്ചുകൊണ്ടിരുന്നു.മാസങ്ങൾ നീണ്ടു നിന്ന തയ്യാറെടുപ്പുകൾക്കൊടുവിൽ രണ്ടാം വർഷം പരിസരങ്ങളിലെ സഹായികളെയും കൂട്ടി മുവ്വായിരം പേരടങ്ങുന്ന സൈന്യം മദീനയെ ആക്രമിക്കാൻ പുറപ്പെട്ടു.വിവരമറിഞ്ഞ് റസൂലുല്ലാഹി ﷺ യും സ്വഹാബാക്കളും കൂടിയാലോചിച്ചു.മദീനയിൽ നിലയുറപ്പിച്ച് കൊണ്ട് ശത്രുക്കളെ പ്രതിരോധിക്കാം എന്നതായിരുന്നു റസൂലുല്ലാഹി ﷺ യുടെയും നിരവധി സ്വഹാബികളുടെയും താത്പര്യമെങ്കിലും ആവേശ ഭരിതരായ ചില സ്വഹാബികളുടെ അഭിപ്രായം പുറത്തിറങ്ങി യുദ്ധം ചെയ്യണമെന്നതായിരുന്നു.അവർ ശക്തി യുക്തം ഈ അഭിപ്രായം രേഖപ്പെടുത്തി.അവസാനം അത് തന്നെ തീരുമാനമായി.

റസൂലുല്ലാഹി ﷺ ആയിരം മുജാഹിദുകളെയും കൂട്ടി ഉഹ്ദിന്റെ ഭാഗത്തേക്ക് നീങ്ങി.നഗര മധ്യത്തിൽ നിന്നും മൂന്ന് കിലോമീറ്റർ ദൂരമുള്ള

സ്ഥലമാണത്. ശത്രു സൈന്യം അതിനടുത്ത് തമ്പടിച്ചിരുന്നു. യാത്ര തിരിച്ച പാടെ കപട വിശ്വാസികൾ വിമർശനങ്ങൾ ആരംഭിച്ചിരുന്നു.അത് ചില ബലഹീനരിൽ പ്രതിഫലനം സൃഷ്ടിച്ചു. അങ്ങനെ മുന്നൂറ് പേർ വഴിയിൽ വെച്ച് മടങ്ങി.മുസ്‌ലിം സൈന്യം എഴുനൂറ് പേരായി ചുരുങ്ങി. ഇരു കൂട്ടരും അണിനിരന്നു. എഴുനൂറ് പേർ മൂവായിരം പേരെ നേരിട്ടു. ആദ്യ ഘട്ടത്തിൽ മുസ്‌ലിംകൾ വിജയിച്ചു. ശത്രുക്കൾ പിന്തിരിഞ്ഞോടി. പക്ഷേ കുന്നിന് മുകളിൽ നിറുത്തപ്പെട്ട ഒരു സംഘത്തിന്റെ വീഴ്ചയെ തുടർന്ന് ശത്രുക്കൾ ആ വഴിയിലൂടെ പെട്ടെന്ന് മടങ്ങി വന്നു.അപ്രതീക്ഷിതമായ ഈ ആക്രമണത്തിൽ മുസ്‌ലിംകൾ അമ്പരന്നു.വിജയം പരാജയത്തിലേക്ക് നീങ്ങി. പക്ഷേ ആദരവായ റസൂലുല്ലാഹി ﷺ ഉറച്ച് നിൽക്കുകയും മുസ്‌ലിംകളെ ശക്തമായി തിരിച്ച് വിളിക്കുകയും ചെയ്തു. ഉടനെ എല്ലാവരും സംഘടിച്ചു. തൽഫലമായി ഖുറൈശികൾക്ക് ബാഹ്യമായ വിജയം ലഭിച്ചില്ല. മറ്റൊരിക്കൽ വന്ന് പോരാടാമെന്ന് പറഞ്ഞ് അവർ മടങ്ങി.

## പരീക്ഷണങ്ങൾ പാഠങ്ങൾ

ഈ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് ധാരാളം പരീക്ഷണങ്ങൾ ഉണ്ടായി. ഇടക്ക് റസൂലുല്ലാഹി ﷺ ശഹീദാക്കപ്പെട്ടു എന്ന വ്യാജ വാർത്ത പ്രചരിച്ചു. റസൂലുല്ലാഹി ﷺ യുടെ തിരു പാദത്തിൽ മുറിവേറ്റു.അനുഗ്രഹീത ദന്തങ്ങൾ കൊഴിഞ്ഞു. നിരവധി സ്വഹാബികൾ ശഹീദായി.നബി ﷺ യുടെ പ്രിയ പിതൃവ്യൻ സയ്യിദുശുഹദാഅ് ഹംസ ﷺ, മദീനയുടെ ഖുർആൻ അദ്ധ്യാപകൻ മുസ്അബ് ﷺ എന്നീ പ്രമുഖരും അതിൽ പെടുന്നു. പരിശുദ്ധ ഖുർആൻ ഉഹ്ദു യുദ്ധത്തിൽ നിന്നും പഠിക്കേണ്ട പാഠങ്ങൾ സവിശദം വിവരിച്ചിട്ടുണ്ട് . പ്രധാന പാഠം ഈമാൻ ആണ്. ഈമാൻ ശക്തിയായാൽ ഇതര ദൗർബല്യങ്ങൾ ഇല്ലാതാകും. ഇരുലോകത്തും ഉന്നത മഹത്വം ലഭ്യമാകും. "നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽനിങ്ങൾ തന്നെയാണ് ഉന്നതൻമാർ."(ആലുഇംറാൻ.139) റസൂലുല്ലാഹി ﷺയുടെ കൽപന പരിപൂർണ്ണമായി പാലിക്കണം. ഇതാണ് വിജയത്തിലേക്കുള്ള പാത.ഭീരുത്വവും ഭിന്നതയും അപകട കാരണങ്ങളാണ്. അല്ലാഹു ഉണർത്തുന്നു; "അല്ലാഹുവിന്റെ അനുമതി പ്രകാരം നിങ്ങളവരെ കൊന്നൊടുക്കിക്കൊണ്ടിരുന്നപ്പോൾ നിങ്ങളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അവൻ സത്യം പാലിച്ചിട്ടുണ്ട്. എന്നാൽ നിങ്ങൾ ഭീരുത്വം കാണിക്കുകയും, കാര്യനിർവഹണത്തിൽ അന്യോന്യം പിണങ്ങുകയും, നിങ്ങൾ ഇഷ്ടപ്പെടുന്ന നേട്ടം അല്ലാഹു നിങ്ങൾക്ക് കാണിച്ചുതന്നതിന് ശേഷം നിങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്തപ്പോഴാണ് (കാര്യങ്ങൾ

നിങ്ങൾക്കെതിരായത്.) നിങ്ങളിൽ ഇഹലോകത്തെ ലക്ഷ്യമാക്കുന്നവരുണ്ട്. പരലോകത്തെ ലക്ഷ്യമാക്കുന്നവരും നിങ്ങളിലുണ്ട്. അനന്തരം നിങ്ങളെ പരീക്ഷിക്കുവാനായി അവരിൽ (ശത്രുക്കളിൽ) നിന്ന് നിങ്ങളെ അല്ലാഹു പിന്തിരിപ്പിച്ചുകളഞ്ഞു. എന്നാൽ അല്ലാഹു നിങ്ങൾക്ക് മാപ്പ് തന്നിരിക്കുന്നു. അല്ലാഹു സത്യവിശ്വാസികളോട് ഔദാര്യം കാണിക്കുന്നവനാകുന്നു."(ആലുഇംറാൻ 152) ഉഹ്ദു യുദ്ധത്തിലൂടെ ശത്രുക്കളുടെ മനസ്സ് ഒരു അളവ് വരെ സമാധാനിച്ചു. ബദ്റുമായി തട്ടിച്ചു നോക്കുമ്പോൾ വിജയമായിരുന്നെങ്കിലും അവർക്ക് ഉഹ്ദിലും ധാരാളം നഷ്ടം സംഭവിച്ചു. പൂർണ്ണ വിജയം ലഭിച്ചതുമില്ല. യുദ്ധം കഴിഞ്ഞപ്പോൾ തന്റെ ദൈവത്തിൽ ജയ് വിളിച്ച് കൊണ്ട് ഖുറൈശി നേതാവ് അബൂസുഫ്യാൻ പറഞ്ഞു. "യുദ്ധം തുല്യം തുല്യമായിത്തന്നെ. ഇന്ന് ഒരാൾ നാളെ മറ്റൊരാൾ." തദവസരം റസൂലുല്ലാഹി ﷺ സ്വഹാബത്തിനെ കൊണ്ട് മറുപടി പറയിച്ചു. "അല്ലാഹു നമ്മുടെ രക്ഷകൻ. നിങ്ങൾക്കൊരു രക്ഷകനും ഇല്ല. അല്ലാഹു മഹോന്നതൻ..."

ഉഹദു സംഭവത്തിനിടയിൽ മുനാഫിഖുകളായ ആളുകൾ മടങ്ങിപ്പോവുകയും മോശമായ അഭിപ്രായ പ്രകടനങ്ങൾ നടത്തുകയും ചെയ്തു. ഇതിലൂടെ ബാഹ്യമായി ഇസ്ലാമിനെ പ്രകടിപ്പിക്കുകയും അകത്ത് നിഷേധം കൊണ്ട് നടക്കുകയും ചെയ്യുന്ന കുറേ ആളുകൾ ഉണ്ടെന്നും അവരെ കരുതിയിരിക്കണമെന്നും അറിയിക്കപ്പെട്ടു. എന്നാൽ റസൂലുല്ലാഹി ﷺ അവരോട് മാന്യമായിത്തന്നെ വർത്തിക്കുകയും അവരിൽ ഗുണമുള്ളവർ നന്നായിത്തീരുകയും ചെയ്തു. ഉഹദിൽ നിന്നും മടങ്ങിയെത്തിയ നിഷേധികൾ പരസ്പരം തർക്കിച്ചു. വീണ്ടും മടങ്ങി വരാൻ ഉപദേശിച്ചു. പക്ഷേ ഭയം കാരണം അവർ തയ്യാറായില്ല. മുസ്ലിംകൾ വിവരമറിഞ്ഞ് ഹംറാഉൽ അസദ് വരെ യാത്ര ചെയ്തു കച്ചവടത്തിന്റെ ലാഭവും പടച്ചവന്റെ പൊരുത്തവും കരസ്ഥമാക്കി മടങ്ങി.

## റജീഅ് സംഭവം

അള്ൽ, ഖാറത്ത് ഗോത്രത്തിലെ ചിലയാളുകൾ മദീനയിൽ വന്ന് ഇസ്ലാം സ്വീകരിച്ചതായി പ്രകടിപ്പിക്കപ്പെടുകയും ഞങ്ങളുടെ നാട്ടിൽ ഇസ്ലാമിക അദ്ധ്യാപനങ്ങൾ നൽകുന്നതിന് കുറച്ച് പേരെ അയക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. റസൂലുല്ലാഹി ﷺ പത്ത് പേരടങ്ങുന്ന ഒരു സംഘത്തെ അയച്ചു. എന്നാൽ ഇത് അവരുടെ ഗൂഢാലോചനയായിരുന്നു. മദീനയിൽ നിന്ന് പുറപ്പെട്ട് റജീഅ് എന്ന സ്ഥലത്തെത്തിയപ്പോൾ അവരെ അവർ ബന്ധനസ്ഥരാക്കി. പത്തിൽ മൂന്ന് പേർ പോരാടി ശഹീദായി . മൂന്ന്പേരെ അവർ തടവുകാരായി പിടികൂടി ഇതിൽ ഖുബൈബ്رضي الله عنه,സൈദ്رضي الله عنه എന്നിവരെ മക്കയിൽ കൊണ്ട് പോയി

വിൽപന നടത്തുകയും ശത്രുക്കൾ അവരെ ശഹീദാക്കുകയും ചെയ്തു.ഈ സന്ദർഭത്തിൽ ഖുബൈബ് ﷺ പുലർത്തിയ വിശ്വാസ ദാർഢ്യതയും സമാധാന ശൈലിയും ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തപ്പെട്ട കാര്യങ്ങളാണ്.

ഈ രണ്ട് മഹാൻമാരെ ബദർ യുദ്ധത്തിൽ കൊല്ലപ്പെട്ട ശത്രുക്കളുടെ ബന്ധുക്കൾ പ്രതികാരം ചെയ്യുന്നതിനായി വാങ്ങി. സൈദ് ﷺ നെ ഹറമിന് വെളിയിൽ വധിക്കുന്നതിന് കൊണ്ട് പോയ സന്ദർഭത്തിൽ അവിടെ കൂടിയിരുന്ന വലിയ ആൾക്കൂട്ടത്തിൽ വെച്ച് അബൂസുഫയാൻ ചോദിച്ചു. നിങ്ങൾ നിങ്ങളുടെ വീടുകളിൽ സമാധാനത്തോടെ കഴിയാനും നിങ്ങളുടെ സ്ഥാനത്ത് മുഹമ്മദ് ആയിരിക്കാനും നിങ്ങൾ ഇഷ്ടപ്പെടുന്നോ.? സൈദ് ﷺ പറഞ്ഞു:ഞാൻ വീട്ടിൽ സുഖ സന്തോഷങ്ങളോടെ കഴിയുമ്പോൾ അവിടുത്തിന്റെ തൃപാദത്തിൽ ഒരു മുള്ള് തറയ്ക്കുന്നത് പോലും ഞാൻ ഇഷ്ടപ്പെടുകയില്ല. ഇത് കേട്ട് അബൂ സുഫിയാൻ പറഞ്ഞു. മുഹമ്മദിന്റെ അനുയായികൾ മുഹമ്മദിനെ സ്നേഹിക്കുന്നത് പോലെ ഒരു അനുയായികളും ഒരു നേതാവിനേയും സ്നേഹിക്കുന്നത് കണ്ടിട്ടില്ല. ഖുബൈബ് ﷺ നെ തൂക്കിലേറ്റാൻ കൊണ്ട് വന്നപ്പോൾ അദ്ദേഹം പറഞ്ഞു. നിങ്ങൾ ബുദ്ധിമുട്ട് വിചാരിക്കുന്നില്ലങ്കിൽ എനിക്ക് രണ്ട് റകഅത്ത് നമസ്കരിക്കാൻ അനുവാദം തരണം അവർ അനുവാദം കൊടുത്തു. അദ്ദേഹം സമാധാനത്തോടെ പൂർണ്ണ മര്യാദകൾ പാലിച്ച് രണ്ട് റക്അത്ത് നമസ്കരിച്ചു. തുടർന്ന് പറഞ്ഞു. നിങ്ങൾ ഭയത്തിന്റെ പേരിലാണ്. ഇങ്ങനെ ചെയ്യുന്നതെന്ന് പറയുകയില്ലായിരുന്നെങ്കിൽ ഞാൻ കൂടുതൽ നമസ്കരിക്കുമായിരുന്നു. തുടർന്ന് അദ്ദേഹം തൂക്കിലേറ്റപ്പെട്ടപ്പോൾ ഈ ഈരടികൾ പാടി:

ഇസ്ലാമിന് വേണ്ടി കൊല്ലപ്പെടുമ്പോൾ എനിക്ക് യാതൊരു ചിന്തയുമില്ല, അല്ലാഹുവിന്റെ മാർഗത്തിൽ ഏത് ഭാഗത്തേക്ക് വീണ് മരിച്ചാലും എനിക്ക് പ്രശ്നമില്ല, ഈ സംഭവിക്കുന്നതെല്ലാം അല്ലാഹുവിന് വേണ്ടി മാത്രമാണ്. അവനുദ്ദേശിച്ചാൽ തകർന്നു പോയ ഈ ശരീരത്തിലെ ഓരോ അവയവങ്ങളിലും അവൻ ഐശ്വര്യം നൽകുന്നതാണ്. വികാര നിർഭരമായ ഈരടികൾ പാടികൊണ്ട് അദ്ദേഹം ശഹാദത്ത് വരിച്ചു. (ഇബ്നു ഹിശാം)

### ബിഅ്റു മഊന:

ഹിജ്റ 4ാം വർഷം സഫർമാസം ബിഅ്ർ മഊന സംഭവം നടന്നു. നജ്ദിലെ ഒരു നേതാവ് റസൂലുല്ലാഹി ﷺ യോട് കുറച്ച് സ്വഹാബാക്കളെ നജ്ദിലേക്ക് വീടണമെന്ന് അപേക്ഷിച്ചു.റസൂലുല്ലാഹി ﷺ നാൽപതിനും എഴുപതിനും ഇടയിലുള്ള പരിശുദ്ധ ഖുർആൻ പഠിച്ച സ്വഹാ

ബാക്കളെ അങ്ങോട്ടയച്ചു. ഇവർ ബിഅ്ർ മഊന എന്ന സ്ഥലത്ത് എത്തിയപ്പോൾ അവർ ശഹീദാക്കപ്പെട്ടു. ഇത് അങ്ങേയറ്റം ദു:ഖകരവും വേദനാജനകവുമായ സംഭവമായിരുന്നു.റസൂലുല്ലാഹി ﷺ ഇതിൽ വളരെയധികം വേദനിക്കുകയുണ്ടായി പക്ഷേ ഉടനടി അവിടേക്ക് സൈനിക നടപടികളൊന്നും സ്വീകരച്ചില്ല. (ബുഖാരി)

ഈ സംഭവത്തിൽ ഹറാമുബ്നു മിൽഹാൻ ﵁ ശഹീദാക്കപ്പെട്ടു. ജബ്ബാർ എന്ന വ്യക്തിയാണ് അദ്ദേഹത്തെ ശഹീദാക്കിയത്. കൊലയുടെ സമയത്ത് ഹറാം ﵁ പറഞ്ഞ ഒരു വാചകം ജബ്ബാറിന്റെ ഇസ്ലാമിന് കാരണമായി അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ രണ്ട് തോളുകൾക്കിടയിൽ കുന്തം കുത്തിയിറക്കപ്പെട്ടപ്പോൾ അദ്ദേഹം ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു. കഅ്ബയുടെ നാഥനാണെ ഞാൻ വിജയിച്ചിരിക്കുന്നു. എനിക്കത്ഭുതമായി, കൊല്ലപ്പെടുന്ന വ്യക്തി എങ്ങനെയാണ് വിജയിച്ചിരിക്കുന്നുവെന്ന് പറയുന്നത്. പിന്നീട് എനിക്ക് മനസ്സിലായി ഇത് കൊണ്ടുള്ള ഉദ്ദേശം അല്ലാഹുവിന്റെ മാർഗത്തിൽ ജീവാർപ്പണം നടത്തലാണെന്ന് ഈ വാചകം എനിക്ക് ഇസ്ലാമിലേക്ക് വഴി കാണിക്കുകയുണ്ടായി.(ബുഖാരി)

### ദാതുർരിഖാഅ്

ഹിജ്രി 4 ൽ ദാതുർരിഖാഅ് സംഭവം നടന്നു. റസൂലുല്ലാഹി ﷺ ഗത്ഫാൻ ഗോത്രത്തെ ലക്ഷ്യമിട്ട് നടത്തിയതാണിത്. ഇതിൽ യുദ്ധമുണ്ടായില്ല. പട്ടിണി കാരണം സ്വഹാബത്തിന് ചെരുപ്പ് പോലുമില്ലായിരുന്നു. അവർ തുണികഷ്ണങ്ങളും മറ്റും കൊണ്ട് കാല് പൊതിഞ്ഞ കാരണത്താൽ ഇതിന് ദാതുർരിഖാഅ് (തുണിക്കഷ്ണം) എന്ന് പേര് വരികയുണ്ടായി.

### ഖൻദഖ് സംഭവം

വ്യത്യസ്ത വഴികളിലൂടെയും ഗൂഢാലോചനകളിലൂടെയും മുസ്ലിം ശക്തിയെ തകർക്കാൻ കഴിയാതിരുന്ന നിഷേധികൾ, മദീനയിലെ യഹൂദികളും മുനാഫിഖുകളും പരിസരത്തുള്ള നിഷേധികളുമായി ബന്ധപ്പെട്ട് ഒരു പദ്ധതി തയ്യാറാക്കി. ഒരു വലിയ സൈന്യം സജ്ജമാക്കി മദീനയെ അക്രമിക്കുക, മദീനയുടെ ഉള്ളിൽ നിന്ന് യഹൂദികൾ അവരെ സഹായിക്കും.അങ്ങനെ അവർ പരസ്പരം സൈനിക കരാറുകൾ നടത്തി.

തുടർന്ന് ഹിജ്റ അഞ്ചിൽ ദുൽഖഅ്ദ് മാസം നാലായിരം പേരടങ്ങുന്ന ഒരു ഖുറൈശി സംഘം മദീനയിലേക്ക് തിരിച്ചു. കൂട്ടത്തിൽ, ഗത്ഫാൻ ഗോത്രത്തിലെ ആറായിരം പേരും കൂടി. ഇവരെല്ലാം മദീനയെ ലക്ഷ്യമാക്കി പുറപ്പെട്ട് മദീനയുടെ അടുത്തെത്തി. മറുഭാഗത്ത്, സഹായി

ക്കാമെന്ന് യഹൂദികൾ കരാർ നടത്തുകയും ചെയ്തിരുന്നു. റസൂലുല്ലാഹി ﷺയോടൊപ്പം ആകെ മുവായിരം പേർ മാത്രമാണുണ്ടായിരുന്നത്. അവസ്ഥ വളരെ സങ്കീർണ്ണമായി. റസൂലുല്ലാഹി ﷺ സ്വഹാബാക്കളുമായി കൂടിയാലോചിച്ചു. സൽമാൻ ﷺപറഞ്ഞു: മൂന്ന് ഭാഗത്തുള്ള മലകൾ കൊണ്ട് മദീന സുരക്ഷതമാണ്. ഈ ഭാഗത്ത് കൂടി മാത്രമാണ് വഴിയുള്ളത്. ഇവിടെ കിടങ്ങുകൾ നിർമിക്കപ്പെട്ടാൽ മുസ്‌ലിംകൾക്ക് പ്രതിരോധിക്കാൻ കഴിയും. അങ്ങനെ അവിടെ വലിയ കിടങ്ങുകൾ നിർമിക്കപ്പെടുകയുണ്ടായി. ഇതിനിടയിൽ ശത്രുക്കൾ അവിടെ വന്ന് ചേർന്നു. മൂന്നാഴ്ച അവർ കിടങ്ങിനപ്പുറത്ത് താമസിച്ചു. മുസ്‌ലിംകൾ മറുഭാഗത്ത് ജാഗ്രതയോടെ അവരെ ശ്രദ്ധിക്കുയും നിരന്തരം പ്രാർത്ഥനകളിൽ കഴിഞ്ഞു കൂടുകയും ചെയ്തു. മൂന്നാഴ്ച നീണ്ട സംഭവം, ശത്രുക്കൾ അകത്തേക്ക് കടക്കുമെന്ന ഭയം,കടുത്ത പട്ടിണി,അകത്ത് നിന്ന് യഹൂദികളുടെ പ്രശ്നം ഇതെല്ലാം അവസ്ഥ വളരെ സങ്കീർണ്ണമാക്കി.വലിയ മനക്കരുത്തുള്ളവരുടേയും മനോധൈര്യം ചോർത്തിക്കളയുന്ന ഈ സന്ദർഭം  സ്വഹാബികളുടെ വിശ്വാസത്തിന് വലിയൊരു പരീക്ഷണമായിരുന്നു. റസൂലുല്ലാഹി ﷺ സത്യ ദൂതനാണെങ്കിൽ ഇത്ര വലിയ പ്രയാസവും സുദീർഘമായ ദുരിതവും എന്തിനാണ് അനുഭവിക്കുന്നത് എന്ന ചോദ്യം കപട വിശ്വാസികൾ ഉയർത്തി. പക്ഷെ മുഴുവൻ മുസ്‌ലിംകളും അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസവും അല്ലാഹുവിലുള്ള ഭരമേൽപ്പിക്കലും മുറുകെ പിടിച്ചു.അതെ, അല്ലാഹുവിന് വിശ്വാസികളുടെ വിശ്വാസം എത്രമാത്രം ഉറച്ചിട്ടുണ്ട് എന്ന് പരീക്ഷിച്ച് അറിയണമായിരുന്നു. ശാരീരികവും മാനസികവുമായ ഈ പരീക്ഷണത്തിലൂടെ മുസ്‌ലിംകൾ കടന്ന് പോയി. അവസാനം ഈ പരീക്ഷണത്തിൽ അവർ വിജയം വരിച്ചതായി അല്ലാഹു അറിയിച്ചു. ഒരു ശക്തമായ ചുഴലിക്കാറ്റ് അയക്കുകയും ശത്രുക്കളുടെ തമ്പുകൾ അടിച്ച് പറത്തുകയും ചെയ്തു. ഇപ്രകാരം മുസ്‌ലിംകൾക്ക് വലിയ വിജയം പ്രദാനം ചെയ്തു. ശത്രുക്കൾ നിരാശരായി മടങ്ങുകയുണ്ടായി. സൂറ:അഹ്സാബിൽ ഈ സംഭവം വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്.

സത്യവിശ്വാസികളേ, അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന മഹാ അനുഗ്രഹം ഓർക്കുക; നിങ്ങളുടെ സമീപം കുറേ സൈന്യങ്ങൾ ആഗതരാവുകയും അപ്പോൾ അവർക്കു നേരേ ഒരു കാറ്റും നിങ്ങൾക്ക് കാണാൻ കഴിയാത്ത സൈന്യത്തേയും നാം അയക്കുകയും ചെയ്തു. നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം അവൻ കാണുന്നുണ്ട്. അതായത് മേൽഭാഗത്ത് കൂടിയും താഴ്ഭാഗത്ത് കൂടിയും നിങ്ങളുടെ അടുത്ത് അവരെത്തി കണ്ണുകൾ തള്ളിപ്പോവുകയും ഹൃദയങ്ങൾ തൊണ്ടകളിലെത്തുക

യും അല്ലാഹുവിനെ കുറിച്ച് നിങ്ങൾ പലതും വിചാരിക്കുകയും ചെയ്ത സന്ദർഭം. സത്യവിശ്വാസികൾ തന്മൂലം പരീക്ഷണ വിധയരാവുകയും കഠിനമായി പ്രകമ്പിതരാവുകയുമുണ്ടായി (അഹ്സാബ് 9,10,11)

ഈ ചുഴലിക്കാറ്റ് അല്ലാഹുവിന് നേരത്തേ അയക്കാമായിരുന്നു. പക്ഷെ, സത്യവിശ്വാസികളുടെ വിശ്വാസത്തെ പരീക്ഷിക്കുവാൻ വിചാരിച്ചത് കൊണ്ട് മൂന്ന് ആഴ്ച വരെ കഠിനമായ അവസ്ഥയിൽ അല്ലാഹു അവരെ അകപ്പെടുത്തി. ഇക്കാലയളവിൽ റസൂലുല്ലാഹി ﷺ യുടെ സമർത്ഥമായ നായകത്വത്തിൽ പരിപൂർണ്ണ അച്ചടക്കത്തോടെ സ്വഹാബാക്കൾ കഴിയുകയുണ്ടായി. ഇടയ്ക്ക് റസൂലുല്ലാഹി ﷺ അൻസ്വാറുകളെ പരീക്ഷിക്കുന്നതിനായി ചോദിച്ചു: മദീനയിലെ ഈത്തപ്പഴത്തിന്റെ വരുമാനത്തിന്റെ ഒരു ഭാഗം ശത്രുക്കൾക്ക് കൊടുക്കാമെന്ന് പറഞ്ഞ് ഒരു കരാർ നടത്തി അവരുമായി സന്ധിയിലായിക്കൂടെ.? അൻസാറുകൾ പറഞ്ഞു. ജാഹിലിയ്യാ കാലഘട്ടത്തിൽ പോലും ഞങ്ങൾ ശത്രുക്കൾക്ക് ഒന്നും കൊടുത്തിട്ടില്ല. ഇസ്ലാമിലായിരിക്കുമ്പോൾ എന്തിന് ഇത് ചെയ്യണം? സ്വഹാബികൾ ഈ മാർഗത്തിൽ ഉറച്ച് നിൽക്കുകയും അവസാനം അല്ലാഹുവിന്റെ സഹായം വന്ന് ശത്രുക്കൾ പരാജയപ്പെടുകയും മുസ്ലിംകൾ അന്തസ്സോടെ മദീനയിൽ കഴിയുകയും ചെയ്തു.

## യഹൂദ ഗോത്രങ്ങളുടെ അന്ത്യം

മദീനയിൽ അറബികളുടെ രണ്ട് ഗോത്രങ്ങളായ ഔസ് ഖസ്റജ് എന്നിവരാണ് പ്രധാനമായും താമസിച്ചിരുന്നത്. അവരിൽ ബഹുഭൂരിഭാഗവും ഇസ്ലാമിൽ പ്രവേശിച്ചു. കൂടാതെ യഹൂദികളും ന്യൂനപക്ഷമായ നിലയിൽ മദീനയിൽ ഉണ്ടായിരുന്നു. അവരിലെ മൂന്ന് പ്രധാന ഗോത്രങ്ങളാണ്. ബനൂ ഖുറൈള, ബനുന്നളീർ, ബനൂ ഖൈനുഖാഅ്. റസൂലുല്ലാഹി ﷺ തുടക്കം മുതൽക്കേ ഇവരോട് നല്ല നിലയിൽ വർത്തിക്കുകയും നല്ല ബന്ധങ്ങൾ തുടരാൻ പരിശ്രമിക്കുകയും ചെയ്തു. ഈ വഴിയിൽ റസൂലുല്ലാഹി ﷺ ചരിത്ര പ്രസിദ്ധമായ കരാർ നടത്തി. ഇരുകൂട്ടരും പരസ്പരം ആദരിക്കുകയും ശത്രുക്കൾക്കെതിരിൽ ഒറ്റക്കെട്ടായി പോരാടുകയും ചെയ്യുമെന്നായിരുന്നു ആ കരാറിന്റെ രത്നച്ചുരുക്കം. എന്നാൽ, ഇവർ വ്യത്യസ്ത സമയങ്ങളിൽ പല രീതികളിലായി ഈ കരാർ പൊളിച്ചു. ഹിജ്റ 4 ൽ റസൂലുല്ലാഹി ബനുന്നളീർ ഗോത്രത്തിലേക്ക് പോയി. അവരുടേയും മറ്റൊരു ഗോത്രത്തിന്റെയും ഇടയിൽ നടന്ന കൊലയുടെ വിഷയത്തിൽ സംസാരിക്കാനാണ് പോയത് തദവസരം ഒര് കല്ല് തങ്ങളുടെ ശിരസിലേക്കിടാൻ അവർ ആളെ ചട്ടം കെട്ടി.അയാൾ മുകളിലേക്ക് കയറികൊണ്ടിരക്കവേ അല്ലാഹു തങ്ങൾക്ക് ഇതിനെ പറ്റി വിവരം അറിയിച്ചു. തങ്ങൾ ഉടനെ അവിടെ നിന്നും എഴുന്നേറ്റ് മാറി. അ

വർ കാണിച്ച ഈ കരാർ ലംഘനത്തിന് അവർ മദീന വിട്ട് പോകണമെന്ന് അവരോട് നിർദേശിച്ചു. അവർ അവസ്ഥയുടെ സങ്കീർണ്ണത തിരിച്ചറിഞ്ഞ് പോയില്ലെങ്കിൽ കൊല്ലപ്പെടുമെന്ന ഭയം അവർക്കുണ്ടായി അവരുടെ കൈയ്യിലുള്ള സാധനങ്ങൾ എടുത്തുകൊണ്ട് പൊയ്കൊള്ളാമെന്ന് പറയുകയും അങ്ങനെ സാധനങ്ങൾ എടുത്തു കൊണ്ട് മദീനയിൽ നിന്നും പുറപ്പെടുകയും ചെയ്തു. കുറേയാളുകൾ ഖൈബറിൽ പോയി താമസമാക്കി. ബാക്കിയുള്ളവർ സിറിയയിലേക്ക് പാലായനം ചെയ്തു. ഇപ്രകാരം വഞ്ചനയുടേയും കാപട്യത്തിന്റെയും ഒരു വലിയ ശക്തിയിൽ നിന്ന് മുസ്‌ലിംകൾക്ക് ശാന്തി ലഭിക്കുകയുണ്ടായി. ഇതിനായി ബലപ്രയോഗങ്ങൾ നടത്തേണ്ടി വന്നിട്ടില്ല.(അൽ കാമിൽ)

ബനുന്നളീർ സംഭവത്തിന് ശേഷം റസൂലുല്ലാഹി ﷺ ബനു ഖുറൈളയുമായി വീണ്ടും കരാർ പുതുക്കുകയുണ്ടായി. അവരുമായി നല്ല നിലയിൽ കഴിയുന്നതിന് ശ്രമിച്ചു. പക്ഷേ ഖുറൈളുയുടെ നേതാവ് ഹുയയ്യ് യഹൂദികളെ തങ്ങൾക്കെതിരിൽ ഇളക്കുകയും മക്കയിലെ ഖുറൈശികളുമായി സ്നേഹബന്ധം സ്ഥാപിക്കുകയും ചെയ്തു. റസൂലുല്ലാഹി ﷺയ്ക്ക് അവരുടെ കരാർ ലംഘനത്തെപ്പറ്റി വിവരം ലഭിച്ചപ്പോൾ കാര്യം അതിനെക്കാൾ ഗുരുതരമാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. അവർ റസൂലുല്ലാഹി ﷺ യെപ്പറ്റി വളരെ മോശം വാക്കുകൾ ഉപയോഗിക്കുകയും ഏത് അല്ലാഹുവിന്റെ റസൂൽ ? ഞങ്ങൾക്കും മുഹമ്മദിനുമിടയിൽ ഒരു കരാറുമില്ല,എന്ന് വിളിച്ച് പറയുകയും ചെയ്തു.(ഇബ്നു ഹിഷാം)

ബനുഖുറൈളയുടെ ഈ അവസ്ഥ അറിഞ്ഞ റസൂലുല്ലാഹി ﷺ അവരിലൂടെ വലിയ നാശത്തിന് സാധ്യതയുണ്ടന്ന് മനസ്സിലാക്കി. കൂടാതെ ഇവർ ഖൻദഖ് സംഭവത്തിൽ മുശ്‌രിക്കുകൾക്ക് എല്ലാവിധ പിന്തുണയും കൊടുക്കുകയും ചെയ്തിരുന്നു. ആകയാൽ ഈ ശല്യം ഒഴിവാക്കാൻ റസൂലുല്ലാഹി ﷺ തീരുമാനിച്ചു. ഖൻദഖിൽ നിന്ന് മടങ്ങിയ റസൂലുല്ലാഹി ﷺ നേരേ ബനു ഖുറൈളയിലേക്ക് പോയി ഇരുപത്തിയഞ്ച് രാപലുകൾ അവരെ ഉപരോധിച്ചു. അവസാനം അല്ലാഹു അവരുടെ മനസ്സിൽ ഉൾഭയം ഇട്ടുകൊടുക്കുകയും അവർ കീഴടങ്ങാൻ തയ്യാറാവുകയും ചെയ്തു. അവരുമായി സംഖ്യത്തിൽ ഉണ്ടായിരുന്ന ബനുഅംറ് ഗോത്രത്തിലെ ആരെയെങ്കിലും കൂടിയാലോചനക്ക് അയക്കണെമെന്ന് അഭ്യർത്ഥിച്ചു. അഭ്യർത്ഥനപ്രകാരം അവിടുന്ന് അബൂലുബാബ رضي الله عنه യെ അയച്ചു. അദ്ദേഹം അവിടെ ചെന്നപ്പോൾ അവിടയുള്ള എല്ലാവരും എഴുന്നേറ്റ് അദ്ദേഹത്തെ സ്വീകരിക്കുകയും സ്ത്രീകളും കുട്ടികളും വാവിട്ട് നിലവിളിക്കുകയും ചെയ്തു. ഇത് കണ്ട് അദ്ദേഹത്തിന്റെ മനസ്സിൽ ചെറിയ മയമുണ്ടായി അവർ ചോദിച്ചു:മുഹമ്മദ് എടുക്കുന്ന എല്ലാ തീരുമാ

നവും ഞങ്ങൾ അംഗീകരിക്കണമെന്നാണോ താങ്കളുടെ അഭിപ്രായം? അദ്ദേഹം പറഞ്ഞു.അതെ, ഇതിനോട് കൂടി കൈ കഴുത്തിൽ വെച്ച് റസൂലുല്ലാഹി ﷺ യുടെ തീരുമാനം കൊലയായിരിക്കുമെന്ന് ആംഗ്യം കാണിക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു. ഞാൻ അവിടെ നിന്നും കാൽ ഇളക്കുകപോലും ചെയ്യുന്നതിന് മുൻപ് ഞാൻ ചെയ്തത് വലിയൊരു വഞ്ചനയാണെന്ന് എനിക്ക് ബോധ്യമായി. അദ്ദേഹം റസൂലുല്ലാഹി ﷺയുടെ അടുക്കൽ പോകുന്നതിന് പകരം മസ്ജിദുന്നബവിയിലേക്ക് പോയി സ്വയം ഒരു തൂണിൽ കെട്ടിയിടുകയും അല്ലാഹു തന്റെ തെറ്റ് മാപ്പാക്കുന്നത് വരെ ഞാൻ ഇവിടെ നിന്നും മാറുന്നതല്ല എന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു. കൂടാതെ ഇനിയൊരിക്കലും ബനൂ ഖുറൈളക്കാരുടെ പ്രദേശത്ത് കാല് പോലും കുത്തുകയില്ല എന്ന് അല്ലാഹുവിനോട് കരാർ ചെയ്തു. ഏതാനും ദിവസങ്ങൾക്കകം അല്ലാഹു അദ്ദേഹത്തിന്റെ തൗബ സ്വീകരിച്ചുകൊണ്ട് ആയത്തിറക്കി;

" വേറെ ചിലയാളുകളുണ്ട്. അവർ സൽകർമങ്ങളും ദുഷ്കർമങ്ങളും കൂട്ടികലർത്തിയവരും കുറ്റങ്ങൾ സമ്മതിച്ച് ഏറ്റുപറഞ്ഞവരുമാണ്. അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചേക്കാം ഏറെ പൊറുക്കുന്നവനും കാരുണികനുമത്രെ അവൻ (തൗബാ:102) ഈ ആയത്ത് കേട്ട ജനങ്ങൾ കെട്ടഴിക്കാൻ അടുത്തേക്ക് പോയപ്പോൾ അദ്ദേഹം പറഞ്ഞു. അല്ലാഹുവിൽ സത്യം റസൂലുല്ലാഹി ﷺ തൃക്കരം കൊണ്ട് എന്നെ മോചിപ്പിക്കുന്നത് വരെ ഞാൻ ഇങ്ങനെ കിടക്കുന്നതാണ്.റസൂലുല്ലാഹി ﷺ സുബഹി നമസ്കാരശേഷം അദ്ദേഹത്തന്റെ അടുക്കലേക്ക് പോയി കെട്ടഴിക്കുകയുണ്ടായി. ഇരുപത് ദിവസമാണ് അദ്ദേഹം ആ അവസ്ഥയിൽ കഴിഞ്ഞത് എല്ലാ നമസ്കാര സമയത്തും ഭാര്യവന്ന് കെട്ടഴിക്കുകയും നമസ്കാരശേഷം കെട്ടിടുകയും ചെയ്യുമായിരുന്നു.(ഇബ്നുഹിശാം).

അവസാനം ബനൂഖുറൈളക്കാർ സഅദ്ബ്നുമുആദ് رضي الله عنه എടുക്കുന്ന തീരുമാനം അംഗീകരിക്കാമെന്ന് വ്യവസ്ഥിതി വെച്ചു. ജാഹിലിയ്യാ കാലഘട്ടത്തിൽ അവർക്കും സഅദ് رضي الله عنه നുമിടയിൽ വലിയ ബന്ധമുണ്ടായിരുന്നു. ആകയാൽ അദ്ദേഹം അവരുടെ വിഷയത്തിൽ മയമായ തീരുമാനമെടുക്കുമെന്ന് അവർ വിചാരിച്ചിരുന്നു. എന്നാൽ സഅദ് رضي الله عنه അവരുടെ വഞ്ചനകൾ മുഴുവൻ മനസ്സിലാക്കിയ വ്യക്തിയായിരുന്നു. മറുഭാഗത്ത് യഹൂദികളുടെ നിയമവും നന്നായി അറിയുമായിരുന്നു. വഞ്ചനയ്ക്കും യുദ്ധക്കുറ്റത്തിനും വധമായിരുന്നു.അവരുടെ ഗ്രന്ഥത്തിൽ പറയപ്പെട്ടിരുന്നത്. റസൂലുല്ലാഹി ﷺ സഅദിനെ വിളിച്ചു വരുത്തി. അദ്ദേഹം കഠിന രോഗിയായിരുന്നു. സഅദ് رضي الله عنه വന്നു. യഹൂദികളുടെ നിയമത്തനനുസരിച്ച് ഇപ്രകാരം പ്രഖ്യാപിച്ചു. കുട്ടികളെയും സ്ത്രീകളെയും അടി

മകളാക്കണമെന്നും മുതിർന്നവരെ വധിക്കണമെന്നും അവരുടെ സമ്പത്ത് പിടച്ചെടുക്കണമെന്നും ഞാൻ വിധിക്കുന്നു. ഈ വിധി യഹൂദികളുടെ ഗ്രന്ഥത്തിലുള്ള നിയമത്തിന് അനുസൃതം തന്നെയായിരുന്നു. (വിവരണത്തിന് കാരുണ്യത്തിന്റെ തിരുദൂദർ നോക്കുക.) ഇപ്രകാരം യഹൂദികളുടെ വലിയൊരു ശക്തികൂടി ക്ഷയിക്കുകയും മദീനയിൽ നിന്ന് അവരുടെ വലിയ ശല്യവും നാശവും ഒഴിവാവുകയും ചെയ്തു. മറുഭാഗത്ത് സഅദ് ﷺ ഈ ലോകത്തോട് വിട പറയുകയും അദ്ദേഹം അല്ലാഹുവിങ്കൽ സ്വീകാര്യനാണെന്ന് റസൂൽ ﷺ വാർത്ത അറിയിയ്ക്കുകയും ചെയ്തു (ഇബ്നു ഹിശാം).

## ബനുൽ മുസ്തലഖ്

ഹിജ്റ ആറിന് ബനൂഖുസാഅയുടെ ഉപഗോത്രമായ ബനുൽ മുസ്തലഖ് യുദ്ധത്തിന് തയ്യാറായതായി വിവരം ലഭിച്ചു.റസൂലുല്ലാഹി ﷺ വിവരം അന്വേഷിക്കുന്നതിന് സൈദ് ﷺ നെ അയച്ചു. അദ്ദേഹം പോയി അന്വേഷിച്ച് വന്ന് കാര്യം ശരിയെന്ന് അറിയിച്ചു. ഉടൻ റസൂലുല്ലാഹി ﷺ ബനുൽ മുസ്തലഖ് ഗോത്രത്തിലേക്ക് യാത്ര ചെയ്തു. തങ്ങൾ വരുന്നുവെന്ന വാർത്തയറിഞ്ഞപ്പോൾ അവരുടെ നേതാവായ ഹാരിസ് അവിടെ നിന്നും പലായനം ചെയ്തു കളഞ്ഞു. എന്നാൽ കുറഞ്ഞ ആളുകൾ പോരിടാൻ തയ്യാറാകുകയും പോരാട്ടം നടക്കുകയും മുസ്ലിംകൾ ജയിക്കുകയും ചെയ്തു.

പരാജയത്തിന് ശേഷം, ബനുൽ മുസ്തലഖ് ഗോത്രക്കാർ മാപ്പു ചോദിച്ചു. റസൂലുല്ലാഹി ﷺ അവരുടെ നേതാവായ ഹാരിസിന്റെ മകൾ ജുവൈരിയ്യയെ തടവിൽ നിന്ന് മോചിപ്പിച്ച് ഉപകാരം ചെയ്തു. അവരെ വിവാഹം കഴിച്ച് കൊണ്ട് ഉപകാരം വർദ്ധിപ്പിച്ചു. റസൂലുല്ലാഹി ﷺ ഈ ഉത്തമ പെരുമാറ്റം ആ ഗോത്രത്തിൽ മുഴുവൻ പരിവർത്തനംവരുത്തുകയും അവർ മുഴുവൻ ദീൻ സ്വീകരിക്കുകയും ചെയ്തു. റസൂലുല്ലാഹി ﷺ അവരെയെല്ലാം മോചിപ്പിക്കാൻ നിർദേശിക്കുകയും അവർ മോചിപ്പിക്കപ്പെടുകയും ചെയ്തു. ഇപ്രകാരം ഈ സംഭവം വലിയ ഐശ്വര്യമായി മാറുകയുണ്ടായി.(ഇബ്നു ഹിശാം)

### അപവാദം

ഈ യാത്രയിൽ മുനാഫിഖുകളുടെ ഒരു വലിയ സംഘം കൂട്ടത്തിൽ ഉണ്ടായിരുന്നു. അവർ കപട വിശ്വാസികൾ ആയിരുന്നെങ്കിലും ഇസ്ലാമിനെ പ്രചരിപ്പിച്ചരുന്നതിനാൽ മുസ്ലിംകളായി ഗണിക്കപ്പെട്ടിരുന്നു. മുനാഫിഖുകൾ ഇതിന് മുമ്പ് ഒരു യാത്രയിലും പങ്കെടുത്തിട്ടില്ല. മുസ്ലിംകളുടെ വമ്പിച്ച മുന്നേറ്റങ്ങളും വിജയങ്ങളും കണ്ട അവർക്ക് ഇനി ആ

യുധത്തിലൂടെ മുസ്ലിംകളെ തടുക്കാൻ കഴിയില്ലന്ന് ഉറപ്പായി ഇത്ത രുണത്തിൽ അകത്ത് പ്രശ്നങ്ങളും നാശങ്ങളുമുണ്ടാക്കാൻ അവർ വഴി തേടി അതിന് മുസ്ലിം കളിൽ ആദരണീയരായ വ്യക്തികളെ പറ്റി അ പരാധം പറയുന്നത് വളരെ എളുപ്പമാർഗ്ഗമാണെന്ന് അവർ കണ്ടെത്തി. ഇതിലൂടെ പൊതു മുസ്ലിംകൾക്ക് നേതൃത്വത്തെപ്പറ്റി സംശയങ്ങൾ ഉ ണ്ടാവുകയും തെറ്റിദ്ധാരണകൾ പടർന്ന് വലിയ നാശനഷ്ടങ്ങൾ സംഭ വിക്കുകയും ചെയ്യുമെന്ന് അവർ കണക്ക് കൂട്ടി. ഈ യാത്രയിൽ ഉമ്മുൽ മുഅ്മിനീൻ ആഇശാ ﷺ ഉണ്ടായിരുന്നു.രാത്രി ഒരു സ്ഥലത്ത് താമസി ച്ചു. പ്രഭാതത്തിൽ അവർ മലമൂത്രവിസർജനത്തിന് പോയിരിക്കുകയാ യിരുന്നു. തിരിച്ച് വന്നപ്പോൾ സംഘം പുറപ്പെട്ട് കഴിഞ്ഞിരുന്നു. പോയ വർ തിരിച്ച് വരുമെന്ന പ്രതീക്ഷയിൽ അവർ അവിടെത്തന്നെ ഇരുന്നു. ഇരുത്തത്തിനിടയിൽ ഉറങ്ങിപ്പോയി. നേരം വെളുത്തപ്പോൾ ഒരു സ്വഹാ ബി അവരെ കാണുകയും അദ്ദേഹത്തിന്റെ സഹായത്തോടെ സംഘ ത്തിൽ എത്തിച്ചേരുകയും ചെയ്തു. ഈ കുറഞ്ഞ സമയം സംഘത്തിൽ നിന്നും വിട്ടു നിന്നതിന്റെ പേരിൽ അവരെപറ്റി കടുത്ത അപരാധം മുനാ ഫിഖുകൾ പടച്ച് വിട്ടു. ഇത് അങ്ങേയറ്റം അപകടം പിടിച്ചതും ആഴമേ റിയതുമായിരുന്നു. ഈ സംഭവത്തിന് ഇഫ്ക്(അപവാദം) എന്ന് പറയ പ്പെടുന്നു. മുനാഫിഖുകൾ സംശയങ്ങൾ ഊതിപ്പെരുപ്പിച്ച് വളരെ മോശ മായ പ്രചാരണം തന്നെ അഴിച്ചു വിട്ടു. മദീനയിൽ എത്തിയപ്പോൾ അ വരുടെ പ്രചരണങ്ങൾ കൂടുതൽ ശക്തിപ്രാപിച്ചു. അവരുടെ അപവാദ പ്രവർത്തനങ്ങൾ കാരണം ചില മുസ്ലിം മനസ്സുകളിൽ പ്രതിഫലനമു ണ്ടായി. റസൂലുല്ലാഹി ﷺ യ്ക്ക് ഈ സാഹചര്യത്തിൽ കുറേ നാളുകൾ വളരെ പ്രയാസപ്പെട്ട് കഴിയേണ്ടിവന്നു. അല്ലാഹു ഉടനടി തീരുമാനങ്ങ ളൊന്നും അറിയിച്ചതുമില്ല അവസാനും ഏതാനും നാളുകൾക്ക് ശേഷം ആഇശാ ﷺ യുടെ നിപരാധിത്വം വിളിച്ചറിയിച്ചു കൊണ്ട് ഖുർആനിൽ അല്ലാഹു ആയത്തുകൾ അവതരിപ്പിച്ചു;

നിശ്ചയം ആ വ്യാജ വാർത്ത ഇറക്കുമതി ചെയ്തവർ നിങ്ങളിൽ പെട്ട ഒരു സംഘം തന്നെയാണ് സ്വന്തത്തിന് അത് ദോഷകരമാണെന്ന് നിങ്ങൾ കരുതണ്ട, ഗുണകരം തന്നെയാണ്. അവരിൽ ഓരോ വ്യക്തി ക്കും താൻ സമ്പാദിച്ച പാപമുണ്ടാകും. എന്നാൽ അതിന്റെ നേതൃത്വം വഹിച്ചയാൾക്ക് ഗുരുതര ശിക്ഷയാണ് ഉണ്ടാവുക. സത്യവിശ്വാസിക ളും വിശ്വാസിനികളും അത് കേട്ട മാത്രയിൽ,സ്വന്തക്കാരെ പറ്റി എന്ത് കൊണ്ട് നല്ല വിചാരം പുലർത്തുകയും ഇത് വ്യക്തമായ വ്യാജം തന്നെ എന്ന് പറയുകയും ചെയ്തില്ല. (സൂറ:നൂർ 11,12)

ഒരു പവിത്ര സ്ത്രീരത്നം എന്നത് കൂടാതെ റസൂലുല്ലാഹി ﷺ ഏറ്റ

വുമധികം അവലംബിക്കുന്ന സഹധർമ്മിണി കൂടിയായ ആയിശഃ ﷺ യുടെ വിഷയത്തിൽ ഈ മോശമായ അപരാധം പറഞ്ഞവരെ അല്ലാഹു കഠിനമായി ഈ ആയത്തുകളിൽ ആക്ഷേപിക്കുകയുണ്ടായി കൂട്ടത്തിൽ യാതൊരു തെളിവുമില്ലാതെ അപരാധങ്ങളും അപവാദങ്ങളുമായി നടക്കുന്നവർക്ക് ശക്തമായ മുന്നറിയിപ്പും നൽകി. അവസാനം പ്രവാചക പത്നിമാർ പരിശുദ്ധരും സമുന്നതരുമാണ് എന്ന് പ്രഖ്യാപനങ്ങൾ ഈ ആയത്തുകളിൽ അല്ലാഹു നടത്തുകയുണ്ടായി. അങ്ങനെ ഈ അതിഭയങ്കരമായ ഫിത്നയും എന്നേക്കുമായി അസ്തമിച്ചു.

## സ്വപ്ന ദർശനം, മക്കയാത്ര

ഖൻദഖ് സംഭവത്തിനു ശേഷം ഖുറൈശികൾ നിരാശരായി മടങ്ങി. മുസ്‌ലിം ശക്തി തിരിച്ചറിഞ്ഞ അവർ അതിനുശേഷം വലിയ പോരാട്ടത്തിനൊന്നും തയ്യാറായില്ല. ഇതിനിടയിൽ റസൂലുല്ലാഹി ﷺ മക്കയിൽ പ്രവേശിക്കുന്നതായും ബൈത്തുല്ലാഹിയെ ത്വവാഫ് ചെയ്യുന്നതായും ഒരു സ്വപ്നം കണ്ടു. (ഹലബിയ്യ: 2/688) ഇത് ഒരു സത്യമായ സ്വപ്നമായിരുന്നു. എന്നാൽ, മാസവും വർഷവുമൊന്നും ക്ലിപ്തപ്പെടുത്തിയിരുന്നില്ല.

റസൂലുല്ലാഹി ﷺ സ്വഹാബത്തിനെ സ്വപ്നം അറിയിച്ചു. അവർ വളരെ സന്തോഷിച്ചു. മക്കയോടും കഅ്ബയോടുമുള്ള സ്നേഹം രക്തത്തിലും മാംസത്തിലും അരഞ്ഞ് അലിഞ്ഞു ചേർന്നിരുന്ന അവരുടെ ആഗ്രഹാവേശം പെട്ടെന്ന് ആളിക്കത്തി. അങ്ങനെ അവരെല്ലാവരും യാത്രക്കൊരുങ്ങി. വളരെ അപൂർവ്വമായവർ മാത്രമേ ഒഴിവായുള്ളൂ.

റസൂലുല്ലാഹി ﷺയുടെ ലക്ഷ്യം ഉംറ മാത്രമായിരുന്നു. പോരാട്ടം ലക്ഷ്യമല്ലായിരുന്നു. ഉംറ ആഗ്രഹിക്കുന്നവർക്കെല്ലാം മക്കയിലേക്കു പോകാമായിരുന്നു. പക്ഷെ, ഖുറൈശികളുടെ ശത്രുത കാരണം മുസ്‌ലിംകൾക്ക് അതിനു സാധിച്ചിരുന്നില്ല. തന്റെ ഉദ്ദേശ്യം ഉംറ മാത്രമാണെന്ന് ഖുറൈശികൾ അറിയുന്നതിന് റസൂലുല്ലാഹി ﷺ യാത്രയുടെ തുടക്കത്തിൽ തന്നെ ഉംറയുടെ ഇഹ്റാം നിർവ്വഹിച്ചു.

ഉസ്ഫാൻ എന്ന സ്ഥലത്തെത്തിയപ്പോൾ, കഅ്ബുബ്നു ലുഅയ്യിന്റെ ഗോത്രം മുസ്‌ലിംകളെ തടയാൻ യുദ്ധക്കൊതിയൻമാരെ തയ്യാറാക്കി നിർത്തിയിരിക്കുന്നു എന്ന വിവരം ലഭിച്ചു. എന്നാൽ, റസൂലുല്ലാഹി ﷺ യാത്ര തുടർന്നു. അവരുടെ അരികിലേക്ക് ഇറങ്ങുന്ന മലഞ്ചെരുവിൽ എത്തിയപ്പോൾ റസൂലുല്ലാഹി ﷺയുടെ ഒട്ടകം ഖസ്വാഅ് ഇരുന്നു കളഞ്ഞു. ഖസ്വാഅ് ഇരുന്നു കളഞ്ഞുവെന്ന് ജനങ്ങൾ പരസ്പരം പറഞ്ഞപ്പോൾ റസൂലുല്ലാഹി ﷺ അരുളി: "അങ്ങനെ ഇരിക്കുന്നത് അതിന്റെ സ്വഭാവമല്ല. അബ്രഹത്തിന്റെ ആനപ്പടയെ തടഞ്ഞ അല്ലാഹു ഇതി

നെയും തടഞ്ഞു നിറുത്തിയതാണ്! അല്ലാഹുവിൽ സത്യം, അല്ലാഹു വിനെ ആദരിക്കുകയും എന്നോടുള്ള കുടുംബബന്ധം ചേർക്കുകയും ചെയ്തുകൊണ്ട് അവർ എന്നോട് എന്ത് ആവശ്യപ്പെട്ടാലും ഞാൻ അവർക്കു നൽകുന്നതാണ്" തുടർന്ന്, ഒട്ടകത്തെ തട്ടിയപ്പോൾ അത് എഴുന്നേറ്റു. പക്ഷെ, ദിശ മാറി ഹുദൈബിയയുടെ ഭാഗത്തേക്കു നടന്നു.

### ശത്രുക്കൾ തടയുന്നു

റസൂലുല്ലാഹി ﷺ ഹുദൈബിയയിൽ വന്നിറങ്ങിയ സംഭവം അറിഞ്ഞ ഖുറൈശികൾക്ക് വലിയ തെറ്റിദ്ധാരണയുണ്ടായി. ഇത്തരുണത്തിൽ, ആരെയെങ്കിലും അയച്ച് അവരുടെ തെറ്റിദ്ധാരണ ദുരീകരിക്കാമെന്നു വിചാരിച്ച് റസൂലുല്ലാഹി ﷺ ഉസ്മാനുബ്നു അഫ്ഫാൻ ﷺനെ മക്കയിലേക്കു യാത്രയാക്കി. തദവസരം അരുളി; ഞങ്ങൾ യുദ്ധത്തിനു വന്നതല്ലെന്നും ഉംറ ചെയ്യുക മാത്രമാണ് ഉദ്ദേശ്യമെന്നും അവരോടു പറയുക. മനസ്സാ വാചാ കർമ്മണാ അവർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുക്കുക. മക്കയിൽ കുടുങ്ങിക്കിടക്കുന്ന മുസ്‌ലിം സ്ത്രീ പുരുഷൻമാർക്ക് മോചനത്തെ കുറിച്ച് സന്തോഷവാർത്ത അറിയിക്കുക. (സാദുൽ മആദ്: 3/289)

### രിള്‌വാൻ ബൈഅത്ത്

ഉസ്മാൻ ﷺ മക്കയിലേക്കു പോയി. റസൂലുല്ലാഹി ﷺ ഏൽപ്പിച്ച ദൗത്യം നന്നായി നിർവ്വഹിച്ചു. എന്നാൽ, ഉസ്മാൻ ﷺ ഇതിനിടയിൽ കൊല്ലപ്പെട്ടു എന്ന ഒരു വാർത്ത പരന്നു. തദവസരം, റസൂലുല്ലാഹി ﷺ സ്വഹാബത്തിനെ ഒരുമിച്ചുകൂട്ടി, സത്യസരണിയിൽ ജീവാർപ്പണം നടത്തുമെന്ന് പ്രതിജ്ഞ ചെയ്യിപ്പിച്ചു. എല്ലാവരും വികാരാവേശങ്ങളോടെ പ്രതിജ്ഞ ചെയ്തു. റസൂലുല്ലാഹി ﷺ ഒരു കരം മറുകരത്തിൽ അടിച്ചു കൊണ്ട് ഇത് ഉസ്മാന്റെ ഭാഗത്തു നിന്നുമാണെന്ന് അരുളി. ഇതിന് രിദ്‌വാൻ പ്രതിജ്ഞയെന്ന് പറയപ്പെടുന്നു. ഹുദൈബിയയിലെ ഒരു വൃക്ഷത്തിന്റെ കീഴിലാണ് ഇത് നടന്നത്. ഈ പ്രതിരജ്ഞയെ കുറിച്ച് പ്രസ്താവിച്ചു കൊണ്ട് അല്ലാഹു ആയത്തിറക്കി:

"ആ മരത്തിന്റെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ, തീർച്ചയായും അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും, അങ്ങനെ അവർക്ക് മനസമാധാനം ഇറക്കികൊടുക്കു കയും, ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു" (ഫത്ഹ്: 18)

ഈ പ്രതിജ്ഞയോടെ അവസ്ഥ വളരെ സങ്കീർണ്ണമായി. പൊടുന്ന

നെ, ഖുസാഅ ഗോത്രത്തിലെ ഏതാനും ആളുകളോടൊപ്പം ബുദൈൽ എന്ന വ്യക്തി അവിടെ വന്നു. റസൂലുല്ലാഹി ﷺയോട് ലക്ഷ്യത്തെ കുറിച്ച് ചോദിച്ചപ്പോൾ അരുളി: ഞങ്ങൾ ആരുമായും യുദ്ധം ചെയ്യാൻ വന്നിട്ടില്ല. ഉംറ നിർവ്വഹിക്കുക മാത്രമാണ് ഞങ്ങളുടെ ലക്ഷ്യം. ഖുറൈശികളെ യുദ്ധം മുൻപേ തന്നെ തകർത്തിരിക്കുകയാണ്. അവർ ഞാനുമായി വല്ല സന്ധിയും ചെയ്തിരുന്നെങ്കിൽ നമ്മുടെ ഇടയിലുള്ള ബന്ധം നന്നാകുമായിരുന്നു. ഇനി, അതില്ലെങ്കിൽ കുറഞ്ഞപക്ഷം അവർക്ക് കുറച്ചു നാളുകൾ വിശ്രമിക്കുകയെങ്കിലും ചെയ്യാൻ കഴിയും. ഇനി, യുദ്ധമല്ലാതെ മറ്റൊന്നും അവർക്ക് സ്വീകാര്യമല്ലെങ്കിൽ എന്റെ ആത്മാവിനെ നിയന്ത്രിക്കുന്ന അല്ലാഹുവിൽ സത്യം ചെയ്തുകൊണ്ടു പറയട്ടെ; ഞാൻ വധിക്കപ്പെടുകയോ, അല്ലാഹുവിന്റെ ദീൻ വിജയിക്കുകയോ ചെയ്യുന്നതു വരെ ഞാൻ അവരോട് യുദ്ധം ചെയ്യുന്നതാണ്. ബുദൈൽ ഖുറൈശികളെ ചെന്നു കണ്ട് റസൂലുല്ലാഹി ﷺയുടെ വാക്കുകൾ പറഞ്ഞപ്പോൾ, ഉർവത്തുബ്നു മസ്ഊദ് പറഞ്ഞു: "അദ്ദേഹം വളരെ വിവേകപൂർവ്വമായ അഭിപ്രായമാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹവുമായി സംസാരിക്കാൻ എന്നെ വിടുക" ജനങ്ങൾ വിട്ടതനുസരിച്ച് അദ്ദേഹം വന്ന് റസൂലുല്ലാഹി ﷺയോട് സംസാരിച്ചു തുടങ്ങി. ഇടയിലൂടെ അദ്ദേഹം സ്വഹാബത്തിനെയും നോക്കി. റസൂലുല്ലാഹി ﷺയുടെ ഉമിനീർ അവർ ശരീരത്തിൽ പുരട്ടുന്നതും, കൽപനകളെല്ലാം അനുസരിക്കുന്നതും, വുളൂഇന്റെ മിച്ചം ഉപയോഗിക്കാൻ മത്സരിക്കുന്നതും, തിരുവചനങ്ങൾ സാകൂതം ശ്രവിക്കുന്നതും, ആദരവു കാരണം തങ്ങളെ തുറിച്ചു നോക്കാത്തതും അദ്ദേഹം കണ്ടു. മടങ്ങി വന്ന് അദ്ദേഹം ഖുറൈശിനോടു പറഞ്ഞു: കൈസർ, കിസ്റാ, നജ്ജാശി മുതലായ ധാരാളം ഭരണാധികാരികളെ ഞാൻ കണ്ടിട്ടുണ്ട്. പക്ഷെ, മുഹമ്മദിന്റെ അനുയായികൾ അദ്ദേഹത്തെ സ്നേഹിച്ചാദരിക്കുന്നതു പോലെ ആരും ആരെയും ആദരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. അദ്ദേഹം വളരെ നല്ല അഭിപ്രായമാണ് പറഞ്ഞിരിക്കുന്നത്. അതു സ്വീകരിക്കുക. ഇതിനിടയിൽ, സ്വഹാബത്തിനെ കണ്ടിരുന്ന കിനാന ഗോത്രക്കാരനായ മിക്റസും അവിടെയെത്തി, ബുദൈൽ പറഞ്ഞതു പോലെ പറഞ്ഞു. അങ്ങിനെ, അവർ സന്ധി സംഭാഷണങ്ങൾക്ക് സുഹൈലുബ്നു അംറിനെ അയച്ചു. അദ്ദേഹത്തെ കണ്ടപാടെ റസൂലുല്ലാഹി ﷺ അരുളി: "ഇദ്ദേഹം സന്ധി ആഗ്രഹിക്കുന്ന വ്യക്തിയാണ്" (ഇബ്നുഹിശാം: 2/316)

### ഹുദൈബിയ്യ സന്ധി

ഇരുവരും സംസാരിച്ചു. സന്ധി നടത്താൻ തീരുമാനിച്ചു. സന്ധി രേഖാമൂലമാകണമെന്ന് റസൂലുല്ലാഹി ﷺ നിർദ്ദേശിച്ചു. അലിയ്യ് ؓനോട്

റസൂലുല്ലാഹി ﷺ അരുളി: "എല്ലാവരോടും കരുണയുള്ളവനും ഏറ്റവും വലിയ കാരുണ്യവാനുമായ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു" എന്നെഴുതുക. ഉടൻ സുഹൈൽ പറഞ്ഞു: എല്ലാവരോടും കരുണയുള്ളവൻ എന്ന നാമം ഞങ്ങൾക്കറിയില്ല. പഴയ പതിവനുസരിച്ച് "അല്ലാഹുവേ, നിന്റെ നാമത്തിൽ" എന്നെഴുതുക. റസൂലുല്ലാഹി ﷺ അരുളി: എന്നാൽ അങ്ങനെയാകട്ടെ. മുസ്‌ലിംകൾ പറഞ്ഞു: ഖുർആനിലെ വചനം തന്നെ വേണം. റസൂലുല്ലാഹി ﷺ അരുളി: വേണ്ട, അവർ പറയുന്നതുപോലെ എഴുതുക.

തുടർന്ന്, എഴുതിച്ചു: "ഇത് അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നടത്തുന്ന കരാറാണ്" സുഹൈൽ പറഞ്ഞു: താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞങ്ങൾ വിശ്വസിച്ചിരുന്നെങ്കിൽ അല്ലാഹുവിന്റെ ഭവനത്തിൽ നിന്നും ഞങ്ങൾ താങ്കളെ തടയുമായിരുന്നോ? താങ്കളുമായി യുദ്ധം ചെയ്യുമായിരുന്നോ? അബ്ദുല്ലാഹിയുടെ മകൻ മുഹമ്മദ് എന്നെഴുതുക. റസൂലുല്ലാഹി ﷺ അരുളി: നിങ്ങൾ നിഷേധിച്ചാലും ഞാൻ യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ദൂതൻ തന്നെയാണ്. ശരി, അബ്ദുല്ലാഹിയുടെ മകൻ മുഹമ്മദ് എന്നെഴുതുക. എഴുതിക്കൊണ്ടിരുന്ന അലിയ്യ് ؓ പറഞ്ഞു: അല്ലാഹുവിൽ സത്യം എനിക്ക് ഇതു മായ്ച്ച് എഴുതാൻ കഴിയില്ല. റസൂലുല്ലാഹി ﷺ അതെഴുതിയത് കാണിച്ചു തരാൻ പറഞ്ഞു. തിരുകരം കൊണ്ട് അതു മായ്ച്ചു. (ബുഖാരി)

റസൂലുല്ലാഹി ﷺ തുടർന്ന് എഴുതിച്ചു: "അല്ലാഹുവിന്റെ ഭവനത്തെ ത്വവാഫ് ചെയ്യുന്നതിൽ നിന്നും ഖുറൈശികൾ ഞങ്ങളെ തടയരുത്" സുഹൈൽ പറഞ്ഞു: ഇതു ഞങ്ങളുടെ ഭീരുത്വമാണെന്ന് ജനങ്ങൾ പറയും. അതുകൊണ്ട്, 'അടുത്ത വർഷം ത്വവാഫ് ചെയ്യുന്നതിൽ നിന്നും' എന്നെഴുതുക. റസൂലുല്ലാഹി ﷺ അംഗീകരിച്ചു. ശേഷം, സുഹൈൽ പറഞ്ഞു: 'ഞങ്ങളിൽ നിന്നും ആരെങ്കിലും നിങ്ങളിലേക്കു വന്നാൽ ഞങ്ങളിലേക്ക് മടക്കി അയക്കേണ്ടതാണ്' മുസ്‌ലിംകൾ പറഞ്ഞു: മുസ്‌ലിമായി ഞങ്ങളുടെ അരികിൽ വന്നവരെ മുശ്‌രിക്കുകളിലേക്ക് ഏൽപ്പിക്കണമെന്നോ? ഇതിനിടയിൽ പൊടുന്നനെ, സുഹൈലിന്റെ മകൻ അബൂജൻദൽ ؓ ചങ്ങലയിൽ ബന്ധനസ്ഥനായി ഉരുണ്ടു വീണുകൊണ്ട് അവിടെയെത്തി. ഉടനെ സുഹൈൽ പറഞ്ഞു: ഞങ്ങളിലേക്കു മടക്കി അയക്കേണ്ട ആദ്യത്തെ വ്യക്തിയാണിത്. റസൂലുല്ലാഹി ﷺ അരുളി: കരാർ എഴുതി പൂർത്തിയായിട്ടില്ലല്ലോ? അദ്ദേഹം പറഞ്ഞു: എന്നാൽ, ഞാൻ ഒരു കരാറിനുമില്ല. റസൂലുല്ലാഹി ﷺ അരുളി: എന്റെ വ്യക്തിപരമായ അഭ്യർത്ഥനയെ മാനിച്ച് ഇദ്ദേഹത്തെ എനിക്കു വിട്ടുതരിക. സുഹൈൽ അതിനു വിസമ്മതിച്ചപ്പോൾ റസൂലുല്ലാഹി ﷺ ഇഷ്ടം പോലെ ചെയ്

തുകൊള്ളുക എന്നു പറഞ്ഞു. ഇതു കണ്ടപ്പോൾ അബൂജൻദൽ ﷺ പറഞ്ഞു: മുസ്‌ലിംകളെ, മുസ്‌ലിമായി വന്ന എന്നെ നിങ്ങൾ മുശ്‌രികുകളിലേക്ക് തിരിച്ചയക്കുകയാണോ? ഞാൻ അനുഭവിച്ച പീഢനങ്ങൾ നിങ്ങൾ കണ്ടില്ലേ! അദ്ദേഹം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധാരാളം ത്യാഗങ്ങൾ സഹിച്ചിരുന്നു. എങ്കിലും റസൂലുല്ലാഹി ﷺ അദ്ദേഹത്തിന്റെ പിതാവു കൂടിയായ സുഹൈലിന്റെ ആവശ്യപ്രകാരം അദ്ദേഹത്തെ മടക്കി അയച്ചു. (ബുഖാരി)

പ്രസ്തുത കരാറിലെ മറ്റു ഭാഗങ്ങൾ ഇതായിരുന്നു; പത്തു വർഷം വരെ ഇരുകൂട്ടരും രക്തച്ചൊരിച്ചിൽ ഒഴിവാക്കി ജനങ്ങൾ പരസ്പരം സഹകരണ സമാധാനങ്ങളോടെ ജീവിക്കും. ഖുറൈശികളിലാരെങ്കിലും അനുവാദമില്ലാതെ മുസ്‌ലിംകളുടെ അരികിൽ വന്നാൽ അയാളെ മടക്കി അയക്കും. മുസ്‌ലിംകളിൽ ആരെങ്കിലും ഖുറൈശികളോടു ചേർന്നാൽ അവരെ മടക്കി അയക്കുന്നതല്ല. ഇരുകൂട്ടരുമായും മറ്റുള്ളവർക്ക് സഖ്യം ചേരാവുന്നതാണ്. അവരെ മറുപക്ഷം ആദരിക്കേണ്ടതുമാണ്. (ഇബ്നുഹിശാം: 2/317)

### കടുത്ത പരീക്ഷണം

ഈ സന്ധി മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വലിയൊരു പരീക്ഷണമായിരുന്നു. ഇതിലെ പല നിബന്ധനകളും അവർക്ക് അസഹനീയമായിരുന്നു. ഉമർ ﷺനെ പോലുള്ള ഉറച്ച മഹാത്മാക്കളും ഇതിൽ പിടച്ചു പോയി. അബൂബക്ർ ﷺനെ സമീപിച്ച് ഉമർ ﷺ ചോദിച്ചു: നാം സത്യത്തിലും നിഷേധികൾ അസത്യത്തിലുമല്ലേ? അബൂബക്ർ ﷺ: അതെ. ഉമർ ﷺ: പിന്നെ എന്തിനാണ് നാം മതവിഷയത്തിൽ ഈ നിന്ദ്യത സഹിക്കുന്നത്? നാം കഅ്ബയിൽ പോയി ത്വവാഫ് ചെയ്യുന്നതാണെന്ന് റസൂലുല്ലാഹി ﷺ അറിയിച്ചതല്ലേ? അബൂബക്ർ ﷺ: അറിയിച്ചിരുന്നു. എന്നാൽ, ഈ വർഷം തന്നെയാകുമെന്ന് പറഞ്ഞോ? ഉമറേ, ഇത് അല്ലാഹുവിന്റെ ദൂതനാണ്. റസൂലുല്ലാഹി ﷺ പറയുന്നത് അനുസരിക്കുക. തുടർന്ന്, ഉമർ ﷺ റസൂലുല്ലാഹി ﷺയോടും ഇതേ സംസാരവും റസൂലുല്ലാഹി ﷺ ഇതേ മറുപടിയും ആവർത്തിച്ചു. (ബുഖാരി)

ഉമർ ﷺ പിന്നീട് ഈ സംഭവത്തിൽ ദു:ഖിക്കുകയും പ്രായശ്ചിത്തമായി പല നന്മകൾ നിർവ്വഹിക്കുകയും ചെയ്തു. ഉമർ ﷺ അടക്കമുള്ള സർവ്വ സ്വഹാബികളും റസൂലുല്ലാഹി ﷺ പറയുന്നതെന്തും കേൾക്കുകയും പാലിക്കുകയും ചെയ്യുന്നവരായിരുന്നു. പക്ഷെ, കഅ്ബയെ കൊതിച്ച് തയ്യാറായി അരികിലെത്തിയ അവർക്ക് അതിനെ കാണാനോ ത്വവാഫ് ചെയ്യാനോ കഴിയാതെ മടങ്ങുന്നത് വലിയ ദു:ഖമായി. അവർ കൂട്ടത്തിൽ കൊണ്ടുവന്ന ബലിമൃഗങ്ങളെ ഹുദൈബിയയിൽ തന്നെ അറു

ത്ത്, മുടിയെടുത്ത് ഇഹ്റാമിൽ നിന്ന് ഒഴിവാകുക എന്ന് റസൂലുല്ലാഹി ﷺ അരുളിയപ്പോൾ അവർ അന്തംവിട്ടു പോയി. ഇതു കണ്ട് റസൂലുല്ലാഹി ﷺ ചിന്താകുലനായി. ചിന്താഭാരത്തോടെ കൂടാരത്തിലേക്കു വന്ന റസൂലുല്ലാഹി ﷺയോട് പ്രിയപത്നി ഉമ്മുസലമ رضي الله عنها കാര്യം തിരക്കി. മൃഗത്തെ അറുക്കാൻ പറഞ്ഞപ്പോൾ സ്വഹാബത്ത് അറുക്കുന്നില്ല എന്ന് അറിയിച്ച റസൂലുല്ലാഹി ﷺയോട് ഉമ്മുസലമ رضي الله عنها പറഞ്ഞു: ഇത് അനുസരണക്കേടല്ല. വലിയ ആഘാതം കാരണം കാര്യം മനസ്സിലാകാത്തതാണ്. അങ്ങ് ആദ്യം അറുക്കുക. അതുകണ്ട് അവരും അറുക്കുന്നതാണ്. റസൂലുല്ലാഹി ﷺ പുറത്തേക്കു വന്ന് സ്വന്തം ബലിമൃഗത്തെ അറുത്തു. മുടി വടിച്ചു. ഇതു കണ്ട മുസ്ലിംകൾ കഠിനമായ ദു:ഖത്തോടെയാണെങ്കിലും ഉടനടി മൃഗത്തെ അറുക്കുകയും മുടി എടുക്കുകയും ചെയ്തു. (ബുഖാരി)

ശേഷം, റസൂലുല്ലാഹി ﷺ മദീനയിലേക്കു മടങ്ങി. വഴിയിൽ വെച്ച് അല്ലാഹു സൂറത്തുൽ ഫത്ഹ് അവതരിപ്പിച്ചു: "തീർച്ചയായും താങ്കൾക്ക് നാം പ്രത്യക്ഷമായ ഒരു വിജയം നൽകിയിരിക്കുന്നു. താങ്കളുടെ പാപത്തിൽ നിന്ന് മുമ്പ് കഴിഞ്ഞുപോയതും പിന്നീട് ഉണ്ടാകുന്നതും അല്ലാഹു താങ്കൾക്ക് പൊറുത്തുതരുന്നതിനു വേണ്ടിയും, അവന്റെ അനുഗ്രഹം താങ്കൾക്ക് നിറവേറ്റിത്തരുന്നതിനു വേണ്ടിയും, താങ്കൾക്ക് നേരായ പാതയിലൂടെ നയിക്കുന്നതിന് വേണ്ടിയുമാകുന്നു അത്. അന്തസ്സാർന്ന ഒരു സഹായം അല്ലാഹു താങ്കൾക്ക് നൽകാൻ വേണ്ടിയും" (ഫത്ഹ്: 1-3)

ഉമർ رضي الله عنه ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഇത് വിജയമാണോ? റസൂലുല്ലാഹി ﷺ അരുളി: അതെ, വിജയം തന്നെ. (മുസ്ലിം) പിന്നീടുള്ള സംഭവ പരമ്പരകൾ, ഇതൊരു മഹത്തായ വിജയമാണെന്നു വിളിച്ചറിയിച്ചു. അതെ, ബാഹ്യമായി ഇതു പരാജയമായിരുന്നെങ്കിലും യഥാർത്ഥത്തിൽ അതിമഹത്തായ വിജയമായിരുന്നു.

## പരാജയരൂപത്തിൽ വിജയപരമ്പരകൾ

കരാർ കഴിഞ്ഞ് റസൂലുല്ലാഹി ﷺ മദീനയിലെത്തിയ ശേഷം ഖുറൈശികളിൽ നിന്നും അബൂബസീർ എന്ന വ്യക്തി മുസ്ലിമായി മദീനയിൽ വന്നു. അദ്ദേഹത്തെ പിടികൂടാൻ രണ്ടുപേരും എത്തി. കരാർ പ്രകാരം റസൂലുല്ലാഹി ﷺ അബൂബസീർ رضي الله عنهനെ അവരെ ഏൽപ്പിച്ചു. യാത്രക്കിടയിൽ അബൂബസീർ رضي الله عنه അവരിലൊരാളെ വകവരുത്തി. മറ്റെയാൾ ജീവനും കൊണ്ടോടി റസൂലുല്ലാഹി ﷺയുടെ അരികിലെത്തി. പിന്നാലെ അബൂബസീറും വന്നു. അദ്ദേഹം പറഞ്ഞു: താങ്കൾ കരാർ പാലിച്ചു. ഇപ്പോൾ ഞാൻ സ്വന്തം നിലയിൽ വന്നിരിക്കുകയാണ്. താ

ങൾക്ക് ഒരു ബാധ്യതയുമില്ല. പക്ഷേ, റസൂലുല്ലാഹി ﷺ ഇതു സ്വീകരിച്ചില്ല. ഖുറൈശികൾ തെറ്റിദ്ധരിക്കുമെന്നു പറഞ്ഞു കൊണ്ട് അദ്ദേഹത്തെ മക്കയിലേക്ക് തിരിച്ചയച്ചു. അദ്ദേഹം മക്കയിലേക്കു പോകുന്നതിനു പകരം ഒരു കടപ്പുറത്തേക്കു പോയി അവിടെ താമസമാക്കി. ഇതറിഞ്ഞ അബൂജൻദലും ഖുറൈശികളിൽ നിന്നും രക്ഷപെട്ട് അവിടെയെത്തി. ഖുറൈശികളിൽ നിന്നും വരുന്നവരെല്ലാം ഇവിടെ കൂടിച്ചേർന്നു. ഇവർ ഒരു സംഘമായി. ഖുറൈശികൾ മക്കയിൽ നിന്നും സിറിയയിലേക്ക് ഈ കടപ്പുറം വഴിയാണ് പോയിരുന്നത്. ഇവർ ഖുറൈശികളെ അക്രമിക്കാൻ തുടങ്ങി. ഈ അവസ്ഥാ വിശേഷത്തിൽ നിർബന്ധിതരായി ഖുറൈശികൾ മദീനയിൽ വന്നു. കടപ്പുറത്തുള്ളവരെ മദീനയിലേക്കു വരുത്തണമെന്ന് അല്ലാഹുവിനെയും കുടുംബബന്ധത്തെയും മുൻനിർത്തി അഭ്യർത്ഥിച്ചു. മുസ്‌ലിമായി വരുന്നവരെ സ്വീകരിക്കാവുന്നതാണെന്ന് അറിയിച്ചു.

റസൂലുല്ലാഹി ﷺ വളരെ താഴേക്കിറങ്ങി കരാർ ചെയ്യുകയും, ഖുറൈശികൾ വിജയമായി കാണുകയും, മുസ്‌ലിംകൾ വിശ്വാസബലത്തിന്റെ പേരിൽ മാത്രം അംഗീകരിക്കുകയും ചെയ്ത ഈ സന്ധിയിലൂടെ ഇസ്‌ലാമിക വിജയമുന്നേറ്റങ്ങളുടെ പുതിയ ഒരു കവാടം തുറക്കപ്പെട്ടു. ഈ കരാറിനു ശേഷം മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും സ്വതന്ത്രരും നിർഭയരുമായി യാത്ര ചെയ്യാനും പരസ്പരം ബന്ധപ്പെടാനും സാധിച്ചു. അങ്ങനെ, മുസ്‌ലിംകളും അമുസ്‌ലിംകളും നന്നായി ഇടപഴകി. ഇവിടെ മുസ്‌ലിംകൾക്ക് പ്രബോധനം എളുപ്പമായി. ഇതിലൂടെ ഇസ്‌ലാം മുമ്പൊരിക്കലും ഉണ്ടാകാത്ത നിലയിൽ അതിവേഗതയോടെ പ്രചരിച്ചു.

മറുഭാഗത്ത്, ഖുറൈശികൾ രണ്ടു വർഷമായപ്പോൾ തന്നെ കരാർ പാലിക്കാൻ അശക്തരായി. അവർ പരസ്യമായി കരാറിന് എതിരു പ്രവർത്തിച്ചു. മുസ്‌ലിംകളുടെ സഖ്യകക്ഷിയായ ഖുസാഅ ഗോത്രവുമായി അവർ യുദ്ധം ചെയ്തു. ഇത് സന്ധിക്ക് വിരുദ്ധമായിരുന്നു. ഖുസാഅ ഗോത്രം ഈ വിവരം റസൂലുല്ലാഹി ﷺയെ അറിയിക്കുകയും സഹായം തേടുകയും ചെയ്തു. പിന്നീട്, റസൂലുല്ലാഹി ﷺ മക്കയിലേക്കു തിരിക്കുകയും മക്കാ വിജയം നടക്കുകയും ചെയ്തു. കൂടാതെ, ഈ കാലയളവിനുള്ളിൽ റസൂലുല്ലാഹി ﷺ വിവിധ രാജാക്കൻമാർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തി കത്തുകൾ അയക്കുകയും ഇസ്‌ലാമിന്റെ ശക്തിയും ഗാംഭീര്യവും ലോകം മുഴുവൻ പ്രചരിക്കുകയും ചെയ്തു.

"യുദ്ധം ചെയ്യാൻ നിങ്ങൾക്കിതാ നിർബന്ധ കൽപന നൽകപ്പെട്ടിരിക്കുന്നു. അതാകട്ടെ നിങ്ങൾക്ക് അനിഷ്ടകരമാകുന്നു. എന്നാൽ, ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർത്ഥത്തിൽ) അത് നിങ്ങൾക്ക് ഗു

ണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർത്ഥത്തിൽ) നിങ്ങൾക്കത് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല" (ബഖറ: 216)

ഇപ്രകാരം ഇസ്‌ലാമിന്റെ പ്രചാരവും സ്വീകാര്യതയും വളരെ വർദ്ധിച്ചു. ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്‌ലാമിലേക്കൊഴുകി. ഈ സന്ധി സുവ്യക്തമായ ഒരു മഹാവിജയമായി മാറി.

## ഖാലിദ് ﷺ, അംറ് ﷺ ഇസ്‌ലാമിലേക്ക്

ഈ സന്ദർഭത്തിൽ ഇസ്‌ലാം സ്വീകരിച്ച പ്രമുഖരായ രണ്ടു പേരാണ് ഖാലിദുബ്നുൽ വലീദ്, അംറുബ്നുൽആസ് എന്നീ മഹത്തുക്കൾ. ഇരുവരും ഖുറൈശികളുടെ പ്രധാന ശക്തികേന്ദ്രങ്ങളായിരുന്നു. ഖാലിദ് സേനാ നായകനും അംറ് രാഷ്ട്രീയ ധിഷണാശാലിയുമായിരുന്നു. ഇരുവരും ഹുദൈബിയ്യാ സന്ധിയിലൂടെ ഇസ്‌ലാമിന്റെ ശക്തിയും മഹത്വവും തിരിച്ചറിഞ്ഞു. തുടർന്ന്, ഇവർ ഇസ്‌ലാമിന്റെ സുപ്രധാന സേവകരായി. ഖാലിദ് ﷺന്റെ പടവാൾ റോമിലും ശാമിലും പ്രകമ്പനം സൃഷ്ടിച്ചു. അദ്ദേഹം യുദ്ധത്തിൽ പങ്കെടുക്കുന്നതു തന്നെ വിജയത്തിന്റെ അടയാളമായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ വീരചരിത്രങ്ങൾ സുവർണ്ണ ലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ്. റസൂലുല്ലാഹി ﷺ അദ്ദേഹത്തിന് 'സൈഫുല്ലാഹ്' (അല്ലാഹുവിന്റെ പടവാൾ) എന്ന് അപരനാമം നൽകി. അംറ് ﷺ ബുദ്ധിയിലും സാമർത്ഥ്യത്തിലും അറേബ്യയിലെ നാലു പ്രമുഖ വ്യക്തികളിൽ ഒരാളാണ്. ജഅ്ഫർ ﷺന്റെ പ്രഭാഷണം കേട്ട് ഇസ്‌ലാം സ്വീകരിച്ച ഇദ്ദേഹത്തിലൂടെ ഇസ്‌ലാമിന് വലിയ ശക്തി കൈവന്നു. ഈജിപ്ത് സാമ്രാജ്യം കീഴടക്കിയത് അദ്ദേഹത്തിന്റെ നായകത്വത്തിലൂടെയാണ്.

## പ്രബോധന കത്തുകൾ

ഹുദൈബിയ സന്ധിക്ക് ശേഷം മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിലുള്ള ബന്ധം നന്നാകുകയും ഇസ്‌ലാമിനെ അറിയാനും അറിയിക്കാനും വഴി എളുപ്പമാവുകയും ചെയ്തു.ഒരു ഭാഗത്ത് ജനങ്ങൾക്ക് ഇസ്‌ലാമിനെ പറ്റി കൂടുതൽ അറിയാനുള്ള ആഗ്രഹവും വർദ്ധിച്ചു. ഖുറൈഷികൾ പോലും സന്ധിയായ കാരണത്താൽ മദീന വഴി യാത്ര ചെയ്യുകയും ഇസ്‌ലാമിനെ കൂടുതൽ അറിയുകയും ചെയ്തു. മറുഭാഗത്ത് റസൂലുല്ലഹി ﷺയും സഹാബാക്കളും ഈ അനുകൂല സാഹചര്യത്തെ നല്ല നിലയിൽ പ്രയോജനപ്പെടുത്തി ഇസ്‌ലാമിന്റെ സന്ദേശം കൂടുതൽ സ്ഥലങ്ങളിലേക്ക് എത്തിക്കാനും ചെറിയവർ മുതൽ വലിയവർ വരെ ഇസ്‌ലാമിന്റെ സന്ദേശങ്ങൾ മനസ്സിലാക്കാനും പ്രത്യേകം ശ്രദ്ധിച്ചു. ഇ

ത്തരുണത്തിൽ ലോക രാഷ്ട്രത്തലവൻമാർക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാൻ ഏർപ്പാട് ചെയ്തു. റസൂലുല്ലാഹി ﷺ തങ്ങൾക്ക് നേരിട്ട് പോകാൻ സാധിക്കുന്ന സ്ഥലങ്ങളിൽ നേരിട്ട് പോകുകയോ ദൂതൻമാരെ അയക്കുകയോ ചെയ്തു. ദൂതൻമാരെ അയക്കുമ്പോൾ അവരുടെ പക്കൽ സുപ്രധാനമായ സന്ദേശങ്ങൾ അടങ്ങിയ ഹൃസ്വമായ കത്തുകളും കൊടുത്തിരുന്നു. ഇസ്‌ലാം സ്വീകരിക്കുന്നതിലൂടെ ഇരുലോക വിജയം ലഭിക്കുമെന്നും കാര്യങ്ങൾ നന്നാകുമെന്നും അതിൽ ഉണർത്തുകയുണ്ടായി. ഹിജ്റ 6,7 വർഷങ്ങളിൽ ഇപ്രകാരം നിരവധി കത്തുകൾ എഴുതുകയും അതിന് യോഗ്യരായ ദൂതൻമാരെ കണ്ടെത്തി അവരുടെ കൈയ്യിൽ കൊടുത്തുവിടുകയും അതിൽ പതിക്കാൻ മുഹമ്മദുറസൂലുല്ലാഹ് എന്ന പേരിൽ പ്രത്യേകമായ സീൽ ഉണ്ടാക്കുകയും ചെയ്തു.ഇതിലൊരു കത്ത് എത്യോപ്യയിലെ രാജാവിനായിരുന്നു. ഈ കത്ത് അംറിബ്നു ഉമയ്യ ؓയുടെ കൈയ്യിലാണ് കൊടുത്തുവിട്ടത്. മറ്റൊരു കത്ത് റോമൻ ചക്രവർത്തിക്കായിരുന്നു. ദിഹ്‌യത്തുൽ കൽബിയ്യ് ؓആണ് ഈകത്ത് കൊണ്ട് പോയത്. മുന്നമതൊരു കത്ത് ഇറാൻ ചക്രവർത്തിക്കായിരുന്നു. അതിനെ അബ്ദുല്ലാഹിബ്നു ഹുദാഫ സഹ്‌മി ؓ കൊണ്ടുപോയി.നാലാമത്തെ കത്ത് അലക്സാണ്ട്രിയ രാജാവായ മുഖൗസിസിനായിരുന്നു. ഹാത്വിബ് ؓ ആണ് ഈ കത്ത് കൊണ്ട് പോയത്. അഞ്ചാമത്തെ കത്ത് ഗസ്സാനി രാജാവ് ഹാരിസിനുള്ളതായിരുന്നു.ശുജാഅ് ؓഈ കത്ത് കൊണ്ട് പോയി. ആറാമത്തെ കത്ത് യമാമ രാജാവിനായിരുന്നു.സലീത്ത് ؓ ആണ് അവിടേക്ക് കത്ത് കൊണ്ട് പോയത് (അൽകാമിൽ)

ഈ രാജാക്കൻമാരിൽ എത്യോപ്യലെ രാജാവും റോമൻ രാജാവും കത്ത് സ്വീകരിക്കുകയും ആദരിക്കുകയും ചെയ്തു. ഇറാൻ രാജാവ് അതിനോട് മോശമായി വർത്തിക്കുകയും കത്ത് കീറികളയുകയും ചെയ്തു. എന്നല്ല റസൂലുല്ലാഹി ﷺയെ ശിക്ഷിക്കാൻ ആളെ ഏർപ്പാടാക്കുകയും ചെയ്തു..

എന്നാൽ ഈ അനാദരവിന്റെ ശിക്ഷ അല്ലാഹു അയാൾക്ക് നൽകുകയും അദ്ദേഹത്തിന്റെ മകൻ തന്നെ അദ്ദേഹത്തന്റെ അധികാരം നഷ്ടപ്പെടുത്തുകയും ചെയ്തു.

വിദേശികളും അനറബികളുമായ അധികാരികളെ കൂടാതെ അറേബ്യയിലെ അധികാരികൾക്കും റസൂലുല്ലാഹി ﷺ കത്തുകൾ അയച്ചു അത് കൊണ്ട് വലിയ പ്രയോജനങ്ങളും ഉണ്ടായി ഒമാൻ രാജാവിന് അംറിബിനുൽ ആസ് ؓ വിന്റെ കയ്യിൽ കത്ത് കൊടുത്ത് വിടുകയുണ്ടായി അദ്ദേഹം അത് സ്വീകരിച്ചു. യമൻ രാജാവ് ഹാരിസ് അബ്ദു കിലാലി

നും മആവിയ മഖ്സൂമിയ ﷺയുടെ കയ്യിൽ കത്ത് കൊടുത്തുവിട്ടു. അ ദ്ദേഹം ഉടനെ ഇസ്ലാം സ്വീകരിച്ചില്ലെങ്കിലും അനുസരണയ്ക്ക് സന്ന ദ്ധത പ്രകടിപ്പിച്ചു. കൂടാതെ മുആദ്ﷺനെ യമനിന്റെ മറ്റൊരു ഭാഗത്തേ ക്ക് പ്രബോധനാർത്ഥം അയക്കുകയും വലിയ വിജയം വരിക്കുകയും ചെയ്തു. അവിടെയുള്ള ജനങ്ങൾ കൂട്ടമായി ദീൻ സ്വീകരിച്ചു ശേഷം സഹായത്തിന് അലിﷺവിനെയും അയക്കുകയും അതും വമ്പിച്ച സ ന്മാർഗ സ്വീകരണത്തിന് കാരണമാവുകയും ചെയ്തു.

ഈ കത്തുകൾ വലിയ പരിവർത്തനത്തിന് മൊത്തത്തിൽ കാരണ മായി മക്കക്കാർ ദീൻ സ്വീകരിച്ചില്ലെങ്കിലും മറ്റ് ഭാഗങ്ങളിൽ വലിയ നന്മ കൾക്ക് കാരണമായി. ചരിത്ര ഗ്രന്ഥങ്ങളിൽ പ്രസ്തുത കത്തുകൾ സു രക്ഷിതമാക്കപ്പെട്ടിട്ടുണ്ട്. മാതൃകയ്ക്ക് വേണ്ടി അതിൽ ഏതാനും ക ത്തുകൾ ഇവിടെ സമർപ്പിക്കുന്നു.

## എത്യോപ്യൻ രാജാവ് നജ്ജാശിക്ക്

"പരമകാരുണ്യകനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാ മത്തിൽ ആരംഭിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ മുഹമ്മദിൽ നിന്നും എ ത്യോപ്യൻ രാജാവായ നജ്ജാശിയിലേക്ക്. താങ്കൾ ഇസ്ലാം സ്വീകരി ക്കുക. ഞാൻ താങ്കൾക്ക് മുമ്പാകെ അല്ലാഹുവിനെ സ്തുതിക്കുന്നു. അവനല്ലാതെ ആരാധനക്കർഹൻ ആരുമില്ല. അല്ലാഹു രാജാധിരാജനും പരമപരിശുദ്ധനുമാണ്. അല്ലാഹു അവന്റെ ദൂതൻമാരെ ശരിവെക്കുന്ന വനുമാണ്. ഖിയാമത്ത് നാളിൽ അഭയം നൽകുന്നതുമാണ് ഉത്തമ ദാ സൻമാർക്ക് ഉന്നത സ്ഥാനം നൽകുകയും ചെയ്യും മർയമിന്റെ മകൻ ഈസാ അല്ലാഹുവിന്റെ ഭാഗത്ത് നിന്നും പ്രത്യേകമായി ആത്മാവ് നൽ കപ്പെട്ടത് പടച്ചവന്റെ വചനത്തിലൂടെ ജനിച്ചവനുമാണെന്ന് ഞാൻ സാ ക്ഷ്യം വഹിക്കുന്നു. അല്ലാഹു ആ വചനത്തെ കന്യാ മർയത്തിലേക്ക് ഇട്ടു അവർ അതിലൂടെ ഗർഭം പ്രാപിച്ചു. തുടർന്ന് അല്ലാഹു ഈസ യെ പ്രത്യേകമായ അത്മാവ് നൽകി ജീവിപ്പിച്ചു. മുമ്പ് ആദ്യ പിതാവാ യ ആദമിനേയും അപ്രകാരമാണ് പടച്ചത്. ഞാൻ നിങ്ങളേയും നിങ്ങളു ടെ സൈന്യത്തേയും ഏകനായ നാഥനിലേക്ക് ക്ഷണിക്കുന്നു. ഞാൻ പടച്ചവന്റെ കൽപനകൾ എത്തിച്ച് തന്നു. നിങ്ങളോട് ഗുണകാംക്ഷ പു ലർത്തി. നിങ്ങൾ എന്റെ ഉപദേശം സ്വീകരിക്കുക സന്മാർഗം സ്വീകരിച്ച വരുടെ മേൽ പടച്ചവന്റെ രക്ഷ ഉണ്ടാകട്ടെ." (തബ്‌രി)

അലക്സാണ്ട്രിയ രാജാവിന്

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതനും ദാസനുമായ മുഹമ്മദ് ഖിബ്തികളുടെ നേതാവായ മുഖൗസിസിന് അയക്കുന്ന ക ത്ത്. സന്മാർഗത്തെ അനുകരിക്കുന്നവരുടെ മേൽ രക്ഷ ഉണ്ടാകട്ടെ! നി

ങ്ങൾ ഇസ്ലാം സ്വീകരിക്കുക. പടച്ചവൻ ഇരട്ടി പ്രതിഫലം തരുന്നതാണ്. നിങ്ങൾ മുഖം തിരിച്ചാൽ മുഴുവൻ ഖിബ്തികളുടെയും പാപം നിങ്ങളുടെ മേലാകും. വേദക്കാരേ.. നമ്മുടെയും നിങ്ങളുടെയും ഇടയിൽ സംയുക്തമായ കാര്യത്തിലേക്ക് നിങ്ങൾ വരുക. അതായത് അല്ലാഹുവിനെയല്ലാതെ വേറെ ആരെയും ആരാധിക്കരുത്. അല്ലാഹുവിനോട് വേറെ ആരെയും പങ്ക് ചേർക്കരുത്. നമ്മൾ പരസ്പരം ആരെയും പരിപാലകനായി കാണരുത് ഇനി അവർ മുഖം തിരിക്കുന്നവരാണെങ്കിൽ നിങ്ങൾ പറയുക; ഞങ്ങൾ സത്യം സ്വീകരിച്ചവരാണെന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക. (സാദുൽ മആദ്)

**കിസ്റ**

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നബിയുടെ ഭാഗത്ത് നിന്നും പേർഷ്യൻ ചക്രവർത്തിയായ കിസ്റക്ക്. സന്മാർഗം സ്വീകരിക്കുകയും പടച്ചവനിൽ വിശ്വസിക്കുകയും ദൂതനിൽ വിശ്വസിക്കുകയും പടച്ചവൻ ഏകനാണെന്നും പങ്കുകാരില്ലാത്തവനാണെന്നും മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും സാക്ഷ്യം വഹിക്കുകയും ചെയ്തവരുടെ മേൽ പടച്ചവന്റെ രക്ഷ ഉണ്ടാകട്ടെ. ഞാൻ നിങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നു. മുഴുവൻ മനുഷ്യരിലേക്കുമുള്ള ദൂതനാണ് ഞാൻ. ജനങ്ങൾക്ക് സ്നേഹത്തോടെ മുന്നറിയിപ്പ് നൽകാനും നിഷേധികളുടെ മേൽ പ്രമാണം സ്ഥാപിക്കാനും അയക്കപ്പെട്ടിരിക്കുന്നു. ഇസ്ലാം സ്വീകരിക്കുക, നിങ്ങൾക്ക് രക്ഷകിട്ടും. നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ മുഴുവൻ മജൂസിന്റെയും പാപം നിങ്ങളുടെ മേൽ ഉണ്ടാകുന്നതാണ്.(ബുഖാരി)

**ഖൈസർ**

അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നബിയിൽ നിന്നും റോമൻ ചക്രവർത്തി ഹിർഖിലിന്. സന്മാർഗം പിൻപറ്റുന്നവരുടെ മേൽ രക്ഷയുണ്ടാകട്ടെ. ഞാൻ താങ്കളെ ഇസ്ലാമിന്റെ ക്ഷണം കൊണ്ട് ക്ഷണിക്കുന്നു. നിങ്ങൾ ഇസ്ലാം സ്വീകരിക്കുക, രക്ഷപ്രാപിക്കുന്നതാണ്. പടച്ചവൻ നിങ്ങൾക്ക് ഇരട്ടി പ്രതിഫലം നൽകുന്നതാണ്. ഇനി പിന്തിരിഞ്ഞാൽ ഹരീസ് വിഭാഗത്തിന്റെ പാപം നിങ്ങളുടെ മേൽ ഉണ്ടാകും. വേദക്കാരെ, നമ്മുടെയും നിങ്ങളുടെയും ഇടയിൽ സംയുക്തമായ ഒരു വചനത്തിലേക്ക് നിങ്ങൾ വരുക. അതായത് അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനോട് ആരേയും പങ്ക് ചേർക്കാതിരിക്കുക. നിങ്ങളിൽ ചിലർ ചിലരെ പരിപാലകനായി കാണാതിരിക്കുക. ഇനി നിങ്ങൾ പിന്തിരിയുകയാണെങ്കിൽ ഞങ്ങൾ മുസ്ലിമീങ്ങളാണെന്ന് നിങ്ങൾ സാക്ഷ്യം വഹിക്കുക.(ബുഖാരി) ഈ കത്ത് ലഭിച്ചപ്പോൾ ഹിർഖിൽ ചക്രവർത്തി അന്ന്

തന്റെ പ്രദേശത്ത് ഉണ്ടായിരുന്ന അബൂസുഫ്യാനെ വിളിച്ച് റസൂലുല്ലാഹി ﷺ യുടെ കാര്യങ്ങളെക്കുറിച്ച് വിശദമായി ചോദിക്കുകയുണ്ടായി അന്ന് അബൂ സുഫിയാൻ മുസ്ലിമായിരുന്നില്ല. വളരെ വ്യക്തമായ കാര്യങ്ങൾ ചോദിക്കുകയും അബു സുഫിയാൻ അതിന് ശരിയായ നിലയിൽ മറുപടി നൽകുകയും ചെയ്തു. പ്രസ്തുത അഭിമുഖം ഇവിടെ കൊടുക്കുന്നു. ഹിർഖിൽ: നിങ്ങൾക്കിടയിൽ മുഹമ്മദ് നബിയുടെ മഹിമ എങ്ങനയാണ്.?

അബൂസുഫ്യാൻ: അദ്ദേഹം ഞങ്ങളിലെ വളരെ ഉയർന്ന കുടുംബക്കാരനാണ്.

ഹിർഖിൽ: അദ്ദേഹത്തിന് മുമ്പ് ആരെങ്കിലും എപ്പോഴെങ്കിലും അദ്ദേഹം പറയുന്ന കാര്യങ്ങൾ വാദിച്ചിട്ടുണ്ടോ.?

അബൂസുഫ്യാൻ: ഇല്ല

ഹിർഖൽ: അദ്ദേഹത്തിന്റെ പിതൃപരമ്പരയിലെ ആരെങ്കിലും രാജാവായിരുന്നുവോ.?

അബൂസുഫ്യാൻ: ആയിരുന്നില്ല.

ഹിർഖൽ: ജനങ്ങളിലെ ഉന്നതരാണോ താഴ്ന്നവരാണോ അദ്ദേഹത്തെ പിൻപറ്റുന്നത്.?

അബൂസുഫ്യാൻ: ആലംബഹീനരാണ് അദ്ദേഹത്തെ പിൻപറ്റുന്നത്.

ഹിർഖൽ: അവർ വർദ്ധിക്കുകയാണോ അതോ കുറയുകയാണോ.?

അബൂസുഫ്യാൻ: അവർ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഹിർഖൽ: അവരിൽ ആരെങ്കിലും അദ്ദേഹത്തിന്റെ മതത്തിൽ പ്രവേശിച്ചതിന് ശേഷം അതിനോട് വെറുപ്പ് തോന്നി പിൻമാറിയിട്ടുണ്ടോ.?

അബൂസുഫ്യാൻ: ഇല്ല

ഹിർഖൽ: അദ്ദേഹം കള്ളം പറയുന്നതായി തോന്നിയിട്ടുണ്ടോ.?

അബൂസുഫ്യാൻ: ഇല്ല

ഹിർഖൽ: അദ്ദേഹം എന്നെങ്കിലും നിങ്ങളോടുള്ള വാഗ്ദാനം ലംഘിച്ചിട്ടുണ്ടോ.?

അബൂസുഫ്യാൻ: ഇതുവരെ ലംഘിച്ചിട്ടില്ല, ഭാവിയിൽ എന്ത് ചെയ്യുമെന്നറിയില്ല.

(അബൂസുഫ്യാൻ പിന്നീട് പറഞ്ഞു; എനിക്ക് ഈ വാചകമല്ലാതെ വേറൊന്നും തിരുദൂദരെ കുറച്ച് പറയാൻ സാധിച്ചില്ല.)

ഹിർഖൽ:നിങ്ങൾ അദ്ദേഹത്തോട് യുദ്ധം ചെയ്തിട്ടുണ്ടോ.?

അബൂസുഫ്യാൻ: ചെയ്തിട്ടുണ്ട്.

ഹിർഖൽ: യുദ്ധങ്ങളുടെ ഫലം എന്താണ്.?

അബൂസുഫ്യാൻ: യുദ്ധം ഞങ്ങൾക്കിടയിൽ മാറി മറിയുന്ന തൊട്ടിപോലെയാണ്. ചിലപ്പോൾ അദ്ദേഹം ഞങ്ങളെ പരാജയപ്പെടുത്തും ചിലപ്പോൾ ഞങ്ങൾ അദ്ദേഹത്തേയും

ഹിർഖൽ: അദ്ദേഹം നിങ്ങളോട് എന്തെല്ലാം കൽപ്പിക്കുന്നു.

അബൂസുഫ്യാൻ: അല്ലാഹുവിനെ മാത്രം ആരാധിക്കുക,അവനോടൊപ്പം ആരെയും പങ്കുകാരനാക്കരുത് പിതാക്കൻമാർ പറഞ്ഞിരുന്ന മുഴുവൻ അടിസ്ഥാനമില്ലാത്ത കാര്യങ്ങളേയും ഉപേക്ഷിക്കണം എന്നിങ്ങനെ അദ്ദേഹം പറയുന്നു. നമസ്കരിക്കുക,സത്യം പറയുക, പാതിവ്യത്യം സൂക്ഷിക്കുക, കുടുംബബന്ധങ്ങൾ ചേർക്കുക എന്നും പറയുന്നു.

ശേഷം ഹിർഖൽ ദ്വിഭാഷിയോട് പറഞ്ഞു. നിങ്ങൾ അദ്ദേഹത്തോട് പറയുക. ഞാൻ നബിയുടെ കുടുംബ മഹിമയെ സംബദ്ധിച്ച് ചോദിച്ചപ്പോൾ ഉയർന്ന കുടുംബമാണെന്ന് നിങ്ങൾ പറഞ്ഞു. ഇപ്രകാരം അല്ലാഹുവിന്റെ ദൂതന്മാർ അവരുടെ സമൂഹത്തിലെ ഉയർന്ന കുടുംബത്തിൽ നിന്നുമാണ് അയക്കപ്പെടാറുള്ളത്. ഞാൻ നിങ്ങളിൽ ഇതിന് മുമ്പ് ആരെങ്കിലും പ്രവാചകത്വം വാദിച്ചുവോ എന്ന് ചോദിച്ചപ്പോൾ ഇല്ലായെന്ന് നിങ്ങൾ ഉത്തരം നൽകി. ഇനി അങ്ങനെയൊരാൾ ഉണ്ടായിരുന്നുവെങ്കിൽ മുമ്പേ പ്രത്യക്ഷപ്പെട്ട വാദങ്ങൾ പിന്തുടുന്ന ആൾ മാത്രമാണ് അദ്ദേഹമെന്ന് ഞാൻ പറയുമായിരുന്നു. അദ്ദേഹത്തിന്റെ പിതാക്കൻമാരിൽ ആരെങ്കിലും രാജാവായിരുന്നുവോ എന്നതിന് ഇല്ലായെന്ന് താങ്കൾ ഉത്തരം നൽകി അങ്ങനെ ഉണ്ടായിരുന്നെങ്കിൽ തന്റെ പിതാവിനുണ്ടായിരുന്ന രാജാധികാരം തിരിച്ചുപിടിക്കാൻ ഉദ്ദേശിക്കുന്ന ആളാണെന്ന് അദ്ദേഹത്തെക്കുറിച്ച് ഞാൻ പറയുമായിരുന്നു. അദ്ദേഹം പ്രവാചകനാണെന്ന് പറയുംമുമ്പ് എപ്പോഴെങ്കിലും കളവ് പറഞ്ഞതിനാൽ നിങ്ങൾ അദ്ദേഹത്തെ തെറ്റിദ്ധരിച്ചിട്ടുണ്ടോ എന്ന എന്റെ ചോദ്യത്തിനും ഇല്ലായെന്ന് തന്നെ നിങ്ങൾ മറുപടി നൽകി. നിശ്ചയം അദ്ദേഹം ജനങ്ങളോട് കളവു പറയുകയില്ല എന്നു ഞാൻ മനസ്സിലാക്കുന്നു. ഉയർന്നവരോ താഴ്ന്നവരോ ആരാണദ്ദേഹത്തെ പിൻപറ്റുന്നത് എന്ന് ചോദിച്ചപ്പോൾ താഴ്ന്നവരാണെന്ന് അറിയിച്ചു. ഇത്തരം ആളുകൾ തന്നെയാണ് മുഴുവൻ ദൂതൻമാരയും പിൻപറ്റുന്നത് അവരുടെ എണ്ണം കൂടുകയാണോ കുറയുകയാണോ എന്നതിനു കൂടുന്നുവെന്ന് നിങ്ങൾ പറഞ്ഞു:ഈമാൻ പൂർത്തിയാക്കുന്നതു വരെ ഇപ്രകാരം തന്നെയായിരിക്കും അവസ്ഥ. ആരെങ്കിലും തനിക്കുണ്ടായ വെറുപ്പിന്റെ പേരിൽ ദീനിൽ നിന്നും പുറത്തു പോയോ എന്ന് ഞാൻ ചോദിച്ചപ്പോഴും ഇല്ലാ എന്നുതന്നെ മറുപടി തന്നു. വിശ്വാസത്തിന്റെ മാധുര്യം ഹൃദയവുമായി അലിഞ്ഞ് ചേർന്നാൽ ഇതു തന്നെയാണ് അവസ്ഥ. അദ്ദേഹം വഞ്ചിച്ചിട്ടുണ്ടോ എന്നതിനും ഇല്ലായെന്ന് പറഞ്ഞു. അപ്രകാരം അല്ലാഹുവിന്റെ ദൂതൻമാർ ആരെയും വ

ഞ്ചിക്കുകയില്ല അദ്ദേഹം നിങ്ങളോട് എന്ത് കൽപിക്കുന്നുവെന്ന് ചോദിച്ചതിന് അല്ലാഹുവിനെ ആരാധിക്കണം,അവനോടൊപ്പം ആരെയും പങ്ക് ചേർക്കരുത് എന്നും വിഗ്രഹാരാധനയിൽ നിന്നു തടയുന്നതായും നമസ്കാരം, സത്യ സന്ധത, പാതിവൃത്യം എന്നിവ കൽപിക്കുന്നതായും നിങ്ങൾ പറഞ്ഞു. അതു സത്യമാണെങ്കിൽ അദ്ദേഹത്തിന്റെ അധികാരം എന്റെ കാൽപാദം വരെ എത്തുന്നതാണ്. അദ്ദേഹം പുറപ്പെടുമെന്ന് എനിക്കറിയാമായിരുന്നു. പക്ഷെ, അദ്ദേഹം നിങ്ങളിൽ നിന്നാകുമെന്ന് ഞാൻ കരുതിയിരുന്നില്ല. ഞാൻ അദ്ദേഹത്തെ മനസ്സിലാക്കിയാൽ ആ പൂമുഖം കാണുന്നതിനായി സർവ്വാത്മനാ പരിശ്രമിക്കുന്നതാണ്. ഞാൻ അവിടുത്തെ തിരു സന്നിധിയിൽ ആയിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പാദങ്ങൾ കഴുകുമായിരുന്നു. ശേഷം ഹിർഖൽ സിംഹാസന വാതിലുകൾ ബന്ധിപ്പിക്കുവാൻ കൽപിച്ചതിന് ശേഷം റോമൻ പ്രമുഖരെ കൊട്ടാരത്തിലേക്ക് വിളിച്ചുവരുത്തി. തുടർന്ന് അവർക്കു മുമ്പാകെ പ്രത്യക്ഷപ്പെട്ട് അദ്ദേഹം അവരോട് ചോദിച്ചു. റോമക്കാരേ. നിങ്ങൾക്ക് സന്മാർഗത്തിലും വിജയത്തിലും അതിലൂടെ നിങ്ങളുടെ അധികാരം ഉറക്കുന്നതിനും ആഗ്രഹമുണ്ടോ ? അതിനായി നമ്മുടെ മുമ്പിൽ പറയപ്പെട്ട നബിയോട് നാം പ്രതിജ്ഞ ചെയ്യാമോ ?

ഉടൻ അവർ ചാടിയെഴുന്നേറ്റ് സിംഹാസന കവാടത്തിലേക്ക് തിരക്കിട്ട് ഓടി. പക്ഷെ അത് അടക്കപ്പെട്ടതായാണ് അവർ കണ്ടത്

ഹിർഖൽ അവരുടെ വെറുപ്പ് കണ്ടിട്ട് ഈമാനിൽ നിന്നും നിരാശനായപ്പോൾ തന്റെ അരികിലേക്ക് അവരെ മടക്കി കൊണ്ടുവരാൻ കൽപിച്ചു. ശേഷം അവരോടായി പറഞ്ഞു. ഞാൻ അൽപം മുമ്പ് നിങ്ങളോട് സംസാരിച്ചത് സ്വന്തം ദീനിലുള്ള നിങ്ങളുടെ ഉറപ്പ് പരീക്ഷിക്കാനായിരുന്നു. ഞാനത് കണ്ട് മനസ്സിലാക്കിയിരിക്കുന്നു. അപ്പോളവർ അയാൾക്ക് സുജൂദ് ചെയ്യുകയും നേതൃത്വത്തിൽ വിശ്വാസമർപ്പിക്കുകയും ചെയ്തു. വിജയമോക്ഷങ്ങളുടെ സുവർണ്ണാവസരം ഹിർഖൽ പാഴാക്കി. നശ്വരഭരണത്തിനു ശാശ്വത സമ്പത്തിനെക്കാൾ ആയാൾ മുൻഗണന നൽകി. ഫാറൂഖി യുഗത്തിൽ അതും കൈവിട്ടുപോകാനായിരുന്നു അയാളുടെ ദുര്യോഗം.

## ഖൈബർ സംഭവം

ഹിജ്റി 7 മുഹറം മാസത്തിൽ റസൂലുല്ലാഹി ﷺ ഖൈബറിലേക്ക് യാത്ര തിരിച്ചു. മദീനയിൽ നിന്നും പലായനം ചെയ്ത് ഖൈബറിൽ താമസമാക്കിയ യഹൂദികൾക്കും ശത്രുക്കൾക്കും മുന്നറിയിപ്പ് നൽകലായിരുന്നു യാത്രയുടെ ലക്ഷ്യം. കാരണം ഖൈബറിനെ ഇവരെല്ലാവരും കൂടി ഒരു പോരാട്ട കേന്ദ്രമാക്കുന്നതും വിവിധതരം ഗൂഢാലോചനകൾ നട

ത്തുന്നതുമായി വിവരം ലഭിച്ചിരുന്നു. റസൂലുല്ലാഹി ﷺ ഖൈബറിലെത്തി അവരുടെ ഓരോ കോട്ടകളും കീഴടക്കി. സേനാ നായകനായ അലിയ്യ് ﵁ നോടും പോരാളികളോടും റസൂലുല്ലാഹി ﷺ തദവസരം ഉപദേശിച്ചു: ആദ്യം അവരുടെ മുന്നിൽ പോയി തമ്പടിക്കണം, ശേഷം ഇസ്ലാമിനെക്കുറിച്ച് അവർക്ക് വിശദമായി പറഞ്ഞുകൊടുക്കണം. അല്ലാഹുവിനോടുള്ള കടമകൾ അവർക്ക് മുമ്പാകെ വിവരിക്കുക. അല്ലാഹുവിൽ സത്യം, നിങ്ങളിലൂടെ ഒരാൾ സന്മാർഗം പ്രാപിക്കുന്നത് ചുവന്ന ഒട്ടകങ്ങൾ കിട്ടുന്നതിനേക്കാൾ മഹത്തരമാണ്."

ഏതാനും ദിവസത്തെ ഉപരോധങ്ങൾക്ക് ശേഷം യഹൂദികൾ കീഴടങ്ങുകയും സന്ധിക്ക് അപേക്ഷിക്കുകയും ചെയ്തു. റസൂലുല്ലാഹി ﷺ അവരോട് അവിടെ താമസിക്കാനും കൃഷി നടത്താനും പകുതി ഉല്പന്നം മുസ്ലിങ്ങൾക്ക് നൽകാനും നിർദ്ദേശിച്ചു. അവർ അംഗീകരിച്ചു. തുടർന്ന് ഓരോ വർഷവും ഇബ്നുറവാഹ ﵁ യെ അത് വാങ്ങാൻ അയച്ചിരുന്നു. അദ്ദേഹം ഉല്പന്നങ്ങൾ രണ്ട് ഭാഗമാക്കിയശേഷം ഇഷ്ടമുള്ളത് എടുത്തുകൊള്ളാൻ അവരോട് പറയുകയും ബാക്കി പകുതി എടുത്ത് മദീനയിലേക്ക് വരികയും ചെയ്തിരുന്നു. ഇതുകണ്ട് അവർ ഇപ്രകാരം പറഞ്ഞിരുന്നു: "ഈ നീതികാരണമായിട്ടാണ് ആകാശ ഭൂമികൾ ശരിയായി നിലകൊള്ളുന്നത്."

ഈ യാത്രയ്ക്കിടയിൽ ഒരു യഹൂദി സ്ത്രീ റസൂലുല്ലാഹി ﷺയ്ക്ക് വിഷം പുരട്ടിയ ആഹാരം നൽകുകയുണ്ടായി. വിയോഗ നേരത്ത് അതിന്റെ വിഷം പ്രകടമാകുകയുണ്ടായി.

ഖൈബറിൽ പരാജയപ്പെട്ട യഹൂദികളുടെ മനസ്സിനെ ഇണക്കുന്നതിന് റസൂലുല്ലാഹി ﷺ ബനൂഖയ്നുഖാഅ് ഗോത്രത്തലവന്റെ തടവുകാരിയായ മകൾ സഫിയ്യയെ മോചിപ്പിക്കുകയും വിവാഹം കഴിക്കുകയും ചെയ്തു. ഇത് അവരിൽ വലിയ പ്രതിഫലനം ഉളവാക്കി. (ബുഖാരി).

## ഉംറ ഖളാ വീട്ടുന്നു

ഹിജ്റ ഏഴാം വർഷം റസൂലുല്ലാഹി ﷺയും സ്വഹാബത്തും കരാർ പ്രകാരം മക്കയിലേക്ക് വരികയും ഉംറ നിർവഹിച്ച് മൂന്ന് ദിവസത്തിനുള്ളിൽ മടങ്ങുകയും ചെയ്തു. ഈ സന്ദർഭത്തിൽ റസൂലുല്ലാഹി ﷺ ഖുറൈശിലെ ബനൂഹിലാൽ കുടുംബത്തിലെ മൈമൂനയെ വിവാഹം കഴിക്കുകയും വലീമ സൽകാരം നൽകുകയും ചെയ്തു.

## മുഅ്താ പോരാട്ടം

റസൂലുല്ലാഹി ﷺ ബസ്വറ ഗവർണർ ശർഹബീലിന് ഒരു കത്ത് ഹാരിസ് അസ്ദി ﵁ യുടെ പക്കൽ കൊടുത്തുവിട്ടു. അദ്ദേഹം ആ സ്വഹാ

ബിയെ നിഷ്കരുണം വധിച്ചുകളഞ്ഞു. റസൂലുല്ലാഹി ﷺ അവിടേക്ക് മൂവായിരം പോരാളികളെ അയച്ചു. പ്രിയങ്കരനായ സൈയ്ദിബ്നു ഹാരിസ്ﷺയെ നേതാവാക്കി. അദ്ദേഹം ശഹീദായാൽ ജഅ്ഫർ ﷺ, ഇബ്നു റവാഹ ﷺ ഇരുവരും അമീറാകണമെന്ന് നിർദ്ദേശിച്ചു. റോമൻ പ്രദേശത്ത് ആദ്യമായി കടന്ന മുസ്ലിം സൈന്യമാണ് ഇത്. ഇവരെ നേരിടാൻ ഒരു ലക്ഷത്തോളം വരുന്ന സൈന്യത്തെ റോമൻ ചക്രവർത്തി അയച്ചു. ഇതറിഞ്ഞ സ്വഹാബികൾ എന്തു ചെയ്യണമെന്ന് കൂടിയാലോചിച്ചപ്പോൾ അബ്ദുല്ലാഹിബ്നു റവാഹാ ﷺ പ്രസ്താവിച്ചു: "നമ്മുടെ ലക്ഷ്യം ഒന്നുങ്കിൽ വിജയം, അല്ലെങ്കിൽ രക്തസാക്ഷിത്വമാണ്. നമുക്ക് മുന്നോട്ടുതന്നെ നീങ്ങാം." എല്ലാവരും ആവേശത്തോടെ മുന്നോട്ട് നീങ്ങി. മുഅ്തയിൽ വെച്ച് ശക്തമായ പോരാട്ടം നടന്നു. മൂന്ന് മഹത്തുക്കളും ശഹാദത്ത് വരിച്ചു. ഉടനെ മുസ്ലിംകൾ കൂടിയാലോചിച്ച് ഖാലിദ് ﷺനെ നായകനാക്കി. ഖാലിദ് ﷺ ന്റെ അതിസമർത്ഥമായ നായകത്വത്തിൽ മുസ്ലിംകൾ പോരാടുകയും സുരക്ഷിതരായി മദീനയിലേക്ക് മടങ്ങുകയും ചെയ്തു.

## ഖുറൈശികൾ സന്ധിപൊളിക്കുന്നു

ഹുദൈബിയ സന്ധിയുടെ ഫലമായി മുസ്ലിംകൾക്കും പ്രധാന എതിരാളികളായ ഖുറൈശികൾക്കും അവരോടൊപ്പം ചേർന്നവർക്കുമിടയിൽ വലിയ സമാധാനാന്തരീക്ഷം നിലയിൽ വന്നു. പരസ്പരം കാണാനും സംസാരിക്കാനും ബന്ധപ്പെടാനു അവസരമുണ്ടായി. മുസ്ലിം ശത്രുക്കൾക്ക് ഇസ്ലാമിനെയും മുസ്ലിംകളെയും അടുത്തുനിന്ന് കാണാനും അറിയാനും സാധിച്ചു. ഈ വഴിയിൽ ധാരാളമാളുകൾ ദീൻ സ്വീകരിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സന്ധിയിലെ നിബന്ധനകൾ മുസ്ലിംകൾക്ക് എതിരായിരുന്നുവെങ്കിലും ഖുറൈശികൾക്ക് അവരുടെ നിബന്ധനകൾ പാലിക്കാൻ സാധിച്ചില്ല. രണ്ട് വർഷം പൂർത്തിയാകുന്നതിന് മുമ്പ് അവരിൽ നിന്ന് അവരുടെ നിബന്ധനകൾക്ക് വ്യക്തമായ ലംഘനമുണ്ടായി. ഖുറൈശികളുടെ സഖ്യകക്ഷികളായ ബനൂബകർ ഗോത്രവും മുസ്ലിംകളുടെ സഖ്യകക്ഷിയായിരുന്ന ബനൂ ഖുസാഅയും തമ്മിൽ ഒരു സംഘട്ടനം നടന്നപ്പോൾ ഖുറൈശികൾ ബനൂബകറിനെ കാര്യമായി സഹായിച്ചു. അപ്രകാരം സഹായിക്കാൻ പാടില്ലായെന്ന് സന്ധിയിൽ നിബന്ധനയുണ്ടായിരുന്നു. കൂടാതെ ഈ അക്രമങ്ങൾ അവർ നടത്തിയത് ഹറമിനുള്ളിൽ വെച്ചാണ്. അവിടെ യുദ്ധം നടത്തുന്നത് എല്ലാവരുടെ അടുക്കലും നിഷിദ്ധമാണ്. ഖുസാആ ഗോത്രത്തിന് ഈ അക്രമത്തിൽ വലിയ നഷ്ടങ്ങൾ സംഭവിച്ചു. അവരുടെമേൽ ക്രൂരമായ അക്രമങ്ങൾ കാണിക്കപ്പെട്ടു. അവരുടെ പ്രതിനിധിയായ അംറു

ബ്നു സാലിം ഉടനെ മദീനയിലെത്തി. റസൂലുല്ലാഹി ﷺ മസ്ജിദുന്നബവിയിൽ ഇരിക്കുകയായിരുന്നു. കൂട്ടത്തിൽ കുറച്ച് സ്വഹാബികളുമുണ്ടായിരുന്നു. അംറ് സ്വന്തം ഗോത്രത്തിന്റെ കദനകഥകൾ പ്രതിഫലനാത്മകമായ ശൈലിയിൽ അവതരിപ്പിച്ചു. ഖുറൈശികൾ കരാർ ലംഘിച്ചതും ഹറമിനുള്ളിൽ വെച്ച് അക്രമം കാട്ടിയതും ആരാധനകൾ അനുഷ്ഠിച്ചുകൊണ്ടിരുന്ന സാധുക്കളെപ്പോലും അറുകൊല നടത്തിയതും അദ്ദേഹം വിവരിച്ചു. തുടർന്ന് വേറെ ആളുകളും ഈ രീതിയിൽ വന്ന് സംഭവം വിവരിച്ചു.

റസൂലുല്ലാഹി ﷺ ഈ സംഭവം കേട്ടതിനു ശേഷം സഹായിക്കാമെന്ന് സൂചന നൽകി. കൂട്ടത്തിൽ ഇവിടെ നടന്ന വിവരം ഖുറൈശികൾ അറിയുമെന്നും കരാർ പുതക്കുന്നതിന് അബൂസുഫ്യാൻ തന്നെ വരുമെന്നും റസൂലുല്ലാഹി ﷺ അനുമാനിക്കുകയും ചെയ്തു (സാദുൽ മആദ്).

**അബൂസുഫ്യാൻ മദീനയിൽ**

അങ്ങനെതന്നെ സംഭവിച്ചു. കുറച്ച് കഴിഞ്ഞ് അബൂസുഫ്യാനുബ്നു ഹർബ് അവിടെയെത്തി. അദ്ദേഹത്തിന്റെ ഒരു മകൾ ഉമ്മുഹബീബ റസൂലുല്ലാഹി ﷺയുടെ പത്നിയായിരുന്നു. ഉമ്മുൽ മുഅ്മിനീനായ അവർ റസൂലുല്ലാഹി ﷺയുടെ വീട്ടിൽ തന്നെയാണ് താമസിച്ചിരുന്നത്. അബൂസുഫ്യാൻ ആദ്യം മകളുടെ അരികിലെത്തി. അദ്ദേഹം റസൂലുല്ലാഹി ﷺയുടെ വിരിപ്പിൽ ഇരിക്കാൻ ഭാവിച്ചു. ഉടനെ ഉമ്മുൽ മുഅ്മിനീൻ ഉമ്മുഹബീബ ؓ ആ വിരിപ്പ് പെട്ടെന്ന് മടക്കിവെച്ചു. അബൂസുഫ്യാൻ ചോദിച്ചു: മകളെ എന്താണിത്? എനിക്ക് യോജിക്കാത്ത വിരിപ്പായതുകൊണ്ടാണോ, ഞാൻ ഈ വിരിപ്പിന് യോജിക്കാത്തതുകൊണ്ടാണോ? അവർ പറഞ്ഞു: ഇത് അല്ലാഹുവിന്റെ ദൂതന്റെ വിരിപ്പാണ്. താങ്കൾ ശിർക്ക് (ബഹുദൈവാരാധന)മായി ബന്ധപ്പെട്ട വ്യക്തിയാണ്. ശിർക്ക് മാലിന്യമാണ്. അബൂസുഫ്യാൻ പറഞ്ഞു: എന്നിൽ നിന്നും വിട്ടുപിരിഞ്ഞതിനു ശേഷം നിനക്ക് കുറച്ച് ദുഃസ്വഭാവങ്ങൾ ഉണ്ടായിരിക്കുകയാണല്ലോ? തുടർന്ന് അദ്ദേഹം റസൂലുല്ലാഹി ﷺയുടെ അരികിലെത്തി. സന്ധി പുതുക്കാൻ സംസാരിച്ചു. റസൂലുല്ലാഹി ﷺ മറുപടി ഒന്നുംപറഞ്ഞില്ല. അവിടെനിന്നും അബൂബക്കർ സിദ്ദീഖ് ؓ ന്റെ അരികിൽ പോയി സംസാരിച്ചു. അപ്പോൾ അബൂബക്ർ ؓ പറഞ്ഞു: എനിക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. തുടർന്ന് ഉമർ ؓന്റെ അരികിൽ പോയി. അദ്ദേഹം കടുത്ത ശൈലിയിൽ പറഞ്ഞു: ഞാൻ എങ്ങനെ നിങ്ങൾക്ക് വേണ്ടി ശുപാർശ ചെയ്യാനാണ്. ഞാൻ കഴിവിന്റെ പരമാവധി നിങ്ങളോട് പോരാടാൻ ആഗ്രഹിച്ച് നിൽക്കുന്ന വ്യക്തിയാണ്. ശേഷം അബൂസുഫ്യാൻ അലിയ്യ് ؓ നെ സമീപിച്ചു. അവിടെ ലോകനായകന്റെ പുത്രി

ഫാത്വിമ ﷺ യുണ്ടായിരുന്നു. ഹസ്സൻ ﷺ മുമ്പിൽ കളിച്ചുകൊണ്ട് നിൽക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: സഹോദരാ! അലിയ്യ്, താങ്കൾ കുടുംബപരമായി ഞങ്ങളോട് അടുത്ത വ്യക്തിയാണ്. ഞാൻ ഒരു അത്യാവശ്യത്തിന് വന്നിരിക്കുകയാണ്. എനിക്ക് വേണ്ടി താങ്കൾ ശുപാർശ ചെയ്യണം. അലിയ്യ് ﷺ പറഞ്ഞു: റസൂലുല്ലാഹി ﷺ വല്ലതും തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഞങ്ങൾക്കൊന്നും പറയാൻ കഴിയില്ല. ഉടനെ അബൂസുഫ്യാൻ ഫാത്വിമ ﷺയോട് പറഞ്ഞു: താങ്കൾ നിങ്ങളുടെ ഈ ചെറുമകനെ ശുപാർശയ്ക്കായി പറഞ്ഞുവിടുക. ഈ കുട്ടി മുഴുവൻ അറബികളുടെയും നായകനായി തീരും. ഫാത്വിമ ﷺ പറഞ്ഞു: റസൂലുല്ലാഹി ﷺയുടെ വിഷയത്തിൽ ശുപാർശ ചെയ്യാൻ എന്റെ മകൻ ആളല്ല. അബൂസുഫ്യാൻ അലിയ്യ് ﷺനോട് പറഞ്ഞു: സഹോദരാ, ഞാൻ കാര്യങ്ങൾ വളരെ ഗുരുതരമാണെന്ന് മനസ്സിലാക്കുന്നു. എന്നോട് നിങ്ങൾ അല്പം ദയകാട്ടണം. അലിയ്യ് ﷺ പറഞ്ഞു: എന്റെ മനസ്സിൽ മറ്റ് മാർഗങ്ങളൊന്നും കാണുന്നില്ല. താങ്കൾ മടങ്ങിപ്പോയി ജനങ്ങളോട് വിവരങ്ങൾ അറിയിക്കുക (ഇബ്നുഇശാം).

ശേഷം അബൂസുഫ്യാൻ നേരെ മസ്ജിദുന്നബവിയിൽ വന്നു. അവിടെനിന്ന് ഇപ്രകാരം വിളിച്ചറിയിച്ചു. "അല്ലയോ ജനങ്ങളേ, ഹുദൈബിയ്യയിൽ വെച്ച് നടന്ന കരാറിനെ പുതുക്കാൻ വേണ്ടി വന്നതാണ് ഞാൻ." ഇത്രയും പറഞ്ഞ് ഒട്ടകത്തിൽ കയറി അദ്ദേഹം മക്കയിലേക്ക് പോയി. അദ്ദേഹം ഖുറൈശികളുടെ അരികിലെത്തിയപ്പോൾ അവർ വിവരം ചോദിച്ചു. അദ്ദേഹം പറഞ്ഞു- മുഹമ്മദിന്റെ അരികിൽ ഞാൻ പോയി. മറുപടിയൊന്നും പറഞ്ഞില്ല. അബൂബക്റിനെ കണ്ടു, അദ്ദേഹം ഒന്നുംമിണ്ടിയില്ല. ഉമറിനെ കണ്ടപ്പോൾ നമ്മുടെ ഏറ്റവും വലിയ ശത്രുവാണെന്ന് മനസ്സിലായി. അലിയ്യുടെ അടുത്ത് പോയപ്പോൾ അദ്ദേഹം വളരെ മയമായി പെരുമാറി. ജനങ്ങൾ ചോദിച്ചു: ഇതിന്റെ ഫലം വല്ലതുമുണ്ടായോ? അബൂസുഫ്യാൻ പറഞ്ഞു: ഞാൻ പള്ളിയിൽ പോയി ഇപ്രകാരം വിളിച്ച് പറഞ്ഞിട്ടുവന്നു. ജനങ്ങൾ പറഞ്ഞു: നിങ്ങൾ ഒന്നും ചെയ്തിട്ടില്ല. (കാമിൽ).

### നബവീ തന്ത്രജ്ഞത

റസൂലുല്ലാഹി ﷺ മക്കയിലേക്കുള്ള യാത്രയ്ക്ക് തയ്യാറെടുപ്പ് നടത്തിത്തുടങ്ങി. എന്നാൽ അത് രഹസ്യമാക്കിവെയ്ക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. പക്ഷേ ഇതിനിടയിൽ ഹാതിബ് ﷺ ഖുറൈശികൾക്ക് ഒരു കത്തിലൂടെ അപകടത്തെക്കുറിച്ച് അറിയിക്കാൻ പരിശ്രമിച്ചു. ആ കത്ത് ഒരു സ്ത്രീയുടെ കൈയ്യിൽ കൊടുത്തയച്ചു. റസൂലുല്ലാഹി ﷺയ്ക്ക് ഈ കാര്യം വഹ്‌യിലൂടെ അറിവ് കിട്ടി. റസൂലുല്ലാഹി ﷺ അലിയ്യ് ﷺ, സു

ബൈർ ﷺ, മിഖ്ദാദ് ﷺ, അബൂമർസദ് ﷺ എന്നീ സഹാബാക്കളെ ആ സ്ത്രീയെ കണ്ടുപിടിക്കാൻ അയച്ചു.അവർ യാത്ര ചെയ്തത് റസൂലുല്ലാഹി ﷺ പറഞ്ഞ കൃത്യസ്ഥലത്ത് അവരെ കണ്ടുമുട്ടി. കത്ത് ചോദിച്ചപ്പോൾ അറിയില്ലെന്ന് പറഞ്ഞു. അലിയ്യ് ﷺ പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ കളവ് പറയുകയില്ല. ഒന്നുകിൽ കത്ത് തരിക, അല്ലെങ്കിൽ നിങ്ങളുടെ ശരീരം പൂർണമായി ഞങ്ങൾ നോക്കുന്നതാണ്." ഉടനെ അവർ മുടിക്കെട്ടിൽ നിന്ന് കത്ത് എടുത്തുകൊടുക്കുകയുണ്ടായി. കത്ത് റസൂലുല്ലാഹി ﷺയുടെ അരികിലെത്തി. ഹാത്വിബ് ﷺ വിനെ വിളിക്കപ്പെട്ടു. അദ്ദേഹത്തോട് കാര്യം ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ ദുരുദ്ദേശത്തിൽ ചെയ്തതല്ല. എന്റെ ഒരു വ്യക്തിപരമായ ആവശ്യമുണ്ടായിരുന്നു. ജനങ്ങൾ പറഞ്ഞു: അദ്ദേഹം ഇസ്ലാമിനോട് ശത്രുത കാണിച്ചിരിക്കുന്നു. അതിനാൽ അദ്ദേഹത്തെ വധിക്കണം. റസൂലുല്ലാഹി ﷺ പറഞ്ഞു: അദ്ദേഹം ബദ്റിൽ പങ്കെടുത്ത വ്യക്തിയാണ്. ബദ്റിൽ പങ്കെടുത്ത വ്യക്തികളുടെ കാര്യങ്ങൾ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാണ്. അദ്ദേഹത്തെ വിട്ടയയ്ക്കപ്പെട്ടു (ബുഖാരി).

ഗുരുതരമായ ഈ പാപത്തിന് പിടികൂടാതെ അദ്ദേഹത്തെ വിട്ടയച്ചതിൽ ഒരു ഭാഗത്ത് റസൂലുല്ലാഹി ﷺയുടെ വിശാലസ്വഭാവം പ്രകടമാകുന്നു. കഴിവിന്റെ പരമാവധി വിട്ടുവീഴ്ച ചെയ്യണമെന്ന് പഠിപ്പിക്കുന്നു. മറുഭാഗത്ത് ഇത് വലിയ തന്ത്രജ്ഞതയായിരുന്നു. തെറ്റുകാരനും ന്യായം ബോധിപ്പിച്ചവനുമായ വ്യക്തിക്ക് മാപ്പ് കൊടുക്കുന്നതിലൂടെ അദ്ദേഹത്തിന്റെ മനസ്സ് കീഴടക്കാൻ സാധിച്ചു. ഇത് ശത്രുക്കൾക്കും ഒരു സന്ദേശമാണ്.

### മക്കയിലേക്ക്

ചുരുക്കത്തിൽ രഹസ്യമായ നിലയിൽ തയ്യാറെടുപ്പുകളെല്ലാം പൂർത്തിയാക്കി. തുടർന്ന് റസൂലുല്ലാഹി ﷺ മുസ്ലിംകളോടൊപ്പം മക്കാമുകർറമയിലേക്ക് പുറപ്പെട്ടു. ഖുറൈശികൾ റസൂലുല്ലാഹി ﷺ പുറപ്പെട്ടത് അറിഞ്ഞില്ലായെങ്കിലും അവർ തങ്ങളെക്കുറിച്ച് വലിയ ഭയത്തിലായിരുന്നു. വിശിഷ്യാ, അബുസുഫ്യാൻ വിവരങ്ങൾ അന്വേഷിക്കാൻ വേണ്ടി കറങ്ങിനടന്നു. ഹകീമിബ്നുഹിസാമും ഹുദൈലിബ്നു അർകാമും അദ്ദേഹത്തിന്റെ കൂട്ടത്തിൽകൂടി (ഇബ്നുഹിശാം).

ഇതിനിടയിൽ റസൂലുല്ലാഹി ﷺയുടെ പിതൃവ്യൻ അബ്ബാസ് ﷺ മദീനയിൽ എത്തി. അദ്ദേഹം മക്കയിൽ ഖുറൈശികളോടൊപ്പമാണ് കഴിഞ്ഞിരുന്നത്. എങ്കിലും റസൂലുല്ലാഹി ﷺയെ സ്നേഹിക്കുകയും ആന്തരികമായി ഇസ്ലാം സ്വീകരിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഇസ്ലാം സ്വീകരിച്ചതായി പ്രഖ്യാപിച്ചു. റസൂലുല്ലാഹി ﷺ ജുഹ്ഫയിൽ എ

ത്തിച്ചേർന്നപ്പോൾ അബ്ബാസ് ﷺ അവിടെ വന്ന് തങ്ങളോടൊപ്പം ചേരുകയുണ്ടായി. ഖുറൈശികൾക്ക് ഇതുവരെയും വിവരമൊന്നുമറിയില്ലായിരുന്നു. തുടർന്ന് രാത്രിയിൽ മർറുളഹ്റാൻ എന്ന സ്ഥലത്തെത്തിയപ്പോൾ റസൂലല്ലാഹി ﷺ സൈന്യത്തിലുള്ള എല്ലാവരോടും തീകത്തിക്കാൻ ആജ്ഞാപിച്ചു (സാദുൽമആദ്). അതായത് ശത്രുക്കളുടെ അരികിലെത്തിയതുകൊണ്ട് അവർ മുസ്‌ലിംകളെ തിരിച്ചറിയാനും മുസ്‌ലിം ശക്തിയെ മനസ്സിലാക്കാനും കീഴടങ്ങാനും വേണ്ടിയാണ് ഇപ്രകാരം ആജ്ഞാപിച്ചത്. പതിനായിരംപേർ തീ കത്തിച്ചപ്പോൾ അത് വലിയൊരു കാഴ്ചയായി. അബ്ബാസ് ﷺ ഇക്കാര്യം ഖുറൈശികളെ അറിയിക്കാൻ ഒരാളെ അയച്ചു. ഖുറൈശികൾ ഈ വിവരം എങ്ങനെയെങ്കിലും അറിഞ്ഞ് കീഴടങ്ങണമെന്നതായിരുന്നു അബ്ബാസ് ﷺ ന്റെ ചിന്ത (സാദുൽ മആദ്).

## അബൂസുഫ്‌യാൻ ഇസ്‌ലാം സ്വീകരിക്കുന്നു

അബ്ബാസ് ﷺ പറയുന്നു: ഞാൻ ചിന്തയിലായിരിക്കവേ, അബൂസുഫ്‌യാന്റെയും ബുദൈലിന്റെയും ശബ്ദം കേൾക്കുകയുണ്ടായി. അവരും ദൂരെനിന്നും തീ കണ്ടിട്ട് വന്നതാണ്. അവർ പരസ്പരം ഇപ്രകാരമുള്ള ഒരു കാഴ്ചകണ്ടിട്ടില്ലെന്ന് പറയുന്നുണ്ടായിരുന്നു. കൂട്ടത്തിൽ അത് ഖുസാഅ ഗോത്രമാണെന്ന് തോന്നുന്നുവെന്നും അഭിപ്രായപ്പെട്ടു. ഉടനെ ഞാൻ അബൂസുഫ്‌യാനെ വിളിച്ചു. അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു. ഞാൻ പറഞ്ഞു: അല്ലാഹു നിങ്ങളെ രക്ഷിക്കട്ടെ, നിങ്ങൾ എങ്ങനെ ഇവിടെയെത്തി. റസൂലുല്ലാഹി ﷺ ജനങ്ങളോടൊപ്പം വരികയാണ്. ഖുറൈശികൾക്ക് വലിയ നാശത്തിന് സാധ്യതയുണ്ട്. അബൂസുഫ്‌യാൻ പറഞ്ഞു- അത് ഒഴിവാക്കാൻ എന്തുചെയ്യണം. ഞാൻ പറഞ്ഞു: "നിങ്ങളെ ആരെങ്കിലും കണ്ടാൽ അവർ നിങ്ങളെ വധിക്കും. നിങ്ങൾ എന്റെ കുതിരയുടെ പിറകിലിരിക്കുക. ഞാൻ നിങ്ങളെ റസൂലുല്ലാഹി ﷺയുടെ അരികിൽ കൊണ്ടുപോകാം." അങ്ങനെ അബൂസുഫ്‌യാനെ എന്റെ പിന്നിലിരുത്തി ഞാൻ റസൂലുല്ലാഹി ﷺയുടെ അരികിലെത്തി. വഴിയിൽ വെച്ച് ഓരോ മുസ്‌ലിം സംഘങ്ങളെ കാണുമ്പോഴും ഇവർ ആരാണെന്ന് എന്നോട് തിരക്കിയിരുന്നു. എന്നെ കാണുന്നവർ അബൂസുഫ്‌യാനെ ശ്രദ്ധിക്കാതെ മുന്നോട്ട് കടന്നുപോയി. ഇതിനിടയിൽ ഉമർ എന്റെ അരികിലെത്തി. അദ്ദേഹം ചോദിച്ചു: ഇത് ആരാണ്? അബൂസുഫ്‌യാനെ തിരിച്ചറിഞ്ഞ ഉമർ ﷺ അല്ലാഹുവിന്റെ ശത്രുവാണെന്ന് വിളിച്ച് പറഞ്ഞു. എന്നിട്ട് ഉമർ നേരെ റസൂലുല്ലാഹി ﷺയുടെ അടുക്കലേക്ക് പോയി. അബൂസുഫ്‌യാനെ വധിക്കാൻ അനുവാദം ചോദിച്ചു. എന്നാൽ ഞാൻ കുതിരയെ ധൃതിയിൽ ഓടിക്കുകയും റസൂലുല്ലാഹി ﷺ യുടെ അരികിൽ എത്തുകയും ചെയ്തു. എന്നിട്ട് ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ

റസൂലേ, ഇത് അബുസുഫ്‌യാനാണ്. ഇദ്ദേഹത്തിന് എന്റെ സംരക്ഷണ യിൽ ഞാൻ കൊണ്ടുവന്നത്. എന്നാൽ ഉമർ വധിക്കണമെന്ന് തന്നെ വാശിപിടിച്ചുകൊണ്ടിരുന്നു. ഞാൻ ഉമറിനോട് ക്ഷമിക്കാൻ ഉപദേശിച്ചു. ഉമർ ﷺ പറഞ്ഞു: താങ്കൾ ഇസ്‌ലാം സ്വീകരിച്ചത് എന്റെ പിതാവ് ഇസ് ലാം സ്വീകരിക്കുന്നതിനേക്കാൾ എനിക്ക് പ്രിയങ്കരമാണ്. കാരണം, താ ങ്കൾക്ക് റസൂലുല്ലാഹി ﷺയുമായി ബന്ധമുണ്ട്. ഉടനെ റസൂലുല്ലാഹി ﷺ അരുളി: ഇപ്പോൾ അബൂസുഫ്‌യാനെ കൊണ്ടുപോകുക. രാവിലെ എ ന്റെ അരികിൽ കൊണ്ടുവരണം." രാവിലെയായപ്പോൾ അബൂസുഫ്‌യാ നെയും കൊണ്ട് റസൂലുല്ലാഹി ﷺയുടെ അരികിലെത്തി. റസൂലുല്ലാഹി ﷺ ചോദിച്ചു: അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ലെന്ന് സ മ്മതിക്കാൻ ഇപ്പോഴും സമയമായിട്ടില്ലേ?" അബൂസുഫ്‌യാൻ പറഞ്ഞു: "എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് അർപ്പണം. അങ്ങ് വലിയ മയവും മാന്യതയും കുടുംബബന്ധത്തെ വിലമതിക്കുന്ന വ്യക്തിത്വവുമാണ്. അ ല്ലാഹുവിൽ സത്യം അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ലാ യെന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഈ സമയത്ത് എന്നെ സഹായിക്കുമായിരുന്നു. റസൂലുല്ലാഹി ﷺ അരു ളി: "ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്ന് മനസ്സിലാക്കാൻ സമയമാ യില്ലേ?" അബൂസുഫ്‌യാൻ പറഞ്ഞു: എന്റെ മാതാപിതാക്കൾ അങ്ങയ് ക്ക് അർപ്പണം, അങ്ങ് വളരെ മയമുള്ള വ്യക്തിയും സൽസ്വഭാവിയും കുടുംബ ബന്ധത്തെ വിലമതിക്കുന്നവരുമാണ്. ഈ വിഷയത്തിൽ എ ന്റെ മനസ്സിൽ ഇപ്പോഴും കുറച്ച് സംശയമുണ്ട്." ഉടനെ അബ്ബാസ് ﷺ പ റഞ്ഞു: "നിനക്ക് നാശം! ഇസ്‌ലാം സ്വീകരിക്കുക. അല്ലെങ്കിൽ നിങ്ങൾ കൊല്ലപ്പെടാൻ സാധ്യതയുണ്ട്." ഉടനെ അദ്ദേഹം പരിശുദ്ധ കലിമ ചൊ ല്ലി ഇസ്‌ലാം സ്വീകരിച്ചു. അബ്ബാസ് ﷺ റസൂലുല്ലാഹി ﷺയോട് പറ ഞ്ഞു. അബുസുഫ്‌യാൻ ഖുറൈശികളുടെ നേതാവാണ്. കൂട്ടത്തിൽ കു റച്ച് അന്തസ്സ് ആഗ്രഹിക്കുന്ന വ്യക്തിയുമാണ്. താങ്കൾ അദ്ദേഹത്തിന്റെ മനസ്സിനെ സന്തോഷിപ്പിക്കുന്ന വല്ലതും പറഞ്ഞാൽ കൊള്ളാം. ഉടനെ റസൂലുല്ലാഹി ﷺ പ്രഖ്യാപിച്ചു. അബുസുഫ്‌യാന്റെ വീട്ടിൽ കഴിയുന്ന വർക്ക് അഭയമുണ്ട്. സ്വന്തം വീട്ടിൽ കതകടച്ച് ഇരിക്കുന്നവർക്കും അഭ യമുണ്ട്. മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നവർക്കും അഭയമുണ്ട്. അ ബുസുഫ്‌യാൻ പോകാൻ ഉദ്ദേശിച്ചപ്പോൾ, റസൂലുല്ലാഹി ﷺ അബ്ബാസ് ﷺ നോട് പറഞ്ഞു: "മുസ്‌ലിം സംഘങ്ങൾ പോകുന്നത് കാണുന്ന നില യിൽ ഇദ്ദേഹത്തെ ഒരു സ്ഥലത്ത് നിർത്തുക." അബ്ബാസ് ﷺ പറയുന്നു: "ഞാൻ അപ്രകാരം അബൂസുഫ്‌യാനെ ഒരു സ്ഥലത്ത് നിർത്തി, മുസ് ലിം സംഘങ്ങൾ പോകുന്നത് കാണിച്ചുകൊണ്ടിരുന്നു." (സാദുൽമആദ്)

### വിശാലമായ വിട്ടുവീഴ്ചകൾ

റസൂലുല്ലാഹി ﷺ തദവസരം സമാധാനവും മാപ്പും വളരെ വിശാലമാക്കി. സമാധാനം ആഗ്രഹിക്കാത്ത ആളുകളും സ്വന്തം നശിക്കുന്ന ആളുകളും ഒഴിച്ച് വേറെ എല്ലാവരും രക്ഷപ്പെടുന്ന അവസ്ഥ സംജാതമായി. റസൂലുല്ലാഹി ﷺ സൈന്യത്തിന് കൽപന കൊടുത്തു. മക്കയിൽ പ്രവേശിക്കുമ്പോൾ നിങ്ങളെ തടയുന്ന ആളുകളെ മാത്രമേ നേരിടാൻ പാടുള്ളൂ. മക്കയിലെ ഭൂസ്വത്തുക്കളിൽ വലിയ സൂക്ഷ്മത കാണിക്കണം. മക്കയിൽ അതിക്രമങ്ങൾ അഴിച്ചുവിടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. (ഇബ്നുഹിശാം).

ഇവിടെ മറുഭാഗത്ത് മുസ്‌ലിംകൾ വിജയത്തിന്റെ വെന്നിക്കൊടി പാറിപ്പിച്ച് സമുദ്രത്തിന്റെ തിരമാലപോലെ ഒഴുകിവരികയായിരുന്നു. ഓരോ ഗോത്രങ്ങളും സംഘംസംഘമായി മക്കയിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. അബൂസുഫ്‌യാൻ അബ്ബാസ് رضي الله عنه വിനോട് ഓരോ ഗോത്രങ്ങളുടെയും പേര് ചോദിക്കുമായിരുന്നു. പേര് പറയപ്പെടുമ്പോൾ എനിക്ക് അവരുമായി ബന്ധമില്ലായെന്ന് പറഞ്ഞിരുന്നു (സാദുൽമആദ്).

അവസാനം റസൂലുല്ലാഹി ﷺ വലിയൊരു സംഘത്തിൽ വന്നു. ഇത് മുഹാജിറുകളും അൻസ്വാറുകളും നിറഞ്ഞ് തുളുമ്പിയ സംഘമായിരുന്നു. അവർ റസൂലുല്ലാഹി ﷺയുടെ ചുറ്റും നിന്ന് യാത്ര ചെയ്തു. അബൂസുഫ്‌യാൻ ചോദിച്ചു: അബ്ബാസേ, ഇത് ആരാണ്? അബ്ബാസ് رضي الله عنه പറഞ്ഞു: അൻസ്വാർ മുഹാജിറുകൾക്കിയിൽ റസൂലുല്ലാഹി ﷺയാണ് ഈ വരുന്നത്.

അബൂസുഫ്‌യാൻ പറഞ്ഞു: വളരെ ഉജ്ജ്വലമായിരിക്കുന്നു. അല്ലാഹുവിൽ സത്യം, നിങ്ങളുടെ സഹോദര പുത്രന്റെ പ്രഭാതം അതിമഹോന്നതമാണ്. അബ്ബാസ് رضي الله عنه പറഞ്ഞു: അബൂസുഫ്‌യാനെ ഇത് നുബുവ്വത്തിന്റെ അമാനുഷികതയാണ്.

റസൂലുല്ലാഹി ﷺ മക്കയിലേക്ക് പ്രവേശിച്ചപ്പോൾ, അബൂസുഫ്‌യാൻ ഉറക്കെ വിളിച്ച് പറഞ്ഞു: "അല്ലയോ ഖുറൈശികളെ, മുഹമ്മദ് നബി വൻ ശക്തിയോടെ നിങ്ങളുടെ അരികിലേക്ക് വന്നിരിക്കുന്നു. " തുടർന്ന് റസൂലുല്ലാഹി ﷺ അബൂസുഫ്‌യാന്റെയും മറ്റും വീടുകളിൽ ഇരിക്കുന്നവർക്ക് അഭയം നൽകിയ വിവരവും അദ്ദേഹം വിളിച്ച് പറഞ്ഞു. ജനങ്ങൾ അത് കേട്ടപാടെ വീടുകളിലേക്ക് പോകുകയും ചിലർ മസ്ജിദുൽ ഹറാമിൽ എത്തുകയും ചെയ്തുകൊണ്ട് അഭയം പ്രാപിച്ചു.

വിനയം നിറഞ്ഞ മക്കാ പ്രവേശനം

റസൂലുല്ലാഹി ﷺ ഈ മഹാവിജയ സന്ദർഭത്തിൽ മക്കയിലേക്ക് പ്രവേശിച്ചത് അടിമത്വത്തിന്റെയും വിനയത്തിന്റെയും ആധിക്യം കാരണം

തല വളരെ താഴ്ത്തിപ്പിടിച്ചുകൊണ്ടായിരുന്നു. തിരുശിരസ്സ് ഒട്ടകത്തിന്റെ പുറത്ത് തട്ടിക്കൊണ്ടിരുന്നു. തദവസരം സൂറത്തുൽ ഫത്ഹ് പാരായണം ചെയ്യുന്നുണ്ടായിരുന്നു (ഇബ്നുഹിശാം).

റസൂലുല്ലാഹി ﷺ അങ്ങനെ ഒരു മഹാസൈന്യത്തോടൊപ്പം മക്കയിൽ പ്രവേശിച്ചു. തങ്ങളുടെ മുന്നിൽ കഴിഞ്ഞ 20 വർഷത്തെ ചരിത്രങ്ങൾ മിന്നിമാറിക്കൊണ്ടിരുന്നു. മക്കക്കാർ തന്നോടും കൂട്ടുകാരോടും ക്രൂരതകൾ കാട്ടിയത്, നശിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തത്, അവസാനം വീടും നാടുംവിട്ട് പുറപ്പെടാൻ നിർബന്ധിതരാക്കിയത്, അല്ലാഹുവിന്റെ വിശുദ്ധ ഭവനത്തിൽ അവനെ ആരാധിക്കാൻ പോലും സമ്മതിക്കാതിരുന്നത് ഇതെല്ലാം തങ്ങൾ ഓർക്കുകയുണ്ടായി. ഇന്ന് ഈ അക്രമങ്ങളെല്ലാം കാട്ടിയവർക്കിടയിലേക്ക് വിജയഭേരി മുഴക്കിക്കൊണ്ട് റസൂലുല്ലാഹി ﷺ കടന്നിരിക്കുകയാണ്.

മക്ക അറേബ്യയുടെ കേന്ദ്രസ്ഥലവും ആത്മീയ രാഷ്ട്രീയ മേഖലകളിൽ ഹൃദയത്തിന്റെ സ്ഥാനം അലങ്കരിക്കുന്ന സ്ഥലവുമാണ്. ഇവിടെ അധികാരം കിട്ടിയതോടെ, മുഴുവൻ അറേബ്യയിലും അധികാരം കിട്ടിയതുപോലെയായി. ഇവിടെ എത്ര പെരുമകാട്ടിയാലും അഹങ്കരിച്ചാലും കുറവായിരുന്നു. പക്ഷേ, റസൂലുല്ലാഹി ﷺ വിനയത്തിന്റെയും കാരുണ്യത്തിന്റെയും മാർഗം സ്വീകരിച്ചു. നീതി, ന്യായം,വിട്ടുവീഴ്ച മുതലായ ഗുണങ്ങൾ തങ്ങൾ മുറുകെ പിടിച്ചു. റസൂലുല്ലാഹി ﷺ അടിമത്വത്തിൽ നിന്നും മോചിപ്പിച്ച സൈദ് رضي الله عنه ന്റെ മകൾ ഉസാമ رضي الله عنه വിനെ പിറകിലിരുത്തി തങ്ങൾ മുന്നോട്ടുനീങ്ങി. (ബുഖാരി).

ഇതിനിടയിൽ ഒരു വ്യക്തിവന്ന് തങ്ങളോട് സംസാരിച്ചപ്പോൾ ഭയം കാരണം അദ്ദേഹം വിറയ്ക്കുകയുണ്ടായി. റസൂലുല്ലാഹി ﷺ അരുളി: "ഭയക്കാതിരിക്കുക. സമാധാനപ്പെടിൻ, ഞാൻ രാജാവല്ല, ഉണക്ക ഇറച്ചിക്കഷണങ്ങൾ കഴിച്ചിരുന്ന ഒരു സ്ത്രീയുടെ മകനാണ്."

കാരുണ്യത്തിന്റെ ദിനമാണ്, രക്തച്ചൊരിച്ചിലിന്റേതല്ല

അൻസ്വാരികളുടെ നേതാവായ സഅദ് رضي الله عنه അബൂസുഫ്യാന്റെ അരികിലൂടെ കടന്നുപോയപ്പോൾ അദ്ദേഹം വിളിച്ചു പറഞ്ഞു. ഇന്ന് ഘോരയുദ്ധം നടക്കുന്ന ദിവസമാണ്. കഅ്ബയുടെ മുന്നിൽവെച്ച്കൊല അനുവദനീയമാകുന്ന ദിവസവുമാണ്. ഖുറൈശികളെ ഇന്ന് നിന്ദ്യമാക്കുന്നതാണ്. അദ്ദേഹത്തിന്റെ ഈ വാക്കുകൾ ഒരു നിലയ്ക്ക് ശരിയായിരുന്നു. കാരണം വലിയ അക്രമ ക്രൂരതകൾ കാട്ടിയ ഖുറൈശികളാണ് മുന്നിലുള്ളത്. അവരോട് പ്രതികാരം നടത്താനുള്ള ഒരു സുവർണാവസരമാണ് ലഭിച്ചിരിക്കുന്നത്. എന്നാൽ അബൂസുഫ്യാൻ റസൂലുല്ലാഹി ﷺ ഇതിനെപ്പറ്റി പരാതി പറഞ്ഞു. റസൂലുല്ലാഹി ﷺ ശരിയാണോ എ

ന്ന് അന്വേഷിച്ചു. ശരിയാണെന്ന് അറിഞ്ഞപ്പോൾ, തങ്ങൾ ഈ വാചകം സ്നേഹത്തോടുകൂടി മാറ്റിപ്പറഞ്ഞു. "ഇന്ന് കാരുണ്യം കരകവിഞ്ഞൊഴുകുന്ന ദിനമാണ്, ഇന്ന് അല്ലാഹു ഖുറൈശികൾക്ക് അന്തസ്സ് നൽകും, കഅ്ബാ ശരീഫിനെ ആദരിച്ച് ഉയർത്തും". (സാദുൽമആദ്)

റസൂലുല്ലാഹി ﷺ സഅദ് ؓനെ വിളിച്ചുവരുത്തി. അദ്ദേഹത്തിന്റെ കയ്യിൽ നിന്ന് കൊടിമാറ്റി മകൻ ഖൈസിന്റെ കയ്യിലേക്ക് കൊടുക്കുകയുണ്ടായി. (ബുഖാരി)

ഒരു ഭാഗത്ത് മക്കക്കാരെ ആശ്വസിപ്പിക്കലും മറുഭാഗത്ത് സഅ്ദ് ؓ ന്റെ കൊടി മകന്റെ കയ്യിലേക്ക് തന്നെ കൊടുത്തതിലൂടെ അദ്ദേഹത്തെ മയപ്പെടുത്തലും ഇതിൽ ലക്ഷ്യമിട്ടിരുന്നു. റസൂലുല്ലാഹി ﷺ യുടെ ഈ വാചകം മാറ്റിപ്പറയലും നടപടിയും വളരെയധികം ഉജ്ജ്വലമാണ്.മറ്റൊരു ഭാഗത്ത് ഖുറൈശികളിലെ ചില യുവാക്കൾ പ്രതിരോധത്തിന് തയ്യാറായി. ഖാലിദ് ؓ അവരെ നേരിടുകയും ഒതുക്കുകയും ചെയ്തു.

## സത്യം ഉയരുന്നു, അസത്യം തകരുന്നു

റസൂലുല്ലാഹി ﷺയുടെ കൊടി ഹിജൂനിൽ നാട്ടുകയുണ്ടായി. മുഹാജിർ-അൻസ്വാറുകൾ തങ്ങളുടെ ചുറ്റുഭാഗത്തുമുണ്ടായിരുന്നു. തുടർന്ന് തങ്ങൾ മസ്ജിദുൽഹറാമിൽ പ്രവേശിച്ചു. ഹജറുൽ അസ്വദിനെ ചുംബിച്ചു. കഅ്ബാ ശരീഫിനെ ത്വവാഫ് ചെയ്തു. റസൂലുല്ലാഹി ﷺ യുടെ കയ്യിൽ ഒരു അമ്പ് ഉണ്ടായിരുന്നു. തുടർന്ന് കഅ്ബാ ശരീഫിനുള്ളിൽ പ്രവേശിച്ചു. അവിടെയുണ്ടായിരുന്ന 360 വിഗ്രഹങ്ങളെ അടിച്ചിടുകയുണ്ടായി. തദവസരം പരിശുദ്ധ ഖുർആനിലെ ഈ ആയത്തുകൾ പാരായണം ചെയ്യുന്നുണ്ടായിരുന്നു;

നബിയേ താങ്കൾ പറയുക സത്യം സമാഗതമാവുകയും അസത്യം നശിക്കുകയും ചെയ്തിരിക്കുന്നു തീർച്ചയായും അസത്യം നശിക്കാനുള്ളത് തന്നെയാണ്. (ഇസ്റാഅ് 81)

നബിയേ താങ്കൾ പറയുക നിശ്ചയം സത്യം സമാഗതമായിക്കഴിഞ്ഞു. അസത്യത്തിന് ഇനിയൊരു തുടക്കമോ മടക്കമോ ഉണ്ടാകില്ല.(സബഅ് 49) (ബുഖാരി)

റസൂലുല്ലാഹി ﷺ തദവസരം ഇഹ്റാമിലല്ലായിരുന്നു. ത്വവാഫ് കഴിഞ്ഞപ്പോൾ കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരൻ ഉസ്മാനുബ്നു ത്വൽഹയെ വിളിച്ച് അദ്ദേഹത്തിൽ നിന്നും താക്കോൽ വാങ്ങി. കഅ്ബ ശരീഫയുടെ വാതിൽ തുറക്കപ്പെട്ടു. അവിടെ കുറെ വിഗ്രഹങ്ങൾ വെയ്ക്കപ്പെട്ടിരുന്നു. കൂട്ടത്തിൽ ഇബ്റാഹിം ؑ, ഇസ്മാഈൽ ؑ ന്റെ ചിത്രങ്ങളുമുണ്ടായിരുന്നു. അവർ ഭാഗ്യത്തിന്റെ കുന്തവും പിടിച്ചുകൊണ്ട് നിൽക്കുന്നു. റസൂലുല്ലാഹി ﷺ അരുളി: "അല്ലാഹുവിൽ സത്യം, ഈ മ

ഹാത്മാക്കൾ ഇത് ചെയ്തിട്ടില്ല" റസൂലുല്ലാഹി ﷺ ഇതെല്ലാം പുറത്തേക്കിടാൻ കല്പിക്കുകയുണ്ടായി. തുടർന്ന് വാതിൽ അടയ്ക്കപ്പെട്ടു. അവിടെ റസൂലുല്ലാഹി ﷺ നമസ്കാരം നിർവഹിക്കുകയും ചുറ്റുഭാഗത്ത് തക്ബീർ മുഴക്കുകയും ചെയ്തു. തുടർന്ന് കഅ്ബാ ശരീഫ് തുറക്കപ്പെട്ടു. ഖുറൈശികൾ മുന്നിൽ കൂട്ടംകൂട്ടമായി നിൽപ്പുണ്ടായിരുന്നു. റസൂലുല്ലാഹി ﷺ എന്ത് തീരുമാനിക്കുമെന്ന ചിന്തയിലായിരുന്നു അവർ. റസൂലുല്ലാഹി ﷺ കഅ്ബ ശരീഫയുടെ ഇരുവാതിൽപ്പടികളിലും പിടിച്ചുകൊണ്ട് ഇപ്രകാരം അരുളി: "അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ല, അവൻ ഏകനാണ്, അല്ലാഹു അവന്റെ വാഗ്ദാനം പൂർത്തിയാക്കി, അവന്റെ അടിമയെ സഹായിച്ചു, അവന്റെ സൈന്യത്തെ വിജയിപ്പിച്ചു, ശത്രുസംഘങ്ങളെ അല്ലാഹു ഏകനായി പരാജയപ്പെടുത്തി."

തുടർന്ന് അരുളി: കേൾക്കുക, എല്ലാ തെറ്റായ കാര്യങ്ങളും തെറ്റായ സാമ്പത്തിക വിഷയങ്ങളും പ്രതികാര രീതികളും എന്റെ കാൽക്കീഴിൽ കുഴിച്ചുമൂടിയിരിക്കുന്നു. കഅ്ബാ ശരീഫയുടെ താക്കോൽ സൂക്ഷിപ്പും ഹാജിമാർക്ക് വെള്ളം കുടിപ്പിക്കലും മുമ്പ് ചെയ്തിരുന്നവർ തുടർന്ന് ചെയ്യുന്നതാണ്. ബാക്കിയുള്ള ഉത്തരവാദിത്വത്തിൽ നിന്നും അതിന്റെ ആളുകളെ മാറ്റിയിരിക്കുന്നു. അത് മുസ്‌ലിംകളെ ഏല്പിച്ചിരിക്കുന്നു. തുടർന്ന് റസൂലുല്ലാഹി ﷺ കൊലയുടെയും പ്രതികാരത്തിന്റെയും വിഷയത്തിൽ ചില നിയമങ്ങൾ പ്രഖ്യാപിച്ചു. തുടർന്ന് ഖുറൈശികളോട് ചോദിച്ചു: നിങ്ങളിൽ വിവരക്കേടിന്റെ കുറേ അഹങ്കാരങ്ങൾ ഉണ്ടായിരുന്നു. അല്ലാഹു അതെല്ലാം അവസാനിപ്പിച്ചു. നിങ്ങൾ പൂർവപിതാക്കന്മാരുടെ പെരുമയിൽ ഊറ്റംകൊണ്ടിരുന്നു. അല്ലാഹു അതെല്ലാം അവസാനിപ്പിച്ചു. കേൾക്കുക, എല്ലാവരും ആദമിന്റെ മക്കളാണ്. ആദം മണ്ണിൽ നിന്നുമാണ് പടക്കപ്പെട്ടത്." തുടർന്ന് സൂറത്തുൽ ഹുജറാത്ത് 13-ാം ആയത്ത് പാരായണം ചെയ്തു; "നാം നിങ്ങളെ ഒരാണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിച്ചു. മനസ്സിലാക്കുന്നതിന് വേണ്ടി നിങ്ങളെ നാം വിവിധ വിഭാഗങ്ങളും ഗോത്രങ്ങളുമാക്കി. അല്ലാഹുവിങ്കൽ നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളിൽ ഏറ്റവും സൂക്ഷ്മതയുള്ളവനാണ്. അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാണ്". (ഹുജറാത്ത് 13)

## മാപ്പിന്റെ ചരിത്ര പ്രഖ്യാപനം

തുടർന്ന് അരുളി: ഖുറൈശികളെ ഞാൻ നിങ്ങളോട് എന്ത് സമീപനം സ്വീകരിക്കുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്. അവർ പറഞ്ഞു: ഞങ്ങൾക്ക് നല്ല പ്രതീക്ഷയാണ് ഉള്ളത്. താങ്കൾ നല്ല സഹോദരനാണ്. നല്ല സഹോദരനോട് പെരുമാറുന്ന പെരുമാറ്റമാണ് ഞങ്ങൾ ആഗ്ര

ഹിക്കുന്നത് (ഇബ്നുഹിശാം).

നിങ്ങൾ മാന്യനെന്ന് പറയുന്ന ഈ സഹോദരനോട്, എന്താണ് മുൻപ് പ്രവർത്തിച്ചതെന്ന് റസൂലുല്ലാഹി ﷺയ്ക്ക് ചോദിക്കാമായിരുന്നു. പക്ഷേ, തങ്ങൾ അതിന് പകരം അരുളി: ഇതിനു മുമ്പ് മാന്യനായ പിതാമഹന്റെ മാന്യനായ മകന്റെ മാന്യനായ മകന്റെ മാന്യനായ മകൻ പറഞ്ഞതുപോലെ ഞാനും നിങ്ങളോട് പറയുകയാണ് യൂസുഫ് عليه السلام നെ ഉദ്ദേശിച്ചുകൊണ്ടാണ് റസൂലുല്ലാഹി ﷺ ഇത് അരുളിയത്. അദ്ദേഹത്തിന്റെ സഹോദരങ്ങൾ അദ്ദേഹത്തോട് വലിയ ക്രൂരതകളും അക്രമങ്ങളും കാണിച്ചു. അവസാനം അല്ലാഹുതആല അദ്ദേഹത്തിന് അന്തസ്സ് നൽകി. സഹോദരങ്ങൾ ഗതിമുട്ടി യൂസുഫ് عليه السلام ന് മുന്നിലെത്തി. അദ്ദേഹം അവർക്കെല്ലാം മാപ്പ് കൊടുത്തു. അതിനെ സ്മരിച്ചുകൊണ്ട് റസൂലുല്ലാഹി ﷺ അരുളി: "അദ്ദേഹം പറയുന്നതുപോലെ ഞാനും പറയുന്നു. നിങ്ങൾ എല്ലാവരും പോകുക, നിങ്ങളുടമേൽ ആരോപണം ഒന്നുമില്ല. നിങ്ങൾ സ്വതന്ത്രരാണ്." (ഇബ്നുഹിശാം).

തുടർന്ന് റസൂലുല്ലാഹി ﷺ മസ്ജിദുൽ ഹറാമിൽ ഇരുന്നു. കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരൻ ഉസ്മാനുബ്നു ത്വൽഹയെ വിളിച്ചു. താക്കോൽ അദ്ദേഹത്തിന് കൊടുത്തു. ശേഷം അരുളി: "ഇന്ന് മധുരപ്രതികാരത്തിന്റെ ദിവസമാണ്." ഹിജ്റയ്ക്ക് മുമ്പ് റസൂലുല്ലാഹി ﷺ ഒരിക്കൽ അദ്ദേഹത്തോട് താക്കോൽ ചോദിച്ചപ്പോൾ അദ്ദേഹം വിസമ്മതിച്ചിരുന്നു. അതിലേക്ക് സൂചിപ്പിച്ചുകൊണ്ടാണ് റസൂലുല്ലാഹി ﷺ ഇത് അരുളിയത്.

ശേഷം റസൂലുല്ലാഹി ﷺ ബിലാൽ رضي الله عنه നോട് കഅ്ബയുടെ മുകളിൽ കയറി ബാങ്ക് വിളിക്കാൻ നിർദ്ദേശിച്ചു. ഖുറൈശികളിലെ പ്രമുഖ വ്യക്തികളെല്ലാം അവിടെയുണ്ടായിരുന്നു. അവരിൽ പലരുടെയും അടിമത്വത്തിലൂടെയാണ് ബിലാൽ رضي الله عنه കടന്നുവന്നത്. അതിലൂടെ റസൂലുല്ലാഹി ﷺ ബിലാൽ رضي الله عنهന് വലിയ സ്ഥാനം നൽകുകയുണ്ടായി. തുടർന്ന് റസൂലുല്ലാഹി ﷺ തങ്ങളുടെ കുടുംബപരമായി സഹോദരിയായ ഉമ്മുഹാനി رضي الله عنها യുടെ വീട്ടിൽ പോയി. അവിടെ കുളിച്ചു. പിന്നീട് നന്ദിയുടെ എട്ട് റകഅത്ത് നമസ്കാരം നിർവഹിച്ചു. (സാദുൽമആദ്).

പിന്നീട് റസൂലുല്ലാഹി ﷺ എല്ലാവർക്കും മാപ്പ് കൊടുത്തുകൊണ്ടുള്ള പ്രഖ്യാപനം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ വളരെ ക്രൂരന്മാരായ ഏതാനും ആളുകൾക്ക് മാപ്പില്ലായെന്ന് അറിയിച്ചു. പക്ഷേ, അവരിൽ അധികംപേരും രഹസ്യമായി വന്ന് മാപ്പ് ചോദിക്കുകയും റസൂലുല്ലാഹി ﷺ അവർക്കും മാപ്പ് കൊടുക്കുകയുമുണ്ടായി. ശേഷം റസൂലുല്ലാഹി ﷺ മക്കയിലെ വിവിധ ഭാഗങ്ങളിലേക്ക് ചില സംഘങ്ങളെ അയ

യ്ക്കുകയും അവിടങ്ങളിലുള്ള വിഗ്രഹങ്ങളെ എടുത്തുമാറ്റിക്കുകയും ചെയ്തു. ഇപ്രകാരം അറേബ്യയുടെ കേന്ദ്രസ്ഥാനം സമാധാനപരമായി കീഴടങ്ങി. അറേബ്യയിൽ നിന്നും ശത്രുതയുടെ അന്തരീക്ഷം മുഴുവനും മാറിയകന്നു. ഇരുപത് വർഷങ്ങളായി തുടർന്നിരുന്ന ശത്രുതയുടെയും അക്രമ-അനീതികളുടെയും പരമ്പരയ്ക്ക് അവസാനമായി. റസൂലുല്ലാഹി ﷺ ആരോടും പ്രതികാരം ചെയ്തില്ല. എല്ലാവർക്കും വിശാലമായ മാപ്പ് നൽകി.

## ഇസ്‌ലാമിലേക്കുള്ള ഒഴുക്ക്

മക്കാ വിജയത്തിന് ശേഷം അറബികൾക്കിടയിൽ ഇസ്‌ലാം ശക്തമായി പ്രചരിച്ചു. വലിയ വലിയ സംഘങ്ങൾ റസൂലുല്ലാഹി ﷺ യുടെ അരികിലെത്തി ഇസ്‌ലാം സ്വീകരിച്ചുകൊണ്ടിരുന്നു. പരിശുദ്ധ ഖുർആനിന്റെ വചനങ്ങൾ പുലർന്നുകൊണ്ട് ജനങ്ങൾ കൂട്ടംകൂട്ടമായി ദീനിലേക്ക് ഒഴുകി. (നസ്ർ).

മക്കാവിജയം അത്ഭുതകരമായ ഒരു സംഭവമാണ്. ഇരുപത് വർഷം നീണ്ടുനിന്ന തുടർച്ചയായ ശത്രുതയ്ക്ക് വളരെ മധുരമായ പ്രതികാരം സ്നേഹത്തിലും വിട്ടുവീഴ്ചയിലും മാപ്പിലും മാന്യതയിലും നൽകുകയുണ്ടായി. കഠിന ശത്രുവായ അബൂജഹ്ലിന്റെ മകൻ ഇക്‌രിമ, ഹംസ ؓ യെ ക്രൂരമായി വധിച്ച വഹ്ശി, വലിയ അക്രമങ്ങൾ കാട്ടിയ ഹുബ്ബാർ, അബ്ദുല്ലാഹിബ്നു സഅ്ദ് മുതലായ കഠിന ശത്രുക്കൾക്കും റസൂലുല്ലാഹി ﷺ മാപ്പ് കൊടുക്കുകയും അഭയം നൽകുകയും ചെയ്തു. കൂടാതെ വളരെ ക്രൂരത കാണിച്ച ചിലരെ വധിക്കാൻ നിർദ്ദേശം കൊടുത്തുവെങ്കിലും അവർ രഹസ്യമായി വന്ന് മാപ്പ് ചോദിച്ചപ്പോൾ അവർക്കും മാപ്പ് കൊടുക്കുകയുണ്ടായി.

ലോകചരിത്രത്തിൽ അപൂർവ്വങ്ങളിൽ അപൂർവ്വമായ മാന്യതയുടെയും ഉദാരമനസ്കതയുടെയും ഉന്നത ചിത്രങ്ങളാണ് ഇവയെല്ലാം.

## ഹുനൈൻ, ത്വാഇഫ്

മക്കയുടെയും ത്വാഇഫിന്റെയും ഇടയിൽ ഹവാസിൻ ഗോത്രവും ത്വാഇഫിലെ സഖീഫ് ഗോത്രവും പ്രധാന ശക്തികളായിരുന്നു. ഖുറൈശുമായി ബന്ധപ്പെട്ടിരുന്ന ഇവരെ മക്കയിൽ റസൂലുല്ലാഹി ﷺ വിജയപതാക നാട്ടിയത് അസ്വസ്ഥമാക്കുകയും സൈനിക തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു. ഇതറിഞ്ഞ റസൂലുല്ലാഹി ﷺ ഇവരിലേക്ക് പുറപ്പെട്ടു. ഉറച്ച് നിന്ന് പോരാടുന്നതിന് ഹവാസിൻ ഗോത്രം സ്ത്രീകളെയും വീടുകളിലെ സാധനസാമഗ്രികളെയും പോരാട്ട വേദിയിൽ കൊണ്ടുവന്നു.

വഴിയിൽ 'ദാതുഅൻവാത്' എന്നൊരു വൃക്ഷം സ്വഹാബികൾ കണ്ടു. ചില അറബി ഗോത്രങ്ങൾ ഇതിൽ ദിവ്യത്വം കല്പിച്ച് വാളുകൾ തൂക്കിയിടുകയും ഇതിൽ അനാചാരങ്ങൾ കാട്ടുകയും ചെയ്തിരുന്നു. പഴയ കാര്യങ്ങളെകണ്ട ചില സ്വഹാബികൾക്ക് ഇതിനോട് താല്പര്യമുണ്ടായി. ഇതുപോലെ നമുക്കും ഒരു വൃക്ഷത്തെ നിർദ്ദേശിച്ച് നൽകണമെന്ന് റസൂലുല്ലാഹി ﷺ യോട് അവർ അഭിപ്രായപ്പെട്ടു. റസൂലുല്ലാഹി ﷺ അരുളി: അല്ലാഹു അക്ബർ, അല്ലാഹുവിൽ സത്യം, അവർക്ക് ദൈവങ്ങൾ ഉള്ളതുപോലെ ഞങ്ങൾക്ക് ഒരു ദൈവത്തെ നിശ്ചയിച്ച് തരിക എന്ന് മൂസാ ﷺ നോട് അനുയായികൾ പറഞ്ഞതുപോലെയുള്ള വാചകമാണിത്. തീർച്ചയായും ഗതകാല സമൂഹങ്ങളെ ഓരോ കാര്യങ്ങളിലും നിങ്ങൾ പിൻപറ്റുന്നതാണ്. (ഇബ്നുഹിശാം).

ഇരു സൈന്യങ്ങളും മുഖാമുഖം കണ്ടുമുട്ടി. ഹവാസിൻ ഗോത്രത്തോടൊപ്പം സഖീഫ്, നസ്റ്, ജിസ്മ് മുതലായ ഗോത്രങ്ങളും കൂടിയിരുന്നു. മുസ്ലിം സൈന്യം പന്തീരായിരം പേരുണ്ടായിരുന്നു. ഇതിൽ പുതുമുസ്ലിംകളും, മുസ്ലിംകളുമായി കരാറിലുള്ള അമുസ്ലിംകളും ഉണ്ടായിരുന്നു. യോദ്ധാക്കളുടെ ആധിക്യം കണ്ടപ്പോൾ പരാജയം ഉണ്ടാകുകയില്ലെന്ന് പലരും വിചാരിച്ചു. എന്നാൽ ഈ സമാധാന വിചാരം അപകടകരമായി ഭവിച്ചു. അല്ലാഹുവിന് അത് ഇഷ്ടപ്പെട്ടില്ല. ഏതെങ്കിലും വിഷയത്തിൽ ഞങ്ങൾക്ക് ഞങ്ങൾ തന്നെ മതി എന്ന് മുസ്ലിംകൾ വിചാരിക്കുന്നത് അല്ലാഹുവിന് ഇഷ്ടമല്ല. എല്ലാ വിഷയങ്ങളിലും അല്ലാഹുവിനെ മാത്രം ഭരമേല്പിക്കാനും അവനോട് സഹായമിരക്കാനും അല്ലാഹു കല്പിക്കുന്നു. ഇക്കാരണത്താൽ അല്പനേരത്തേക്ക് അല്ലാഹു സഹായത്തെ പിൻവലിച്ചു. അമ്പെയ്ത്തിൽ നിപുണരായ ശത്രുക്കൾ പർവതങ്ങളുടെ പിൻഭാഗത്തു നിന്നും ശക്തമായ അമ്പെയ്ത്ത് ആരംഭിച്ചു. തുടക്കത്തിൽ തന്നെ പെടുന്നനെയുള്ള അവരുടെ അക്രമത്തിൽ മുസ്ലിംകൾ അമ്പരന്നുപോയി. പലരും പിന്തിരിഞ്ഞോടി. റസൂലുല്ലാഹി ﷺയും പ്രധാന സ്വഹാബികളും ശക്തമായി നേരിട്ടു. തുടർന്ന് എല്ലാവരും ഒത്തുചേർന്നു. വിജയത്തിലേക്ക് നീങ്ങി. അല്ലാഹുവിന് ഉണർത്തലും തിരുത്തലും മാത്രമായിരുന്നു ഉദ്ദേശം. അവർ ഉണർന്നപ്പോൾ അല്ലാഹു സഹായത്തെ വർഷിപ്പിച്ചു. (തൗബ- 25, 26)

ഹുനൈനിൽ നിന്നും റസൂലുല്ലാഹി ﷺ ത്വാഇഫിലേക്ക് നീങ്ങി. ശത്രുക്കൾ അവിടെ ഒരു കോട്ടയിൽ ഒളിച്ചു. ഹുനൈനിൽ നേതൃത്വം നൽകിയ ഈ ഗോത്രത്തെ റസൂലുല്ലാഹി ﷺ ഉപരോധിച്ചു. ഇടയ്ക്ക് അബൂമൂസ رضي الله عنه യുടെ നേതൃത്വത്തിൽ ഔതാസിലേക്ക് ഒരു സൈന്യത്തെ അയയ്ക്കുകയും ചെയ്തു. ഏതാനും ദിവസത്തെ ഉപരോധത്തിനു ശേ

ഷം ഉപരോധം അവസാനിപ്പിച്ച് റസൂലുല്ലാഹി ﷺ മടങ്ങി. കുറഞ്ഞ നാളുകൾക്കുള്ളിൽ ത്വാഇഫുകാരെല്ലാവരും ഇസ്‌ലാം സ്വീകരിച്ചു. മറുഭാഗത്ത് ഹവാസിൻ ഗോത്രവും സസന്തോഷം ഇസ്‌ലാമിൽ പ്രവേശിച്ചു.

**ഉജ്ജ്വല പ്രഭാഷണം**

ഹുനൈനിൽ ശത്രുക്കൾ സാധനസാമഗ്രികളെയും കുടുംബാംഗങ്ങളെയും കൊണ്ടുവന്നതിനാൽ മുസ്‌ലിംകൾക്ക് ധാരാളം സമരാർജ്ജിത സമ്പത്ത് ലഭിച്ചു. ഇത്തരുണത്തിൽ റസൂലുല്ലാഹി ﷺ തങ്ങൾക്കുള്ള ഓഹരിയിൽ നിന്നും പുതുമുസ്‌ലിംകളായ ആളുകൾക്ക് കുറച്ച് കൂടുതൽ നൽകി. ഇത് അൻസ്വാറുകളായ ചില സ്വഹാബികൾക്ക് അസ്വസ്ഥതയുണ്ടാക്കി. റസൂലുല്ലാഹി ﷺ സ്വന്തം നാട്ടുകാരിലേക്ക് ചാഞ്ഞിരിക്കുന്നു എന്ന് അവരിൽ ചിലർ അടക്കം പറഞ്ഞു. അവരുടെ നേതാവായ സഅ്ദ് ؓ ഇക്കാര്യം റസൂലുല്ലാഹി ﷺ യെ അറിയിച്ചു. ഉടനെ റസൂലുല്ലാഹി ﷺ അൻസ്വാറുകളെല്ലാവരെയും ഒരു സ്ഥലത്ത് ഒരുമിച്ചു കൂട്ടി ഒരു പ്രഭാഷണം നടത്തി. സ്വഹാബികളുടെ ഓരോ കാര്യങ്ങളും റസൂലുല്ലാഹി ﷺ ശ്രദ്ധിക്കുകയും മനഃശാസ്ത്രപരമായി സമീപിക്കുകയും ചെയ്തതിന് ഉത്തമ ഉദാഹരണമാണ് ഈ സംഭവം.

അല്ലാഹുവിനെ വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്തതിനു ശേഷം റസൂലുല്ലാഹി ﷺ അരുളി : "അൻസ്വാർ സഹോദരങ്ങളേ, നിങ്ങളെക്കുറിച്ച് എനിക്ക് ലഭിച്ച വാർത്തയിൽ എനിക്ക് അത്ഭുതമുണ്ട്. നിങ്ങളെല്ലാവരും വഴികെട്ടിരുന്നു, അല്ലാഹു എന്നിലൂടെ നിങ്ങൾക്ക് സന്മാർഗം നൽകിയില്ലേ?. നിങ്ങൾ ബലഹീനരായിരുന്നു, അല്ലാഹു എന്നിലൂടെ ശക്തിനൽകിയില്ലേ?. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നു, അല്ലാഹു എന്നിലൂടെ ഐക്യം നൽകിയില്ലേ?". അൻസ്വാറുകൾ പറഞ്ഞു: അല്ലാഹുവും ദൂതനുമാണ് ഞങ്ങളുടെ ഏറ്റവും വലിയ ഉപകാരി. റസൂലുല്ലാഹി ﷺ അരുളി: അൻസ്വാർ സഹോദരങ്ങളെ, നിങ്ങൾ ഇതിന് മറുപടി പറയാത്തത് എന്താണ്? അൻസ്വാറുകൾ വീണ്ടും പറഞ്ഞു: അല്ലാഹുവും ദൂതനുമാണ് ഞങ്ങളും ഏറ്റവും വലിയ ഉപകാരി. റസൂലുല്ലാഹി ﷺ അരുളി: "നിങ്ങൾ ഇപ്രകാരം പറഞ്ഞാൽ അത് ശരിയാണെന്ന് ഞാൻ പറയുന്നതാണ്." താങ്കളെ ജനങ്ങൾ നിഷേധിച്ചപ്പോൾ ഞങ്ങൾ ശരിവെച്ചു. ജനങ്ങൾ ഉപേക്ഷിച്ചപ്പോൾ ഞങ്ങൾ സഹായിച്ചു. ജനങ്ങൾ പുറത്താക്കിയപ്പോൾ ഞങ്ങൾ സ്വീകരിച്ചു. നിസ്സഹരായിരുന്നപ്പോൾ ഞങ്ങൾ സഹായിച്ചു. എന്നാൽ അൻസ്വാർ സഹോദരങ്ങളേ, നിസാരമായ ഭൗതിക വസ്തുക്കളിൽ നിന്നും കുറച്ച് സാധനങ്ങൾ ജനങ്ങളുടെ മനസ്സിളക്കുന്നതിന് ഞാൻ അവർക്ക് നൽകിയതിൽ നിങ്ങൾക്ക് പരാതിയുണ്ടായിരിക്കുകയാണോ? ജനങ്ങൾ ആടുമാട് ഒട്ടകങ്ങളെയും കൊണ്ട്

മടങ്ങുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ റസൂലിനെയും കൊണ്ട് വീട്ടിലേക്ക് മടങ്ങുന്നത് നിങ്ങൾക്ക് സന്തോഷമല്ലേ? മുഹമ്മദിന്റെ ആത്മാവിനെ നിയന്ത്രിക്കുന്ന അല്ലാഹുവിൽ സത്യം, അവർ കൊണ്ടുപോകുന്ന വസ്തുവകകളേക്കാൾ ഉത്തമമാണ് നിങ്ങൾ കൊണ്ടുപോകുന്നത്.

തുടർന്ന് റസൂലുല്ലാഹി ﷺ ഇപ്രകാരം പ്രാർത്ഥിച്ചു: "അല്ലാഹുവേ, അൻസ്വാറുകൾക്കും അവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും നീ കാരുണ്യം ചൊരിയേണമേ?" ഇത് കേട്ടപ്പോൾ അൻസ്വാർ സ്വഹാബികളുടെ നയനങ്ങൾ നിറഞ്ഞൊഴുകി. കണ്ണുനീരിനാൽ അവരുടെ താടിരോമങ്ങൾ നനഞ്ഞു. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹുവും റസൂലും മതി." (ഇബ്നുഹിശാം 1/499).

ഹുനൈനിൽ ഗനീമത്ത് സ്വത്തുക്കളുടെ പ്രവാഹമുണ്ടായി. റസൂലുല്ലാഹി ﷺ യുടെ കൂട്ടത്തിൽ ഇരുപത് വർഷമായി കടുത്ത ശത്രുതയിൽ കഴിഞ്ഞിരുന്ന പലരും ഇപ്പോൾ കൂട്ടത്തിലുണ്ടായിരുന്നു. ഇത്തരുണത്തിൽ അവരുടെ മനസ്സുകൾ ഇണക്കി ഹൃദയംഗമായി ദീനിൽ ഉറച്ച് നിൽക്കുന്നതിന് റസൂലുല്ലാഹി ﷺ അവർക്ക് കുറച്ച് സാധനങ്ങൾ നൽകി. ഇതുകണ്ട അൻസ്വാറുകൾ റസൂലുല്ലാഹി ﷺ മക്കയിലേക്ക് തന്നെ മടങ്ങുമോ എന്ന് ഭയന്നു. റസൂലുല്ലാഹി ﷺ ഇത്തരുണത്തിൽ അവരുടെ സംശയത്തെ ദൂരീകരിക്കുകയും അവരോടുള്ള സ്നേഹവാത്സല്യങ്ങൾ ഉജ്ജ്വലമായി പ്രകടിപ്പിക്കുകയും ചെയ്തു.

ഈ കാര്യങ്ങൾക്ക് ശേഷം റസൂലുല്ലാഹി ﷺ ജിഅ്റാനയിൽ നിന്നും ഇഹ്റാം നിർവഹിച്ച് ഉംറ ചെയ്തു. ഉംറയിൽ നിന്ന് വിരമിച്ച് റസൂലുല്ലാഹി ﷺ മദീനയിലേക്ക് മടങ്ങി.

### തബൂക്ക് യാത്ര

ഹിജ്റ ഒൻപതിന് അറേബ്യയുടെ ഉത്തരഭാഗത്ത് അക്രമത്തിനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നതായി വിവരം ലഭിച്ചു. അവിടെ ഏതാനും ക്രൈസ്തവ ഗോത്രങ്ങളുണ്ടായിരുന്നു. റോമൻ ചക്രവർത്തി ഹിർക്കൽ അവർ വഴിയായി മദീനയെ അക്രമിക്കാൻ പദ്ധതിയിടുന്നതായി അറിഞ്ഞു. റസൂലുല്ലാഹി ﷺ അവരെ നേരിടുന്നതിന് തബൂക്കിലേക്ക് യാത്ര ചെയ്യാൻ തീരുമാനിച്ചു. കടുത്ത വേനൽക്കാലമായിരുന്നു. കൂടാതെ മദീനക്കാരുടെ സാമ്പത്തികാടിസ്ഥാനമായ ഈത്തപ്പഴങ്ങൾ കായ്ക്കുന്ന സമയവുമായിരുന്നു. പക്ഷെ, വിശ്വാസത്തിന്റെ ശക്തി ഉയരുകയും എല്ലാവരും യാത്രയ്ക്ക് സന്നദ്ധരാകുകയും ചെയ്തു. ഈ സന്ദർഭത്തിൽ റസൂലുല്ലാഹി ﷺ സാമ്പത്തിക സ്വരൂപണത്തിന് പിരിവ് നടത്തി. സ്വഹാബികൾ ആവേശത്തോടെ അതിൽ പങ്കെടുത്തു. ഉമർ رضي الله عنه സമ്പത്തിന്റെ പകുതി നൽകി. അബൂബക്ർ رضي الله عنه നോട് വീട്ടിൽ എന്ത് ഉപേക്ഷിച്ചു

വെന്ന് ചോദിച്ചപ്പോൾ അല്ലാഹുവിന്റെയും ദൂതരുടെയും തിരുനാമങ്ങളെന്ന് മറുപടി നൽകി. ഉസ്മാൻ ﷺ സമ്പത്ത് വാരിക്കോരി നൽകി.

റസൂലുല്ലാഹി ﷺ യാത്ര തിരിച്ചു. ആഹാരപാനീയങ്ങൾ വളരെ കുറവായിരുന്നു. വഴിയിൽ സമൂദ് ഗോത്രത്തിന്റെ പ്രദേശത്തുകൂടി കടന്നുപോയപ്പോൾ അല്ലാഹുവിന്റെ ശിക്ഷയിറങ്ങിയ ആ സ്ഥലത്ത് നിന്നും ഒന്നും ഭക്ഷിക്കരുതെന്ന് ഉണർത്തി. തബൂക്കിലെത്തി റസൂലുല്ലാഹി ﷺ 20 ദിവസം അവിടെ താമസിച്ചു. ശത്രുക്കളുടെ മനസ്സിൽ അല്ലാഹു ഭയമിട്ടുകൊടുത്തു. ആരും മുന്നോട്ട് വന്നില്ല. ഐല ഭരണാധികാരി യോഹന്നയും ജർബാഅ്, അദ്റഹ് നാടുകളിലെ ക്രൈസ്തവ ഭരണാധികാരികളും വന്ന് സന്ധിയിലായി. എന്നാൽ ദൗമതുൽജംദൽ അധികാരി ഉകൈദർ അക്രമത്തിന് വരുന്നതായി വിവരം ലഭിച്ചു. റസൂലുല്ലാഹി ﷺ അവരെ നേരിടാൻ ഖാലിദ് ﷺ നെ അയച്ചു. ഖാലിദ് ﷺ അദ്ദേഹത്തെ പിടികൂടി കൊണ്ടുവന്നു. റസൂലുല്ലാഹി ﷺ അദ്ദേഹവുമായി സന്ധി നടത്തുകയും അദ്ദേഹത്തിന് മാപ്പ് നൽകുകയും ചെയ്തു.

### സത്യസന്ധതയുടെ മഹത്വം

ഈ യാത്രയിൽ കപടവിശ്വാസികളായ ആളുകൾ പോയില്ല. അവരെക്കുറിച്ച് സൂറത്തുതൗബയിൽ അല്ലാഹു കഠിനവിമർശനങ്ങൾ അടങ്ങിയ വചനങ്ങൾ അവതരിപ്പിച്ചു. എന്നാൽ മൂന്ന് നിഷ്കളങ്കരായ പ്രധാന സ്വഹാബികൾ കാരണമൊന്നുമില്ലാതെ ഈ യാത്രയിൽ പങ്കെടുത്തില്ല. എന്നാൽ അവർ ദുർന്യായങ്ങൾ പറഞ്ഞ് ഒഴിവാകുന്നതിന് പകരം സത്യം തുറന്നുപറഞ്ഞു. റസൂലുല്ലാഹി ﷺ അവരോട് ആരും മിണ്ടരുതെന്ന് നിർദ്ദേശംകൊടുത്തു. 40 ദിവസം അവർ ആ അവസ്ഥയിൽ കഴിഞ്ഞുകൂടി. അവരിൽപ്പെട്ട കഅ്ബ്നു മാലിക് ﷺ ഈ സംഭവം വിശദമായും ഗുണപാഠങ്ങൾ നിറഞ്ഞ നിലയിലും വിവരിച്ചിട്ടുണ്ട്. കഅ്ബ് ﷺ വിവരിക്കുന്നു:

"യാത്രയ്ക്ക് ഒരുങ്ങണമെന്ന് രാവിലെതൊട്ട് ഞാനും വിചാരിച്ചിരുന്നെങ്കിലും വൈകുന്നേരമായിട്ടും ഒരുങ്ങാൻ സാധിച്ചില്ല. എനിക്ക് നല്ല സൗകര്യമുണ്ടല്ലോ, പോകാൻ ഉറപ്പിച്ചു കഴിഞ്ഞാൽ ഉടനെ തയ്യാറായി പുറപ്പെടാമെന്ന് ഞാൻ സമാധാനപ്പെടുകയും ചെയ്തു. അങ്ങനെയിരിക്കെ, റസൂലുല്ലാഹി ﷺ യും മറ്റ് മുസ്ലിംകളും യാത്രയായി. അപ്പോഴും ഞാൻ യാത്രയ്ക്ക് ഒരുങ്ങിയിരുന്നില്ല. ഒന്നുരണ്ട് ദിവസത്തിനുള്ളിൽ തയ്യാറായി അവരുടെ കൂട്ടത്തിൽ പോയി ചേരാമല്ലോ എന്നായിരുന്നു എന്റെ വിചാരം. അങ്ങനെ ഇന്ന് നാളെ എന്ന വിചാരത്തിൽ ദിവസങ്ങൾ പലതും കഴിയുകയും റസൂലുല്ലാഹി ﷺയും കൂട്ടത്തിലുള്ളവരും തബൂക്കലെത്തുകയും ചെയ്തു. ആ സമയത്ത് കാര്യമായി പരിശ്രമിച്ചെങ്കി

ലും യാത്രയ്ക്ക് വേണ്ട സാമഗ്രികൾ തയ്യാറാക്കാൻ കഴിഞ്ഞില്ല."

അങ്ങനെ റസൂലുല്ലാഹി ﷺയും സ്വഹാബത്തും തബൂക്ക് യാത്ര കഴിഞ്ഞ് മടങ്ങിയെത്തി. കഅ്ബ് ؓ വിവരിക്കുന്നു: "പള്ളിയിലിരിക്കുമ്പോൾ കപടവിശ്വാസികളായ മുനാഫിഖുകളെല്ലാം റസൂലുല്ലാഹി ﷺയുടെ സന്നിധിയിൽ വന്ന് വ്യാജമായ കാരണങ്ങൾ പറയുകയും, അത് വിശ്വസിപ്പിക്കുവാൻ വേണ്ടി സത്യം ചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. റസൂലുല്ലാഹി ﷺ അവരുടെ ബാഹ്യാവസ്ഥകൾ കണക്കിലെടുത്ത് അത് സ്വീകരിക്കുകയും ആന്തരിക നിലയെക്കുറിച്ച് അല്ലാഹുവിങ്കൽ ഭരമേല്പിക്കുകയും ചെയ്തു. ഈ സമയത്ത് ഞാനും എത്തി സലാം പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, അങ്ങ് മുഖം തിരിച്ച് കളഞ്ഞതല്ലോ, അല്ലാഹുവിൽ സത്യം. ഞാൻ കപട വിശ്വാസിയല്ല. അല്ലാഹുവിനെ കുറിച്ചുള്ള വിശ്വാസത്തിൽ എനിക്ക് അണുകിട സംശയവുമില്ല. അപ്പോൾ റസൂലുല്ലാഹി ﷺ ഇവിടെ വരൂ എന്ന് കല്പിച്ചതനുസരിച്ച് ഞാൻ തിരുമേനിയുടെ സമീപം പോയിരുന്നു. നീ യുദ്ധത്തിന് പുറപ്പെടാതിരിക്കാൻ കാരണമെന്താണ്? ഒട്ടകം വാങ്ങി തയ്യാറാക്കിയിരുന്നല്ലോ എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞാൻ ഇപ്പോൾ ഒരു സാധാരണ നേതാവിന്റെ അടുക്കലായിരുന്നെങ്കിൽ സ്വീകാര്യമായ എന്തെങ്കിലും കാരണങ്ങൾ പറഞ്ഞ് അദ്ദേഹത്തിന്റെ കോപത്തിൽ നിന്ന് രക്ഷപെടാമെന്ന് എനിക്ക് ഉറപ്പുണ്ട്. അല്ലാഹു അതിനുള്ള വാക്സാമർത്ഥ്യം എനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ എന്തെങ്കിലും വ്യാജകാരണങ്ങൾ പറഞ്ഞ് അങ്ങയെ തൃപ്തിപ്പെടുത്തുകയാണെങ്കിൽ അല്ലാഹു എന്റെ നേരെ കോപിക്കുന്നതാണ്. അങ്ങയോട് ശരിയായ വിവരം പറയുമ്പോൾ താങ്കൾക്ക് കോപമുണ്ടാകുമെങ്കിലും അല്ലാഹു ആ കോപത്തെ മാറ്റി തൃപ്തിപ്പെടുത്തുമെന്നും എനിക്കറിയാം. അതുകൊണ്ട് ഞാൻ ഇതാ സത്യം ബോധിപ്പിക്കുന്നു. അല്ലാഹുവിൽ സത്യം എനിക്ക് യുദ്ധത്തിന് പുറപ്പെടാതിരിക്കാൻ യാതൊരു കാരണവുമുണ്ടായിരുന്നില്ല. ഇതിന് മുമ്പൊരിക്കലും ഇല്ലാതിരുന്ന സാമ്പത്തിക സൗകര്യങ്ങളും സമയങ്ങളും എനിക്ക് ഉണ്ടായിരുന്നു.

സത്യം തുറന്ന് പറഞ്ഞതോടെ അതിഭയങ്കരമായ ഒരവസ്ഥ സംജാതമായി. അവരോട് സംസാരിക്കുന്നതിൽ നിന്നും ജനങ്ങളെ റസൂലുല്ലാഹി ﷺ വിലക്കി. കഅ്ബ് ؓ പ്രസ്താവിക്കുന്നു: ഞാൻ റസൂലുല്ലാഹി ﷺയുടെ സന്നിധിയിൽ ചെന്ന് സലാം പറയുകയും അതിന് മറുപടിയായി തിരുദൂതരുടെ ചുണ്ട് അനങ്ങുന്നുണ്ടോ എന്ന് ശ്രദ്ധിക്കുകയും ചെയ്യുമായിരുന്നു. ഫർള് നമസ്കാരത്തിന് ശേഷം തിരുദൂതരുടെ സമീപത്തുവെച്ച് തന്നെ സുന്നത്ത് നമസ്കരിക്കുകയും തിരുമേനി എന്ന് നോ

ക്കുന്നുണ്ടോ എന്ന് കടക്കണ്ണിട്ട് നോക്കുകയും ചെയ്തിരുന്നു. ഞാൻ നമസ്കാരത്തിൽ വ്യാപൃതനായിരിക്കുമ്പോൾ അവിടുന്ന് എന്റെമേൽ നോക്കുകയും ഞാൻ അങ്ങോട്ട് തിരിഞ്ഞാൽ എന്റെ ഭാഗത്ത് നിന്ന് മുഖംതിരിച്ച് കളയുകയും ചെയ്യും.

തുടർന്ന് അദ്ദേഹം വിവരിക്കുന്നു: ഈ അവസ്ഥയും മുസ്ലിംകളെല്ലാം എന്നോട് നിസ്സഹകരിക്കുകയും ചെയ്തപ്പോൾ എനിക്ക് വലിയ മനോവേദനയുണ്ടായി. ഞാൻ എന്റെ അടുത്ത സുഹൃത്തും പിതൃവ്യ പുത്രനുമായ അബൂഖതാദഃയുടെ വീട്ടിൽ ചെന്നു. അദ്ദേഹത്തിന്റെ മതിലിനു മുകളിൽ കയറി സലാം പറഞ്ഞെങ്കിലും അദ്ദേഹം അത് മടക്കിയില്ല. ഞാൻ അല്ലാഹുവിൽ സത്യം ചെയ്തുകൊണ്ട്, എനിക്ക് അല്ലാഹുവിനോടും അവന്റെ റസൂലിനോടും ഏറ്റവും കൂടുതൽ സ്നേഹമുണ്ടെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? അതിന് അദ്ദേഹം യാതൊരു മറുപടിയും പറഞ്ഞില്ല. രണ്ടാം പ്രാവശ്യം ഞാൻ സത്യംചെയ്തുകൊണ്ട് ഇപ്രകാരം ചോദിച്ചു. അപ്പോഴും അദ്ദേഹം ഒന്നുംമിണ്ടാതെ മൗനമായിരുന്നു. മൂന്നാമതും ഞാൻ സത്യംചെയ്തുകൊണ്ട് ചോദിച്ചപ്പോൾ അല്ലാഹുവിനും അവന്റെ റസൂലിനും മാത്രം അറിയാം എന്ന് മാത്രം അദ്ദേഹം പറഞ്ഞു. ഈ മറുപടി കേട്ടയുടനെ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. ഞാൻ അവിടെനിന്നും മടങ്ങിപ്പോയി.

പ്രശ്നം അതുകൊണ്ടും തീർന്നില്ല. ബഹിഷ്കരണത്തിന്റെ അലിയൊളികൾ അവരുടെ ഭാര്യമാരിൽ വരെ ചെന്നെത്തി. ഭാര്യമാരിൽ നിന്നും അവർ മാറി താമസിക്കാൻ കല്പന വന്നു. അദ്ദേഹം അത് പാലിക്കുകയും ചെയ്തു. കഅ്ബ് ﷺ ന്റെ മാനസിക ദുഃഖവും പ്രയാസവും ജനങ്ങളുടെ ബഹിഷ്കരണവും റസൂലുല്ലാഹി ﷺയുടെ അവഗണനയും പാരമ്യം പ്രാപിച്ച സന്ദർഭത്തിൽ സിറിയൻ രാജാവിന്റെ ദൂതൻ വന്ന് ഒരു കത്ത് നൽകി. അതിന്റെ ഉള്ളടക്കം ഇതായിരുന്നു: താങ്കളുടെ കൂട്ടുകാരൻ താങ്കളോട് പരുശമായി പെരുമാറുന്നതായി എനിക്ക് വിവരം കിട്ടി. അല്ലാഹു താങ്കൾക്ക് നിന്ദ്യമായ ഒരു സ്ഥാനം കല്പിച്ചിട്ടില്ല. താങ്കൾ പാഴ്വസ്തുവുമല്ല. അതുകൊണ്ട് താങ്കൾ നമ്മിലേക്ക് വരാം, ഞാൻ താങ്കളോട് നല്ലനിലയിൽ വർത്തിക്കുന്നതാണ്. ഈകത്ത് വായിച്ചതോടെ കഅ്ബ് ﷺ ന്റെ മനസ്സിൽ രോഷത്തിന്റെ മിന്നൽ പാളി. അദ്ദേഹം ഒരടുപ്പിനടുത്തേക്ക് പോയി കത്ത് അതിൽ വലിച്ചെറിഞ്ഞു.

ഈ മൂന്ന് സത്യവിശ്വാസികളുടെയും പരീക്ഷണം പൂർത്തിയായപ്പോൾ അല്ലാഹു ഖുർആനിൽ അവരെ പരാമർശിച്ചുകൊണ്ട് അവരുടെ സ്മരണ ശാശ്വതമാക്കി. ഒരു ഭാഗത്ത് മുസ്ലിംകൾ എക്കാലവും പഠിക്കാൻ പറ്റിയ ഒരു പാഠം പകർന്നു. മറുഭാഗത്ത് അവരുടെ ഈമാനിക

ശക്തിയും ഇസ്‌ലാമിക സൗന്ദര്യവും അടിവരയിട്ട് മനസ്സിലാക്കിതന്നു. അല്ലാഹു അവരുടെ സ്വീകാര്യത ഖുർആനിലൂടെ പ്രഖ്യാപിച്ചു: "തീർച്ചയായും പ്രയാസത്തിന്റെയും ഞെരുക്കത്തിന്റെയും ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്ന മുഹാജിറുകളുടെയും അൻസ്വാറുകളുടെയും നേരെ അല്ലാഹു കനിഞ്ഞ് മടങ്ങിയിരിക്കുന്നു. അവരിൽ ഒരു വിഭാഗത്തിന്റെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിന് ശേഷം അല്ലാഹു അവരുടെ നേരെ കനിഞ്ഞ് മടങ്ങി. തീർച്ചയായും അവൻ അവരോട് ഏറെ കൃപയുള്ളവനും കരുണാനിധിയുമാകുന്നു. പിന്നേക്ക് മാറ്റിവെക്കപ്പെട്ട മൂന്ന് പേരുടെമേലും അല്ലാഹു കനിഞ്ഞ് മടങ്ങിയിരിക്കുന്നു. ഭൂമി വിശാലമായിട്ടുകൂടി അത് അവർക്ക് ഇടുങ്ങിയതായി തോന്നുകയും തങ്ങളുടെ മനസ്സുകൾ തന്നെ അവർക്ക് ഞെരുങ്ങിപ്പോകുകയും അല്ലാഹുവിങ്കൽ നിന്ന് രക്ഷനേടാൻ അവങ്കലല്ലാതെ അഭയസ്ഥാനമില്ലെന്ന് അവർ മനസ്സിലാക്കുകയും ചെയ്തപ്പോൾ അവൻ വീണ്ടും അവരുടെമേൽ കനിവേകി. അവർ ഖേദിച്ച് മടങ്ങുന്നവരായിരിക്കുവാൻ വേണ്ടിയത്രെ അത്. തീർച്ചയായും അല്ലാഹു ഏറെ പശ്ചാത്താപംസ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു." (തൗബ 118,119)

## സകാത്ത് നിർബന്ധമാകുന്നു

ഇതേവർഷം സകാത്ത് നിർബന്ധമാക്കിക്കൊണ്ടുള്ള നിയമം ഇറങ്ങി. സമ്പന്നരായ ആളുകളുടെ സമ്പത്ത് ഒരു പ്രത്യേക അളവിലായാൽ അതിന്റെ നാല്പതിലൊരു ഭാഗം സാധുക്കൾക്ക് കൊടുക്കൽ നിർബന്ധമാക്കി. ഇസ്‌ലാമിലെ അഞ്ച് സ്തംഭങ്ങളിൽ ഒന്നാണിത്. ഇതിലൂടെ ഇസ്‌ലാം സാധുക്കളോട് സഹാനുഭൂതിയും ഗുണകാംക്ഷയും അനുയായികളെ പഠിപ്പിക്കുന്നു. ഇതിൽ ഒരു ഭാഗത്ത് സാധുക്കളെ സ്വന്തം സഹോദരങ്ങളായി കാണുന്നതോടൊപ്പം മറുഭാഗത്ത് അല്ലാഹു കനിഞ്ഞരുളിയ അനുഗ്രഹങ്ങൾക്ക് നന്ദിരേഖപ്പെടുത്താനുള്ള മാനസികാവസ്ഥയും ഉണ്ടായിത്തീരുന്നു.

## കടുത്ത അവസ്ഥകൾ അവസാനിക്കുന്നു

റസൂലുല്ലാഹി ﷺയുടെ അനുഗ്രഹീത ജീവിതം ഇപ്പോൾ 62-ാം വയസ്സിലേക്ക് പ്രവേശിച്ചു. പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പുള്ള 40 വർഷങ്ങൾ വളരെ സംശുദ്ധവും സ്തുത്യർഹവുമായ ജീവിതമായിരുന്നു. നാടും കുടുംബവും റസൂലുല്ലാഹി ﷺ യെ സ്നേഹിച്ച് ആദരിച്ചു. തുടർന്ന് പ്രബോധന സംസ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിൽ ആദ്യത്തെ 14 വർഷം കഠിന ത്യാഗങ്ങളുടേതായിരുന്നു. ശത്രുക്കൾ അക്രമങ്ങൾ അഴിച്ചുവിട്ടു. എന്നാൽ റസൂലുല്ലാഹി ﷺ യും സ്വഹാബികളും സ

ഹനത മുറുകെപിടിച്ചു. അവസാനം വധിക്കുവാൻ ഗൂഢാലോചന നടത്തപ്പെട്ടപ്പോൾ നാടുവിട്ട് മദീനയിലേക്ക് യാത്രയായി. അവിടെയും ശത്രുക്കൾ അക്രമത്തിന് വന്നപ്പോൾ പോരാട്ടത്തിന് അനുവാദം നൽകി. തുടർന്ന് ഏഴ് വർഷം ഏതാനും പോരാട്ടങ്ങൾ നടന്നു. അതിൽതന്നെ രണ്ട് വർഷം സന്ധിയിലായിരുന്നു. അതായത് ആറ് വർഷം മാത്രമാണ് പോരാട്ടങ്ങൾ നടന്നത്. പോരാട്ടങ്ങളിൽ അധികവും വിജയം ലഭിച്ചത് മുസ്‌ലിംകൾക്കാണ്. എന്നാൽ ഈ വിജയങ്ങൾക്കിടയിലും റസൂലുല്ലാഹി ﷺ സമാധാനത്തെ സ്നേഹിക്കുകയും വിശാലമായ കാരുണ്യം പുലർത്തുകയും ചെയ്തു. ഈ കാലയളവിൽ നടന്നിട്ടുള്ള നഷ്ടങ്ങളുടെ കണക്ക് തീർച്ചയായും ലോകത്ത് സമാധാനത്തിന്റെ വായ്ത്താരികൾ ഉയർത്തുന്ന ആളുകൾക്ക് അത്ഭുതം പകരാതിരിക്കില്ല. അതുകൊണ്ട് അത് ചെറുതായ നിലയിൽ വിവരിക്കുകയാണ്.

## മുസ്‌ലിം അമുസ്‌ലിം പോരാട്ടങ്ങൽ ഒരു താരമത്യം

റസൂലുല്ലാഹി ﷺയ്ക്ക് നിർബന്ധിത സാഹചര്യത്തിൽ നടത്തേണ്ടി വന്ന പോരാടങ്ങളുടെ ഫലമായി 451 മുസ്‌ലിംകളും 459 അമുസ്‌ലിംകളും മാത്രമാണ് മരണപ്പെട്ടത്. 300 പേരാണ് ഇരുഭാഗത്തു നിന്നും മുറിവേറ്റിട്ടുള്ളത്. 11 മുസ്‌ലിംകൾ തടവിൽപിടിക്കപ്പെട്ടപ്പോൾ 6546 ശത്രുക്കൾ തടവിൽ പിടിക്കപ്പെട്ടു. എന്നാൽ ഇവരിൽ 6347 പേരും ഒന്നും വാങ്ങാതെയോ തുച്ഛമായ വല്ലതും വാങ്ങിയോ വെറുതെ വിടപ്പെട്ടു.

അതെ, ഇസ്‌ലാമിൽ പോരാട്ടം വെറു അധികാരത്തിന്റെ അപ്പക്ഷെണത്തിന് വേണ്ടിയുള്ളതല്ല. സത്യത്തിന്റെയും സദാചാരത്തിന്റെയും സംസ്ഥാപനത്തിന് വേണ്ടിയുള്ളതാണ്. അത് സ്വീകരിക്കുകയോ പ്രചരിപ്പിക്കാൻ സമ്മതിക്കുകയോ ചെയ്താൽ പിന്നെ പോരാട്ടമില്ല. ഇക്കാര്യം പരിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുണ്ട് (ഹജ്ജ് 31, ബഖറ 193).

ബദ്ർ യുദ്ധത്തിലെ 72 തടവുകാരിൽ 70 പേരെ റസൂലുല്ലാഹി ﷺ പകരം വാങ്ങി മോചിപ്പിച്ചു. അവർ തടവിലായിരുന്ന സന്ദർഭത്തിൽ അതിഥികളെപ്പോലെയാണ് മുസ്‌ലിംകൾ അവരോട് വർത്തിച്ചത്. സ്വന്തം കുടുംബത്തെ പട്ടിണികിടത്തി തടവുകാർക്ക് അവർ ആഹാരം നൽകിയിരുന്നു. ബനുമുസ്തലത്ത് യുദ്ധത്തിൽ നൂറിലേറെ സ്ത്രീപുരുഷന്മാർ തടവിൽ പിടിക്കപ്പെട്ടു. ഒരു പകരവും വാങ്ങാതെ അവരെ മോചിപ്പിച്ചു. ഹുദൈബിയയിൽ വെച്ച് 80 അക്രമികളെ പിടികൂടി ഒന്നും വാങ്ങാതെ അവരെ മോചിപ്പിച്ചു ഹുനൈനിൽ 6000 സ്ത്രീ-പുരുഷ തടവുകാരെ ഒന്നും വാങ്ങാതെയും അങ്ങോട്ട് സമ്മാനങ്ങൾ നൽകിയും മോചിപ്പിച്ചു.

റസൂലുല്ലാഹി ﷺ യുദ്ധത്തിനിടയിൽ സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും വധിക്കുന്നതിനെ തടഞ്ഞിരുന്നു. മൃതദേഹങ്ങൾ വികൃത

മാക്കരുതെന്നും കരാർ ലംഘിക്കരുതെന്നും ഉണർത്തിയിരുന്നു.

റസൂലുല്ലാഹി ﷺ ഈ മാർഗത്തിലൂടെ സ്വയം സഞ്ചരിക്കുക മാത്ര മല്ല, പ്രിയപ്പെട്ട ശിഷ്യരെ പരിശീലിപ്പിക്കുകയും സമുദായത്തെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. മുസ്ലിംകൾ എല്ലാ കാലഘട്ടത്തിലും ഈ അദ്ധ്യാപനങ്ങൾ പഠിക്കുകയും പകർത്തുകയും ചെയ്യുന്നത് വളരെയധികം ശ്രദ്ധിച്ചിട്ടുണ്ട്. തത്ഫലമായി റസൂലുല്ലാ ഹിﷺയ്ക്ക് ശേഷം സ ഹാബത്തും തുടർന്ന് മുസ്ലിം പോരാളികളും ഈ നിയമമര്യാദകൾ പൊതുവിൽ പാലിക്കുകയും ഉണ്ടായി. ഇറാഖ്, സിറിയ, ഈജിപ്ത്, ഇ റാൻ, ഖുറാസാൻ മുതലായ നൂറുകണക്കിന് നാടുകളും നഗരങ്ങളും കേന്ദ്ര സ്ഥലങ്ങളും മുസ്ലിങ്ങൾ പിൽക്കാലങ്ങളിൽ കീഴടക്കിയെങ്കി ലും അവിടങ്ങളിൽ രക്തപ്പുഴകൾ ഒഴുക്കപ്പെടുകയോ അക്രമണ പരമ്പ രകൾ സൃഷ്ടിക്കപ്പെടുകയോ ചെയ്തിട്ടില്ല.

അതെ, ഇങ്ങനെയുള്ള ഇസ്ലാമിനെയും ഇസ്ലാമിന്റെ നായകനാ യ മുഹമ്മദ് റസൂലുല്ലാഹിﷺയെയും മഹാൻമാരായ മുൻഗാമികളെയും കുറിച്ചാണ് ഭീകരവാദികൾ, യുദ്ധക്കൊതിയന്മാർ, അക്രമികൾ എന്നൊ ക്കെ പ്രജണ്ടമായി പ്രചരിപ്പിക്കുന്നത്. റസൂലുല്ലാഹിﷺയുടെ ഈ പോരാട്ടങ്ങളുടെ മഹത്വം കൂടുതൽ പ്രകടമാകുന്നത് അന്ധമായ ഇസ് ലാം വിരോധം കൊണ്ട് ആരോപണങ്ങൾ ഉന്നയിക്കുന്നവ രുമായി ബ ന്ധപ്പെട്ട ആളുകളുടെ യുദ്ധകുറ്റങ്ങൾ പഠിക്കുമ്പോഴാണ്. ഫ്രഞ്ച് വിപ്ല വം അരങ്ങേറിയപ്പോൾ ഒരോരുത്തരെയും വധിക്കുന്നതിന് പകരം നൂ റുകണ ക്കിന് ആളുകളെ ഒന്നിച്ച് വധിക്കാൻ പറ്റുന്ന ആയുധങ്ങൾ ഉപ യോഗിക്കുകയുണ്ടായി. ഫ്രഞ്ച് വിപ്ലവത്തിൽ 26 ലക്ഷം ജനങ്ങളാണ് കൊല്ലപ്പെട്ടതെന്ന് ഫ്രഞ്ച് ചരിത്രകാരന്മാർ തന്നെ ചൂണ്ടിക്കാട്ടുന്നു. റ ഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിൽ ഒരു കോടിയിലേറെ മനുഷ്യർ കൊല്ലപ്പെടുകയും ലക്ഷങ്ങളെ തടവറയിൽ ആക്കുകയും ചെയ്തു. 1914 ൽ അരങ്ങേറിയ ലോകമഹായുദ്ധത്തിൽ യൂറോപ്യൻ രാജ്യങ്ങൾ അഴി ച്ചുവിട്ട അക്രമങ്ങൾ ഇന്നും ഭയമുളവാക്കുന്നു. അന്ന് 1700000 റഷ്യക്കാ രെയും 1370000 ഫ്രഞ്ചുകാരെയും 420000 ഇറ്റലിക്കാരെയും 800000 ആ സ്ട്രേലിയക്കാരെയും 720000 ബ്രിട്ടീഷുകാരെയും 100000 ബൾഗേറിയ ക്കാരെയും 100000 റോമേനിയക്കാരെയും 100000 ആസ്ട്രിയക്കാ രെയും 205000 തുർക്കികളെയും 102000 ബെൽജിയക്കാ രെയും 50000 അമേരി ക്കക്കാരെയും വധിക്കുകയു ണ്ടായി. ആകെ 7338000 മനുഷ്യരെയാണ് അന്ന് കൊന്നൊടുക്കിയത്. ഈ യുദ്ധം നാലു വർഷം നീണ്ടു. മറുഭാഗ ത്ത് ഇസ്ലാമിലെ 8 വർഷത്തെ പോരാട്ടങ്ങളി ലൂടെ കൊല്ലപ്പെട്ടത് 1000 പേരിൽ ഒരൽപം കൂടുതൽ ആളുകൾ മാത്രമാണ്. അതെ, ബുദ്ധിക്ക് ഇ

ന്നും മനസ്സിലാകാത്ത ന്യായങ്ങളുടെ പേരിൽ ലക്ഷങ്ങളെ കൊന്നുവീഴ്ത്തി അവർ. തീർത്തും ന്യായവും നിർബന്ധിതവുമായ പോരാട്ടങ്ങളിലൂടെ കൊല്ലപ്പെട്ട ആയിരത്തിൽ പരം പേരുടെ വിഷയത്തിൽ അക്രമത്തിന്റെയും തീവ്രവാദത്തിന്റെയും ആരോപണ മുന്നയിക്കും. 1938-42 ൽ അരങ്ങേറിയ രണ്ടാം ലോക മഹായുദ്ധത്തിലും ഇതുപോലെ തന്നെ ദുരന്തങ്ങൾ അരങ്ങേറി. ഒരു കോടി ആറു ലക്ഷം ആളുകളാണ് അന്ന് കൊല്ലപ്പെട്ടത്. മറുഭാഗത്ത് ഈ വഴിയിൽ ധാരാളം സമ്പത്തും ചെലവാക്കപ്പെട്ടു. അമേരിക്കയ്ക്കു മാത്രം 350 മില്യൺ ഡോളർ ചെലവായി. ഒരു കോടിയിൽ കൂടുതൽ ജനങ്ങൾക്ക് പാർപ്പിടം നഷ്ടപ്പെട്ടു. ലക്ഷക്കണക്കിന് ആളുകൾ നിത്യരോഗികളായി. ലക്ഷക്കണക്കിന് കുട്ടികൾ അണു വികിരണമേറ്റ് ഇപ്പൊഴും രോഗികളായി കഴിയുന്നു.

മറ്റൊരു രസകരമായ കാര്യം നേർക്കുനേരെ നിന്നുകൊണ്ടുള്ള പോരാട്ടമാണ്. യഥാർത്ഥത്തിൽ ധീരതയുടെ പോരാട്ടം. എന്നാൽ അമേരിക്ക രണ്ടാം ലോക മഹായുദ്ധത്തിൽ ഏകപക്ഷീയമായി ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബ് ഇടുകയും 275000 മനുഷ്യരെ നിമിഷ നേരത്തിനുള്ളിൽ ഭസ്മമാക്കുകയും ചെയ്തു. ആ പ്രദേശങ്ങളിൽ ഇന്നും അതിന്റെ ദുരന്തഫലങ്ങൾ നിറഞ്ഞു നിൽക്കുന്നു. അതെ, ഇതൊന്നും മാനവ ലോകത്തിന്റെ നന്മയ്ക്കു വേണ്ടിയോ ഉന്നത ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടോ ആയ പോരാട്ടങ്ങളുമല്ല. പ്രദേശങ്ങൾ കയ്യടക്കുകയും സ്വന്തം ആളുകളെ ഉയർത്തുകയും മറ്റുള്ളവരെ താഴ്ത്തുകയും ചെയ്യുക എന്നത് മാത്രമായിരുന്നു ഇവരുടെ ലക്ഷ്യം. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷവും ഇവർ അടങ്ങിയിരുന്നില്ല. 1955 ൽ കീഴടക്കാൻ പുറപ്പെട്ട അമേരിക്ക 15 ലക്ഷം മനുഷ്യരെ കൊന്നൊടുക്കി. 1990 ൽ ഗൾഫ് യുദ്ധം സൃഷ്ടിക്കുകയും ഒരു ലക്ഷം ആളുകളെ വധിക്കുകയും ചെയ്തു. ഒരു കാലത്തെ ലോകശക്തിയായിരുന്ന റഷ്യ അഫ്ഗാനിസ്ഥാനിൽ 1979-99 വരെയും പത്തു ലക്ഷത്തിലേറെ ആളുകളെ വധിക്കുകയുണ്ടായി(സഫാ ടൈംസ്, ഡൽഹി, ഏപ്രിൽ-2006). പാശ്ചാത്യരെ സംബന്ധിച്ചു ഗഗനമായി പഠിച്ച മൗലാനാ അബ്ദുൽ മാജിദ് ദരിയാബാദി പാശ്ചാത്യരുടെ യുദ്ധക്കുറ്റങ്ങൾ അവരുടെ വാക്കുകളിൽ തന്നെ ഉദ്ധരിച്ചിട്ടുണ്ട്. അതിൽ ചില വാചകങ്ങൾ അത്യന്തം ചിന്താവഹമായതിനാൽ ഇവിടെ ഉദ്ധരിക്കുകയാണ്. ആസ്ട്രേലിയൻ സേനാനായകൻ എഫ്. പി. ഗ്രാമർ, എ ബ്രാസ് നേഷൻ നോ മാൻസ് ലാന്റ് എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ പേരു തന്നെ ഒരു വലിയ സന്ദേശമാണ്. അദ്ദേഹം കുറിക്കുന്നു, അദ്ദേഹം തങ്ങളുടെ സഖ്യകക്ഷികളെ ഇപ്രകാരം വിവരിക്കുന്നു. "ബ്രിട്ടീഷ് സൈനിക ഉദ്യോഗസ്ഥരുടെ വീക്ഷണത്തിൽ അവരുടെ പോരാളികൾ വെറും തോക്കി

ന്റെ ഉണ്ടകൾ മാത്രമാണ്. പാഷ്ചാത്യർ യുദ്ധത്തിന്റെ ലക്ഷ്യം നന്മയുണ്ടാക്കുക എന്നാണ് പറയുന്നതെങ്കിലും അത് വെറും പറച്ചിൽ മാത്രമാണ്. കാരണം, അവരുടെ ഒരു നായകൻ സൈന്യത്തിന് മുന്നിൽ നടത്തിയ പ്രസംഗം ഇപ്രകാരമാണ്. മനുഷ്യത്വവും മാന്യതയും നിങ്ങൾ മറന്നുകളയുക, മനസ്സിനെ കല്ലാക്കി മാറ്റുക. മറ്റുള്ളവരുടെ വിഷയത്തിൽ അന്ധരും ബധിരരുമാകുക. ഇത് യുദ്ധം മാത്രമാണ്. ആയിരങ്ങളെ കൊന്നൊടുക്കലും സാധന സാമഗ്രികൾ എത്രയും പെട്ടെന്ന് നശിപ്പിക്കലും ചെയ്യലാണ് എന്റെ ജോലിയെന്ന് നിങ്ങളോരോരുത്ത രും മനസ്സിലാക്കണം. മറ്റുള്ളവരെ പറ്റിയുള്ള വെറുപ്പും വിദ്വേഷവും അവഗണനാ മനോഭാവവും നിങ്ങളിൽ പരിപൂർണമായും ഉണ്ടായിരിക്കണം(എ ബ്രാസ് നാഷൻ നോ മാൻസ് ലാന്റ് 40-106).

1857 ൽ ഒരു കോടി ഇന്ത്യക്കാരെയാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ വധിച്ചത്. തുടർന്നും ഇന്ത്യ മുഴുവൻ കൂട്ടക്കൊലകൾ അവർ പല സന്ദർഭങ്ങളിലായി നടത്തി. ഇതിന്റെ കണക്കുകൾ ഇന്ത്യൻ ചരിത്രകാ രനായ പ്രൊ. അമ്രേശ് മിശ്ര, വാർ ഓഫ് സിവിലേഷൻ ഇന്ത്യ റോഡ് ഓഫ് ടു ഡൽഹി എ.ഡി 1857 എന്ന രചനയിൽ കണക്കുകൾ ഉദ്ധരിച്ച് വിവരിക്കുന്നുണ്ട്.

എന്നാൽ, പ്രവാചക ജീവിതത്തിലെ 23 വർഷ കാലഘട്ടത്തിലെ അവസാന 8 വർഷത്തിൽ നിർബന്ധിതാവസ്ഥയിൽ നടത്തേണ്ടി വന്ന പോരാട്ടങ്ങളെയും അതിലൂടെ കൊല്ലപ്പെട്ട വെറും ആയിരത്തിൽപരം ആളുകളുടെ എണ്ണത്തെയും പെരുപ്പിച്ച് കാട്ടുകയും ലോകം മുഴുവൻ ഇസ്‌ലാമിനെക്കുറിച്ച് ഭീകരതയുടെ കാഹളം മുഴക്കുകയും ചെയ്യുന്ന പാശ്ചാത്യ നാഗരികതകളുടെ നേതാക്കൾ ജനാധിപത്യത്തന്റെയും സ്വാതന്ത്ര്യത്തിന്റെയും വാദങ്ങൾ നടത്തിക്കൊണ്ട് ഈ ലോകത്ത് പരസ്യമായ നിലയിൽ കാട്ടിക്കൂട്ടിയ അക്രമങ്ങൾ. അതെ, ഇസ്‌ലാമിക ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് മൂന്നുനാലാളുകൾ അജ്ഞാതമായ ഏതെങ്കിലും കൈകളാൽ കൊല്ലപ്പെട്ടാൽ പാശ്ചാത്യ മാധ്യമങ്ങൾ ലോകം മുഴുവൻ ഇസ്‌ലാമിനും മുസ്‌ലിങ്ങൾക്കുമെതിരിൽ പ്രചാരണങ്ങൾ നടത്തുന്നതാണ്. മറുഭാഗത്ത് അവർ മുമ്പ് നടത്തുകയും ഇന്ന് നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന മനുഷ്യത്വ രഹിതമായ മുഴുവൻ പ്രവർത്തനങ്ങളെയും അക്രമങ്ങളെയും സൗകര്യപൂർവ്വം വിസ്മരിക്കുകയും ലഘൂകരിച്ച് ചിത്രീകരിക്കുകയും ചെയ്യും. ഒരു അറബി കവി പറഞ്ഞത് സത്യം തന്നെ, ഏതെങ്കിലും വനാന്തരത്തിൽ ഒരു വ്യക്തി കൊല്ലപ്പെടുന്നത് പൊറുക്കപ്പെടാൻ പറ്റാത്ത മഹാ പാതകമാണ്. എന്നാൽ, സമാധാനത്തോടു കൂടി കഴിയുന്ന ഒരു സമൂഹത്തെ മുഴുവനും വധിക്കുന്നത് നിസാരമായി അന്വേഷിക്കപ്പെടേണ്ട ഒരു കാര്യവും!

## വാഹക സംഘങ്ങളുടെ വർഷം

ഹിജ്രി ഒൻപതിൽ നടന്ന തബൂക് യാത്രയോടെ മുസ്‌ലിംകൾക്ക് മുന്നിൽ യുദ്ധത്തിന്റെ സാഹചര്യങ്ങളെല്ലാം അവസാനിച്ചു. അറേബ്യൻ ഉപഭൂഖണ്ഡം മുഴുവൻ റസൂലുല്ലാഹി ﷺ യുടെ നായകത്വം അംഗീകരിച്ചു. റസൂലുല്ലാഹി ﷺ യുടെ സന്ദേശങ്ങൾ പ്രചരിക്കുകയും എല്ലാവർക്കും താല്പര്യം ജനിക്കുകയും ചെയ്തു. ഇത്തരുണത്തിൽ ഹിജ്റ ഒൻപതിന് മദീനയിലേക്ക് ഓരോ പ്രദേശങ്ങളിൽ നിന്നും വാഹകസംഘങ്ങൾ വരാൻതുടങ്ങി. ബനൂതമീം, ബനൂആമിർ, ബനൂസഅദ്, അബ്ദുൽ ഖൈസ്, ബനൂഹനീഫ, ബനൂതയ്, ബനുസബീദ്, ഹിന്ദ, ഹിംയർ, ബനൂഹാരിസ്, ഹംദാൻ, അദിയ്യ്, അസ്ദ് എന്നിങ്ങനെ ധാരാളം സംഘങ്ങൾ വരുകയും റസൂലുല്ലാഹി ﷺ യുമായി സന്ധിക്കുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു (ഇബ്നു ഇസ്ഹാഖ്). ബനൂഹനീഫയുടെ കൂട്ടത്തിൽ മുസയ്‌ലിമതുൽ കദ്ദാബുമുണ്ടായിരുന്നു. ഇയാൾ ആദ്യം ഇസ്‌ലാം സ്വീകരിച്ചുവെങ്കിലും ശേഷം മുർത്തദ്ദാവുകയും കള്ളപ്രവാചകത്വം വാദിക്കുകയും ചെയ്തു.

ഈ സംഘങ്ങൾ അറേബ്യയുടെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ളവരായിരുന്നു. റസൂലുല്ലാഹി ﷺ എല്ലാവരെയും സ്നേഹത്തോടെ സ്വീകരിച്ചു. അവരുമായി കൂടിയിരിക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. അവരിൽ പലരും പലതരം അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും കഴിഞ്ഞവരായിരുന്നു. റസൂലുല്ലാഹി ﷺ അതെല്ലാം സ്നേഹപൂർവ്വം തിരുത്തുകയും അതിനെ എല്ലാവരും ഏകലക്ഷ്യത്തിലും മാർഗത്തിലും വരുകയും ചെയ്തു. (സാദുമആദ്). മറുഭാഗത്ത് അവശേഷിച്ച ചില സ്ഥലങ്ങളിലേക്ക് റസൂലുല്ലാഹി ﷺ വിവിധ സംഘങ്ങളെ അയയ്ക്കുകയും അവർ അവിടെയെല്ലാം ഇസ്‌ലാമിക സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. അങ്ങനെ അറേബ്യൻ പ്രദേശം മുഴുവനും റസൂലുല്ലാഹി ﷺ യെ അംഗീകരിച്ച അവസ്ഥ സംജാതമായി.

ഹിജ്റ ഒൻപതിന്റെ അവസാന ഭാഗത്തുള്ള ഹജ്ജിന്റെ നേതൃത്വത്തിന് റസൂലുല്ലാഹി ﷺ അബൂബക്ർ رضي الله عنه വിന്റെ ഒരു സംഘത്തെ അയച്ചു. അബൂബക്ർ رضي الله عنه ഹജ്ജിന് നേതൃത്വം നൽകി. അലിയ്യ് رضي الله عنه അതിനിടയിൽ ഇപ്രകാരം പ്രഖ്യാപനം നടത്തി. "ബഹുദൈവാരാധനയുടെ വ്യവസ്ഥിതി ഇവിടെ അവസാനിച്ചിരിക്കുന്നു. മക്കയിൽ ഇനി ബഹുദൈവാരാധന പാടില്ല. ഇവിടെ തൗഹീദ് മാത്രമേ പാടുള്ളൂ." (അൽഹുദായ അൽവിദായ)

# 7

# ഹജ്ജത്തുൽ വിദാഅ്

അറേബ്യയുടെ കേന്ദ്ര നഗരമായ മക്കാ മുകർറമ ഇസ്‌ലാമിന്റെ കൊ ടിക്കീഴിലാകുകയും, അയൽനാടുകളിലുണ്ടായിരുന്ന ഖവാസിൻ, സഖീ ഫ് തുടങ്ങിയ ഗോത്രക്കാരെല്ലാം ഇസ്‌ലാമിനെതിരിൽ നടത്തിയ ശ്രമ ങ്ങൾ പരാജയപ്പെട്ട് അവരെല്ലാം ഇസ്‌ലാമിനു കീഴിൽ അണിനിരക്കുക യും, അറബികളെല്ലാം ഇസ്‌ലാമിന്റെ മേൽക്കോയ്മ അംഗീകരിക്കാൻ തയ്യാറാവുകയും ചെയ്തതോടെ മുസ്‌ലിംകൾക്ക് മറ്റൊരു യുദ്ധത്തെ നേരിടേണ്ടി വരുമെന്ന ഭയമില്ലാതായി. തടസ്സങ്ങളെല്ലാം നീങ്ങിയതോ ടെ നബി ﷺ അനുസരണയുള്ള ഒരു പ്രബല സംഘത്തെ അറബികളു ടെ ദീനീ കേന്ദ്രമായിരുന്ന മക്കയിൽ ഹജ്ജിന്റെ സന്ദർഭത്തിൽ ഒരുമിച്ചു കൂട്ടൽ അനുയോജ്യമായി കണ്ടു. ഹജ്ജും നിർവ്വഹിക്കാം, അവരെല്ലാം ഒരേ സ്ഥലത്ത് ഒരുമിച്ചു കൂടുമ്പോൾ അവരോട് പൊതുവായി പറയാ നുള്ളതെല്ലാം പറയുകയും ചെയ്യാം.

അപ്രകാരം തങ്ങളുടെ അനുയായികളിൽ നിന്നും ഒന്നേകാൽ ല ക്ഷം പേർ ഒരുമിച്ചു കൂടി ഹജ്ജ് നിർവ്വഹിച്ചു. തങ്ങളുടെ ഹജ്ജ് ഇസ് ലാമിക പ്രബോധനം സമ്പൂർണ്ണതയിലേക്ക് എത്തിയതിന്റെയും ഇസ് ലാമിക ഭരണവ്യവസ്ഥ നിലവിൽ വന്നതിന്റെയും ഒരു വിളംബരം കൂടി യായിരുന്നു. അത് തങ്ങളുടെ മദീനാ മുനവ്വറയിലെ ജീവിതത്തിലെ ആ ദ്യത്തെയും അവസാനത്തെയും ഹജ്ജായിരുന്നു. ഇതിൽ മുസ്‌ലിംകൾ ക്ക് അവർ ചേയ്യേണ്ട കാര്യങ്ങളെ കുറിച്ച് പൊതുവായ നിർദ്ദേശങ്ങൾ നൽകപ്പെട്ടു. നബി ﷺയുടെ കാലം വരെയും പൂർത്തിയായിട്ടില്ലാതിരു ന്ന ദീൻ സമ്പൂർണ്ണമായതായും അറിയിക്കപ്പെട്ടു. നബി ﷺ ഹജ്ജ് വേള യിൽ നടത്തിയ പ്രസംഗങ്ങളിൽ ഭാവിയിലേക്കുള്ള നിർദ്ദേശങ്ങളും, ഇ സ്‌ലാമിക സ്വഭാവ രീതികളുടെ വ്യക്തമായ വിളംബരവും, മാനുഷിക

ഗുണങ്ങളുടെ സമ്പൂർണ്ണതയും ജീവിതത്തെകുറിച്ച് വിശദവും പരിപൂർണ്ണവുമായ ഒരു രീതി തന്നെ വിവരിച്ചു. ദീൻ സമ്പൂർണ്ണമായതായി അറിയിക്കുന്ന പരിശുദ്ധ ഖുർആൻ ആയത്തും ഈ സമയം ഇറങ്ങി. (മുൻ കഴിഞ്ഞ നബിമാരിലൂടെ മനുഷ്യരിലേക്ക് എത്തിക്കൊണ്ടിരുന്നതായ) നിങ്ങളുടെ ദീൻ നിങ്ങൾക്കു നാം പരിപൂർണ്ണമാക്കി തന്നിരിക്കുന്നു. അതിലൂടെ അവന്റെ അനുഗ്രഹം നിങ്ങളുടെ മേൽ സമ്പൂർണ്ണമാക്കുകയും, ദീനായി ഇസ്ലാമിനെ നിങ്ങൾക്കു തൃപ്തിപ്പെട്ടു നൽകുകയും ചെയ്തിരിക്കുന്നു . (മാഇദ: 3)

ഈ ഖുർആനിക വിളംബരത്തിൽ അടിസ്ഥാനപരമായ മൂന്നു കാര്യങ്ങൾ വിവരിച്ചിരിക്കുന്നു. ഒന്നാമതായി, ഭൂഗോളത്തിൽ മനുഷ്യവാസം ആരംഭിച്ചതു മുതൽ മനുഷ്യന്റെ നന്മക്കും, പ്രവർത്തനങ്ങൾ നന്നാക്കുന്നതിനുമായി നബിമാരിലൂടെ നിരന്തരമായി നൽകപ്പെട്ടിരുന്ന നിർദ്ദേശങ്ങൾ പരിപൂർണ്ണ മായിക്കഴിഞ്ഞിരിക്കുന്നു. ഇനി മാറ്റിത്തിരുത്തലുകളും, കൂട്ടിക്കുറയ്ക്കലുകളും ആവശ്യമായി വരാത്ത നിലയിൽ ദീനീ വിധിവിലക്കുകൾ സമ്പൂർണ്ണ മായിരിക്കുന്നു. അതിനായി പറഞ്ഞത്: ഞാൻ നിങ്ങളുടെ ദീനിനെ നിങ്ങൾക്കു പൂർത്തിയാക്കി തന്നിരിക്കുന്നു എന്നാണ്. രണ്ടാമത്തെ കാര്യം: മനുഷ്യ ജീവിതത്തിന് അത്യാവശ്യമായ ദീനിനെ പൂർത്തീകരിച്ചു നൽകിയിരിക്കുന്നു എന്നതാണ്. അതായത്, മനുഷ്യ സമൂഹത്തിനാകമാനവും, ഓരോരോ മനുഷ്യനും നന്മക്ക് ആവശ്യമായ പരിപൂർണ്ണവും സമ്പൂർണ്ണവുമായ മാതൃകയും നിങ്ങൾക്കായി നൽകി നിങ്ങളെ ആ ഉയർന്ന സ്ഥാനത്തേക്ക് എത്തിച്ചിരിക്കുന്നു. പിന്നീട് അതുമായി ബന്ധപ്പെട്ട് ഇതും കൂടി വ്യക്തമാക്കി: ദീനായി ഇസ്ലാമിനെ നിങ്ങൾക്കു തൃപ്തിപ്പെട്ടു നൽകുകയും ചെയ്തിരിക്കുന്നു അതായത് അല്ലാഹുവിന്റെ തൃപ്തി ദീനുൽ ഇസ്ലാമിന്റെ രൂപത്തിലായി നൽകിയിരി ക്കുകയാണ്. അല്ലാഹുവിന്റെ തൃപ്തി ഇപ്പോൾ അതിൽ മാത്രമാണ്. അതിനനുസൃതമായാണ് അല്ലാഹു മനുഷ്യന്റെ അമലുകളെ പരിഗണിക്കുക. അതാണ് അല്ലാഹു പറഞ്ഞത്: ദീനുൽ ഇസ്ലാമാണ് എനിക്ക് പ്രിയങ്കരവും, സ്വീകാര്യവുമായത്. ഇപ്രകാരം നബി ﷺയുടെ പ്രവാചകത്വവും, ദീനിന്റെ സന്ദേശവും ഈ ലോകത്ത് മനുഷ്യവാസമുള്ള കാലത്തോളം നിൽക്കേണ്ടതായി നിശ്ചയിച്ചു. നബി ﷺ ഈ സന്ദർഭത്തിൽ മനുഷ്യന്റെ ഉന്നതമായ മാനുഷിക മൂല്യങ്ങൾ സമത്വം, മനുഷ്യ ജീവന്റെ സംരക്ഷണം, നീതി തുടങ്ങിയവയുമായി ബന്ധപ്പെട്ട അതീവ പ്രാധാന്യമുള്ള പല നിർദ്ദേശങ്ങളും നൽകി. പിന്നീട് അവിടെയുണ്ടായിരുന്നവരോടു പറഞ്ഞു: ഇവിടെയുള്ളവർ ഇത് ഓർമ്മ വെക്കുകയും സന്നിഹിതരല്ലാത്തവർക്ക് ഇക്കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും ചെ

യ്യേണ്ടതാണ്. കാരണം, ചിലപ്പോൾ നേരിട്ടു കേൾക്കുന്നവരെക്കാളേറെ മറ്റൊരാൾ മുഖേന കേൾക്കുന്നവർ കേട്ട കാര്യത്തിന് കൂടുതൽ പ്രാധാന്യം നൽകിയേക്കാം.

### ഹജ്ജ് ഫർളാകുന്നു:

ഹിജ്റക്കു ശേഷം നബി ﷺ ഈ ഒരു ഹജ്ജ് മാത്രമാണ് ചെയ്തത്. ഇതായിരുന്നു തങ്ങളുടെ ആദ്യത്തെയും അവസാനത്തെയും ഹജ്ജ്. അതായത്, തങ്ങളുടെ പ്രവാചകത്വത്തിന്റെ ഉത്തരവാദിത്തം പൂർത്തീകരിച്ച് ഉമ്മത്തിനോടു യാത്ര പറഞ്ഞു പിരിയുന്ന സന്ദർഭം. അതിനു മുമ്പ് ഹജ്ജ് ഫർളായിരുന്നില്ല. ഹജ്ജ് ഫർളായത് നബി ﷺയുടെ വഫാത്തിന് ഒരു വർഷം മുമ്പ് ഹിജ്റ ഒമ്പതിലോ, പത്തിലോ ആയിരുന്നു. ഈ ഹജ്ജ് നബി ﷺ നൽകിയ ദീനീ നിർദ്ദേശങ്ങളാലും, ഉപദേശങ്ങളാലും സമ്പുഷ്ടമായിരുന്നു. ഇസ്‌ലാമിനെ ലോകത്ത് സജീവമാക്കാനായി ചെയ്ത പരിശ്രമങ്ങളിൽ നേടിയ വിജയം, ഇസ്‌ലാമിക സന്ദേശങ്ങളുടെ പരിപൂർണ്ണത കൈവരിക്കുന്നതിന്റെ വിളംബരം, കൂടാതെ മുസ്‌ലിം സമുദായത്തിന് ഖിയാമത്ത് നാൾ വരെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനുള്ള ഏറ്റവും നല്ല അവസരവുമായിരുന്നു അത്. കാരണം, നബി ﷺ യോടൊപ്പം ഹജ്ജ് ചെയ്യുകയെന്ന പുണ്യം നേടാനായി മുസ്‌ലിംകൾ വളരെ കൂടുതലായി ആ സന്ദർഭത്തിൽ ഒരുമിച്ചു കൂടിയിരുന്നു. ഇതിനുള്ള അവസരമുണ്ടായത് അല്ലാഹുവിന്റെ അന്തിമ ദൂതനും, മുസ്‌ലിം സമുദായത്തിന്റെ എന്നെന്നേക്കുമുള്ള വഴികാട്ടിയുമായ മുഹമ്മദ് ﷺയുടെ ജീവിതത്തിന്റെ അവസാന വർഷമായിരുന്നു. ഈ സന്ദർഭത്തിൽ റസൂലുല്ലാഹി ﷺ അന്ത്യനാൾ വരെയും തങ്ങളുടെ അനുയായികൾക്ക് അമൽ ചെയ്യാനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകി. ഒപ്പം ദീനിന്റെ ദഅ്‌വത്തിന്റെ ഉത്തരവാദിത്വവും നൽകി. കൂടാതെ, ഹജ്ജെന്ന ഇബാദത്ത് എപ്രകാരമാണ് നിർവ്വഹിക്കേണ്ടത് എന്നതിന്റെ കൃത്യമായ മാതൃകയും നൽകി.

### നബി ﷺ യുടെ ഹജ്ജ് യാത്ര:

അല്ലാമാ ഇബ്നുൽ ഖയ്യിമുൽ ജൗസിയുടെ സാദുൽ മആദ് എന്ന ഗ്രന്ഥത്തിൽ നിന്നും നബി ﷺയുടെ ഹജ്ജ് ഇവിടെ വിവരിക്കുകയാണ്. നബി ﷺ ഹജ്ജിന് പുറപ്പെടുന്നു എന്ന വിവരമറിഞ്ഞവരെല്ലാം നബി ﷺയോടൊപ്പം ഹജ്ജ് ചെയ്യുക എന്ന മഹത്തായ ഭാഗ്യം നേടാനായി തയ്യാറെടുപ്പുകളാരംഭിച്ചു. മദീനയുടെ ചുറ്റുഭാഗത്തുള്ള പ്രദേശങ്ങളിൽ നിന്നുള്ളവരും സംഘം സംഘമായി നബി ﷺ യോടൊപ്പം ഹജ്ജിനു പുറപ്പെടാ നായി വന്നെത്തിക്കൊണ്ടിരുന്നു. യാത്ര തുടങ്ങിയ ശേഷവും ഇ

പ്രകാരം സംഘം സംഘമായി ജനങ്ങൾ വന്ന് ചേർന്നു കൊണ്ടിരുന്നു. അങ്ങനെ മുന്നിലും പിന്നിലും വലതും ഇടതും കണ്ണെത്തുന്ന ദൂരത്തെല്ലാം കാണപ്പെടുന്നത് മനുഷ്യ മഹാസമുദ്രം മാത്രമായിരുന്നു. മദീനയിൽ നിന്നും ദുൽഖഅദ് 24 ന് ളുഹ്ർ നാലു റക്അത്ത് നമസ്കരിച്ചു യാത്ര തിരിച്ചു. യാത്ര തുടങ്ങുന്നതിനു മുമ്പായി ഒരു പ്രസംഗം നടത്തി. അതിൽ ഇഹ്റാം ചെയ്യുന്നതിനോടനുബന്ധമായി നിർബന്ധവും, സുന്നത്തുമായ കാര്യങ്ങൾ വിശദമാക്കി. പിന്നീട്, റസൂലുല്ലാഹി ﷺ വീടിനുള്ളി ലേക്കു കടന്ന് സുഗന്ധം പൂശി, തലമുടി ചീകി, മുണ്ടുടുത്തു. ഷാൾ പുതച്ചു യാത്ര തിരിച്ചു. മദീന വഴി ഹജ്ജ് ചെയ്യുന്നവർ ഇഹ്റാം ചെയ്യേണ്ടതായ ദുൽഹുലൈ ഫയിലെത്തി രണ്ടു റക്അത്ത് അസ്ർ നമസ്കരിച്ച് രാത്രി അവിടെ തന്നെ താമസിച്ചു. അസ്ർ, മഗ്രിബ്, ഇഷാ, സുബ്ഹി, ളുഹ്ർ നമസ്കാരങ്ങൾ അവിടെ തന്നെ നമസ്കരിച്ചു. ഭാര്യമാരെല്ലാം തങ്ങളോടൊപ്പമുണ്ടായിരുന്നു. നബി ﷺ എല്ലാ ഭാര്യമാരുടെയടുക്കലും കഴിഞ്ഞു കൂടി. ഇഹ്റാം ചെയ്യാൻ സമയമായപ്പോൾ വീണ്ടും കുളിച്ചു. ആഇഷ رضي الله عنها നബി ﷺയുടെ ശരീരത്തിലും തലയിലും സുഗന്ധം പൂശിക്കൊ ടുത്തു. പിന്നീട് നബി ﷺ ഇഹ്റാമിനായി മുണ്ടും ഉത്തരീ യവും മാത്രം ധരിച്ചു. പിന്നീട് രണ്ടു റക്അത്ത് ളുഹ്ർ മാത്രം നമസ്കരിച്ച് മുസ്വല്ലയിൽ ഇരുന്നു കൊണ്ട് ഹജ്ജിനും ഉംറക്കും നിയ്യത്തു ചെയ്ത് ശബ്ദത്തിൽ തൽബിയത്തു പറഞ്ഞു. നബി ﷺ ഈ സമയം ഖിറാനായി (ഹജ്ജും ഉംറക്കുമായി ഒരുമിച്ച്) ഇഹ്റാം ചെയ്തു. പിന്നീട് നബി ﷺ തൽബിയത്ത് പറഞ്ഞു. സ്വഹാബാക്കൾ കേൾക്കുന്ന നിലയിലുള്ള ശബ്ദത്തിലായിരുന്നു നബി ﷺ തൽബിയത്ത് പറഞ്ഞത്. അല്ലാഹുവിന്റെ കൽപന അനുസരിച്ച് ശബ്ദത്തിൽ തൽബി യത്ത് പറയാൻ നബി ﷺ സ്വഹാബാക്കൾക്ക് നിർദ്ദേശം നൽകി. പിന്നീട് നബി ﷺ തൽബിയത്ത് ആവർത്തിച്ചു പറഞ്ഞു കൊണ്ട് മുന്നോട്ടു നീങ്ങി. സ്വഹാബാക്കളും ചിലർ കൂടുതലും ചിലർ കുറച്ചും തൽബിയത്ത് പറഞ്ഞ് മുന്നോട്ടു നീങ്ങി. എന്നാൽ, നബി ﷺ ആരുടെയും പ്രവർത്തി യിൽ നീരസം പ്രകടിപ്പിച്ചില്ല.

**മക്കയിലേക്ക് കടക്കുന്നു:**

യാത്രയിൽ ഇസ്ഫാൻ താഴ്വര (മക്കയിൽ നിന്നും 80 കിലോമീറ്റർ) എത്തിയപ്പോൾ നബി ﷺ അബൂബക്ർ സ്വിദ്ദീഖ് رضي الله عنه നോട് ഇത് ഏതു താഴ്വരയാണ് എന്നു ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഇസ്ഫാൻ താഴ്വരയാണ്. അപ്പോൾ നബി ﷺ പറഞ്ഞു: ഈ താഴ്വരയിലൂടെയാണ് ഹൂദ് നബി عليه السلام, സ്വാലിഹ് നബി عليه السلام എന്നിവർ ചുവന്ന ഒട്ടകങ്ങളിൽ ഹജ്ജിന് വന്നത്. പിന്നീട്, (മക്കാ മുകർറമയിൽ നിന്നും ആറു കിലോ

മീറ്റർ ദൂരത്തുള്ള) സരിഫിൽ (നവാരിയ) എത്തിച്ചേർന്നു. അവിടെ നിന്ന് മക്കാ പട്ടണാതിർത്തി തുടങ്ങുന്ന സ്ഥലത്തുള്ള ദീത്വുവായിലെത്തി. ദുൽഹജ്ജ് നാല് ഞായറാഴ്ച രാത്രി അവിടെ കഴിച്ചു കൂട്ടി. സുബ്ഹി നമസ്കാര ശേഷം കുളിച്ച് മക്കാ മുകർറമയിലേക്ക് യാത്ര തിരിച്ചു. ഹുജൂൻ പ്രദേശത്തുള്ള കുന്നിലൂടെ മക്കാ മുകർറമയിലേക്ക് കടന്നു. പിന്നീട് തങ്ങൾ മുന്നിൽ നടന്ന് ളുഹാ സമയം മസ്ജിദിലേക്കു കടന്നു. ഇമാം ത്വബ്രി ഉദ്ധരി ക്കുന്നു: ബാബു ബനീ ശൈബ എന്ന പേരിൽ അറിയ പ്പെടുന്ന ബാബു അബ്ദിമനാഫിലൂടെയാണ് തങ്ങൾ കടന്നത്. കഅ്ബ കണ്ടപ്പോൾ നബി ﷺ ഇപ്രകാരം ദുആ ചെയ്തു:

അല്ലാഹുവേ, ഈ ഭവനത്തിന് നീ മഹത്വവും, സ്ഥാനവും, ആദരവും ഗാംഭീര്യതയും വർദ്ധിപ്പിക്കണേ. മറ്റൊരു രിവായത്തിൽ വരുന്നു: നബി കഅ്ബ കണ്ടപ്പോൾ കഅ്ബയെ നോക്കി കൈ ഉയർത്തി, അല്ലാഹു അക്ബർ എന്നു പറഞ്ഞു കൊണ്ട് ഈ ദുആ ചെയ്തു: അല്ലാഹുവേ, നീയാണ് രക്ഷ. നിന്നിൽ നിന്നാണ് രക്ഷ. രക്ഷിതാവെ ഞങ്ങളെ നീ രക്ഷയോടെ ജീവിപ്പിക്കണേ. അല്ലാഹുവേ, ഈ ഭവനത്തിന് അന്തസ്സും മഹത്വവും, ആദരവും, ഗാംഭീര്യതയും നീ വർദ്ധിപ്പിക്കണേ. ഈ ഭവനത്തിൽ ഹജ്ജോ ഉംറയോ ചെയ്യുന്നവർക്കും അന്തസ്സും മഹത്വവും, ആദരവും, ഗാംഭീര്യ തയും നന്മയും നീ നൽകണേ!

## ത്വവാഫും സഅ്യും

നബി ﷺ മസ്ജിദുൽ ഹറാമിൽ കടന്നപ്പോൾ കഅ്ബയുടെ അടുക്കൽ വരികയും തഹിയ്യത്തുൽ മസ്ജിദ് നമസ്കരി ക്കാതെ തന്നെ ഹജറുൽ അസ്‌വദ് ചുംബിക്കുകയും തിരക്കൊന്നും കൂട്ടാതെ വലതു ഭാഗത്തേക്കു നടക്കുകയും ചെയ്തു. പ്രത്യേക മായ ഒരു ദുആയും ചെയ്തില്ല. എന്നാൽ, ഹജറുൽ അസ്‌വദിനും റുക്നുൽ യമാനിയുടെയും ഇടയിൽ ഈ ദുആ ചെയ്തിരുന്നതായി സ്ഥിരപ്പെടുന്നുണ്ട്: അല്ലാഹുവെ, ഞങ്ങൾക്ക് നീ ഐഹിക ജീവിത ത്തിൽ നന്മ നൽകേണമേ, പരലോക ജീവിതത്തിലും നന്മ നൽകേണമേ, നരക ശിക്ഷയിൽ നിന്നും നീ ഞങ്ങളെ കാക്കേണമേ. (ബഖറ: 101)

നബി ﷺ ത്വവാഫിന്റെ ആദ്യ മൂന്നു ചുറ്റലിൽ പാദങ്ങൾ അടുപ്പിച്ചു വെച്ച് റംല് നടന്നു. വലതു തോൾ തുറന്നിട്ട് ഉത്തരീയത്തിന്റെ രണ്ടറ്റവും ഇടതു തോളിലിട്ട് ഇള്ത്തിബാഉം ചെയ്തു. ഹജറുൽ അസ്‌വദിന്റെ അടുത്തെ ത്തുമ്പോൾ വടികൊണ്ട് ഹജറുൽ അസ്‌വദ് തൊട്ടു ചുംബിച്ചിരുന്നു. ത്വവാഫിനു ശേഷം മഖാമു ഇബ്റാഹീമിനു പിന്നിലെത്തി: മ

ഖാമു ഇബ്റാഹീമിനെ നമസ്കാര സ്ഥലമാക്കുക (ബഖറ: 125) എന്ന ആയത്ത് ഓതി. പിന്നീട് അവിടെ രണ്ടു റക്അത്ത് നമസ്കരിച്ചു. നമസ് കാര ശേഷം ഹജറുൽ അസ്വദിന് അടുത്തെത്തി ചുംബിച്ചു. പിന്നീട് സ്വഫയുടെ അടുക്കലേക്ക് നടന്നു. അവിടെയെത്തി ഈ ആയത്ത് ഓ തി: (സ്വഫയും മർവ്വയും അല്ലാഹുവിന്റെ അടയാളങ്ങളാണ്. (ബഖറ: 158) പിന്നീട് അരുളി: (അല്ലാഹു ആരംഭിച്ചതു കൊണ്ട് ഞാനും ആരം ഭിക്കുന്നു). പിന്നീട് സ്വഫാ മലയുടെ മുകളിൽ കയറി കഅ്ബയിലേക്ക് തിരിഞ്ഞു നിന്നു കൊണ്ട് അല്ലാഹു അക്ബർ പറഞ്ഞു കൊണ്ട് ഈ ദു ആ പറഞ്ഞു: ഏകനായ അല്ലാഹു വല്ലാതെ മറ്റൊരാരാധ്യനുമില്ല. അ വനാണ് ആധിപത്യം. അവനാണ് സ്തുതി. അവനെല്ലാ കാര്യങ്ങ ൾ ക്കും കഴിവുള്ളവനാണ്. ഏകനായ അവനല്ലാതെ ആരാധ്യനില്ല. അവൻ അവന്റെ വാഗ്ദാനം പൂർത്തീകരിച്ചു. അവൻ തന്റെ ദാസനെ സഹായി ച്ചു. അവൻ ഒറ്റക്ക് സഖ്യകക്ഷികളെ പരാജയപ്പെടുത്തി. ഇപ്രകാ രം മൂന്നു പ്രാവശ്യം ദുആ പറഞ്ഞു. ശേഷം മർവ്വയിലേക്കു നടന്നു. ന ഷീബി ലെത്തിയപ്പോൾ ഓടി. ശേഷം വീണ്ടും സാധാരണ നിലയിൽ നടന്നു. മർവ്വയിലെത്തിയപ്പോൾ അതിനു മേൽ കയറി കഅ്ബയി ലേ ക്കു തിരിഞ്ഞ് തക്ബീർ ചൊല്ലിയ ശേഷം സ്വഫായിൽ ചെയ്ത ദുആ ചെയ്തു.

സ്വഫാ മർവ്വയിലെ സഅ്യ് അവസാനിച്ചപ്പോൾ ഒപ്പം അറുക്കാ നു ള്ള മൃഗം കൊണ്ടു വരാതിരുന്ന എല്ലാവരോടും ഉംറയുടെ അമലുകൾ പൂർത്തിയായതിനാൽ ഇഹ്റാമിൽനിന്നും ഒഴിവാകാൻ നിർദ്ദേശം നൽ കി. ദുൽഹജ്ജ് എട്ടു വരെ ഇഹ്റാമിലല്ലാതെ കഴിയാനും നിർദ്ദേശിച്ചു. നബി ﷺ ബലിയറുക്കാനുള്ള മൃഗത്തെ കൂടെ കരുതിയിരുന്നു. നബി ﷺ അരുളി: ഈ അവസ്ഥ ഞാൻ മുൻകൂട്ടി മനസ്സിലാക്കിയിരുന്നെങ്കിൽ ഞാൻ ബലി മൃഗം കൂടെ കരുതുകയി ല്ലായിരുന്നു. (ഉംറക്കു വേണ്ടി മാ ത്രമായി ഇഹ്റാം ചെയ്യുമാ യിരുന്നു.) ഈ സ്ഥലത്ത് നബി ﷺ മുടി വ ടിച്ചവർക്കു വേണ്ടി മൂന്നു പ്രാവശ്യവും വെട്ടിയവർക്കു വേണ്ടി ഒരു പ്രാ വശ്യവും ദുആ ചെയ്തു. മക്കയിൽ നിന്ന ദിവസങ്ങളിൽ നബി ﷺ നമ സ്കാരം ഖസ്ർ ചെയ്തിരുന്നു.

### ഹജ്ജിന്റെ ദിനങ്ങൾ

വ്യാഴാഴ്ച ദിവസം ളുഹാ സമയം സ്വഹാബാക്കളോടൊപ്പം മിനാ യിലേക്കു തിരിച്ചു. ഞായറാഴ്ച ദിവസം ഇഹ്റാമിൽ നിന്നും ഒഴിവായ വർ അന്നു സ്വന്തം താമസ സ്ഥലത്തു നിന്നും ഇഹ്റാം ചെയ്തു. അ വർ മസ്ജിദുൽ ഹറാമിലേക്കു പോയില്ല. മിനായിലെത്തി ളുഹ്റും അ സ്റും നമസ്കരിച്ചു. രാത്രി അവിടെ കഴിച്ചു കൂട്ടി, രാവിലെ അറഫയി

ലേക്കു തിരിച്ചു. അറഫയുടെ കിഴക്കു ഭാഗത്ത് നമിറയിൽ എത്തി കൂടാരം നിർമ്മിച്ചു. നബി ﷺ അതിൽ വിശ്രമിച്ചു. മദ്ധ്യാഹനത്തിനു ശേഷം തങ്ങളുടെ ഖസ്വാഅ് എന്ന ഒട്ടകപ്പുറത്തു കയറി വാദി അർനയുടെ താഴ്വരയിലെത്തി. അവിടെ വാഹനപ്പുറത്തിരുന്ന് നബി ﷺ കാര്യപ്രസക്തമായൊരു പ്രഭാഷണം നടത്തി: അതിൽ റസൂലുല്ലാഹി ﷺ ഇസ്‌ലാമിക നിയമങ്ങൾ വ്യക്തമാക്കുകയും ജാഹിലിയ്യ അനാചാരങ്ങൾ ഒഴിവാക്കാൻ കൽപിക്കുകയും ചെയ്തു. സമ്പത്തും, ജീവനും, ശരീരവും, അന്തസ്സും, അഭിമാനവും പവിത്രമാണെന്ന് വിളംബരം ചെയ്തു. മറ്റിതര മതാംഗംങ്ങൾ പോലും അംഗീകരിക്കുന്ന കാര്യം!! ഖുത്തുബ അവസാനിച്ചപ്പോൾ ബിലാൽ ﵁നോട് ബാങ്ക് കൊടുക്കാൻ നിർദ്ദേശിച്ചു. ബാങ്കിനും ഇഖാമത്തിനും ശേഷം നബി ﷺ പതുക്കെ ഓതി രണ്ടു റക്അത്ത് ളുഹ്ർ നമസ്കരിച്ചു. (ജുമുഅ ദിവസമായിരുന്നെങ്കിലും യാത്രക്കാരായിരുന്നതിനാൽ ജുമുഅ നമസ്കരിച്ചില്ല)

### അറഫാത്ത്

നമസ്കാര ശേഷം അറഫയിൽ മലയടിവാരത്തിൽ ഖിബ്‌ലയിലേക്കു തിരിഞ്ഞ് ജബൽ മുഷാത്തിനഭിമുഖമായി നിലകൊണ്ടു. സൂര്യൻ അസ്തമി ക്കുന്നതു വരെ ദുആയിലായി കഴിഞ്ഞു കൂടി. (അറഫയിൽ പെട്ടതല്ലാത്ത) വാദി അർനയിൽ നിന്നും മാറി നിൽക്കാനും, അറഫയിൽ എവിടെയും നിൽക്കാമെന്നും കാരണം, ഇത് ഇബ്റാഹീം ﵇ന്റെ സംഭാവ നയാണ് എന്നും അരുളി. ഭക്ഷണം ചോദിക്കുന്ന യാചകർ ഉയർത്തു ന്നതു പോലെ നബി ﷺ ദുആയിൽ കൈകൾ നെഞ്ചുവരെ ഉയർത്തിയിരുന്നു. ഈ സന്ദർഭ ത്തിൽ അരുളി: ഏറ്റവും നല്ല ദുആ അറഫയിലെ ദുആയാണ്. നബി ﷺ അറഫാ ദിനത്തിൽ കൂടുതലായി ഈ ദുആ വർദ്ധിപ്പിച്ചിരുന്നു. ഈ സന്ദർഭ ത്തിൽ നബി ﷺക്ക് ഈ ആയത്ത് അവതരിച്ചു: (അർത്ഥം) നിങ്ങളുടെ ദീൻ നിങ്ങൾക്കു നാം പരിപൂർണ്ണമാക്കിത്തന്നിരിക്കുന്നു. അതിലൂടെ അവന്റെ അനുഗ്രഹം നിങ്ങളുടെ മേൽ സമ്പൂർണ്ണമാക്കുകയും, ദീനായി ഇസ്‌ലാമിനെ നിങ്ങൾക്കു തൃപ്തിപ്പെട്ടു നൽകുകയും ചെയ്തിരിക്കുന്നു. (മാഇദ: 3) സൂര്യനസ്തമിച്ച് മഞ്ഞ നിറവും മാഞ്ഞ് സൂര്യാസ്തമയം പൂർത്തിയായെന്ന് ഉറപ്പായതോടെ നബി ﷺ അറഫയിൽ നിന്നും മടങ്ങി. സൈദുബ്നു ഹാരിസി ﵁ന്റെ മകൻ ഉസാമ ﵁ വിനെ വാഹനത്തിൽ നബി ﷺ പിന്നിലിരുത്തിയിരുന്നു. നബി ﷺ സമാധാനത്തോടെ, നിശബ്ദമായി നടന്നിരുന്നു. വാഹനം വേഗത്തിൽ നടക്കാതിരിക്കാൻ കടിഞ്ഞാൺ വലിച്ചു പിടിച്ചിരുന്നു അത് മൂലം മൃഗത്തിന്റെ മുഖം നബി ﷺ യുടെ കാലിനോട് ചേർന്ന് വന്നിരുന്നു. ഈ സന്ദർഭത്തിൽ നബി ﷺ പറഞ്ഞു കൊണ്ടിരുന്നു: ജന

ങ്ങളെ സമാധാനത്തോടെ ശാന്തമായി നടക്കുക. വേഗത്തിൽ നടക്കുന്നതിൽ പുണ്യമില്ല. അറഫയിലേക്ക് പോയത് ളബ്ബ് വഴിയും മടങ്ങിയത് മാസ്മീൻ വഴിയുമായിരുന്നു. വഴിയിലെല്ലാം നബി ﷺ തൽബിയത്ത് പറഞ്ഞിരുന്നു. വഴിയിലൊരു സ്ഥലത്ത് മൂത്രമൊഴിച്ചു. വുളുവും ചെയ്തു. ഉസാമ ബ്നു സൈദുബ്നു ഹാരിസ ؓ ചോദിച്ചു: ഇവിടെ നമസ്കരിക്കുകയാണോ? നബി ﷺ അരുളി: നടക്കു, നമസ്ക്കാരം ശേഷമാകാം. മുസ്ദലിഫയിൽ: മുസ്ദലിഫയിലെത്തി നമസ്ക്കാരത്തിനായി വുളു ചെയ്തു. ബാങ്ക് വിളിക്കാൻ മുഅദ്ദിനിന് നിർദേശം നൽകി. ഇഖാമത്തിന് ശേഷം മഗ്രിബും, ശേഷം ബാങ്കില്ലാതെ ഇഖാമത്ത് മാത്രം കൊടുത്ത് ഇഷായും നമസ്കരിച്ചു. നമസ്കാര ശേഷം ജനങ്ങൾ സാധനങ്ങളിറക്കി വച്ചു. യാത്ര ചെയ്തു വന്ന മൃഗങ്ങളെ ഇരുത്തി നബി ﷺ യും സഹാബികളും സുബ്ഹി വരെ വിശ്രമിച്ചു. ഫജ്റായതോടെ ആദ്യ സമയം തന്നെ സുബ്ഹി നമസ്കാരം നിർവഹിച്ചു. ബാങ്ക് ഇഖാമത്തിന് ശേഷം പിന്നീട് വാഹനത്തിൽ മഷ്അറുൽ ഹറാമിലെത്തി പ്രകാശം പരക്കുന്നത് വരെ ഖിബ്ലഭിമുഖമായി നിന്ന് ദുആ, വിനയം, തക്ബീർ, ലാ ഇലാഹ ഇല്ലല്ലാഹ്, മറ്റ് ദിക്റുകളിലൊക്കെ വ്യാപൃതരായി. ഇവിടെ വച്ച് നബി ﷺ അരുളി: മുസ്ദലിഫയിലെവിടെയും നിൽക്കാവുന്നതാണ്.

മുസ്ദലിഫയിൽ നിന്ന് പിന്നിലിരുന്നത് അബ്ബാസ് ؓന്റെ മകൻ ഫള്ലായിരുന്നു. ഉസാമാ ؓ അപ്പോൾ ഖുറൈഷികളോടൊപ്പം നടക്കുകയായിരുന്നു. യാത്രാ മദ്ധ്യേ ജംറകളിലെറിയാനുള്ള കല്ലുകൾ ശേഖരിക്കാൻ അബ്ദുല്ലാഹി ബ്നു അബ്ബാസ് ؓന് നിർദേശം നൽകി. ഇവിടെ വച്ച് നബി ﷺ അരുളി: ഇപ്രകാരമുള്ള കല്ലുകൾ കൊണ്ടാണ് ജംറകളിലെറിയേണ്ടത്. പൊതു സ്വത്തിൽ വഞ്ചന കാണിക്കരുത്. പൊതു സ്വത്തിൽ കാട്ടിയ വഞ്ചനയാണ് മുൻ കഴിഞ്ഞ സമുദായങ്ങൾക്ക് നാശഹേതുവായത്. വാദി മുഹസ്സറിലെത്തിയപ്പോൾ യാത്ര ചെയ്തിരുന്ന ഒട്ടകത്തെ വേഗത്തിൽ നടത്തി. ഏതെങ്കിലും ജനതയ്ക്ക് ശിക്ഷയിറങ്ങിയ ഭാഗമെത്തിയാൽ വേഗത്തിൽ അവിടെ നിന്നും കടന്ന് പോകുകയെന്നത് നബിﷺ യുടെ ശീലമായിരുന്നു. ഈ സ്ഥലം അസ്ഹാബുൽ ഫീലിന് ശിക്ഷയിറങ്ങിയ സ്ഥലമായിരുന്നു. കഅ്ബ പൊളിക്കാൻ വന്ന ആനപ്പടയുടെ സംഭവം അല്ലാഹു ഖുർആനിൽ വിവരിക്കുന്നുണ്ടല്ലോ. മക്കയിലേക്ക് കടക്കുന്നതിൽ നിന്നും ആനപ്പടയെ തടയപ്പെട്ടതും അവർക്ക് ശിക്ഷയിറങ്ങിയതും ഇവിടെ വച്ചായിരുന്നു. മുഹസ്സർ എന്നാൽ തടയപ്പെട്ട സ്ഥലം എന്നാണർത്ഥം. ഹിജ്റിലൂടെ കടന്നു പോയപ്പോഴും നബി ﷺ ഇപ്രകാരം ചെയ്തിരുന്നു.

**അതിരുകൾ**

മിന, മുസ്ദലിഫയുടെ ഇടയിൽ വേർതിരിക്കുന്ന സ്ഥലമാണ് മുഹസ്സർ അതിനാൽ മുഹസ്സർ മിനയുമല്ല. മുസ്ദലിഫയുമല്ല. ഇപ്രകാരം അറഫ മുസ്ദലിഫയെ വേർതിരിക്കുന്ന അർന എന്ന താഴ്‌വര അറഫയിലും മുസ്ദലിഫയിലും പെട്ടതല്ല. മിന ഹറമിൽ പെട്ടതാണ്. ഹജ്ജിന്റെ ഭാഗവുമാണ്. മുഹസ്സർ ഹറമിൽപെട്ടതാണ് എന്നാൽ ഹജ്ജിന്റെ സ്ഥാനമല്ല. മുസ്ദലിഫ ഹറമിൽ പെട്ടതാണ്. ഹജ്ജിന്റെ ഭാഗവുമാണ്. അർന ഹറമിൽ പെട്ടതാണ്. എന്നാൽ ഹജ്ജിന്റെ ഭാഗമല്ല. അറഫ ഹജ്ജിന്റെ ഏറ്റവും പ്രധാന ഭാഗമാണ് എന്നാൽ ഹറമിൽ പെട്ടതല്ല.

**മിനയിൽ**

മിനയെത്തിയ റസൂലുല്ലാഹി ﷺ ജംറത്തുൽ അഖബയിലെത്തി. സൂര്യോദയ ശേഷം വാഹനത്തിലിരുന്നു കൊണ്ട് മക്ക നബി ﷺ യുടെ ഇടതുവശവും മിന വലതു വശത്തും വരുന്ന നിലയിൽ ജംറയുടെ മുന്നിൽ നിലയുറപ്പിച്ച് തക്ബീർ പറഞ്ഞു കൊണ്ട് ഏഴ് കല്ലുകളെറിഞ്ഞു അതോടെ തൽബിയത്ത് അവസാനിപ്പിക്കുകയും ചെയ്തു. പിന്നീട് മിനയിലേക്ക് മടങ്ങി ഒരു സാഹിത്യ സമ്പൂർണ്ണമായ ഖുത്തുബ നടത്തി. അതിൽ ദുൽ ഹജ്ജ് പത്താം ദിവസത്തിന്റെ ശ്രേഷ്ഠതയും മറ്റിതര നാടുകളെ അപേക്ഷിച്ചും മക്ക മുകർറമയുടെ ശ്രേഷ്ഠതയും വിവരിച്ചു ഖുർആൻ അനുസരിച്ച് ഭരിക്കുന്നവരെ അനുസരിക്കാൻ ഉപദേശിച്ചു. ഇതെന്റെ അവസാന ഹജ്ജായിരിക്കാം അതിനാൽ ഹജ്ജിന്റെ അമലുകൾ എന്നിൽ നിന്നും പഠിക്കുക എന്നും പറഞ്ഞു. പിന്നീട് ഹജ്ജിന്റെ മസ്അലകൾ വിവരിച്ചു. ശേഷം അൻസാരികളുടെയും മുഹാജിറുകളുടെയും ശ്രേഷ്ഠതകൾ വിവരിക്കുകയും, എനിക്ക് ശേഷം കുഫ്റിലേക്ക് മടങ്ങരുതെ എന്ന് അവരെ ഉപദേശിക്കുകയും ചെയ്തു. ഒരാൾ മറ്റൊരാളെ കൊല ചെയ്യരുത്. ദീനും, ദീനീ നിയമങ്ങളും ജനങ്ങൾക്ക് വിവരിച്ച് കൊടുക്കാനും ഉപദേശിച്ചു കൊണ്ട് പറഞ്ഞു: കേൾക്കുന്ന പലരും മറക്കുകയും അവരിൽ നിന്ന് പഠിക്കുന്നവർ ഓർമ്മ വെക്കുകയും ചെയ്തേക്കാം. അക്രമി തന്നോട് തന്നെയാണ് അക്രമം ചെയ്യുന്നതെന്നും തങ്ങൾ അരുളി. മുഹാജിറുകളെ ഖിബ്‌ലയുടെ വലത് ഭാഗത്തും അൻസാരികളെ ഇടത് ഭാഗത്തും മറ്റുള്ളവരെ അവരുടെ ചുറ്റിലുമായി നിർത്തി നബി ﷺ നടത്തിയ ഈ ഖുതുബ അവിടെ കൂടിയ ഒന്നേകാൽ ലക്ഷം സ്വഹാബാക്കൾക്ക് മാത്രമല്ല മിനാ നിവാസികൾക്ക് അവരുടെ വീടുകളിലിരുന്നും കേൾക്കാൻ കഴിയുന്നുണ്ടായിരുന്നു. നബി ﷺ ഖുത്വുബയിൽ ഇപ്രകാരവും അരുളി: നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുകയും അഞ്ച് വഖ്ത്ത് നമസ്കരിക്കുകയും റമളാനിൽ നോമ്പനുഷ്ഠി

ക്കുകയും കൽപനകൾ വരുമ്പോൾ അനുസരിക്കുകയും അല്ലാഹുവി ന്റെ സ്വർഗ്ഗത്തിൽ അത് കാരണമായി കടക്കുകയും ചെയ്യുക,

പിന്നീട് ജനങ്ങളോട് യാത്ര പറഞ്ഞു, അപ്പോൾ ജനങ്ങൾ പറഞ്ഞു ഇത് ഹജ്ജത്തുൽ വിദാഅ് (വിട പറയുന്ന) ഹജ്ജാണല്ലോ. പിന്നീട് മിനായിലെ അറുക്കുന്ന സ്ഥലത്തെത്തി സ്വന്തം വയസ്സിനനുസരിച്ച് 63 ഒട്ടകങ്ങളെ അറുത്ത ശേഷം നൂറ് എണ്ണം തികയ്ക്കാനായി അവശേഷിച്ച 37 എണ്ണത്തെ അറുക്കാൻ അലി ﷺനോട് കൽപിച്ചു. ശേഷം അവയുടെ മാംസവും, തോലും പാവങ്ങൾക്ക് ദാനം ചെയ്തു. ഇറച്ചി ശരിയാക്കുന്നവർക്ക് കൂലിയായി ബലിമൃഗത്തിന്റെ ഏതെങ്കിലും ഭാഗം നൽകരുത് എന്നതും സ്വന്തം കയ്യിൽ നിന്നും കൂലി നൽകാനും കൽപിച്ചു. ശേഷം ആർക്കു വേണമെങ്കിലും ഇറച്ചി മുറിച്ചെടുത്തു കൊണ്ടു പോകാമെന്നും നിർദേശിച്ചു. നബി ﷺ ബലി അറുക്കുന്ന സ്ഥാനത്തറുത്ത ശേഷം അരുളി: മിനായിൽ എവിടെയുമറക്കാം. പിന്നീട് മുടി വടിക്കുന്നയാളോട് അതിനുള്ള കൽപന നൽകി. അടുത്തുണ്ടായിരുന്നവർക്ക് മുടികൾ വിതരണം ചെയ്തു. ചൂടിൽ നിന്നും രക്ഷപെടുന്നതിനായി തങ്ങൾക്ക് വേണ്ടി ഒരു കൂടാരം ഇവിടെ നിർമ്മിക്കാമെന്ന് സ്വഹാബാക്കൾ ആദ്യമെ പറഞ്ഞെങ്കിലും നബി ﷺ അരുളി: ആര് ഇവിടെ (മിനയിൽ) ഏത് സ്ഥലത്ത് ആദ്യമെത്തുന്നോ ആ സ്ഥലം അവർക്കുള്ളതാണ്. ശേഷം മിനയിൽ ആദ്യമുണ്ടായിരുന്ന സ്ഥലത്തെത്തി രാത്രി അവിടെ താമസിച്ചു.

ഉച്ചതിരിഞ്ഞതോടെ ജംറകളിലേക്ക് കാൽ നടയായി പോയി. എല്ലാ ജംറകളിലും ഏഴ് വീതം കല്ലുകളെറിയുകയും ആദ്യത്തെ രണ്ട് ജംറകളിലും കയ്യുയർത്തി ദുആ ചെയ്യുകയും ചെയ്തിരുന്നു. സൂറത്തുൽ ബഖറ ഓതാനെടുക്കുന്ന സമയം അവിടെ ദുആയ്ക്ക് വേണ്ടി തങ്ങിയിരുന്നു. മൂന്നാമത്തെ ജംറയിൽ ദുആ ചെയ്തില്ല. ഹജ്ജിനിടയിൽ നബി ﷺ ദുആയ്ക്ക് വേണ്ടി തങ്ങിയിരുന്ന സ്ഥലങ്ങൾ ഇവയായിരുന്നു. സ്വഫാമല, മർവമല, അറഫ, മുസ്ദലിഫ, ഒന്നും രണ്ടും ജംറകൾ. നബി ﷺ മിനയിൽ രണ്ട് ഖുതുബ നിർവഹിച്ചു. ഒന്ന് ദുൽ ഹജ്ജ് പന്ത്രണ്ടിന്. നബി ﷺ ദുൽ ഹജ്ജ് പന്ത്രണ്ടിന് ജംറകളിൽ എറിഞ്ഞു മടങ്ങിയില്ല. മറിച്ച് ദുൽഹജ്ജ് 13 നും കൂടി താമസിച്ച് എറിഞ്ഞ ശേഷമാണ് മടങ്ങിയത്. ചൊവ്വാഴ്ച ളുഹ്റിന് ശേഷം മുഹസ്സബ് താഴ്വരയിലെത്തി അവിടെ ളുഹ്ർ, അസർ, മഗ്രിബ്, ഇഷാ എന്നീ നമസ്കാരങ്ങൾ നിർവ്വഹിച്ച് സുബ്ഹിക്ക് മുമ്പ് മക്കയിലെത്തി വിദാഇന്റെ ത്വവാഫും നിർവ്വഹിച്ചു മദീനാ മുനവ്വറയിലേക്ക് മടങ്ങി.

## സുപ്രധാന പ്രഭാഷണങ്ങൾ

റസൂലുല്ലാഹി ﷺ ഈ യാത്രയിൽ ഉടനീളം വിവിധ ഹ്രസ്വവും വി

ശദവുമായി വിവിധ പ്രഭാഷണങ്ങൾ നടത്തി. അവയെല്ലാം അത്യന്തം ആശയ ഗംഭീരവും സുന്ദര സന്ദേശങ്ങളുമാണ്. അതിൽ രണ്ട് പ്രഭാഷണങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു:

അറഫയിൽ നടത്തിയ പ്രഭാഷണത്തിൽ റസൂലുല്ലാഹി ﷺ അരുളി: നിങ്ങളുടെ ഈ നാട്ടിൽ ഈ മാസത്തിൽ ഈ ദിവസത്തിന് ആദരവുള്ളതുപോലെ നിങ്ങളുടെ രക്തവും സമ്പത്തും പരസ്പരം ആദരണീയമാണ്. അവ നിന്ദിക്കുന്നത് നിഷിദ്ധമാണ്. അറിയുക, ജാഹിലിയ്യാ കാലഘട്ടത്തിലെ എല്ലാ ദുരാചാരങ്ങളും ഞാൻ എന്റെ കാൽചുവട്ടിലാക്കിയിരിക്കുന്നു. ജാഹിലിയ്യാ യുഗത്തിലെ കൊലപാതകങ്ങളുടെ പ്രതികാരവും ഒഴിവാക്കപ്പെട്ടിരിക്കുന്നു. നാം ഒഴിവാക്കുന്ന ആദ്യത്തെ പ്രതികാരം റബീഅത്തുബ്നുൽ ഹാരിസിന്റെ മകനെ വധിച്ചതിന്റെ പ്രതികാരമാണ്. ബനൂസഅദ് ഗോത്രത്തിൽ മുലയൂട്ടപ്പെട്ടിരുന്ന ആ കുഞ്ഞിനെ ഹുദൈൽ ഗോത്രം വധിക്കുകയുണ്ടായി. ജാഹിലിയാ കാലഘട്ടത്തിലെ പലിശകളും ഒഴിവാക്കപ്പെട്ടിരിക്കുന്നു. നാം ഒഴിവാക്കുന്ന ആദ്യത്തെ പലിശ അബ്ബാസിബ്നു അബ്ദുൽമുത്തലിബിന് ലഭിക്കേണ്ട പലിശയാണ്. അത് പൂർണമായി ഒഴിവാക്കപ്പെട്ടിരിക്കുന്നു. സ്ത്രീകളുടെ വിഷയത്തിൽ അല്ലാഹുവിനെ നിങ്ങൾ ഭയക്കുക. അല്ലാഹു ഏല്പിച്ച ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ അവരെ ഏറ്റെടുത്തത്. അവരുടെ ഗുഹ്യസ്ഥാനങ്ങൾ നിങ്ങൾക്ക് അനുവദനീയമാക്കിയതും അല്ലാഹുവിന്റെ വചനംകൊണ്ട് മാത്രമാണ്. നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ നിങ്ങളുടെ വിരിപ്പിൽ കിടത്താതിരിക്കേണ്ടത് അവർക്ക് നിങ്ങളോടുള്ള കടമയാണ്. ഇനി അവർ അങ്ങനെ പ്രവൃത്തിച്ചാൽ ക്ഷതമേൽക്കാത്ത രീതിയിൽ അവരെ നിങ്ങൾ അടിക്കുക. മാന്യമായ നിലയിൽ അവർക്കുള്ള ആഹാരവും വസ്ത്രവും കൊടുക്കേണ്ടത് നിങ്ങളുടെ കടമയാണ്.

പരിശുദ്ധ ഖുർആൻ ഞാൻ നിങ്ങൾക്ക് വേണ്ടി വിട്ടുതരുന്നു. അത് പിൻപറ്റുന്ന കാലത്തോളം നിങ്ങൾ വഴിപിഴയ്ക്കില്ല. എന്നെ കുറിച്ച് നിങ്ങളോട് ചോദിക്കപ്പെടും. അപ്പോൾ നിങ്ങൾ എന്ത് പറയും. അപ്പോൾ അവർ പറഞ്ഞു താങ്കൾ എത്തിച്ചുതരുകയും ബാധ്യത നിർവഹിക്കുകയും ഗുണകാംക്ഷ പുലർത്തുകയും ചെയ്തു. അപ്പോൾ ചൂണ്ടുവിരൽ ആകാശത്തേക്ക് ഉയർത്തുകയും ജനങ്ങളിലേക്ക് ചൂണ്ടുകയും ചെയ്തുകൊണ്ട് അവിടുന്ന് മൂന്നുപ്രാവശ്യം പറഞ്ഞു : “അല്ലാഹുവേ, നീ സാക്ഷി”.

മിനായിൽ നടത്തിയ പ്രഭാഷണത്തിൽ അവിടുന്ന് അരുളി: “ജനങ്ങളേ നിങ്ങൾ ഏത് മാസത്തിലാണ്. ഏത് ദിവസത്തിലാണ്, ഏത് നാട്ടിലാണ് ഉള്ളതെന്ന് നിങ്ങൾക്കറിയാമോ? അവർ പറഞ്ഞു: ആദരണീയ

ദിനത്തിൽ ആദരണീയ നാട്ടിൽ ആദരണീയ മാസത്തിൽ. അപ്പോൾ തിരുമേനി ﷺ അരുളി: നിങ്ങളുടെ ഈ നാട്ടിൽ ഈ മാസത്തിൽ ഈ ദിവസത്തിന് ആദരവുള്ളതുപോലെ അല്ലഹുവിനെ നിങ്ങൾ കണ്ടുമുട്ടുന്ന ദിവസം വരെ നിങ്ങളുടെ രക്തവും സമ്പത്തും അഭിമാനവും ആദരണീയമാണ്. തുടർന്ന് അരുളി: ഞാൻ പറയുന്നതെല്ലാം കേൾക്കുക. അതുവഴി നിങ്ങൾക്ക് ശരിയായ ജീവിതം നയിക്കാൻ കഴിയും. അറിയുക, നിങ്ങൾ അക്രമം കാട്ടരുത്, അക്രമം കാട്ടരുത്, അക്രമം കാട്ടരുത്. ഒരു സഹോദരന്റെ മാനസിക പൊരുത്തവും സന്തോഷവും കൂടാതെ അദ്ദേഹത്തിന്റെ സമ്പത്ത് ഉപയോഗിക്കാൻ നിങ്ങൾക്ക് അനുവാദമില്ല. അറിയുക, ജാഹിലിയ്യ കാലഘട്ടത്തിലെ കൊലപാതകങ്ങളുടെയും സ്വത്ത് അപഹരണത്തിന്റെയും സമ്പത്തിന്റെയും പ്രശ്നങ്ങൾ ഖിയാമത്ത് നാൾ വരെ ഞാൻ എന്റെ കാലുകൾക്കടിയിലേക്ക് ആഴ്ത്തിയിരിക്കുന്നു. അതിൽ ആദ്യത്തെ വധം റബീഅത്തിബ്നു ഹാരിസ്ബനു അബ്ദുൽമുത്തലിബിന്റെ വധമാണ്. ബനൂസഅദ് ഗോത്രത്തിൽ മുലകുടിച്ചുകൊണ്ടിരിക്കെ, ആ കുട്ടിയെ ഹുദൈൻ ഗോത്രം കൊന്നുകളഞ്ഞു. അറിയുക, ജാഹിലിയ്യ കാലഘട്ടത്തിലെ എല്ലാ പലിശകളും അസ്ഥിരപ്പെടുത്തിയിരിക്കുന്നു. അതിൽ ആദ്യത്തേത് അബ്ബാസിബ്നു അബ്ദുൽ മുത്തലിബിന് കൊടുക്കേണ്ട പലിശകളാണ്. എന്നാൽ നിങ്ങൾ കടംകൊടുത്ത മൂലധനം തിരിച്ചുവാങ്ങാൻ നിങ്ങൾക്ക് അവകാശമുണ്ട്. ആരെയും അക്രമിക്കാതിരിക്കുക, നിങ്ങളെയും ആരും അക്രമിക്കാതിരിക്കട്ടെ! അറിയുക, അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ചപ്പോൾ ഉണ്ടായിരുന്ന രൂപത്തിലേക്ക് കാലഘട്ടം കറങ്ങിത്തിരിഞ്ഞെത്തിയിരിക്കുന്നു. “തീർച്ചയായും അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം 12 ആണ്. യുദ്ധം വിലക്കപ്പെട്ട പവിത്ര മാസങ്ങളാണ് അതിൽ നാലെണ്ണം.” (തൗബ)

“അറിയുക, പിരടികൾ പരസ്പരം വെട്ടുന്നതരത്തിൽ എനിക്ക് ശേഷം നിങ്ങൾ നിഷേധികളായി മാറരുത്. അറിയുക, നമസ്കാരക്കാരായ മുസ്ലിംകളുടെ കാര്യത്തിൽ പിശാച് നിരാശനാണ്. പക്ഷേ നിങ്ങൾക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിൽ അവൻ നിരാശപ്പെട്ടിട്ടില്ല. സ്ത്രീകളുടെ വിഷയത്തിൽ അല്ലാഹുവിനെ ഭയപ്പെടുക. അവർ നിങ്ങളുടെ സംരക്ഷണത്തിലുള്ളവരാകുന്നു. തീർച്ചയായും നിങ്ങൾക്ക് അവരോടും അവർക്ക് നിങ്ങളോടും ചില കടമകളുണ്ട്. നിങ്ങളല്ലാത്തവരെ നിങ്ങളുടെ വിരിപ്പിൽ കയറ്റാതിരിക്കേണ്ടതും നിങ്ങൾ ഇഷ്ടപ്പെടാത്തവരെ നിങ്ങളുടെ വീട്ടിൽ പ്രവേശിപ്പിക്കാതിരിക്കേണ്ടതും അവർക്ക് നിങ്ങളോടുള്ള കടമയാണ്. അവർ അനുസരണക്കേട് കാണിക്കുമെന്ന് നി

ങ്ങൾ ന്യായമായും ഭയപ്പെട്ടാൽ അവരെ ഉപദേശിക്കുക. കിടപ്പറകളിൽ വെടിയുക, ക്ഷതമേൽക്കാത്ത നിലയിൽ അടിക്കുക, മാന്യമായ ആഹാരവും വസ്ത്രവും അവർക്ക് നൽകേണ്ടത് നിങ്ങൾക്ക് അവരോടുള്ള കടമയാണ്. നിങ്ങൾ അവരെ ഏറ്റെടുത്തത് അല്ലാഹുവിന്റെ അമാനത്ത് എന്ന നിലയ്ക്കാണ്. അല്ലാഹുവിന്റെ വചനത്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾക്ക് അവരുടെ ഗുഹ്യസ്ഥാനങ്ങൾ അനുവദനീയമായത്. അറിയുക, ആരുടെയെങ്കിലും പക്കൽ സൂക്ഷിപ്പ് മുതലുണ്ടെങ്കിൽ അത് അവകാശികൾക്ക് എത്തിച്ചുകൊടുക്കട്ടെ.

പിന്നീട് ഇരുകരങ്ങളും ഉയർത്തിപ്പിടിച്ച് ചോദിച്ചു: ഞാൻ എത്തിച്ചു തന്നില്ലേ, എത്തിച്ചുതന്നില്ലേ, എത്തിച്ചുതന്നില്ലേ. ശേഷം അരുളി: ഇവിടെയുള്ളവർ ഇവിടെ സന്നിഹിതരാകാത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ. കാരണം എത്തിച്ച് കൊടുക്കപ്പെടുന്നവർ കേട്ടവരേക്കാൾ സൗഭാഗ്യവാന്മാരായേക്കാം.

## നബവീ ഹജ്ജിന്റെ സന്ദേശങ്ങൾ

റസൂലുല്ലാഹി ﷺ യുടെ ഈ ഹജ്ജിൽ വാചകത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും ധാരാളം കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഇതിൽ പ്രഥമവും പ്രധാനവുമായ സന്ദേശം സർവ്വലോക പരിപാലകനായ പടച്ചവനുമായിട്ടുള്ള ശക്തവും അഗാതവുമായ ബന്ധമാണ്. ആദ്യമുതൽ അവസാനം വരെ സകലകാര്യങ്ങളിലും ഇത് നിറഞ്ഞ് നിൽക്കുന്നു. എല്ലാം മനുഷ്യരും ഏകനായ അല്ലാഹുവിന്റെ അടിമകളാണ്, എല്ലാവരുടെയും പരിപാലകൻ അല്ലാഹുമാത്രമാണ്, പടച്ചവനെ തൃപ്തിപ്പെടുത്തുവാൻ ഓരുരത്തരും പരിശ്രമിക്കുക, ഈ പരിശ്രമത്തിനാണ് യഥാർത്ഥ സമാധാനവും സന്തോഷവും നിലകൊള്ളുന്നത്. സകല ആവശ്യങ്ങളും സഫലമാകാനും ദുഃഖദുരിതങ്ങൾ ദൂരീകരിക്കപ്പെടാനും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും പടച്ചവനോട് താണുകേണ് ഇരക്കുകയും ചെയ്യുക എന്ന് ഈ ഹജ്ജ് പഠിപ്പിക്കുന്നു.

രണ്ടാമത്തെ കാര്യം മനുഷ്യരുടെ ഐക്യവും സാഹോദര്യവുമാണ്. ആരാധനയിലും ഇതര അവസരങ്ങളിലും വർഗ-വർണ ദേശ- ഭാഷ വിത്യസങ്ങൾ ഇല്ലാതെ എല്ലാവരും ഏകനായ അല്ലാഹുവിന്റെ അടിമകളും ഏകോതര സഹോദരങ്ങളുമാണ്. മനുഷ്യർ പരസ്പരം ആദരിക്കുകയും സഹകരിക്കുകയും ചെയ്യേണ്ടവരാണ്. ഇസ്ലാമിന് മുമ്പ് അറബികൾക്കിടയിൽ ശക്തമായിരുന്ന മുഴുവൻ വിഭാഗീയതയും ഇസ്ലാം ഇല്ലാതാക്കി. തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്ലാം പ്രചരിച്ചതിന് അനുസരിച്ച് മാനവ ഏകത്വവും പരക്കുകയുണ്ടായി. മുഹമ്മദ് റസൂലുല്ലാഹി ﷺ യ്ക്ക് പതിമൂന്ന് നൂറ്റാണ്ടിന് ശേഷം ഐക്യരാഷ്

ട്ര സഭ നടത്തിയ മാനവ സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും പ്രഖ്യാപനം യഥാർത്ഥത്തിൽ റസൂലുല്ലാഹി ﷺ യും മുൻഗാമികളുടെയും പ്രവർത്തനങ്ങളുടെ പ്രതിഫലനം തന്നെയാണ്.

മൂന്നാമത്തെ സന്ദേശം സാമ്പത്തിക വിഷയങ്ങളിലുള്ള വിശുദ്ധിയും വിശാലതയുമാണ്. സമ്പത്ത് സമ്പന്നരുടെ അരികിൽ ഒരുമിച്ച് കൂടുകയും ദരിദ്ര ജനങ്ങൾ ആഹാരവും വസ്ത്രവും പാർപ്പിടവും ഇല്ലാതെ കഷ്ടപ്പെടുകയും ചെയ്യുന്നത് വലിയ നാശങ്ങൾക്കും അക്രമങ്ങൾക്കും കാരണമാണ്. ഇതിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്ന കാര്യം പലിശ സമ്പ്രദായമാണ്. റസൂലുല്ലാഹി ﷺ എല്ലാ സാമ്പത്തിക അക്രമങ്ങളെയും തടഞ്ഞു. വിശിഷ്യാ ഈ ഹജ്ജിൽ പലിശയുടെ കാര്യം പ്രത്യേകം ഉണർത്തുകയും കഴിഞ്ഞതെല്ലാം അപ്രസക്തമായി പ്രഖ്യാപിക്കുകയും ചെയ്തു. റസൂലുല്ലാഹി ﷺ യുടെ പ്രിയപ്പെട്ട പിതൃവ്യൻ അബ്ബാസ് رضي الله عنه ന്റെ പലിശ ഇടപാടുകൾ മുഴുവനും ഒറ്റയടിക്ക് ഒഴിവാക്കിക്കൊണ്ടാണ് റസൂലുല്ലാഹി ﷺ ഇക്കാര്യം നിർവ്വഹിച്ചത്.

നാലാമത്തെ മഹനീയ സന്ദേശം പരസ്പരം അക്രമങ്ങൾ തടയുകയും പ്രശ്നങ്ങൾ തീർക്കുകയും ചെയ്യലാണ്. ആരുടെയും സ്ഥാനമാനങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകാതെ എല്ലാവരും അക്രമങ്ങളിൽ നിന്നും അകന്ന് കഴിയണമെന്നും എല്ലാവരുടെയും ജീവനും സ്വത്തും അഭിമാനവും ആദരണീയമാണെന്നും പല രീതികളിൽ പ്രഖ്യാപിക്കുകയും പ്രവർത്തിച്ച് കാട്ടുകയും ചെയ്തു.

അല്ലാമാ സയ്യിദ് സുലൈമാൻ നദ്‌വി വിവരിക്കുന്നു: പരിശുദ്ധ കഅ്ബ ഈ ലോകത്ത് അല്ലാഹുവിന്റെ അർഷിന്റെ നിഴലും ഐശ്വര്യങ്ങളുടെ പ്രഭവ കേന്ദ്രവും ആകുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും പൊരുത്തത്തിന്റെയും തിരുഗുണങ്ങളുടെ പ്രതിബിംബം അതിൽ അടിക്കുകയും അതിലൂടെ ലോകം മുഴുവവൻ അവയുടെ കിരണങ്ങൾ പരക്കുകയും ചെയ്യുന്നു. കഅ്ബാ ശരീഫ ലോകം മുഴുവനും ജലസേചനം നടത്തുന്ന സത്യത്തിന്റെ ഉറവിടം ആണ്. ഓരോ മണൽത്തരികളെയും പ്രകാശിപ്പിക്കുന്ന വിജ്ഞാന കേന്ദ്രമാണ്. വ്യത്യസ്ഥ നാടുകളിൽ കഴിയുകയും വിവിധ ഭാഷകൾ സംസാരിക്കുകയും പലതരം വസ്ത്രങ്ങൾ ധരിക്കുകയും സംസ്കാരങ്ങളിൽ ജീവിക്കുകയും ചെയ്യുന്നവരെ മുഴുവൻ ഏകീകരിച്ച് ബന്ധിപ്പിക്കുന്ന ലോകത്തിന്റെ മധ്യമ ഭാഗമാണ്. എല്ലാവിഭാഗ ജനങ്ങളും ഇതിന് ചുറ്റും കറങ്ങി ത്വവാഫ് ചെയ്യുകയും ഇതിനെ മാത്രം കേന്ദ്രമാക്കുകയും ചെയ്യുന്നു. എല്ലാത്തരം വിഭാഗീയതകളെയും വെടിഞ്ഞ് ഐക്യത്തിന്റെ സംസ്കാരമായ ഇബ്റാഹീമി-മുഹമ്മദീ സംസ്കാരത്തിലേക്ക് ഇത് മുഴുവൻ മനുഷ്യരെയും സ്വാഗ

തം ചെയ്യുന്നു. വിശ്യഷ്യാ ഹജ്ജിന്റെ നാളുകൾ ആയാൽ കുറച്ച് ദിവസത്തേക്കാണങ്കിലും വിത്യസ്ഥ വിഭാഗം ജനങ്ങളെ ഒരു സ്ഥലത്ത് ഒരുമിച്ച് കൂട്ടുകയും ഓരേ വസ്ത്രം ധരിപ്പിക്കുകയും ഓരേ ലക്ഷ്യത്തിലായി ത്യാഗ പരിശ്രമങ്ങളിൽ മുഴുകാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ഹാജിമാർ എല്ലാവരും ഏകോദര സഹോദരങ്ങളായി മാറുകയും പടച്ചവനോട് ഓരേ രീതിയിൽ സംസാരിക്കുകയും ചെയ്യുന്നു. അതെ, ഹജ്ജ് മനുഷ്യർക്ക് ഇടയിലുള്ള സകലവിധ തർക്ക വഴക്കുകളുടെയും നാശനഷ്ടങ്ങളുടെയും മുഖ്യകാരണമായ എല്ലാ ഉച്ചനീചത്വങ്ങളെയും മായിച്ച് കളയുന്നു. ഇന്ന് ലോകത്ത് എല്ലാവരും ആഗ്രഹിക്കുന്ന ഒരു കാര്യം മനുഷ്യരുടെ ഏകത്വമാണ്. എന്നാൽ സഹസ്രബ്ദങ്ങൾക്ക് മുമ്പ് ഇബ്റാഹീം ﷺ പരിശുദ്ധ കഅ്ബയുമായി ബന്ധപ്പെട്ട് പടച്ചവന്റെ ഏകത്വത്തിലേക്കും മനുഷ്യരുടെ ഐക്യത്തിലേക്കും ജനങ്ങളെ ആഹ്വാനം ചെയ്ത് അവസാനം അന്ത്യപ്രവാചകൻ മുഹമ്മദ് റസൂലുല്ലാഹി ﷺ ഈ പ്രഖ്യാപനത്തെ കാർമ്മികമായി ശക്തിപ്പെടുത്തുകയും പൂർത്തീകരിക്കുകയും ചെയ്തു.

മാനവികതയുടെ ഏകീകരണത്തിനും ഐക്യത്തിനും ഭാഷ ഒന്നാക്കൽ പോലെയുള്ള വിവിധ പദ്ധതികൾ പലരും ആസൂത്രണം ചെയ്യുന്നുണ്ടെങ്കിലും ഇബ്റാഹീമി-മുഹമ്മദീ സരണി മാത്രമാണ് അതിനുള്ള ഏക മാർഗം എന്ന കാര്യം ഒരു വസ്തുത തന്നെയാണ്. (സീറത്തുന്നബി 5/281)

റസൂലുല്ലാഹി ﷺ ഈ ഹജ്ജിന്റെ വിവിധ ഘട്ടങ്ങളിൽ നടത്തിയ ദിക്റുകളും ദുആക്കളും ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും പ്രവഹിച്ചതും ഇന്നും നിഷ്കളങ്ക മനസ്സുകളിൽ പ്രതിഫലനം സൃഷ്ടിക്കുന്നതുമാണ്. ഒരുഭാഗത്ത് അത്യന്തം സാഹിത്യ സൗന്ദര്യം അതിൽ അടങ്ങിയിരിക്കുന്നു. മറുഭാഗത്ത് റസൂലുല്ലാഹി ﷺ യ്ക്ക് അല്ലാഹുവിനോടുള്ള അഗാധമായ ബന്ധം അവ അനാവരണം ചെയ്യുന്നു. റസൂലുല്ലാഹി ﷺ അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ടവരും അല്ലാഹുവിന്റെ പ്രിയങ്കരനും സമുന്നത പ്രവാചകനും ആയതിനോടൊപ്പം അല്ലാഹുവിന് മുമ്പാകെ അങ്ങേയറ്റം താഴ്മയും വിനയവും പ്രകടിപ്പിക്കുന്നു. അല്ലാഹു മാത്രമാണ് പ്രയാസങ്ങൾ ദൂരീകരിക്കുന്നവനും ആഗ്രഹങ്ങൾ സഫലമാക്കുന്നവനും എന്ന അടിയുറച്ച വിശ്വാസം അവയിൽ കാണാൻ കഴിയും. വിശ്യഷ്യാ അറഫയിലെ റസൂലുല്ലാഹി ﷺ യുടെ നിർത്തവും ദുആയും വളരെയധികം പ്രതിഫലനാത്മകമാണ്. ളുഹ്ർ, അസ്ർ നമസ്കാരങ്ങൾ ഒരുമിച്ച് നമസ്ക്കരിച്ചതിന് ശേഷം സൂര്യസ്തമയം വരെ ദിക്റ്, ദുആക്കളിൽ മുഴുകി. അല്ലാഹുവിനോടുള്ള വിനയം, ഭയം, ഭക്തി, സ്നേഹം,

ആദരവ് എന്നിവ അതിൽ നിറഞ്ഞ് നിന്നു. അതെ, സർവ്വലോക പരിപാലകന്റെ മുന്നിൽ വിശ്വനായകൻ മുഹമ്മദ് റസൂലുല്ലാഹ് ﷺ ഒരു യാചകനെപ്പോലെ പ്രാർത്ഥിക്കുന്ന രംഗം അത്യന്തം വികാര നിർഭരം തന്നെ

സല്ലല്ലാഹു അലൈഹി വസല്ലം.

# 8

# രോഗം, വിയോഗം, തിരുകുടുംബം

റസൂലുല്ലാഹി ﷺ യുടെ ഹജ്ജ് യാത്ര തങ്ങളുടെ അവസാനത്തെ യാത്രയായിരുന്നു. ഈ യാത്ര കഴിഞ്ഞു രണ്ടു മാസം പിന്നിട്ടപ്പോൾ വിയോഗം സംഭവിച്ചു. ഹജ്ജ് കഴിഞ്ഞ് റസൂലുല്ലാഹി ﷺ യാത്രകളൊന്നും ചെയ്തില്ല. റസൂലുല്ലാഹി ﷺ ഇഹലോകത്ത് ഇനി അധിക നാളുകൾ ഉണ്ടാകില്ല എന്നു സൂചിപ്പിക്കുന്ന പല സംസാരങ്ങളും ഉണ്ടായി. അല്ലാഹു ദീനിനെ പൂർത്തീകരിച്ചു. അല്ലാഹുവിന്റെ സഹായം വന്നണഞ്ഞു. ജനങ്ങൾ കൂട്ടം കൂട്ടമായി ഇസ്‌ലാമിലേക്കൊഴുകി. ഒരിക്കൽ, റസൂലുല്ലാഹി ﷺ അനുഗ്രഹീത മിമ്പറിൽ നിന്നു കൊണ്ട് അരുളി: "ഞാൻ നിങ്ങളേക്കാൾ മുന്നിൽ പോകുന്നതാണ്. കൗസർ തടാകത്തിനടുത്തു വെച്ച് നിങ്ങളെ കണ്ടു മുട്ടുന്നതാണ്" ആഴമേറിയ ഈ വാചകം ഒരു ഭാഗത്ത് സ്വഹാബത്തിനു സ്വർഗ്ഗത്തിന്റെ സുവിശേഷം അറിയിച്ചു. മറുഭാഗത്ത് തിരുജീവിതം കുറഞ്ഞ നാളുകൾ മാത്രമേയുള്ളൂവെന്നും, കഴിയുന്നത്ര പ്രയോജനപ്പെടുത്തുകയെന്നും വ്യക്തമായി ഉണർത്തി.

സഫർ മാസം അവസാനമായപ്പോൾ ഒരു തലവേദന അനുഭവപ്പെട്ടു. (ഇബ്നു ഹിശാം: 2/246) ഇതു വിയോഗ രോഗമായി മാറി. തിരു ശിരസ്സിൽ ഒരു തുണി മുറുക്കിക്കെട്ടി. ഇത് ഖൈബറിൽ വെച്ച് ഒരു യഹൂദ സ്ത്രീ നൽകിയ വിഷം പുരട്ടിയ ഇറച്ചി കഴിച്ചതിന്റെ ഫലമായിരുന്നു. എന്നാൽ, ഈ കഠിന വേദനക്കിടയിലും മാനവരാശിയെ നേർവ്വഴിയിലൂടെ നടത്തുന്നതിനെ കുറിച്ച് റസൂലുല്ലാഹി ﷺ ചിന്തിച്ചു കൊണ്ടിരുന്നു.

ഈ നാളുകളിൽ റോമൻ ഭരണകൂടത്തിന്റെ ഭാഗത്തു നിന്നും ഭീഷണിയുണ്ടെന്നറിഞ്ഞ റസൂലുല്ലാഹി ﷺ ഉസാമ رضي الله عنه ന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ തയ്യാറാക്കി. അടിമയായിരുന്ന ഉസാമാ رضي الله عنه ന്റെ പിതാവ് സൈദ് رضي الله عنه നെ റസൂലുല്ലാഹി ﷺ അടിമത്വ മോചനം ചെയ്ത് മകനെ

പോലെ വളർത്തുകയുണ്ടായി. ഉസാമ ﷺ നെ നായകനാക്കിയതിലൂടെ റസൂലുല്ലാഹി ﷺ നേതൃത്വത്തിനു യോഗ്യതയാണ് അടിസ്ഥാനം എന്ന സമുന്നത മാതൃക ലോകത്തിനു പഠിപ്പിച്ചു. വർഗ്ഗ–വർണ്ണങ്ങളിൽ വിവേചനം കൽപ്പിക്കുന്നവർ ഇന്നു സ്വീകരിക്കാൻ വിസമ്മതിക്കുന്ന ഒരു തത്വമാണിത്. മനുഷ്യ സമത്വത്തിന്റെ പ്രഖ്യാപനം കുറച്ചു നാളുകൾക്കു മുമ്പ് ഐക്യരാഷ്ട്ര സഭ നടത്തിയെങ്കിലും ഇന്നും പാശ്ചാത്യ ജനാധിപത്യ രാഷ്ട്രങ്ങളിൽ പല തരം അടിമത്വങ്ങൾ നിലനിൽക്കുന്നുണ്ട്. പാശ്ചാത്യൻ ഇന്നും പൗരസ്ത്യരെ നിന്ദ്യരായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ, ഇസ്ലാം മാനവ സമത്വത്തിന്റെ പാഠം പഠിപ്പിക്കുക മാത്രമല്ല, പ്രാവർത്തികമാക്കുകയും ചെയ്തു. ഇസ്ലാമിന്റെ ചരിത്രത്തിൽ പല പ്രാവശ്യം അടിമകൾ രാജാക്കൻമാരായി വാണിട്ടുണ്ട്. മദ്ധ്യ പൂർവ്വ ഏഷ്യയിലും ഇന്ത്യയിലും നീണ്ട കാലം അടിമ വംശജർ ഭരണം നടത്തുകയുണ്ടായി.

ഏകനായ അല്ലാഹുവിനെ ആരാധിക്കാൻ ഉപദേശിച്ചതോടൊപ്പം അക്രമവും അഹങ്കാരവും വർജ്ജിക്കാനും സ്നേഹവും സഹാനുഭൂതിയും നിലനിർത്താനും ഉണർത്തുകയുണ്ടായി. ഈ സന്ദർഭത്തിൽ രോഗ സന്ദർശനത്തിനു വന്ന ഏതാനും സ്വഹാബികളെ സ്വാഗതം ചെയ്തു സ്വീകരിച്ച ശേഷം അവരെ ഉപദേശിച്ചു. "അല്ലാഹുവിന്റെ അടിമകളുടെ മേൽ അഹങ്കാരം പുലർത്തുകയും അക്രമം കാട്ടുകയും അരുത്. (ഇബ്നു കസീർ: 4/502)

പണവും പണ്ടവും കുന്നുകൂടിക്കിടക്കുന്നതിനെ റസൂലുല്ലാഹി ﷺ ഭയന്നു. ലഭിച്ചതെല്ലാം പടച്ചവന്റെ പാതയിൽ ചെലവഴിക്കാൻ ശ്രദ്ധിച്ചു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കു നന്ദി രേഖപ്പെടുത്താനും ആരാധനകൾ ശ്രദ്ധയോടെ നിർവ്വഹിക്കാനും ഉപദേശിച്ചു. നമസ്കാരത്തിൽ വലിയ ഗൗരവമായിരുന്നു. ജീവിതകാലമത്രയും ജമാഅത്തു നമസ്കാരത്തിൽ നിഷ്ഠ കാണിച്ചു. കഠിന രോഗം കാരണം മസ്ജിദിൽ വരാൻ കഴിയാതായപ്പോൾ ഇമാമത്ത് നിൽക്കാൻ അബൂബക്ർ സിദ്ദീഖ് ﷺനെ ഏൽപ്പിച്ചു. ശേഷമുള്ള നേതൃത്വവും സിദ്ദീഖ് ﷺ നു തന്നെയായിരിക്കണമെന്ന് ഇതിൽ സൂചനയു ണ്ടായിരുന്നു. ഇതിൽ സ്വഹാബത്ത് ഏകോപിക്കുകയും ചെയ്തു.

ഉപകാരികളെ പ്രത്യേകം സ്മരിക്കുകയും അവരോടു സ്നേഹം പ്രകടിപ്പിക്കുകയും ചെയ്തു. അബൂബക്ർ ﷺനെ കുറിച്ച് അരുളി: "സമ്പത്തും ജീവനും കൊണ്ട് എന്നെ ഏറ്റവും കൂടുതൽ സഹായിച്ചത് അബൂബക്ർ ﷺ ആണ്. അൻസാറുകളോട് നല്ല നിലയിൽ വർത്തിക്കുക. (ബുഖാരി)

തൗഹീദിൽ ജാഗ്രത പുലർത്താൻ പ്രത്യേകം ഉണർത്തി. പ്രവാചകൻമാരുടെ ഖബ്റിടങ്ങളെ സാഷ്ടാംഗ സ്ഥാനങ്ങളാക്കുന്നതിനെ വളരെ

രൂക്ഷമായ ഭാഷയിൽ വിമർശിച്ചു. പ്രവാചകൻമാരുടെ ഖബ്റിനെ സുജൂദിന്റെ സ്ഥാനമാക്കിയവരോട് അല്ലാഹു പോരാടട്ടെ. (മുവത്വാ)

അവസാന ഉപദേശം നമസ്കാരത്തെയും കീഴിലുള്ളവരോടുള്ള സഹവർത്തിത്വത്തെയും കുറിച്ചായിരുന്നു. അവിടുന്ന് അരുളി: "സമുദായമേ, നമസ്കാരത്തിൽ ശ്രദ്ധിക്കുക. കീഴിലുള്ളവരോട് നല്ല നിലയിൽ വർത്തിക്കുക" തുടർന്ന്, നന്നായി മിസ്‌വാക്ക് ചെയ്ത ശേഷം 'ലാഇലാഹ ഇല്ലല്ലാഹ് മരണം തീർച്ചയായും കടുപ്പമാണെന്നരുളി'. 'ഫിർറഫീഖിൽ അഅ്ലാ' (സമുന്നത സുഹൃത്തിനരികിൽ) എന്നു മൊഴിഞ്ഞു. അനുഗ്രഹീത ആത്മാവ് ഉപരിലോകത്തേക്കുയർന്നു! ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. ആഇഷ ﵂ വിവരിക്കുന്നു: വേർപാടിന്റെ സമയത്ത് റസൂലുല്ലാഹി ﷺയുടെ ശിരസ്സ് എന്റെ മടിയിലായിരുന്നു. കുറേ നേരം ഓർമ്മയില്ലാതെ കിടന്ന ശേഷം ഓർമ്മ വന്ന റസൂലുല്ലാഹി ﷺ വീടിന്റെയും മേൽക്കൂരയുടെയും ഭാഗത്തേക്കു നോക്കി. അവസാനമായി, 'സമുന്നത സുഹൃത്തിനരികിൽ' എന്നു മൊഴിഞ്ഞു കൊണ്ട് യാത്രയായി.

റസൂലുല്ലാഹി ﷺ ഇഹലോകവാസം വെടിയുമ്പോൾ അറേബ്യൻ ഉപദ്വീപ് മുഴുവൻ തങ്ങളുടെ കാൽക്കീഴിൽ അമർന്നിരുന്നു. ലോകചക്രവർത്തിമാരും അധികാരികളും തങ്ങളെ ഭയന്നിരുന്നു. ആദരണീയ സ്വഹാബാക്കൾ തങ്ങൾക്കായി സർവ്വതും അർപ്പണം ചെയ്യാൻ സന്നദ്ധരുമായിരുന്നു. പക്ഷെ, ഇതെല്ലാമായിരുന്നിട്ടും റസൂലുല്ലാഹി ﷺയുടെ പക്കൽ ഒരു ദിർഹമോ ദീനാറോ അടിമയോ അവശേഷിച്ചില്ല. ഒരു വെളുത്ത കോവർകഴുതയും ആയുധവും കുറച്ചു ഭൂമിയും മാത്രമുണ്ടായിരുന്നു. ഭൂമി ദാനം ചെയ്തിരുന്നു. (ബുഖാരി) പടച്ചട്ട ഒരു യഹൂദിയുടെ പക്കൽ പണയം വെച്ചിരുന്നു. (ബുഖാരി) ആ പണയ വസ്തു തിരിച്ചെടുക്കാൻ കഴിയുന്നതിനു മുമ്പ് വിയോഗം സംഭവിച്ചു. (ബൈഹഖി) എന്നാൽ, ഈ രോഗ സന്ദർഭത്തിൽ നാൽപ്പത് അടിമകളെ മോചിപ്പിച്ചു. പക്കലുണ്ടായിരുന്ന ഏഴു ദർഹം ദാനം ചെയ്യാൻ ആഇഷ ﵂ യോട് കൽപ്പിച്ചു. (അസ്സീറത്തുൽ ഹലബിയ്യ: 3/381)

ഉമ്മുൽ മുഅ്മിനീൻ ആഇശ ﵂ വിവരിക്കുന്നു: റസൂലുല്ലാഹി ﷺ യുടെ വിയോഗ നേരം, ജീവനുള്ളവർക്കു ഭക്ഷിക്കാൻ പറ്റുന്നതൊന്നും എന്റെ വീട്ടിൽ ഇല്ലായിരുന്നു. എന്നാൽ കുറച്ച് ഗോതമ്പ് എന്റെ അലമാരയിൽ ഉണ്ടായിരുന്നു. അതു കുറെ നാളുകൾ ഞാൻ ഉപയോഗിച്ചു. ഒരു ദിവസം അത് അളന്നു നോക്കി. തുടർന്ന് അതു തീർന്നു പോയി. (ബുഖാരി)

## തിരുവിയോഗം സഹാബത്തിനുണ്ടാക്കിയ ആഘാതം

റസൂലുല്ലാഹി ﷺയുടെ വിയോഗ വാർത്ത മദീനയാകെ പ്രചരിച്ചു. സ്വഹാബികൾക്ക് ഇത് വലിയ ആഘാതമായി. മാനവ ചരിത്രത്തിൽ തു

ല്യതയില്ലാത്ത സ്നേഹ ബന്ധമായിരുന്നു അവരുടേത്. മാതാപിതാക്കളുടെ മടിത്തട്ടിൽ കുഞ്ഞുങ്ങൾ ഓമനിച്ചു വളരുന്നതിനേക്കാൾ സ്നേഹ വാത്സല്യങ്ങ ളോടെയാണ് അവർ റസൂലുല്ലാഹി ﷺ യുടെ കാരുണ്യ ശീതളയിൽ കഴിഞ്ഞത്. റസൂലുല്ലാഹി ﷺ ക്ക് അവരോടുണ്ടായിരുന്ന ഈ ബന്ധത്തെ കുറിച്ച് ഖുർആൻ പറയുന്നു: "തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവരും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവരും, സത്യ വിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (തൗബ: 128)

ഇത്തരുണത്തിൽ, റസൂലുല്ലാഹി ﷺ യുടെ വിയോഗം അവർക്കു താങ്ങാൻ കഴിയാത്ത ആഘാതമായി. അവർ ആദ്യം ഈ വാർത്ത വിശ്വസിച്ചില്ല. റസൂലുല്ലാഹി ﷺ ഈ ലോകത്തു നിന്നും യാത്രയാകുമെന്ന് അവർക്ക് വിചാരം പോലുമില്ലായിരുന്നു. ഉമർ ؓ നെ പോലുള്ളവർ പോലും നിയന്ത്രണം വിട്ടു. ഉമർ ؓ പ്രസ്താവിച്ചു: റസൂലുല്ലാഹി ﷺ ദിവംഗതനായി എന്നു പറയുന്നവരുടെ തല ഞാൻ അറുക്കും. മസ്ജിദുന്നബവിയിൽ നിന്ന് അദ്ദേഹം പ്രസംഗിച്ചു; മുനാഫിഖുകളെ ഇല്ലാതാക്കുന്നതു വരെ റസൂലുല്ലാഹി ﷺ യുടെ വിഗോയം സംഭവിക്കുന്നതല്ല. (അൽബിദായ വന്നിഹായ: 5/242)

ഇതിനിടയിൽ അബൂബക്ർ സ്വിദ്ദീഖ് ؓ നെ അല്ലാഹു കാലഘട്ടത്തിന്റെ വഴികാട്ടിയാക്കി മുന്നോട്ടു കൊണ്ടു വന്നു. അദ്ദേഹം വിവരമറിഞ്ഞ് വീട്ടിൽ നിന്നും പുറപ്പെട്ടു. മസ്ജിദുന്നബവിയുടെ കവാടത്തിൽ ഒരു നിമിഷം നിന്നു. തദവസരം ഉമർ ؓ ന്റെ പ്രസംഗം നടക്കുകയായിരുന്നു. തുടർന്ന്, ആഇഷ ؓയുടെ വീട്ടിലേക്കു പോയി. റസൂലുല്ലാഹി ﷺ യുടെ അരികിലെത്തി. അനുഗ്രഹീത ശരീരം പുതപ്പിക്കപ്പെട്ടിരുന്ന വസ്ത്രം ഉയർത്തി തിരുവദനം ചുംബിച്ചു കൊണ്ട് പ്രസ്താവിച്ചു; "എന്റെ മാതാപിതാക്കൾ തങ്ങൾക്ക് അർപ്പണം, അല്ലാഹു തങ്ങൾക്കു വിധിച്ച മരണം അങ്ങ് രുചിച്ചു കഴിഞ്ഞു. ഇനി മരണം ഉണ്ടാകുന്നതല്ല!" ശേഷം പുറത്തേക്കിറങ്ങി ജനങ്ങൾക്കിടയിലൂടെ മിമ്പറിനരികിലേക്കു വന്നു. പ്രഭാഷണം ആരംഭിച്ചു. ഇതു കണ്ടപ്പോൾ ജനങ്ങൾ ഉമർ ؓ നെ വിട്ട് അബൂബക്ർ ؓ ലേക്കു വന്നു. അബൂബക്ർ ؓ പ്രസ്താവിച്ചു: ജനങ്ങളെ, ആരെങ്കിലും മുഹമ്മദ് നബിയെ ആരാധിച്ചിരുന്നുവെങ്കിൽ മുഹമ്മദ് നബിയുടെ വിയോഗം സംഭവിച്ചിരിക്കുന്നു എന്നറിയുക. അല്ലാഹുവിനെ ആരാധിച്ചിരുന്നവർ, അല്ലാഹു ഇന്നും ജീവിച്ചിരിക്കുന്നു എന്നു മനസ്സിലാക്കുക. അല്ലാഹു അറിയിക്കുന്നു; "മുഹമ്മദ് നബി അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. തങ്ങൾക്ക് മുമ്പും ദൂതൻമാർ കഴിഞ്ഞു പോയിട്ടുണ്ട്. തങ്ങൾ

മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ചു പോകുകയോ? ആരെങ്കിലും പുറകോട്ട് തിരിച്ചു പോകുന്ന പക്ഷം അല്ലാഹുവിന് ഒരു ദ്രോഹവും അത് വരുത്തുകയില്ല. നന്ദി കാണിക്കുന്ന വർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ്" (ആലുഇംറാൻ: 144)

ആന്തം വിട്ടു നിന്ന ജനങ്ങളിലേക്ക് ഈ പ്രഭാഷണവും ആയത്തും ശക്തമായി തുളച്ചു കയറി. സ്വഹാബത്ത് തന്നെ വിവരിക്കുന്നു: അല്ലാഹുവിൽ സത്യം, അബൂബക്ർ ﵁ ഈ ആയത്ത് പാരായണം ചെയ്തപ്പോൾ അത് ഇപ്പോൾ അവതരിച്ചതാണെന്ന് ഞങ്ങൾക്ക് അനുഭവപ്പെട്ടു! ഉമർ ﵁ പറയുന്നു: "ഈ ആയത്തു കേട്ടപ്പോൾ എന്റെ കാലുകൾ കുഴഞ്ഞ് ഭൂമിയിലേക്കു മറിഞ്ഞു വീണു. റസൂലുല്ലാഹി ﷺ യുടെ വിയോഗം സംഭവിച്ചതായി ഞാൻ തിരിച്ചറിഞ്ഞു".

അല്ലാമാ അബുൽഹസൻ അലി നദ്‌വി കുറിക്കുന്നു: ഹിജ്റ 11 റബീഉൽഅവ്വൽ 12 തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷമായിരുന്നു റസൂലുല്ലാഹി ﷺയുടെ വിയോഗം. 63 വയസ്സുണ്ടായിരുന്നു. മുസ്‌ലിംകൾക്ക് മാത്രമല്ല, മുഴുവൻ മാനവികതയ്ക്കും ഏറ്റവും കഠിനമായ വ്യസനം സംഭവിച്ച ദിവസമാണത്. അവിടുത്തെ ജനനദിനമാകട്ടെ ലോകത്തെ ഏറ്റവും സൗഭാഗ്യസമ്പൂർണമായ സുദിനവുമായിരുന്നു. അനസ് ﵁, അബൂസഊദ് ﵁ എന്നിവർ പ്രസ്താവിക്കുന്നു: റസൂലുല്ലാഹി ﷺ മദീനയിൽ വന്നെത്തിയപ്പോൾ അവിടെയുള്ള സർവ്വവസ്തുക്കളും പ്രകാശിച്ചു. എന്നാൽ വിയോഗം സംഭവിച്ചപ്പോൾ മദീനയിലെ സകല വസ്തുക്കളും ഇരുളടഞ്ഞതായി. റസൂലുല്ലാഹി ﷺയുടെ വിയോഗത്തെക്കുറിച്ച ഓർത്ത് കരഞ്ഞുകൊണ്ടിരുന്ന ഉമ്മുഅയ്മൻ ﵁ നോട് എന്തിനാണ് കരയുന്നതെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞു: റസൂലുല്ലാഹി ﷺ എന്നെങ്കിലുമൊരിക്കൽ ദിവംഗതനാകുമെന്ന് എനിക്ക് അറിയാമായിരുന്നു. പക്ഷേ, ഞങ്ങളിൽ നിന്നും ഉയർത്തപ്പെട്ട വഹ്‌യിനെ കുറിച്ച് ഓർത്താണ് ഞാൻ കരയുന്നത്.

ശേഷം റസൂലുല്ലാഹി ﷺ യുടെ ഖബ്ർ എവിടെയാകണം എന്നതിനെ കുറിച്ച് അവർ ചർച്ച ചെയ്തു. നബിമാർ ദിവംഗതരാകുന്ന സ്ഥലത്തു തന്നെയാണ് അടക്കപ്പെടേണ്ടത് എന്ന ഹദീസിന്റെ വെളിച്ചത്തിൽ ഉമ്മുൽ മുഅ്മിനീൻ ആഇഷ ﵂ യുടെ മുറി ഖബ്ർ ശരീഫ് ആക്കാൻ തീരുമാനിച്ചു. അടുത്ത ദിവസം തിങ്കളാഴ്ച ഖബറടക്കം നടന്നു. തിരുകുടുംബത്തിലെ അംഗങ്ങൾ കുളിപ്പിക്കലും മറ്റും നിർവ്വഹിച്ചു. അബൂത്വൽഹ അൻസാരി ﵁ ഖബ്ർ കുഴിച്ചു. സ്വഹാബികൾ ചെറുചെറു സംഘങ്ങളായി വന്ന് നമസ്കരിച്ചു. ശേഷം ഖബറടക്കപ്പെട്ടു.

സ്വഹാബത്തിന്റെ ദുഃഖം നിറഞ്ഞൊഴുകി. പക്ഷെ, റസൂലുല്ലാഹി ﷺ

തന്നെ പഠിപ്പിച്ച സഹനതകളുടെ പാശത്തെ അവർ മുറുകെ പിടിച്ചു. സ്വഹാബത്തിന്റെ ദു:ഖത്തിന്റെ ആഴവും പരപ്പും റസൂലുല്ലാഹി ﷺ യുടെ ഈ വചനം തന്നെ വ്യക്തമായി വരച്ചു കാട്ടുന്നുണ്ട്. “ജനങ്ങളെ, നിങ്ങൾക്ക് എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചാൽ എന്റെ വിയോഗത്തെ കുറിച്ച് ഓർത്ത് ദു:ഖത്തിന് ആശ്വാസം കണ്ടെത്തുക. കാരണം, എന്റെ സമുദായത്തെ സംബന്ധിച്ചിടത്തോളം എന്റെ വിയോഗത്തേക്കാൾ വലിയ ആഘാതം വേറെ ഒന്നും തന്നെയില്ല” (ഇബ്നു മാജ)

നമസ്കാരാനന്തരം കണ്ടുമുട്ടിയ അനസ് ﷺ നോട് പ്രിയ പുത്രി സയ്യിദ ഫാത്വിമ ﷺ ചോദിച്ചു; “അനസേ, റസൂലുല്ലാഹി ﷺ യുടെ ഖബ്റിൽ മണ്ണിടാൻ നിങ്ങൾക്ക് എങ്ങനെ സാധിച്ചു?” (ബുഖാരി)

## റസൂലുല്ലാഹി ﷺ യുടെ ഖലീഫ

റസൂലുല്ലാഹി ﷺ യുടെ വിയോഗം മനസ്സിലാക്കിയ സ്വഹാബത്ത് തിരുസംസ്കരണത്തിന് മുമ്പു തന്നെ ഭാവി കാര്യങ്ങളെ കുറിച്ചു തീരുമാനിക്കാൻ ഒരു മരത്തണലിൽ ഒത്തുകൂടി. ആദ്യം അൻസാറുകളും തുടർന്ന് മുഹാജിറുകളും അവിടെ വന്നു ചേർന്നു. അൻസാറുകൾ പറഞ്ഞു: റസൂലുല്ലാഹി ﷺ യാത്രയായി. ഞങ്ങളിലാരെയെങ്കിലും നായകനായി തീരുമാനിക്കുക. മുഹാജിറുകൾ പറഞ്ഞു: അറബികളിൽ പ്രധാന ഗോത്രമായ ഖുറൈശിൽ നിന്നും ആരെങ്കിലും നേതാവാകുന്നതാണ് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാതിരിക്കാൻ ഉത്തമം! അബൂബക്ർ ﷺ ആയിരുന്നു ഈ അഭിപ്രായം പ്രധാനമായും പറഞ്ഞത്. തുടർന്ന്, ഉമർ ﷺ ന്റെ നാമം അബൂബക്ർ ﷺ അഭിപ്രായപ്പെട്ടു. ഇതു കേട്ട ഉമർ ﷺ പറഞ്ഞു: “റസൂലുല്ലാഹി ﷺ യുമായി ഏറെ അടുത്തത് അബൂബക്ർ ﷺ ആണ്. റസൂലുല്ലാഹി ﷺ, രോഗ സന്ദർഭത്തിൽ ഇമാമായി നിശ്ചയിച്ചത് അബൂബക്ർ ﷺ നെയാണ്. ആകയാൽ, നേതൃത്വത്തിനു യോഗ്യത അദ്ദേഹം തന്നെ” ഇത്രയും പറഞ്ഞ് അബൂബക്ർ ﷺ ന്റെ കരം ഗ്രഹിച്ച് ബൈഅത്ത് ചെയ്തു. ഉടനെ മറ്റു സദസ്യരും ബൈഅത്ത് ചെയ്തു. തുടർന്ന്, ഈ വാർത്ത പ്രചരിച്ചു. അവിടെ ഇല്ലാതിരുന്നവരും വന്നു ബൈഅത്ത് ചെയ്തു. ചുരുക്കത്തിൽ, റസൂലുല്ലാഹി ﷺ അന്ത്യ വിശ്രമ സ്ഥാനത്തേക്കു യാത്രയാകും മുമ്പു തന്നെ മുസ്ലിംകൾ തീർത്തും യോഗ്യനായ ഒരു നായകനെ കണ്ടെത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇസ്ലാമിന്റെ വാഹക സംഘം പ്രവാചകന്റെ സുവ്യക്ത സരണിയിൽ തന്നെ പുനർപ്രയാണം ആരംഭിച്ചു.

## പവിത്ര പത്നിമാർ

റസൂലുല്ലാഹി ﷺ യുടെ പ്രഥമ പത്നി ഉമ്മുൽ മുഅ്മിനീൻ ഖദീജ ﷺ ആയിരുന്നു. 25-ാം വയസ്സ് മുതൽ 50 വയസ്സ് വരെ ഇവർ മാത്രമായി

രുന്നു ഏക പത്നി. റസൂലുല്ലാഹി ﷺയുടെ മക്കാ ജീവിതത്തിന്റെ അവസാന ഘട്ടത്തിൽ ഖദീജ ﷺ ദിവംഗതയായി. തുടർന്ന്, റസൂലുല്ലാഹി ﷺ പതിനൊന്നു വിവാഹങ്ങൾ നടത്തി. അവരുടെ നാമങ്ങൾ ആഇശ ﷺ, ഹഫ്സ ﷺ, സൗദ ﷺ, ഉമ്മുസലമ ﷺ, സൈനബ് ബിൻതു ഖുസൈമ ﷺ, സൈനബ് ബിൻതു ജഹ്ശ്, ജുവൈരിയ ﷺ, ഉമ്മുഹബീബ ﷺ, മൈമൂന ﷺ, സഫിയ്യ ﷺ. ഇവരിൽ ഉമ്മുൽ മസാകീൻ സൈനബ് ബിൻതു ഖുസൈമ ﷺ റസൂലുല്ലാഹി ﷺയുടെ മദീനാ ജീവിതത്തിൽ ദിവംഗതയായി. ഈ രണ്ടു മഹതികളുടെയും വേർപാടിലൂടെ ഭാര്യയുടെ വേർപാടിൽ ഭർത്താവ് എങ്ങനെ കഴിയണമെന്നതിനും, ജീവിച്ചിരുന്നവരിലൂടെ ഭർത്താവിന്റെ വിയോഗത്തിനു ശേഷം ഭാര്യമാർ എങ്ങനെ കഴിയണമെന്നതിനും ഉത്തമ മാതൃകയായി. ഇവരെല്ലാവരും വിശ്വാസികളുടെ മാതാക്കളാണെന്നും റസൂലുല്ലാഹി ﷺക്ക് ശേഷം ഇവരെ ആരും വിവാഹം കഴിക്കാൻ പാടില്ലായെന്നും പരിശുദ്ധ ഖുർആൻ ഉണർത്തിയിരിക്കുന്നു.

ഇസ്ലാമിനു മുമ്പ് ഇഷ്ടപ്രകാരം എത്ര വിവാഹം വേണമെങ്കിലും കഴിക്കുന്ന പതിവുണ്ടായിരുന്നു. ഇസ്ലാം ഇതിൽ നിയന്ത്രണം വരുത്തി. ഒന്നിനേക്കാൾ കൂടുതൽ നാലു വിവാഹം വരെ കഴിക്കാമെന്നു പരിധി വെച്ചു. ഇതോടൊപ്പം നീതി പുലർത്തണമെന്നു നിർബന്ധവുമാക്കി. എന്നാൽ, ഈ നിയന്ത്രണം റസൂലുല്ലാഹി ﷺക്ക് ബാധകമാക്കിയില്ല. റസൂലുല്ലാഹി ﷺ ഇരുപത്തിയഞ്ചാം വയസ്സിൽ അതായത്, പ്രവാചകത്വത്തിനു പതിനഞ്ചു വർഷം മുമ്പ് ഒരു വിധവയായ സ്ത്രീയെ വിവാഹം കഴിച്ചു. ഇരുപത്തിയഞ്ചു വർഷം വരെ ഇതു മാത്രം മതിയാക്കി. പത്നിയുടെ മരണം സംഭവിച്ചപ്പോൾ ആവശ്യപ്രകാരം മറ്റൊരു വിധവയായ സൗദ ﷺയെ വിവാഹം കഴിച്ചു. തദവസരം റസൂലുല്ലാഹി ﷺയുടെ വയസ്സ് 53 കഴിഞ്ഞിരുന്നു. തുടർന്ന്, റസൂലുല്ലാഹി ﷺ പ്രവാചകത്വത്തിന്റെ സാമൂഹ്യ ആവശ്യാർത്ഥം പല സ്ഥലങ്ങളുമായും വ്യക്തികളുമായും ബന്ധപ്പെട്ടു. ഇത്തരുണത്തിൽ, ചില പ്രത്യേക നന്മയുടെ അടിസ്ഥാനത്തിൽ വിവിധ വിവാഹങ്ങൾ നടത്തേണ്ടി വന്നു. അല്ലാഹു അതിന് അനുവദിക്കുകയും ചെയ്തു. 53 വയസ്സിനു ശേഷമാണ് ഈ വിവാഹങ്ങളെല്ലാം നടത്തിയത്. പുതിയൊരു വിവാഹത്തിന്റെ താൽപര്യമോ, രസാനുഭൂതിയോ ഈ സമയത്ത് ഉണ്ടാകില്ലെന്നതും, ചില പ്രത്യേക ആവശ്യങ്ങളുടെ പേരിൽ മാത്രമാണെന്നതും വ്യക്തമാണ്. ജീവിതത്തിന്റെ അവസാന ഒമ്പതു വർഷത്തിനുള്ളിൽ ഈ വിവാഹങ്ങൾ നടന്നു. ഇവയെല്ലാം റസൂലുല്ലാഹി ﷺയുടെ ആഗ്രഹപ്രകാരം ആയിരുന്നില്ല. സാമൂഹ്യ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. കൂട്ടത്തിൽ ഈ പത്നിമാരും ത്യാഗത്തിനു തയ്യാറായിട്ടാണ് വിവാഹത്തിലേക്കു കടന്നു വന്നത്. അവ

രോട് അല്ലാഹു വളരെ ഗൗരവത്തിൽ ചില കാര്യങ്ങൾ ഉണർത്തുകയും അവർ പാലിക്കുകയും ചെയ്യുകയുണ്ടായി. (അഹ്സാബ്: 28-34)

ചുരുക്കത്തിൽ ഇസ്‌ലാമിനു മുമ്പ് കുത്തഴിഞ്ഞു കിടന്നിരുന്ന വിവാഹ ബന്ധത്തെ ഇസ്‌ലാം നേരെയാക്കി. പ്രബോധനത്തിന്റെയും പൊതുനന്മയുടെയും അടിസ്ഥാനത്തിൽ റസൂലുല്ലാഹി ﷺക്ക് പതിനൊന്നു ഭാര്യമാരെ അനുവദിച്ചു. റസൂലുല്ലാഹി ﷺയും പവിത്ര പത്നിമാരും ഈ ലക്ഷ്യത്തെ പരിപൂർണമായി നിറവേറ്റുകയും ചെയ്തു. റസൂലുല്ലാഹി ﷺയുടെ വൈവാഹിക ജീവിതം പഠനവിധേയമാക്കിയാൽ അതു മുഴുവനും തന്നെ അത്യന്തം സൂക്ഷ്മവും മാതൃകാപരവും നാശങ്ങളിൽ നിന്നും തീർത്തും സുരക്ഷിതവുമായിരുന്നുവെന്നു കാണാൻ കഴിയും. ആദ്യമായി റസൂലുല്ലാഹി ﷺ വിവാഹത്തിനു ധൃതി കാണിച്ചില്ല. വളരെ സൂക്ഷ്മതയോടെ സേവന പ്രവർത്തനങ്ങളിൽ മുഴുകിക്കഴിഞ്ഞു. നല്ല ബന്ധം കിട്ടിയപ്പോൾ വിവാഹത്തിനു സമ്മതിക്കുകയും ചെയ്തു. അതു തങ്ങളേക്കാൾ പതിനഞ്ചു വയസ്സ് പ്രായം കൂടിയ വിധവയായ ഖദീജ ബിൻതു ഖുവൈലിദ് رضي الله عنها ആയിരുന്നു. പക്ഷേ, അവരുടെ മാന്യതയും മഹത്വവും സർവ്വാംഗീകൃതമായിരുന്നു. പ്രവാചകത്വം ലഭിക്കാത്തതിനാൽ മതപരമായ നിയന്ത്രണങ്ങളൊന്നും ഇല്ലാതിരുന്നിട്ടും ഇരുവരും പരിപൂർണ്ണ സ്നേഹത്തിലും മാന്യതയിലും വർത്തിച്ചു. പ്രവാചകത്വം ലഭിച്ചപ്പോൾ അവർ നന്നായി പന്തുണക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. തുടർന്ന്, ത്യാഗത്തിന്റെ ഘട്ടം ആരംഭിച്ചപ്പോൾ വളരെ ആത്മാർത്ഥതയോടെ പിന്തുണച്ചു. ഇരുപത്തിയഞ്ചു വർഷം നീണ്ടുനിന്ന ഈ വിവാഹ ജീവിതം ഖദീജ رضي الله عنهاയുടെ വിയോഗത്തോടെ അവസാനിച്ചു. റസൂലുല്ലാഹി ﷺ വളരെയധികം ദുഃഖിച്ചു. അവരെ എന്നും ഓർക്കുകയും അവരുടെ കൂട്ടുകാരികളെ ആദരിക്കുകയും ചെയ്തിരുന്നു.

ഖദീജ رضي الله عنهاയുടെ വിയോഗത്തിനു ശേഷം റസൂലുല്ലാഹി ﷺ ആദ്യം വിവാഹമൊന്നും വേണ്ടെന്നു വെച്ചു. ശേഷം ബന്ധുമിത്രങ്ങളുടെ അഭിപ്രായപ്രകാരം നല്ല പ്രായമുള്ളവരും, സൗന്ദര്യം കുറഞ്ഞവരുമായ സൗദ ബിൻതു സംഅ رضي الله عنهاയെ വിവാഹം ചെയ്തു. ചെറുപ്രായക്കാരായ പെൺമക്കളെ നോക്കുക എന്നതായിരുന്നു ഈ വിവാഹത്തിന്റെ ലക്ഷ്യം. അതുകൊണ്ട്, പ്രായം കൂടിയ അനുഭവ സമ്പന്നയായ സ്ത്രീയെ തിരഞ്ഞെടുത്തു.

53-ാം വയസ്സിൽ മദീനയിലേക്കു ഹിജ്റ ചെയ്തു. ഇവിടെ ചില പ്രത്യേക സാഹചര്യങ്ങൾ കാരണം ഏതാനും വിവാഹങ്ങൾ കഴിച്ചു. ഖുറൈശികളുടെ സേനാനായകനായ അബൂസുഫ്യാന്റെ മകൾ ഭർത്താവിനൊപ്പം എത്യോപ്യയിലേക്കു പോകുകയും അവിടെവെച്ച് ഭർത്താവ് ഇ

സ്ലാം ഉപേക്ഷിച്ച് ക്രിസ്ത്യാനിയാവുകയും അവർ കുഞ്ഞിനെയും കൊണ്ട് തനിച്ചാവുകയും ചെയ്തപ്പോൾ ഈ പ്രധാന സ്ത്രീയെ റസൂലുല്ലാഹി ﷺ തന്നെ വിവാഹം കഴിക്കണമെന്ന് നജ്ജാശി രാജാവ് അഭിപ്രായപ്പെട്ടു. അങ്ങനെ ഈ വിവാഹം നടന്നു. യഹൂദീ ഗോത്രം ബനൂനളീറിന്റെ നേതാവ് ഹുയെയിന്റെ മകൾ സ്വഫിയ്യയെ യുദ്ധതടവുകാരിയായി പിടിക്കപ്പെട്ടു. റസൂലുല്ലാഹി ﷺ അവരെ തടവിൽ നിന്നും മോചിപ്പിച്ച് വിവാഹം ചെയ്തു. മറ്റൊരു യഹൂദീ ഗോത്രമായ ബനൂമുസ്തലഖിന്റെ നേതാവ് ഹാരിസിന്റെ മകൾ ജുവൈരിയയെയും തടവിൽ അടിമയാക്കപ്പെട്ടു വന്നു. റസൂലുല്ലാഹി ﷺ ഈ നേതാവിനെയും സന്തോഷിപ്പിക്കാൻ അവരെ മോചിപ്പിച്ച് വിവാഹം ചെയ്തു. തൽഫലമായി ആ ഗോത്രം മുഴുവൻ നന്ദി പ്രകടിപ്പിക്കുകയും, ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. മറുഭാഗത്ത്, തന്റെ ആത്മ സുഹൃത്തുക്കളായ അബൂബക്ർ സ്വിദ്ദീഖ് ؓന്റെയും ഉമറുൽ ഫാറൂഖ് ؓന്റെയും മക്കളായ ആഇശ ؓയെയും ഹഫ്സ ؓയെയും ജീവിതസഖികളായി സ്വീകരിച്ചു. മറ്റൊരു ആത്മ സുഹൃത്തും ഖുറൈശീ നേതാവുമായ ഉസ്മാൻ ؓന് ഒന്നിനു പുറകെ ഒന്നായി രണ്ടു മക്കളെ വിവാഹം കഴിച്ചു കൊടുത്തു. ഇളയ മകൾ ഫാത്വിമത്തുസ്സഹ്റാഅ് ؓയെ കുടുംബത്തിലെ തന്നെ പ്രധാന വ്യക്തിത്വം അലിയ്യ് ؓനും വിവാഹം ചെയ്തു കൊടുത്തു. ശേഷം ഉമ്മുൽ മസാക്കീൻ എന്ന പേരിൽ പ്രസിദ്ധയായ സൈനബ് ؓയെ വിവാഹം കഴിച്ചു. രണ്ടു മാസം കഴിഞ്ഞപ്പോൾ ദിവംഗതയായി. പിന്നീട് ഉമ്മുസലമ ؓയെ വിവാഹം കഴിച്ചു. മദീനയിലുള്ള ഭർത്താവിനരികിൽ ത്യാഗം ചെയ്തെത്തിയതായ ഉമ്മുസലമയെയും കുഞ്ഞുങ്ങളെയും വിട്ട് ഭർത്താവ് യുദ്ധത്തിൽ ശഹീദായി. റസൂലുല്ലാഹി ﷺ ആ വിധവക്കും അനാഥർക്കും തണലായി അവരെ വിവാഹം കഴിച്ചു. തന്റെ ബന്ധുവും പ്രധാന കുടുംബക്കാരിയുമായ സൈനബ് ബിൻതു ജഹ്ശിനെ ഇസ്ലാമിക സമത്വത്തിന്റെ ഉദാഹരണമെന്നോണം അടിമത്വമോചിതനായ സൈദുബ്നു ഹാരിസിന് വിവാഹം ചെയ്തു കൊടുത്തു. എന്നാൽ, ഈ വിവാഹ ബന്ധം നീണ്ടു നിന്നില്ല. വിവാഹ മോചനം നടന്നു. ഉയർന്ന കുടുംബത്തിലെ സ്ത്രീ വിവാഹ മോചിതയായെന്ന പ്രയാസം മാറ്റുന്നതിനും ദത്തുപുത്രൻമാർ യഥാർത്ഥ മക്കളാണെന്ന ജാഹിലീ വീക്ഷണം തിരുത്തുന്നതിനും റസൂലുല്ലാഹി ﷺ അവരെ വിവാഹം കഴിച്ചു. മാരിയ, റൈഹാന എന്നീ രണ്ട് അടിമ സ്ത്രീകളെയും മോചിപ്പിച്ച് വിവാഹം കഴിച്ചു. ഇവരെ അടിമ സ്ത്രീയാക്കി നിർത്തിക്കൊണ്ടു തന്നെ വിവാഹം കഴിക്കാമായിരുന്നു. പക്ഷേ, അടിമത്വ മോചനം ചെയ്യപ്പെട്ടവർക്ക് സ്വതന്ത്രരുടെ സ്ഥാനം തന്നെ നൽകപ്പെടുമെന്നു കാണിക്കാൻ റസൂലുല്ലാഹി ﷺ അവരെ മോചിപ്പിച്ച് വിവാഹം ചെയ്തു. ഏറ്റവും അവ

സാനമായി വിവാഹം കഴിച്ച പത്നി മൈമൂന ബിൻതു ഹാരിസിൽ ഹി ലാലിയ്യയെയാണ്. റസൂലുല്ലാഹി ﷺ മദീനയിൽ താമസിക്കുമ്പോൾ എല്ലാ ഭാര്യമാരോടും സമത്വവും നീതിയും സമയ കൃത്യതയും പുലർത്തിയിരുന്നു. യാത്ര ചെയ്യുമ്പോൾ ഭാര്യമാർക്കിടയിൽ നറുക്കിടുകയും നറുക്കു വീഴുന്നവരെ കൂട്ടത്തിൽ കൊണ്ടുപോകുകയും ചെയ്തിരുന്നു. റസൂലുല്ലാഹി ﷺ ഇതും ഇതര പ്രവർത്തനങ്ങളും അല്ലാഹുവിന്റെ ഇഷ്ടപ്രകാരം മാത്രമാണ് ചെയ്തിരുന്നത്. അല്ലാഹുവിന് ഇഷ്ടമായ കാര്യത്തിൽ എന്തെങ്കിലും തത്വം ഉണ്ടായിരിക്കുമെന്ന കാര്യം വ്യക്തമാണല്ലോ. റസൂലുല്ലാഹി ﷺ യുടെ ഓരോ പത്നിമാർക്കും ചില വിശിഷ്ട ഗുണങ്ങളും വ്യതിരിക്ത പ്രത്യേകതകളുമുണ്ടായിരുന്നു. ഇതിലൂടെ സമുദായത്തിനു വലിയ പാഠങ്ങൾ ലഭിച്ചു. ഭാര്യാ ഭർത്താക്കൻമാർക്കിടയിൽ ഉണ്ടാകുന്ന സർവ്വ കാര്യങ്ങൾക്കും ഇവരിൽ പരിഹാരം കാണാൻ കഴിയും. ദാമ്പത്യ ജീവിതത്തിന്റെ ഉള്ളറകളിൽ അടങ്ങിയ നിരവധി കാര്യങ്ങളുടെ വിധിവിലക്കുകൾ പവിത്ര പത്നിമാരിലൂടെയാണ് ലോകത്തിനു ലഭിച്ചത്. ആഇശ رضي الله عنها ഈ വിഷയത്തിൽ വളരെ മുന്നിലാണ്. കൂടാതെ, ഇണകളിൽ നിന്നും ഭർത്താവിനു ലഭിക്കേണ്ട പിൻബലവും സമാശ്വാസവും ഈ പത്നിമാരിൽ നിന്നും റസൂലുല്ലാഹി ﷺക്ക് ഓരോ സന്ദർഭങ്ങളിലും ലഭിച്ചു. ഇത് മറ്റാരേക്കാളും വളരെ മഹത്തരമായിരുന്നു. പ്രവാചകത്വത്തിന്റെ തുടക്കത്തിൽ ഖദീജ رضي الله عنهاയിലൂടെ ലഭിച്ച മനക്കരുത്തും സമാധാനവും ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഹുദൈബിയ്യ സന്ധിയുടെ വേളയിൽ ഇഹ്റാം ഒഴിവാക്കാൻ പറഞ്ഞപ്പോൾ അന്തം വിട്ടു നിന്ന സ്വഹാബത്തിന്റെ സമീപനത്തെ കുറിച്ചു വിഷമിച്ച റസൂലുല്ലാഹി ﷺയോട് ഉമ്മുസലമ رضي الله عنها അഭിപ്രായപ്പെട്ടു. താങ്കൾ മൃഗത്തെ അറുത്തു മുടിയെടുക്കുക. അവരും എടുക്കും. ഇതുതന്നെ സംഭവിച്ചു. സൗദ رضي الله عنهاയിലൂടെ റസൂലുല്ലാഹി ﷺയുടെ മക്കൾക്ക് സമാശ്വാസം ലഭിച്ചു. ആഇശ رضي الله عنها ചെറുപ്രായത്തിൽ തന്നെ റസൂലുല്ലാഹി ﷺയുടെ പത്നിപദം സ്വീകരിച്ചു. തുടർന്ന്, നല്ല നിലയിൽ കാര്യങ്ങളെല്ലാം പഠിച്ചു മനസ്സിലാക്കി. രണ്ടായിരം ഹദീസുകൾ നിവേദനം ചെയ്തു. ആഇശ رضي الله عنها ഇസ്ലാമിൽ വിജ്ഞാനത്തിന്റെ ഒരു പ്രധാന ശേഖരം തന്നെയാണ്. കൂടാതെ റസൂലുല്ലാഹി ﷺക്ക് ശേഷം നാൽപ്പതു വർഷം ജീവിച്ചു. അവർ സ്ത്രീകൾക്ക് വളരെ നല്ല രീതിയിൽ ശിക്ഷണ ശീലങ്ങൾ നൽകി. ഹിജ്റ: 58 ശഅ്ബാൻ 17ന് വഫാത്തായി. ബഖീഇൽ അന്ത്യവിശ്രമം ആരംഭിച്ചു. ഹഫ്സ رضي الله عنهاയും ആഇശ رضي الله عنهاയുടെ വഴിയിലൂടെ നീങ്ങി. ദീനിനു വലിയ ശക്തി പകർന്നു. ഇരുനൂറ് ഹദീസുകൾ നിവേദനം ചെയ്തു. ഹിജ്റ: 3 ശഅ്ബാനിൽ റസൂലുല്ലാഹി ﷺയുടെ പത്നിയായി. ഹിജ്റ: 45 ശഅ്ബാനിൽ

അറുപതാം വയസ്സിൽ മദീനയിൽ വഫാത്തായി. ഉമ്മുൽ മസാക്കീൻ സൈനബ് ﷺ ദാനധർമ്മത്തിന്റെ അത്ഭുത മാതൃകയായിരുന്നു. ഹിജ്റ: നാലിൽ റസൂലുല്ലാഹി ﷺ വിവാഹം കഴിച്ചു. മൂന്നാം മാസം റബീഉൽ ആഖിർ നാലിന് ഇഹലോകവാസം വെടിഞ്ഞു. ഉമ്മുസലമ ﷺ ഹിജ്റ: നാലിൽ ഭാര്യയായി. 84-ാം വയസ്സിൽ ഹിജ്റ: 59-ൽ ദിവംഗതയായി. സൈനബ് ബിൻതു ജഹ്ശ് ﷺ ജാഹിലീ അന്ധവിശ്വാസങ്ങളെ എതിർത്തു തോൽപ്പിച്ചു കൊണ്ട് ഹിജ്റ: അഞ്ചിൽ ദുൽഖഅ്ദ് മാസം സഹധർമ്മിണിയായി. 65-ാം വയസ്സിൽ ഹിജ്റ: 56-ൽ വഫാത്തായി. ഉമ്മുഹബീബ റംല ബിൻതു അബീസുഫ്യാൻ ഭർത്താവ് ഒരു സ്ത്രീയിൽ കുടുങ്ങി മുർതദ്ദായ ശേഷം റസൂലുല്ലാഹി ﷺയുടെ പത്നിപദത്തിലെത്തി. വളരെ നല്ല ജീവിതം നയിച്ചു. സ്വഫിയ്യ ﷺ ഖൈബർ യുദ്ധത്തിനു ശേഷം ഹിജ്റ: ഏഴിൽ പ്രവാചക പത്നിയായി. ഹിജ്റ: 50-ൽ ഇഹലോകവാസം വെടിഞ്ഞു. ഇവരെല്ലാവരും ബഖീഉൽ ഗർഖദിൽ അടുത്തടുത്തായി അന്ത്യവിശ്രമം കൊള്ളുന്നു. മൈമൂന ﷺ ദുൽഖഅ്ദ് 7-ൽ മക്കക്ക് അടുത്തുള്ള സരിഫിൽ വെച്ച് വിവാഹിതരായി. ഹിജ്റ 61-ൽ അവിടെ തന്നെ വഫാത്തായി. റസൂലുല്ലാഹി ﷺ അന്ത്യപ്രവാചകനാണ്. തങ്ങളുടെ മാർഗ്ഗം ലോകാവസാനം വരെ മാതൃകയാണ്. ഇവിടെ റസൂലുല്ലാഹി ﷺയുടെ വ്യത്യസ്ഥ ഘട്ടങ്ങളിലുള്ള സമീപനങ്ങൾ പിൻഗാമികൾക്കു മാതൃകയാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം രണ്ടു ഭാര്യമാരെ നീതിയോടെ ഒരുമിച്ചു കൊണ്ടുപോകുക തന്നെ പ്രയാസകരമാണ്. സമത്വത്തിന്റെ കാര്യം പറയാനേയില്ല. ഇവിടെയാണ്, ഒമ്പതു ഭാര്യമാരെ നീതിയോടെ മാത്രമല്ല സമത്വത്തോടെ നയിച്ച റസൂലുല്ലാഹി ﷺ യുടെ മഹത്വം മനസ്സിലാക്കേണ്ടതുണ്ട്. അതെ, ഭാര്യമാരുടെ വിഷയത്തിൽ നീതിയും ന്യായവും പുലർത്തണമെന്നും മാനുഷികമായി ഇടപെടണമെന്നും റസൂലുല്ലാഹി ﷺയുടെ ജീവിതം ഉണർത്തുകയും ചെയ്യുന്നു. റസൂലുല്ലാഹി ﷺയുടെ ഭൗതിക വിരക്തി നിറഞ്ഞ ജീവിതം, സൂക്ഷ്മതയോടെയുള്ള വർത്തനം, ഭൗതിക സുഖങ്ങളിൽ നിന്നുള്ള അകൽച്ച ഈ കാര്യങ്ങളിൽ പവിത്ര പത്നിമാരും പരിപൂർണ്ണമായി സഹകരിച്ചു എന്ന കാര്യവും വളരെ ശ്രദ്ധേയമാണ്. റസൂലുല്ലാഹി ﷺ അവരോട് അരുളി: "നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും പരലോകത്തെയും ഉദ്ദേശിക്കുന്നുവെങ്കിൽ എന്റെ കൂട്ടത്തിൽ നിൽക്കുക. ഭൗതിക സുഖസൗകര്യങ്ങൾ വേണമെങ്കിൽ നിങ്ങളെ നല്ല നിലയിൽ വിട്ടയക്കാം. അവരിൽ ഒരാൾ പോലും ഒഴിവാകാതെ എല്ലാവരും പറഞ്ഞു: അങ്ങയോടൊപ്പമുള്ള ത്യാഗസമ്പൂർണ്ണമായ ജീവിതമാണ് ഞങ്ങളുടെ ഇഷ്ടം." ഇതു പറയുക മാത്രമല്ല, ഈ നിലയിൽ തന്നെ ജീവിക്കുകയും അവസാനം വരെ ഈ മാർഗ്ഗത്തിൽ ഉറച്ചു നിന്ന് ഉന്നത മാ

ത്യക കാട്ടുകയും ചെയ്തു. അല്ലാഹു അവരെയെല്ലാവരെയും അനുഗ്ര ഹിക്കട്ടെ! ആമീൻ

## റസൂലുല്ലാഹി ﷺയുടെ സന്താനങ്ങൾ

പ്രവാചകത്വത്തിനു മുമ്പ് പതിനഞ്ച്, പ്രവാചകത്വ ത്തിനു ശേഷം പ ത്ത് എന്നിങ്ങനെ റസൂലുല്ലാഹി ﷺ 25 വർഷം ഖദീജ ؓയോടൊപ്പം കഴി ഞ്ഞു. ഈ കാലയളവിൽ പല സന്താനങ്ങളും ജനിച്ചു. ഖാസിം, ത്വയ്യി ബ്, ത്വാഹിർ, അബ്ദുല്ലാഹ് ഇവർ ചെറുപ്രായത്തിൽ തന്നെ മരണപ്പെട്ടു. (അൽബിദായ: 5/30)

നാലു പെൺമക്കൾ ജീവിച്ചിരുന്നു. മുത്ത മകൾ സൈനബ് ؓ. പ്ര വാചകത്വത്തിനു പത്തു വർഷം മുമ്പ് ജനിച്ചു. അബുൽആസിബ്നു റ ബീഉമായി അവരുടെ വിവാഹം നടന്നു. അവർക്കു ഉമാമ, അലിയ്യ് എന്ന രണ്ടു മക്കൾ ജനിച്ചു. സൈനബ് ؓ റസൂലുല്ലാഹി ﷺയുടെ കാലത്തു തന്നെ വഫാത്തായി.

രണ്ടാമത്തെ മകൾ റുഖിയ്യ ؓ ആണ്. നിയോഗത്തിന് ഒമ്പതു വർ ഷം മുമ്പ് ജനിച്ചു. അബൂലഹബിന്റെ മകൻ ഉത്ബയുമായി വിവാഹം നട ന്നു. പ്രവാചകത്വത്തിന്റെ പേരിൽ കഠിന ശത്രുവായിത്തീർന്ന അബൂല ഹബ് നിർബന്ധിച്ച് വിവാഹമോചനം നടത്തി. ശേഷം, ഉസ്മാൻ ؓ വി വാഹം കഴിച്ചു. ഇവരും റസൂലുല്ലാഹി ﷺയുടെ ജീവിത കാലത്തു തന്നെ ദിവംഗതയായി.

മുന്നാമത്തെ മകൽ ഉമ്മുകുൽസും ؓ ആണ്. പ്രവാചകത്വത്തിനു മുമ്പ് അബൂലഹബിന്റെ മറ്റൊരു മകനായ ഉബയ്യുമായി വിവാഹം നട ന്നു. ഇയാളെ കൊണ്ടും അബൂലഹബ് നിർബന്ധിച്ച് വിവാഹ മോചനം നടത്തി. റുഖിയ്യ ؓയുടെ വിയോഗാനന്തരം ഉസ്മാൻ ؓ ഇവരെ വിവാ ഹം ചെയ്തു. റസൂലുല്ലാഹി ﷺയുടെ രണ്ടു മക്കളെ വിവാഹം ചെയ്ത ഉ സ്മാൻ ؓ ദുന്നൂറൈൻ എന്ന നാമത്തിൽ അറിയപ്പെടുന്നു. ഇവരും ഹി ജ്റ: ഒമ്പതിൽ റസൂലുല്ലാഹി ﷺയുടെ കാലത്തു തന്നെ ഇഹലോകവാ സം വെടിഞ്ഞു.

റസൂലുല്ലാഹി ﷺയുടെ നാലാമത്തെ മകൾ ഫാത്വിമ ؓ ആണ്. നു ബുവ്വത്തിന് അഞ്ചു വർഷം മുമ്പ് അവർ ഭൂജാതയായി. ഫാത്വിമ ؓയു ടെ വിവാഹം അലിയ്യ് ؓ മായിട്ടായിരുന്നു. റസൂലുല്ലാഹി ﷺ യുടെ പര മ്പര നിലനിന്നതും ഫാത്വിമ ؓ യിലൂടെ മാത്രമായിരുന്നു. റസൂലുല്ലാഹി ﷺയുടെ ജീവിതം മുഴുവൻ കൂട്ടത്തിലാണ് താമസിച്ചത്. റസൂലുല്ലാഹി ﷺ വളരെ സ്നേഹിക്കുകയും പ്രത്യേക ശിക്ഷണം നൽകുകയും ചെയ് തു. മക്കളായ ഹസൻ, ഹുസൈൻ ഇരുവരെയും നബി ﷺ ഇതുപോലെ സ്നേഹിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം പരലോക

ചിന്തയും ഭൗതിക വിരക്തിയും പകർന്നു കൊടുത്തു.

റസൂലുല്ലാഹി ﷺയുടെ ഈ പെൺമക്കൾ എല്ലാവരും ഖദീജ ؓയിലൂടെയാണ് ജനിച്ചത്. ഇബ്റാഹീം എന്നൊരു മകൻ, അവസാന ഘട്ടത്തിൽ മാരിയ്യ ഖിബ്ത്വിയ്യയിലൂടെ ജനിച്ചു.

ഫാത്വിമ ؓയുടെ ജീവിതവും ദീർഘ നാൾ നീണ്ടില്ല. റസൂലുല്ലാഹി ﷺയുടെ വിയോഗാനന്തരം ആറു മാസം കഴിഞ്ഞ പാടെ അവർ വഫാത്തായി. തദവസരം അവരുടെ കുഞ്ഞുങ്ങളുടെ വയസ്സ് എട്ട്, ഏഴ് വയസ്സായിരുന്നു.

# 9

# തിരുസ്വഭാവങ്ങൾ, മഹൽഗുണങ്ങൾ

അല്ലാഹുതആലാ ഒരു സമൂഹത്തിലെ സംസ്കരണത്തിന് ഒരു പ്രവാചകനെ നിയോഗിക്കുമ്പോൾ ഗ്രാഹ്യം, ഉൾക്കാഴ്ച, സ്വഭാവം, ജീവിതശൈലി, മനക്കരുത്ത് എന്നീ വിഷയങ്ങളിൽ ഏറ്റവും ഉന്നത വ്യക്തിത്വത്തെ തെരഞ്ഞെടുക്കുന്നതാണ്. ഈ മഹൽ ഗുണങ്ങൾ യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ദാനം തന്നെയാണ്. ഇതിലൂടെ അല്ലാഹുവിന്റെ ദൗത്യം ആ പ്രവാചകൻ സ്വീകരിക്കുകയും ജനങ്ങളെ സന്മാർഗ്ഗത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നതാണ്. കൂടാതെ പ്രവാചകത്വത്തിന് മുമ്പും പിമ്പും നബിയുടെ ജീവിതം മഹൽ ഗുണങ്ങൾ നിറഞ്ഞതായിരിക്കും. അവ പൊതുജനങ്ങൾ മനസ്സിലാക്കിയിരിക്കുന്നതുമാണ്. തത്ഫലമായി അദ്ദേഹം സന്മാർഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുമ്പോൾ ഇതൊന്നും നമ്മുടെ മുൻഗാമികൾ പറയാത്ത കാര്യങ്ങളാണെന്ന് പറഞ്ഞ് ദുർവാശിക്കാരായ നിഷേധികൾ സത്യസന്ദേശത്തെ തള്ളുമെങ്കിലും പ്രവാചകന്റെ ഉന്നത സ്വഭാവഗുണങ്ങളെ അവർ നിഷേധിച്ചിരുന്നില്ല.

ആദരവായ റസൂലുല്ലാഹി ﷺയുടെ കാര്യവും ഇങ്ങനെ തന്നെയായിരുന്നു. 40 വയസ്സുവരെ തങ്ങൾ എല്ലാവർക്കും പ്രിയങ്കരനായിരുന്നു. തുടർന്ന് അവരുടെ തിന്മകളെ തടയുകയും നന്മകളിലേക്ക് ക്ഷണിക്കുകയും ചെയ്തപ്പോൾ അവർ വലിയ വെറുപ്പും വിരോധവും കാണിച്ചു. പക്ഷെ മതപരമായി വളരെ എതിർപ്പ് നിലനിന്നതിനോടൊപ്പം തന്നെ അവരിൽ പലരും റസൂലുല്ലാഹി ﷺയെ അംഗീകരിച്ചു. കാരണം, തങ്ങളുടെ മാനവസ്നേഹം, സത്യസന്ധത, പാതിവ്യത്യം, സുന്ദര സ്വഭാവം എന്നീ കാര്യങ്ങളെ അവർ നന്നായി മനസ്സിലാക്കിയിരുന്നു. ഇത്തരുണത്തിൽ നിഷ്പക്ഷ മനസ്സോടെ തങ്ങളുടെ സംസാരം കേൾക്കുന്നവരെല്ലാം തങ്ങളിൽ വിശ്വസിച്ചിരുന്നു. എന്തിനേറെ, തങ്ങളെ ഉപദ്രവിക്കാനു

ള്ള ഉദ്ദേശത്തിൽ വന്ന പലരും തങ്ങളുടെ വചനങ്ങൾ കേട്ടും കർമ്മ ങ്ങൾ കണ്ടും സത്യവിശ്വാസം സ്വീകരിക്കുകയുണ്ടായി.

റസൂലുല്ലാഹി ﷺയ്ക്ക് പ്രവാചകത്വം നൽകപ്പെട്ടപ്പോൾ അതിന്റെ ഭാരത്തെ കുറിച്ച് ഉണർന്ന് പ്രിയപത്നി ഖദീജത്തുൽ കുബ്റായോട് അസ്വസ്ഥത പ്രകടിപ്പിക്കുകയുണ്ടായി. തദവസരം സംശുദ്ധ പ്രകൃതി യുടെയും ജീവിതാനുഭവങ്ങളുടെയും വെളിച്ചത്തിൽ ഖദീജ ؓ പ്രതി വചിച്ചു: "ഭയപ്പെടേണ്ട യാതൊരു പ്രശ്നവുമില്ല. അല്ലാഹുവിൽ സത്യം, അല്ലാഹു താങ്കളെ ഒരിക്കലും നിന്ദിക്കുന്നതല്ല. താങ്കൾ കുടുംബ ബ ന്ധം ചേർക്കുന്നു. മറ്റുള്ളവരുടെ ഭാരം ചുമക്കുന്നു. ആവശ്യക്കാരെ സ ഹായിക്കുന്നു. അതിഥികളെ സൽക്കരിക്കുന്നു. സത്യത്തിന്റെ വഴിയിൽ പ്രയാസപ്പെടുന്നവരെ പിന്തുണയ്ക്കുന്നു." (സഹീഹ് ബുഖാരീ )

റസൂലുല്ലാഹി ﷺയുടെ ഈ സൽഗുണങ്ങളുടെ അടിസ്ഥാനത്തിൽ 'അസ്സ്വാദിഖുൽ അമീൻ' (വിശ്വസ്തനായ സത്യസന്ധൻ) എന്ന അ പരനാമം സമൂഹം തങ്ങൾക്ക് നൽകിയിരുന്നു. ശത്രുക്കൾ പോലും വ സ്തുവകകൾ റസൂലുല്ലാഹി ﷺയെ ഏൽപ്പിച്ചിരുന്നു. പരസ്പരം സഹ കരിക്കേണ്ട വിഷയങ്ങളിൽ തങ്ങൾ എല്ലാവരെയും പരിഗണിച്ചിരുന്നു. കഅ്ബയുടെ പുനർനിർമ്മാണ ശേഷം ഹജറുൽഅസ്വദ് എടുത്തുവെ യ്ക്കാൻ നേരത്ത് എല്ലാവരെയും ഒത്തുചേർത്ത് എടുപ്പിക്കുകയുണ്ടാ യി. ഇപ്രകാരം ദുഃഖ ദുരിതങ്ങളിൽ അകപ്പെട്ടവരെ സഹായിക്കാൻ പ്ര ത്യേകം ശ്രദ്ധിച്ചിരുന്നു. റസൂലുല്ലാഹി ﷺയോട് ശത്രുത പുലർത്തിയി രുന്ന അബൂജഹ്ൽ ഒരാളിൽ നിന്നും ഒട്ടകത്തെ വാങ്ങി അതിന്റെ വില കൊടുക്കാതെ ഒഴിഞ്ഞുമാറിയപ്പോൾ അദ്ദേഹം അത് ഏതാനും ഖുറൈ ശികളെ ധരിപ്പിച്ചു. റസൂലുല്ലാഹി ﷺയെ അബൂജഹ്ൽ നിന്ദിക്കുന്നത് കാണാമെന്ന് വിചാരിച്ച് അവർ അദ്ദേഹത്തിന് റസൂലുല്ലാഹി ﷺയെ ചൂ ണ്ടികാണിക്കുകയും, തങ്ങളോട് പരാതിപറയാൻ നിർദ്ദേശിക്കുകയും ചെ യ്തു. അദ്ദേഹം തങ്ങളുടെ അരികിലെത്തി. അബൂജഹ്ലിനെ കുറിച്ച് പരാതി പറഞ്ഞു. അബൂജഹ്ലുമായി ഇത്തരത്തിലുള്ള സംസാരം റ സൂലുല്ലാഹി ﷺ ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും മർദ്ദിതനോട് അനുകമ്പ കാ ണിച്ചുകൊണ്ട് റസൂലുല്ലാഹി ﷺ അദ്ദേഹത്തെയും കൂട്ടി അബൂജഹ്ലി ന്റെ വീട്ടിൽ ചെന്ന് വാതിലിൽ മുട്ടി. അബൂജഹ്ൽ വാതിൽ തുറന്നപാ ടെ റസൂലുല്ലാഹി ﷺ കൽപ്പിച്ചു: ഇദ്ദേഹത്തിന് കൊടുക്കാനുള്ള പണം കൊടുക്കുക. ഭയന്ന് പോയ അബൂജഹ്ൽ ഇപ്പോൾ കൊടുക്കാമെന്ന് പ റഞ്ഞ് അകത്ത് പോയി പണം കൊണ്ടുവന്നു കൊടുത്തു. അബൂജഹ്ൽ കൂട്ടുകാരുടെ അരികിലെത്തിയപ്പോൾ ഇത്ര വലിയ എതിരാളിയുടെ മു ന്നിൽ ഇപ്പോൾ ഒതുങ്ങിപ്പോയത് എന്തിനാണെന്ന് അവർ ചോദിച്ചു. അ

ബൂജഹ്ൽ പറഞ്ഞു: "ഞാൻ ഭയന്ന് അങ്ങനെ ചെയ്യാൻ നിർബന്ധിത നായി!"

ചുരുക്കത്തിൽ റസൂലുല്ലാഹി ﷺ വലിയ പരോപകാരിയായിരുന്നു. സ്വയം പ്രയാസങ്ങൾ സഹിച്ചിരുന്നു. ആരോടും സ്വന്തം കാര്യത്തിന് പ്രതികാരം പ്രവർത്തിച്ചിരുന്നില്ല. എന്നാൽ ദീനിന്റെ നന്മയ്ക്കുവേണ്ടി കടുപ്പത്തിൽ വർത്തിക്കുമായിരുന്നു.

അലിയ്യ് ؓ വിവരിക്കുന്നു അല്ലാഹുവിന്റെ നിയമങ്ങൾ പിച്ചിച്ചീന്ത പ്പെടുമ്പോഴല്ലാതെ അതിക്രമം പ്രവർത്തിച്ചവരോട് പ്രതികാരം ചെയ് തിട്ടില്ല. അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധമായ പ്രവൃത്തി കാണു മ്പോൾ ജനങ്ങളിൽ ഏറ്റവും കൂടുതൽ ദേഷ്യപ്പെടുന്നത് റസൂലുല്ലാഹി ﷺ ആയിരുന്നു.

അനസ് ؓ പ്രസ്താവിക്കുന്നു. "റസൂലുല്ലാഹി ﷺ വളരെ ഏറെ ക രുണ നിറഞ്ഞവരായിരുന്നു. ആർക്കെങ്കിലും എന്തെങ്കിലും വാഗ്ദാനം ചെയ്താൽ സാധിക്കുന്നതാണെങ്കിൽ നിർബന്ധമായും അതു പൂർത്തീ കരിക്കുമായിരുന്നു. ഒരിക്കൽ നമസ്കാരത്തിനായി ഇഖാമത്ത് കൊടു ത്തശേഷം ഒരു അഅ്റാബി വന്നു. അദ്ദേഹം ദൂതരുടെ വസ്ത്രത്തിൽ പിടിച്ചു കൊണ്ട് പറഞ്ഞു: "എനിക്കൊരു ചെറിയ ആവശ്യമുണ്ട്. അത് സാധിപ്പിച്ചുതരാൻ താങ്കൾ മറന്നു പോകുമെന്ന് ഞാൻ ഭയപ്പെടുന്നു. തിരുമേനി അദ്ദേഹത്തോടൊപ്പം പോയി ആവശ്യം നിറവേറ്റിക്കൊടുത്ത തിനു ശേഷം തിരിച്ചു വന്ന് നമസ്കരിച്ചു.

തിരുനബി ﷺ യുടെ സേവകനായിരുന്ന അനസ് ؓ ന്റെ സാക്ഷ്യം. അദ്ദേഹം പറയുന്നു: "ഞാൻ റസൂലുല്ലാഹി ﷺ യ്ക്ക് പത്തു വർഷം സേവനമനുഷ്ഠിച്ചു. ഈ കാലയളവിൽ തിരുദൂതർ "ഛെ" എന്ന വാ ക്കുപോലും പറഞ്ഞിട്ടില്ല. നീ എന്തിന് ഇതു ചെയ്തു, എന്തുകൊണ്ട് അതു ചെയ്തില്ല എന്നു ചോദിച്ച് കുറ്റപ്പെടുത്തിയിട്ടുമില്ല."

ഉമർؓൽ നിന്നും നിവേദനം: റസൂലുല്ലാഹി ﷺ അരുളി: "ഈസാ ؑ യോട് അനുവർത്തിച്ചതു പോലെ നിങ്ങൾ പരിധി ലംഘിച്ച് എന്നെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്യരുത്. ഞാൻ അല്ലാഹുവിന്റെ ദാ സനാണ്. അല്ലാഹുവിന്റെ ദാസനും ദൂതനുമെന്ന് എന്നെ നിങ്ങൾ വിളി ക്കുക."

ഇബ്നു അബീഔഫാ ؓ വിവരിക്കുന്നു: "അടിമയുടെയോ വിധവ യുടെയോ കൂട്ടത്തിൽ പോയി അവരുടെ ആവശ്യം നിർവഹിച്ചു കൊടു ക്കുന്നതിൽ റസൂലുല്ലാഹി ﷺ യാതൊരു മടിയും ലജ്ജയും കാണിച്ചിരു ന്നില്ല."5

അനസ് ؓ പ്രസ്താവിക്കുന്നു: "മദീനയിലെ അടിമസ്ത്രീകളും സാ

ധുക്കളും തിരുദൂതരുടെ കൈയിൽ പിടിക്കുകയും അവർ ഉദ്ദേശിക്കുന്ന സ്ഥലത്ത് കൊണ്ടുപോവുകയും ചെയ്യുമായിരുന്നു."6

അദിയ്യുബ്നു ഹാതിം ത്വാഈ തിരുദൂതരുടെ സന്നിധിയിൽ ഹാജരായപ്പോൾ റസൂലുല്ലാഹി ﷺ അദ്ദേഹത്തെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ചാരിയിരിക്കാനായി അടിമസ്ത്രീ തലയിണ കൊടുത്തു. തനിക്കും അദിയ്യിനുമിടയിൽ റസൂലുല്ലാഹി ﷺ അത് വെക്കുകയും അവിടുന്ന് തറയിൽ ഇരിക്കുകയും ചെയ്തു. അദിയ്യ് പറയുന്നു: "ഇത് കണ്ടപ്പോൾ അവിടുന്ന് രാജാവല്ലെന്ന് ഞാൻ മനസ്സിലാക്കി."

അനസ് ﷺ വിവരിക്കുന്നു: "റസൂലുല്ലാഹി ﷺ രോഗിയെ സന്ദർശിക്കുമായിരുന്നു. ജനാസയിൽ പങ്കെടുക്കുമായിരുന്നു. കഴുതപ്പുറത്ത് യാത്ര ചെയ്യുമായിരുന്നു. അടിമയുടെ ക്ഷണം സ്വീകരിക്കുമായിരുന്നു."

ജാബിർ ﷺ പ്രസ്താവിക്കുന്നു: "ബലഹീനരായ യാത്രക്കാരെ പരിഗണിച്ചു കൊണ്ട് റസൂലുല്ലാഹി ﷺ പതുക്കെ യാത്ര ചെയ്യുകയും അവർക്കു വേണ്ടി ദുആ ഇരക്കുകയും ചെയ്യുമായിരുന്നു."

അനസ് ﷺ വിവരിക്കുന്നു: റസൂലുല്ലാഹി ﷺ അരുളി: "ഞാൻ അല്ലാഹുവിന്റെ അടിമയാണ്. അടിമയെപ്പോലെ ഇരിക്കുകയും തിന്നുകയും ചെയ്യുന്നു."

റസൂലുല്ലാഹി ﷺ വീട് സ്വയം വൃത്തിയാക്കുമായിരുന്നു. ഒട്ടകത്തെ കെട്ടുകയും അതിന് ആഹാരം കൊടുക്കുകയും ചെയ്യുമായിരുന്നു. സേവകരോടൊപ്പം ഇരുന്ന് ആഹാരം കഴിക്കും. മാവ് കുഴക്കുന്നതിൽ സഹകരിക്കുമായിരുന്നു. കമ്പോളത്തിൽ നിന്നു സാധനങ്ങൾ വാങ്ങിക്കൊണ്ടു വരുമായിരുന്നു.

## തിരുസ്വഭാവത്തെ കുറിച്ച് സാരസമ്പൂർണ്ണമായ ഒരു വിവരണം:

ഖദീജ ﷺ യുടെ മകനും ഹസൻഹുസൈൻ ﷺ എന്നിവരുടെ മാതൃ സഹോദരനുമായ ഹിന്ദുബ്നു അബീഹാല ﷺ റസൂലുല്ലാഹി ﷺ യുടെ തിരുഗുണങ്ങൾ ആശയ സമ്പുഷ്ടമായ നിലയിൽ വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:

" റസൂലുല്ലാഹി ﷺ സദാ പരലോക വിചാരങ്ങളിൽ മുഴുകിക്കഴിഞ്ഞിരുന്നു. അധികനേരവും മൗനത്തിലായിരന്നു. റസൂലുല്ലാഹി ﷺ അനാവശ്യ കാര്യങ്ങൾ സംസാരിച്ചിരുന്നില്ല. വായ പൂർണ്ണമായും തുറന്നായിരുന്നു സംസാരം. (അഹങ്കാരികളെപ്പോലെ ചുണ്ടു മാത്രം ചലിപ്പിച്ചു കൊണ്ടായിരുന്നില്ല) വിശാലമായ അർത്ഥങ്ങൾ ഉൾകൊള്ളുന്ന ചുരുങ്ങിയ വാക്യങ്ങൾ സംസാരിച്ചിരുന്നു. സത്യവും അസത്യവും വേർ

തിരിച്ചു മനസ്സിലാക്കിത്തരുന്ന സംസാരമായിരുന്നു. ആവശ്യത്തേക്കാൾ കവിഞ്ഞോ കുറഞ്ഞോ സംസാരിച്ചിട്ടില്ല. പരുഷപ്രകൃതിക്കാരനോ ദുഃസ്വഭാവിയോ നിന്ദിക്കുന്നവനോ നിസ്സാരപ്പെടുത്തുന്നവനോ ആയിരുന്നില്ല. (മറിച്ച് ഗാംഭീര്യം നിറഞ്ഞ മധ്യമപ്രകൃതിക്കാരനായിരുന്നു.) ചെറിയനേട്ടത്തെ പോലും വിലമതിച്ചിരുന്നു. ഭക്ഷണത്തെ കുറ്റം പറയുകയോ പുകഴ്ത്തുകയോ ചെയ്തിരുന്നില്ല. ഇഹലോകവും അതിനോടു ബന്ധപ്പെട്ടതുമായ വസ്തുക്കളുടെ വിഷയത്തിൽ അവിടുന്ന് കോപിച്ചിരുന്നില്ല. എന്നാൽ, അല്ലാഹുവിനോടുള്ള കടമ നിന്ദിക്കപ്പെട്ടാൽ അതിനു പ്രതികാരം ചെയ്യുവോളം കോപം അടങ്ങിയിരുന്നുമില്ല. സ്വന്തം കാര്യത്തിന് കോപിക്കുകയോ പ്രതികാരം നടത്തുകയോ ചെയ്തിട്ടില്ല. എന്തെങ്കിലും സൂചിപ്പിക്കുമ്പോൾ കൈ മുഴുവനും കൊണ്ട് സൂചിപ്പിക്കും. അത്ഭുതപ്പെടുമ്പോൾ കൈ മലർത്തും. സംസാരിക്കുമ്പോൾ വലതു കൈപ്പത്തി ഇടതു കൈയ്യുടെ തള്ളവിരലിലേക്ക് ചേർത്തു വെക്കുമായിരുന്നു. കോപവും അനിഷ്ടവുമുണ്ടാക്കുന്ന കാര്യങ്ങളിൽ നിന്നും പൂർണ്ണമായും മുഖം തിരിച്ചിരുന്നു. സന്തോഷസമയത്ത് താഴേക്ക് ദൃഷ്ടി പതിപ്പിക്കും. ചിരിയിൽ അധികവും പുഞ്ചിരിയായിരുന്നു. ആലിപ്പഴം പോലെ പരിശുദ്ധമായ പല്ലുകൾ പ്രകാശിക്കുന്നതു കാണാം."

റസൂലുല്ലാഹി ﷺ യെ കുറിച്ച് ജനങ്ങളിൽ ഏറ്റവും കൂടുതൽ അറിയുന്നയാളും അടുത്ത കുടുംബ ബന്ധമുള്ളവനും മനഃശാസ്ത്ര വിദഗ്ദനും ഭാഷാനിപുണനുമായ അലിയ്യ് ﵁ അവിടുത്തെ സമുന്നത സ്വഭാവത്തെ ഇപ്രകാരം വർണ്ണിക്കുന്നു:

"റസൂലുല്ലാഹി ﷺ പ്രകൃതിപരമായി മോശമായ സംസാരങ്ങളിൽ നിന്നും ലജ്ജാവഹമായ പ്രവർത്തനങ്ങളിൽ നിന്നും അകന്നു കഴിഞ്ഞിരുന്നു. മനപ്പൂർവം മോശമായ പ്രവൃത്തികൾ ചെയ്യുമായിരുന്നില്ല. അങ്ങാടിയിലൂടെ ആർത്തട്ടഹസിച്ചു നടക്കുന്നവരായിരുന്നില്ല. തിന്മയോട് തിന്മ കൊണ്ട് പ്രതികരിച്ചിരുന്നില്ല. മറിച്ച് അവഗണിക്കുകയും പൊറുത്തു കൊടുക്കുകയും ചെയ്തിരുന്നു. ജിഹാദിന്റെ സന്ദർഭത്തിലൊഴികെ ഒന്നിനെയും തിരുകരങ്ങൾ കൊണ്ട് അടിച്ചിട്ടില്ല. ഭൃത്യന്മാരെയോ ഭാര്യമാരെയോ മർദ്ദിച്ചിട്ടില്ല. അല്ലാഹുവിന്റെ നിയമങ്ങൾ പിച്ചിച്ചീന്തപ്പെടുമ്പോഴല്ലാതെ അതിക്രമം പ്രവർത്തിച്ചവരോട് പ്രതികാരം ചെയ്തിട്ടില്ല. അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധമായ പ്രവൃത്തി കാണുമ്പോൾ ജനങ്ങളിൽ ഏറ്റവും കൂടുതൽ ദേഷ്യപ്പെടുന്നത് റസൂലുല്ലാഹി ﷺ ആയിരുന്നു. രണ്ടിലൊരു കാര്യം തെരഞ്ഞെടുക്കേണ്ടി വരുമ്പോൾ ഏറ്റവും എളുപ്പമായതു തെരഞ്ഞെടുക്കും. സ്വന്തം വീട്ടിൽ സാധാരണക്കാരെപ്പോലെ വസ്ത്രങ്ങൾ വൃത്തിയാക്കുകയും ആടുകളെ കറക്കുകയും മ

റ്റാവശ്യങ്ങളെല്ലാം സ്വയം നിർവഹിക്കുകയും ചെയ്തിരുന്നു.

"അനാവശ്യ കാര്യങ്ങളിൽ നിന്നു നാവിനെ സൂക്ഷിച്ചിരുന്നു. ആവശ്യമുള്ള കാര്യങ്ങൾക്കു വേണ്ടി മാത്രമെ നാക്കിനെ ചലിപ്പിച്ചിരുന്നുള്ളൂ. ഓരോ വിഭാഗത്തിലെയും ശ്രേഷ്ഠരെ ആദരിക്കുകയും തന്റെ വിഭാഗത്തിന്റെ ഉത്തരവാദിത്വമേൽക്കുകയും ചെയ്തിരുന്നു. ജനങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നു സ്വയം സൂക്ഷ്മത പാലിച്ചിരുന്നു. എന്നാൽ, ആരോടും മുഖം കറുപ്പിച്ചു കാണിക്കുകയോ നല്ല പെരുമാറ്റം ഉപേക്ഷിക്കുകയോ ചെയ്തിരുന്നില്ല.സ്വഹാബികളിൽ ആരെയെങ്കിലും കണ്ടില്ലെങ്കിൽ അന്വേഷിക്കുമായിരുന്നു. ജനങ്ങളിൽ നടക്കുന്ന കാര്യങ്ങൾ അവരോട് അന്വേഷിച്ച് മനസ്സിലാക്കുമായിരുന്നു. നന്മകളെ നന്നായി കാണുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും മോശമായവയെ മോശമായി കാണുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യും. കാര്യങ്ങളിൽ മധ്യമ നിലപാട് സ്വീകരിക്കുമായിരുന്നു. ജനങ്ങൾ അവഗണിക്കുകയും മടി കാണിക്കുകയും ചെയ്യുമോ എന്നു ഭയന്ന് എല്ലാകാര്യങ്ങളിലും അവിടുന്ന് ജാഗ്രത പുലർത്തിയിരുന്നു. ഓരോ അവസ്ഥയ്ക്കും അനുയോജ്യമായ ഒരുക്കങ്ങൾ നടത്തിയിരുന്നു. കാര്യങ്ങൾ തുറന്നു പറയുന്നതിൽ കുറവ് വരുത്തുകയോ കൂട്ടുകയോ ചെയ്തിരുന്നില്ല. തിരുദൂതരോട് ഏറ്റവും കൂടുതൽ അടുപ്പം കരസ്ഥമാക്കിയവർ ജനങ്ങളിലെ ഏറ്റവും ഉത്തമരായ ആളുകളായിരുന്നു. റസൂലിനടുത്ത് ഏറ്റവും കൂടുതൽ ശ്രേഷ്ഠതയും സ്ഥാനവുമുണ്ടായിരുന്നത് കൂടുതൽ നന്മ ചെയ്യുകയും സ്വന്തം സമ്പത്തും ശരീരവും ഉപയോഗിച്ച് ജനങ്ങളുടെ അവസ്ഥ നന്നാക്കാൻ പരിശ്രമിക്കുകയും അവരെ സഹായിക്കുകയും ചെയ്യുന്നവർക്കായിരുന്നു. ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അല്ലാഹുവിനെ സ്മരിച്ചിരുന്നു. ആളുകളെ കവച്ചു കടക്കാതെ സദസ്സ് എത്തിനിൽക്കുന്നിടത്ത് ഇരിക്കുകയും അപ്രകാരം ചെയ്യാൻ കല്പിക്കുകയും ചെയ്തു. ഓരോ സദസ്യനും അർഹതയ്ക്കനുസരിച്ച് സ്ഥാനങ്ങൾ നൽകിയിരുന്നു. അവിടുത്തെ സദസ്സിലിരിക്കുന്ന ഒരാൾക്കും തന്നെക്കാൾ ശ്രേഷ്ഠതയുള്ള ആരെങ്കിലും ആ സദസ്സിലുണ്ടെന്ന് തോന്നിയിരുന്നില്ല. ആരെങ്കിലും കൂട്ടത്തിൽ വന്നിരിക്കുകയോ എന്തെങ്കിലും ആവശ്യത്തിനായി പറയുകയോ ബന്ധപ്പെടുകയോ ചെയ്താൽ അദ്ദേഹം സ്വയം പിരിഞ്ഞു പോകുന്നതുവരെ റസൂലുല്ലാഹി ﷺ ക്ഷമയോടെ നിന്നിരുന്നു. എന്തെങ്കിലും ആവശ്യപ്പെട്ടു വരുന്നവരെ അത് നിർവ്വഹിച്ചു കൊടുക്കാതെ മടക്കിയിരുന്നില്ല. എന്തെങ്കിലും കാരണത്താൽ അത് നിർവ്വഹിച്ചു കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ നല്ല വാക്കുകൾ പറഞ്ഞ് മടക്കി അയച്ചിരുന്നു. ജനങ്ങൾക്കു വേണ്ടി തന്റെ മനസ്സ് തുറന്ന് വെക്കുകയും നല്ല സ്വഭാവത്തോടെ

അവരോട് പെരുമാറുകയും ചെയ്തിരുന്നു. റസൂലുല്ലാഹി ﷺ അവർക്ക് പിതാവു പോലെയായിരുന്നു. അവർ റസൂലുല്ലാഹി ﷺ യുടെയടുത്ത് അവകാശങ്ങളിൽ തുല്യ പങ്കാളികളായിരുന്നു. റസൂലുല്ലാഹി ﷺയുടെ സദസ്സുകൾ അറിവിന്റെയും ലജ്ജയുടെയും ക്ഷമയുടെയും വിശ്വസ്തതയുടെയും സദസ്സുകളായിരുന്നു. ശബ്ദ കോലാഹലങ്ങളും ആരോപണപ്രത്യാരോപണങ്ങളും ആരുടെയെങ്കിലും ന്യൂനത പരസ്യപ്പെടുത്തലും നിന്ദിക്കലും അവിടെ ഉണ്ടായിരുന്നില്ല. എല്ലാവരും സമന്മാരായിരുന്നു. അല്ലാഹുവിനോടുള്ള ഭയഭക്തിയാണ് ആളുകളെ ശ്രേഷ്ഠരാക്കിയിരുന്നത്. ആ സദസ്സുകളിൽ ജനങ്ങൾ മുതിർന്നവരെ ആദരിക്കുകയും ഇളയവരോട് കരുണകാണിക്കുകയും ചെയ്തിരുന്നു. ആവശ്യക്കാർക്കു മുൻഗണന നല്കിയിരുന്നു. പരദേശികൾക്ക് സംരക്ഷണം കൊടുത്തിരുന്നു".

അലിയ്യ് ﷺ തുടരുന്നു: "റസൂലുല്ലാഹി ﷺ സദാ മുഖപ്രസന്നതയുള്ളവരും സൽസ്വഭാവിയുമായിരുന്നു. കഠിനവാക്കുകൾ പറയുന്നവനോ പരുഷ പ്രകൃതിക്കാരനോ ആർത്തട്ടഹസിച്ചു നടക്കുന്നയാളോ ആളുകളെ ആക്ഷേപിക്കുന്നവനോ ലുബ്ധനോ ആയിരുന്നില്ല. ഇഷ്ടമില്ലാത്ത കാര്യങ്ങൾ അവഗണിച്ചിരുന്നു. എന്നാൽ, അതിൽനിന്നു മറ്റുള്ളവരെ നിരാശപ്പെടുത്തിയതുമില്ല. മൂന്നു കാര്യങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവായിരുന്നു. തർക്കം, അഹങ്കാരം, അനാവശ്യ കാര്യങ്ങൾ. ജനങ്ങളെ മൂന്നു കാര്യങ്ങളിൽ നിന്നും ഒഴിവാക്കി. അതായത്, ആരെയും ആക്ഷേപിക്കുകയില്ലായിരുന്നു. ന്യൂനത തേടിപ്പിടിക്കുകയില്ലായിരുന്നു. അവരുടെ രഹസ്യങ്ങൾ അന്വേഷിക്കുകയില്ലായിരുന്നു. പ്രതിഫലം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്ന വിഷയങ്ങളിലല്ലാതെ റസൂലുല്ലാഹി ﷺ സംസാരിച്ചിരുന്നില്ല.

തിരുമേനി സംസാരിക്കുമ്പോൾ സദസ്യർ അവരുടെ തലകളിൽ പക്ഷികളിരിക്കുന്നതുപോലെ നിശബ്ദതയോടെയും അച്ചടക്കത്തോടെയും ശ്രദ്ധിച്ചിരുന്നു. സംസാരം നിർത്തുമ്പോൾ എന്തെങ്കിലും പറയുവാനുള്ളവർ അതു പറയും. റസൂലിന്റെ അടുക്കൽ വെച്ച് അവർ തർക്കിച്ചിരുന്നില്ല. സദസ്സിലൊരാൾ സംസാരിക്കുമ്പോൾ അദ്ദേഹം നിർത്തുന്നത് വരെ മറ്റുള്ളവർ സംസാരിച്ചിരുന്നില്ല. എത്ര കൂടുതൽ ആളുകൾ സംസാരിച്ചാലും താൽപര്യപൂർവം തിരുനേ അവരെയെല്ലാം ശ്രദ്ധിച്ചിരുന്നു. അവരുടെ തമാശകളിൽ പങ്കുചേരുകയും അവർ ചിരിക്കുമ്പോൾ അവിടുന്ന് അതുപോലെ ചിരിക്കുകയും അത്ഭുതപ്പെടുമ്പോൾ അത്പോലെ അത്ഭുതപ്പെടുകയും ചെയ്തിരുന്നു. പരദേശികളുടെ കഠിന സംസാരങ്ങളും ചോദ്യങ്ങളും ക്ഷമിച്ചിരുന്നു. അവസാനം സ്വഹാബികൾ ഇത്തര

ക്കാരെ അവരിലേക്ക് വിളിച്ചു റസൂലിൽനിന്നു മാറ്റിനിർത്തിയിരുന്നു. റസൂലുല്ലാഹി ﷺ ഇപ്രകാരം അരുളുമായിരുന്നു: "ആവശ്യക്കാരാരെയെങ്കിലും കണ്ടാൽ അവരെ  നിങ്ങൾ സഹായിക്കുക." അനുയോജ്യമായ അളവിൽ മാത്രമേ പ്രശംസകൾ സ്വീകരിച്ചിരുന്നുള്ളൂ. പരിധിലംഘിക്കുന്നത് വരെ ഒരാളുടെ സംസാരത്തെയും തടഞ്ഞിരുന്നില്ല. അനുവദനീയമല്ലാത്തവ സംസാരിക്കുമ്പോൾ വിലക്കുകയോ സദസ്സിൽ നിന്നെഴുന്നേറ്റു പോവുകയോ ചെയ്തു കൊണ്ട് സംസാരം നിർത്തിക്കുമായിരുന്നു.

ജനങ്ങളിലേറ്റവും വിശാല ഹൃദയമുള്ളവരും സത്യം മാത്രം സംസാരിക്കുന്നവരും മയമായ പ്രകൃതക്കാരനും ശ്രേഷ്ഠമായ കുടുംബ പാരമ്പര്യമുള്ളവരുമായിരുന്നു റസൂലുല്ലാഹി ﷺ ആദ്യമായി തിരുമേനിയെ കാണുന്നവർ ഗാംഭീര്യം കണ്ട് ഭയന്നുപോകുമായിരുന്നു. എന്നാൽ റസൂലുമായി ഇടപഴകിയാൽ സ്നേഹിക്കുമായിരുന്നു. തിരുദൂതരെ വർണിച്ചവരെല്ലാം പറയുന്നു: 'റസൂലിനു മുമ്പും ശേഷവും അവിടുന്നിനു തുല്യനായ ഒരാളെയും ഞാൻ കണ്ടിട്ടില്ല.'

അല്ലാഹു അവന്റെ റസൂലിന് സൗന്ദര്യത്തിന്റെയും സമ്പൂർണ്ണതയുടെയും പുടവ ധരിപ്പിക്കുകയും ഗാംഭീര്യവും സ്നേഹവും ഹൃദ്യതയും ചൊരിയുകയും ചെയ്തിരുന്നു.

ഹിന്ദുബ്നു അബീഹാല പറയുന്നു: "റസൂലുല്ലാഹി ﷺ ഗാംഭീര്യമുള്ളവരും ജനങ്ങളുടെ കണ്ണിൽ ഉന്നതരുമായിരുന്നു. പതിനാലാം രാവിലെ പൂർണ്ണ ചന്ദ്രനെ പ്പോലെ തിരുവദനം തിളങ്ങിയിരുന്നു."

## സമ്പൂർണ്ണ മനുഷ്യത്വം, സന്തുലിത പ്രകൃതി

റസൂലുല്ലാഹി ﷺയുടെ മകൾ സൈനബ് ؓന്റെ ഒരു മകന് മരണരോഗം ബാധിച്ചു. തങ്ങളെ വിളിച്ചുകൊണ്ടുവരാൻ അവർ ആളെ അയച്ചു. റസൂലുല്ലാഹി ﷺ ആഗതനായി. കൂട്ടത്തിൽ ചില സ്വഹാബികളുമുണ്ടായിരുന്നു. കുഞ്ഞിന്റെ അസ്വസ്ഥത കണ്ട പിതാമഹന്റെ നയനങ്ങൾ നിറഞ്ഞൊഴുകി. സഅദ് ؓ ചോദിച്ചു: അങ്ങ് ഇപ്രകാരം കണ്ണീർ വാർക്കുകയാണോ? റസൂലുല്ലാഹി ﷺ അരുളി: "ഞാൻ  ഒരു മനുഷ്യനാണ്. എന്റെ മനസ്സിലും സ്നേഹത്തിന്റെ അംശമുണ്ട്. സ്നേഹമില്ലാത്തവൻ എന്ത് മനുഷ്യൻ! ഇത് അല്ലാഹുവിന്റെ കാരുണ്യമാണ്. അല്ലാഹു ഉദ്ദേശിക്കുന്നവരുടെ മനസ്സുകളിൽ അവൻ അത് നിക്ഷേപിക്കുന്നു. മനുഷ്യനോട് കരുണ കാണിക്കുന്നവരോട് അല്ലാഹുവും കരുണ കാണിക്കുന്നു." (ബുഖാരി). ഇപ്രകാരം റസൂലുല്ലാഹി ﷺയുടെ മകൻ ഇബ്റാഹീം പാൽകുടി പ്രായത്തിൽ മരണപ്പെട്ടു. മകന്റെ അരികിലെത്തിയ റസൂലുല്ലാഹി ﷺ മൊഴിഞ്ഞു: "എന്റെ നയനങ്ങൾ കണ്ണീർ പൊഴിക്കുന്നു. മനസ്സിൽ ദുഃഖം നിറയുന്നു. പക്ഷെ, എന്റെ രക്ഷിതാവ് തൃപ്തിപ്പെ

ടുന്ന കാര്യം മാത്രമേ ഞാൻ പറയൂ. മോനേ! ഇബ്റാഹീമേ! നിന്റെ വേർപാടിൽ ഞങ്ങളെല്ലാവരും ദുഃഖിതരാണ്." (ബുഖാരി 1303). അന്നേ ദിവസം സൂര്യഗ്രഹണം ഉണ്ടായി. നബി ﷺയുടെ മകന്റെ വേർപാട് കാരണമായിരിക്കാം ഇത് സംഭവിച്ചതെന്ന് ചിലർക്ക് തോന്നലുണ്ടായി. ഇത് മനസ്സിലാക്കിയ റസൂലുല്ലാഹി ﷺ പ്രസ്താവിച്ചു. "അറിയുക! സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ തീരുമാനപ്രകാരം സഞ്ചരിക്കുന്നതാകുന്നു. ആരുടെയെങ്കിലും ജനനവും മരണവും കൊണ്ട് അതിന് ഗ്രഹണം ബാധിക്കുന്നില്ല." (ബുഖാരി 1043).

ഇതെത്ര വലിയ മാതൃകയാണെന്ന് ചിന്തിക്കുക. നമ്മുടെയും നമ്മുടെ മക്കളുടെയും മഹത്വം ജനങ്ങൾ മനസ്സിലാക്കുകയും നാം ഒന്നും പറയാതെ തന്നെ നമ്മുടെ സ്ഥാനം ജനങ്ങൾ ഉയർത്തുകയും ചെയ്യുന്നുവെന്ന് പറഞ്ഞ് സാധാരണ ജനങ്ങൾ സന്തോഷിക്കുന്ന സന്ദർഭമാണിത്. പക്ഷെ, വിശ്വാസത്തിൽ മുടിനാരിഴ വ്യത്യാസം ഉണ്ടാകുന്നതിനെയും, അല്ലാഹു അല്ലാത്ത ആരെയെങ്കിലും കഴിവുള്ളവനായി കാണുന്നതിനെയും തങ്ങൾ ﷺ അനുവദിച്ചില്ല. ഇത് ദുഃഖത്തിന്റെ സന്ദർഭത്തിലുള്ള ഒരു ഉദാഹരണമാണ്. സന്തോഷ സമയത്തെക്കുറിച്ചുള്ള ഒരു ഉദാഹരണം നോക്കുക. റസൂലുല്ലാഹി ﷺയുടെ പ്രിയപ്പെട്ട പിതൃവ്യ പുത്രൻ ജഅ്ഫർ رضي الله عنه എത്യോപ്യയിൽ നിന്ന് ഹിജ്റ കഴിഞ്ഞ് മദീനയിൽ മടങ്ങിയെത്തിയപ്പോൾ അദ്ദേഹത്തെ കണ്ട് തങ്ങൾക്ക് വലിയ സന്തോഷമുണ്ടായി. ഇതിനിടയിൽ മുസ്ലിംകൾ ഖൈബർ യുദ്ധത്തിൽ വിജയംവരിക്കുകയും ചെയ്തു. ഒരു ഭാഗത്ത് മുസ്ലിംകളുടെ സന്തോഷവും മറുഭാഗത്ത് തന്റെ പ്രിയങ്കരനും അല്ലാഹുവിന് വേണ്ടി ത്യാഗം ചെയ്ത ഈമാനിക സഹോദരനുമായ ജഅ്ഫർ رضي الله عنه ന്റെ വരവിന്റെ സന്തോഷവും. തദവസരം റസൂലുല്ലാഹി ﷺ അരുളി: "ഈ രണ്ട് സന്തോഷങ്ങളിൽ ഏത് സന്തോഷമാണ് കൂടുതൽ എന്നെനിക്ക് അറിയില്ല." (ഇബ്നുഹിശാം 3/359). ഇവിടെ റസൂലുല്ലാഹി ﷺ യുടെ സമ്പൂർണ്ണതയും സന്തുലിതത്വവും നോക്കികാണുക. തങ്ങൾ ഒരു മനുഷ്യനാണ്. പ്രിയപ്പെട്ട സഹോദരൻ ദീർഘകാലത്തെ വിദേശവാസത്തിനു ശേഷം മടങ്ങിവരുമ്പോൾ സന്തോഷിക്കുക എന്ന മനുഷ്യത്വത്തിന്റെ പ്രേരണ ഒരു ഭാഗത്ത് റസൂലുല്ലാഹി ﷺ പുലർത്തി. ഇത് തങ്ങളുടെ സമ്പൂർണ്ണമായ മനുഷ്യത്വത്തിന്റെ തെളിവാണ്. ഇതിനോടൊപ്പം പ്രവാചകരും മുസ്ലിംകളുടെ നായകനുമാണ് എന്ന അടിസ്ഥാനത്തിൽ മുസ്ലിം വിജയത്തിലും വലിയ സന്തോഷം ഉള്ളവായി. ചുരുക്കത്തിൽ നായകത്വത്തിന്റെ അടിസ്ഥാനത്തിലുള്ള സന്തോഷവും സഹോദരന്റെ മടങ്ങിവരവിലുള്ള സന്തോഷവും തങ്ങൾ സമ്പൂർണ്ണമായി നിലനിർത്തി.

## മാന്യത-സഹനത-വിട്ടുവീഴ്ച

ഉന്നത സ്വഭാവങ്ങളിലും മാന്യതയിലും വിട്ടുവീഴ്ചയിലും വിജയത്തിലും മുഴുവൻ മനുഷ്യരുടെയും നായകനായിരുന്നു റസൂലുല്ലാഹി ﷺ. അല്ലാഹുതആലാ അറിയിക്കുന്നു: "തീർച്ചയായും താങ്കൾ വളരെ ഉന്നത സ്വഭാവത്തിന്റെ ഉടമയാണ്." റസൂലുല്ലാഹി ﷺ അരുളി: "എന്റെ രക്ഷിതാവ് എനിക്ക് ശിക്ഷണ ശീലനങ്ങൾ നൽകി. വളരെ നല്ല നിലയിൽ അത് പൂർത്തീകരിച്ചു." ജാബിർ ؓ വിവരിക്കുന്നു. റസൂലുല്ലാഹി ﷺ അരുളി: "സമുന്നത സ്വഭാവങ്ങളും സുന്ദരകർമ്മങ്ങളും പരിപൂർണ്ണമായി പഠിച്ച് പകർത്തി പ്രചരിപ്പിക്കുന്നതിനാണ് അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത്."

ആഇശ ؓ യോട് റസൂലുല്ലാഹി ﷺ യുടെ സ്വഭാവത്തെ കുറിച്ച് ചോദിച്ചപ്പോൾ അവർ പ്രസ്താവിച്ചു. "തങ്ങളുടെ സ്വഭാവം പരിശുദ്ധ ഖുർആൻ ആയിരുന്നു." റസൂലുല്ലാഹി ﷺയുടെ സഹനത, വിനയം, വിട്ടുവീഴ്ച, ഹൃദയ വിശാലത മുതലായ ഗുണങ്ങളുടെ സ്ഥാനത്തെ സങ്കൽപ്പിക്കാൻ പോലും ബുദ്ധിമാന്മാരുടെ ബുദ്ധിക്കും കവികളുടെ സങ്കൽപ്പത്തിനും സാധ്യമല്ലെന്നതാണ് വാസ്തവം. ഇവിടെ ചില ഉദാഹരണങ്ങൾ സമർപ്പിക്കുന്നു. മുനാഫിഖുകളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സലാലിനോട് റസൂലുല്ലാഹി ﷺ അനുവർത്തിച്ച നയം വലിയ ശത്രുക്കളോട് തങ്ങൾ പുലർത്തിയ ഹൃദയ വിശാലതയ്ക്കും പരോപകാരത്തിനും ഒരു മാതൃകയാണ്. റസൂലുല്ലാഹി ﷺയ്ക്കെതിരിൽ പരസ്യമായി ശത്രുതയുടെ വാക്കുകൾ ഉപയോഗിക്കുകയും ഗൂഢാലോചനകളിൽ പങ്കെടുക്കുകയും ചെയ്തിരുന്ന അദ്ദേഹത്തെ മരണാനന്തരം ഖബ്റിലേക്ക് വെക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മകനും സമ്പൂർണ്ണ വിശ്വാസിയും പ്രവാചക പ്രേമിയുമായിരുന്ന അബ്ദുല്ലാഹിബ്നു അബ്ദുല്ലാഹ് വാപ്പയോട് കരുണകാട്ടണമെന്ന് റസൂലുല്ലാഹി ﷺ യോട് അപേക്ഷിച്ചു. മകന്റെ വിശ്വാസത്തേയും സ്നേഹത്തേയും പരിഗണിച്ച് റസൂലുല്ലാഹി ﷺ വലിയ കരുണകാട്ടി. തങ്ങൾ ഖബ്റിന്റെ അരികിൽ ചെന്ന് മയ്യിത്തിനെ പുറത്തേക്കെടുക്കാൻ കൽപ്പിക്കുകയും തങ്ങളുടെ ഉമിനീർ അദ്ദേഹത്തിന്റെ മേൽ ഇടുകയും അനുഗ്രഹീത വസ്ത്രം ധരിപ്പിക്കുകയും ചെയ്തു.

അനസുബ്നു മാലിക് ؓ പറയുന്നു: ഞാൻ റസൂലുല്ലാഹി ﷺ യോടൊപ്പം നടക്കുകയായിരുന്നു. കട്ടികൂടിയ വക്കുള്ള ഒരു നജ്റാനി പുതപ്പ് തിരുമേനി ധരിച്ചിരുന്നു. ഒരു കാട്ടറബി ആ പുതപ്പിൽ പിടിച്ച് ശക്തിയായി വലിച്ചു. വലിയുടെ ശക്തി കാരണം തിരുദൂതരുടെ തോളിൽ പാടു വീണു. ശേഷം കാട്ടറബി പറഞ്ഞു: "മുഹമ്മദേ, താങ്കളുടെ കൈവ

ശമുള്ള അല്ലാഹുവിന്റെ സമ്പത്തിൽ നിന്ന് എന്തെങ്കിലും എനിക്ക് തരാൻ കല്പിക്കുക." റസൂലുല്ലാഹി അദ്ദേഹത്തെ നോക്കി ചിരിച്ചു. പിന്നീട് അദ്ദേഹത്തിന് എന്തെങ്കിലും നൽകാൻ കല്പിക്കുകയും ചെയ്തു. 4

സൈദുബ്നു സഅ്ന ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പ് റസൂലിനടുത്തെത്തി. റസൂൽ അദ്ദേഹത്തോടു വാങ്ങിയ കടം തിരിച്ചു ചോദിക്കുകയും റസൂലിന്റെ തോളിൽ കിടന്ന വസ്ത്രത്തിൽ പിടിച്ചു ശക്തിയായി വലിക്കുകയും ഉലക്കുകയും പരുഷമായി പെരുമാറുകയും ചെയ്തു. എന്നിട്ടദ്ദേഹം പറഞ്ഞു: "നിങ്ങൾ അബ്ദുൽ മുത്തലിബിന്റെ സന്തതികൾ കടം കൊടുത്തു വീട്ടാതെ താമസിപ്പിക്കുന്നവരാണ്." അപ്പോൾ ഉമർ ﷺ അദ്ദേഹത്തെ വിരട്ടുകയും കഠിനമായി ശകാരിക്കുകയും ചെയ്തു. ഈ സമയമെല്ലാം തിരുമേനി പുഞ്ചിരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ശേഷം ഉമർ ﷺ നോട് അവിടുന്നരുളി: "എന്നോടും അദ്ദേഹത്തോടും നിങ്ങൾ വെവ്വേറെ ശൈലിയിലായിരുന്നു പെരുമാറേണ്ടിയിരുന്നത്. നല്ല രീതിയിൽ കടം കൊടുത്ത് വീട്ടാൻ എന്നോടും നല്ല രീതിയിൽ ആവശ്യപ്പെടാൻ അദ്ദേഹത്തോടും കല്പിക്കണമായിരുന്നു". അദ്ദേഹത്തിന്റെ മുതൽ കൊടുത്തുവീട്ടാനും ഭയപ്പെടുത്തിയതിനു പകരമായി ഇരുപത് സ്വാഅ് കൂടുതൽ കൊടുക്കാനും ഉമർﷺനോട് അവിടുന്ന് കല്പിച്ചു. ഇത് അദ്ദേഹത്തിന്റെ ഇസ്‌ലാമികാശ്ലേഷത്തിനു കാരണമായിത്തീർന്നു.

### മൃഗങ്ങളോടും മയം

ആദരവായ റസൂലുല്ലാഹി ﷺ മുകരായ ജന്തുക്കളോടും മയം കാണിക്കാൻ കൽപ്പിച്ചിരുന്നു. ശദ്ദാദുബ്നു ഔസ് ﷺ വിവരിക്കുന്നു. റസൂലുല്ലാഹി ﷺ അരുളി: "അല്ലാഹുതആലാ എല്ലാ വസ്തുക്കളോടും നല്ല നിലയിൽ വർത്തിക്കാനും മയത്തോടെ പെരുമാറാനും കൽപ്പിച്ചിരിക്കുന്നു. ഇനി നിങ്ങൾ മൃഗത്തെ അറുക്കുന്നുവെങ്കിൽ നല്ലനിലയിൽ അറുക്കുക. അതിന്റെ മുമ്പിലല്ലാത്ത സ്ഥലത്ത് വെച്ച് കത്തി നല്ലനിലയിൽ മൂർച്ചകൂട്ടുകയും ശേഷം അറുക്കുകയും അങ്ങനെ ആ മൃഗത്തിന് ആശ്വാസം നൽകുകയും ചെയ്യുക."

ഇബ്നു അബ്ബാസ് ﷺ പ്രസ്താവിക്കുന്നു: "ഒരു വ്യക്തി ആടിനെ അറുക്കാൻ കിടത്തിയതിനു ശേഷം കത്തിക്ക് മൂർച്ചകൂട്ടാൻതുടങ്ങി. ഇതു കണ്ടപ്പോൾ റസൂലുല്ലാഹി ﷺ അരുളി: നിങ്ങൾ ഇതിനെ രണ്ടു പ്രാവശ്യം കൊല്ലുകയാണോ? ഇതിനെ കിടത്തുന്നതിനു മുമ്പ് എന്തുകൊണ്ട് കത്തിക്ക് മൂർച്ച കൂട്ടിയില്ല?"

ഇബ്നുമസ്ഊദ് ﷺ വിവരിക്കുന്നു: "ഞങ്ങൾ റസൂലുല്ലാഹി ﷺ യോ

ടൊപ്പം ഒരു യാത്രയിലായിരുന്നു. തിരുമേനി ഒരാവശ്യത്തിനായി അല്പം ദൂരേയ്ക്കു പോയി. ഞങ്ങളൊരു ചെറിയ പക്ഷിയെ കണ്ടു. അതിനോടൊപ്പമുള്ള രണ്ട് കുഞ്ഞുങ്ങളെയും ഞങ്ങളെടുത്തു. ഇതുകണ്ട തള്ളപ്പക്ഷി ചിറകടിച്ച് ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. റസൂൽ തിരിച്ചുവന്നപ്പോൾ ചോദിച്ചു. "ഇതിന്റെ കുഞ്ഞുങ്ങളെ എടുത്തുമാറ്റി ഇതിനെ പ്രയാസപ്പെടുത്തുന്നത് ആരാണ്? ഇതിന്റെ കുഞ്ഞുങ്ങളെ മടക്കിക്കൊടുക്കുക." ഞങ്ങൾ അവിടെ കുറേ ഉറുമ്പുകളെ കണ്ടതിനാൽ തീവച്ചു. അവിടുന്ന് ചോദിച്ചു: "ആരാണ് അവിടെ തീ വെച്ചത്?" ഞങ്ങൾ പറഞ്ഞു: "ഞങ്ങളാണ്." റസൂലുല്ലാഹി ﷺ പറഞ്ഞു: "തീ കൊണ്ട് ശിക്ഷിക്കാനുള്ള അവകാശം തീയുടെ നാഥനു മാത്രമേയുള്ളൂ.

മൃഗങ്ങൾക്കു വെള്ളവും തീറ്റയും കൊടുക്കാൻ നിർദ്ദേശിച്ചു. അവയെ പ്രയാസപ്പെടുത്തരുതെന്നും കൂടുതൽ ഭാരം ചുമപ്പിക്കരുതെന്നും കല്പിച്ചു. അവയ്ക്ക് ഗുണം ചെയ്യുന്നതു പ്രതിഫലാർഹവും ഇലാഹീ സാമീപ്യത്തിന് നിമിത്തവുമാണെന്ന് ഉണർത്തുകയും അതിന്റെ മഹത്വങ്ങൾ വിവരിക്കുകയും ചെയ്തു. അബു ഹുറയ്റ ﷺ നിവേദനം- റസൂലുല്ലാഹി ﷺ അരുളി: "ഒരു വ്യക്തി യാത്ര ചെയ്യുകയായിരുന്നു. വഴിയിൽ കഠിന ദാഹമുണ്ടായി. മുമ്പിൽ ഒരു കിണർ കണ്ടപ്പോൾ അതിലിറങ്ങി വെള്ളം കുടിച്ചു. പുറത്തേക്കു വന്നപ്പോൾ ഒരു നായ ദാഹത്തിന്റെ കാഠിന്യം കൊണ്ട് മാലിന്യം നക്കുന്നതു കണ്ടു. അദ്ദേഹം മനസ്സിൽ പറഞ്ഞു: "ഞാൻ ദാഹിച്ചു വലഞ്ഞപ്പോഴുണ്ടായ അതേ അവസ്ഥ തന്നെയാണല്ലോ ഇതിനും! അയാൾ കിണറ്റിലിറങ്ങി തോൽചെരിപ്പിൽ വെള്ളം നിറച്ച് പല്ലു കൊണ്ട് അത് കടിച്ചുപിടിച്ചു പുറത്തു വന്ന് നായയെ കുടിപ്പിച്ചു." അല്ലാഹു ഈ കർമ്മം സ്വീകരിച്ചു. അദ്ദേഹത്തിന് പൊറുത്തു കൊടുത്തു. ജനങ്ങൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ജന്തുക്കളുടെ വിഷയത്തിലും പ്രതിഫലമുണ്ടോ?" "പച്ചക്കരളുള്ള എല്ലാ ജീവികളിലും നന്മയുണ്ട്."

ഇബ്നു ഉമർ ﷺ നിവേദനം, റസൂലുല്ലാഹി ﷺ അരുളി: "ഒരു സ്ത്രീ ശിക്ഷിക്കപ്പെട്ടു. കാരണം അവരുടെ പൂച്ചയ്ക്കവർ ആഹാരവും വെള്ളവും നൽകിയില്ല. ഭൂമിയിൽ നടന്നു വയറു നിറക്കാൻ അതിനെ അഴിച്ചു വിട്ടതുമില്ല."4 സുഹൈലുബ്നു അംറ് ﷺ വിവരിക്കുന്നു: "റസൂലുല്ലാഹി ﷺ ഒരു ഒട്ടകത്തിന്റെ അടുത്തുകൂടി കടന്നു പോയി. അതിന്റെ വയറ് മുതുകിനോട് ഒട്ടിയ നിലയിൽ അതു മെലിഞ്ഞിരിന്നു. തദവസരം അവിടുന്ന് അരുളി: ഈ മൃഗങ്ങളുടെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക."

**ശത്രുക്കളോടും സൽസ്വഭാവം**

റസൂലുല്ലാഹി ﷺയെയും സഹാബത്തിനെയും ദീനീപ്രബോധനത്തിന്റെ പേരിൽ പതിമൂന്ന് വർഷം നിരന്തരമായി വളരെ കൂടുതൽ ഉപദ്രവിക്കുകയും അവസാനം ആ നാടിനോട് വിടപറയാൻ നിർബന്ധിതരാക്കുകയും ചെയ്ത ആളുകളുള്ള മക്കയിലേക്ക് റസൂലുല്ലാഹി ﷺ വിജയശ്രീലാളിതനായി പ്രവേശിച്ചു. തദവസരം അവിടെയുണ്ടായിരുന്ന ശത്രുക്കളെ ഒരുമിച്ചുകൂട്ടി തങ്ങൾ ചോദിച്ചു: അല്ലയോ ഖുറൈശികളെ, ഞാൻ നിങ്ങളോട് എന്ത് നിലപാട് സ്വീകരിക്കുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്. അവർ പറഞ്ഞു: "ഞങ്ങൾ നല്ലതുമാത്രം പ്രതീക്ഷിക്കുന്നു. താങ്കൾ മാന്യനായ സഹോദരനാണ്. മാന്യ സഹോദരന്റെ മകനും." റസൂലുല്ലാഹി ﷺ അരുളി: "യൂസുഫ് ﷺ സഹോദരങ്ങളോടു പറഞ്ഞതുപോലെ ഞാൻ നിങ്ങളോടും പറയുന്നു- "നിങ്ങളുടെ മേൽ യാതൊരു പ്രതികാര നടപടിയുമില്ല. പോയ്ക്കൊള്ളുക. നിങ്ങൾ സ്വതന്ത്രരാണ്."

മക്കാവിജയം പൂർണ്ണമായപ്പോൾ ഒൻപത് കഠിന പാപികൾക്കൊഴികെ മറ്റെല്ലാവർക്കും റസൂലുല്ലാഹി ﷺ അഭയം നൽകി. ഇസ്‌ലാം സ്വീകരിച്ച ശേഷം മുർത്തദ്ദായി ഇസ്‌ലാമിനെ വെല്ലുവിളിക്കുകയും ചതിപ്രയോഗത്തിലൂടെ മുസ്‌ലിംകളെ വധിക്കുകയും കവിതകളിലൂടെ റസൂലുല്ലാഹി ﷺയെ കൂടുതൽ പരിഹസിക്കുകയും ചെയ്ത ആളുകളായിരുന്നു ഈ ഒമ്പതാളുകൾ. അതിൽപ്പെട്ട അബ്ദുല്ലാഹിബ്നു സഅ്ദിനും, ഇക്‌രിമത്തിബ്നു അബീജഹ്‌ലിനും റസൂലുല്ലാഹി ﷺ മാപ്പ് കൊടുത്തു. ഇസ്‌ലാമിന്റെ വിജയത്തോടുള്ള വെറുപ്പ് കാരണം ഇക്‌രിമ മക്ക വിട്ട് യമനിലേക്ക് യാത്ര തിരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ തങ്ങളോട് ഭർത്താവിന് വേണ്ടി അഭയം ചോദിച്ചു. ഭൂമുഖത്തുള്ള ഏറ്റവും കഠിനമായ ശത്രുവിന് റസൂലുല്ലാഹി ﷺ അഭയം നൽകി. അദ്ദേഹം വന്നപ്പോൾ തിരുശരീരത്തിലുണ്ടായിരുന്ന പുതപ്പ് നീങ്ങിപ്പോകുന്ന നിലയിൽ സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് തങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചു. (സാദുൽമആദ് 3/411)

റസൂലുല്ലാഹി ﷺയുടെ പ്രിയങ്കരനായ പിതൃവ്യൻ ഹംസ ﷺയെ വധിക്കുകയും അദ്ദേഹത്തിന്റെ നെഞ്ച് കീറി കരൾ ചവച്ച് തുപ്പാൻ സഹായിക്കുകയും ചെയ്ത വഹ്ശിയെ പ്രതിക്രിയ എന്ന നിലയിൽ വധിക്കുവാൻ റസൂലുല്ലാഹി ﷺ അനുവാദം നൽകിയിരുന്നു. പക്ഷെ, അദ്ദേഹം ഇസ്‌ലാം സ്വീകരിക്കാൻ തയ്യാറായി. തങ്ങൾ അദ്ദേഹത്തിന്റെ ഇസ്‌ലാം സ്വീകരണം ശരിവെയ്ക്കുകയും ചെയ്തു. റസൂലുല്ലാഹി ﷺയുടെ മകൾ സൈനബ് ﷺന്റെ ശരീരത്തിൽ കുന്തംകൊണ്ട് കുത്തുകയും അ

ങ്ങനെ അവർ ഒട്ടകപ്പുറത്ത് നിന്നും അടിയിൽ വീണ് ഗർഭം അലസാൻ കാരണക്കാരനുമായ ഇബാദുബ്നുൽ അസ്വദും ആ ഒൻപതുപേരിൽ പെട്ട ആളാണ്. അദ്ദേഹവും നാടുവിട്ടു പോവുകയും പിന്നീട് ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. സാറ എന്ന സ്ത്രീയും മറ്റ് രണ്ട് സ്ത്രീക ളും തങ്ങളെക്കുറിച്ച് പരിഹാസ ഗാനങ്ങൾ ആലപിച്ചിരുന്നു. അവരും അഭയം ചോദിക്കുകയും തങ്ങൾ അവർക്ക് അഭയം നൽകുകയും അ വർ ഇസ്ലാം സ്വീകരിക്കുകയും ചെയ്തു (സാദുൽമആദ് 3/311).

റസൂലുല്ലാഹി ﷺയെ വധിക്കണമെന്ന് പദ്ധതിയിട്ടുകൊണ്ട് ഉമൈറി ബ്നു വഹബ് മദീനയിലെത്തി, ഉമർ ؓ അദ്ദേഹത്തിന്റെ വ്യക്തിത്വ ത്തെ മനസ്സിലാക്കി പിടികൂടുകയും കഴുത്തിൽ പിടിച്ച് തൂക്കിയെടുത്ത് പ്രവാചക സന്നിധിയിൽ കൊണ്ടുവരുകയും ചെയ്തു. റസൂലുല്ലാഹി ﷺ അരുളി: “ഉമറേ, അദ്ദേഹത്തെ വിട്ടേക്കുക”. തുടർന്ന് ഉമൈറിനെ അ രികിലേക്ക് വിളിച്ചുവരുത്തി. തങ്ങൾ ചോദിച്ചു: എന്ത് ഉദ്ദേശത്തിലാണ് വന്നത്. അദ്ദേഹം പറഞ്ഞു: ”നിങ്ങൾ പിടികൂടിയ മകനെ മോചിപ്പിക്കാ നാണ് വന്നത്.” തങ്ങൾ ചോദിച്ചു: അതിനാണെങ്കിൽ പിന്നെ വാളും തൂ ക്കി നടക്കുന്നതെന്തിനാണ്. ഉമൈർ പറഞ്ഞു: വാൾ തൂക്കിനടക്കുന്ന തിൽ കാര്യമൊന്നുമില്ല. ബദ്റിൽ ഈ വാളുകളൊന്നും പ്രയോജനം ചെ യ്തില്ലല്ലോ. റസൂലുല്ലാഹി ﷺ ചോദിച്ചു: നിങ്ങളും സ്വഫ്വാനും കഅ് ബാ ശരീഫയുടെ ഖില്ലയിലിരുന്ന് എന്നെ വധിക്കാൻ ഗൂഢാലോചന ന ടത്തിയിരുന്നില്ലേ? ഇതുകേട്ടപ്പോൾ ഉമൈർ അന്തംവിട്ടു പോയി. അദ്ദേ ഹം പറഞ്ഞു: “തങ്ങൾ തീർച്ചയായും അല്ലാഹുവിന്റെ ദൂതരാണ്. തദവ സരം ഞാനും സ്വഫ്വാനും അല്ലാതെ മറ്റാരും അവിടെ ഉണ്ടായിരുന്നി ല്ല.” തുടർന്ന് അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. റസൂലുല്ലാഹി ﷺ സ്വഹാ ബികളോട് പറഞ്ഞു: നിങ്ങളുടെ സഹോദരന് ദീൻ പഠിപ്പിക്കുക. ഖുർ ആൻ ഓതിക്കൊടുക്കുക. അദ്ദേഹത്തിന്റെ മകനെ മോചിപ്പിച്ച് വിട്ടയയ് ക്കുക. ഉമൈറിന്റെ കരങ്ങളാൽ റസൂലുല്ലാഹി ﷺ കൊല്ലപ്പെട്ടുവെന്ന വാർത്ത പ്രതീക്ഷിച്ചിരുന്ന ഖുറൈശികൾക്ക് ഉമൈർ മുസ്ലിമായി എ ന്ന വിവരമാണ് ലഭിച്ചത്. (ബൈഹഖി 3/147).

സ്വഫ്വാനുബ്നു ഉമയ്യ മക്കാവിജയത്തിന്റെ സന്ദർഭത്തിൽ ജിദ്ദയി ലേക്ക് ഒളിച്ചോടിയിരുന്നു. അവിടെ നിന്നും യമനിലേക്ക് നാടുകടക്കാ നായിരുന്നു ഉദ്ദേശം. ഇത് അറിഞ്ഞ ഉമൈർ ؓ തിരുസന്നിധിയിലെ ത്തി ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, സ്വഫ്വാനുബ്നു ഉ മയ്യ ഒരു നേതാവാണ്. അദ്ദേഹം താങ്കളെ ഭയന്ന് സമുദ്ര ഭാഗത്തേക്ക് യാത്രതിരിച്ചിരിക്കുന്നു. തങ്ങൾ സ്വഫ്വാനിന് അഭയം നൽകിയാലും. റസൂലുല്ലാഹി ﷺ അരുളി: ഞാൻ സ്വഫ്വാനിന് അഭയം നൽകിയിരി

ക്കുന്നു. ഉമൈർ ﷺ പറഞ്ഞു, അദ്ദേഹത്തിന് സമാധാനത്തിന് ഒരു കുറിപ്പ് എഴുതി തന്നാൽ ഉപകാരമായിരിക്കും. റസൂലുല്ലാഹി ﷺ കുറിപ്പിന് പകരം അനുഗ്രഹീത തലപ്പാവ് എടുത്തുകൊടുത്ത് ഉമൈറിനെ യാത്രയാക്കി. സമുദ്രതീരത്ത് വെച്ച് അദ്ദേഹം സ്വഫ്‌വാനിനെ കണ്ടുമുട്ടി പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ നിങ്ങൾക്ക് അഭയം നൽകിയിരിക്കുന്നു. സ്വയം നാശത്തിൽ ചാടാതെ രക്ഷപെടുക. സ്വഫ്‌വാൻ പറഞ്ഞു. എനിക്ക് ജീവൻ നഷ്ടപ്പെടുമോ എന്ന ഭയമുണ്ട്. ഉമൈർ പറഞ്ഞു. റസൂലുല്ലാഹി ﷺ വളരെ സഹനശീലനും മാപ്പരുളുന്നവനുമാണ്. അങ്ങനെ അദ്ദേഹത്തെയും കൂട്ടി ഉമൈർ ﷺ മക്കയിലെത്തി. ഉമൈർ ﷺ മക്കയിൽ റസൂലുല്ലാഹി ﷺ യുടെ സന്നിധിയിലെത്തി. ഉമൈർ പറയുന്നത് ശരിയാണോ എന്ന് ചോദിച്ചപ്പോൾ റസൂലുല്ലാഹി ﷺ പറഞ്ഞു: ശരിയാണ്, ഞാൻ താങ്കൾക്ക് അഭയം നൽകിയിരിക്കുന്നു. സ്വഫ്‌വാൻ പറഞ്ഞു: എനിക്ക് രണ്ട് മാസത്തെ കാലാവധി നൽകണം. റസൂലുല്ലാഹി ﷺ നാല് മാസത്തെ കാലാവധി നൽകുകയുണ്ടായി.

ദാത്തുൽ ഇർഖ് യുദ്ധത്തിൽ നിന്നും മടങ്ങിവന്നപ്പോൾ റസൂലുല്ലാഹി ﷺ ബബൂൽ വൃക്ഷം ധാരാളമുണ്ടായിരുന്ന ഒരു സ്ഥലത്ത് വിശ്രമിക്കാനിരുന്നു. സഹാബികൾ വിവിധ വൃക്ഷങ്ങളുടെ തണലുകളിലും. റസൂലുല്ലാഹി ﷺ വാൾ ഒരു മരത്തിൽ തൂക്കിയിടുകയും, ആ വൃക്ഷത്തണലിൽ വിശ്രമമാരംഭിക്കുകയും ചെയ്തു. ജാബിർ ﷺ വിവരിക്കുന്നു. ഞങ്ങൾ ഉറക്കത്തിലായിരിക്കവെ റസൂലുല്ലാഹി ﷺ ഞങ്ങളെ വിളിക്കുന്നതായി അനുഭവപ്പെട്ടു. എഴുന്നേറ്റ് അരികിലെത്തിയപ്പോൾ തങ്ങളുടെ അടുത്ത് ഒരു ഗ്രാമീണൻ ഇരിക്കുന്നു. തങ്ങൾ അരുളി: ഞാൻ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ ഇദ്ദേഹം വന്ന് വാളെടുക്കുകയുണ്ടായി. ഞാൻ കണ്ണുതുറന്നപ്പോൾ ഇദ്ദേഹം വാളുംപിടിച്ച് എന്റെ തലയുടെ ഭാഗത്ത് നിൽക്കുകയാണ്. ഇദ്ദേഹം ചോദിച്ചു: ഇപ്പോൾ നിങ്ങളെ ആരാണ് സംരക്ഷിക്കുക. ഞാൻ പറഞ്ഞു: അല്ലാഹു സംരക്ഷിക്കും. ഇപ്പോൾ നോക്കു. ആൾ ഇവിടെ തന്നെ ഇരിപ്പുണ്ട്. റസൂലുല്ലാഹി ﷺ അദ്ദേഹത്തിന് ശിക്ഷയൊന്നും കൊടുത്തില്ല. (ബുഖാരി).

## സർവ്വ ചരാചരങ്ങൾക്കും കാരുണ്യം

ആദരവായ റസൂലുല്ലാഹി ﷺയ്ക്ക് സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ആവേശം അസാധാരണമായ നിലയിൽ നൽകപ്പെട്ടിരുന്നു. തങ്ങളുടെ ഈ ആവേശത്തിന്റെ പ്രതിഫലനം തങ്ങളുടെ കാലഘട്ടത്തിലും തുടർന്നുള്ള യുഗങ്ങളിലും ഉണ്ടായിരുന്ന മുസ്‌ലിംകളിൽ വ്യക്തമായി കാണപ്പെട്ടിട്ടുണ്ട്.

മുസ്‌ലിംകൾക്ക് ഭരണം ലഭിക്കുകയും മുസ്‌ലിംകൾ താമസിക്കുക

യും ചെയ്ത സ്ഥലങ്ങളിൽ മുസ്ലിംകളുടെ കാരുണ്യവും കൃപയും കണ്ട് നിരവധി പ്രദേശങ്ങൾ ഇസ്ലാം സ്വീകരിക്കുകയുണ്ടായി. ലോകത്ത് ഇസ്ലാം പരന്നത് ആരുടെയെങ്കിലും സമ്മർദ്ദമോ നിർബന്ധമോ കൊണ്ടല്ല. മതം മാറ്റുന്നതിന് സമ്മർദ്ദങ്ങളും നിർബന്ധങ്ങളും നടത്തുന്നതിനെ ഇസ്ലാം തടയുന്നു. മുസ്ലിം ഭരണകൂടങ്ങളിൽ ഉണ്ടായിരുന്ന അമുസ്ലിംകളുടെ മേൽ മുസ്ലിംകളുടെ നിയമങ്ങളൊന്നും ബാധകമല്ല. അമുസ്ലിംകൾക്ക് അവരുടെ മതാധ്യാപനങ്ങൾക്ക് അനുസരിച്ച് ജീവിക്കാൻ ഇസ്ലാം അനുവദിക്കുന്നു. പക്ഷെ പ്രവാചക സ്വഭാവങ്ങൾ പകർത്തിയ മുസ്ലിംകളെ കണ്ട അവർ ഇസ്ലാമിനെ മനസ്സിലാക്കി. അവർ ഇസ്ലാം സ്വീകരിച്ചു. അതായത് അല്ലാഹുവിനെ ഏകനായ പരിപാലകനും ഉടമസ്ഥനുമായി അംഗീകരിച്ചു. അല്ലാഹുവിന്റെ ദൂതരിലൂടെ ലഭിച്ച വിധിവിലക്കുകൾ അനുസരിച്ച് ജീവിച്ചു. ഇസ്ലാമിന് മുമ്പുള്ള ജീവിതത്തിൽ ഉണ്ടായിരുന്ന അക്രമങ്ങളും സ്വഭാവദൂഷ്യങ്ങളും അരാചകത്വങ്ങളും ഇല്ലാതായി. അങ്ങനെ വിവിധ പ്രദേശങ്ങളിലും സമൂഹങ്ങളിലും വളരെ വലിയ മാറ്റങ്ങൾ സംഭവിച്ചു. ഇസ്ലാമിന് മുമ്പ് ആ പ്രദേശങ്ങളിൽ നടമാടിയിരുന്ന ജാതീയ്യ അക്രമങ്ങളും രക്ത ചൊരിച്ചിലും ചരിത്ര പുസ്തകങ്ങളിലൂടെ വായിക്കുന്നവർ പേടിച്ച് വിറച്ചുപോകും. എന്നാൽ ഇസ്ലാമിക പോരാട്ടം നടന്ന സ്ഥലങ്ങളിൽ അതിന്റെ ഒരു ശതമാനം പ്രശ്നങ്ങൾ പോലും ഉണ്ടായില്ല. റോമക്കാർ ബൈതുൽ മുഖദ്ദിസ് കീഴ്പ്പെടുത്തിയപ്പോൾ അവിടുത്തെ മുസ്ലിം ഭരണാധികാരികളേയും നാട്ടുകാരായ ക്രൈസ്തവരെയും പൊതുമുസ്ലിംകളെയും ധാരാളമായി വധിച്ചു. അതിലുണ്ടായ രക്തപ്പുഴ കുതിരകളുടെ മുട്ടുവരെയും ഉയരുകയുണ്ടായി. എന്നാൽ മുസ്ലിംകൾ പിന്നീട് അത് തിരിച്ച് പിടിച്ചപ്പോൾ ക്രൈസ്തവ ഭരണാധികാരികൾക്കും ക്രൈസ്തവർക്കും മാപ്പ് നൽകുകയുണ്ടായി. ഇക്കാര്യം ഇംഗ്ലീഷ് ചരിത്രകാരൻ സെന്റ് ലൈൻപൂൾ തന്നെ വിവരിച്ചിട്ടുണ്ട്. (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക 6/627)

ഇസ്ലാമിന് മുമ്പുള്ള റോമൻ, പേർഷ്യൻ, ഇന്ത്യൻ നാഗരികതകളിൽ സ്ത്രീകളുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. മൃഗങ്ങളെപ്പോലെയാണ് അവരോട് വർത്തിക്കപ്പെട്ടിരുന്നത്. അവർക്ക് അനന്തരാവകാശം ലഭിച്ചിരുന്നില്ല. പുരുഷന്മാരെ പോലെ അവകാശങ്ങൾ നൽകപ്പെട്ടിരുന്നുമില്ല. അവരുടെ ചാരിത്ര്യം സുരക്ഷിതമല്ലായിരുന്നു, വീട്ടുവേലകൾ ചെയ്യിപ്പിച്ചിരുന്നു. വിധവയാകുന്നത് ശകുനമായിട്ടും അവരുടെ ജനനം ഉപദ്രവമായിട്ടും കാണപ്പെട്ടിരുന്നു. ഇസ്ലാം വന്നതോടെ സ്ത്രീകൾക്ക് അന്തസ്സാർന്ന സ്ഥാനം ലഭിച്ചു. അവർക്ക് അനന്തരാവ

കാശത്തിന്റെ ഓഹരിയും സമൂഹത്തിൽ അന്തസാർന്ന സ്ഥാനവും നൽകി. സ്ത്രീകളോട് മോശമായി വർത്തിക്കുന്നത് നിഷിദ്ധമായി പ്രഖ്യാപിച്ചു. ജാഹിലിയ്യ യുഗത്തിൽ സ്ത്രീകൾക്ക് ആർത്തവമുണ്ടാവുമ്പോൾ അവരെ തൊട്ടുകൂടായ്മ പ്രഖ്യാപിക്കപ്പെട്ടിരുന്നു. ഇസ്ലാം ഈ അക്രമത്തെ അവസാനിപ്പിക്കുകയും സംസർഗ്ഗം ഒഴിച്ചുള്ള എല്ലാ സഹകരണങ്ങളെയും അനുവദിക്കുകയും ചെയ്തു. ഇസ്ലാമിന് മുമ്പ് സ്ത്രീകൾ വെറുമൊരു കാഴ്ച വസ്തു മാത്രമായിരുന്നു. അങ്ങനെ അവർ ഇസ്ലാം സ്വീകരിച്ചു. അതായത് അല്ലാഹുവിനെ ഏകനായ പരിപാലകനും ഉടമസ്ഥനുമായി അംഗീകരിച്ചു.

വിവാഹത്തിന് മുമ്പ് അവരുടെ സാമ്പത്തിക ബാധ്യതകൾ മുഴുവൻ മാതാപിതാക്കളുടെ മേലും അവരില്ലായെങ്കിൽ അടുത്ത ബന്ധുക്കളുടെമേലും നിർബന്ധമാക്കി. വിവാഹത്തിനു ശേഷം ഈ കാര്യം ഭർത്താവിന്റെ ഉത്തരവാദിത്വത്തിൽ നിക്ഷേപിച്ചു. സ്ത്രീകൾ വീട്ടിലെ രാജ്ഞിയും ഭർത്താവിന്റെ കാര്യത്തിലും വീട്ടുവിഷയങ്ങളിലും കുഞ്ഞുങ്ങളുടെ കാര്യത്തിലും ഉത്തരവാദിയുമാണ്. റസൂലുല്ലാഹി ﷺ അരുളി: ഭർത്താവിന്റെ വീട്ടിലെ കാര്യങ്ങൾ നോക്കാനുള്ള ഉത്തരവാദിത്വം സ്ത്രീകൾക്കാണ്.

ഇനി ഭർത്താവിൽ നിന്നും വിവാഹമോചനം ഉണ്ടായാൽ അവരെ നോക്കാനുള്ള ഉത്തരവാദിത്വം മാതാപിതാക്കളിന്മേൽ ആയി തീരുന്നതാണ്. അവരുടെ ശരീരവും വസ്ത്രവും അലങ്കാരവും ജനങ്ങളുടെ കാഴ്ചാസുഖത്തിനും പുരുഷന്മാരുടെ ആഭാസങ്ങൾക്കും കാരണമായിരുന്നു. ഇസ്ലാം ഇതിനെ ശക്തിയുക്തം നിരോധിക്കുകയും സ്ത്രീകൾ അന്യപുരുഷന്മാരുടെ ഇടയിൽ വരേണ്ടി വന്നാൽ ശരീരം മുഴുവൻ മറയ്ക്കണമെന്നും കണ്ണുകളിൽ പെടരുതെന്നും നിഷ്കർഷിക്കുകയുണ്ടായി. മറുഭാഗത്ത് ഇതര സന്ദർഭങ്ങൾ അനുസ്മരിച്ച കൂട്ടത്തിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളേയും പ്രത്യേകം പരാമർശിക്കുകയും അവരുടെ സ്ഥാനം ഉയർത്തിക്കാട്ടുകയും ചെയ്തു. എന്നാൽ പ്രകൃതിപരവും ശാരീരികപരവുമായ വ്യത്യാസത്തെ പ്രത്യേകം പരിഗണിക്കുകയും ചെയ്തു. പരിശുദ്ധ ഖുർആനിൽ അല്ലാഹു അറിയിക്കുന്നു : "സത്യവിശ്വാസികളും സത്യവിശ്വാസിനികളും പരസ്പരം മിത്രങ്ങളാകുന്നു. അവർ നന്മ കല്പ്പിക്കുകയും തിന്മയെ വിലക്കുകയും നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണകാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു അജയ്യനും തത്വജ്ഞാനിയുമാകുന്നു. (തൗബ 71). വീണ്ടും അല്ലാഹു പറയുന്നു:

"സത്യവിശ്വാസത്തോടുകൂടി സത്കർമ്മം പ്രവർത്തിക്കുന്നവർ ആണാകട്ടെ പെണ്ണാകട്ടെ നല്ലൊരു ജീവിതം തീർച്ചയായും നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം നൽകുകയും ചെയ്യും." (നഹ്ൽ -97)

റസൂലുല്ലാഹി ﷺ ഹജ്ജത്തുൽ വദാഇന്റെ സന്ദർഭത്തിൽ പ്രസ്താവിച്ചു: "സ്ത്രീകളോടുള്ള പെരുമാറ്റത്തിൽ നല്ല സമീപനം സ്വീകരിക്കുക. അല്ലാഹുവിന്റെ നിർഭയത്തോടുകൂടിയാണ് നിങ്ങൾ അവരുമായി ബന്ധപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ വചനത്തിന്റെ അടിസ്ഥാനത്തിലാണ് അവരുമായി ദാമ്പത്യബന്ധത്തിനുള്ള അനുവാദം നിങ്ങൾ നേടിയെടുത്തിരിക്കുന്നത്. ചില ഭാഗത്ത് സ്ത്രീകളുടെ ബലഹീനമായ അവസ്ഥയെ പ്രത്യേകം പരിഗണിക്കുകയും പുരുഷന്മാർ അവരെ ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കുകയും ചെയ്തു. സ്ത്രീകൾ ഒറ്റയ്ക്ക് യാത്ര ചെയ്യരുതെന്നും അവരോടൊപ്പം ഭർത്താവോ വിവാഹം നിഷിദ്ധമായ വ്യക്തിയോ ഉണ്ടായിരിക്കണമെന്നുള്ള നിർദ്ദേശം ഈ വിഭാഗത്തിൽപ്പെട്ടതാണ്. ഒരു സ്ത്രീയെ ഭാര്യയായി സ്വീകരിക്കുമ്പോൾ അവൾക്ക് മഹ്ർ (വിവാഹമൂല്യം) നൽകൽ നിർബന്ധമാണെന്ന് പ്രഖ്യാപിച്ചു. റസൂലുല്ലാഹി ﷺ കാരുണ്യത്തെയും സഹാനുഭൂതിയെയും മാനവികതയെയും നിർബന്ധമായി പ്രഖ്യാപിക്കുകയും സ്വയം പകർത്തുകയും അവയെ പ്രചരിപ്പിക്കുകയും ചെയ്തു. തൽഫലമായി ഈ ഗുണങ്ങൾ സ്വീകരിച്ച മുസ്ലിംകൾ താമസിച്ചിരുന്ന സ്ഥലങ്ങളിലെ അവസ്ഥകളെല്ലാം മാറിമറഞ്ഞു. പരസ്പരം നടന്നിരുന്ന അക്രമങ്ങളും അനീതികളും സംഘട്ടനങ്ങളും ഇല്ലാതായി. ഇസ്ലാം സ്വീകരിക്കാതിരുന്ന അമുസ്ലിംകളിലും ഇവ മാറ്റങ്ങളുളവാക്കി. ഇവയെ ഒരളവോളം ഉൾക്കൊള്ളാൻ അമുസ്ലിം മേഖലകളും സന്നദ്ധരായി. ഇപ്രകാരം റസൂലുല്ലാഹി ﷺയുടെ അദ്ധ്യാപനങ്ങൾ, മൃഗങ്ങളോട് കാണിക്കപ്പെട്ടിരുന്ന അക്രമങ്ങളെയും ഇല്ലാതാക്കി. ചുരുക്കത്തിൽ നമ്മുടെ റസൂലുല്ലാഹി ﷺ മുസ്ലിംകൾക്ക് മാത്രമുള്ള കാരുണ്യമല്ല, മുഴുവൻ മനുഷ്യർക്കും എന്നല്ല, മുഴുവൻ സൃഷ്ടികൾക്കും കാരുണ്യത്തിന്റെ തിരുദൂതരാണ്. ഇക്കാര്യത്തെ അല്ലാഹു വ്യക്തമാക്കിയത് ഇപ്രകാരമാണ്. "മുഴുവൻ ലോകങ്ങൾക്കും കരുണയായിട്ട് മാത്രമാണ് നാം താങ്കളെ അയച്ചിട്ടുള്ളത്." (അൻബിയാഅ്)

## പ്രബോധനത്തിന്റെ മഹനീയ മാതൃക

സർവ്വലോക പരിപാലകനായ അല്ലാഹു മുഹമ്മദ് മുസ്തഫാ ﷺയെ പ്രവാചകനാക്കിയതിലൂടെ മുഴുവൻ മാനവരാശിക്കും ഒരു സമുന്ന

ത മാർഗ്ഗദർശകനെയും വഴികാട്ടിയെയും കനിഞ്ഞരുളുകയുണ്ടായി. തങ്ങളുടെ ജനന സമയത്ത് ലോകം മുഴുവനും സ്വഭാവദൂഷ്യങ്ങളിലും അക്രമ-അനാചാരങ്ങളിലും മുഴുകി കിടക്കുകയായിരുന്നു. മനുഷ്യന്റെ വ്യക്തിത്വം പോലും മാഞ്ഞുപോയിരുന്നു. ഇത്തരുണത്തിൽ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ കുളിർകാറ്റ് അടിച്ച് വീശുകയും മുഹമ്മദുർറസൂലുല്ലാഹി ﷺ എന്ന രൂപത്തിൽ ഒരു ഉന്നത പരിഷ്കർത്താവിനെ സമ്മാനിക്കുകയും ചെയ്തു. അല്ലാഹുവിന്റെ വഹ്‌യ് (ബോധന)യിലൂടെ മനുഷ്യരെ മനുഷ്യത്വത്തിന്റെ സമുന്നത സ്ഥാനത്തേക്ക് നയിക്കാനുള്ള ഉത്തരവാദിത്വം തങ്ങൾക്ക് നൽകപ്പെട്ടു. തങ്ങൾ അതിനെ സമ്പൂർണ്ണമായ നിലയിൽ പൂർത്തീകരിച്ചു. റസൂലുല്ലാഹി ﷺ മഹാനായ ഒരു പ്രവാചകൻ ആയതിനോടൊപ്പം സമുന്നതനായ ഒരു അദ്ധ്യാപകനും ഗുരുനാഥനുമായിരുന്നു. തങ്ങളുടെ അദ്ധ്യാപന ശിക്ഷണരീതി താഴെപറയുന്ന തിരുവചനങ്ങൾക്കനുസൃതമായിരുന്നു.

"തത്വദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും താങ്കളുടെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് താങ്കൾ ക്ഷണിക്കുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവദിക്കുകയും ചെയ്യുക." (നഹ്ൽ-125)

"അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിൽപ്പെട്ടയാളാവുന്നുവെന്ന് പറയുകയും ചെയ്യുന്നവനേക്കാൾ നല്ല വർത്തമാനം പറയുന്ന മറ്റാരുണ്ട്?" (ഹാമീം സജദ : 33)

ഈ ആയത്തുകളിൽ പറയപ്പെട്ട ഉന്നത ഗുണങ്ങൾ ഉൾകൊണ്ട് മുന്നോട്ട് നീങ്ങിയപ്പോൾ അതിലൂടെ വമ്പിച്ച പരിണിത ഫലങ്ങൾ ഉണ്ടായി. "അപ്പോൾ ഏതൊരുവനും താങ്കളും തമ്മിൽ ശത്രുതയുണ്ടായിരുന്നുവോ അവനതാ (താങ്കളുടെ) ഉറ്റ മിത്രമെന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവരല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല (ഹാമീം സജദ: 34,35). ഈ ആയത്തിൽ പറയപ്പെട്ട മഹത്തായ ചിത്രങ്ങൾ സംജാതമായി. തങ്ങളുടെ തന്ത്രജ്ഞത നിറഞ്ഞ പ്രബോധനവും അനുകമ്പാ പൂർണ്ണമായ ഉപദേശങ്ങളും കാരണം ധാരാളം ശത്രുക്കൾ മിത്രങ്ങളായി. ഈ മഹത്തായ മാർഗ്ഗം തിരഞ്ഞെടുത്തതിന്റെ പേരിൽ അസാധാരണമായ സഹനതയാണ് തങ്ങൾക്ക് സ്വീകരിക്കേണ്ടിവന്നത്. അതും അല്ലാഹുവിന്റെ ഒരു മഹാദാനം തന്നെയായിരുന്നു. റസൂലുല്ലാഹി ﷺയുടെ തന്ത്രജ്ഞത നിറഞ്ഞ ഉപദേശ-പരിശ്രമങ്ങളുടെ നിരവധി സംഭവങ്ങൾ ചരിത്രത്തിൽ കാണാൻ കഴിയും. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ആത്മാവ് വളരെ ശക്തിയാ

യി നിറഞ്ഞുനിന്ന ചിത്രങ്ങളാണവ.

ഒരു ഗ്രാമീണൻ മസ്ജിദുന്നബവിയിലെത്തി സാധാരണ രീതിയിൽ മൂത്രമൊഴിക്കാൻ തുടങ്ങി. ഇതുകണ്ട് മുസ്‌ലിംകൾ അദ്ദേഹത്തെ കൈകാര്യം ചെയ്യാൻ മുന്നോട്ട് നീങ്ങിയപ്പോൾ റസൂലുല്ലാഹി ﷺ അവരെ തടയുകയും പിന്നീട് അദ്ദേഹത്തെ വിളിച്ച് ഇപ്രകാരം ഉപദേശിക്കുകയും ചെയ്തു. "ഇത് അല്ലാഹുവിന് ആരാധനയ്ക്കുള്ള സ്ഥലമാണ്. ഇവിടെ മൂത്രമൊഴിക്കാൻ പാടില്ല". ദേഷ്യപ്പെടാതെയും വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്യാതെ വളരെ മയത്തോടെ തങ്ങൾ അദ്ദേഹത്തിന് കാര്യം മനസ്സിലാക്കി കൊടുക്കുകയും മറ്റുള്ളവരോട് വെള്ളം ഒഴിച്ച് പള്ളി ശുദ്ധീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. (ബുഖാരി). ഒരു ഗ്രാമീണൻ തങ്ങളുടെ മുമ്പാകെ സാമ്പത്തിക സഹായവും ചോദിച്ചുകൊണ്ട് വന്നു. തങ്ങളുടെ പക്കൽ ഒന്നും കൊടുക്കാനില്ലായിരുന്നു. തങ്ങൾ ഈ കാര്യം പറഞ്ഞെങ്കിലും അദ്ദേഹം അത് അംഗീകരിക്കാതെ ചോദിച്ചു കൊണ്ടേയിരുന്നു. ഇതിനിടയിൽ അനുഗ്രഹീത പുതപ്പ് വളരെ കടുപ്പത്തിൽ പിടിച്ചുവലിക്കുകയും തത്ഫലമായി തങ്ങളുടെ കഴുത്തിൽ അടയാളം വീഴുകയും ചെയ്തു. ഒരു മുള്ളിൽ പുതപ്പ് കുരുങ്ങുന്നത് വരെ അദ്ദേഹം വലിച്ചുകൊണ്ടിരുന്നു. അവിടുത്തെ ഏറ്റവം വലിയ ഭരണാധികാരിയായിരുന്ന റസൂലുല്ലാഹി ﷺ യ്ക്ക് അദ്ദേഹത്തിന് കടുത്ത ശിക്ഷ നൽകാൻ എല്ലാ അധികാരവുമുണ്ടായിരുന്നു. പക്ഷെ, തങ്ങൾ അദ്ദേഹത്തോട് മയത്തോടെ ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു. എന്റെ പക്കൽ ഇപ്പോൾ ഒന്നുമില്ല, അല്ലെങ്കിൽ തീർച്ചയായും ഞാൻ നൽകുമായിരുന്നു. (ബുഖാരി).

സ്വന്തം വിഷയത്തിൽ സാമ്പത്തികമായി വളരെ ഞെരുക്കമായിരുന്നു. ആവശ്യ നിർവ്വഹണത്തിന് ചിലപ്പോൾ ഒന്നും ലഭിക്കാതെ പട്ടിണി സഹിച്ചിരുന്നു. ചിലപ്പോൾ കാരക്ക മാത്രം കഴിച്ച് ദിവസങ്ങൾ തള്ളിനീക്കുമായിരുന്നു. ഒരിക്കൽ സഹായം ചോദിച്ചുവന്ന ഒരു യാചകൻ റസൂലുല്ലാഹി ﷺയോട് പറഞ്ഞു: നിങ്ങൾ പിശുക്കന്മാരാണ്. റസൂലുല്ലാഹി ﷺ അരുളി: "ഞാൻ പിശുക്കനല്ല, പക്ഷെ തരാൻ ഒന്നുമില്ല." തങ്ങൾ ദേഷ്യപ്പെടാതെ മയത്തോടെ മറുപടി പറഞ്ഞു. മറുഭാഗത്ത് തങ്ങൾ വലിയ ധർമ്മിഷ്ടനായിരുന്നു.

## ആത്മശുദ്ധീകരണം

റസൂലുല്ലാഹി ﷺ യ്ക്ക് അല്ലാഹു ഏൽപ്പിച്ച ഒരു പ്രധാന കർത്തവ്യം അദ്ധ്യാപനവും ആത്മീയ സംസ്കരണവുമാണ്. മനുഷ്യരുടെ സ്വഭാവങ്ങളും പതിവുകളും സംസ്കരിച്ച് നന്നാക്കുക എന്നത് റസൂലുല്ലാഹി ﷺയുടെ ഒരു പ്രധാന ഗുണമായിരുന്നു. അല്ലാമാ സയ്യിദ് സുലൈ

മാൻ നദ്‌വി ഇതിനെ കുറിച്ച് വിവരിക്കുന്നു. പരിശുദ്ധ ഖുർആനിൽ തിരുനബി ﷺയെ പരിചയപ്പെടുത്തിക്കൊണ്ട് പല സ്ഥലങ്ങളിലും. പ്രവാചകൻ നിരക്ഷരരായ അറബികളെ സംസ്കരിക്കുകയും അവർക്ക് പരിശുദ്ധ ഖുർആനും തിരുസുന്നത്തും പഠിപ്പിക്കുകയും ചെയ്യുന്നവരാണെന്ന് അല്ലാഹു അറിയിച്ചിട്ടുണ്ട്. ഒരിടത്ത് അല്ലാഹു പറയുന്നു: "അക്ഷരജ്ഞാനം ഇല്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു." (ജുമുഅ 2)

ഈ ആയത്തിലെ രണ്ട് വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്. ഒന്ന്, തസ്കിയത്ത് (സംസ്കരണം), രണ്ട് ഹിക്മത്ത് (തത്വജ്ഞാനം). തസ്കിയത്ത് എന്നാൽ ശുദ്ധീകരിക്കലും അഴുക്ക് ദൂരീകരിക്കലുമാണ്. അതായത് മാനവമനസ്സിനെ എല്ലാവിധ മാലിന്യങ്ങളിൽ നിന്നും പ്രവാചകൻ ശുദ്ധീകരിക്കുന്നു. ആ കണ്ണാടിയുടെ തുരുമ്പുകൾ തുടച്ചു നീക്കി അതിനെ പ്രഭാപൂരിതമാക്കുന്നു. അല്ലാഹു പറയുന്നു: " മനുഷ്യന്റെ അസ്തിത്വത്തെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെ സത്യം! എന്നിട്ട് അതിന് അതിന്റെ ദുഷ്ടതയും സൂക്ഷ്മതയും സംബന്ധിച്ച് അവൻ ബോധനം നൽകുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയും ചെയ്തു" (ശംസ് -7,8,9,10)

രണ്ടാമത്തെ വാക്യം ഹിക്മത്താണ്. അല്ലാഹുവിൽ നിന്നും പ്രവാചകന്റെ മനസ്സിൽ നിക്ഷേപിക്കപ്പെടുന്ന ജ്ഞാനത്തിന്റെ പ്രകാശത്തിനാണ് ഹിക്മത്ത് എന്നുപറയപ്പെടുന്നത്. അതിന്റെ പ്രതിഫലനങ്ങൾ പ്രവാചകന്റെ നാവിലൂടെയും കർമ്മങ്ങളിലൂടെയും സ്വഭാവങ്ങളിലൂടെയും പ്രകടമാകും. തൗഹീദ് (ഏകദൈവ വിശ്വാസം), മാതാപിതാക്കളെ അനുസരിക്കുക, ബന്ധുക്കളെയും ആവശ്യക്കാരെയും സഹായിക്കുക, ധൂർത്ത്, പിശുക്ക്, സന്താനവധം, മ്ലേഛ കർമ്മങ്ങൾ, അന്യായമായ വധം, അനാഥ പീഢനം എന്നീ പാപങ്ങളിൽ നിന്നും അകന്ന് കഴിയുക. കരാറുകൾ പാലിക്കുക, അളവ് തൂക്കങ്ങളിൽ കൃത്യത പുലർത്തുക, അഹങ്കാരം ഉപേക്ഷിക്കുക എന്നിവ ഹിക്മത്തിന്റെ പാഠങ്ങളാണെന്ന് സൂറത്ത് ബനൂഇസ്റാഈലിൽ അല്ലാഹു വിവരിച്ചിരിക്കുന്നു. അല്ലാഹുവിനോട് ആരെയും പങ്കുചേർക്കാതിരിക്കുക, നന്മകൽപ്പിക്കുക, തിന്മതടയുക, പ്രയാസങ്ങളിൽ സഹനത പുലർത്തുക, അഹങ്കരിക്കാതിരിക്കു

ക, ശബ്ദം താഴ്ത്തുക എന്നിവയും ഹിക്മത്തിന്റെ പാഠങ്ങളായി സൂറത്ത് ലുഖ്മാനിൽ വിവരിച്ചിരിക്കുന്നു. ചുരുക്കത്തിൽ എല്ലാ പ്രവാചകന്മാരും സത്യദർശനങ്ങളും ഏകോപിച്ച പ്രകൃതിനിയമ-സ്വഭാവങ്ങൾക്ക് ഹിക്മത്തെന്ന് പറയപ്പെടുന്നു (സീറത്തുന്നബി).

മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി വിവരിക്കുന്നു. പരിശുദ്ധ ഖുർആനിൽ റസൂലുല്ലാഹി ﷺയുടെ മൂന്ന് ഗുണങ്ങൾ വിവരിച്ചിരിക്കുന്നു. ഒന്ന്-ഖുർആൻ പാരായണം, രണ്ട്-ആത്മസംസ്കരണം, മൂന്ന്-ഖുർആനും സുന്നത്തും പഠിപ്പിക്കുക. ഈ വിശേഷണങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ആത്മസംസ്കരണം. അതായത്, റസൂലുല്ലാഹി ﷺ അല്ലാഹുവിന്റെ വചനങ്ങൾ ഓതി കേൾപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ട് മാത്രം ദൗത്യം അവസാനിപ്പിച്ചിരുന്നില്ല. പ്രത്യുത ഈ പാരായണത്തിന്റെയും അദ്ധ്യാപനത്തിന്റെയും നിറവും മണവും അവരിൽ കടത്തിവിട്ടിരുന്നു. അവരുടെ കാതുകളെയും മസ്തിഷ്കങ്ങളെയും കടന്ന് ഈ അദ്ധ്യാപനങ്ങൾ അവരുടെ മനസ്സുകളിലും ആത്മാവുകളിലും പ്രവേശിക്കുകയും അവരുടെ അവയവങ്ങളിലൂടെ പ്രകടമാവുകയും ചെയ്തിരുന്നു. ലോകത്തുള്ള സാധാരണ പ്രഭാഷക അദ്ധ്യാപകരിൽ നിന്നും റസൂലുല്ലാഹി ﷺ യെ പ്രത്യേകമാക്കുന്ന ഒരു മഹൽ ഗുണമാണിത്. തങ്ങൾ പ്രഭാഷകനും അദ്ധ്യാപകനും ആയതിനോടൊപ്പം സംസ്കരണം നൽകുന്നവരുമായിരുന്നു. ഇതിന്റെ കാരണത്താലാണ് തങ്ങൾ ലോകത്തെ ഏറ്റവും വിജയിയായ പരിഷ്കർത്താവായി മാറിയത്. സഹാബത്തിന്റെ അത്ഭുതകരമായ ആത്മീയ സ്വഭാവ-ചിന്താ-കാർമ്മിക മാറ്റങ്ങളുടെയും ഇസ്ലാമിക വിജയമുന്നേറ്റങ്ങളുടെയും രഹസ്യം ഇതുതന്നെയായിരുന്നു. ഇന്നും ഇസ്ലാമിക ജീവിതത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറ്റവും കൂടുതൽ പ്രകടമാകുന്ന വിഷയവും ഇതുതന്നെയാണ്. റസൂലുല്ലാഹി ﷺയുടെ സഹവാസത്തിൽ അസാധാരണമായ പ്രതിഫലനം കാണപ്പെട്ടിരുന്നു. അതിലൂടെ മനുഷ്യൻ മലക്കുകളുടെ സ്ഥാനങ്ങളിലേക്കുയർന്നു. അവരിൽ വിശ്വാസ-സ്വഭാവ-ആത്മീയ ശിക്ഷണങ്ങൾ സർവ്വ സമ്പൂർണ്ണമായ നിലയിൽ നിറഞ്ഞു കാണപ്പെട്ടു. തങ്ങളുടെ അരികിൽ ഇരിക്കുന്നവരിൽ തങ്ങളുടെ നിറവും മണവും അനുഭവപ്പെടുകയും ശരീഅത്തിന്റെ മൂശയിൽ അവർ വാർത്തെടുക്കപ്പെടുകയും ചെയ്തു. നന്മകൾ പ്രകൃതിപരമായി തന്നെ അവർക്ക് പ്രിയങ്കരമായി. പാപങ്ങളോട് മാനസികമായി വെറുപ്പുണ്ടായി. സഹാബാക്കളെല്ലാം നീതിമാന്മാരാണെന്നും ഒരു ചെറിയ സ്വഹാബി പോലും ഏറ്റവും വലിയ വലിയ്യിനേക്കാളും മഹത്വമുള്ളവരാണെന്നുമുള്ള വിശ്വാസത്തിന്റെ അടിസ്ഥാനം ഇതാണ്. റസൂലുല്ലാഹി ﷺയുമായു

ള്ള സഹവാസത്തിലൂടെ ആത്മീയ മാറ്റം വളരെപ്പെട്ടെന്നുതന്നെ ഉണ്ടാ യിരുന്നു. അതിന്റെ സംഭവങ്ങൾ ധാരാളമാണ്.

ഫസാലത്തുബ്നു ഉമൈർ ﷺ വിവരിക്കുന്നു. മക്കാ വിജയത്തിന്റെ ദിവസം റസൂലുല്ലാഹി ﷺ ത്വവാഫ് ചെയ്യുകയായിരുന്നു. ഞാൻ മോശ മായ ഉദ്ദേശത്തിൽ തങ്ങളുടെ അരികിലേക്ക് വന്നു. അടുത്തെത്തിയ പ്പോൾ തങ്ങൾ എന്നോട് ചോദിച്ചു. ഫസാലത്തെ, എന്ത് ചിന്തിച്ചുകൊ ണ്ട് നിൽക്കുകയാണ്. ഞാൻ പറഞ്ഞു. ഒന്നുമില്ല. അല്ലാഹുവിന് ദിക്ർ ചെയ്തുകൊണ്ടിരിക്കുകയാണ്. തങ്ങൾ ചിരിച്ചുകൊണ്ട് പറഞ്ഞു, അ ല്ലാഹുവിനോട് പാപമോചനം തേടുക. തുടർന്ന് തിരുകരം എന്റെ നെ ഞ്ചിൽ വെക്കുകയുണ്ടായി. അത് എന്റെ മനസ്സിന്റെ ഉള്ളിൽ തുളച്ചു ക യറി. അല്ലാഹുവിൽ സത്യം, തങ്ങൾ തൃക്കരം ഉയർത്തുന്നതിന് മുമ്പ് തങ്ങൾ സൃഷ്ടികളിൽ എനിക്കേറ്റവും പ്രിയപ്പെട്ടവരായി തീർന്നു. ഞാൻ മടങ്ങിപ്പോയപ്പോൾ എന്നോട് സാധാരണ സൊറ പറഞ്ഞിരുന്ന സ്ത്രീ എന്റെ മുന്നിൽപ്പെടുകയുണ്ടായി. അവൾ പറഞ്ഞു: ഫസാലത്തെ വരൂ, അല്പം സംസാരിക്കാം. ഞാൻ പറഞ്ഞു, ഇസ്ലാം സ്വീകരിച്ച ശേഷം ഇത് നടക്കുകയില്ല! (സാദുൽ മആദ്). അംറുബ്നുൽ ആസ് ﷺ പറയു ന്നു: റസൂലുല്ലാഹി ﷺയുടെ തൃക്കരം പിടിച്ച് ബൈഅത്ത് ചെയ്യുന്നതി ന് മുമ്പ് എനിക്ക് ഏറ്റവും വെറുപ്പുള്ള വ്യക്തി റസൂലുല്ലാഹി ﷺയായി രുന്നു. ആ സമയത്തെങ്ങാനും ഞാൻ മരണപ്പെട്ടിരുന്നുവെങ്കിൽ എന്റെ അന്ത്യം മഹാമോശമായി തീരുമായിരുന്നു. പക്ഷെ, ബൈഅത്തിന് ശേ ഷം ഈ ലോകത്ത് എനിക്കേറ്റവും ആദരണീയനും പ്രിയങ്കരനുമായി റ സൂലുല്ലാഹി ﷺ മാറി. എന്തിനേറെ, തങ്ങളെ കണ്ണു നിറയെ നോക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് തന്നെ ആരെങ്കിലും തങ്ങളു ടെ ശരീരരൂപം എന്നോട് ചോദിച്ചാൽ എനിക്കത് പറയാൻ കഴിയുന്നത ല്ല. കാരണം, ആദരവ് കാരണം തങ്ങളെ കണ്ണുനിറച്ച് നോക്കാൻ എനി ക്ക് കഴിഞ്ഞിട്ടില്ല. (മുസ്ലിം).

റസൂലുല്ലാഹി ﷺയ്ക്ക് അല്ലാഹുതആലാ കനിഞ്ഞരുളിയ ഈ പ്ര ത്യേകതകളുടെയും ഉത്തരവാദിത്വങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു ഭാഗത്ത് അല്ലാഹുവിന്റെ നിയമങ്ങൾ തങ്ങൾ ജനങ്ങളെ പഠിപ്പിച്ചു. മറു ഭാഗത്ത് മാനവ മനസ്സുകളെയും പ്രകൃതികളേയും ദീനിന്റെ മൂശയിൽ വാർത്തെടുക്കുന്ന കർത്തവ്യവും നിർവ്വഹിച്ചു. അല്ലാഹുവിനെ കുറിച്ചു ള്ള തിരിച്ചറിവും ബോധവും ഉണ്ടാക്കിത്തീർക്കുന്ന ദൃഷ്ടാന്തങ്ങൾ വി വരിച്ചു. ജനങ്ങളിൽ ഉണ്ടായിത്തീർന്ന തിന്മകളും ന്യൂനതകളും ചികി ത്സിച്ച് ഭേദമാക്കി. പരിശുദ്ധവും സമുന്നതുമായ ഒരു ജീവിതത്തിലേക്ക് അവരെ ആനയിച്ചു. വിശുദ്ധ ഗ്രന്ഥത്തെ അതായത് അല്ലാഹുവിന്റെ വി

ധി വിലക്കുകളെ പഠിപ്പിച്ചു. സമുത്തമ സ്വഭാവരീതികൾ ഉൾക്കൊണ്ട് ജീവിക്കാൻ അവരെ പ്രേരിപ്പിച്ചു.

ഖുർആനിക അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ വഴികേടുകളെ ദൂരീകരിച്ചു. പടച്ചവന്റെ ഏകത്വത്തെയും മഹത്വത്തെയും കുറിച്ചുള്ള പാഠങ്ങൾ അവർക്ക് പകർന്നു. അവരുടെ സ്വഭാവ ബന്ധങ്ങളെയും ഇടപാടുകളെയും സംസ്കരിച്ചു. ഇങ്ങനെ തങ്ങളുടെ നിഷ്കളങ്കമായ പരിശ്രമങ്ങളിലൂടെ, വിജയം വരിച്ച അദ്ധ്യാപകനും സമ്പൂർണ്ണത നേടിയ ഗുരുനാഥനുമായി തങ്ങൾ മാറി. വിജ്ഞാനവുമായി ബന്ധമില്ലാത്ത വിവരം കെട്ട ദുർമാർഗ്ഗികളായ ഒരു സമൂഹത്തെ മുഴുവൻ ലോകത്തിന്റെയും പരിഷ്കർത്താക്കളായി മാറുന്നനിലയിൽ ശിക്ഷണ ശീലനങ്ങൾ നൽകി. തങ്ങളുടെ ശിക്ഷണ സൗഭാഗ്യം ലഭിച്ച പിൻഗാമികൾ പോയ സ്ഥലങ്ങളിലെല്ലാം ജനങ്ങളുടെ ജീവിതസ്വഭാവങ്ങളിൽ വമ്പിച്ച പരിവർത്തനം ഉളവായി. അവരുമായി ബന്ധപ്പെടുന്നവരിൽ ബഹുഭൂരിഭാഗവും സത്യസന്ദേശം സ്വീകരിച്ചു. എന്നാൽ പടച്ചവൻ വഴികേട് വിധിച്ചുകഴിഞ്ഞവർക്ക് സന്മാർഗ്ഗം നല്കാൻ ഒരദ്ധ്യാപകനും പരിഷ്കർത്താവിനും സാധ്യമല്ലല്ലോ. അതെ, ഇത്തരം ആളുകൾ ഒഴികെ തങ്ങളുടെ ദൃഷ്ടിപതിഞ്ഞവരിലെല്ലാം വമ്പിച്ച പരിവർത്തനം ഉളവായി. ഇതെല്ലാം, ആരിൽ നിന്നും ഒന്നും പഠിച്ചിട്ടില്ലാത്ത ഒരു നിരക്ഷരനായ പ്രവാചകനിലൂടെയാണ് ഉണ്ടായിത്തീർന്നതെന്ന് മനസ്സിലാക്കുക. മനുഷ്യനിൽ നിന്നും ഒന്നും പഠിച്ചില്ലെങ്കിലും തങ്ങളുടെ വിജ്ഞാനത്തിന്റെ സ്രോതസ്സ് പടച്ചവന്റെ പ്രത്യേക ദാനമായ വഹ്‌യ് ആയിരുന്നു. ഭൗതിക മേഖലകളിൽ നിന്നും ലഭിക്കുന്ന വിജ്ഞാനത്തേക്കാളും കൂടുതൽ ശക്തവും വ്യക്തവും സമുന്നതവുമാണ് ഈ വിജ്ഞാനം. ഇതിലൂടെ മനുഷ്യരുടെ ലോകം മാറിമറിഞ്ഞു മുഹമ്മദീ പ്രവാഹം ലോകമെങ്ങും പരന്നൊഴുകി.

മനുഷ്യനെ താഴ്ന്ന നിലയിൽ നിന്നും ഉയർത്തി സമുന്നത നിലവാരമുള്ള യഥാർത്ഥ മനുഷ്യനാക്കി. ലോകം അവസാനിക്കുന്നതുവരെയുള്ള മുഴുവൻ മനുഷ്യരെയും അങ്ങേയറ്റത്തെ വിജയം വരെ കൊണ്ടെത്തിക്കുന്ന ഒരു രാജപാത തുറക്കപ്പെട്ടു. ചുരുക്കത്തിൽ, അരനൂറ്റാണ്ടിനകം ഈ വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ ഒരു ആഗോളവിപ്ലവം നടക്കുകയുണ്ടായി. മനുഷ്യരുടെ ജീവിത ദിശകൾ ഒറ്റയടിക്ക് മാറിമറിഞ്ഞു. സമ്പൂർണ നാശത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരുന്ന മാനവികത വിജയപുരോഗതികളുടെ സുവർണപാതയിലൂടെ സഞ്ചരിക്കുന്നവരായി. ഈ വഴിയിലൂടെ സഞ്ചരിച്ചവർക്ക് മുന്നിൽ ലോകത്തെ വൻശക്തികൾ തലകുനിച്ചു. അവരിലും വമ്പിച്ച മാറ്റങ്ങളുണ്ടായി. ഇതെല്ലാം അല്ലാഹുവിന്റെ അന്ത്യപ്രവാചകരായ മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെ അദ്ധ്യാപ

ന-ശിക്ഷണങ്ങളുടെ പരിണിത ഫലങ്ങളായിരുന്നു. റസൂലുല്ലാഹി ﷺ യുടെ സമ്പൂർണ്ണവും ആഗോളവ്യാപകവും ശാശ്വതവുമായ ജീവിതരേഖ, എല്ലാ വിഭാഗത്തിനും സാഹചര്യത്തിനും കാലത്തിനും അവസ്ഥകൾക്കും സ്ഥാനങ്ങൾക്കും അനുയോജ്യമായ നിലയിലുള്ള തങ്ങളുടെ സമ്പൂർണ്ണവും സർവ്വ സമ്മേളിതവുമായ വ്യക്തിത്വം, എന്നീ കാര്യങ്ങളെ ആശയഗംഭീരമായ നിലയിൽ അല്ലാമാ സയ്യിദ് സുലൈമാൻ നദ്‌വി വിവരിച്ചിട്ടുണ്ട്. അത് ഉദ്ധരിച്ചുകൊണ്ട് ഈ വിഷയം ഇവിടെ അവസാനിപ്പിക്കട്ടെ. അല്ലാമാ എഴുതുന്നു: അല്ലാമാ സയ്യിദ് സുലൈമാൻ നദ്‌വിയുടെ ഖുതുബാതെ മദ്രാസ് എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ നിന്നും തിരഞ്ഞെടുത്ത ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം അവസാനിപ്പിക്കുകയാണ്. സർവ സമ്പൂർണ്ണവും എല്ലാ കാലത്തേക്കും ലോകം മുഴുവനും സർവ വിഭാഗങ്ങൾക്കും സാഹചര്യങ്ങൾക്കും ഉത്തമ മാതൃകയുമായ റസൂലുല്ലാഹി ﷺ യുടെ മഹത്തായ ജീവിതത്തിന്റെ രത്നചുരുക്കം അത്യന്തം പ്രതിഫലനാത്മകവും സാഹിത്യസമ്പുഷ്ടവുമായ നിലയിൽ സയ്യിദ് അവർകൾ അതിൽ വരച്ചുകാട്ടിയിരിക്കുന്നു. അദ്ദേഹം എഴുതുന്നു: "മാനവരാശിയുടെ എല്ലാ വിഭാഗങ്ങൾക്കും അവസ്ഥകൾക്കും ശരിയായ ലക്ഷ്യവും മാർഗവും കാണിച്ചുതരുന്ന ഒരേയൊരു ജീവിതം മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെ മഹദ്ചരിതം മാത്രമാണ്. നിങ്ങൾ ഒരു സമ്പന്നനാണെങ്കിൽ മക്കയിലെ ആ വ്യാപാരിയെയും ബഹ്റൈന്റെ സമ്പത്ത്സൂക്ഷിപ്പുകാരനെയും അനുകരിക്കുക. നിങ്ങൾ നിർധനനാണെങ്കിൽ ഷുഅബ് അബീത്വാലിബിലെ ആ തടവുകാരന്റെയും മദീനയിലെത്തിയ അതിഥിയുടെയും അവസ്ഥകൾ കേൾക്കുക. നിങ്ങൾ ഭരണാധികാരിയാണെങ്കിൽ അറേബ്യയിലെ ആ ചക്രവർത്തിയിലേക്കു കണ്ണോടിക്കുക. നിങ്ങൾക്ക് പരാജയം സംഭവിച്ചാൽ ഉഹദ് രണാങ്കണത്തിൽ നിന്നും ഗുണപാഠം പഠിക്കുക. നിങ്ങൾ അധ്യാപകനാണെങ്കിൽ സുഫ്ഫാ മദ്രസയിലെ അനുഗൃഹീത ഗുരുവര്യനെ ശ്രദ്ധിക്കുക. ശിഷ്യനാണെങ്കിൽ ജിബ്രീൽ അമീനിന് മുന്നിൽ ഇരിക്കുന്ന വിദ്യാർഥിയിലേക്ക് കണ്ണുനടുക. നിങ്ങൾ പ്രഭാഷകനും ഉപദേശകനുമാണെങ്കിൽ മദീനാ മസ്ജിദിലെ മിമ്പറിൽ നിൽക്കുന്നവരുടെ വചനങ്ങൾ ശ്രദ്ധിക്കുക. നിങ്ങൾ ഏകനായി സഹകാരികളാരുമില്ലാത്ത അവസ്ഥയിൽ സത്യനാഥന്റെ ബാധ്യത നിർവഹിക്കുന്നവരാണെങ്കിൽ മക്കയിലെ സഹായികൾ ആരുമില്ലാത്ത തിരുദൂതരുടെ മാതൃക നിങ്ങളുടെ മുന്നിലുണ്ട്. നിങ്ങൾക്ക് സഹായം സിദ്ധിച്ച ശേഷം ശത്രുക്കളെയും എതിരാളികളെയും കാൽക്കീഴിലൊതുക്കാൻ സാധിച്ചെങ്കിൽ നിങ്ങൾ മക്കാ വിജയിയുടെ രംഗങ്ങൾ വീക്ഷിക്കുക. നിങ്ങൾ ക്രയവിക്രയങ്ങൾ നടത്തുകയും ഭൗതിക കാര്യ

ങ്ങൾ സജ്ജീകരിക്കുകയും ചെയ്യുന്നെങ്കിൽ ബനൂന്നളീർ, ഖൈസർ, ഫ ദക് ഭൂമികളുടെ ഉടമയുടെ ക്രയവിക്രയങ്ങൾ ശ്രദ്ധിക്കുക. നിങ്ങൾ അ നാഥനാണെങ്കിൽ അബ്ദുല്ല ആമിന ദമ്പതിമാരുടെ കരളിന്റെ കഷണ ത്തെ മറക്കരുത്. കുഞ്ഞാണെങ്കിൽ ഹലീമാ സഅ്ദിയ്യയുടെ കൺമണി യെ കാണുക. യുവാവാണെങ്കിൽ മക്കയിലെ ആ ഇടയന്റെ ചരിത്രം പഠിക്കുക. കച്ചവട യാത്രകൾ നടത്തുന്നയാളാണെങ്കിൽ ബസ്വറഃയിലേ ക്കുള്ള യാത്രാ സംഘത്തിന്റെ നായകന്റെ ഉദാഹരണങ്ങൾ അന്വേഷി ക്കുക. നീതിപീഠത്തിലെ വിധികർത്താവും പ്രശ്നങ്ങളിലെ മധ്യസ്ഥനു മാണെങ്കിൽ കഅ്ബയിലേക്കു പ്രഭാതത്തിൽ കടന്നുവന്ന് എല്ലാവരുടെ യും സഹകരണത്തോടെ ഹജറുൽഅസ്‌വദ് യഥാസ്ഥാനത്ത് എടുത്തു വച്ച മധ്യസ്ഥനെയും രാജാവിനെയും പ്രജയെയും പണക്കാരനെയും പാവപ്പെട്ടവനെയും തുല്യമായിക്കണ്ട് മദീനാ മസ്ജിദിന്റെ സാധാരണ തറയിലിരിക്കുന്ന വിധികർത്താവിനെയും കാണുക. നിങ്ങൾ ഭർത്താ വാണെങ്കിൽ ഖദീജആഇശമാരുടെ വിശുദ്ധ ഭർത്താവിന്റെ മഹദ്ചരിതം വായിക്കുക. നിങ്ങൾക്ക് മക്കളുണ്ടെങ്കിൽ ഫാത്വിമയുടെ പിതാവിന്റെയും ഹസൻഹുസൈന്റെ പിതാമഹന്റെയും അവസ്ഥകൾ അന്വേഷിക്കുക.

ചുരുക്കത്തിൽ, നിങ്ങൾ ആരായിരുന്നാലും ഏതവസ്ഥയിലായിരുന്നാ ലും നിങ്ങളുടെ ജീവിതത്തിനുള്ള മാതൃകയും ജീവിതം നന്നാക്കാനു ള്ള മാധ്യമവും ഇരുണ്ട മുറിയുടെ സന്മാർഗ ദീപവും മുഹമ്മദുർറസൂ ലുല്ലാഹി ﷺ യുടെ സാരസമ്പൂർണമായ ഖജനാവിൽ ഏതു സമയവും ലഭ്യമാണ്. കാരണം, മനുഷ്യകുലത്തിലെ സർവ വിദ്യാർത്ഥികൾക്കും വിശ്വാസപ്രകാശത്തെ അന്വേഷിക്കുന്നവർക്കും സന്മാർഗ മോക്ഷങ്ങളു ടെ അവസാന മാതൃക മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെ മഹദ്ചരിതം മാത്രമാണ്. റസൂലിന്റെ ചരിത്രം പഠിക്കുന്നവന്റെ മുന്നിൽ നൂഹ് ﵇, ഇബ്രാഹീം ﵇, അയ്യൂബ് ﵇, യൂനുസ് ﵇, മൂസ ﵇, ഈസ(അ) തുടങ്ങി എല്ലാ നബിമാരുടെയും ചരിത്രങ്ങളാണുള്ളത്. ബഹുമാന്യ ന ബിമാരുടെ ചരിത്രങ്ങൾ വിലപിടിച്ച ഓരോ വസ്തുക്കളുടെ ഓരോ കട കളാണെങ്കിൽ മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെ മഹദ്ചരിതം സ്വഭാ വ കർമങ്ങളുടെ വിഷയത്തിൽ ഈ ലോകത്തുള്ള ഏറ്റവും വലിയ ക മ്പോളമാണ്. എല്ലാതരം ഉപഭോക്താവിനും ശരിയായ സാധനങ്ങൾ അ വിടെ സദാസമയവും സുലഭമാണ്.

# 10
# അസ്ഹാബു റസൂലില്ലാഹ് സല്ലല്ലാഹു അലൈഹിവസല്ലം

റസൂലുല്ലാഹി ﷺ സത്യത്തിന്റെ പ്രബോധനം വളരെ നല്ല നിലയിൽ നിർവ്വഹിച്ചു. ശ്രദ്ധാപൂർവ്വം ശ്രവിച്ചവരുടെയെല്ലാം മനസ്സുകളിൽ അത് ആഴ്ന്നിറങ്ങി. അവരുടെ ഈമാനും തൗഹീദും വേരുകൾ ഉറച്ച് വളർന്നു. റസുലുല്ലാഹി ﷺ യുടെ സൽസ്വഭാവവും സ്നേഹാനുകമ്പയും നിറഞ്ഞ ശൈലി, തങ്ങളെ കണ്ടവരിലും കേട്ടവരിലും പ്രതിഫലനം സൃഷ്ടിക്കുകമാത്രമല്ല, തങ്ങൾ പറയുന്നതെല്ലാം ഹൃദയംഗമായി സ്വീകരിക്കുന്നവരും തങ്ങൾക്കുവേണ്ടി ജീവാർപ്പണം നടത്താൻ സന്നദ്ധരുമാക്കി. ഇത് അംഗുലീപരിമിതമായ ഏതാനും ആളുകളുടെ കാര്യമല്ല, തങ്ങളെ കാണുകയും കേൾക്കുകയും അറിയുകയും ചെയ്ത സ്വമനസ്സുകളുടെയെല്ലാം അവസ്ഥയായിരുന്നു. ഇപ്രകാരം, റസൂലുല്ലാഹി ﷺ യുടെ 23 വർഷത്തെ പ്രബോധനജീവിതത്തിലൂടെ ചരിത്രത്തിൽ തുല്യതയില്ലാത്ത സത്യവിശ്വാസികളുടെ ഒരു സംഘം സജ്ജരായി. റസൂലുല്ലാഹി ﷺ യുടെ വിയോഗാനന്തരം തങ്ങളുടെ പരിപൂർണ്ണ പ്രാതിനിത്യം നിർവ്വഹിച്ചത് ഈ സംഘമായിരുന്നു. റസുലുല്ലാഹി ﷺ യുടെ പ്രവർത്തനത്തെ തികഞ്ഞ വിശ്വസ്തതയോടെ അവർ മുന്നോട്ടുനീക്കി. ഇവർക്ക് സ്വഹാബത്തുൽ കിറാം എന്ന് പറയപ്പെടുന്നു.

13 വർഷങ്ങളുണ്ടായിരുന്ന റസൂലുല്ലാഹി ﷺ യുടെ മക്കീ കാലഘട്ടത്തിൽ ഇവരുടെയെണ്ണം കുറവായിരുന്നു. ഇവരിൽ അധികം പേരും ഖുറൈശിലെ വ്യത്യസ്ഥ കുടുംബങ്ങളിലെ ഒറ്റപ്പെട്ടവരായിരുന്നു. കഠിന ഹൃദയരായ അവരുടെ കുടുംബക്കാരും അവരെ വളരെയധികം പീഡിപ്പിച്ചിരുന്നു. പക്ഷെ അവർ സത്യവിശ്വാസത്തിൽ അതിശക്തമായി ഉറച്ചുനിന്നു. അവർക്ക് വലുത് അല്ലാഹുവിന്റെ പൊരുത്തവും പ്രവാചക

സ്നേഹവും പരലോകവിശ്വാസവുമായിരുന്നു. അവരിലെ സമ്പന്നൻ, ദരിദ്രൻ, ശക്തൻ, ബലഹീനൻ, സ്ത്രീ, പുരുഷൻ എല്ലാവരുടെയും അവസ്ഥ ഇതുതന്നെയായിരുന്നു.

അവരുടെ വിശ്വാസത്തിന്റെ അടിയുറപ്പും വളർച്ചയും പ്രധാനമായും രണ്ട് കാരണങ്ങൾ കൊണ്ടാണ് നടന്നിരുന്നത്. ഒന്ന്: അല്ലാഹുവിന്റെ ഗ്രന്ഥമായ പരിശുദ്ധ ഖുർആൻ. അതിന്റെ അമാനുഷിക വചനങ്ങൾ അവരുടെ മനസ്സിന്റെ ലോകം തന്നെ മാറ്റി മറിച്ചു. രണ്ട്: റസൂലുല്ലാഹി ﷺ യുടെ അനുഗ്രഹീത സഹവാസം. പരിശുദ്ധ ഖുർആൻ ശ്രവിച്ച് ധാരാളം പേർ സത്യവിശ്വാസം സ്വീകരിച്ചപ്പോൾ, റസൂലുല്ലാഹി ﷺ യുടെ സമുന്നത സ്വഭാവം കണ്ടും സംസാരം ശ്രവിച്ചും ധാരാളം ആളുകൾ ഇസ്ലാം ആശ്ലേഷിച്ചു. ഈ വിഷയത്തിൽ ധാരാളം സംഭവങ്ങളുണ്ട്. ഉദാഹരണത്തിന് സുമാമതുബ്നു ഉസാലിന്റെ സംഭവം. റസൂലുല്ലാഹി ﷺ യോടും ഇസ്ലാമിനോടും കഠിന വിരോധം പുലർത്തിയിരുന്ന അദ്ദേഹം മദീനയിലെത്തി. റസൂലുല്ലാഹി ﷺ യെ കണ്ട് അറിഞ്ഞ അദ്ദേഹം പറഞ്ഞു. അല്ലാഹുവിൽ സത്യം, ഈ ലോകത്ത് ഏറ്റവും കൂടുതൽ ഞാൻ വെറുത്തിരുന്നത് താങ്കളെയായിരുന്നു. എന്നാൽ ഇപ്പോൾ ലോകത്ത് ഏറ്റവും കൂടുതൽ ഞാൻ സ്നേഹിക്കുന്നത് താങ്കളെയാകുന്നു. (മുസ്ലിം)

റസൂലുല്ലാഹി ﷺ യെ കണ്ട് മനസ്സിലാക്കി തങ്ങളോടൊപ്പം സഹവസിച്ചവരെ റസൂലുല്ലാഹി ﷺ സ്നേഹത്തോടെ സൂക്ഷ്മമായി ശിക്ഷണം നടത്തി, ഇത് അവരിലും സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും ഗുണങ്ങൾ പകരുകയും ഉന്നതമൂല്യങ്ങൾ പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും സർവ്വാത്മനാ തയ്യാറാകുകയും ചെയ്തു. എന്ത് ത്യാഗം സഹിച്ചും അവരുടെ ആഗ്രഹം കൈവെടിയാനും റസൂലുല്ലാഹി ﷺ യുടെ താൽപര്യത്തിന് മുൻഗണന നൽകാനും സന്നദ്ധരായി.

ഹുദൈബിയാ സന്ധിയുടെ സന്ദർഭത്തിൽ, നിഷേധികൾ അക്രമപരമായ നിബന്ധനകൾ വെച്ചപ്പോൾ റസൂലുല്ലാഹി ﷺ യുടെ ഇഷ്ടത്തിന് മുന്നിൽ അവർ തലകുനിച്ചത്, ബദർയുദ്ധ സന്ദർഭത്തിൽ മൂന്ന് ആഴ്ചകളിൽ കൂടുതൽ കടുത്ത പട്ടിണിയിലും കൊടും തണുപ്പിലും അടിയുറച്ച് നിന്നത്, ഉഹദ്യുദ്ധ സന്ദർഭത്തിൽ ശത്രുക്കൾ അഴിഞ്ഞാടിയപ്പോൾ സഹാബത് ജീവാർപ്പണം നടത്തിയത് എന്നിങ്ങനെ ഇതുമായി ബന്ധപ്പെട്ട സംഭവങ്ങൾ ധാരാളമാണ്. റസൂലുല്ലാഹി ﷺ യിലേക്ക് പാഞ്ഞ് വന്നുകൊണ്ടിരുന്ന അസ്ത്രങ്ങളെ തൽഹാ ﷺ സ്വന്തം കൈകൾകൊണ്ട് തടഞ്ഞു. അവസാനം ഒരുകൈ തളർന്നുവീണു. (ഹികായതുസ്സഹാബാ). റസൂലുല്ലാഹി ﷺ യുടെ ശിരസ്സിൽ തറച്ച വളയങ്ങൾ പല്ലുകൊണ്ട് വലിച്ചെടുത്ത അബൂഉബൈദാ ﷺ വിന്റെ രണ്ട് പല്ലുകൾ താഴെ വീണു. അ

ബുദുജാനാ ﷺ പരിച പോലെ നിന്ന് അസ്ത്രങ്ങൾ മുതുകുകൊണ്ട് തടഞ്ഞു. ഉഹദ് യുദ്ധത്തിനുശേഷം മുസ്ലിംകൾ മദീനയിലെത്തിയപ്പോൾ ബനൂദീനാർ കുടുംബത്തിൽ പെട്ട ഒരു സ്ത്രീ മുന്നോട്ട് വന്ന് റസൂലുല്ലാഹി ﷺ യെ അന്വേഷിച്ചു. അവരുടെ പിതാവും ഭർത്താവും സഹോദരനും ഈ യുദ്ധത്തിൽ കൊല്ലപ്പെട്ടിരുന്നു. ഇതിനെക്കുറിച്ച് അവരോട് പറയപ്പെട്ടപ്പോൾ, റസൂലുല്ലാഹി ﷺ യുടെ അവസ്ഥയെന്താണെന്ന് മാത്രമായിരുന്നു അവരുടെ പ്രതികരണം. അവസാനം റസൂലുല്ലാഹി ﷺ യുടെ തിരുവദനം ദർശിച്ചപ്പോൾ ആ മഹിള പ്രസ്താവിച്ചു: അങ്ങുള്ളപ്പോൾ എല്ലാ നഷ്ടങ്ങളും നിസ്സാരമാണ്. (ഇബ്നു ഹിഷാം)

ഖുറൈശ് നിഷേധികൾ സൈയ്ദുബ്നു ദസ്ന ﷺ വിനെ തൂക്കിലേറ്റാൻ ഹറമിനുവെളിയിൽ കൊണ്ടുവന്നപ്പോൾ അബൂസുഫ്യാൻ ചോദിച്ചു: സൈദേ, അല്ലാഹുവിൽ സത്യമായി ഞാൻ നിന്നോട് പറയുന്നു: നിനക്ക് പകരമായി മുഹമ്മദിന്റെ കഴുത്ത് മുറിച്ചെടുക്കുന്നത് നിനക്കിഷ്ടമാണോ? അങ്ങനെയാണെങ്കിൽ നിന്നെ വിട്ടേക്കാം. നിന്റെ ഭാര്യാമക്കളോടൊപ്പം നിനക്ക് സന്തോഷത്തോടുകൂടി കഴിയുകയും ചെയ്യാം. സൈദ് ﷺ അതിനു മറുപടിയായി പറഞ്ഞു: അല്ലാഹുവിൽ സത്യമായി ഞങ്ങൾ ഞങ്ങളുടെ വീടുകളിൽ സുഖമായി കഴിയുകയും നബി ﷺ ഇരിക്കുന്ന സ്ഥലത്ത് വെച്ച് തങ്ങളുടെ കാലിൽ ഒരു മുള്ള് തറയ്ക്കുകയും ചെയ്യുന്നതുപോലും ഞങ്ങൾ ഒരിക്കലും ഇഷ്ടപ്പെടുന്നതല്ല. അദ്ദേഹത്തിന്റെ ഈ മറുപടി കേട്ട് ഖുറൈശികൾ ആകമാനം ആശ്ചര്യപ്പെട്ടുപോയി.

വളരെക്കുറഞ്ഞ നേരത്തേക്കെങ്കിലും സത്യവിശ്വാസത്തോടെ റസൂലുല്ലാഹി ﷺ യുമായി സഹവസിക്കുന്നവരിലെല്ലാം ഈ മഹത്ഗുണങ്ങൾ കാണപ്പെട്ടിരുന്നു. എന്നാൽ, സത്യവിശ്വാസമില്ലാതെ സഹവസിച്ച കപടവിശ്വാസികളിൽ ഇവകളൊന്നും കാണപ്പെട്ടതുമില്ല. എന്നാൽ റസൂലുല്ലാഹി ﷺ അവരോടും മാപ്പും വിട്ടുവീഴ്ചയും പുലർത്തിയിരുന്നു.

ചുരുക്കത്തിൽ റസൂലുല്ലാഹി ﷺ യിലൂടെ സത്യവിശ്വാസവും പ്രവാചകപ്രേമവും പരലോക ചിന്തയും സൽപ്രവർത്തനങ്ങളും നേടിയെടുത്ത സഹാബത്തിന്റെ സംഘം നിലവിൽ വന്നു. പതുക്കെ പതുക്കെ അവരുടെ എണ്ണം വർദ്ധിച്ചു. അവരെപ്പോലെ മഹൽഗുണങ്ങൾ സമ്മേളിച്ച ഒരു സംഘത്തെ മാനവ ചരിത്രത്തിൽ മറ്റെവിടെയും കാണാൻ കഴിയില്ല.

യഥാർത്ഥത്തിൽ ഇത് അല്ലാഹുവിന്റെ ഭാഗത്ത് നിന്നുള്ള ഒരു സജ്ജീകരണം തന്നെയായിരുന്നു. അതെ, റസൂലുല്ലാഹി ﷺ യെ അല്ലാഹു അവസാനത്തെ നബിയാക്കി. തങ്ങൾക്ക് ശേഷം പുതിയ ഒരു നബി

വരേണ്ടതില്ല. ഇത്തരുണത്തിൽ തങ്ങളുടെ സഹവാസം കരസ്ഥമാക്കിയവരുടെ സംഘത്തെ ഇത്തരം ഉന്നത ഗുണങ്ങളുള്ളവരാക്കി. അവർ, പ്രവാചകന്റെ ശരിയായ പ്രാതിനിത്യം നിർവ്വഹിച്ചുകൊണ്ട് ഈ മഹൽ ഗുണങ്ങൾ ലോകമാകെ പ്രചരിപ്പിച്ചു. അവരോരുത്തരും സന്മാർഗ്ഗത്തിന്റെ നക്ഷത്രങ്ങളായിരുന്നു. അവരെ അനുകരിച്ചുകൊണ്ട് മാനവരാശി സന്മാർഗ്ഗം പ്രാപിച്ചവരായി.

ഇവരിൽ റസൂലുല്ലാഹി ﷺ യുമായി ഏറ്റവും കൂടുതൽ അടുത്തവർ, അതിനനുസരിച്ച് ഉന്നതസ്ഥാനം കരസ്ഥമാക്കി. അതിൽ ഒന്നാമൻ അബൂബകറുസ്സ്വിദ്ദീഖ് ؓ ആണ്. തങ്ങളെക്കാൾ രണ്ടര വയസ്സുമാത്രം പ്രായം കുറഞ്ഞ സിദ്ദീഖ് ؓ ചെറുപ്പം മുതൽക്കെ റസൂലുല്ലാഹി ﷺ യുടെ സുഹൃത്തായിരുന്നു. പ്രവാചകത്വ ലബ്ധിക്ക് ശേഷം നിരന്തരമായി സഹവസിക്കുകയും സഹകരിക്കുകയും ചെയ്ത അദ്ദേഹം റസൂലുല്ലാഹി ﷺ യുടെ വിയോഗാനന്തരം പ്രഥമ ഖലീഫയായി. നിർണ്ണായക ഘട്ടത്തിൽ അദ്ദേഹം ദീനിനെ ശക്തിയായി നിലനിർത്തുകയും മുന്നോട്ട് നയിക്കുകയും ചെയ്തു. തുടർന്ന് ഇതേ ക്രമത്തിൽ മൂന്ന് ഖലീഫമാർ വന്നു. റസൂലുല്ലാഹി ﷺ യുടെ സത്യസന്ധരായ ഉത്തരാധികാരികളും സച്ചരിതഖലീഫമാരുമായിരുന്നു അവർ. റസൂലുല്ലാഹി ﷺ വഹ്യിലൂടെ പഠിപ്പിച്ച സമുന്നതമായ ജീവിത പദ്ധതിക്ക് അനുസൃതമായി ഇവർ മുപ്പത് വർഷം ഭരണം നടത്തി. തുടർന്ന് ഈ ഭരണം ക്രമാനുക്രമമായി അടുത്ത തലമുറയ്ക്ക് കൈമാറി.

റസൂലുല്ലാഹി ﷺയുടെ 23 വർഷത്തെ പ്രബോധന കാലഘട്ടത്തിൽ സഹാബത്തിന് ഉത്തമ ശിക്ഷണങ്ങൾ നൽകി. തുടർന്നുള്ള 30 വർഷങ്ങളിൽ തങ്ങളുടെ അനുഗ്രഹീത അദ്ധ്യാപനങ്ങളെ അതേപടി പകർത്തിക്കൊണ്ട് സച്ചരിതരായ ഖലീഫമാരുടെ ഭരണം നിലകൊണ്ടു. ഇതിലൂടെ ലോകത്തിന് ഇസ്‌ലാമിന്റെ പാത പകൽവെളിച്ചംപോലെ വ്യക്തമായി. ഇനി, ഈ ദീനിൽ യാതൊരുവിധ കൂട്ടിക്കുറയ്ക്കലുകളുടെയും ആവശ്യമില്ല. അന്ത്യനാൾ വരേക്കുമുള്ള മനുഷ്യർക്കെല്ലാം വിജയ-മോക്ഷങ്ങൾക്കാവശ്യമായ കാര്യങ്ങൾ ഇതിലടങ്ങിയിരിക്കുന്നു. ഇത് സർവ്വലോകപരിപാലകനായ അല്ലാഹുവിങ്കൽ നിന്നും അവതീർണ്ണമായ ദർശനമാണ്. മനുഷ്യന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും ആദ്യാവസാനം അറിയുന്നവനായ അല്ലാഹു ഇതിനെ സമ്പൂർണ്ണവ്യവസ്ഥിതിയായി തൃപ്തിപ്പെട്ട് തരികയും ഇതിനെ സംരക്ഷിക്കുന്നതാണെന്ന് വാഗ്ദാനം നൽകുകയും ചെയ്തിരിക്കുന്നു; (മാഇദ: 3) (ഹിജ്ർ: 9)

ചുരുക്കത്തിൽ റസൂലുല്ലാഹി ﷺ യുമായി സഹവസിക്കാൻ സൗഭാഗ്യം സിദ്ദിച്ച സഹാബത്ത് ഒരു മാതൃകാസമൂഹമായിരുന്നു. അവർ റ

സൂലുല്ലാഹി ﷺ യുടെ ആഗ്രഹവും ചിന്തയും വാക്കും പ്രവർത്തനവും നന്നായി മനസ്സിലാക്കി. അവരുടെ ആഗ്രഹാഭിലാഷങ്ങളെയും താൽപ ര്യങ്ങളെയും ഊരിയെറിഞ്ഞ് തൽസ്ഥാനത്ത് പ്രവാചക ചര്യയെ സ്ഥാ പിച്ചു. അവർ റസൂലുല്ലാഹി ﷺ യുടെ കണ്ണാടിയായി മാറി. റസൂലുല്ലാഹി ﷺ യുടെ ഇഷ്ടത്തിന് വിരുദ്ധമായ ഒരു കാര്യം അവരിൽ നിന്നുമുണ്ടാകാ ത്തവിധം അവർ സംസ്കാരസമ്പന്നരായി. ആയിരങ്ങൾ അടങ്ങിയ ഈ അനുഗ്രഹീത സംഘത്തിന് സഹാബത്ത് എന്ന് പറയപ്പെടുന്നു.

സഹാബത്തിന്റെ മഹത്വം നിഷ്പക്ഷരായ അമുസ്ലിം പണ്ഡിതരും സമ്മതിച്ച ഒരു വസ്തുതയാണ്. അമേരിക്കൻ രഹസ്യാന്വേഷണവിഭാ ഗം മേധാവിയും, വ്യത്യസ്ത ഭരണകാര്യങ്ങളിൽ സേവനമനുഷ്ഠിക്കു കയും ചെയ്ത പ്രസിദ്ധ ഗ്രന്ഥകാരൻ ജനറൽ റീചാർഡ് അടുത്തിടെ ഒ രു പഠനം പ്രസിദ്ധീകരിച്ചു; റസൂലുല്ലാഹി ﷺ എല്ലാ നിലയ്ക്കും അസാ ധാരണ സമ്പൂർണ്ണ വ്യക്തിത്വമാണെന്ന് അതിലദ്ദേഹം തുറന്ന് സമ്മതി ച്ചു. റസൂലുല്ലാഹി ﷺ യുടെ സൈനിക - നേതൃത്വപരവും ശിക്ഷണാ ത്മകവുമായ ശേഷിയെ പ്രത്യേകം പ്രശംസിച്ചുകൊണ്ട് അദ്ദേഹം എഴു തി; മുഹമ്മദ് സമർത്ഥനായ ഒരു നേതാവാണ്. തങ്ങളെ അംഗീകരി ക്കുന്ന മാതൃകാപരമായ ഒരു സമൂഹത്തെ അദ്ദേഹം സജ്ജമാക്കി. അ വർ ബൈസന്റീനിയൻ-പേർഷ്യൻ ഭരണകൂടങ്ങളെ ജയിച്ചടക്കി. മുഹ മ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് സമ്പൂർണ്ണമായി അടിയുറച്ച് അവർ വിശ്വസിച്ചിരുന്നു. പ്രവാചകന്റെ ഓരോ വാക്കുകളും അവർ പാലിച്ചിരു ന്നു. ഇസ്ലാമിന്റെ തത്വസംഹിതകളെ സംരക്ഷിക്കാൻ ഏത് ത്യാഗത്തി നും അവർ സന്നദ്ധരായിരുന്നു.

റിച്ചാർഡ് തുടർന്ന് എഴുതുന്നു; മുഹമ്മദ് തയ്യാറാക്കിയ സംഘം,. മൂല്യങ്ങളിൽ ഉറച്ച് നിൽക്കുന്ന ആളുകളായിരുന്നു. തങ്ങളുടെ സന്ദേശ ങ്ങൾ പ്രചരിപ്പിക്കാനും ലക്ഷ്യം കരസ്ഥമാക്കാനും എന്ത് ത്യാഗത്തി നും അവർ സന്നദ്ധരായിരുന്നു. ക്രമീകൃതരും ത്യാഗസമ്പന്നരും നായ കനോടും അദ്ദേഹം പഠിപ്പിച്ച ജീവിത ദർശനങ്ങളോടും ശക്തമായ കൂ റുള്ളവരുമായ ഈ സംഘം ഇല്ലായിരുന്നുവെങ്കിൽ മുഹമ്മദിന്റെ വിയോ ഗത്തോടെ ഇസ്ലാമും ഇല്ലാതാകുമായിരുന്നു. മുഹമ്മദിന്റെ വിയോഗാ നന്തരം മതപരിത്യാഗത്തിന്റെ വെല്ലുവിളി നിയന്ത്രണവിധേയമാക്കിയ തും പരിത്യാഗം നടത്തിയവരെ മടക്കിക്കൊണ്ട് വന്ന് ഇസ്ലാമിൽ ഉറ പ്പിച്ച് നിർത്തിയതും മുഹമ്മദിന്റെ ശിക്ഷണത്തിനും നേതൃത്വപാടവത്തി നും സുവ്യക്തമായ രേഖകളാണ്.

റിച്ചാർഡ് വീണ്ടും എഴുതി: തങ്ങൾ ഭൂമുഖം മുഴുവൻ അല്ലാഹുവി ന്റെ സന്ദേശം നടപ്പിലാക്കേണ്ടവരാണ് എന്ന വിചാരം തന്റെ മുഴുവൻ

സഖാക്കളിലും മുഹമ്മദ് ശക്തമായി ഉറപ്പിച്ചിരുന്നു. ഞങ്ങൾ ലോകത്തേക്കുള്ളവരാണെന്ന വിശ്വാസം പുലർത്തിക്കൊണ്ടുള്ള അവരുടെ നീക്കം ലോകത്ത് തന്നെ ആദ്യത്തെ സംഭവമാണ്. മുഹമ്മദ് തയ്യാറാക്കിയ സംഘത്തിന്റെ അടിസ്ഥാനം കുടുംബമോ സാമുദായികമോ പ്രാദേശികമോ വർണ്ണ-വർഗ്ഗ-ദേശീയതകളോ ആയിരുന്നില്ല. അതെ, ഇസ്‌ലാം ഒന്ന് മാത്രമായിരുന്നു. (ഉദ്ധരണി: അൽമുജ്തമഅ്, കുവൈത്, 5/4/2008)

ഉന്നത ചരിത്രകാരൻ അല്ലാമാ സയ്യിദ് സുലൈമാൻ നദ്‌വി എഴുതുന്നു; ഇസ്‌ലാമിന്റെ അദ്ധ്യാപകൻ മുഹമ്മദുർറസൂലുല്ലാഹി ﷺ ജനങ്ങൾക്ക് ഖുർആനും സുന്നത്തും പഠിപ്പിക്കുക മാത്രമല്ല ചെയ്തത്, പ്രസ്തുത സമുന്നത സഹവാസത്തിലൂടെ അവരെ സംസ്കരിച്ച് ശുദ്ധീകരിക്കുകയും ചെയ്തു. അതെ, റസൂലുല്ലാഹി ﷺ ന്യൂനത നിറഞ്ഞവരെ സമ്പൂർണ്ണരും പാപികളെ പരിശുദ്ധരും അന്ധരെ കാഴ്ചക്കാരനും, ഹൃദയം ഇരുണ്ടവരെ ഹൃദയം പ്രകാശിക്കുന്നവരുമാക്കി. റസൂലുല്ലാഹി ﷺ യുടെ ഇഹലോകവാസം അവസാനിച്ചപ്പോൾ കുറഞ്ഞത് ലക്ഷത്തിലേറെ അനുചരൻമാർ ഈ അദ്ധ്യാപനം അനുഭവിച്ചുകഴിഞ്ഞിരുന്നു. സ്വഭാവപരമായി അധഃപതനത്തിന്റെ ആഴക്കടലിൽ ആണ്ടിരുന്ന ജനങ്ങളെ, 23 വർഷത്തെ അദ്ധ്യാപനത്തിലൂടെ ഉത്തമസ്വഭാവത്തിന്റെ ഉന്നതങ്ങളിലെത്തിച്ചു.

റസൂലുല്ലാഹി ﷺ യുടെ അദ്ധ്യാപനത്തിന്റെ ഈ പരിവർത്തന ശക്തിയോടൊപ്പം മറ്റൊരു കാര്യംകൂടി മനസ്സിലാക്കേണ്ടതുണ്ട്. സംസ്കാര-സൽസ്വഭാവങ്ങളുടെ ഇതര അദ്ധ്യാപകരന്മാർ ഒരു വിഷയത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നതായി കാണാം. ചിലപ്പോൾ കാലം അത് തേടുന്നുമുണ്ടായിരിക്കാം. മൂസാ നബി ﵇ യുടെ ശിക്ഷണകേന്ദ്രത്തിൽ സൈനികപരിശീലനം മാത്രമായിരുന്നു. ഈസാ നബി ﵇ യുടെ പാഠശാലയിൽ മാപ്പല്ലാതെ മറ്റൊരു പാഠവും ഇല്ലായിരുന്നു. ശ്രീ ബുദ്ധന്റെ പർണ്ണശാലയിൽ യാചകരായ ദരിദ്രരല്ലാത്ത മറ്റാരുമില്ലായിരുന്നു. എന്നാൽ മുഹമ്മദുർറസൂലുല്ലാഹി ﷺ യുടെ സമുന്നതവിദ്യാകേന്ദ്രത്തിൽ പോയി നോക്കുക, ഇതൊരു സമ്പൂർണ്ണ സർവ്വകലാശാലയാണ്. മനുഷ്യരാശിക്ക് ആവശ്യമായ സർവ്വശക്തിയും ഇവിടെ വളരുന്നുണ്ട്. അദ്ധ്യാപകൻ തന്നെ ഒരു സർവ്വവിജ്ഞാനകോശമാണ്. എല്ലാവിഭാഗം വിജ്ഞാന ശാഖകളും ഇവിടെ യഥാസ്ഥാനങ്ങളിൽ കണ്ടെത്താൻ കഴിയും വ്യത്യസ്ഥ അഭിരുചിക്കാരായ പലവിഭാഗം വിദ്യാർത്ഥികൾ ഇവിടെ വരുകയും അവരവരുടെ യോഗ്യതയ്ക്കനുസരിച്ച് സമ്പൂർണ്ണത സമ്പാദിക്കുകയും ചെയ്യുന്നു.

ഒരു മനുഷ്യൻ, ഒരു പിതാവ്, ഒരു ഭർത്താവ്, ഒരു സുഹൃത്ത്, ഒരു

ഗൃഹനാഥൻ, ഒരു വ്യാപാരി, ഓഫീസർ, അധികാരി, ന്യായാധിപൻ, പടനായകൻ, രാജാവ്, അദ്ധ്യാപകൻ, ഉപദേശകൻ, ഗുരുവര്യൻ, ഭക്തൻ എന്നീ മേഘലകളിൽ പ്രകാശിക്കുന്ന റസൂലുല്ലാഹി ﷺ അവസാനം ഒരു പ്രവാചകനായി മിന്നിത്തിളങ്ങുന്നു. മാനവകുലത്തിലെ സർവ്വവിഭാഗങ്ങളും തിരുസദസ്സിൽ ശിക്ഷണശീലനങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

മദീനത്തുന്നബിയിലെ മസ്ജിദുന്നബവീ എന്ന പേരിലുള്ള പാഠശാലയിലേക്ക് ശ്രദ്ധിച്ചുനോക്കുക. മണ്ണിന്റെ വിരി! ഈന്തപ്പനയുടെ തൂണുകൾ! ഇലകൾകൊണ്ടുള്ള മേൽക്കൂര! ഇതിന്റെ വിവിധ മൂലകളിൽ വ്യത്യസ്ഥ സംഘങ്ങളുടെ പാഠങ്ങൾ നടക്കുന്നു. ഒരിടത്ത് അബൂബകർ-ഉമർ-ഉസ്മാൻ- അലിയ്യ് ‎ﷺ മുതലായ നേതാക്കളുടെ സംഘം. മറ്റൊരിടത്ത് തൽഹ-സുബൈർ-മുആവിയ-സഅ്ദുബ്നു സഈദ്-മുആദ് മുതലായ തന്ത്രജ്ഞരുടെ കൂട്ടർ. വേറൊരിടത്ത് ഖാലിദ്-അബൂഉബൈദ-സഅ്ദുബ്നു അബീ വഖ്ഖാസ്- അംറുബ്നുൽ ആസ് മുതലായ സേനാനായകന്മാരുടെ നിര. ഇവിടുത്തെ വിദ്യാർത്ഥികളിൽ ചിലർ വിവിധ പ്രദേശങ്ങളിലെ ഭരണാധികാരികളായി. മറ്റുചിലർ വിധികർത്താക്കളും, ന്യായാധിപന്മാരുമായി മാറി. ഇതിനിടയിൽ പകൽ നോമ്പുകളിലും രാത്രി നമസ്കാരങ്ങളിലും കഴിച്ചുകൂട്ടുന്ന സാത്വികരുടെ സംഘവുമുണ്ട്. അബൂദർ-അബൂദർദാഅ്-സൽമാൻ ‎ﷺ ... തുടങ്ങിയ ത്യാഗീവര്യൻമാരും ഇടയിലുണ്ട്. കാട്ടിൽ നിന്ന് വിറക് വെട്ടി വിറ്റ് രാവും പകലും വിജ്ഞാനസമ്പാദനത്തിൽ മുഴുകുന്ന സുഫ്ഫാ വിദ്യാർത്ഥികൾ ഒരു ചെറിയ തിണ്ണയിൽ നിരന്നിരിക്കുന്നതുകാണാം. ഒരു മൂലയിൽ അലിയ്യ്-ആയിഷ-ഇബ്നു അബ്ബാസ്-ഇബ്നു മസ്ഊദ്- സൈദുബ്നുസാബിത് മുതലായ ഖുർആൻ-ഹദീസ് പണ്ഡിതരും, ഫിഖ്ഹ് നായകരും, വൈജ്ഞാനിക പഠന-ഗവേഷണ ചർച്ചകളിൽ മുഴുകിക്കഴിയുന്നു. അടിമകളും ഉടമകളും ഒരുവരിയിൽ നിൽക്കുകയും ഒരിടത്ത് ഇരിക്കുകയും ചെയ്യുന്നു. ഭൗതിക-ബാഹ്യ കാര്യങ്ങളുടെ പേരിൽ യാതൊരു വേർതിരിവുകളുമില്ല. സമത്വത്തിന്റെ നാട്ടിൽ സത്യസന്ധതയുടെ പ്രകാശിക്കുന്ന വിളക്കിനുചുറ്റും അവർ കൂട്ടംകൂടി ഇരിക്കുന്നു. തൗഹീദിന്റെ ലഹരി ബാധിക്കുകയും സത്യാന്വേഷണത്തിന്റെ ആവേശം നെഞ്ചിലേറ്റുകയും ചെയ്ത ഈ മഹാത്മാക്കളെല്ലാം സമുന്നത ഗുണങ്ങളുടെ ഒരു വിശുദ്ധ കണ്ണാടിയുടെ പ്രതിബിംബമാകാൻ കൊതിച്ചു കഴിയുകയാണ്. (സീറത്തുന്നബി 6/24,25)

## മുൻകടന്ന മഹാത്മാക്കൾ

തുടക്കത്തിൽ, സത്യവിശ്വാസം സ്വീകരിച്ചവർക്ക് ധാരാളം മർദ്ദന-പീഡനങ്ങൾ സഹിക്കേണ്ടിവന്നു. ഇതുവർഷങ്ങളോളം തുടർന്നു. ഇവ

രിൽ പലരും ഗോത്രങ്ങളിലെ ആദരണീയ വ്യക്തികളായിരുന്നു. മുൻ കാലങ്ങളിൽ നിസ്സാര ആക്ഷേപ-അധിക്ഷേപങ്ങളെ പോലും സഹിക്കാത്ത ഇവരുടെ ത്യാഗം അതുല്യമായിരുന്നു. എല്ലാ പീഡനങ്ങളും സഹിച്ചുകഴിയാനായിരുന്നു ഇവരോടുള്ള കൽപ്പന എന്നുവരെ സഹിക്കണമെന്നോ, പീഡനം എന്നെങ്കിലും അവസാനിക്കുമെന്നോ അവർക്കറിയില്ലായിരുന്നു. മനസ്സിൽ കല്ലുവെച്ച് കെട്ടിയവർക്കുമാത്രമേ ഇത്തരം ഘട്ടങ്ങളിൽ സഹിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ. ഇവരിൽ പലർക്കും പ്രതികാരം ചെയ്യാൻ ശേഷിയും അവസരവും ഉണ്ടായിരുന്നു. പക്ഷെ, അല്ലാഹുവിന്റെ കൽപന പ്രകാരം ഇവർ എല്ലാം സഹിച്ചുകഴിഞ്ഞു. തൽഫലമായി ഇവർക്ക് ഉന്നതസ്ഥാനം നൽകപ്പെട്ടു. പരിശുദ്ധ ഖുർആനിൽ ഇവരെ പ്രത്യേകം വാഴ്ത്തിപ്പറഞ്ഞു. ആദ്യമാദ്യമായി പ്രബോധനം സ്വീകരിച്ച മുഹാജിർ അൻസാറുകളെയും ആത്മാർത്ഥമായ നിലയിൽ കഴിവിന്റെ പരമാവധി അവരെ പിൻപറ്റിയവരെയും അല്ലാഹു തൃപ്തിപ്പെടുകയും അവർ അല്ലാഹുവിൽ തൃപ്തരാവുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന ആരാമങ്ങളിൽ അവർക്കുവേണ്ടി അല്ലാഹു സജ്ജീകരിച്ചിരിക്കുന്നു. അതിലവർ കാലാകാലം കഴിയുന്നതാണ്. ഇതുതന്നെയാണ് വമ്പിച്ച വിജയം. (തൗബഃ 100-) മക്കാവിജയത്തിന് മുമ്പ് ദാനധർമ്മങ്ങൾ ചെയ്തവരും പോരാടിയവരും ശേഷമുള്ളവരും സമമാകുന്നതല്ല. എന്നാൽ അല്ലാഹു എല്ലാവർക്കും നന്മ വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കാണുന്നവനാകുന്നു. (ഹദീദ് 10)

അതെ, ആദ്യമായി വിശ്വസിച്ചവർക്ക് കൂടുതൽ കടുത്ത അവസ്ഥകൾ നേരിടേണ്ടിവന്നു. റസൂലുല്ലാഹി ﷺ യോട് അവർ പരിപൂർണ്ണ അനുസരണയും ആത്മ സമർപ്പണവും പുലർത്തി. സമുന്നത ത്യാഗങ്ങൾക്ക് സന്നദ്ധരായി അവരുടെ കുടുംബക്കാർ അവരെ ബഹിഷ്കരിച്ചു. അവർ പലതരം പീഢനങ്ങൾക്ക് ഇരയായി. അവസാനം ദീനിനുവേണ്ടി നാടും വീടും സ്വത്തും സമ്പാദ്യവുമെല്ലാം ഉപേക്ഷിക്കേണ്ടി വന്നു. റസൂലുല്ലാഹി ﷺ ഇവരെ വാഴ്ത്തി പറയുകയും വിജയത്തെ കുറിച്ച് സുവാർത്ത അറിയിക്കുകയുമുണ്ടായി, വിശിഷ്യാ ഇവരിൽ പ്രഥമസ്ഥാനം കരസ്ഥമാക്കിയ പത്തുപേരെ ഒരു സദസ്സിൽ പേരുകൾ എടുത്ത് പറഞ്ഞ് സ്വർഗ്ഗാവകാശികളായി പ്രഖ്യാപിച്ചു. അബൂബക്ർ സ്വർഗ്ഗത്തിലാണ്. ഉമർ സ്വർഗ്ഗത്തിലാണ്. ഉസ്മാൻ സ്വർഗ്ഗത്തിലാണ്. അലിയ്യ് സ്വർഗ്ഗത്തിലാണ്. ത്വൽഹത്ത് സ്വർഗ്ഗത്തിലാണ്. സുബൈർ സ്വർഗ്ഗത്തിലാണ്. അബ്ദുർറഹ്മാനുബ്നു ഔഫ് സ്വർഗ്ഗത്തിലാണ്. സഅ്ദ് സ്വർഗ്ഗത്തിലാണ്. സഈദ് സ്വർഗ്ഗത്തിലാണ്. അബൂഉബൈദ സ്വർഗ്ഗത്തിലാണ്.

(തിർമിദി) ഇവർക്ക് അഷറത്തുൽ മുബഷ്ഷറ (സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട പത്ത് മഹത്തുക്കൾ) എന്ന് പറയപ്പെടുന്നു.

ഇതുകൂടാതെ ഒറ്റപ്പെട്ട നിലയിൽ മറ്റ് പല സഹാബി പുരുഷന്മാരെയും സ്ത്രീകളെയും സ്വർഗ്ഗവാസികളായി വാഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. കൂടാതെ ബദറിൽ പങ്കെടുത്തവർ, രിള്‌വാൻ ബൈഅത്ത് നടത്തിയവർ മുതലായവരെ കുറിച്ചും മഹത്വമാർന്ന വചനങ്ങൾ അരുളുകയുണ്ടായി. റസൂലുല്ലാഹി ﷺ യുടെ വചനങ്ങൾ അല്ലാഹുവിന്റെ വഹ്‌യ് പ്രകാരമാണെന്നത് വ്യക്തമാണ്. സ്വന്തമിഷ്ടപ്രകാരം തങ്ങൾ ഒന്നും മൊഴിയാറില്ല. ബോധനം നൽകപ്പെടുന്ന വഹ്‌യ് മാത്രമേ തങ്ങൾ മൊഴിയാറുള്ളൂ. (നജ്മ്: 4-5) ഇത്തരുണത്തിൽ ഈ സുവാർത്തകളെല്ലാം അല്ലാഹുവിന്റെ ഭാഗത്ത് നിന്നുമുള്ളതാണ്.

### 1. അബൂബക്കർ സിദ്ദീഖ്ؓ

റസൂലുല്ലാഹിﷺയ്ക്ക് ശേഷം ഇസ് ലാമിക സമൂഹത്തെ നയിച്ച ഒന്നാമത്തെ ഖലീഫയും റസൂലുല്ലാഹിﷺയിൽ പ്രഥമമായി വിശ്വസിച്ച സ്വഹാബിവര്യനും റസൂലുല്ലാഹി ﷺയുടെ ഏറ്റവും വിശ്വസ്തനും വലംകൈയുമായ വ്യക്തിത്വമാണ്. റസൂലുല്ലാഹിﷺ മദീനയിലേക്ക് ഹിജ്റ ചെയ്യാൻ തീരുമാനിച്ചപ്പോൾ സഹയാത്രക്ക് അബൂബക്കർؓ നെ യാണ് തിരഞ്ഞെടുത്തത്. നബവീ താല്പര്യങ്ങളും ആഗ്രഹങ്ങളും മനസ്സിലാക്കുന്നതിൽ ഏറ്റവും മുൻപന്തിയിലായിരുന്നു. റസൂലുല്ലാഹിﷺ വഫാത്തിനുമുമ്പ് സിദ്ധീഖിനെ ഇമാമായി നിശ്ചയിച്ചു. ജീവിതം മുഴുവൻ റസൂലുല്ലാഹിﷺയുടെ സഹവാസത്തിൽ കഴിഞ്ഞുകൂടി. എല്ലാ കാര്യങ്ങളിലും പങ്കാളിയായി. സഹാബികളിൽ ഒന്നാമനായി എല്ലാവരും സിദ്ദീഖ്ؓനെ ഗണിച്ചിരുന്നു.

റസൂലുല്ലാഹിﷺയുടെ വിയോഗത്തിന് ശേഷം ഉത്തരാധികാരിയായി തുടർന്ന് ഇസ്‌ലാമിന്റെ അടിയുറപ്പ് കാരണക്കാരനായി. സിദ്ദീഖ്ؓന്റെ ഒരു മകളായ ആയിശؓയെ റസൂലുല്ലാഹിﷺ ജീവിതസഖിയായി തിരഞ്ഞെടുത്തിരുന്നു. ഈ വഴിയിലൂടെ സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ആഴം റസൂലുല്ലാഹിﷺ ഒന്നുംകൂടി പ്രകടമാക്കി. ആയിശؓ വളരെ കുറഞ്ഞ പ്രായത്തിലാണ് റസൂലുല്ലാഹിﷺയുടെ ജീവിതത്തിലേക്ക് കടന്നുവന്നത്. അതുകൊണ്ട് തന്നെ വളർച്ചയുടെ പ്രധാന ഘടകങ്ങൾ റസൂലുല്ലാഹി ﷺയുടെ മേൽനോട്ടത്തിലായിരുന്നു. സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉമ്മത്തിന് കൂടുതലായി മനസിലാക്കാൻ കഴിഞ്ഞത് ആയിശാؓയിലൂടെയാണ്.

അബൂബക്കർؓന്റെ ഖിലാഫത്ത് 2 വർഷം നീണ്ടു. ഈ കാലയള

വിൽ റസൂലുല്ലാഹിﷺ യുടെ പ്രകൃതി രീതിക്കും ആഗ്രഹനിർദ്ദേശങ്ങൾ ക്കനുസൃതമായി സമൂഹത്തെ നയിക്കുകയും സാമൂഹ്യഭരണവ്യവസ്ഥി തികളെ ഉറപ്പിക്കുകയും ചെയ്തു. ഇതിലൂടെ ഇസ്ലാമിക സമൂഹം നേ രായ മാർഗ്ഗരേഖയിലൂടെ നല്ല നിലയിൽ സഞ്ചരിച്ചു. ശേഷം വിയോഗ ത്തിന്റെ അടയാളങ്ങൾ പ്രകടമാകുന്ന സന്ദർഭത്തിൽ തനിക്ക് ശേഷമു ള്ള ഉത്തരാധികാരിയായി വളരെയധികം ആലോചനകൾക്ക് ശേഷം ഉ മറുൽ ഫാറൂഖിؓനെ നിശ്ചയിച്ചു. ഈ തീരുമാനം തീർത്തും ശരിയാ യിരുന്നുവെന്ന് പിന്നീടുള്ള ചരിത്രത്തിന്റെ ജയിതയാത്രകൾ അറിയിച്ചു. യഥാർത്ഥത്തിൽ ഉമറുൽ ഫാറൂഖ് ؓ ന്റെ അതിമഹത്തായ സേവനങ്ങ ളുടെ മഹത്വവും അബൂബക്കർ സിദ്ദിഖ്ؓ ലേക്ക് തന്നെയാണ് മടങ്ങു ന്നത്.

## 2. ഉമർ ഫാറൂഖ്ؓ

അബൂബക്കർ സിദ്ദീഖ്ؓ ന് ശേഷം രണ്ടാം സ്ഥാനം ഉമർ ؓ നാ ണ്. ഇസ്ലാമിനെ ശരിയായി മനസിലാക്കുന്നതിന് മുൻപ് ഇസ് ലാമി നോട് കടുത്ത ശത്രുത പുലർത്തുകയും ഇസ്ലാമിനെ മനസിലാക്കിയ തിനു ശേഷം അതിഭയങ്കര സ്നേഹവും അടുപ്പവും ആത്മാർ ത്ഥത യും ആത്മാർപ്പണവും കാഴ്ച വെക്കുകയും ചെയ്തു. റസൂലുല്ലാ ഹിﷺയെ സഹായിക്കുന്നതിലും പരിപൂർണ്ണമായി മുഴുകി. ഇസ്ലാമിന് വേണ്ടി ശക്തിയുക്തം ശബ്ദിക്കുകയും പോരാടുകയും ചെയ്യുന്ന ഒരു ത്തമ പോരാളിയായി മാറി. അങ്ങനെ അബൂബക്കർؓന് ശേഷം ഫാറൂ ഖ്ؓവിനെ തന്നെയാണ് സ്ഥാനമെന്ന് പൊതുവിൽ അറിയപ്പെട്ടു. പി ന്നീട് സിദ്ദീഖ്ؓന് ശേഷം ഖലീഫയായി നിശ്ചയിക്കപ്പെട്ടു. പത്തുവർ ഷം ഇസ്ലാമിക സമൂഹത്തെ നയിക്കുകയും ഇസ്ലാമിക മനസ്ഥിതി പ്രചരിപ്പിക്കുകയും ചെയ്തു.

ഫാറൂഖ്ؓ ന്റെ ഒരു മകളായ ഹഫ്സؓയെ റസൂലുല്ലാഹിﷺ ഇ ണയായി തിരഞ്ഞെടുത്തിരുന്നു. ഈ നിലയിൽ ഫാറൂഖ്ؓ ന്റെ സേവ നങ്ങളോടുള്ള മതിപ്പ് റസൂലുല്ലാഹിﷺ പ്രകടിപ്പിച്ചു. ഫാറൂഖ്ؓന്റെ യു ഗത്തിൽ സമുന്നത വിജയമുന്നേറ്റങ്ങൾ ഇസ്ലാമിന് ലഭ്യമായി. അടു ക്കും ചിട്ടയുമുള്ള ഭരണക്രമം നടപ്പിൽ വന്നു. പുതിയ പ്രശ്നങ്ങൾ മു ന്നിൽ വരുമ്പോൾ റസൂലുല്ലാഹിﷺ പഠിപ്പിച്ച നിയമരീതികൾ മുന്നിൽ വെച്ചുകൊണ്ടു ഫാറൂഖ്ؓ പരിഹരിച്ചു. ഇതിലൂടെ പ്രശ്നങ്ങൾ ഒതു ങ്ങുകയും ഇസ്ലാമിക വിധിവിലക്കുകളും റസൂലുല്ലാഹിﷺയുടെ തിരു ചര്യകളും കൂടുതൽ പ്രചരിക്കാനും ശക്തി പ്രാപിക്കാനും ഇടയാവുക യും ചെയ്തു.

### 3. ഉസ്മാൻ ദുന്നൂറൈൻ ﷺ

ഇസ്‌ലാമിക സമൂഹത്തിലെ മൂന്നാമത്തെ ഖലീഫയാണ് ഉസ്മാനു ബ്നു അഫ് ഫാൻ ﷺ. സമ്പന്നനായ വ്യക്തിയായിരുന്നുവെങ്കിലും ഇസ്‌ലാം സ്വീകരിച്ചതിനുശേഷം സമ്പത്തിനെ കൂടുതലായി ഇസ്‌ലാമിക ലക്ഷ്യങ്ങളിൽ ചിലവഴിക്കാൻ തുടങ്ങി. ഇസ്‌ലാമിന്റെ അത്യുന്നതിക്കായി സർവ്വാത്മനാ പരിശ്രമിച്ചു. റസൂലുല്ലാഹി ﷺ യുടെ ഒരു മകൾ റുഖിയ്യ ﷺ യെ ആദ്യം അദ്ദേഹത്തിന് വിവാഹം കഴിച്ചുകൊടുത്തു. അവരുടെ വിയോഗത്തിന് ശേഷം മറ്റൊരു മകളായ ഉമ്മുഖുൽസും ﷺ യെ ഇണയായി നൽകി. ഈ നിലയിൽ അദ്ദേഹത്തിന് റസൂലുല്ലാഹി ﷺ തങ്ങളുമായി ഇരട്ടബന്ധം സിദ്ധിച്ചു. ഈ അടിസ്ഥാനത്തിലാണ് രണ്ട് പ്രകാശങ്ങളുടെ വക്താവ് എന്ന അപരനാമത്തിൽ അറിയപ്പെട്ടത്.

അദ്ദേഹം കുടുംബത്തിലും ഗോത്രത്തിലും നാട്ടിലും വളരെ ആദരണീയനായിരുന്നു. എന്നാൽ ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ കുടുംബക്കാർ വല്ലാതെ ഉപദ്രവിച്ചു. തൽഫലമായി മക്ക ഉപേക്ഷിച്ച് ഹബ്ശയിലേക്ക് രണ്ടു പ്രാവശ്യം പലായനം ചെയ്തു. അല്ലാഹു ഉസ്മാൻ ﷺ ന് ധാരാളം ഗുണങ്ങൾ കനിഞ്ഞരുളിയിരുന്നു. തബൂക് യുദ്ധത്തിന്റെ ചേരുവയിൽ വലിയ പങ്കുവഹിച്ചത് ഉസ്മാൻ ﷺ ആണ്. വലിയ ലജ്ജാശീലനായിരുന്നു. അതിനെ റസൂലുല്ലാഹി ﷺ വളരെ സ്നേഹത്തോടെ അനുസ്മരിക്കുകയും ചെയ്തിട്ടുണ്ട്.

ഉസ്മാൻ ﷺ ന്റെ ഖിലാഫത്ത് കാലത്ത് ഇസ്‌ലാമും ഇസ്‌ലാമിക ഭരണവും കൂടുതൽ പ്രദേശങ്ങളിലേക്ക് പ്രചരിക്കുകയും വലിയ മുന്നേറ്റങ്ങൾ കൈവരിക്കുകയും ചെയ്തു. എന്നാൽ ചില കപടൻമാർ അദ്ദേഹത്തെ കുറിച്ച് അപമര്യാദകൾ പറഞ്ഞ് പരത്തുകയും അവസാനം അവർ അദ്ദേഹത്തെ രക്തസാക്ഷിയാക്കുകയും ചെയ്തു. ഉസ്മാൻ ﷺ ന്റെ രക്തസാക്ഷിത്വത്തിലൂടെ ഇസ്‌ലാമിക ഭരണകൂടത്തിൽ വലിയ വിള്ളലുണ്ടായി. അത് ധാരാളം പ്രശ്നങ്ങൾക്ക് കാരണമായി. ഉസ്മാൻ ﷺ ന്റെ മഹത്വങ്ങൾ റസൂലുല്ലാഹി ﷺ ധാരാളം വിവരിച്ചിട്ടുണ്ട്. ഒരു ഹദീസിൽ വന്നിരിക്കുന്നു. എല്ലാ പ്രവാചകർക്കും ഒരു വിശിഷ്ട കൂട്ടാളി ഉണ്ടായിരിക്കും. എന്റെ കൂട്ടാളി ഉസ്മാൻ ബ്നു അഫ്ഫാൻ ﷺ ആണ്. (തിർമിദി)

### 4. അലിയ്യുൽ മുർതള ﷺ

ഉസ്മാൻ ﷺ ന് ശേഷം അലിയ്യുൽ മുർതള ﷺ ഖലീഫയായി. അബൂത്വാലിബിന്റെ മകനായ അലിയ്യ് ﷺ ന് പ്രവാചകത്വത്തിന് മുമ്പ് റസൂലുല്ലാഹി ﷺ ഏറ്റെടുത്ത് വളർത്തിയിരുന്നു. ഇപ്രകാരം ചെറുപ്പം മുതൽ തന്നെ അലിയ്യ് ﷺ റസൂലുല്ലാഹി ﷺ യുടെ ശിക്ഷണത്തിൽ കഴിയുക

യും ചെയ്തു. യുവത്വം പ്രാപിച്ചപ്പോൾ റസൂലുല്ലാഹി ﷺ പ്രിയങ്കരിയായ മകൾ ഫാത്വിമ ﷺ വിവാഹം കഴിച്ചുകൊടുത്തു. റസൂലുല്ലാഹി ﷺ യുടെ സന്താനപരമ്പര ഇവരിലൂടെയാണ് പ്രവഹിച്ചത്. ഹസൻ ﷺ, ഹുസൈൻ ﷺ ഇരുവരും അലി ﷺ യുടെ സന്താനങ്ങളായിരുന്നു. വീട് അടുത്തായിരുന്നതിനാൽ റസൂലുല്ലാഹി ﷺ യുടെ മക്കളെ പോലെയാണ് ഇവർ കഴിഞ്ഞത്. ഇവരോട് റസൂലുല്ലാഹി ﷺ വലിയ വാത്സല്യം പുലർത്തിയിരുന്നു.

ചെറുപ്പം മുതലേ റസൂലുല്ലാഹി ﷺ യുടെ കൂട്ടത്തിൽ കഴിഞ്ഞിരുന്നതിനാൽ അലി ﷺ ധാരാളം കാര്യങ്ങൾ മനസ്സിലാക്കുകയും ശിക്ഷണം നേടുകയും ചെയ്തു. റസൂലുല്ലാഹി ﷺ യുമായിട്ടുള്ള ഈ അടുപ്പത്തിന്റെ കാരണത്താൽ തങ്ങൾക്ക് ശേഷം അലി ﷺ ആണ് ഖലീഫയാകേണ്ടത് എന്ന് ചിലർ വിചാരിച്ചിരുന്നെങ്കിലും ഏറ്റവും കൂടുതൽ അടുപ്പവും സ്ഥാനവും ഉണ്ടായിരുന്ന അബൂബക്കർ ﷺ നേക്കാൾ ഇരുപത്തിയെട്ട് (28) വയസ്സ് ചെറുപ്പമായതിനാൽ സിദ്ദീഖ് ﷺ ന് തന്നെ മുൻഗണന ലഭിച്ചു. കൂടാതെ റസൂലുല്ലാഹി ﷺ പ്രാധാന കാര്യങ്ങൾ ആലോചിച്ചിരുന്നത് സിദ്ദീഖ് ﷺ യുമായിട്ടാണ്. രണ്ടാം ഖലീഫ ഉമർ ﷺ അലിയ്യ് ﷺ നേക്കാൾ 18 വയസ്സ് പ്രായമുള്ളവരാണ്. ഉസ്മാൻ ﷺ അലിയ്യ് ﷺ നേക്കാൾ പ്രായമുള്ളവരായിരുന്നു. അദ്ദേഹത്തിന്റെ ശഹാദത്തിന് ശേഷം അലിയ്യ് ﷺ ഖിലാഫത്ത് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

റസൂലുല്ലാഹി ﷺ യുമായി അടുത്ത് ഇടപഴകിയതിനാൽ വിജ്ഞാന തത്വങ്ങളിലും ധീരതയിലും ഇതര ദീനീഗുണങ്ങളിലും വളരെ മുൻപന്തിയിലായിരുന്നു. പോരാട്ടവേളകളിൽ ഏറ്റവും മുന്നിൽ തിളങ്ങിയിരുന്നു. എപ്പോഴും അസാധാരണ ധീരത പ്രകടിപ്പിക്കുകയും ചെയ്തു. ഉസ്മാൻ ﷺ ന് ശേഷം സമുഹത്തിൽ വലിയ പ്രശ്നം ഉടലെടുത്തതിനാൽ അലി ﷺ ന് അതിനെ വളരെ ത്യാഗത്തോടെ നേരിടേണ്ടി വന്നു. അവസാനം അദ്ദേഹത്തിന്റെ ആദ്യകൂട്ടാളിയും പിന്നീട് കഠിനശത്രുവുമായിരുന്ന ഒരു കപടനിലൂടെ ശഹാദത്ത് വരിക്കുകയും ചെയ്തു.

### 5. അബ്ദുർറഹ്മാനുബ്നുഔഫ് ﷺ

അബ്ദുർ റഹ്മാനുബ്നു ഔഫ് ﷺ ആദ്യകാല വിശ്വാസികളിൽപ്പെട്ടവരാണ്. വളരെ സമർത്ഥനായ വ്യാപാരിയായിരുന്നു. അത് കൊണ്ടുതന്നെ വളരെ സമ്പന്നനുമായിരുന്നു. എന്നാൽ തന്റെ സമ്പത്തിനെ ഇസ്ലാമിനെ ശക്തിപ്പെടുത്തുന്നതിനായി ചിലവഴിച്ചു. സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട വ്യക്തിത്വമാണ്. സ്വഹാബാക്കളിൽ വലിയ സ്ഥാനീയനായിരുന്നു. ഹബ്ശയിലേക്ക് ആദ്യം ഹിജ്റ ചെയ്തു. ബദ്റ്, ഉഹ്ദ് തുടങ്ങിയ പോരാട്ടങ്ങളിൽ പങ്കെടുത്തു. ഖൻതക് യുദ്ധസ

മയത്ത് റസൂലുല്ലാഹിﷺ ഒരു നമസ്കാരം അബ്ദുർറഹ്മാനുബ്നുഔഫ്ﷺന്റെ പിന്നിൽ നിന്ന് നമസ്ക്കരിക്കുകയുണ്ടായി. ഹിജ്റ 32 ൽ ഈ ലോകത്തോട് വിട പറഞ്ഞു.

### 6. ത്വൽഹ

ത്വൽഹത്തിബ്നു ഉബൈദില്ലാഹ് പ്രധാന സ്വഹാബിയാണ്. റസൂലുല്ലാഹിﷺയോടൊപ്പം പോരാട്ടങ്ങളിൽ താൽപര്യത്തോടെ പങ്കെടുത്തു. റസൂലുല്ലാഹിﷺ ഇദ്ദേഹത്തിനും അബൂഅയ്യൂബ് ന്റെ ഇടയിലും സാഹോദര്യബന്ധം സ്ഥാപിച്ചിരുന്നു. ഉഹ്ദ് യുദ്ധത്തിൽ ശത്രുക്കൾ മുന്നിടുന്നത് കണ്ട് ഇദ്ദേഹം അതിശക്തമായി നേരിട്ടു. ധാരാളം വെട്ടുകൾ ഏൽക്കുകയുണ്ടായി. റസൂലുല്ലാഹിﷺ യോട് പുലർത്തിയിരുന്ന അടുപ്പത്തി ന്റെയും ത്യാഗത്തിന്റെയും കാരണത്താൽ സ്വർഗ്ഗം കൊണ്ട് സന്തോഷ വാർത്ത അറിയിക്കപ്പെട്ടു. ഹിജ്റ 36 ൽ രക്തസാക്ഷിയായി ഈ ലോകത്തോട് വിട പറഞ്ഞു.

### 7. സുബൈർ

പ്രമുഖ സഹാബികളിൽ പെട്ട സു ബൈറിബ്നുൽ അവ്വാം റസൂലുല്ലാഹി ﷺയുടെ ധീരത നിറഞ്ഞ പിതൃസഹോദരി സഫിയ്യ ബിൻത് അബ്ദുൽ മുത്തലിബിന്റെ മകനായിരുന്നു. അബൂബക്കറി ന്റെ മകൾ അസ്മാഅ് ഇദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ അബ്ദുല്ലാഹിബ്നു സുബൈർ പ്രധാന സ്വഹാബിയാണ്. ഹിജ്റ 36 ൽ രക്തസാക്ഷിത്വം വരിച്ചു. റസൂലുല്ലാഹിﷺ ഇദ്ദേഹത്തെ അടുത്ത സഹായിയായി വർണ്ണിച്ചിട്ടുണ്ട്. സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട പത്ത് പേരിൽ ഒരാളുമാണ്.

### 8. അബൂഉബൈദ

അബൂഉബൈദവിന്റെ നാമം ആമിറുബ്നു അബ്ദില്ലാഹി അൽ ജർറാഹ് എന്നാണ്. അബൂബകർവിന്റെ പരിശ്രമങ്ങളിലൂടെ ഇസ്ലാം സ്വീകരിച്ചു. എല്ലാ പോരാട്ടങ്ങളിലും താൽപര്യത്തോടെ പങ്കെടുത്തു. സിറിയയുടെ വലിയൊരു ഭാഗം ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ഇസ്ലാമിക ഭരണത്തിന്റെ കീഴിലായത്. അവിടെ ഗവർണറായി തുടർന്ന് ഹിജ്റ 18 ൽ ഈ ലോകത്തോട് വിട പറഞ്ഞു. സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട മഹത്തുക്കളിൽ ഒരു വ്യക്തിയാണ്.

### 9. സഅ്ദുബ്നു അബീവഖാസ്

റസൂലുല്ലാഹിﷺയുടെ കുടുംബവുമായി ബന്ധപ്പെട്ടവരായിരുന്നു റസൂലുല്ലാഹി ﷺ പ്രത്യേകം പരിഗണിച്ചിരുന്നു. രഹസ്യപോരാട്ടത്തിൽ

നേതൃത്വപരമായ പങ്ക് വഹിച്ചു. സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട മഹാത്മാവാണ്.

### 10. സഈദുബ്നു സൈദ്ﷺ

സമുന്നത സ്വഹാബിയാണ്. ആദ്യമായി ഇസ്‌ലാമിൽ പ്രവേശിച്ച മഹത്തുക്കളിൽപ്പെട്ടവരാണ്. ഉമർﷺ ന്റെ സഹോദരീ ഭർത്താവായിരുന്നു. ഇദ്ദേഹത്തിന്റെയും ഭാര്യയുടെയും ഖുർആൻ പാരായണത്തിൽ ആകൃഷ്ടരായാണ് ഉമർﷺ ഇസ്‌ലാമിൽ പ്രവേശിച്ചത്. ഇദ്ദേഹത്തിനും സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത നൽകപ്പെടുകയുണ്ടായി.

### 11. ഹംസﷺ

റസൂലുല്ലാഹിﷺയുടെ പിതാമഹന്റെ മക്കളിൽ രണ്ട് പേർക്ക് ഇസ്‌ലാം സ്വീകരിക്കാൻ സൗഭാഗ്യമുണ്ടായി. 1. ഹംസﷺ, 2. അബ്ബാസ്ﷺ. റസുലുല്ലാഹിﷺ യ്ക്ക് പ്രവാചകത്വം ലഭിച്ച സമയത്ത് ഹംസﷺ യുവാവായിരുന്നു. അദ്ദേഹത്തിന്റെ മനക്കരുത്തും ധീരതയുമൊക്കെ ചർച്ചാവിഷയമായിരുന്നു. റസൂൽﷺയോട് സഹോദരപുത്രൻ വലിയ സ്നേഹവും വാത്സല്യവും പുലർത്തിയിരുന്നു. ഒരിക്കൽ റസൂൽﷺ കടുത്ത എതിരാളിയായ അബുജഹ്ൽ റസൂൽﷺ യെ ആക്ഷേപിച്ചു എന്നതറിഞ്ഞ് ﷺ അബൂജഹ്ലിനോട് കോപിക്കുകയുണ്ടായി. നീയും മുഹമ്മദിനെ പിൻതുണയ്ക്കുകയാണോ എന്ന് അബുജഹ്ൽ ചോദിച്ചപ്പോൾ എങ്കിൽ ഞാൻ മുസ്‌ലിമായിരിക്കുന്നു എന്ന് പറഞ്ഞ് കൊണ്ട് പരസ്യമായി ഇസ്‌ലാം സ്വീകരിച്ചു. റസൂൽﷺ യ്ക്ക് വലിയ ശക്തി ലഭിക്കാൻ അദ്ദേഹം കാരണമായി. അവിടുന്ന് ഹംസﷺ നിരന്തരം റസൂൽﷺയുടെ കൂട്ടത്തിൽ കഴിഞ്ഞുകൂടുകയും സേവനസഹായങ്ങൾ നടത്തുകയും ചെയ്തു. ബദ്റ് യുദ്ധത്തിലെ വലിയ പോരാളിയായിരുന്ന ഹംസﷺ നെ ഉഹ്ദ് യുദ്ധത്തിൽ ഒരു ചതിപ്രയോഗത്തിലൂടെ രക്തസാക്ഷിത്വം വരിച്ചു. ഇത് റസൂൽﷺയ്ക്ക് വലിയ ദു:ഖമുണ്ടാക്കി. ആ ദു:ഖം തങ്ങൾക്ക് എപ്പോ ഴും അനുഭവപ്പെട്ടിരുന്നു.

### 12. മിസ്അബ്ﷺ

റസൂൽﷺയുടെ സമുന്നതസ്ഥാനീയനായ ഒരു സഹാബിയാണ് മിസ്അബ് ഇബ്നുഉമൈർﷺ. വലിയ സമ്പന്നതയിലും ആഢംബരത്തിലും കഴിഞ്ഞിരുന്ന അദ്ദേഹം ഇസ്ലാം സ്വീകരിച്ചതിന്ശേഷം ആഢംബരങ്ങളെല്ലാം ഉപേക്ഷിച്ചു. ഉയർന്ന വസ്തുക്കളും ആഹാരങ്ങളും വിട്ട് വളരെ എളിയ ജീവിതം നയിച്ചു. ഇസ്ലാം സ്വീകരിച്ചതിന്റെ പേരിൽ മാതാപിതാക്കളിൽ നിന്ന് അകന്ന് കഴിയേണ്ടിവരുകയും ചെയ്തു. എന്നാൽ റസൂൽﷺ യോട് പരിപൂർണ്ണ സ്നേഹവും അർപ്പണമനോഭാവവും പു

ലർത്തി. മദീനയിലേക്ക് റസൂൽﷺയെ അൻസാറുകൾ ക്ഷണിച്ചപ്പോൾ ആദ്യമായി റസൂൽﷺ മുസ്അബ് ؓനെയാണ് അയച്ചത്. അദ്ദേഹം മദീനയിൽ പോയി പ്രബോധനം നടത്തുകയും ദീനീകാര്യങ്ങൾ ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തു. ഒരു വർഷത്തിനുള്ളിൽ മദീനയിലെ ഭൂരിപക്ഷം ജനങ്ങളും ഇസ്‌ലാം സ്വീകരിച്ചു. ഭൗതികവിരക്തിയോടെ തന്റെ സമയങ്ങൾ കഴിച്ചുകൂട്ടുമായിരുന്നു. ഉഹ്ദ് യുദ്ധത്തിൽ കൊടിയുമേന്തി പോരാടിയ മുസ്അബ്ؓഅതിൽ ശഹീദാക്കപ്പെട്ടു. ഖബറടക്കാൻ നേരത്ത് കഫൻപുടവയായി പോലും ഒന്നും പക്കലില്ലായിരുന്നു. അവസാനം ചെറിയ ഒരു മുണ്ട് ലഭിച്ചു. അതുകൊണ്ട് തല മറയ്ക്കുമ്പോൾ കാല് തുറന്നുകിടക്കുമായിരുന്നു. അവസാനം തല മറയ്ക്കുകയും കാൽ ഭാഗം ഇലകൾ കൊണ്ട് മറയ്ക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ ഈ ത്യാഗനിർഭരമായ അവസ്ഥ കണ്ട് റസൂലുല്ലാഹിﷺ വലിയ പ്രശംസ ചൊരിയുകയുണ്ടായി.

### 13. അബ്ബാസ്ؓ

റസൂൽؓ യുടെ ഇസ്‌ലാം സ്വീകരിച്ച മറ്റൊരു കൊച്ചാപ്പയായിരുന്നു. ആദ്യഘട്ടത്തിൽ ഇദ്ദേഹം ഇസ്‌ലാം സ്വീകരിച്ചില്ല. പക്ഷെ, രഹസ്യമായ സഹായ സഹകരണങ്ങൾ ചെയ്തുകൊടുത്തിരുന്നു. അവസാനം മക്കാ വിജയത്തിന് മുമ്പ് ഇസ്‌ലാം പരസ്യമായി പ്രഖ്യാപിച്ചു റസൂൽﷺയ്ക്ക് ഇദ്ദേഹത്തിലൂടെ വലിയ ശക്തി കൈവരികയുണ്ടായി. സന്താനങ്ങൾക്കും അല്ലാഹു സത്യവിശ്വാസത്തിന്റെ സൗഭാഗ്യം നൽകി. അബ്ദുല്ലാഹിബ്നു അബ്ബാസ്ؓ പാണ്ഡിത്യത്തിൽ വളരെ ഉയരുകയുണ്ടായി. അബ്ബാസ്ؓ തന്റെപരമ്പരയിൽ അല്ലാഹു വലിയ ഐശ്വര്യം നൽകി. ദീനിന്റെ പ്രചാരണത്തിനും അവർ വലിയ പങ്ക് വഹിച്ചു.

### 14. ജഅ്ഫർؓ

ഇസ്‌ലാം സ്വീകരിച്ചില്ലെങ്കിലും ജീവിതം മുഴുവൻ റസൂലുല്ലാഹിﷺയെ പിൻതുണച്ച പിതൃവ്യൻ അബൂത്വാലിബിന്റെ മകനാണ് ജഅ്ഫർؓ. മുസ്‌ലിംകൾ ആദ്യം ഹബ്ശയിലേക്ക് ഹിജ്റ ചെയ്തപ്പോൾ ഇദ്ദേഹം കൂട്ടത്തിൽ പോവുകയുണ്ടായി. അവിടെ നജ്ജാശിയുടെ മുന്നിൽ ജഅ്ഫർؓ നടത്തിയ പ്രഭാഷണം രാജാവിലും നേതാക്കളിലും വലിയ പ്രതിഫലനം സൃഷ്ടിച്ചു. ദീനിന്റെ വഴിയിൽ ധാരാളം ത്യാഗങ്ങൾ സഹിച്ച ജഅ്ഫർؓ ഹിജ്റ 8-ൽ മുഅ്തത്ത് യുദ്ധത്തിൽ നേതൃത്വം നൽകിക്കൊണ്ട് ശഹാദത്ത് വരിച്ചു.

റസൂലുല്ലാഹിﷺതങ്ങൾക്ക് വലിയ സ്നേഹമായിരുന്നു. ഒരിക്കൽ ജഅ്ഫർ ؓനോട് പറഞ്ഞു. താങ്കളുടെ ഈ രൂപവും സ്വഭാവവും ഒരു

പോലെയാണ്. സാധുക്കൾക്ക് വലിയ സേവനങ്ങൾ ചെയ്തിരുന്നതിനാൽ അബുൽ മസാകീൻ എന്ന ഒരു അപരനാമം ലഭിച്ചു. മൂഅ്തത്ത് യുദ്ധത്തിൽ രണ്ട് കൈകളും മുറിക്കപ്പെട്ട കാരണത്താൽ "ദുൽജനാഹൈൻ" രണ്ട് കൈകൾക്ക് പകരം രണ്ട് ചിറകുകൾ ലഭിച്ച് സ്വർഗ്ഗത്തിൽ പറന്ന് നടക്കുന്ന വ്യക്തി എന്ന് റസൂലുല്ലാഹി ﷺ പരിചയപ്പെടുത്തി.

### 15. സൽമാൻ رضي الله عنه

അത്ഭുതകരമായ സംഭവങ്ങൾക്ക് ശേഷം റസൂലുല്ലാഹി ﷺ യിൽ വിശ്വാസം അർപ്പിച്ച സ്വഹാബിയാണ് സൽമാനുൽ ഫാരിസി رضي الله عنه. ഇദ്ദേഹം ഇറാനിലാണ് ജനിച്ചത്. നീണ്ടയാത്രകൾ നടത്തി. യാത്രയ്ക്കിടയിൽ ധാരാളം കഷ്ടതകൾ സഹിച്ച് പണ്ഡിതരുടെ ഇടയിൽ താമസിച്ചു.എന്നാൽ അവിടെ നിന്നെല്ലാം കയ്പ്പുള്ള അനുഭവങ്ങൾ ഉണ്ടായി. അവസാനം മക്കയിലെത്തി. റസൂലുല്ലാഹി ﷺയെ കാണുകയും ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. ഇസ്ലാമിക മുന്നേറ്റത്തിൽ സുപ്രധാന പങ്ക് വഹിച്ച സൽമാൻ رضي الله عنه ഖൻതക് യുദ്ധത്തിൽ കിടങ്ങ് കുഴിക്കുന്ന വിഷയത്തിൽ അഭിപ്രായം പറഞ്ഞ ശ്രദ്ധേയനായ വ്യക്തിത്വമാണ്. റസൂലുല്ലാഹി ﷺ അദ്ദേഹത്തിനെ വിലമതിച്ചിരുന്നു. സൽമാൻ നമ്മുടെ കുടുംബക്കാരനായി റസൂൽ ﷺ പ്രസ്താവിച്ചു.

### 16. സഅ്ദു ബ്നു മുആദ് رضي الله عنه

ഇസ്ലാമിക പ്രബോധനം മദീനാത്വയ്യിബയിൽ എത്തിയപ്പോൾ അവിടുത്തെ പല പ്രമുഖരും ഇസ്ലാമിൽ പ്രവേശിക്കുകയും അവർ കാരണം അവരുമായി ബന്ധപ്പെട്ടവരും ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. അതിൽ പ്രധാനപ്പെട്ട ഒരു വ്യക്തിത്വമായിരുന്നു ഔസ് ഗോത്രത്തിന്റെ തലവനായിരുന്ന സഅ്ദു ബ്നു മുആദ് رضي الله عنه. ആ ഗോത്രത്തിൽ എല്ലാവരും അദ്ദേഹത്തെ നേതാവായി അംഗീകരിച്ചിരുന്നു. മദീനയിലെ പ്രധാനപ്പെട്ട ഗോത്രമായിരുന്നു ഔസ്. ആകയാൽ അവരിൽ ഭൂരിഭാഗം പേരും ഇസ്ലാം സ്വീകരിച്ചതിലൂടെ മദീനയിൽ മുസ്ലിംകളുടെ എണ്ണം വളരെയധികം വർദ്ധിക്കുകയുണ്ടായി. ഇവരാണ് പ്രധാനമായും റസൂലുല്ലാഹി ﷺ യോട് മദീനയിലേക്ക് വരാൻ ക്ഷണം നൽകിയത്. അങ്ങനെ റസൂലുല്ലാഹി ﷺ മദീനയിൽ വരികയും അവിടെ പ്രബോധന പ്രവർത്തനങ്ങളുടെ കേന്ദ്രമായി സ്വീകരിക്കുകയും ചെയ്തു. ഇത്തരുണത്തിൽ ഈ കുടുംബാംഗങ്ങളെല്ലാം റസൂലുല്ലാഹി ﷺയെ സ്വീകരിച്ചു. മക്കയിൽ നിന്നും മുഹാജിറുകളായി വന്ന സഹാബത്തിനെ സ്വന്തം സഹോദരങ്ങളെ പോലെ സ്വീകരിച്ചു. വിശിഷ്യാ മദീനയിലെ പ്രഥമ പ്രബോധകനായ മിസ്അബ് رضي الله عنهനെ ഈ ഗോത്രത്തിലെ ഉസൈദുബ്നു ഹു

ളൈർ, അസ്അദുബ്നു സുറാറ എന്നിവർ പ്രത്യേകം സഹായിക്കുകയും ഇവർ മൂവരുടെയും തന്ത്രപരമായ പ്രവർത്തനങ്ങളിലൂടെ മദീന മുഴുവൻ ഇസ്‌ലാം പരക്കുകയും ചെയ്തു. തന്റെ ഗോത്രത്തിലെ ഇസ്‌ലാമിക ചടങ്ങുകൾക്ക് മിസ്അബ്ﷺ എല്ലാവിധ സഹകരണവും പിന്തുണയും നൽകുകയുണ്ടായി. റസൂൽﷺ മദീനയിൽ വന്നതിന് ശേഷം തങ്ങൾക്ക് വേണ്ടി സഅ്ദ് ﷺ തന്നെ പരിപൂർണ്ണമായി സമർപ്പിക്കുകയും റസൂൽﷺയോടും ഇസ്‌ലാമിനോടുമുള്ള സ്നേഹത്തിന്റെയും സഹായത്തിന്റെയും കടമ പരിപൂർണ്ണമായി നിർവ്വഹിക്കുകയും ചെയ്തു.

### 17. സഅദുബ്നു ഉബാദﷺ

മദീന മുനവ്വറയിലെ മറ്റൊരു പ്രധാന ഗോത്രമായിരുന്നു 'ഖസ്റജ്'. എണ്ണത്തിൽ ഈ ഗോത്രം മദീനയിലെ ഒന്നാം സ്ഥാനത്തിലുള്ള ഗോത്രമായിരുന്നു. ഈ ഗോത്രത്തിന്റെ നേതാവായിരുന്നു സഅ്ദു ബ്നു ഉബാദﷺ. ഇതേ ഗോത്രത്തിലെ മറ്റൊരു വ്യക്തിയായിരുന്നു മദീനയിലെ നേതൃത്വം ആഗ്രഹിച്ച് കഴിഞ്ഞിരുന്ന അബ്ദുല്ലാഹി ബ്നു ഉബൈയ്യി ബ്നു സലൂൽ എന്ന വ്യക്തി. ഇയാൾ റസൂൽﷺയിൽ വിശ്വസിച്ചില്ല എന്ന് മാത്രമല്ലാ തങ്ങളിൽ നിന്നകലുകയും രഹസ്യമായി എതിർക്കുകയും ധാരാളം ചരടുവലികൾ നടത്തുകയും ചെയ്തു. എന്നാൽ ഈ ഗോത്രത്തിന്റ തലവനായ സഅ്ദുബ്നുഉബാദﷺ ഇസ്‌ലാം സ്വീകരിക്കുകയും റസൂലുല്ലാഹിﷺയുമായി ഉന്നതബന്ധം സ്ഥാപിക്കുകയും ചെയ്തു. തത്ഫലമായി ആ ഗോത്രത്തിലുള്ള ഭൂരിഭാഗം ആളുകളും ഇസ്‌ലാം സ്വീകരിക്കുകയും ഇസ്‌ലാമിനോടും റസൂൽﷺയോടും പരിപൂർണ്ണ ഗുണകാംക്ഷയും കൂറും പുലർത്തുകയും ചെയ്തു.

### 17. ഉസൈദുബ്നു ഹുളൈർﷺ

ഔസ്ഗോത്രത്തിലെ പ്രധാനപ്പെട്ട ഒരു വ്യക്തിയായിരുന്നു ഉസൈദിബ്നു ഹുളൈർ ﷺ. ഇദ്ദേഹത്തിലൂടെയാണ് ഗോത്രത്തിലെ നേതാവായ സഅ്ദുബ്നു മുആദ്ﷺ ഇസ്‌ലാം സ്വീകരിച്ചത്. മാത്രമല്ല മദീനയിൽ ഇസ്‌ലാം പ്രചരിക്കുന്നതിന് ഇദ്ദേഹം വലിയ പങ്ക് വഹിക്കുകയുണ്ടായി.

### 18. അബൂദർറ്ﷺ

ഗിഫാരി ഗോത്രത്തിലെ അംഗമായിരുന്ന അബൂദർറുൽ ഗിഫാരിﷺന്റെ യഥാർത്ഥ പേര് കിന്തുമൻ എന്നായിരുന്നു. റസൂൽﷺയുടെ ആഗമന പ്രബോധന വൃത്താന്തം അറിഞ്ഞ് അദ്ദേഹം നേരിട്ട് മക്കയിൽ വരികയും നോക്കിക്കണ്ട് കാര്യങ്ങൾ മനസ്സിലാക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്തു. തുടർന്ന് തന്റെ ഗോത്രത്തിലും പരിശ്രമം നട

ത്തുകയും അവരിൽ ഭൂരിഭാഗം ആളുകളും ഇസ്ലാം സ്വീകരിക്കാൻ കാരണമാവുകയും ചെയ്തു. ജീവിതാവസാനം വരെയും ഇസ്ലാമിക പ്രബോധനം ഒരു ജോലിയായി സ്വീകരിച്ചിരുന്ന റസൂൽﷺയുടെ സേവന പ്രവർത്തനങ്ങളിൽ താൽപര്യ ആവേശം കാണിച്ചിരുന്നു. ഭൗതികവിരക്തിയും പരിക്കൻ ജീവിതത്തിനും മഹാൻ മുൻഗണന കൊടുത്തിരുന്നു. സമ്പത്തിനോടും ആഢംബരത്തിനോടും വലിയ വെറുപ്പായിരുന്നു. ഉള്ളതുകൊണ്ട് കഴിയലും മുഖമുദ്രയാക്കി. അവസാനം ഏകാന്തവാസം നയിക്കുകയും ഈ ലോകത്തോട് വിട പറയുകയും ചെയ്തു.

### 19. അബുദ്ദർദാഅ്ﷺ

റസൂൽﷺയുടെ സഹവാസം തെരഞ്ഞെടുക്കുകയും വിജ്ഞാനം ധാരാളമായി കരസ്ഥമാക്കുകയും ചെയ്തു. ഉമർ ﷺ അദ്ദേഹത്തെ അദ്ധ്യാപകനായും ഹദീസ് പണ്ഡിതനായും കർമ്മശാസ്ത്ര വിശകലനായും സിറിയയിലേക്ക് അയക്കുകയുണ്ടായി. അവിടെ മഹാൻ വിജ്ഞാനം നല്ല നിലയിൽ പ്രചരിപ്പിച്ചു.

### 20. മുആദു ബ്നു ജബൽﷺ

പ്രശസ്ത സ്വഹാബിയായിരുന്നു. ഖസ്റജ് വംശീയനാണ്. റസൂൽﷺയുമായി വലിയ അടുപ്പമായിരുന്നു. ധാരാളം വിജ്ഞാനങ്ങൾ കരസ്ഥമാക്കി. ഹലാൽ ഹറാമുകളുടെ വിഷയത്തിൽ സഹാബത്തിലെ ഉന്നത പണ്ഡിതനെന്ന് അപരനാമം ലഭിക്കുകയുണ്ടായി. റസൂൽﷺ വ്യത്യസ്ത സമയങ്ങളിൽ മഹാന് പ്രത്യേക പാഠങ്ങൾ പറഞ്ഞ് കൊടുക്കുകയും അദ്ദേഹം അത് ജനങ്ങൾക്ക് മനസിലാക്കിക്കൊടുക്കുകയും ചെയ്തു. ഒരിക്കൽ റസൂലുല്ലാഹി ﷺ അദ്ദേഹത്തോട് പ്രത്യേകമായി പറഞ്ഞു. ഞാൻ നിന്നെ സ്നേഹിക്കുന്നു. തുടർന്ന് ദീനീ വിജ്ഞാനത്തിന്റെ പ്രചരണത്തിനും നേതൃത്വത്തിനും റസൂൽﷺ യമനിലേക്ക് അയച്ചു. റസൂൽﷺയുടെ വഫാത്തിന് ശേഷമാണ് അദ്ദേഹം മദീനയിൽ മടങ്ങിയെത്തിയത്. തുടർന്ന് സിറിയയിലേക്ക് പോയി പ്രബോധന അദ്ധ്യാപന പ്രവർത്തനങ്ങൾ നടത്തുകയും സിറിയയിൽ ഹിജ്റ 15-ൽ ഇഹലോകവാസം വെടിയുകയും ചെയ്തു.

### 21. ഹുദൈഫ ﷺ

റസൂൽﷺയുടെ ധാരാളം രഹസ്യസന്ദേശങ്ങൾ പ്രത്യേകമായി കേട്ട് മനസ്സിലാക്കിയ സഹാബിയാണ് ഹുദൈഫﷺ. റസൂൽ ﷺ യുടെ രഹസ്യവാഹകൻ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. കപടവിശ്വാസികൾ, ലോകാവസാനം വരെ വരാനിരിക്കുന്ന വിവിധ പ്രശ്നങ്ങൾ എന്നീ കാര്യങ്ങളെ കുറിച്ച് റസൂൽﷺ ഇദ്ദേഹത്തിന് പ്രത്യേകമായി പറഞ്ഞു കൊ

ടുത്തിരുന്നു. ഉസ്മാൻﷺന്റെ ശഹാദത്തിന്റെ സംഭവത്തിന് ഏതാനും ദിവസങ്ങൾക്ക് ശേഷം ഈ ലോകത്തോട് വിട പറഞ്ഞു.

### 22. ഖബ്ബാബ്ﷺ

തുടക്കത്തിൽ തന്നെ ഇസ്‌ലാം സ്വീകരിക്കുകയും നിഷേധികളുടെ ഭാഗത്ത് നിന്നും ധാരാളം മർദ്ദന പീഢനങ്ങൾ സഹിക്കുകയും ചെയ്ത വ്യക്തിയാണ് ഖബ്ബാബ്ﷺ. തീക്കനലിൽ അദ്ദേഹത്തെ കിടത്തുകയും നെഞ്ചിൽ കല്ലെടുത്ത് വയ്ക്കുകയും ചെയ്യുമായിരുന്നു. പക്ഷെ, ഇതെല്ലാം സഹിച്ചുകൊണ്ട് സ്വന്തം വിശ്വാസത്തിൽ അടിയുറച്ച് നിന്നു. ദീനിൽ ദൃഢചിത്തതയ്ക്ക് വലിയ മാതൃകയാണ് ഖബ്ബാബ്ﷺ നൽകിയിരിക്കുന്നത്.

### 23. ബിലാൽﷺ

ദീനിൽ അടിയുറപ്പിന്റെ മറ്റൊരു മാതൃകയാണ് ബിലാലു ബ്നു റബാഹﷺ. എത്യോപ്യക്കാരനായിരുന്നു. മക്കയിൽ ഒരു നേതാവിന്റെ അടിമയായിരുന്നു. തുടക്കത്തിൽ തന്നെ ഇസ്‌ലാം സ്വീകരിച്ചു. അതുകാരണം ഉടമ ധാരാളം അക്രമങ്ങൾ അഴിച്ചുവിട്ടു. ചൂടുള്ള മണ്ണിൽ കിടത്തി കല്ല് നെഞ്ചിൽ എടുത്തുവയ്ക്കുമായിരുന്നു. എന്നാൽ ആ സമയത്ത് അല്ലാഹു അഹദ്, അല്ലാഹു ഏകൻ എന്ന് അദ്ദേഹം ഉരുവിട്ടുകൊണ്ടിരുന്നു. അവസാനം അബുബക്കർﷺ അദ്ദേഹത്തെ വാങ്ങുകയും മോചിപ്പിക്കുകയും തുടർന്ന് റസൂൽﷺയുടെ സഹവാസത്തിൽ മുഴുവൻ സമയവും കഴിയുമായിരുന്നു. ബാങ്ക് ആരംഭിച്ചപ്പോൾ അത് കൊടുക്കാൻ റസൂൽ ﷺ ബിലാൽ ﷺ വിനെയാണ് ഏൽപ്പിച്ചത്. നാട്ടിലും യാത്രയിലും എല്ലാ സമയത്തും ബിലാൽﷺ ബാങ്ക് കൊടുക്കുമായിരുന്നു. കുട്ടത്തിൽ റസൂലുല്ലാഹിﷺ യുടെ വിവിധ സേവനങ്ങളും ചെയ്യുമായിരുന്നു. പ്രവാചക വിയോഗത്തിന് ശേഷം മദീനയിൽ താമസിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. നാടുവിട്ട് ഡമാസ്ക്കസിലേക്ക് പോവുകയുണ്ടായി.

### 24. അബ്ദുല്ലാഹിബ്നു സലാം ﷺ

സമുന്നത സ്വഹാബിയാണ്. യഹൂദ മതസ്ഥനുമായിരുന്നു. കൂടാതെ യഹൂദ പണ്ഡിതരിൽ പ്രാവീണ്യം ഉള്ളവരായിരുന്നു. ഇസ്‌ലാമിനെ തിരിച്ചറിഞ്ഞ് ദീനിൽ പ്രവേശിക്കുകയുണ്ടായി. ബനുഇസ്റാഈലിലെ ഒരു വ്യക്തി ഒരു സാക്ഷ്യം വഹിച്ചു എന്ന സൂറത്തുൽ അഹ്ഖാഫിലെ 10-ാം ആയത്ത് ഇദ്ദേഹത്തിന്റെ വിഷയത്തിലാണ് ഇറങ്ങിയത്. റസൂലുല്ലാഹി ﷺ സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കുകയുണ്ടായി. മുസ്‌ലിമാകുന്നതിന് മുമ്പ് യഹൂദികൾ വളരെയധികം ആദരിച്ചിരുന്നു. എന്നാൽ ഇസ്‌ലാം സ്വീകരിച്ചതോടെ അവർ കഠിന ശത്രുക്കളായി. പ

ക്ഷെ, അദ്ദേഹവും കുടുംബവും ദീനിൽ അടിയുറച്ച് നിന്നു.

## 25. സുഹൈബ് ﵁

സുപ്രസിദ്ധ സഹാബിയാണ് സുഹൈബ്﵁. റോമക്കാരനായിരുന്നു. മക്കയിൽ വന്നു ദാറുൽ അർഖമിലെത്തി ഇസ്ലാം സ്വീകരിച്ചു. ഉജ്ജ്വല പോരാളിയായിരുന്നു. റസൂലുല്ലാഹി ﷺയോട് വലിയ ആത്മാർത്ഥതയും സ്നേഹവും പുലർത്തി. മക്കാ മുശ്രിക്കുകൾ ധാരാളം ഉപദ്രവിച്ചു. ഹിജ്റ പുറപ്പെട്ടപ്പോൾ ശത്രുക്കൾ അദ്ദേഹത്തെ തടയുകയുണ്ടായി. അദ്ദേഹം തന്റെ സമ്പത്ത് മുഴുവൻ നൽകാ മെന്ന് പറഞ്ഞതിന്റെ പേരിൽ അവർ വിട്ടയച്ചു. മദീനയിലെത്തിയപ്പോൾ റസൂൽﷺ അരുളി. സുഹൈബ്﵁ വലിയ ലാഭകരമായ കച്ചവടം നടത്തിയിരിക്കുന്നു. ഉമർ﵁ അദ്ദേഹത്തിന്റെ നന്മകൾ വളരെ മതിച്ചിരുന്നു. ഉമർ ﵁ ന്റെ ജനാസ നമസ്കാരം സുഹൈബ്﵁ നിർവ്വഹിക്കണമെന്ന് ഉമർ﵁ വസിയ്യത്ത് ചെയ്തിരുന്നു.

## 26. സൈദു ബ്നു ഹാരിസ ﵁

റസൂലുല്ലാഹിﷺ സ്വതന്ത്രമാക്കിയ അടിമയാണ് സൈദിബ്നുഹാരിസ﵁. തുടർന്ന് പ്രസിദ്ധ സഹാബിയായി മാറി. ഉമ്മുൽ മുഅ്മിനിൽ ഖദീജ﵂യുടെ അടിമയായിരുന്നു. അവർ റസൂലുല്ലാഹിﷺയ്ക്ക് ഉപഹാരമായി നൽകി. റസൂൽﷺ അടിമത്വമോചനം ചെയ്ത് മകനെപ്പോലെ വളർത്തി. വർഷങ്ങൾക്ക് ശേഷം പിതാവ് മകനെ തേടി മക്കയിലെത്തിയപ്പോൾ റസൂലുല്ലാഹിﷺ പിതാവിന്റെ കൂട്ടത്തിൽ പോവുന്നെങ്കിൽ പൊയ്ക്കൊള്ളുക എന്ന് അഭിപ്രായപ്പെട്ടു. അദ്ദേഹം റസൂലുല്ലാഹിﷺയുടെ കൂട്ടത്തിൽ നിൽക്കാനാണ് താത്പര്യം പ്രകടിപ്പിച്ചത്. ആദ്യകാലത്ത് മുഹമ്മദിന്റെ മകൻ സൈദ് എന്നാണ് അറിയപ്പെട്ടിരുന്നത്. പക്ഷെ, ദത്ത് സമ്പ്രദായം നിരോധിച്ചു കൊണ്ട് പരിശുദ്ധ ഖുർആനിൽ ആയത്ത് ഇറക്കിയപ്പോൾ സൈദുബ്നു ഹാരിസ എന്ന് വിളിക്കപ്പെടുവാൻ തുടങ്ങി. എന്നാൽ റസൂൽﷺ അദ്ദേഹത്തോട് വലിയ ബന്ധം പുലർത്തിയിരുന്നു. റസൂൽﷺ തങ്ങളുടെ സഹോദരിയുടെ മകളുമായി സൈദി ﵁ ന്റെ വിവാഹം നടത്തിയെങ്കിലും ദാമ്പത്യം ശരിയായി മുന്നോട്ടു പോവാത്തതിനാൽ ഇരുവരും വിട്ടുപിരിഞ്ഞു. റസൂൽﷺ പിതൃസഹോദരിയുടെ മനസ്സ് സന്തോഷിപ്പിക്കാൻ അവരെ വിവാഹം കഴിച്ചു. എന്നാൽ സൈദ് ﵁ന് മറ്റൊരു വിവാഹം കഴിപ്പിക്കുകയും അതിലൂടെ ഉസാമ﵁ ജനിക്കുകയും ചെയ്തു. റസൂൽﷺ സ്വന്തം ചെറുമകനെ പോലെ ഉസാമ﵁നോട് സ്നേഹവും വാത്സല്യവും പുലർത്തിയിരുന്നു. ഒരു പ്രധാന യുദ്ധയാത്രയിൽ വലിയ സ്വഹാബികൾ ഉണ്ടായിരുന്നിട്ടും ഉസാമ﵁നെയാണ് നബിﷺ നേതാവായി നിശ്ചയിച്ചത്.

### 27. അർഖം ﷺ

ഖുറൈശി ഗോത്രത്തിലെ പ്രമുഖനായിരുന്ന അർഖമിബ്നു അബിൽ അർഖം ﷺ. ഇദ്ദേഹത്തിന്റെ കുടുംബമായിരുന്ന ബനുബർസും റസൂലുല്ലാഹി ﷺ യോട് കഠിനശത്രുത പുലർത്തിയവരാണ്. പക്ഷെ, അവരിൽ നിന്നും അർഖം ﷺ ഇസ്ലാം സ്വീകരിക്കുകയും പിന്നീട് തന്റെ വീടിനെ റസൂലുല്ലാഹി ﷺ തങ്ങളുടെ കേന്ദ്രമായി വിട്ടുകൊടുക്കുകയും ചെയ്തു. അവിടെ റസൂലുല്ലാഹി ﷺ തങ്ങളും സ്വഹാബികളും താമസിച്ച് ദീനീചർച്ചകളും ആലോചനകളും നടത്തുമായിരുന്നു. ഉമർ ﷺ ഇസ്ലാം സ്വീകരിച്ചത് ദാറുൽ അർഖമിൽ വെച്ചാണ്. അദ്ദേഹത്തിലൂടെ ഇസ്ലാമിന് വലിയ ശക്തി ലഭിക്കുകയുണ്ടായി. പരിശുദ്ധ കഅ്ബാ ശരീഫിന്റെ അരികിലുള്ള സഫാ മലയുടെ തൊട്ടടുത്താണ് ദാറുൽ അർഖം സ്ഥിതിചെയ്യുന്നത്.

### 28. അംറുബ്നുൽ ആസ് ﷺ

രാഷ്ട്രീയ തന്ത്രജ്ഞനും ഖുറൈശികൾക്കിടയിൽ പ്രമുഖ സ്ഥാനം വഹിച്ചിരുന്ന വ്യക്തിയായിരുന്നു. അംറുബ്നുൽ ആസ് ﷺ. തുടക്കത്തിൽ ഇസ്ലാമിന്റെ കഠിന ശത്രുവായിരുന്നു. മുസ്ലിംകൾ എത്യോപ്യയിലേക്ക് ഹിജ്റ ചെയ്തപ്പോൾ അവരെ പിടിച്ച് കൊണ്ടുവരുന്നതിന് എത്യോപ്യയിലേക്ക് പോകണമെന്ന വിവാദം നടത്തിയത് ഇദ്ദേഹമായിരുന്നു. എന്നാൽ ഹുദൈബിയ സന്ധിയോടെ ഇസ്ലാമിനെ കുറിച്ച് പൂർണ്ണ വിശ്വാസം വരികയും ജഅ്ഫർ ﷺ വഴിയായി ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് തന്റെ ശേഷികൾ മുഴുവൻ ഇസ്ലാമിക സേവനത്തിൽ ചിലവഴിക്കുകയും ഉയർന്ന സേവനങ്ങൾ കാഴ്ചവെക്കുകയും ചെയ്തു. ഉമർ ﷺ ന്റെ കാലഘട്ടത്തിൽ ഈജിപ്ത് വിജയത്തിന്റെ നേതൃത്വം അംറിബ്നുൽ ആസ് ﷺ ആയിരുന്നു. ഈജിപ്തിൽ തന്നെ ഹിജ്റ 50-ൽ ഇഹലോകവാസം വെടിയുകയുണ്ടായി.

### 29. അമ്മാറിബ്നുയാസിർ ﷺ

ആദ്യമായി ഇസ്ലാമിൽ കടന്ന് വന്ന വ്യക്തിത്വങ്ങളിൽപ്പെട്ടവരാണ്. മുഷ്രിക്കുകൾ ധാരാളം ഉപദ്രവിച്ചു. തത്ഫലമായി മുറിവുകളിൽ കറുത്തപാട് അവസാനം വരെയും പതിഞ്ഞ് കിടന്നിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് യാസിർ ﷺ ഉം ധാരാളം ത്യാഗങ്ങൾ സഹിച്ചു. മാതാവ് സുമയ്യ ﷺ ഇസ്ലാമിലെ പ്രഥമ രക്തസാക്ഷിയാണ്. ഈ കുടുംബത്തിന്റെ കഷ്ടപ്പാട് കണ്ട് റസൂലുല്ലാഹി ﷺ അരുളി. യാസിർ കുടുംബമേ ക്ഷമിക്കുക. സ്വർഗ്ഗം നിങ്ങളെ കാത്തിരിക്കുന്നു. അമ്മാർ ﷺ ശഹീദാകുമെന്ന് അദ്ദേഹത്തെ നോക്കി നബി ﷺ പ്രവചിച്ചിരുന്നു. അങ്ങനെതന്നെ സം

ഭവിക്കുകയും ചെയ്തു.

### 30. ഖാലിദ്ﷺ

ഖുറൈശികളിലെ വീരശൂരപരാക്രമിയായിരുന്നു ഖാലിദുബ്നു വലീദ്ﷺ. മുസ്‌ലിംകൾക്ക് എതിരെയുള്ള പോരാട്ടങ്ങളിൽ നായകനായി പ്രവർത്തിച്ചിരുന്നു. വിശിഷ്യാ ഉഹ്ദ് യുദ്ധത്തിൽ. അദ്ദേഹത്തിന്റെ തന്ത്രജ്ഞത കാരണം മുസ്‌ലിംകൾക്ക് വലിയ ദുരന്തങ്ങൾ സംഭവിച്ചു. എന്നാൽ ഹുദൈബിയ്യ സന്ധിക്ക് ശേഷം അംറിബ്നുൽആസ്ﷺ നോടൊപ്പം ഇസ്‌ലാമിനെക്കുറിച്ച് നല്ല നിലയിൽ മനസിലാക്കി ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. തുടർന്ന് തന്റെ നായകത്വവും സൈനിക നേതൃത്വവും ധീരതയും ഇസ്‌ലാമിന് വേണ്ടി പരിപൂർണ്ണമായി സമർപ്പിച്ചു. മൂതത്ത് യുദ്ധത്തിൽ അദ്ദേഹത്തിന്റെ സമർത്ഥമായ നേതൃത്വം കണ്ട് റസൂൽﷺ അല്ലാഹുവിന്റ പടവാൾ എന്ന അപരനാമം കനിഞ്ഞരുളി. റസൂൽﷺ യ്ക്ക് ശേഷം ധാരാളം പോരാട്ടങ്ങളിൽ നേതൃത്വം വഹിച്ചു. സിറിയ ഇസ്‌ലാമിന്റെ കീഴിൽ വന്നത് ഖാലിദ്ﷺന്റെ പോരാട്ടത്തിലൂടെയാണ്. ഉമർﷺ ന്റെ കാലഘട്ടത്തിൽ ശാമിലെ ഹിർസ് പട്ടണത്തിൽ ഹിജ്റ 21 ൽ ഇഹലോകവാസം വെടിഞ്ഞു.

### 31. അബൂഹുറൈറ ﷺ

ഇദ്ദേഹം ഉന്നത സഹാബാക്കളിൽപെട്ടയാളായിരുന്നു. പ്രവാചകനോടൊപ്പം കൂടുതൽ സമയം ചിലവഴിക്കാനുള്ള സൗഭാഗ്യം ലഭിച്ചു. ഇക്കാരണത്താൽ ഏറ്റവും അധികം ഹദീസ് രിവായത്ത് ചെയ്ത വ്യക്തിയും ഇദ്ദേഹമാണ്. അല്ലാഹു തആലാ ഇദ്ദേഹത്തിന് വലിയ മനനശക്തിയും വിശദീകരണ പാടവവും കനിഞ്ഞരുളി. ഈ കഴിവുകൾ പരിശുദ്ധ ദീനിന്റെ സംരക്ഷണത്തിൽ വലിയ പങ്ക് വഹിച്ചു. അല്ലാഹു അദ്ദേഹത്തിന് ദീർഘായുസ്സ് നൽകി. ദീർഘകാലം ഉമ്മത്തിന്റെ ഉത്ഥാന പതനങ്ങൾ നേരിൽ കണ്ട് മാർഗനിർദേശങ്ങൾ നൽകി.

### 32. ഉബയ്യിബ്നു കഅബ് ﷺ

റസൂലുല്ലാഹി ﷺ നാല് പേരുടെ അടുക്കൽ പോയി ഖുർആൻ പഠിക്കാൻ പ്രത്യേകമായി കൽപ്പിച്ചിരുന്നു. അവരിൽ പ്രമുഖനാണ് ഉബയ്യിബ്നു കഅബ് ﷺ. അൻസാറുകളുടെ ഗോത്രമായ ഖസ്റജിൽ പെട്ട ആളായിരുന്നു. ഒരിക്കൽ റസൂലുല്ലാഹി ﷺ അരുളി: ഞാൻ നിങ്ങളെ പരിശുദ്ധഖുർആൻ ഓതികേൾപ്പിക്കാൻ അല്ലാഹു എന്നോട് കൽപ്പിച്ചിരിക്കുന്നു. അദ്ദേഹത്തെ റസൂലുല്ലാഹി ﷺ സയ്യിദുൽ അൻസാർ എന്ന് സംബോധന ചെയ്തിരുന്നു. മദീനത്വയ്യിബയിൽ ഹിജ്റ 19 ന് വഫാത്തായി.

### 33. അബൂമൂസൽ അശ്അരി ﷺ

അബ്ദുല്ലാഹിബ്നു ഖൈസ് എന്നാണ് ഇദ്ദേഹത്തിന്റെ പേര്. അശ്അർ ഗോത്രത്തിൽപെട്ടയാളായിരുന്നു. മക്കയിൽ വന്ന് ഇസ്‌ലാം സ്വീകരിക്കുകയും പിന്നീടുള്ള മുഴുവൻ സമയവും നബി ﷺ യോടൊപ്പം കഴിച്ചുകൂട്ടുകയും അവിടുന്നിന്റെ വിശ്വാസം പിടിച്ചുപറ്റുകയും ചെയ്തു. നബിﷺയ്ക്ക് ശേഷം ഇസ്‌ലാമിക ഖിലാഫത്തിന്റെ ഭാഗത്ത് നിന്നും അദ്ദേഹത്തിന് ചില ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കപ്പെട്ടു. ഇദ്ദേഹം അറിയപ്പെട്ട സഹാബാക്കളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്ന വ്യക്തിയാണ്. ഹബ്ശയിലേക്ക് ഹിജ്റ ചെയ്തിരുന്നു. പിന്നീട് മദീനയിൽ എത്തിച്ചേരുകയും ചെയ്തു. മക്കയിൽ ഹിജ്റ 52ന് വഫാത്തായി.

### 34. അബൂസുഫ്‌യാൻ ﷺ

സഖ്റിബ്നു ഹർബിബ്നു ഉമയ്യ എന്നാണ് പേര്. ഖുറൈശി നേതാക്കളിൽപെട്ട ആളായിരുന്നു.

യുദ്ധങ്ങളിൽ ഖുറൈശിന്റെ നേതൃത്വം വഹിച്ചിരുന്നു. മുസ്‌ലിംകളോടുള്ള ഖുറൈശികളുടെ യുദ്ധത്തിലും അദ്ദേഹം നേതൃത്വം നൽകി. ഖുറൈശികളുടെ ശാഖയായ ബനൂഉമയ്യയിൽ പെട്ടയാളായിരുന്നു. ബനൂഉമയ്യയിൽ നിന്നാണ് മൂന്നാം ഖലീഫ ഉസ്മാൻ ﷺ ഉണ്ടായത്. മാത്രമല്ല ഇത് നബി ﷺ യുടെ പിതാമഹന്റെ സഹോദരപുത്രന്മാരുടെ ശാഖയാണ്. ഇക്കാരണത്താൽ അബൂസുഫ്‌യാന് നബിﷺ യോട് കൂടുതൽ അടുപ്പം ഉണ്ടായിരുന്നു. ഖുറൈശിന്റെ സേനാ നായകൻ ആയതിനാൽ മുസ്‌ലിംകൾക്കെതിരിൽ നായകത്വം വഹിച്ചു. മക്കാ വിജയത്തിന് മുസ്‌ലിമീങ്ങൾ മക്കയിലേക്ക് എത്തുന്നതിന് മുമ്പ് മുസ്‌ലിം ആവുകയും ഉറച്ചവിശ്വാസത്തോടെ ജീവിക്കുകയും ചെയ്തു. മുആവിയ ﷺ ഇദ്ദേഹത്തിന്റെ മകനാണ്.

### 35. മുആവിയത്തുബ്നു അബീസുഫ്‌യാൻ ﷺ

ഇദ്ദേഹം ഖുലഫാഉർറാഷിദീങ്ങൾക്ക് ശേഷം ഖലീഫയായി. ഇദ്ദേഹത്തിലൂടെ ബനൂഉമയ്യയുടെ ഭരണഘട്ടം ആരംഭിച്ചു. ഇസ്‌ലാമിന്റെ പവിത്രതയെ യഥാസ്ഥാനത്ത് നിലനിർത്താൻ പരിശ്രമിച്ചു. ഉമർ ﷺ തന്റെ ഖിലാഫത്ത് കാലത്ത് ഇദ്ദേഹത്തെ ശാമിന്റെ ഗവർണ്ണറാക്കിയിരുന്നു. അദ്ദേഹം അവിടെ നല്ലനിലയിൽ ഉത്തരവാദിത്വങ്ങൾ പൂർത്തീകരിച്ചു. ഉസ്മാൻ ﷺ ശഹാദത്തിന് ശേഷം അദ്ദേഹത്തിനും അലി ﷺ യ്ക്കും ഇടയിൽ അഭിപ്രായ വിത്യാസങ്ങൾ ഉടലെടുത്തു. അലി ﷺ വിന്റെ വഫാത്ത് വരെ അത് നീണ്ടുനിന്നു.

## പ്രായം കുറഞ്ഞ സഹാബികൾ

ധാരാളം കുട്ടികൾക്കും റസൂലുല്ലാഹി ﷺ യുടെ സഹവാസത്തിന് സൗഭാഗ്യമുണ്ടായി. അവർ ഈ പ്രായം വിജ്ഞാന സമ്പാദ്യത്തിനും ശിക്ഷണശീലങ്ങൾക്കും ചിലവഴിക്കുകയും റസൂലുല്ലാഹി ﷺ വളരെ നല്ലനിലയിൽ അവരെ സംസ്കരിക്കുകയും ചെയ്തു. അവരിലൂടെ പിൽക്കാലത്തുള്ളവർക്ക് വലിയ പ്രയോജനങ്ങൾ ഉണ്ടായി. അവരിൽ ചിലരെ പരിചയപ്പെടുക.

## അബ്ദുല്ലാഹിബ്നു അബ്ബാസ് ؓ

ഇദ്ദേഹത്തിന്റെ മാതൃസഹോദരി പ്രവാചക പത്നിമാരിൽപെട്ട ഉമ്മുൽ മുഅ്മിനീൻ മൈമൂന ؓ ആയിരുന്നു. ഇതിലൂടെ ആദരവായ റസൂലുല്ലാഹി ﷺയ്ക്ക് അധികമായി സേവനം ചെയ്യാനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു. ഒരവസരത്തിൽ പ്രവാചകൻ വളരെ സന്തുഷ്ടനായി ഇപ്രകാരം ദുആ ചെയ്തു; "അല്ലാഹുവെ ഇദ്ദേഹത്തിന് നീ പരിശുദ്ധ ഖുർആൻ പഠിപ്പിക്കേണമേ." അങ്ങനെ ഈ വിഷയത്തിൽ അദ്ദേഹം മറ്റ് സഹാബാക്കളിൽ നിന്നും വ്യത്യസ്ഥനായി. മാത്രമല്ല ഉമർ ؓ പോലും അദ്ദേഹത്തോട് അഭിപ്രായങ്ങൾ ചോദിച്ചിരുന്നു.

## അബ്ദുല്ലാഹിബ്നു ഉമർ ؓ

റസൂലുല്ലാഹി ﷺയുടെ അടുപ്പവും വിശ്വാസവും വളരെക്കൂടുതൽ നേടിയെടുത്ത സഹാബാക്കളിൽ പെട്ട വ്യക്തിയാണിദ്ദേഹം. സഹോദരി ഉമ്മുൽ മുഅ്മിനീൻ ഹഫ്സ ؓ ആയിരുന്നു നബി ﷺഹഫ്സയോട് അവരുടെ സഹോദരനെ കുറിച്ച് പ്രശംസാ വചനങ്ങൾ പറയുമായിരുന്നു. ഇൽമിന്റെ വിഷയത്തിൽ വലിയ സ്ഥാനം നേടി. അദ്ദേഹത്തിൽ നിന്നും സഹാബാക്കളും ശേഷം താബിഉകളും ഇതിനെ കരസ്ഥമാക്കി. ഇമാം മാലിക്ക് ؓന്റെ ഉസ്താദായ നാഫിഅ് ഇദ്ദേഹത്തിന്റെ പ്രധാന ശിഷ്യനായിരുന്നു. ഹിജ്റ 73ൽ 86-ാം വയസ്സിൽ മക്കയിൽ വഫാതായി.

## അനസുബ്നു മാലിക് ؓ

അനസിബ്നു മാലിക്ക് ബിന് നള്റ് എന്നാണ് പേര്. നബി ﷺ മദീനയിൽ എത്തിയത് മുതൽ പത്ത് വർഷം തങ്ങളോടൊപ്പം ഉണ്ടായിരുന്നു. തങ്ങളുടെ ഖിദ്മത്തിനായി സമർപ്പിക്കപ്പെട്ടതായിരുന്നു. എന്നാൽ ഈ പത്ത് വർഷ കാലയളവിൽ പ്രവാചകൻ ഒരിക്കലും ഇദ്ദേഹത്തോട് കടുപ്പമേറിയതോ മടുപ്പുളവാക്കുന്നതോ ആയ വാക്കുകൾ പറഞ്ഞിട്ടില്ല. മറിച്ച് ഉത്തമ സ്വഭാവത്തോടെ പെരുമാറി. കൂടാതെ ഇദ്ദേഹത്തിനായി വലിയ ദുആകൾ ചെയ്തു. പ്രസ്തുത ദുആകളുടെ പ്രതിഫലനം

അദ്ദേത്തിന്റെ ജീവിതം മുഴുവൻ മിന്നിത്തിളങ്ങി. നൂറ് വർഷത്തിലധി കം ജീവിച്ചു. ഹിജ്റ 91 ൽ ബസറയിൽ വെച്ച് ഇഹലോകവാസം വെടി ഞ്ഞു.

## ഹസൻ,ഹുസൈൻ ﷺ

ഇവർ രണ്ട് പേരും റസൂലുല്ലാഹി ﷺയുടെ പ്രിയങ്കര പൗത്രൻമാരാ ണ്. റസൂലുല്ലാഹി ﷺ ഇവരിൽ വലിയ പ്രതീക്ഷ പുലർത്തുകയും സ ന്തോഷവാർത്തകൾ അറിയിക്കുകയും ചെയ്തു. അവിടുന്നരുളി; "ഹ സനും ഹുസൈനും സ്വർഗ്ഗീയ യുവാക്കളുടെ നേതാക്കളാണ്". ഇവരി രുവരും നബി ﷺയോട് വലിയ സാദൃശ്യമുള്ളവരായിരുന്നു. പ്രവാചകൻ ﷺ അരുളി: "ഇവർ രണ്ട് പേരും എന്റെ മക്കളാണ്. എന്റെ മകളുടെ മ ക്കളുമാണ്. അല്ലാഹുവേ, ഞാനിവരെ ഇഷ്ടപ്പെടുന്നു. നീയും ഇവരെ ഇഷ്ടപ്പെടണം. ഇവരെ ഇഷ്ടപ്പെടുന്നവരേയും നീ ഇഷ്ടപ്പെടണം".

## ഉസാമത്തിബ്നു സൈദ് ﷺ

ആദരവായ റസൂലുല്ലാഹി ﷺ മോചിപ്പിച്ച അടിമയാണ് ഇദ്ദേഹം. സൈദിബ്നുഹാരിസ ﷺ യുടെ മകനാണ്. നബി ﷺ ഇദ്ദേഹത്തെ വള രെയധികം ഇഷ്ടപ്പെട്ടരുന്നു. "റസൂലുല്ലാഹി ﷺയുടെ പ്രിയൻ" എന്ന് അ റിയപ്പെട്ടു. വഫാത്തിന് മുമ്പ് വലിയൊരു സൈന്യത്തിന് നേതൃത്വം വ ഹിച്ചു. മദീനാ ത്വയ്യിബയിൽ ഹിജ്റ 54ന് അല്ലാഹുവിലേക്ക് യാത്രയാ യി.

ഇവരായിരുന്നു മുസ്‌ലിംകളുടെ മഹാരഥൻമാരായ മുൻഗാമികൾ. ഇവരെ മനസ്സിലാക്കുന്നതിലൂടെ ഈമാനിക ചൈതന്യം കൈവരികയും സൽകർമങ്ങളിൽ ആഗ്രഹം ജനിക്കുകയും ചെയ്യുന്നു. ഇവരുടെ ചരിത്ര ങ്ങളും ജീവിതാവസ്ഥകളും നമ്മുടെ പുതുതലമുറക്ക് മുന്നിൽ കാഴ്ച വെക്കൽ അനിവാര്യമാണ്. അതിലൂടെ വലിയ പ്രയോജനമുണ്ടായിത്തീ രും. മാതൃകക്കായി ചില സഹാബാക്കളുടെ ചുരുങ്ങിയ അവസ്ഥകൾ ഇവിടെ പരാമർശിക്കപ്പെട്ടു. സഹാബാക്കളിലെ ഓരോ വ്യക്തികളും സ്വ ന്തം സ്ഥലങ്ങളിൽ ഓരോ സമൂഹം പോലെയായിരുന്നു. അബൂദുജാ ന ﷺ, ഉസ്മാൻ ബിൻ മള്ഊൻ ﷺ, കഅ്ബുബ്നു മാലിക്ക് ﷺ, ഹസാ നിബ്നു സാബിത് ﷺ, സൈദിബ്നുസാബിത്ത് ﷺ, അമ്മാറിബ്നു യാ സിർ ﷺ, മുഗീറ ബിൻ ശുഅ്ബ ﷺ, അബൂ അയ്യൂബിൽ അൻസാരി ﷺ, അനസിബിന് നള്റ് ﷺ ഇവരുടെയെല്ലാം ഉത്തമ മാതൃകകളും ത്യാഗോ ജ്ജ്വല ജീവിതവും ആർക്കും അവ്യക്തമല്ല.

റസൂലുല്ലാഹി ﷺ യുടെ പവിത്രപത്നിമാരും അനുഗ്രഹീത പെൺ മക്കളും വനിതകളിൽ സമുന്നത സ്ഥാനം പ്രാപിച്ചവരായിരുന്നു. അവ

രെക്കൂടാതെയുള്ള സഹാബിവനിതകളും ദീനിന് ശക്തി പകരുന്നതിലും റസൂലുല്ലാഹി ﷺ യ്ക്ക് സേവനം അനുഷ്ടിക്കുന്നതിലും വളരെ മുൻപന്തിയിലായിരുന്നു. ഉദാഹരണത്തിന്, ഇസ്‌ലാമിന്റെ പ്രധമ രക്തസാക്ഷി സുമയ്യ ﵂. അവർ ബലഹീനയായ വൃദ്ധയായിരുന്നു. അബൂജഹ്ൽ ഇസ്‌ലാമിനോടുള്ള ശത്രുതയുടെ പേരിൽ അവരുടെ ഗുഹ്യഭാഗത്ത് കുന്തം കയറ്റി ഷഹീദാക്കി. ധീരതയുടെ മാതൃകയായ ഖൻസാ ﵂ നാല് യുവാക്കളായ മക്കൾ ശഹീദാക്കപ്പെട്ടിട്ടും പർവതം പോലെ സഹനതയിൽ ഉറച്ച് നിന്നു. ഇപ്രകാരം റസൂലുല്ലാഹിയുടെ മാമി സഫിയ്യ﵂, അബ്ദുല്ലാഹ് ബിൻ സുബൈർ﵁ ന്റെ മാതാവ് അസ്മാഅ് ബിൻത് അബീബക്ക്ർ ﵂, കൂടാതെ ഉമ്മുഹാനി ﵂, ഉമ്മു അയ്മൻ﵂ മുതലായവരുടെ സേവനങ്ങൾ സ്മരണീയമാണ്. അല്ലാഹു ഇവർക്കെല്ലാം ഉത്തമ പ്രതിഫലം നൽകട്ടെ! അല്ലാഹുവിന്റെ മഹനീയ കാരുണ്യം സർവ്വസഹാബത്തിന്റെയും മേൽ വർഷിക്കുമാറാകട്ടെ! ആമീൻ